GOVERNMENT OF TAMILNADU

STANDARD EIGHT

എട്ടാം തരം

SOCIAL SCIENCE

സാമൂഹ്യ ശാസ്ത്രം

Malayalam Medium

Department of School Education

Untouchability is Inhuman and a Crime

8th Social Science_Front pages.indd 1 06/04/2024 16:26:26

Government of Tamil Nadu

First Edition - 2019

Revised Edition - 2020, 2022, 2023, 2024

Reprint - 2021

(Published under new syllabus)

Content Creation

State Council of Educational
Research and Training

© SCERT 2019

Printing & Publishing

Tamil NaduTextbook and Educational
Services Corporation

www.textbooksonline.tn.nic.in

8th Social Science_Front pages.indd 2 06/04/2024 16:26:26

ഈ പുസ്തകം എങ്ങനെ ഉപയോഗിക്കാം

പഠന ലക്ഷ്യങ്ങൾ — പാഠഭാഗത്തിന്റെ ഉള്ളടക്കം അവതരിപ്പിച്ചിരിക്കുന്നു.

ആമുഖം — പാഠഭാഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ZNYPS — പരീക്ഷണാത്മകമായ പഠനം നേടുന്നതിനുള്ള ഓഡിയോ, വീഡിയോകളിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നു.

നിങ്ങൾക്ക് അറിയാമോ? — വിദ്യാർഥികളുടെ ജിജ്ഞാസ വർദ്ധിപ്പിക്കുന്നതിനു വേണ്ടി അനുബന്ധമായ വിവരങ്ങൾ ബോക്സുകളിൽ നൽകുന്നു.

വിവര ആലേഖങ്ങൾ — സങ്കീർണമായ വിഷയങ്ങളും വ്യത്യസ്തമായ ആശയങ്ങളും ലളിതമായി മനസ്സിലാക്കാൻ വേണ്ടിയുള്ള ദൃശ്യ പ്രാധിനിത്യം.

പ്രവർത്തനം — വ്യക്തിപരമായോ സംഘമായോ പ്രവർത്തനങ്ങളിലൂടെ പഠനം നടത്തുക

സംഗ്രഹം — പ്രധാന ആശയങ്ങൾ സംക്ഷിപ്തമായി പുനരാവർത്തനം ചെയ്തിരിക്കുന്നു.

അഭ്യാസം — സ്വയം പഠനത്തിനും മൂല്യനിർണ്ണയത്തിനും വേണ്ടി കൊടുത്തിരിക്കുന്നു.

പദപരിചയം — പ്രധാന പദങ്ങളും സാങ്കേതിക പദങ്ങളും പാഠഭാഗത്തിന്റെ അവസാനം വിശദീകരിച്ചിരിക്കുന്നു.

റഫറൻസ് — കൂടുതൽ വായനക്കായി പുസ്തകങ്ങളുടെയും ഇൻറർനെറ്റ് സ്രോതസ്സുകളുടെയും പട്ടിക കൊടുത്തിരിക്കുന്നു

ICT കോർണർ — പാഠഭാഗ പ്രസക്തമായ ഡിജിറ്റൽ ഉറവിടങ്ങൾ കണ്ടെത്താൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

8th Social Science_Front pages.indd 3 06/04/2024 16:26:26

ഉള്ളടക്കം

യൂണിറ്റ്	ശീർഷകം	പേജ് നമ്പർ	മാസം
	ചരിത്രം		
1	യൂറോപ്യന്മാരുടെ ആഗമനം	01	ജൂൺ
2	വ്യാപാരത്തിൽ നിന്നും ഭരണത്തിലേക്ക്	11	ജൂൺ
3	ഗ്രാമീണ ജീവിതവും സമുദായവും	26	ജൂലൈ
4	ജനങ്ങളുടെ കലാപം	35	ആഗസ്റ്റ്
5	ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതി	47	ഒക്ടോബർ
6	ഇന്ത്യയുടെ വ്യവസായിക പുരോഗതി	58	നവംബർ
7	ബ്രിട്ടിഷ് ഭരണകാലത്തുണ്ടായ നഗരവത്കരണം	67	നവംബർ
8	വിവിധ യുഗങ്ങളിൽ ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ	76	ജനുവരി
	ഭൂമിശാസ്ത്രം		
1	പാറകളും മണ്ണും	85	ജൂൺ
2	അന്തരീക്ഷ സ്ഥിതിയും കാലാവസ്ഥയും	95	ജൂലൈ
3	ജലചക്രം	104	ജൂലൈ
4	കുടിയേറ്റവും നഗരവത്കരണവും	112	ആഗസ്റ്റ്
5	ദുരന്തങ്ങൾ	122	ഒക്ടോബർ
6	വ്യവസായങ്ങൾ	132	ഒക്ടോബർ
7	ഭൂഖണ്ഡ പര്യവേക്ഷണം (ആഫ്രിക്ക, ആസ്ട്രേലിയ, അന്റാർട്ടിക്ക)	139	നവംബർ & ഡിസംബർ
8	ഭൂപട വായന	156	ജനുവരി

8th Social Science_Front pages.indd 4 06/04/2024 16:26:26

പൗരധർമ്മം			
1	സംസ്ഥാന ഗവൺമെൻറിൻെറ പ്രവർത്തനരീതി	168	ജൂൺ
2	പൗരന്മാരും പൗരത്വവും	178	ജൂലൈ
3	മതേതരത്വം മനസ്സിലാക്കുക	183	ആഗസ്റ്റ്
4	മനുഷ്യാവകാശങ്ങളും ഐക്യരാഷ്ട്രസംഘടനയും	190	ഒക്ടോബർ
5	റോഡ് സുരക്ഷാ നിയമങ്ങളും നിയന്ത്രണങ്ങളും	199	നവംബർ
6	പ്രതിരോധവും വിദേശനയവും	209	ജനുവരി
7	നീതിന്യായ വകുപ്പ്	218	ഫെബ്രുവരി
സാമ്പത്തിക ശാസ്ത്രം			
1	പണം, സമ്പാദ്യങ്ങൾ മറ്റും നിക്ഷേപങ്ങൾ	226	ആഗസ്റ്റ് & സെപ്റ്റംബർ
2	പൊതു സ്വകാര്യ മേഖലകൾ	238	ഫെബ്രുവരി

9SQB4

ഇ-പുസ്തകം

4PO6D

വിലയിരുത്തൽ

8th Social Science_Front pages.indd 5 06/04/2024 16:26:26

ചരിത്രം

8th Social Science_Front pages.indd 6 06/04/2024 16:26:26

യൂണിറ്റ് - 1

യൂറോപ്യന്മാരുടെ ആഗമനം



പഠനലക്ഷ്യങ്ങൾ

- ആധുനിക ഇന്ത്യയെപ്പറ്റി മനസ്സിലാക്കുന്നതിനുള്ള ആധാരങ്ങളെകുറിച്ചുള്ള അറിവ് സമ്പാദിക്കുക.
- പോർച്ചുഗീസുകാർക്ക് ഇന്ത്യൻ കച്ചവടത്തിലുള്ള താൽപ്പര്യത്തെപ്പറ്റി മനസ്സിലാക്കുക.
- പോർച്ചുഗീസ് ഡച്ച്സാന്നിധ്യം ഇന്ത്യയിലുണ്ടാക്കിയ ആഘാതത്തെക്കുറിച്ച് മനസ്സിലാക്കുക.
- ഡെൻമാർക്ക്കാരുടെ കൊളോണിയൽ കുടിയേറ്റത്തെ കുറിച്ച് അറിയുക.
- ഇംഗ്ലീഷുകാരുടേയും ഫ്രഞ്ചഈസ്റ്റിന്ത്യാ കമ്പനിയുടെ വരവിനെപ്പറ്റിയും കുടിയേറ്റത്തെ പറ്റിയും അറിയുക.

ആമുഖം

18-ഉം 19-ഉം നൂറ്റാണ്ടുകളിൽ ധാരാളം വിദേശ സഞ്ചാരികളും കച്ചവടക്കാരും സിവിൽ ഉദ്യോഗസ്ഥന്മാരും ഇന്ത്യയിലേക്ക് വന്നു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽനിന്നും അവർക്കുണ്ടായ ആകർഷണീയമായ അനുഭവങ്ങൾ ശേഷിപ്പിച്ചു തിരിച്ചുപോയി. ആധുനിക കാലഘട്ടത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ ധാരാളം ആധാരങ്ങൾ ഇതിലൂടെ ലഭ്യമായി.

ആധുനിക ഇന്ത്യയെപ്പറ്റി അറിയുന്നതിനുള്ള ആധാരങ്ങൾ

ആധുനിക ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക സാംസ്കാരിക ഉന്നമനത്തെപ്പറ്റിയുള്ള ചരിത്രം മനസ്സിലാക്കുന്നതിന്ധാരാളം ആധാരങ്ങൾ നമ്മെ സഹായിക്കുന്നു. ആദ്യകാലഘട്ടത്തിൽ തന്നെ പോർച്ചുഗീസുകാരും, ഡാനിഷ്കാരും, ബ്രിട്ടീഷുകാരും അവരുടെ ഔദ്യോഗിക ഇടപാടുകൾ രേഖകളാക്കി സൂക്ഷിച്ചു. വളരെ നല്ലനിലയിൽ സൂക്ഷിച്ചുവെച്ച വിലപ്പെട്ട രേഖകളിൽ നിന്നും ഇന്ത്യയുമായുള്ള അവരുടെ ബന്ധങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു. ലിസ്ബൺ, ഗോവ, പോണ്ടിച്ചേരി, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലെ പുരാവസ്തുശേഖരത്തിൽ വിലപ്പെട്ട ചരിത്രവിവരണഗ്രന്ഥങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ചരിത്രരേഖകൾ വിമർശനാത്മക തയോടെ മൂല്യനിർണ്ണയം ചെയ്തശേഷമാണ് ചരിത്രഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളത്.

ഉറവിടങ്ങളുടെ തരങ്ങൾ

ചരിത്രമെഴുതാൻ സഹായിക്കുന്നവയാണ് ലിഖിത രേഖകളും പുരാവസ്തു ശേഖരവും.

ലിഖിത ആധാരങ്ങൾ

അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തോടെ വിവിധ ഭാഷകളിൽ ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതുമൂലം കല, സാഹിത്യം, ചരിത്രം, വിജ്ഞാനം എന്നീ മേഖലകളിൽ ജനങ്ങൾ അറിവ് നേടി. മാർക്കോപോളോയുടേയും അതുപോലെ മറ്റു ചരിത്ര രേഖകളിൽ നിന്നും ബ്രിട്ടീഷുകാർ ഇന്ത്യയിലെ അമൂല്യമായ സമ്പത്തിനെക്കുറിച്ച് മനസ്സിലാക്കി. ഈ സമ്പത്തിനെക്കുറിച്ചുള്ള അറിവാണ് യൂറോപ്പിനെ ഇന്ത്യയിലേക്ക് ആകർഷിച്ചത്. ഈ കാര്യങ്ങൾ അനന്തരംഗൻ



ആനന്ദ രംഗം

VIII Std - History Malayalam Chapter 1.indd 1 26/01/2023 16:30:37

തന്റെ തമിഴ് ചരിത്രഗ്രന്ഥത്തിൽ അപഗ്രഥിച്ചിട്ടുണ്ട്. ഇദ്ദേഹം പോണ്ടിച്ചേരിയിൽ ഫ്രഞ്ചുകച്ചവടക്കാരെ സഹായിക്കുന്ന ഇടനിലക്കാരനായ വിവർത്തകൻ (Dubash) ആയിരുന്നു. ഫ്രഞ്ച് ഇന്ത്യയിലെ ഓരോ സംഭവങ്ങളും അദ്ദേഹം എഴുതി സൂക്ഷിച്ചിട്ടുണ്ട് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽ 1736 മുതൽ 1760 വരെയുള്ള നിത്യസംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കുറിപ്പുകൾ മാത്രമാണ് ഈ കാലഘട്ടത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്ന രേഖകൾ. അദ്ദേഹത്തിന്റെ ആഴത്തിലുള്ള രാഷ്ട്രീയ വിലയിരുത്തലുകൾ ഈ ഡയറിക്കുറിപ്പിലൂടെ വ്യക്തമാവുന്നു ഇതു മാത്രമാണ് ഈ കാലഘട്ടത്തെക്കുറിച്ച് മനസ്സിലാക്കാനുതകുന്ന വിലപ്പെട്ട ചരിത്രരേഖകൾ ലിഖത ആധാരങ്ങളാണ്, സാഹിത്യം, യാത്രവിവരണം, ഡയറിക്കുറിപ്പുകൾ, ജീവചരിത്രം, ലഘുലേഖകൾ, സർക്കാരിന്റെ രേഖകൾ, കൈയ്യെഴുത്തുപ്രതികൾ എന്നിവ.

പുരാവസ്തു ശേഖരം

ചരിത്ര രേഖകളെ സംരക്ഷിച്ച് സൂക്ഷിക്കുന്ന സ്ഥലമാണിത്. ദേശീയ പുരാവസ്തു ശേഖരണ കേന്ദ്രം ഡൽഹിയിലാണ്സ്ഥിതിച്ചെയ്യുന്നത്. ഇന്ത്യാ ഗവൺമെൻറിന്റെ സുപ്രധാന രേഖകൾ സൂക്ഷിക്കുന്ന സംരക്ഷണകേന്ദ്രമാണ്. ഇത് പഴയകാല ഭരണാധിപൻമാരെകുറിച്ച് മന സ്സിലാക്കാനുള്ള ഒരു വഴികാട്ടിയായി. ഈ തലമുറയ്ക്കും ഭാവിതലമുറക്കും സഹായകമായ വിവരങ്ങൾ ഇതിലൂടെ മനസ്സിലാക്കാം ഇതിൽ ഇന്ത്യയിലെ ജനങ്ങളുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വൈജ്ഞാനിക ജീവിതത്തെക്കുറിച്ചും പ്രവർത്തനത്തെകുറിച്ചും ആധികാരികമായി മനസ്സിലാക്കുന്ന തെളിവുകളാണ്. ഇത് ഏഷ്യയിലെ ഏറ്റവും ബൃഹത്തായ പുരാവസ്തു ശേഖരമാണ്.



ഇന്ത്യൻ പുരാവസ്തു ശേഖരത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ജോർജ്ജ് വില്ല്യം ഫോറസ്റ്റാണ്

തമിഴ്നാട് പുരാവസ്തു കേന്ദ്രങ്ങൾ

മദ്രാസ് ഔദ്യോഗിക രേഖ കാര്യാലയം (Madras record office) ഇപ്പോൾ അറിയപ്പെടുന്നത് തമിഴ്നാട് പുരാവസ്തുശേഖരം (TNA) എന്നാണ്. ഇത് ചെന്നൈയിൽ ആണ് സ്ഥിതി ചെയ്യുന്നത്. ഇതു തെക്കേ ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ളതും ബൃഹത്തായതുമായ രേഖാ സൂക്ഷിപ്പു കേന്ദ്രമാണ്. തമിഴ്നാട് പുരാവസ്തു ശേഖരത്തിലുള്ള കൂടുതൽ രേഖകളും ഇംഗ്ലീഷിലാണുള്ളത്. ഈ ശേഖരത്തിൽ ഡച്ച്, ഡാനിഷ്, പേർഷ്യൻ, ഭാഷകളിലുള്ള ഔദ്യോഗികരേഖകളുണ്ട്. കൂടാതെ വളരെ കുറച്ച് ഫ്രഞ്ച്, പോർച്ചുഗീസ്, തമിഴ്, ഉറുദു ഭാഷകളിലുള്ള ഔദ്യോഗിക രേഖകളുമുണ്ട്.



തമിഴ്നാട് പുരാവസ്തു ശേഖരണ കേന്ദ്രം

തമിഴ്നാട് പുരാവസ്തു ശേഖരത്തിൽ 1642 വാല്യങ്ങളുള്ള ഡച്ച് രേഖകളിൽ കൊച്ചി, ചോളമണ്ഡലതീരങ്ങളെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഈ രേഖകളിൽ 1657 മുതൽ 1845 വരെയുള്ള കാലഘട്ടത്തെക്കുറിച്ചാണുള്ളത് ഡാനിഷ് രേഖകളിൽ നിന്നും 1777 മുതൽ 1845 വരെയുള്ള കാലഘട്ടങ്ങളെ കുറിച്ചും മനസ്സിലാക്കാം. വളരെ മഹത്തായ പ്രയത്നത്തിനു ശേഷമാണ് ഡോഡ്വെൽ, മദ്രാസ് രേഖാകലണ്ടർ 1917-ൽ ആദ്യമായി പ്രസിദ്ധീകരിച്ചത്. ഇദ്ദേഹം ചരിത്രഗവേഷണം വളരെതാൽപര്യത്തോടെ പ്രോത്സാഹിപ്പിച്ചു. ഇദ്ദേഹം തമിഴ്നാട് പുരാവസ്തു ചരിത്രത്തിൽ പുതിയ അധ്യായം എഴുതിച്ചേർത്തു

വസ്തുതാപരമായ ഉറവിടങ്ങൾ



സെൻറ് ഡേവിഡ് കോട്ട (കടലൂർ)

ആധുനിക ഇന്ത്യ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള സുപ്രധാന ആധാരങ്ങളാണ്. ചിത്രങ്ങളും പ്രതിമകളും. ചരിത്രപ്രാധാന്യമുള്ള വ്യക്തികളുടെയും ദേശീയ നേതാക്കന്മാരുടെയും നേട്ടങ്ങളെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ ഇതിൽ നിന്നും ലഭിക്കുന്നു. ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾക്ക് ഉദാഹരണങ്ങളാണ്, കൊച്ചിയിലുള്ള സെൻറെ ഫ്രാൻസീസ് ചർച്ച്, പോണ്ടിച്ചേരിയിലുള്ള സെൻറ് ലൂയിസ് കോട്ട, ചെന്നൈയിലുള്ള സെൻറ് ജോർജ്ജ്കോട്ട, കടലൂരിലുള്ള സെൻറ്ഡേവിഡ് കോട്ട, ഇന്ത്യാഗേറ്റ്, പാർലമെൻറ് മന്ദിരം, ന്യൂഡൽഹിയിലുള്ള പ്രസിഡൻറ് മന്ദിരം തുടങ്ങിയവ ഇന്ത്യൻ വാസ്തുശില്പകലയ്ക്ക് ഇവ മികച്ച ഉദാ

VIII Std - History Malayalam Chapter 1.indd 2 26/01/2023 16:30:37

ഹരണങ്ങളാണ്, വ്യത്യസ്തങ്ങളായ സാങ്കേതികവിദ്യയും, ശൈലിയും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടങ്ങൾ സംസ്കാരസമ്പന്നമായതും മതസംബന്ധമായതും ചരിത്ര പ്രാധാന്യമുള്ളതുമായ അമൂല്യവസ്തുക്കൾ ശേഖരിച്ച് സംരക്ഷിച്ച് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മ്യൂസിയങ്ങൾ സാംസ്കാരിക പൈതൃകത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഡൽ ഹിയിലുള്ള ദേശീയ മ്യൂസിയം ഇന്ത്യയിലെ ഏറ്റവും വലിയ മ്യൂസിയമാണ്. ഇത് 1949-ൽ ആണ് സ്ഥാപിച്ചത്.

ഭരണകാര്യത്തിൽ ചരിത്രപരമായ തെളിവുകൾ നൽകുന്ന പ്രധാന ആധാരങ്ങളാണ് നാണയങ്ങൾ. 1862-ൽ ബ്രിട്ടീഷ് ഭരണാധികാരി പുറത്തിറക്കിയ നാണയമാണ് ആധുനിക ഇന്ത്യയുടെ ആദ്യ നാണയം. വിക്ടോറിയ രാജ്ഞിക്ക് ശേഷം രാജാവായ എഡ്വേർഡ് ഏഴാമൻ തന്റെ ചിത്രം മുദ്രണം ചെയ്യപ്പെട്ട നാണയങ്ങൾ പുറത്തിറക്കി. 1935-ൽ ഇന്ത്യൻ റിസർവ്വ് ബാങ്ക് സ്ഥാപിച്ച് ഇങ്ങനെ ഇന്ത്യൻ കറൻസി അച്ചടിച്ച് വിതരണം ചെയ്യാനുള്ള അധികാരം കൊടുത്തു. ആദ്യത്തെ പേപ്പർ കറൻസിയായ അഞ്ചു രൂപ നോട്ട് ഇന്ത്യൻ റിസർവ്വ് ബാങ്ക് 1938 ജനുവരിയിൽ പുറത്തിറക്കി. ഇതിൽ ജോർജ്ജ് ആറാമൻ രാജാവിന്റെ ചിത്രം മുദ്രണം ചെയ്യപ്പെട്ടിരുന്നു

നിങ്ങൾക്ക് അറിയാമോ?

ബ്രിട്ടീഷുകാർ കടലൂരിൽ 1690-ൽ സെന്റ് ഡേവിഡ് കോട്ട പണികഴിപ്പിച്ചു.

യൂറോപ്പ്യൻമാരുടെ വരവ്

A.D (CE) 453-ൽ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കിയതു മൂലം യൂറോപ്പിൽനിന്നും ഇന്ത്യയിലേക്കുള്ള കരമാർഗ്ഗം നിരോധിക്കപ്പെട്ടു. വടക്കൻ ആഫ്രിക്കയിലും ബംഗാൾ ഉപദ്വീപിയ പ്രദേശങ്ങളിലും തുർക്കികൾ നുഴഞ്ഞുകയറി. ഇതുമൂലം യൂറോപ്യൻ രാജ്യങ്ങൾക്ക് കിഴക്കൻ ഭാഗത്തേയ്ക്കുള്ള പുതിയ സമുദ്രമാർഗ്ഗംകണ്ടു പിടിക്കേണ്ടതായി വന്നു.

ദൃശ്യശ്രാവ്യ മാധ്യമങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ശബ്ദത്തിലൂടെയും, കാഴ്ചയിലൂടെയും വിവരങ്ങൾ നൽകുന്നതാണ്. (ഉദാഹരണം റെസ്സൽഡ്,ടേപ്പ് വിശദീകരണം). ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ സേവനങ്ങളാണ് വെബ് സ്ട്രീമിങ്ങ്, വീഡിയോ കോൺഫറൻസിങ്ങ് കൂടാതെ തത്സമയ പ്രക്ഷേപണങ്ങൾ എന്നിവ. ദൂരദർശൻ,ഇൻറർനെറ്റ് എന്നിവയും ദൃശ്യശ്രാവ്യ മാധ്യമങ്ങളാണ്.

പോർച്ചുഗൽ

യൂറോപ്യൻ രാജ്യങ്ങളിൽ ഇന്ത്യയിലേക്കുള്ള സമുദ്രമാർഗം കണ്ടുപിടിക്കുന്നതിൽ പ്രധാനപ്പെട്ടതും ചലനാത്മകവുമായ പങ്കുവഹിച്ചത് പോർച്ചുഗീസുകാരാണ്. പോർച്ചുഗൽ രാജകുമാരനായ ഹെൻറി "നാവികനായഹെൻറി" എന്നറിയപ്പെടുന്നു. ഇദ്ദേഹം തന്റെ രാജ്യത്തിലുള്ളവരെ പുതിയ സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള



VIII Std - History Malayalam Chapter 1.indd 3 26/01/2023 16:30:40



സാഹസീകസമുദ്രയാത്രക്കായിപ്രോത്സാഹിപ്പിച്ചു. പോർച്ചുഗീസ് നാവികനായ ബർത്തലോമിയ ഡയസ് 1487-ൽ ആഫ്രിക്കയിലെതെക്കൻമുനമ്പിൽ എത്തിച്ചേർന്നു. ഇദ്ദേഹത്തിന്റെ യാത്രയ്ക്കാവശ്യമായ ക്രമീകരണം ചെയ്തുകൊടുത്തത് ജോൺ രണ്ടാമൻ രാജാവാണ്.

വാസ്ഗോഡഗാമ

പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ ആഫ്രിക്കയുടെ തെക്കൻമുനമ്പിൽ എത്തിച്ചേരുകയും മൊസാബിക്കിലൂടെ യാത്ര ചെയ്ത് ഒരു ഇന്ത്യൻ വൈമാനികന്റെ സഹായത്തോടെ A.D. 1498-ൽ ഇന്ത്യയിലെ കോഴിക്കോട് എത്തിച്ചേർന്നു. അവിടെ അദ്ദേഹത്തെ കോഴിക്കോട് രാജാവായ സാമൂതിരി സൗഹാർദ്ദപൂർവ്വം സ്വീകരിച്ചു. രണ്ടാമത്തെ പോർച്ചുഗീസ് നാവികനായ പെഡ്രോ അൽവാറസ് കാബ്രൽ 1500-ൽ പതിമൂന്നു കപ്പലുകളിൽ നൂറുകണക്കിന് പട്ടാളക്കാരുടെ അകമ്പടിയോടെ വാസ്ഗോഡഗാമ കണ്ടുപിടിച്ച വഴി പിന്തുടർന്ന് കോഴിക്കോട്ടെത്തി. എന്നാൽ പോർച്ചുഗീസുകാർക്കും സാമൂതിരിക്കുമിടയിൽ സംഘർഷം ഉടലെടുക്കുയുണ്ടായി.



വാസ്ഗോഡഗാമ

VIII Std - History Malayalam Chapter 1.indd 4 26/01/2023 16:30:41

വാസ്ഗോഡഗാമ വീണ്ടും 1501-ൽഇരുപതു കപ്പലുകളായി ഇന്ത്യയിലേയ്ക്ക് വന്ന് കണ്ണൂരിൽ വ്യാപാരകേന്ദ്രം സ്ഥാപിച്ചു. പിന്നീട് ഒന്നിനുപുറകെ ഒന്നായി കോഴിക്കോടും കൊച്ചിയിലും ഫാക്ടറികൾ സ്ഥാപിച്ചു. സാമൂതിരി രാജാവ് പോർച്ചുഗീസുകാരെ കൊച്ചിയിൽ വെച്ച് ആക്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. പോർച്ചുഗീസ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ആദ്യതലസ്ഥാനം കൊച്ചിയായിതീർന്നു. വാസ്ഗോഡഗാമയുടെ മൂന്നാമത്തെ യാത്ര 1524-ൽ ആയിരുന്നു. എന്നാൽ അസുഖബാധിതനായ വാസ്ഗോഡഗാമ 1524-ൽ ഡിസംബറിൽ കൊച്ചിയിൽ വെച്ച് മരണമടഞ്ഞു.

ഫ്രാൻസിസ്കോ-ഡി-അൽമേഡ (1505-1509)

ഫ്രാൻസിസ്കോ-ഡി-അൽമേഡ ഇന്ത്യയിലെ പോർച്ചുഗീസ് പ്രദേശങ്ങളുടെ ഗവർണ്ണറായി. 1505-ൽ നിയമിതനായി. പോർച്ചുഗീസ്. നാവീകശക്തി ഇന്ത്യയിൽ വികസിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ ഈ നയത്തെ 'ബ്ലൂവാട്ടർ പോളിസി' എന്ന പേരിൽ അറിയപ്പെടുന്നു.

ഇന്ത്യൻ മഹാസമുദ്രത്തിലെ കുത്തകശക്തിയായിരുന്ന അറേബ്യരുടെ ശക്തി ക്ഷയിപ്പിക്കുന്നതിനായി പോർച്ചുഗീസുകാർ പരിശ്രമിച്ചു. എന്നാൽ ഇത് ഈജിപ്തിലെയും തുർക്കിയിലെയും വ്യാപാരതാൽപ്പര്യങ്ങളെപ്രതികൂലമായിബാധിച്ചു.ഗുജറാത്ത്, ബീജാപ്പൂർ സുൽത്താൻമാർ പോർച്ചുഗീസുകാരുടെ ശക്തി വ്യാപനത്തിൽ ഭയപ്പെട്ടു പോർച്ചുഗീസുകാർ തുറമുഖങ്ങളുടെ നിയന്ത്രണം കൈക്കലാക്കിയതും ഇവർക്ക് ഭയാകനമായി. അതിനാൽ ഈജിപ്ത്, തുർക്കി, ഗുജറാത്ത് സുൽത്താന്മാർ പോർച്ചുഗീസുകാർക്കെതിരായി മുസ്ലിം സംയുക്ത നാവികസൈന്യവും, പോർച്ചുഗീസ് നാവികസൈന്യവും ചൗളിനടുത്ത് ഏറ്റുമുട്ടുകയും മുസ്ലീം സംയുക്ത സൈന്യം പോർച്ചുഗീസുകാരെ കീഴടക്കുകയും ചെയ്തു. അൽമേഡയുടെ മകൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. എന്നാൽ അൽമേഡ മുസ്ലീം സംയുക്തസൈന്യത്തെ 1509-ൽഡ്യൂവിൽ വെച്ച് പരാജയപ്പെടുത്തുകയും അങ്ങനെ ഏഷ്യൻ സമഗ്രാധിപത്യം പോർച്ചുഗീസുകാർ പുനഃസ്ഥാപിക്കുകയും ചെയ്തു.

അൽഫോൻസോ ഡി അൽബുക്കർക്ക് (1509–1515)

പോർച്ചുഗീസ് ഭരണത്തിന്റെ യഥാർത്ഥ സ്ഥാപകൻ അൽഫോൻസോ ഡി അൽബുക്കർക്ക് ആണ്. ഇദ്ദേഹം ബിജപ്പൂർ സുൽത്താനിൽ നിന്നും 1510-ൽ ഗോവ പിടിച്ചടക്കി. 1515-ൽ പേർഷ്യൻ ഉൾക്കടലിലുള്ള ഓർമസ്സ് തുറമുഖത്ത് പോർച്ചുഗീസ് ആധിപത്യം സ്ഥാപിച്ചു. അദ്ദേഹം ഇന്ത്യൻ സ്ത്രീകളുമായുള്ള പോർച്ചുഗീസുകാരുടെ വിവാഹം പ്രോൽസാഹിപ്പിച്ചു. വിജയനഗര ചക്രവർത്തിയുമായി സൗഹൃദ ബന്ധം പുലർത്തി.

നിനോഡി കുൻഹാ (1529–1538)

ഗവർണ്ണറായ നിനോഡി കുൻഹാ തല സ്ഥാന നഗരം 1530-ൽ കൊച്ചിയിൽനിന്നും ഗോവയിലേക്ക് മാറ്റി. 1534-ൽ ഗുജറാത്തിലെ ബഹദൂർഷായിൽ നിന്നും ബേസിൻ ഏറ്റെടുത്തു 1537-ൽ പോർച്ചുഗീസുകാർ 'ഡ്യൂയു' കൈവശപ്പെടുത്തി. പിന്നീട് ഗുജറാത്തിലെ പ്രാദേശിക ഭരണാധികാരികളിൽനിന്നും ഡാമനും പിടിച്ചടക്കി. 1548-ൽ സാൽസെറ്റ് കൈവശപ്പെടുത്തി.

16-ാം നൂറ്റാണ്ടിൽ പശ്ചിമ തീരപ്രദേശത്തുള്ള ഗോവ, ഡാമൻ, ഡ്യൂയു, സാൽസെറ്റ്, ബേസിൻ, ചാവൂൾ,ബോംബെഎന്നിവയുംബംഗാൾതീരത്തുള്ള ഹൂഗ്ലിയും, ചെന്നൈ തീരത്തുള്ള സാന്തോമും പിടിച്ചടക്കി. അങ്ങനെ പലതരത്തിലുള്ള വ്യാപാരനുകൂല്യങ്ങളും അനുഭവിച്ചു. പോർച്ചുഗീസുകാർ ഇന്ത്യയിൽ പുകയില കൃഷി ആരംഭിച്ചു. ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറും തീരപ്രദേശങ്ങളിൽ പോർച്ചുഗീസ് സ്വാധീനത്താൽ കത്തോലിക്കാ മതം പ്രചരിപ്പിച്ചു. 1556-ൽ അച്ചടിയന്ത്രം ഗോവയിൽ സ്ഥാപിച്ചു. ഇന്ത്യയിലെ ഔഷധസസ്യങ്ങളെപ്പറ്റി യൂറോപ്യനായ എഴുത്തുകാരൻ എഴുതിയ പുസ്തകം 1553-ൽ ഈ അച്ചടിയന്ത്രത്തിൽ അച്ചടിച്ചു. 17-ാം നൂറ്റാണ്ടോടുകൂടി പോർച്ചുഗീസ് ശക്തി ക്ഷയിക്കാൻ തുടങ്ങി. 1739 ആയപ്പോഴേയ്ക്കും ഗോവ, ഡ്യൂയു, ഡാമൻ എന്നീ പ്രദേശങ്ങൾ മാത്രമാണ് പോർച്ചുഗീസുകാരുടെ കൈയ്യിലുണ്ടായിരുന്നത്.

ഡച്ചുകാർ

പോർച്ചുഗീസുകാരെ തുടർന്ന് ഡച്ചുകാർ ഇന്ത്യയിൽ വന്നു. 1602-ൽ യുണൈറ്റഡ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഓഫ് നെതർലാൻറ് രൂപീകരിക്കുകയും പൂർവ്വേന്ത്യയിൽകച്ചവടം ചെയ്യുന്നതിനുള്ള അനുവാദം വാങ്ങുകയും ചെയ്തു. ഇന്ത്യയിൽ വന്ന ഡച്ചുകാർ അവരുടെ ആദ്യത്തെ തൊഴിൽശാല മസൂലിപട്ടണത്തിൽ (ആന്ധ്രപ്രദേശം) 1605-ൽ സ്ഥാപിച്ചു. ഈ കമ്പനി പോർച്ചുഗീസുകാരിൽ നിന്നും അമ്പോയിന പിടിച്ചെടുക്കുകയും സ്പൈസസ് ദ്വീപുകളിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. പിന്നീട് മദ്രാസിന് അടുത്തുള്ള നാഗപട്ടണം പോർച്ചുഗീസുകാരിൽ നിന്നും പിടിച്ചടക്കി. ഇത് തെക്കെഇന്ത്യയിലെ ഡച്ചുകാരുടെ ശക്തി കേന്ദ്രമായി മാറി. ആദ്യകാലങ്ങളിൽ പുലിക്കാടായിരുന്നു അവരുടെ ആസ്ഥാനം പിന്നീട് 1690-ൽ ആസ്ഥാനം നാഗപട്ടണത്തിലേക്ക് മാറ്റി.

ഡച്ചുകാർ ഇന്ത്യയിൽ നിന്നും വാങ്ങുന്ന പ്രധാന വസ്തുക്കളാണ് പട്ട്, പരുത്തി, ഇൻഡിഗോ, അരി, ഓപ്പിയം തുടങ്ങിയവ കുരുമുളകിന്റെയും മറ്റും സുഗന്ധദ്രവ്യങ്ങളുടെയും കച്ചവടം ഡച്ചുകാരുടെ കുത്തകയായിരുന്നു. ഇവരുടെ

VIII Std - History Malayalam Chapter 1.indd 5 26/01/2023 16:30:41

പ്രധാന തൊഴിൽശാലകളായിരുന്നു, പുലിക്കാട്ട്. സൂറത്ത്, ചിൻസുര, കാസിംബസാർ, പാറ്റ്ന, നാഗപട്ടണം, കൊച്ചി മുതലായവ.

17-ാം നൂറ്റാണ്ട് മുഴുവൻ ഇംഗ്ലീഷ് ഈസ്റ്റിന്ത്യക്കമ്പനി ഡച്ചുകാരുമായും പോർച്ചുഗീസുകാരുമായും കിടമത്സരങ്ങളിൽ ഏർപ്പെട്ടു 1623-ൽ പത്ത് ഇംഗ്ലീഷ് വ്യാപാരികളെയും ഒൻപത് ജാവാ പൗരൻമാരെയും അംബോയിന എന്ന സ്ഥലത്തു വെച്ച് ഡച്ചുകാർ ക്രൂരമായി കൊലപ്പെടുത്തി. ഈ സംഭവം രണ്ട് കമ്പനികളും തമ്മിലുള്ള കിടമത്സരം വേഗത്തിലാക്കി. 1759-ൽ ഇംഗ്ലീഷുകാർ ഡച്ചുകാരെ ബദേര യുദ്ധത്തിൽ പരാജയപ്പെടുത്തി. അങ്ങനെ ഡച്ചുകാർക്ക് ഒന്നിനുപുറകേ ഒന്നായി തങ്ങളുടെ അധിവാസ കേന്ദ്രങ്ങൾ നഷ്ടമായി. അങ്ങനെ 1795-ൽ ഡച്ച് ഈസ്റ്റിന്ത്യാകമ്പനി നാമാവശേഷമായി.

തമിഴ്നാട്ടിലേക്കുള്ള ഡച്ചുകാരുടെ ആഗമനം

1502-മുതൽ പോർച്ചുഗീസുകാരുടെ അധീനതയിൽകീഴിലുള്ള പുലിക്കാടിന്റെ നിയന്ത്രണം ഡച്ചുകാർ ഏറ്റെടുത്തു. 1613-ൽഡച്ചുകാർ പുലിക്കാട്ടിൽ ഗൽഡ്രിയകോട്ട നിർമ്മിച്ചു. ഈ കോട്ട ഡച്ചുശക്തിയുടെ പ്രതീകമായിരുന്നു.



ഗൽഡ്രിയകോട്ട (പുലിക്കാട്ട്)

1610-ൽഡച്ചുകാർ പുലിക്കോട്ടിൽ തങ്ങളുടെ അധിവാസകേന്ദ്രം സ്ഥാപിച്ചു പാശ്ചാത്യരാജ്യങ്ങളിലേ യ്ക്ക പുലിക്കാട്ടിൽ നിന്നും വജ്രം (ഡയമണ്ട്) കയറ്റുമതി ചെയ്തു നാഗപട്ടണം, പുന്നക്കായൽ, ഫോർട്ടോനോവ കടലൂർ ദേവനാം പട്ടണം എന്നീ സ്ഥലങ്ങളിലും ഡച്ചുകാരുടെ കോട്ടകളും വസ്തുവകകളും ഉണ്ടായിരുന്നു.

ബ്രിട്ടീഷുകാർ

1600 ഡിസംബർ 31-ന് മർച്ചൻസ് ഓഫ് ലണ്ടൻ എന്ന കമ്പനി ഈസ്റ്റിന്ത്യയിൽ കച്ചവടം നടത്തുന്നതിനുള്ള അനുവാദം എലിസബത്ത് രാജ്ഞിയിൽ നിന്നും വാങ്ങി. കമ്പനിയുടെ തലവൻ ഗവർണ്ണറും ഭരണസമിതി 24 ഡയറക്ടർമാരും അടങ്ങിയതായിരുന്നു. 1608-ൽ ക്യാപ്റ്റൻ ഹോക്കിൻസ് ഡൽഹിയിൽ ജഹാംഗീറിന്റെ കൊട്ടരം സന്ദർശിക്കുകയും കച്ചവടം ചെയ്യുന്നതിനുള്ള അനുമതി നേടുകയും ചെയ്തു കമ്പനിക്ക് ചില ഇളവുകളം ജഹാംഗീർ അനുവദിച്ചു കൊടുത്തു സൂറത്തിൽ അധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിന് രാജാവ് അനുമതി കൊടുത്തെങ്കിലും പോർച്ചുഗീസുകാരുടെ നിർബന്ധത്താൽ പിന്നീട് റദ്ദ് ചെയ്യുകയാണുണ്ടായത്.

1612-ൽ ഇംഗ്ലീഷ് ക്യാപ്റ്റൻ തോമസ് ബസ്റ്റർ പോർച്ചുഗീസുകാരെ സൂറ്റിനടുത്ത് അറബികടലിൽ വെച്ച് നാവിക യുദ്ധത്തിൽ പരാജയപ്പെടുത്തി. അതിനുശേഷം മുഗൾ രാജാവായ ജഹാംഗീർ സൂറത്തിൽ വ്യവസായശാല നിർമിക്കുന്നതിന് ബ്രിട്ടീഷുകാർക്ക് 1613-ൽ അനുവാദം കൊടുത്തു. പശ്ചിമേന്ത്യയിലെ ആദ്യത്തെ ബ്രിട്ടീഷ് ആസ്ഥാനമായി ഇതുമാറി. ക്യാപ്റ്റൻ നിക്കോളാസ് ഡൗൺടൻ 1614-ൽ പോർച്ചുഗീസുകാരുടെ നിർണ്ണായകമായ വിജയം നേടി ഈ സംഭവം മുഗൾ രാജ്യസഭയിൽ ബ്രിട്ടീഷുകാരുടെ അന്തസ് ഉയർത്തി. 1615-ൽ ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമൻ രാജാവ് ജഹാംഗീറിന്റെ സഭയിലേക്ക് സർ തോമസ് റോയെ അയച്ചു ഇതിനെ തുടർന്ന് അദ്ദേഹം ആഗ്രയിൽ മൂന്നുവർഷം താമസിക്കുകയും ചക്ര വർത്തിയുമായി വ്യാപാര ഉടമ്പടി ഒപ്പു വെക്കുകയും ചെയ്തു. തോമസ് റോ ഇംഗ്ലണ്ടിലേക്കു മടങ്ങി പോകുന്നതിന് മുമ്പ് സൂറത്ത്, ആഗ്ര, അഹമ്മദാബാദ്, ബ്രോച്ച് എന്നിവിടങ്ങളിൽ ഇംഗ്ലീഷുകാർ വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിച്ചു.

ബംഗാൾ ഉൾക്കടലിന്റെ തീരപ്രദേശത്തുള്ള മസൂലി പട്ടണത്തിൽ 1611-ൽ ബ്രിട്ടീഷുകാർ കിഴക്കൻ തീരപ്രദേശത്തുള്ള ആദ്യ വ്യവസായ ശാല സ്ഥാപിച്ചു. 1639-ൽ ഇംഗ്ലീഷ് വ്യാപാരിയായ ഫ്രാൻസിസ് ഡേ ചന്ദ്രഗിരി ഭരണാധികാരിയായ ചെന്നപ്പളന്റെ പക്കൽനിന്നും മദ്രാസ് പ്രദേശം പാട്ടത്തിനെടുത്തു. ഇവിടെ ഈസ്റ്റിന്ത്യാകമ്പനി പ്രസിദ്ധമായ സെൻറ് ജോർജ് കോട്ട നിർമ്മിച്ചു ഇതു പിന്നീട് കിഴക്കൻ തീരപ്രദേശത്തുള്ള പ്രധാന ആസ്ഥാനമായി മാറുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ കിഴക്കൻ പ്രദേശത്തുള്ള ആദ്യ കോട്ടയും ഇതായിരുന്നു.

പോർച്ചുഗീസ് രാജകുമാരിയായ കാതറിനെ ഇംഗ്ലീഷ് രാജാവായ ചാൾസ് രണ്ടാമൻ വിവാഹം കഴിച്ചു. പോർച്ചുഗീസ് രാജാവ് സ്ത്രീധനമായി ബോംബെ ചാൾസ് രാജാവിനു നൽകി. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി 1668-ൽ ഈ ദ്വീപ് 10 പൗണ്ട് വാർഷീക വാടകയ്ക്ക് ചാൾസ് രണ്ടാമനിൽ നിന്നും വാങ്ങി.

1690-ൽ 'ജോബ് ചാർനോക്ക്' 'സുതനുടി'യിൽ ഒരു വ്യവസായശാല സ്ഥാപിച്ചു. സുതനുടി, കാലി ഘട്ട്, ഗോവിന്ദപൂർ എന്നീ മൂന്നു ഗ്രാമങ്ങൾ 1698-ൽ ബ്രിട്ടീഷുകാർ ഏറ്റെടുക്കുകയും സെമീന്ദാരി വ്യവ സ്ഥയിൽ നികുതി പിരിക്കുന്നതിനുള്ള അനുവാദം നേടുകയും ചെയ്തു. പിന്നീട് ഈ ഗ്രാമങ്ങൾ വളർന്ന്

VIII Std - History Malayalam Chapter 1.indd 6 26/01/2023 16:30:41

കൽക്കത്ത നഗരമായി മാറി. സുതനുടി വ്യവസായ ശാല കോട്ടകളാൽ ഭദ്രപ്പെടുത്തി, 1696-ൽ ഒരു പുതിയ അധിവാസ കേന്ദ്രമാക്കി മാറ്റുകയും 1700-ൽ "വില്ല്യംകോട്ട" എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

1757-ൽ പ്ലാസിയുദ്ധത്തിനും 1764-ലെ ബക്സാർ യുദ്ധത്തിനും ശേഷം ഈസ്റ്റിന്ത്യാകമ്പനി രാഷ്ട്രീയ ശക്തിയായി മാറി. 1858-വരെ ഇന്ത്യ ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണത്തിൻകീഴിലായിരുന്നു 1858-ന് ശേഷം ഇന്ത്യ ബ്രിട്ടീഷ് രാജ്ഞിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി.

ഡാനിഷുകാർ

1616 മാർച്ച് 17-ന് ഡെൻമാർക്ക് രാജാവായ ക്രിസ്റ്റ്യൻ നാലാമൻ ഒരു ചാർട്ടർ നിയമംകൊണ്ടുവന്ന് ഡാനിഷ് ഈസ്റ്റിന്ത്യാകമ്പനി സ്ഥാപിച്ചു. അവർ തമിഴ്നാട്ടിലെ ട്രാൻക്യുബാറിൽ 1620-ലും ബംഗാളിലെ സെറാംബൂരിൽ 1676-ലും അധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചു. സെറാംബൂർ ഇന്ത്യയിൽ അവരുടെ ആസ്ഥാന മായി മാറി. അവർ ഇന്ത്യയിൽ തങ്ങളുടെ ശക്തി വർധിപ്പിക്കുന്നതിൽ പരാജയപ്പെടുകയും തങ്ങളുടെ അധിവാസകേന്ദ്രങ്ങൾ ബ്രിട്ടീഷുകാർക്ക് 1845-ൽ വിൽക്കുകയും ചെയ്തു.

നിങ്ങൾക്ക് അറിയാമോ?

ട്രാൻക്യുബാറിനെ ഡാനിഷുകാർ വിളിച്ചിരുന്നത് ഡാനസ് ബോർഗ് എന്നാണ്. ഡൻമാർക്ക് രാജാവ് സീജൽബാൽഗിനെ ഇന്ത്യയിലേക്ക് അയക്കുകയും അദ്ദേഹം ട്രാൻക്യുബാൽ (തരംഗബാടി) അച്ചടിശാല സ്ഥാപിക്കുകയും ചെയ്തു.



ടാർക്യുബാറിലെ ഡാനിഷ്കോട്ട

ഫ്രഞ്ചുകാർ

ഫ്രഞ്ചുരാജാവായ ലൂയിസ് പതിനാലാമന്റെ മന്ത്രിയായ കോൾബട്ട് 1664-ൽ ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചു. 1667-ൽ ഫ്രാൻസിസ് കാരോന്റെ നേതൃത്വത്തിൽ ഇന്ത്യയിലേക്ക് കച്ചവടത്തിനായി ഒരുകൂട്ടം ഫ്രഞ്ചുകാർ വന്നു. ഇന്ത്യയിൽ കച്ചവടത്തിനായി വന്ന അവസാനത്തെ യൂറോപ്യൻ രാജ്യമാണ് ഫ്രാൻസ്. കാരോൺ സൂറ്റിൽ ആദ്യത്തെ ഫ്രഞ്ച് വ്യവസായശാല സ്ഥാപിച്ചു. ഗോൽഗൊണ്ടാ സുൽത്താനിൽ നിന്നും അവകാശ പത്രം വാങ്ങി രണ്ടാമത്തെ ഫ്രഞ്ചു വ്യവസാ യശാല മസൂലിപട്ടണത്തിൽ സ്ഥാപിച്ചു. ബീജപ്പൂർ ഭരണാധികാരിയായ ഷെർഖാൻ ലോഡിയിൽ നിന്നും അനുവാദം വാങ്ങി പോണ്ടിച്ചേരിയിൽ 1673-ൽ മാർട്ടിൻ അധിവാസ കേന്ദ്രം സ്ഥാപിച്ചു. പോണ്ടിച്ചേരി ഫ്രഞ്ചുകാരുടെ ഏറ്റവും പ്രധാനപ്പെട്ടതും സമൃദ്ധവുമായ കേന്ദ്രമായി മാറി. ഫ്രാൻസിസ് മാർട്ടിൻ പോണ്ടിച്ചേരിയിൽ സെൻറ് ലൂയിസ് കോട്ട നിർമ്മിച്ചു. ബംഗാളിലെ മുഗൾ സുബേദാറായ (ഗവർണർ) ഷെയിസ്തഖാനിൽ നിന്നും അനുവാദം വാങ്ങി കർത്തയ ്ക്കടുത്തുള്ള ചന്ദ്രന ഗറിൽ ഫ്രഞ്ചുകാർ നഗരസമുച്ചയം (ടൗൺഷിപ്പ്) നിർമ്മിച്ചു.



കോൾബർട്ട്

ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യവസായശാലകൾ സ്ഥാപിച്ചു. മാഹി, കാരക്കൽ, ബാലസോർ, കാസിംബസാർ എന്നീ തീരദേശ വ്യാപാരകേന്ദ്രങ്ങൾ ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ പ്രധാന വ്യാപാര കേന്ദ്രങ്ങളായി മാറി.

1742-ൽ ജോസഫ് ഫ്രാങ്കോയിസ് ഡ്യൂപ്ലെ ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഗവർണ്ണറായ ശേഷമാണ് ആധിപത്യം ഇന്ത്യയിൽ ശക്തിയാർജ്ജിച്ചത്. അദ്ദേഹത്തിനു ശേഷം ഡ്യൂമാസ് പോണ്ടിച്ചേരിയിലെ ഫ്രഞ്ച് ഗവർണറായി.

നിങ്ങൾക്ക് അറിയാമോ?

സ്വീഡൻ

വിദൂര കിഴക്കൻ ഭാഗങ്ങളിലേക്ക് വ്യാപാരം ചെയ്യുന്നതിനായി 1731-ൽ സ്വീഡനിലെഗോദൻബർഗ്സ്വീഡിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിച്ചു. ഡച്ച് ഈസ്റ്റിന്ത്യാകമ്പനിയും, ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ സംരംഭങ്ങളിൽ ആകൃഷ്ടരായാണ് ഇവർ ഈ കമ്പനി സ്ഥാപിച്ചത്.

ഉപസംഹാരം:

ഡച്ചുകാരുടേയും, ഇംഗ്ലീഷുകാരുടേയും ശക്തി പ്രഭാവത്തിനു മുൻപിൽ പോർച്ചുഗീസ് ശക്തി ക്ഷയിച്ചു വ്യാപാര കേന്ദ്രങ്ങളിലും മറ്റു പ്രദേശങ്ങളിലും ഇംഗ്ലീഷ് ആധിപത്യം വർദ്ധിച്ചപ്പോൾ ഫ്രഞ്ചുകാർക്ക് പിടിച്ചുനിൽക്കാനായില്ല. ഇന്ത്യൻ ഭരണാധികാരികളും വിവിധ യൂറോപ്യൻ ശക്തികളുമായുള്ള യുദ്ധത്തിൽ കുടുങ്ങി വ്യാപാരം ക്ഷയിച്ചു. മുന്നു കർണാടക യുദ്ധങ്ങൾ അവസാനിച്ചപ്പോൾ ഫ്രഞ്ച് ശക്തി ക്ഷയിച്ചു. ഇംഗ്ലീഷുകാർ കൂടുതൽ

VIII Std - History Malayalam Chapter 1.indd 7 26/01/2023 16:30:41

ശക്തിയോടെ തങ്ങളുടെ പ്രദേശങ്ങൾ വിസ്തൃതമാക്കി. പോർച്ചുഗീസുകാരുടെയും, ഡച്ചുകാരുടെയും, ഫ്രഞ്ചുകാരുടെയും, ഡാനിഷ്കാരുടെയും മേൽ ഇംഗ്ലീഷുകാർ വിജയം വരിക്കാനുള്ള പ്രധാനകാരണം മത്സരബുദ്ധിയോടെയുള്ള കച്ചവടതന്ത്രങ്ങളും ത്യാഗമനസ്കതയും, സർക്കാരിന്റെ സഹായവും മികച്ച നാവിക മേധാവിത്വവും, ദേശസ്നേഹവുമാണ്.

പാഠസംഗ്രഹം

- തമിഴ് ചരിത്രകാരന്മാർക്ക് അനന്തരംഗന്റെ ഡയറികുറിപ്പുകൾ ചരിത്ര പുസ്തകമെഴുതാൻ വളരെ സഹായകമായിട്ടുണ്ട്.
- മദ്രാസ് ഔദ്യോഗിക രേഖാ കാര്യാലയം ഇപ്പോൾ അറിയപ്പെടുന്നത് തമിഴ്നാട് പുരാവസ്തു ശേഖരം എന്നാണ്. ഇത് ചെന്നൈയിൽ സ്ഥിതിചെയ്യുന്നു.
- പോർച്ചുഗൽ രാജകുമാരനായ ഹെൻട്രി അറിയപ്പെടുന്നത് നാവികനായ ഹെൻട്രി എന്നാണ്.
- അൽമേഡയാണ് "ബ്ലൂവാട്ടർപോളിസി" കൊണ്ടുവന്നത്.
- 1613-ൽ മുഗൾ ചക്രവർത്തിയായ ജഹാംഗീർ സൂറ്റിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിക്കാനുള്ള അനുവാദം കൊടുത്തു.
- 1664-ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി രൂപീകരിച്ചത് കോൾബർട്ടാണ്.
- ഏറ്റവും സമൃദ്ധവും പ്രധാനപ്പെട്ടതുമായ ഇന്ത്യയിലെ ഫ്രഞ്ച് അധിവാസ കേന്ദ്രമായിരുന്നു പോണ്ടിച്ചേരി.

പദപരിചയം

Missionaries	religious missions	മതപ്രചാരകർ
Pamphlets	a small booklet	ലഘുലേഖകൾ
Archives	the place where historical documents and records are kept	പുരാവസ്തു സംരക്ഷണ കേന്ദ്രം
Manuscripts	handwritten books or documents	കൈയ്യെഴുത്തുപ്രതികൾ
Repository	a person or thing regarded as a store of information	വിവര ശേഖരണ കേന്ദ്രം (സംഭരണി)
Voyage	a long journey especially by ship	കടൽയാത്ര
Monopoly	exclusive control or possession of something	കുത്തകാവകാശം
Navigator	in earlier times, a person who explored by ship	നാവികൻ



മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഇന്ത്യയിൽ പോർച്ചുഗീസ് ശക്തിയ്ക്കു് അടിത്തറ പാകിയത് ആര്
   a. വാസ്ഗോഡ ഗാമ
   b. ബർത്തലോമിയ ഡയസ്
   c. അൽഫോൻസോ-ഡി-അൽബുക്കർക്ക്
   d. അൽമേഡാ

2. താഴെ കൊടുത്ത രാജ്യങ്ങളിൽ ഏതു രാജ്യമാണ് ഇന്ത്യയിലേക്കുള്ള സമുദ്രമാർഗം കണ്ടുപിടിച്ചത്?
   a. ഡച്ച് b. പോർച്ചുഗൽ
   c. ഫ്രാൻസ് d. ബ്രിട്ടൺ

3. 1453-ൽകോൺസ്റ്റാൻറിനോപ്പിൾപിടിച്ചടക്കിയതാര്?
   a. ഫ്രഞ്ചുകാർ b. തുർക്കികൾ
   c. ഡച്ചുകാർ d. ബ്രിട്ടീഷുകാർ

4. വില്യം ഹോക്കിൻസിന്റെ സ്വദേശം?
   a. പോർച്ചുഗൽ b. സ്പെയിൻ
   c. ഇംഗ്ലണ്ട് d. ഫ്രാൻസ്

5. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ കോട്ട?
   a. സെൻറ് വില്യം കോട്ട
   b. സെൻറ് ജോർജ്ജ് കോട്ട
   c. ആഗ്ര കോട്ട
   d. സെൻറ് ഡേവിഡ് കോട്ട

VIII Std - History Malayalam Chapter 1.indd 8 26/01/2023 16:30:42

6. താഴെകൊടുത്തിരിക്കുന്നയൂറോപ്യൻരാജ്യങ്ങളിൽ ഇന്ത്യയിൽ അവസാനമായി കച്ചവടത്തിന് വന്നത് ആര്?

a. ബ്രിട്ടീഷുകാർ b. ഫ്രഞ്ചുകാർ

c. ഡാനിഷുകാർ d. പോർച്ചുഗീസുകാർ

7. തമിഴ്നാട് തീരപ്രദേശത്തുള്ള ട്രാക്യൂബാർ _____ വ്യാപാരകേന്ദ്രമായിരുന്നു?

a. പോർച്ചുഗീസ് b. ബ്രിട്ടീഷ്

c. ഫ്രഞ്ച് d. ഡാനിഷ്

II. വിട്ടഭാഗം പൂരിപ്പിക്കുക:

1. ദേശീയ പുരാവസ്തു കേന്ദ്രം (NAI) സ്ഥിതി ചെയ്യുന്നത് _____ ലാണ്.
2. പോർച്ചുഗീസ് നവീകനായ ബർത്തലോമിയ ഡയസിനെ സംരക്ഷിച്ചത് _____.
3. 1556-ൽ ഗോവയിൽ അച്ചടിശാല സ്ഥാപിച്ചത് _____ ആണ്.
4. ഇംഗ്ലീഷുകാർക്ക് ഇന്ത്യയിൽ കച്ചവടം ചെയ്യാൻ അനുവാദം കൊടുത്ത മുഗൾ ചക്രവർത്തി _____ ആണ്.
5. ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചത് _____ ആണ്.
6. ഡാനിഷ് ഈസ്റ്റിന്ത്യാകമ്പനി സ്ഥാപിക്കുന്നതിന് അനുവാദം കൊടുത്ത ഡെന്മാർക്ക് രാജാവ് _____ ആണ്.

III. ചേരുംപടി ചേർക്കുക:

1.	ഡച്ചുകാർ	1664
2.	ബ്രിട്ടീഷുകാർ	1602
3.	ഡാനിഷുകാർ	1600
4.	ഫ്രഞ്ചുകാർ	1616

IV. ശരിയോ തെറ്റോ:

1. ജീവചരിത്രം ഒരു ലിഖിത ചരിത്രാധാരമാണ്.
2. വസ്തുതാപരമായ ആധാരങ്ങളാണ് നാണയങ്ങൾ.
3. ബ്രിട്ടീഷുകാരുടെ കീഴിലുള്ള വിവർത്തകനായിരുന്നു അനന്തരംഗൻ.
4. ചരിത്രരേഖകൾ സംരക്ഷിച്ച് സൂക്ഷിച്ചു വെയ്ക്കുന്ന സ്ഥലമാണ് പുരാവസ്തു ശേഖരണ കേന്ദ്രം.

V. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഉചിതമായ ഉത്തരം കണ്ടുപിടിച്ചു (✓) ചെയ്യുക:

i. ഗവർണർ നിനോഡികുൻഹ പോർച്ചുഗീസ് തലസ്ഥാനം കൊച്ചിയിൽ നിന്നും ഗോവയിലേക്ക് മാറ്റി.

ii. ഇന്ത്യയിൽ നിന്നും അവസാനമായി പോയത് പോർച്ചുഗീസുകാരാണ്.

iii. ഡച്ചുകാർ തങ്ങളുടെ ആദ്യ വ്യവസായ ശാല സ്ഥാപിച്ചത് സൂറ്റിലാണ്.

iv. ഇംഗ്ലണ്ടിലെ രാജാവായ ജയിംസ് ഒന്നാമനാണ് സർ തോമസ് റോയെ ജഹാംഗീറിന്റെ രാജ്യ സഭയിലേക്ക് അയച്ചത്.

a. ഒന്നും, രണ്ടും ശരിയാണ്.
b. രണ്ടും, നാലും ശരിയാണ്.
c. മൂന്നു മാത്രം ശരിയാണ്.
d. ഒന്നും, രണ്ടും, നാലും ശരിയാണ്.

തെറ്റായ ജോഡി കണ്ടുപിടിക്കുക:

1. ഫ്രാൻസിസ് ഡേ - ഡെൻമാർക്ക്
2. പെഡ്രോ കാബ്രൽ - പോർച്ചുഗൽ
3. ക്യാപ്റ്റൻ ഹോക്കിൻസ് - ബ്രിട്ടൺ
4. കോൾബർട്ട് - ഫ്രാൻസ്

VI. ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:

1. പുരാവസ്തു സംരക്ഷണ കേന്ദ്രത്ത കുറിച്ച് കുറിപ്പെഴുതുക?
2. നാണയങ്ങളുടെ പ്രാധാന്യത്തെ കുറിച്ചെഴുതുക?
3. ഹെൻഡ്രിരാജകുമാരനെ "നാവികനായ ഹെൻഡ്രി" എന്നു വിളിക്കാനുള്ള കാരണമെന്ത്?
4. ഡച്ചുകാർ ഇന്ത്യയിൽ സ്ഥാപിച്ച പ്രധാന വ്യവസായ ശാലകളുടെ പേരെഴുതുക?
5. ഇംഗ്ലീഷുകാർക്ക് ഇന്ത്യയിലുണ്ടായിരുന്ന പ്രധാന വ്യാപാര കേന്ദ്രങ്ങൾ ഏതെല്ലാം?

VII. ഉത്തരമെഴുതുക:

1. ആധുനിക ഇന്ത്യയെകുറിച്ചറിയുന്നതിനുള്ള ചരിത്രാധാരങ്ങളെപ്പറ്റി വിവരിക്കുക?
2. പോർച്ചുഗീസുകാർ എപ്രകാരമാണ് ഇന്ത്യയിൽ വ്യാപാരകേന്ദ്രങ്ങൾ സ്ഥാപിച്ചത്?
3. ബ്രിട്ടീഷുകാർ ഇന്ത്യയിൽ എപ്രകാരമാണ് വ്യാപാരകേന്ദ്രങ്ങൾ സ്ഥാപിച്ചത്?

VIII. ഭൂപട പരിശീലനം:

1. ഇന്ത്യയുടെ നദി ഭൂപടത്തിൽ താഴെ കൊടുത്തിട്ടുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തുക?

1. കോഴിക്കോട് 2. കൊച്ചി
3. മദ്രാസ് 4. പോണ്ടിച്ചേരി
5. സൂറ്റ് 6. ചിൻസുറ
7. പുലിക്കാട്ട് 8. കൽക്കത്ത

VIII Std - History Malayalam Chapter 1.indd 9 26/01/2023 16:30:42

IX. ഉയർന്ന ചിന്താശേഷി വേണ്ടവ:

1. കോൺസ്റ്റാൻറിനോപ്പിളിൻെറ വീഴ്ച യൂറോപ്യൻ രാജ്യങ്ങളിൽ ബാധിച്ചതെങ്ങനെ?

X. വിദ്യാത്ഥികൾ ചെയ്യേണ്ടവ:

ആധുനിക ഇന്ത്യയെപ്പറ്റി മനസ്സിലാക്കാൻ സഹായിക്കുന്ന ഉറവിടങ്ങളെകുറിച്ചുള്ള ഒരു ചാർട്ട് തയ്യാറാക്കുക?

REFERENCE BOOKS

- Bipan Chandra - *History of Modern India*, Orient Blackswan Private Limited 2018
- Sumit Sarkar, *Modern India 1885-1947*, Laxmi Publications; Reprint edition (2008)
- Ishita Banerjee-Dube - *A History of Modern India*, Cambridge University Press 2014

INTERNET RESOURCES

- www.india.gov.in
- www.historynet.com
- www.ducksters.com

ICT കോർണർ

ആധുനിക ഇന്ത്യയെ ക്കുറിച്ചറിയുന്നതിനുള്ള ആധാരങ്ങൾ

ഈ പ്രവർത്തനത്തിലൂടെ ആധുനിക ഇന്ത്യയെ കുറിച്ചറിയാവുന്ന കാഴ്ചകൾ കാണാവുന്നതാണ്



ഘട്ടങ്ങൾ

- ബ്രൗസർ തുറന്ന് URL ടൈപ്പ് ചെയ്ത് QR കോഡ് സ്കാൻ ചെയ്യുക.
- ക്ലിക്ക് ഓൺ ടൈം ലൈൻ ഇടതുവശത്തു പോയി മെനുവിൽ ഏതെങ്കിലും ഒന്ന് ക്ലിക്ക് ചെയ്യുക (ഉദാഹരണം പെയിൻറിങ്ങ്).
- ആവശ്യമുള്ള ടൈം ലൈൻ ബാർ ഡ്രാഗ് ചെയ്യുക (ഉദാഹരണം 1500 മുതൽ 1600 A.D).

Website URL:

http://museumsofindia.gov.in/repository/home

DWQAC

VIII Std - History Malayalam Chapter 1.indd 10 26/01/2023 16:30:42

യൂണിറ്റ് - 2

വ്യാപാരത്തിൽ നിന്നും ഭരണത്തിലേക്ക്



പഠന ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി രാഷ്ട്രീയശക്തിയായി ഉയർന്നതിനെ പറ്റി അറിയുക.
- പ്ലാസി യുദ്ധങ്ങളെപറ്റിയും അത് ഇന്ത്യയിൽ ഉണ്ടാക്കിയ ആഘാതത്തെ കുറിച്ചും അറിയുക.
- മൈസൂർ യുദ്ധങ്ങളെപറ്റിയും കർണ്ണാടക യുദ്ധങ്ങളെപറ്റിയും അറിയുക.
- ആംഗ്ലോ യുദ്ധങ്ങളെപറ്റിയും അറിയുക.
- കോളനി വളർച്ചയെ പറ്റിയും ഭരണകൂടത്തെ പറ്റിയും അറിയുക.
- സൈനിക സഹായവ്യവസ്ഥയെ കുറിച്ചും ദത്താപഹാരം നയത്തെ കുറിച്ചും മനസ്സിലാക്കുക.

GCQP2

ആമുഖം

പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യന്മാർകര മാർഗത്തിലൂടെയും സമുദ്രമാർഗത്തിലൂടെയും സഞ്ചരിച്ച് ധാരാളം ഭൂമിശാസ്ത്രപരമായ കണ്ടെത്തലുകൾ നടത്തി. പോർച്ചുഗൽ നാവിക നായ വാസ്കോഡഗാമ യൂറോപ്പിൽ നിന്ന് ഇന്ത്യയിലേക്കുള്ള സമുദ്രമാർഗ്ഗം കണ്ടുപിടിച്ചു ഈ കണ്ടുപിടുത്തങ്ങളുടെ പ്രധാന ഉദ്ദേശം കച്ചവടത്തിൽ അധിക ലാഭം നേടുക എന്നതും രാഷ്ട്രീയ മേധാവിത്വം സ്ഥാപിക്കുക എന്നതുമായി രുന്നു. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണം വ്യാപ കമായതോടെയാണ് ഈസ്റ്റിന്ത്യാ കമ്പനിയുടെ പ്രധാന താൽപര്യം പ്രദേശിക വ്യാപനവും വ്യാപാര മർദ്ദനവുമായത്.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ രാഷ്ട്രീയ അധികാര സ്ഥാപനം

പ്ലാസി യുദ്ധം (1757)

ബംഗാൾ നവാബായ അലിവർദ്ധിഖാൻ 1756 മരണമടയുകയും അദ്ദേഹത്തിന്റെ പൗത്രൻ സിറാജ് -ഉദ്-ധൗള ഭരണാധികാരിയാവുകയും ചെയ്തു. പുതിയ നവാബിന്റെ ദൗർബല്യവും ജനസമ്പർക്കം ഇല്ലായ്മയും പ്രയോജനപ്പെടുത്തി അധികാരം

ഇരുട്ടറ ദുരന്തം (1756)

വില്യം കോട്ടയിലെ ഒരു ഇടുങ്ങിയ മുറിയിൽ ബംഗാൾ നവാബായ സിറാജ്-ഉദ്-ധൗള യുടെ സൈന്യം 146 ബ്രിട്ടീഷ് തടവുകാരെ ഒരു രാത്രി അടച്ചിട്ടു. പിറ്റേന്ന് രാവിലെ വാതിൽ തുറക്കുമ്പോൾ 123 തടവുകാർ ശ്വാസംമുട്ടി മരിച്ചതായി കാണപ്പെട്ടു. ഇതാണ് ഇരുട്ടറ ദുരന്തം.

പിടിച്ചെടുക്കാൻ ശ്രമിച്ചു. അതുകൊണ്ട് സിറാജ്-ഉദ്-ധൗള ബ്രിട്ടീഷുകാരെ ഒരുപാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. അതിനായി കമ്പനി ഉദ്യോഗസ്ഥരുടെ വാസസ്ഥലങ്ങൾ ആക്രമിച്ചു. അങ്ങനെ ബസാറിലെ വ്യവസായശാല പിടിച്ചടക്കി. 1756 ജൂൺ 26 വില്ല്യം കോട്ട കീഴടക്കിയെങ്കിലും റോബർട്ട് കൽക്കത്ത തിരിച്ചുപിടിച്ചു.

1757 ഫെബ്രുവരി ഒമ്പതിന് അലിനഗർ ഉടമ്പടി ഒപ്പുവച്ചു. ബ്രിട്ടീഷുകാർ മുന്നോട്ടുവെച്ച എല്ലാ



പ്ലാസി യുദ്ധം (1757)

VIII Std - History Malayalam Chapter 2.indd 11 06/04/2024 16:25:54



നിബന്ധനകളും സിറാജ്-ഉദ്-ധൗള അംഗീകരിച്ചു. ബ്രിട്ടീഷുകാർ ഫ്രഞ്ച് അധിവാസകേന്ദ്രമായ ചന്ദ്രനാഗൂർ 1757 മാർച്ചിൽ പിടിച്ചടക്കി. പ്ലാസി യുദ്ധം നടന്നത് ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കും ബംഗാൾ നവാബിനും അദ്ദേഹത്തിന്റെ സഖ്യ ശക്തിയായ ഫ്രഞ്ചുകാർക്കും ഇടയിൽ ആയിരുന്നു. ബ്രിട്ടീഷ് നിയന്ത്രണത്തിൻ കീഴിൽ നടന്ന യുദ്ധങ്ങൾ പ്ലാസി യുദ്ധം നടന്നത് 1757 ജൂൺ 23 ന് ആയിരുന്നു. റോബർട്ട് ക്ലൈവ് നേതൃത്വത്തിലുള്ള ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സൈന്യം

VIII Std - History Malayalam Chapter 2.indd 12 06/04/2024 16:25:54

സിറാജ്-ഉദ-ദൗള യുടെ സൈന്യത്തെ പരാജയപ്പെടുത്തി യുദ്ധത്തിൽ വിജയിച്ച ബ്രിട്ടീഷുകാർ ബംഗാൾ ട്രഷറിയിൽ നിന്നും ഒരു വലിയ തുക ഈടാക്കുകയും തങ്ങളുടെ സൈന്യത്തെ ശക്തിപ്പെടുത്തുന്നതിനായി ഉപയോഗിക്കുകയും ചെയ്തു. ഇതുവരെ ബ്രിട്ടീഷുകാർക്ക് ഇന്ത്യയുടെ മേൽ ഉണ്ടായിരുന്ന മനോഭാവത്തിന് യുദ്ധത്തിനു ശേഷം മാറ്റമുണ്ടായി ഇന്ത്യ ചരിത്രത്തിലെ നിർണായകമായ യുദ്ധമായിരുന്നു പ്ലാസിയുദ്ധം. അടുത്ത 2 നൂറ്റാണ്ടുകളോളം ഇന്ത്യ ഭരിക്കുന്നതിന് കാരണമായതും ഈ യുദ്ധമായിരുന്നു.

ബക്സാർ യുദ്ധം (1764)

1757ലെ പ്ലാസി യുദ്ധത്തിനു ശേഷം ബംഗാൾ, ബീഹാർ ഒറീസ എന്നിവിടങ്ങളിൽ ഒരു നിയന്ത്രണവുമില്ലാതെ സൗജന്യമായി കച്ചവടം നടത്തുന്നതിനുള്ള അനുമതി ലഭിച്ചു. ഇത് ബംഗാളിലെ 24 പർഗാനകൾക്കും ബാധകമായിരുന്നു. ബംഗാൾ നവാബായ മിർജാഫർ 1757 മുതൽ 1760 വരെ ബ്രിട്ടീഷുകാർക്ക് കുടിശിക കൊടുക്കുന്നതിന് വീഴ്ച വരുത്തിയതിനാൽ അദ്ദേഹത്തിന്റെ മരുമകനായ മിർ കാസിം ഭരണം കൈമാറി.

മിർ കാസിം ബർദ്വാൻ, മിഡ്നാപൂർ, ചിക്കാഗോ എന്നിവ ഇംഗ്ലീഷുകാർക്ക് കൈമാറി. അദ്ദേഹത്തിന്റെ തലസ്ഥാനം മുർഷിദാബാദിൽനിന്നും മാവൂരിലേയ്ക്ക് മാറ്റി. എന്നാൽ മിർ കാസിം വളരെ പെട്ടെന്നു തന്നെ ബ്രിട്ടീഷ് ഭരണാധികാരിയുമായി കലഹം തുടങ്ങി. ബ്രിട്ടീഷുകാർ കച്ചവടം ചെയ്യുന്നതിനുള്ള സൗജന്യ സമ്മതപത്രം ദുരുപയോഗം ചെയ്തതുകൊണ്ടാണ് മിർകാസിം കലഹിച്ചത്. മിർകാസിം അയോധ്യയിലേക്ക് ഓടി പോവുകയും അവിടെ ഷുജാ-ഉദ്-ധൗളയോടും, ഷാ ആലമ്മിനോടും ചേർന്ന് ഒരു കൂട്ടായ്മ രൂപീകരിക്കുകയും ചെയ്തു.



ബക്സാർ യുദ്ധം (1764)

ബക്സാർ യുദ്ധം നടന്നത് 1764 ഒക്ടോബർ 22ന് ആണ് ബക്സാർ കോട്ടകളാൽ ചുറ്റപ്പെട്ട ഒരു ചെറിയ പട്ടണമായ ഇത് ബീഹാർ സംസ്ഥാനത്തിൽ ഉള്ളതായി രുന്നു പാറ്റ്നയിൽ നിന്ന് 130 കിലോമീറ്റർ പടിഞ്ഞാറു ഭാഗത്തുള്ള ഗംഗാനദീതീരത്തായിരുന്നു ഇത് സ്ഥിതിചെയ്തിരുന്നത്. യുദ്ധവിജയം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് വളരെ നിർണായകമായിരുന്നു. ഷുജ ഉദ് ദൗള, ഷാ ആലം, മിർ കാസിം എന്നിവരുടെ കൂട്ടായ്മയെ ജനറൽ ഹെക്ടർ മൺറോ പരാജയപ്പെടുത്തി. ജാഫറിനെ വീണ്ടും കിരീട അവകാശിയാക്കി. മിർ ജാഫറിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ നിസാം ഉദ് ദൗള യെ രാജാവാക്കി. അദ്ദേഹം 1765 ഫെബ്രുവരി 20ന് അലഹബാദ് ഉടമ്പടിയിൽ ഒപ്പുവച്ചു. ഈ ഉടമ്പടി അനുസരിച്ച് നവാബ് സൈന്യത്തിൽ ധാരാളം സൈനികരെ പിരിച്ചുവിട്ടു. മാത്രമല്ല ഭരണത്തിനായി കമ്പനി നിർദ്ദേശിച്ച ഡെപ്യൂട്ടി സുബൈറിനെ നിയമിക്കുകയും ചെയ്തു. റോബർട്ട് ക്ലൈവ്, ഷുജ ഉദ് ദൗള, ഷാ ആലം എന്നിവരുമായും 2 ഉടമ്പടികളിൽ ഒപ്പുവച്ചു. ബംഗാളിൽ ഭരണം ആരംഭിക്കുകയും ചെയ്തു.

കർണാടക യുദ്ധങ്ങൾ

പതിനെട്ടാം നൂറ്റാണ്ടിൽ വിവിധ ഇന്ത്യൻ ഭരണാധികാരികളും ബ്രിട്ടീഷ് ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനികളുമായി മൂന്ന് യുദ്ധങ്ങളിൽ ഏർപ്പെട്ടു. പാരമ്പര്യമായി ബ്രിട്ടണും ഫ്രാൻസും യൂറോപ്പിൽ എതിരാളികൾ ആയിരുന്നു. അവരുടെ വൈരാഗ്യം ഇന്ത്യയിലെ വ്യാപാരത്തിലും പ്രാദേശിക വ്യാപനത്തിള്ളും പ്രതിഫലിച്ചു. 1846 മുതൽ 1763 വരെ തെക്കേ ഇന്ത്യയിൽ നടന്ന സൈനിക സംഘർഷങ്ങളെയാണ് കർണാടക യുദ്ധങ്ങൾ എന്ന് പറയുന്നത്. ഈ യുദ്ധങ്ങളാണ് ഇന്ത്യയിൽ ബ്രിട്ടീഷ് രാഷ്ട്രീയ മേധാവിത്വത്തിന് കാരണമായത്.



ഒന്നാം കർണാടക യുദ്ധം 1946 - 1948

ആസ്ട്രിയൻ പിന്തുടർച്ചാവകാശം യൂറോപ്പിൽ പൊട്ടിപ്പുറപ്പെട്ടത് ഒന്നാം കർണാടക യുദ്ധത്തിനുള്ള ഒരു കാരണമാണ്. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഈ യുദ്ധത്തിൽ എതിർ ചേരികൾ ആയിരുന്നു. ഈ യുദ്ധത്തിന്റെ പ്രതിധ്വനി ഇന്ത്യയിലും പ്രതിഫലിച്ചു.

VIII Std - History Malayalam Chapter 2.indd 13 06/04/2024 16:25:54

അടയാർ യുദ്ധം (1746)

ഒന്നാം കർണാടക യുദ്ധം സ്മരിക്കപ്പെടുന്നത് മദ്രാസ് യുദ്ധത്തിലാണ്. ഫ്രഞ്ചുസൈന്യവും കർണാടക സൈന്യവും ഏറ്റു മുട്ടി. ബ്രിട്ടീഷുകാരുടെ സഹായത്തോടുകൂടി ക്യാപ്റ്റൻ പാരഡൈസിന്റെ നേതൃത്വത്തിലുള്ള വളരെചെറിയ സൈന്യം ശക്തമായ ഇന്ത്യൻ സൈന്യത്തെ അഡയാറിലെ തീരത്തുള്ള സാന്തോമിൽ വെച്ച് പരാജയപ്പെടുത്തി. നല്ല പരിശീലനം ലഭിച്ച ചെറിയ സൈന്യം വലിയ ഇന്ത്യൻ സൈന്യത്തെ പരാജയപ്പെടുത്തി എല്ലാ വരെയും അത്ഭുതപ്പെടുത്തി.

ഐക്സ്-ലാ-ചാപ്പ്ലെ (1748)

ആസ്ട്രിയൻ പിന്തുടർച്ചാവകാശയുദ്ധം ഐക്സ്-ലാ-ചാപ്പ്ലെ ഉടമ്പടിയോടെ അവസാനിച്ചു. ഈ കരാർ അനുസരിച്ച് മദ്രാസ് ഇംഗ്ലീഷുകാർക്ക് തിരിച്ചുകൊടുത്തു. അതിനു പകരമായി വടക്കേ അമേരിക്കയിലെ ചില പ്രവിശ്യകൾ ഫ്രഞ്ചുകാർക്ക് ലഭിച്ചു.

രണ്ടാം കർണാടയുദ്ധം 1749 - 54

രണ്ടാം കർണാടക യുദ്ധത്തിന്റെ പ്രധാന കാരണം ഹൈദരാബാദിലും കർണാടകത്തിലെയും പിന്തുടർച്ച അവകാശ തർക്കങ്ങൾ ആയിരുന്നു. കർണാടകത്തിലെ രാജഅവകാശത്തിനായി അൻവറുദ്ദിൻഖാനും ചന്ദ്രസാഹിബും തർക്കം ഉന്നയിച്ചു. ഹൈദരാബാദിലെ രാജ്യ അവകാശത്തി നായി നസിർജംഗും, മുസാഫർജംഗും തർക്കം ഉന്നയിച്ചു. ചന്ദാസാഹിബിനെയും മുസാഫർജംഗിനെയും ഫ്രഞ്ചുകാർ ഒരുപാട് സഹായിച്ചു. മറ്റു രണ്ടുപേരെ ബ്രിട്ടീഷുകാരും സഹായിച്ചു ഇതിൽനിന്നും ബ്രിട്ടീഷുകാർക്കും ഫ്രഞ്ചുകാർക്കുള്ള താൽപര്യവും സ്വാധീനവും മനസ്സിലാക്കാം.

അംബർ യുദ്ധം (1749)

1749 ആഗസ്റ്റ് മൂന്നാം തീയതി അംബർ യുദ്ധത്തിൽ ചന്ദാ സാഹിബും മുസാഫർ ജംഗും ഫ്രഞ്ച് ഗവർണറായ ഡ്യൂപ്ലെയും സഖ്യം ചേർന്ന് കർണാടക നവാബായ അൻവറുദ്ദീനെ കൊലപ്പെടുത്തി. അൻവറുദ്ദീന്റെ മകനായ മുഹമ്മദ് അലി തൃശ്ശി നാപള്ളിയിലേക്ക് ഓടിപോയി. ചന്ദാസാ ഹിബ് കർണാടക നവാബായി സ്ഥാനമേറ്റു. ഇതിന്റെ പ്രതിഫലമായി പോണ്ടിച്ചേരിയ്ക്ക് ചുറ്റുമുള്ള 80 ഗ്രാമങ്ങൾ ഫ്രഞ്ചുകാർക്ക് നൽകി.

ഡെക്കാനിലും ഫ്രഞ്ചുകാർ നാസിർ ജംഗിനെ കൊന്ന് മുസഫർ ജംഗിനെ രാജാവായി വാഴിച്ചു. ഇതിന് പ്രതിഫലമായി മതിയാവോളം സമ്മാനങ്ങൾ നൽകി. കൃഷ്ണാനദിയുടെ തെക്കുള്ള എല്ലാ പ്രദേശങ്ങളുടെയും ഗവർണറായി ഡ്യൂപ്ലെയെ നിയമിച്ചു. എന്നാൽ മുസഫർ ജംഗിനെ അദ്ദേഹത്തിന്റെ ബന്ധുക്കൾ 1751ൽ കൊലപ്പെടുത്തി. ബുസ്സിയുടെ സഹായത്തോടെ നാസർ ജംഗിനെ സഹോദരനായ സലബത്ത് ജംഗ് കിരീടാവകാശിയായി. ഇതിന് പ്രതിഫലമായി ഗുണ്ടൂർ ജില്ല ഒഴികെയുള്ള വടക്കൻ സർക്കാർ പ്രദേശങ്ങളെല്ലാം സലബത്ത് ജംഗ് ഫ്രഞ്ചുകാർക്ക് നൽകി. ഡ്യൂപ്ലെയുടെ ശക്തി ഏറ്റവും ഉന്നതി യിലെത്തിയ സമയമായിരുന്നു.

ആർക്കാട്ട് യുദ്ധം (1751)

മുഹമ്മദലി അഭയം പ്രാപിച്ചിരുന്ന തിരുച്ചി കോട്ട ഡ്യൂപ്ലെ ആക്രമിച്ചു. ചന്ദാസാഹിബ് ഡ്യൂപ്ലെയോട് ചേർന്നു. റോബർട്ട് ക്ലൈവിന്റെ നിർദ്ദേശം സ്വീകരിച്ച് ബ്രിട്ടീഷ് ഗവർണർ സൗണ്ടേഷ്സ്, 200 ഇംഗ്ലീഷ് സൈനി കരെയും 300 ഇന്ത്യൻ സൈനികരെയും ആർക്കാട് പിടിച്ചടക്കുന്നതിനായി അയച്ചു. ഈ ആക്രമണം വളരെ ശക്തിയേറിയതായിരുന്നു.

റോബർട്ട് ക്ലൈവ് ഫ്രഞ്ച് സൈന്യ ത്തെ ആർണ്ണിയിലും, കാവേരി പാക്കിൽ വച്ച് പരാജയപ്പെടുത്തി മേജർ ജനറൽ സ്ട്രിൻജൻ ലോറൻസിന്റെ സഹായത്തോടെ ചന്ദാ സാഹിബിനെ വധിച്ചു. ബ്രിട്ടീഷ് സംരക്ഷണ ത്തോടുകൂടി മുഹമ്മദലി ആർക്കാട്ട് നവാബായ ഫഞ്ച് ഗവർണറായ ഡ്യൂപ്ലെയെ പാരിസിലേക്ക് തിരിച്ചുവിളിച്ചു.

പോണ്ടിച്ചേരി ഉടമ്പടി (1755)


റോബർട്ട് ക്ലൈവ്

ഡ്യൂപ്ലെയുടെ പിന്തു ടർച്ചക്കാരായി വന്ന ഗോദ് ദേഹു പോണ്ടിച്ചേരി ഉടമ്പടിയിൽ ഒപ്പുവെച്ചു. ഈ ഉടമ്പടി അനു സരിച്ച് ഇന്ത്യൻ രാജ്യ ങ്ങളുടെ ആഭ്യന്തരകാ ര്യങ്ങളിൽ ഇരുരാജ്യ ങ്ങളും ഇടപെടാൻ പാടില്ലെന്നും യുദ്ധത്തിനു മുമ്പ് ഉണ്ടായിരുന്നതു പോലെ സ്ഥാനമാനങ്ങൾ നിലനിർത്തണമെന്നും പുതിയ കോട്ടകൾ ഒന്നും കെട്ടരുതെന്നും നിബന്ധന ഉണ്ടാക്കി. ഈ ഉടമ്പടി ബ്രിട്ടീഷുകാരെ കൂടുതൽ ശക്തരാക്കി.

രണ്ടാം കർണാടിക് യുദ്ധം യഥാർത്ഥത്തിൽ അനുചിതം ആയിരുന്നു. മുഹമ്മദ് അലിയെ കർണാടക നവാബാക്കി ബ്രിട്ടീഷുകാർ തങ്ങളുടെ മേധാവിത്വം തെളിയിച്ചു. എന്നാൽ ഹൈദരാ ബാദിൽ ഫ്രഞ്ചുകാർ ശക്തരായിരുന്നു. എങ്കിലും ഡെക്കാൻ പ്രദേശത്ത് ഉണ്ടായിരുന്ന ഫ്രഞ്ചുകാരുടെ മുഖ്യസ്ഥാനം ഈ യുദ്ധത്തി ലൂടെ ഇല്ലാതായി.

VIII Std - History Malayalam Chapter 2.indd 14 06/04/2024 16:25:54

മൂന്നാം കർണാടിക് യുദ്ധം (1756 - 1763)

യൂറോപ്പിലെ സപ്തവത്സരയുദ്ധമാണ് മൂന്നാം കർണാടക യുദ്ധത്തിനുള്ള പ്രധാനകാരണം. റോബർട്ട് ക്ലൈവ് പ്ലാസി യുദ്ധവിജയത്തിലൂടെ മൂന്നാം കർണാടകത്തിന് ആവശ്യമായ ധനം സമാഹരിച്ചു.

ഫ്രഞ്ച് സൈന്യത്തെ നയിക്കാൻ കൗണ്ട് ഡി ലാലിയെ നിയമിച്ചു. അദ്ദേഹം വളരെ എളുപ്പത്തിൽ സെൻറ് ഡേവിഡ് കോട്ട പിടിച്ചടക്കി. ഇദ്ദേഹം ഹൈദരാബാദിൽ നിന്നും ബുസ്സിയോടു സൈന്യവുമായി വന്ന് കർണാടകത്തിലെ ബ്രിട്ടീഷുകാരെ ആക്രമിക്കാനായി വരാൻ ആവശ്യപ്പെട്ടു. എന്നാൽ ബുസ്സി ഹൈദരാബാദിൽ നിന്നും പുറപ്പെട്ട തക്കംനോക്കി റോബർട്ട് ആന്ധ്രപ്രദേശ് അടങ്ങിയ വടക്കൻ സർക്കാർ പിടിച്ചടക്കി.

വാണ്ടി വാഷ് യുദ്ധം (1760)

1760 ജനുവരി 22 മൂന്നാം കർണാടിക് യുദ്ധം വളരെ നിർണായകമായിരുന്നു. ജനറൽ ആയർകൂട്ടിൻെറനേതൃത്വത്തിൽ ഉള്ള ഫ്രഞ്ച് സൈന്യത്തിൻെറ അടിവേരറുത്തു. ഒരു വർഷത്തിനുള്ളിൽ ഫ്രഞ്ചുകാരുടെ ഇന്ത്യയിലെ എല്ലാ വസ്തുവകകളും നഷ്ടമായി. കൗണ്ട് ഡി ലാലിയെ ഫ്രാൻസിലേക്ക് തിരിച്ചു വിളിച്ചു, പിന്നീട് അദ്ദേഹത്തെ ജയിലിലടയ്ക്കുകയും വധിക്കുകയും ചെയ്തു.

പാരിസ് ഉടമ്പടി (1763)

സപ്തവത്സര യുദ്ധം പാരിസ് ഉടമ്പടിയോടെ അവസാനിച്ചു ഫ്രഞ്ച് അധിവാസകേന്ദ്രമായ പോണ്ടിച്ചേരിയടക്കം എല്ലാം ഫ്രാൻസിന് തിരികെ കൊടുത്തു. എന്നാൽ സ്ഥലങ്ങളൊന്നും കോട്ട കെട്ടി സംരക്ഷിക്കാൻ പാടുള്ളതല്ല എന്ന വ്യവസ്ഥ വെച്ചു. സൈന്യത്തെയും സംരക്ഷിക്കാനും അനുവാദമുണ്ടായിരുന്നില്ല. അങ്ങനെ ആധിപത്യം ഫ്രഞ്ചകാരുടെ ഇന്ത്യയിൽ അവസാനിച്ചു.

ബ്രിട്ടീഷ് അധികാര വ്യാപനത്തെ എതിർത്ത് മൈസൂർ

മൈസൂർ രാജാവായ ഹൈദരാലിയുടെ നേതൃത്വത്തിൽ തെക്കേ ഇന്ത്യയിലെ ഭരണാധികാരികൾ ബ്രിട്ടീഷുകാർക്കെതിരെ സംഘടിച്ചു ഹൈദർ അലിയും അദ്ദേഹത്തിൻെറ മകനായ ടിപ്പുസുൽത്താനും ഇന്ത്യയിലെ ബ്രിട്ടീഷ് അധികാര വ്യാപനത്തെ നിയന്ത്രിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. വളരെ ധീരതയോടെ ബ്രിട്ടീഷുകാർക്കെതിരെ പോരാടി 1761ൽ അദ്ദേഹം യഥാർത്ഥ ഭരണാധികാരിയായി. ഇന്ത്യൻ ഭരണാധികാരികളുടെ യഥാർത്ഥ ശത്രു ബ്രിട്ടീഷുകാരാണെന്ന് ഇവർ തെളിയിച്ചു.

ഒന്നാം ആഗ്ലോ മൈസൂർ യുദ്ധം 1767 - 69

കാരണങ്ങൾ

- ഹൈദർ അലിയുടെ വളർച്ചയും ഫ്രഞ്ച് സൗഹൃദവും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അധികാരികൾക്ക് ഇഷ്ടപ്പെട്ടില്ല.
- മാറാത്ത നിസാം ഹൈദർആലിയെ ഇംഗ്ലീഷ് സഖ്യം എതിർത്തു.

സംഭവങ്ങൾ

ബ്രിട്ടീഷ് സൈന്യാധിപനായ ജനറൽ ജോസഫ് സ്മിത്തിൻെറ സഹായത്തോടെ നിസാം 1767ൽ മൈസൂർ ആക്രമിച്ചു. ഹൈദരാലി ബ്രിട്ടീഷുകാരെ പരാജയപ്പെടുത്തുകയും മംഗലാപുരം പിടിച്ചെടുക്കുകയുംചെയ്തു. മാർച്ച് 1769ൽഹൈദർ അലി മദ്രാസ് ആക്രമിക്കുകയും 1769ൽ ഏപ്രിൽ നാലിന് ഉടമ്പടി ഒപ്പു വയ്ക്കാൻ ഇംഗ്ലീഷുകാരെ നിർബന്ധിക്കുകയും ചെയ്തു.

മദ്രാസ് ഉടമ്പടി (1769)

യുദ്ധാവസാനം ഹൈദർ അലിയും ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയും ഉടമ്പടിയിൽ ഒപ്പുവച്ചു ഇരുഭാഗവും തങ്ങൾ കീഴടക്കിയ പ്രദേശങ്ങളെ തിരിച്ചുകൊടുക്കുകയും അന്യ ആക്രമണങ്ങൾ ഉണ്ടായാൽ പരസ്പരം സഹായിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.



VIII Std - History Malayalam Chapter 2.indd 15 06/04/2024 16:25:54

രണ്ടാം ആംഗ്ലോമൈസൂർ യുദ്ധം 1780 - 1784

കാരണങ്ങൾ

- 1769 മദ്രാസ് ഉടമ്പടി ബ്രിട്ടീഷുകാർക്ക് തൃപ്തികരമായിരുന്നില്ല മറാത്തികൾ 1771ൽ ഹൈദർ അലിയെ ആക്രമിച്ചപ്പോൾ ബ്രിട്ടീഷുകാർ സഹായിച്ചില്ല.
- ഹൈദരാലിക്ക് താൽപര്യമുണ്ടായിരുന്ന. മാഹി ഫ്രഞ്ചുക്കാരിൽ നിന്നും ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. ഇക്കാരണങ്ങളാൽ ഇംഗ്ലീഷുകാർക്ക് എതിരെ 1779ൽ ഹൈദർ അലിയും മറാത്തിയരും നിസാമും സഖ്യത്തിൽ ഏർപ്പെട്ടു.

സംഭവങ്ങൾ

1781ൽ ബ്രിട്ടീഷ് ജനറൽ അയർക്കൂട്ട് പോട്ടോനോവയിൽ വച്ച് ഹൈദരാലിയെ പരാജയപ്പെടുത്തി. സോളിംഗറിലും മൈസൂർ സൈന്യം പരാജയപ്പെട്ടു. യുദ്ധസമയത്ത് ഹൈദരലി ക്യാൻസർ രോഗം മൂലം മരണമടഞ്ഞു. ഹൈദരലിയുടെ മരണശേഷം ടിപ്പുസുൽത്താൻ 1752ൽ ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം നയിച്ചു.

ബ്രിട്ടീഷ് സൈന്യത്തോടൊപ്പം സുപ്രീം കമാൻഡറായ ബ്രിഗേഡിയർ മാത്യൂസിനെയും പിടിച്ചു എന്നാൽ ഇത് ടിപ്പുവിന് ഏർപ്പെട്ട ഏറ്റവും വലിയ നഷ്ടമായി കണക്കാക്കുന്നു.

മംഗലാപുരം ഉടമ്പടി (1784)

1784 മംഗലാപുരം ഉടമ്പടി ഒപ്പുവച്ചു ഇരുഭാഗവും പിടിച്ചടക്കിയ പ്രവിശ്യകളെയും യുദ്ധത്തടവുകാരെയും കൈമാറാമെന്ന് സമ്മതിച്ചു.

വാറൻ ഹേസ്റ്റിങ്ങ് ഈ ഉടമ്പടി മൂലം തങ്ങളുടെ പുതിയ പ്രവിശ്യയെ ശക്തരായ എതിരാളികളായ ഹൈദരാലിയിൽനിന്നും മറാത്തിയരിൽനിന്നും സംരക്ഷിച്ചു. ബ്രിട്ടീഷുകാർക്ക് അമേരിക്കയും മറ്റ് പ്രദേശങ്ങളിലേയും പ്രദേശങ്ങൾ നഷ്ടമായപ്പോഴും ഇന്ത്യയിൽ വാറൻഹേസ്റ്റിങ്ങിന് ഒന്നും നഷ്ടമായില്ലെന്നു മാത്രമല്ല ബ്രിട്ടീഷ് ശക്തി ഏകീകരിക്കാനും സാധിച്ചു.

മൂന്നാം ആംഗ്ലോ മൈസൂർ യുദ്ധം (1790 -92)

കാരണങ്ങൾ

- ബ്രിട്ടീഷുകാർക്കെതിരെ സഖ്യത്തിനായി ടിപ്പു തന്റെ പ്രതിനിധികളെ ഫ്രാൻസിലേക്കും തുർക്കിയിലേക്കും അയച്ചു.
- ബ്രിട്ടീഷുകാരുമായി സൗഹൃദത്തിലായിരുന്ന തിരുവിതാംകൂർ ടിപ്പുസുൽത്താൻ 1759-ൽ ആക്രമിച്ചു.
- മൈസൂരിനെതിരായി ഇംഗ്ലീഷുകാരും നിസാമും മറാത്തിയരും ത്രിരാഷ്ട്ര സഖ്യത്തിൽ ഏർപ്പെട്ടു.

സംഭവങ്ങൾ

ടിപ്പുസുൽത്താൻ മൂന്നുവർഷം ആരുടെയും സഹായമില്ലാതെ ഇംഗ്ലീഷുകാർക്ക് എതിരെ യുദ്ധം ചെയ്തു. ജനറൽ മേഡോയുടെ നേതൃത്വത്തിൽ ടിപ്പുസുൽത്താനെ ആക്രമിക്കാൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. അതുകൊണ്ട് 1790 കോൺവാലിസ് സ്വയം നേതൃത്വം ഏറ്റെടുത്ത് ടിപ്പുവിനെതിരെ യുദ്ധം നയിച്ചു എല്ല കോട്ടകളും പിടിച്ചടക്കി. ശ്രീരംഗപട്ടണ അടുത്തപ്പോൾ ടിപ്പു സുൽത്താൻ മറ്റ് മാർഗമില്ലാതെ ചർച്ചയ്ക്ക് തയ്യാറായി. 1792 ശ്രീരംഗപട്ടണം ഉടമ്പടി ഒപ്പുവച്ചു.

ശ്രീരംഗപട്ടണം ഉടമ്പടി (1792)

- ടിപ്പുവിന് തന്റെ രാജ്യത്തിന്റെ പകുതിയോളം സഖ്യകക്ഷികൾക്ക് അടിയറവു വയ്ക്കേണ്ടിവന്നു.
- 3.6 കോടി രൂപ യുദ്ധ ചിലവിനത്തിലേക്ക് ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ടി വന്നു എന്ന് മാത്രമല്ല തന്റെ രണ്ടു പുത്രന്മാരും ബ്രിട്ടീഷ് ബന്ദിയാക്കാൻ അനുവദിക്കുകയും ചെയ്തു.
- മലബാർ, കൂർഗ്, ദിണ്ടുക്കൽ ബാരമഹാൽ (കോയമ്പത്തൂർ, സേലം) എന്നിവ ബ്രിട്ടീഷ് കയ്യടക്കി.

നാലാം ആംഗ്ലോമൈസൂർ യുദ്ധം (1799)

1790ൽ കോൺവാലിസ് തന്നെ നിർബന്ധപൂർവ്വം ശ്രീരംഗപട്ടണം ഉടമ്പടിയിൽ ഒപ്പുവെപ്പിച്ചത് ടിപ്പുവിന് ഇഷ്ടമായിരുന്നില്ല.

കാരണങ്ങൾ

- ഇംഗ്ലീഷുകാർക്കെതിരെ സഹായത്തിനായി അറേബ്യയിലേക്കും അഫ്ഗാനിസ്ഥാനിലേക്കും പ്രതിനിധികളെ അയച്ച് ആക്രമിച്ചു.
- ഈജിപ്ത് ആക്രമിച്ചു കൊണ്ടിരുന്ന നെപ്പോളിയനുമായി ടിപ്പുസുൽത്താൻ ബന്ധപ്പെട്ടു.
- ഫ്രഞ്ചു ഉദ്യോഗസ്ഥന്മാർ ശ്രീരംഗപട്ടണത്തിൽ വന്ന് ജാക്കോബിൻ ക്ലബ് സ്ഥാപിക്കുകയും സ്വാതന്ത്ര്യത്തിന്റെ വൃക്ഷം (ട്രീ ഓഫ് ലിബർട്ടി) നടുകയും ചെയ്തു.

സംഭവങ്ങൾ

1799 ൽ വെല്ലസി ടിപ്പുവിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. യുദ്ധം വളരെ നിർണായകമായിരുന്നു മുൻകൂട്ടി ആലോചിച്ചുറച്ച പദ്ധതി അനുസരിച്ച് ബോംബെ ജനറലായ സ്റ്റുവാട്ടിന്റെ നേതൃത്തിലുള്ള സൈന്യം പടിഞ്ഞാറ് ഭാഗത്ത് നിന്നും മൈസൂർ ആക്രമിച്ചു. ഗവർണർ ജനറലിന്റെ

VIII Std - History Malayalam Chapter 2.indd 16 06/04/2024 16:25:54

സഹോദരനായ മദ്രാസ് സേനാധിപൻ ആർതർ വെല്ലസി ടിപ്പുസുൽത്താൻ തലസ്ഥാനമായ ശ്രീരംഗപട്ടണം ആക്രമിച്ചു. 1799 മെയ് നാലാം തീയതി ശ്രീരംഗപട്ടണം പിടിച്ചടക്കി ധീരതയോടെ പോരാടി എങ്കിലും കൊല്ലപ്പെടുക യാണ് ഉണ്ടായത്. അങ്ങനെ മൈസൂർ യുദ്ധം അവസാനിക്കുകയും മൈസൂർ മുഴുവൻ ബ്രിട്ടീഷ് അധീനതയിലാവുകയും ചെയ്തു.

യുദ്ധാനന്തരം മൈസൂർ

- കാനറാ, വയനാട്, കോയമ്പത്തൂർ, ധാരാപുരം, ശ്രീരംഗപട്ടണം എന്നിവ ഇംഗ്ലീഷുകാർ പിടിച്ചടക്കി.
- ഹിന്ദു രാജവംശത്തിലെ രാജരാജ മൈസൂർ കിരീടാവകാശിയായി.
- ടിപ്പുവിന്റെ കുടുംബാംഗങ്ങളെ വെല്ലൂർ കോട്ടയിലേക്ക് അയച്ചു.

ആഗ്ലോ മറാത്താ യുദ്ധങ്ങൾ

പാനിപ്പട്ട് യുദ്ധത്തിൽ പരാജയപ്പെട്ട അനന്തരഫലങ്ങൾ മറികടന്ന് ഒരു ദശകത്തിന് ശേഷം ഡൽഹി അവരുടെ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവന്നു എങ്കിലും പഴയ മറാത്ത പ്രദേശം പേഷ്വയുടെ നിയന്ത്രണത്തിൽ കീഴിലുള്ള അഞ്ച് സ്വതന്ത്ര സംസ്ഥാനങ്ങളായി നിലകൊണ്ടു. പൂനയിൽ പേഷ്വയും, ബറോഡയിൽ മിക്കവാറും നാഗ്പൂരിൽ ബോൺസ്ളെയും ഇൻഡോറിൽ ഹോൾകാറും ഗ്വാളിയാറിൽ ഇന്ത്യയുമായും ആണ് ഭരണത്തിന് നേതൃത്വം കൊടുത്തിരുന്നത്. ആഭ്യന്തര കലാപങ്ങളാൽ പേഷ്വാ സർക്കാരിന്റെ ഇന്ത്യ ശക്തി ക്ഷയിച്ചു വന്നു. അതുപോലെതന്നെ മറ്റ് നാലു ഭരണാധികാരികളും പരസ്പരം ശത്രുതാമനോഭാവത്തോടെ പെരുമാറി. ഇങ്ങനെ ആണെങ്കിലും മറാത്ത ഒരു വൻ ശക്തി തന്നെയായി രുന്നു. മറാത്തയുടെ ഇടയിലുള്ള ആഭ്യന്തര കലഹങ്ങൾ ബ്രിട്ടീഷുകാർ തങ്ങളുടെ സാമ്രാജ്യ വ്യാപനത്തിന് വളരെയധികം പ്രയോജനപ്പെടുത്തി.

ഒന്നാം ആഗ്ലോ മറാത്താ യുദ്ധം (1775 -82)

കാരണങ്ങൾ

നാരായണറാവുവിന്റെ മരണശേഷം പേഷ്വാ പദവിക്കുള്ള തർക്കമാണ് ബ്രിട്ടീഷ് ഇടപെടൽ ഉണ്ടാവാൻ കാരണം നാരായണ റാവുവിന്റെ മരണശേഷം രഘുനാഥറാവു പേഷ്വാ ആയി. എന്നാൽ പൂനെയിലെ ശക്തനായ നാനാഫട്ട്നാവിസ് ഇതിനെ ശക്തമായി എതിർത്തു. നാരായണറാവുവിന്റെ ഭാര്യ ഗംഗാബായി ഭർത്താവിന്റെ മരണശേഷം ശിശുവായിരുന്ന മകനെ പേഷ്വാ സ്ഥാനത്ത് പ്രതിഷ്ഠിച്ച് റീജൻസി കൗൺസിൽ ഭരണം നടത്തി അധികാരം പിടിച്ചെടുക്കാനുള്ള ശ്രമം വിഫലം ആയതോടെ രഘുനാഥറാവു ബ്രിട്ടീഷുകാരുടെ സഹായം തേടി. ഇംഗ്ലീഷുകാരും രഘുനാഥ്റാവു മായി സൂറത്ത് ഉടമ്പടി 1775ൽ ഒപ്പുവച്ചു. ഭൂരിപക്ഷം ബ്രിട്ടീഷ് കൗൺസിൽ അംഗങ്ങളും ഈ ഉടമ്പടിയെ എതിർത്തു. എങ്കിലും വാറൺഹേസ്റ്റിംഗ്സിന്റെ അഭിപ്രായപ്രകാരം ഒപ്പുവച്ചു.ഈ സമിതി കേണൽ ഉപ്ടോണിനെ സമാധാന ചർച്ചക്കായി പൂന റീജൻസിയുടെ സമീപത്തേക്ക് അയച്ചു. ഉപ്ടോൺ 1776 ൽ പുരന്ദർ ഉടമ്പടി തയ്യാറാക്കി എങ്കിലും ബോംബെയിലുള്ള ഇംഗ്ലീഷ് ഭരണാധികാരികളുടെ എതിർപ്പുമൂലം വലിയ ഫലം കണ്ടില്ല.

സംഭവങ്ങൾ

1781 വാറൺഹേസ്റ്റിംഗ്സിന്റെ നിർദ്ദേശപ്രകാരം ക്യാപ്റ്റൻ പോ ഫാമിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് സൈന്യം മറാത്ത ഭരണാധികാരിയാ മഹാ രാജസിന്ധ്യയെ ആക്രമിച്ചു തോൽപിച്ചു. ഇങ്ങനെ ചെറിയ ചെറിയ യുദ്ധങ്ങളിലൂടെ ഗ്വാളിയാർ പിടിച്ചടക്കി. 1782 മെയ് മാസം പതിനേഴാം തീയതി വാറൻ ഹേസ്റ്റിംഗ്സും, മഹാരാജാസിന്ധ്യയും ഉടമ്പടിയിൽ ഒപ്പുവച്ചു.



VIII Std - History Malayalam Chapter 2.indd 17 06/04/2024 16:25:54

ഫലങ്ങൾ

- രഘുനാഥറാവുവിന് പെൻഷൻ കൊടുത്ത് മാധവറാവു രണ്ടാമനെ പേഷ്വയായി അവരോധിച്ചു.
- സാൽസെറ്റ് ബ്രിട്ടീഷുകാർക്ക് കൈമാറി.
- സാൽഭായ് ഉടമ്പടി ഇന്ത്യൻ രാഷ്ട്രീയത്തിൽ ബ്രിട്ടീഷ് സ്വാധീനം വർധിപ്പിച്ചു ഈ ഉടമ്പടി മൂലം ബ്രിട്ടീഷുകാർക്കും, മറാത്തികൾക്കും പരസ്പരം സമാധാനം വർധിച്ചു.

മറാത്തീയരുടെ ആഭ്യന്തരപ്രശ്നങ്ങൾ

ഒന്നാം മറാത്താ യുദ്ധത്തിനുശേഷം മറാത്ത ഭരണാധികാരികൾ തമ്മിലുള്ള ബന്ധം വളരെയധികം വഷളായി. നാനാ ഫഡ്നാസിന്റെ വളർച്ചയിൽ അസൂയ തോന്നിയ മഹാരാജാസിന്ധ്യ ബ്രിട്ടീഷുകാരോട് സഹായമഭ്യർത്ഥിച്ചു. യുവാവായ പേഷ്വാമാധവറാവു രണ്ടാമൻ തങ്ങൾക്കിടയിലുള്ള ബന്ധം സുഗമമാക്കാൻ ശ്രമിച്ചു. പക്ഷേ പരസ്പരമുള്ള ആഭ്യന്തര പ്രശ്നങ്ങൾ കാര്യമാക്കിയില്ല. മഹാരാജ സിന്ധ്യ 1794-ൽ മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അനന്തിരവൻ ദൗലത്ത് റാവു സിന്ധ്യ ഭരണാധികാരിയായി. അദ്ദേഹത്തിന്റെ മരണം നാനാ ഫട്നാവിസിന്റെ പൂനയിലെ മേധാവിത്വം ഇല്ലാതാക്കുകയും ഇംഗ്ലീഷ് ആധിപത്യം വടക്കേ ഇന്ത്യയിൽ വ്യാപിക്കാൻ കാരണമാവുകയും ചെയ്തു. മാധവറാവു രണ്ടാമൻ 1795-ൽ ആത്മഹത്യ ചെയ്തു. രഘുനാഥന്റെ മകനായ ബാജിറാവു പേഷ്വയായി ഭരണമേറ്റു. ഇദ്ദേഹം കാര്യപ്രാപ്തി ഇല്ലാത്തവനായിരുന്നു. നാനാഫട്നാവിസ് 1800-ൽ മരണമടഞ്ഞു. ഇതും ബ്രിട്ടീഷുകാരുടെ ഭരണ വ്യാപനത്തിന് അനുകൂല സാഹചര്യമൊരുക്കി.

ജസ്വന്തറാവും ഹോൽക്കറും ദൗലത്ത് റാവു സിന്ധ്യയും പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. പേഷ്വ സിന്ധ്യയെ സഹായിക്കുകയും ഹോൽക്കറെ എതിർക്കുകയും ചെയ്തു പേഷ്വായും സിന്ധ്യയും പരസ്പരം സഹായിക്കാം എന്ന് സമ്മതിച്ചു. ഹോൽക്കർ പേഷ്വാക്കെതിരെ സൈനിക മാർച്ച് നടത്തി സിന്ധ്യയുടെയും പേഷ്വായുടെയും സഖ്യ സൈന്യത്തെ 1802-ൽ കഠിനമായി തോൽപ്പിച്ച് നഗരം പിടിച്ചടക്കി ബാജിറാവു രണ്ടാമൻ ഗവർണർ ജനറൽ ആയ വെസ്റ്റ്ലിപ്രഭുവിനെ സമീപിച്ച് സഹായം ആവശ്യപ്പെട്ടു. വെല്ലസ്ലിപ്രഭു പേഷ്വായെ സ്വാഗതം ചെയ്തു ബേയ്സിൻ ഉടമ്പടി ഒപ്പു വെച്ചു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ 1802-ൽ ബ്രിട്ടീഷ് ഗവൺമെൻറ് സൈനിക സഹായ വ്യവസ്ഥ അംഗീകരിക്കുന്ന രാജ്യമായി മാറി. പെട്ടെന്നുള്ള ഉടമ്പടി മൂലം ബ്രിട്ടീഷ് സൈന്യം കമാൻഡറായ ആർദർ വെല്ലസ്ലിയുടെ നേതൃത്വത്തിൽ പൂനെയിലേക്ക് മാർച്ച് നടത്തുകയും പേഷ്വാ തന്റെ പദവി നിലനിർത്തുകയും ചെയ്തു. ഹോൽക്കറിന്റെ സൈന്യത്തെ മറാത്ത തലസ്ഥാനത്തു നിന്നും അപ്രത്യക്ഷമാക്കി.

രണ്ടാം ആഗ്ലോ മറാത്താ യുദ്ധം

പേഷ്വാ സൈന്യസഹായ വ്യവസ്ഥ സ്വീകരിച്ചതിനുശേഷം ദൗലത്ത് റാവു സിന്ധ്യയും രഘോജി ബോൺസ്ളയും മറാത്തിയരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനായി പ്രയത്നിക്കാൻ തുടങ്ങി. എന്നാൽ ശരിയായ രീതിയിൽ പരിശീലനം നേടിയതും പരിപാലിക്കപ്പെട്ടതുമായ ആർദർ വെല്ലസ്ലിയുടെ സൈന്യം സിന്ധ്യയുടെയും ബോൺസ്ളയുടെയും സൈന്യത്തെ ആസ്യിലും ആർഗണിലും വെച്ച് പരാജയപ്പെടുത്തി ബ്രിട്ടീഷ് സൈന്യം 1803-ൽ രണ്ട് പ്രത്യേകം സൈന്യ സഹായ ഉടമ്പടിയിൽ ഒപ്പുവച്ചു. അതാണ് ഡിയോഗാൻ ഉടമ്പടിയും സൂർജ്ജി അർജ്ജുഗോൺ ഉടമ്പടിയും ഒപ്പുവച്ചു. പക്ഷേ യശ്വന്ത് റാവുഹോൽക്കർ ഇതുവരെ പരാജയപ്പെടുത്തിയിരുന്നില്ല. ഇതുവരെയും ഇദ്ദേഹം യുദ്ധങ്ങളിലും പങ്കെടുത്തിരുന്നില്ല. ഹോൽക്കർ 1804 ജയ്പൂർ പ്രദേശം കൊള്ളയടിച്ചു. ഇംഗ്ലീഷുകാർ അദ്ദേഹത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഹോൽക്കർ ബ്രിട്ടീഷ് ഭരണാധികാരികളെ ബ്രിട്ടീഷുകാർക്കെതിരെ അണിനിരത്താൻ ശ്രമിച്ചുവെങ്കിലും ഫലപ്രദമായില്ല മറാത്ത സൈന്യം പരാജയപ്പെടുകയും ഛന്നാഭിന്നമാവുകയും ചെയ്തു.

ഫലങ്ങൾ

- മറാത്താ ശക്തി ക്രമേണ ക്ഷയിച്ചു.
- ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയിലെ പ്രധാന ശക്തിയായി വളർന്നു.

മൂന്നാം ആഗ്ലോ മറാത്താ യുദ്ധം (1817-18)

കാരണങ്ങൾ

മൂന്നാം മറാത്താ യുദ്ധം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കു ഇന്ത്യയിലെ മറാത്താ സാമ്രാജ്യത്തിനുമിടയിൽ ഉണ്ടായ വളരെ നിർണായകമായതും അവസാനത്തേതുമായ യുദ്ധമായിരുന്നു. ഇതിന്റെ തുടക്കം മാറാത്ത പ്രദേശങ്ങളിൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി സൈന്യം ആക്രമിച്ചതും ബന്ധപ്പെട്ടതായിരുന്നു. ഈ സൈന്യത്തെ നയിച്ചത് ഗവർണർ ജനറൽ ആയ ഹേസ്റ്റിംഗ്സ് അദ്ദേഹത്തെ സഹായിച്ചത് ജനറൽ തോമസ് ഹിസ്ലോ പ്പിന്റെ കീഴിലുള്ള സൈന്യവും ആയിരുന്നു.

സംഭവങ്ങൾ

പേഷ്വാ ബാജി റാവു രണ്ടാമൻ സൈന്യത്തോടൊപ്പം നാഗ്പൂരിലെ മുദോജീ രണ്ടാമൻ ബോൻസ്ലേയുടെയും ഇൻഡോറിലെ മൽഹാര ഹോൽക്കർ മൂന്നാമൻ സൈന്യവും ബ്രിട്ടീഷുകാർക്ക് എതിരായി അണിനിരന്നു. എന്നാൽ ഗോളിയാറിലെ ദൗലത്ത് റാവു സിന്ധ്യ ഇവരോടൊപ്പം ചേർന്നില്ല. കട്ക്കി, കൊറിഗോൺ

VIII Std - History Malayalam Chapter 2.indd 18 06/04/2024 16:25:55

യുദ്ധങ്ങളിലും മറ്റു ചെറിയ യുദ്ധങ്ങളിലും പേഷ്വായുടെ സൈന്യം പരാജയപ്പെട്ടു. ബോൺസ്ലേ സീതബൾഡ്ഡി യുദ്ധത്തിലും ഹോൾക്കർ മഹിപൂർ യുദ്ധത്തിലും പരാജയപ്പെട്ടു.

ഫലങ്ങൾ

- മറാത്തസഖ്യം പിരിച്ചുവിടുകയും പേഷ്വാ പദവി ഇല്ലാതാകുകയും ചെയ്തു.
- പേഷ്വാ ബാജി റാവുവിന്റെ പ്രദേശങ്ങൾ ബോംബെ പ്രസിഡൻസിയുമായി ലയിപ്പിച്ചു.
- ബോൺസ്ളായുടെയും ഹോൽക്കറിന്റെയും പരാജയത്തോടെ നാഗ്പൂർ, ഇൻഡോർ തുടങ്ങിയ രാജ്യങ്ങൾ ബ്രിട്ടീഷുകാർ കൈവശപ്പെടുത്തി.
- അവസാനത്തെ പേഷ്വ ആയ ബാജിറാവു രണ്ടാമന് വർഷത്തിൽ എട്ടുലക്ഷം രൂപ പെൻഷനായി നൽകി.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണ സംഘടനകൾ

ബ്രിട്ടീഷ് ഇന്ത്യൻ ഭരണം നടന്നിരുന്നത് നാല് പ്രധാന സ്ഥാപനങ്ങൾ മൂലമായിരുന്നു. 1 സിവിൽ സർവീസ് 2 സൈന്യം 3 പോലീസ് 4 ജുഡീഷ്യറി.

സിവിൽ സർവീസ്

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയിലെ സാധാരണഉദ്യോഗസ്ഥന്മാരെയുംസൈന്യത്തിലെ ഉന്നത ഉദ്യോഗസ്ഥരെയും വേർതിരിച്ചറിയുന്നതിനായി ആദ്യമായി കൊണ്ടുവന്ന പദമാണ് സിവിൽ സർവീസ്. നിയമങ്ങൾ തർജ്ജമ ചെയ്തു നടപ്പിലാക്കുകയും നികുതി പിരിക്കലുമാണ് സിവിൽ സർവീസ് ഉദ്യോഗസ്ഥന്മാരുടെ പ്രധാന ജോലി. തുടക്കത്തിൽ വാണിജ്യ സംബന്ധമായ ജോലികളാണ് ചെയ്തിരുന്നത് എങ്കിലും പിന്നീടത് ജനസേവന മേഖലയിലേക്ക് മാറ്റി. തുടക്കത്തിൽ കോർട്ട് ഓഫ് ഡയറക്ടേഴ്സ് ഓഫ് കമ്പനിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരം നൽകി നിയമിക്കപ്പെട്ടു. നാമനിർദ്ദേശം നൽകി നിയമിച്ച സിവിൽ ഉദ്യോഗസ്ഥന്മാരിൽ ചിലർ അഴിമതി, കൈക്കൂലി, നിയമവിരുദ്ധമായ വ്യാപാരം എന്നിവയിൽ ഏർപ്പെട്ടു. 1786-ൽ ഇന്ത്യൻ ഗവർണർ ജനറലായ കോൺവാലിസ് സ്വകാര്യ വ്യാപാരത്തിനെതിരെ നിയമം കൊണ്ടുവരികയും കമ്പനി ഉദ്യോഗസ്ഥന്മാരുടെയും ശമ്പളം ഉയർത്തുകയും ചെയ്തു. ലോകത്തിൽ ഏറ്റവും കൂടുതൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനായി കമ്പനി ഉദ്യോഗസ്ഥർ മാറി.

1798-ൽ ഇന്ത്യൻ ഗവർണർ ജനറൽ ആയ വെല്ലസ്ലി പ്രഭു സിവിൽ ഉദ്യോഗസ്ഥന്മാർക്ക് ശരിയായ പരിശീലനം കൊടുക്കേണ്ടതാണ് എന്ന് മനസ്സിലാക്കി. അങ്ങനെ 1800-ൽ കൽക്കത്തയിലെ വില്യം കോട്ടയിൽ ഒരു കോളേജ് സ്ഥാപിക്കുകയും സാഹിത്യം വിജ്ഞാനം ഭാഷകൾ എന്നീ വിഷയങ്ങളിൽ സിവിൽ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയും ചെയ്തു. എങ്കിലും കമ്പനി ഡയറക്ടർമാർ ഇതു നിരാകരിക്കുകയും 1806-ൽ ഇംഗ്ലണ്ടിലുള്ള ഹേയ്ലേബെറിയിൽ ഈസ്റ്റിന്ത്യാ കോളേജ് സ്ഥാപിച്ച് പരിശീലനം തുടരുകയും ചെയ്തു.

ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ മത്സരപരീക്ഷ കൊണ്ടുവന്നത് 1833 ലെ ചാർട്ടർ ആക്ടിലൂടെ ആണ്. എന്നാൽ കോർട്ട് ഓഫ് ഡയറക്ടറേറ്റിൽ നാമനിർദേശം ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഈ മത്സര പരീക്ഷ എഴുതാൻ യോഗ്യത ഉണ്ടായിരുന്നില്ല. ഈ സമ്പ്രദായത്തിന് നോമിനേഷൻ കം കോമ്പറ്റീഷൻ സമ്പ്രദായം എന്ന് വിളിച്ചു വന്നു. 1853 ലാണ് പരസ്യ മത്സരപരീക്ഷ രീതി നിലവിൽ വന്നത്. ഈ സമ്പ്രദായം നിയമമായി മാറിയത് ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട് 1808 ലാണ്. മത്സര പരീക്ഷ എഴുതാനുള്ള ഉയർന്ന പ്രായം 23 വയസ്സായി നിശ്ചയിച്ചു. പിന്നീട് 1858ൽ ഹേയ്ലേബെറിയിലെ ഈസ്റ്റിന്ത്യാ കോളേജ് അടച്ചുപൂട്ടി. സിവിൽ സർവീസ് തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം സിവിൽ സർവീസ് കമ്മീഷൻ ആയി മാറി. 1860ലെ പരിഷ്കരണത്തിൽ പരീക്ഷ എഴുതുന്നതിനുള്ള ഉയർന്ന പ്രായപരിധി 22 ആയും 1866-ൽ 21 ആയും 1876-ൽ 19 ആയും നിശ്ചയിച്ചു.

ബ്രിട്ടീഷ് പാർലമെൻറിൽ പാസാക്കിയ ഇന്ത്യൻ സിവിൽ സർവീസ് ആക്ട് ഓഫ് ഇന്ത്യ അനുസരിച്ച് 1861-ൽ ചില പ്രത്യേക തസ്തികകൾ ആയ ഉയർന്ന ഉദ്യോഗസ്ഥന്മാരെയും ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെയും പ്രത്യേക ഉടമ്പടി മൂലം തിരഞ്ഞെടുക്കുന്ന രീതിയാണ്. ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷ എഴുതുന്നതിനുള്ള പ്രായം കുറച്ചതിനാൽ ലണ്ടനിൽ പോയി പരീക്ഷ എഴുതുന്നതിന് സമ്പന്നരായ കുറച്ച് പേർക്ക് മാത്രമേ സാധിച്ചുള്ളൂ. 1869-ൽ സുരേന്ദ്രനാഥ് ബാനർജി, രമേശ് ചന്ദ്രദത്ത്, ബീഹാറി ലാൽ ഗുപ്ത എന്നിവർ I.C.S. പരീക്ഷ എഴുതി വിജയം വരിച്ചു.

> **നിങ്ങൾക്ക് അറിയാമോ?**
>
> ദേശീയ കവിയായ രവീന്ദ്രനാഥ ടാഗോറിന്റെ ജ്യേഷ്ഠ സഹോദരനായ സത്യേന്ദ്രനാഥ് ടാഗോർ ആണ് I.C.S. പരീക്ഷ പാസായ ആദ്യ ഇന്ത്യക്കാരൻ. 1863 ലാണ് അദ്ദേഹം പരീക്ഷ എഴുതിയത്.

പിന്നീട് ഇന്ത്യക്കാർ പരീക്ഷ എഴുതാനുള്ള പ്രായപരിധി ഉയർത്തുന്നതിനും പരീക്ഷാകേന്ദ്രം ഇന്ത്യയിലേക്ക് മാറ്റുവാനും ആവശ്യപ്പെട്ടു.

VIII Std - History Malayalam Chapter 2.indd 19 06/04/2024 16:25:55

1892-ൽ പരീക്ഷ എഴുതുവാനുള്ള കുറഞ്ഞ പ്രായപരിധി 21 ഉം അധിക പ്രായ പരിധി 23 ഉം ആയി നിശ്ചയിച്ചു. 1912-ൽ റോയൽ കമ്മീഷൻ ഓഫ് പബ്ലിക് സർവീസിനെ നിയമിച്ചു. ഈ കമ്മീഷൻ ചെയർമാനായി ഐലിങ്ടൺ പ്രഭുവും കമ്മീഷൻ അംഗങ്ങളായി രണ്ട് ഇന്ത്യക്കാരായ ഗോപാലകൃഷ്ണഗോഖലെയും സർ അബ്ദുൽ റഹീമും കൂടാതെ 4 ഇംഗ്ലീഷുകാരും ഉണ്ടായിരുന്നു. ഈ കമ്മീഷൻ 1917-ൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഐലിങ്ടൺ കമ്മീഷൻ ഭാഗികമായി ഇന്ത്യക്കാരുടെ ആവശ്യങ്ങൾ അംഗീകരിച്ചു.

1918-ൽ മോടേഗു ചെംസ് ഫോർഡ് 33% ഇന്ത്യക്കാരെ ഇന്ത്യൻ സിവിൽ സർവീസിലേക്ക് തിരഞ്ഞെടുക്കാം എന്നും ക്രമേണ ഇതിന്റെ എണ്ണം കൂട്ടാം എന്നും ശുപാർശചെയ്തു. 1923-ൽ റോയൽ കമ്മീഷൻ ഓൺ പബ്ലിക് സർവീസിന്റെ ചെയർമാനായി ലീ ഓഫ് ഫാറേഹാം പ്രഭുവിനെ നിയമിച്ചു. ഈ കമ്മീഷൻ ഇന്ത്യൻ സിവിൽ സർവീസ്, ഇന്ത്യൻ പോലീസ് സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് എന്നിവയുടെ നിയന്ത്രണം സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയിൽ ആയിരിക്കണമെന്ന് ശുപാർശചെയ്തു. കൂടാതെ പബ്ലിക് സർവീസ് കമ്മീഷൻ എത്രയും വേഗം സ്ഥാപിക്കണമെന്നും ശുപാർശ ചെയ്തു.

1935ലെ നിയമത്തിനനുസരിച്ച് ഫെഡറൽ പബ്ലിക് സർവീസ് കമ്മീഷൻ കേന്ദ്രത്തിലും പ്രൊവിൻഷ്യൽ പബ്ലിക് സർവീസ് കമ്മീഷൻ വിവിധ സംസ്ഥാനങ്ങളിലും സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്തു. രണ്ടോ മൂന്നോ പ്രവിശ്യകളെ യോജിപ്പിച്ച് ജോയിൻറ് പബ്ലിക് സർവീസ് കമ്മീഷൻ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്തു. ഇതിന്റെ പ്രധാന ഉദ്ദേശം ബ്രിട്ടീഷുകാരുടെ ജോലികൾ ചെയ്യുവാൻ ആവശ്യമായ ഉദ്യോഗസ്ഥരെ ലഭിക്കുക എന്നതാണെങ്കിലും ഇന്ത്യൻ സിവിൽ സർവീസിന്റെ അടിത്തറയാകുവാൻ ഇത് സഹായകമായി.

സൈന്യം

ബ്രിട്ടീഷ്ഭരണത്തിന്റെ രണ്ടാമത്തെ നെടുംതൂൺ സൈന്യമായിരുന്നു. ഈസ്റ്റിന്ത്യാ കമ്പനി സ്വന്തമായി. സൈന്യത്തെ തിരഞ്ഞെടുക്കാൻ ആരംഭിച്ചു ഇവർ ശിപായി പട്ടാളക്കാർ എന്നറിയപ്പെട്ടു. ശിപായി പട്ടാളക്കാരെ അച്ചടക്കത്തോടെ പരിശീലിപ്പിച്ചു. യൂറോപ്യൻ നിലവാരത്തിൽ പരിശീലനം കൊടുത്ത ഇവരെ യുദ്ധക്കളത്തിൽ നയിക്കുന്നതും യൂറോപ്യൻ ഓഫീസർമാർ ആയിരുന്നു. ബ്രിട്ടീഷ് ഭരണത്തിന് ആദ്യകാലങ്ങളിൽ മൂന്ന് പ്രസിഡൻസിയിലും വെവ്വേറെ പട്ടാളസംഘങ്ങളായിരുന്നു ഉണ്ടായിരുന്നത്. ബംഗാൾ, ബോംബെ, മദ്രാസ് എന്നിവിടങ്ങളിലായിരുന്നു ആ പ്രസിഡൻസികൾ. ബ്രിട്ടീഷ് ഭരണ വ്യാപനത്തിന് ഏറ്റവും കൂടുതൽ സംഭാവന നൽകിയത് ഈ പട്ടാളക്കാർ ആയിരുന്നു. ഇന്ത്യൻ പട്ടാളക്കാർക്ക് ഇംഗ്ലീഷ് പട്ടാളക്കാരെക്കാൾ വളരെ കുറഞ്ഞ ശമ്പളവും അലവൻസും ആണ് കൊടുത്തിരുന്നത്. 1857-ൽ കമ്പനി പട്ടാളക്കാരിൽ 86 ശതമാനം പേരും ഇന്ത്യക്കാർ ആയിരുന്നു. എങ്കിലും പട്ടാള ഓഫീസർമാർ എല്ലാവരും ബ്രിട്ടീഷുകാർ ആയിരുന്നു. ഉദാഹരണത്തിന് 1856-ൽ പട്ടാളക്കാരായ മൂന്ന് ഇന്ത്യക്കാർക്ക് മാത്രമാണ് 300 രൂപ മാസശമ്പളം ലഭിച്ചിരുന്നത് ഇന്ത്യക്കാർക്ക് ലഭിച്ച ഏറ്റവും വലിയ പദവി സുബൈദാർ പദവി ആയിരുന്നു.

ബ്രിട്ടീഷ് സൈന്യത്തിന്റെ സംഖ്യ

- **പ്ലാസി യുദ്ധം 1757**: 1950 യൂറോപ്യൻ കാലാൾപട 100 യൂറോപ്യൻ പീരങ്കിപ്പട 50 ഇംഗ്ലീഷ് നാവികർ 2100 ഇന്ത്യൻ ശിപായിമാർ ഇത് കൂടാതെ ബംഗാളിൽ സംരക്ഷിക്കുന്ന 6000 ഇംഗ്ലീഷ് പട്ടാളക്കാർ.
- 1857 ഇന്ത്യയിലെ മൊത്ത പട്ടാളക്കാർ 3,11,400 ഇതിൽ 2,6 5, 900 ഇന്ത്യക്കാർ ബ്രിട്ടീഷുകാരായ ഓഫീസർമാരാണ് ബാക്കിയുള്ളവർ.

1857ലെ മഹത്തായ വിപ്ലവത്തിന് ശേഷം സാരമായ മാറ്റങ്ങൾ ഇന്ത്യൻ സൈന്യത്തിൽ ഉണ്ടായി. ഇതിനായി1858-ൽ നിയമം കൊണ്ടുവന്നു. ബ്രിട്ടീഷ് പട്ടാളക്കാരുടെ എണ്ണം കൂട്ടുകയും ഇന്ത്യൻ പട്ടാളക്കാരുടെ എണ്ണം കുറയുകയും ചെയ്തു. പീരങ്കിപ്പടയിൽ ബ്രിട്ടീഷുകാർ മാത്രം ചേർന്നു.

പോലീസ്

1765-ൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ദിവാനി സമ്പ്രദായം ഏറ്റെടുത്തപ്പോൾ, മുഗൾ പോലീസ് സേന അവരുടെ സർക്കാർ അല്ലെങ്കിൽ ഗ്രാമീണ ജില്ലകളുടെ ചുമതലയുള്ള ഫൗജ്ദാർമാരുടെ നിയന്ത്രണത്തിലായിരുന്നു. പട്ടണങ്ങളുടെ ചുമതല വഹിച്ചിരുന്നത് കോട്വോളുകൾ ആയിരുന്നു. ഈ സമയത്ത് ഗ്രാമത്തിലെ കാവൽക്കാരെ നിയന്ത്രിച്ചിരുന്നതും അവർക്ക് ശമ്പളം കൊടുത്തിരുന്നതും ജമീന്ദർമാരായിരുന്നു.

കോൺവാലീസ് പോലീസ് സമ്പ്രദായം പരിഷ്കരിച്ചു. അദ്ദേഹം ജമീന്ദർന്മാരെ പോലീസ് ചുമതലയിൽ നിന്ന് ഒഴിവാക്കുകയും 1791-ൽ സ്ഥിരമായ ഒരു പോലീസ് സേനയെ നിലനിർത്തുകയും ചെയ്തു. ഈ സമ്പ്രദായത്തിൽ താനയുടെ (സർക്കിൾ) തലവനായി ദരോഗയെ നിയമിച്ചു. ഗ്രാമത്തിന്റെ കാവൽക്കാരനെ പോലും

VIII Std - History Malayalam Chapter 2.indd 20 06/04/2024 16:25:55

നിയന്ത്രിക്കുന്നത് ദരോഗയുടെ ഉത്തരവാദിത്വമാക്കി മാറ്റി. പാരമ്പര്യമായി പോലീസ് ജോലി ചെയ്തിരുന്നവരെ ചൗക്കിദാരന്മാരാക്കി. വലിയ പട്ടണങ്ങളിൽ പഴയ സമ്പ്രദായമായ കോട്ടോളിനെ നിലനിർത്തിക്കൊണ്ടുതന്നെ പട്ടണത്തിന്റെ വിവിധഭാഗങ്ങളിലുള്ള ക്രമസമാധാനത്തിന് ഉത്തരവാദിത്വം ദരോഗയെ ഏൽപ്പിച്ചു. 1802-ൽ ദരോഗാ സമ്പ്രദായം മദ്രാസ് വരെ വ്യാപിപ്പിച്ചു.

ജില്ലാ പോലീസ് സൂപ്രണ്ട് തസ്തിക നിലവിൽ വരുന്നതിന് മുമ്പ് താനകൾ ജില്ലാ ജഡ്ജിയുടെ നിയന്ത്രണത്തിൻ കീഴിൽ ആയിരുന്നു. 1808-ൽ എല്ലാ ജില്ലകളിലും ജില്ലാ പോലീസ് സൂപ്രണ്ടുമാരെ നിയമിച്ചു. പിന്നീട് ജില്ലകളിലെ പോലീസ് സേനയെ നിയന്ത്രിക്കാനുള്ള ചുമതല ജില്ലാളകൂറെ ഏൽപ്പിച്ചു. കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുക, ബ്രിട്ടീഷ് ഭരണത്തിനെതിരായ ഗൂഢാലോചനകൾ തടയുക എന്നിവയായിരുന്നു പോലീസിന്റെ പ്രധാന ദൗത്യം.

ജുഡീഷ്യറി സമ്പ്രദായം

1772-ൽ ദ്വിഭരണസംവിധാനം നിർത്തലാക്കിയ ശേഷം നികുതി ശേഖരണവും ജുഡീഷ്യറി ഭരണവും കമ്പനിയുടെ നേരിട്ടുള്ള ഉത്തരവാദിത്വമായി മാറി ഇതിനായി ദിവാനി അദാലത്തും ഫൗജ് ജുദാരി. അദാലത്തും സ്ഥാപിച്ചു. 1773 ലെ റഗുലേറ്റിംഗ് ആക്ട് അനുസരിച്ച് സുപ്രീംകോടതി കൽക്കത്തയിൽ സ്ഥാപിച്ചു. ഈ കോടതിയിൽ ഒരു ചീഫ് ജസ്റ്റിസിനെ യും 3 ജഡ്ജിമാരെയും ബ്രിട്ടീഷ് രാജാവ് നിയമിച്ചു. കോടതിയിൽ സിവിൽ ക്രിമിനൽ തിരുസഭയെ സംബന്ധിച്ച. മിറൽ കേസുകൾ എന്നിവ തീർപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി. കൽക്കത്തയിലെ സുപ്രീം കോടതി പോലെ തന്നെ ബോംബെയിൽ 1823-ലും മദ്രാസിൽ 1801-ലും സുപ്രീം കോടതികൾ സ്ഥാപിച്ചു 1832-ൽ വില്യം ബെൻഡിംഗ് ബംഗാളിൽ ജൂറി സംവിധാനം തുടങ്ങിവച്ചു. ഒരു ഇന്ത്യൻ ലോ കമ്മീഷൻ നിയമങ്ങൾ ക്രോഡീകരിക്കുന്നതിനായി നിയമിച്ചു. മുഴുവൻ സാമ്രാജ്യത്തിനും ഒരേ നിയമം ആണ് നിലവിൽ കൊണ്ടുവന്നത്. 1861 ലെ ഇന്ത്യൻ ഹൈക്കോർട്ട് ആക്ട് അനുസരിച്ച് 3 ഹൈക്കോടതികൾ കൽക്കത്ത, ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ സ്ഥാപിച്ചു.



ബംഗാളിലെ വില്യംകോട്ടയിൽ സ്ഥാപിച്ച സുപ്രീം കോടതിയിലെ ആദ്യ ചീഫ് ജസ്റ്റിസ് ആയിരുന്നു സാർ അലിജാ ഇംമ്പേ. മദ്രാസ് ഹൈക്കോടതിയിലെ ആദ്യത്തെ ഇന്ത്യൻ ചീഫ് ജസ്റ്റിസ് ആയിരുന്നു തിരുവാരൂർ മുത്തുസ്വാമി അയ്യർ.

സൈന്യസഹായവ്യവസ്ഥ

ഇന്ത്യൻ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനായി വെല്ലസി കൊണ്ടുവന്നതാണ് സൈനികസഹായവ്യവസ്ഥ. ബ്രിട്ടീഷ് വ്യാപിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം ആയിരുന്നു സൈന്യ സഹായവ്യവസ്ഥ. നാട്ടുരാജ്യങ്ങളെ സംരക്ഷണ രാജ്യങ്ങളെന്നും ബ്രിട്ടീഷുകാരെ പരമാധികാരികൾ എന്നും ആണ് വിളിച്ചിരുന്നത് സൈനീക സഹായവ്യവസ്ഥ സ്വീകരിച്ച രാജ്യങ്ങളെ പുറത്തുനിന്നുള്ള ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കേണ്ട ചുമതല ബ്രിട്ടീഷ് സാമ്രാജ്യത്തിനായിരുന്നു.

സൈനികസഹായവ്യവസ്ഥയുടെ സവിശേഷതകൾ

- ഇന്ത്യൻ ഭരണാധികാരികൾ തങ്ങളുടെ സ്വന്തം സൈന്യത്തെ പിരിച്ചുവിട്ട് ബ്രിട്ടീഷ് സൈന്യത്തെ സംരക്ഷിക്കുന്നവരയി മാറി.
- സ്വീകരിച്ച നാട്ടുരാജ്യങ്ങൾ തങ്ങളുടെ തലസ്ഥാന നഗരിയിൽ ബ്രിട്ടീഷ് പ്രസിഡൻറിനെ താമസിപ്പിക്കേണ്ടതായി വന്നു.
- ബ്രിട്ടീഷ് സൈന്യത്തെ സംരക്ഷിക്കുന്നതിനുള്ള പണം കണ്ടെത്തുന്നതിനു ചില പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് സ്ഥിരമായി കൈമാറുകയോ മൊത്തമായി പണം കൊടുക്കുകയോ ചെയ്യേണ്ടതായി വന്നു.
- ഇംഗ്ലീഷുകാർ അല്ലാത്ത യൂറോപ്യന്മാർ തങ്ങളുടെ നാടുകളിലേക്ക് തിരിച്ചു പോകേണ്ടതായി വന്നു.
- ഈ വ്യവസ്ഥ സ്വീകരിച്ച നാട്ടുരാജാക്കന്മാർമറ്റു രാജ്യങ്ങളുമായി ബന്ധപ്പെടുന്നതിന് ബ്രിട്ടീഷ് ഭരണാധികാരികളുടെയും സമ്മതം വാങ്ങേണ്ടിവന്നു.
- നാട്ടുരാജ്യങ്ങളിൽ ഉണ്ടാകുന്ന ആഭ്യന്തര കലഹങ്ങളും പുറത്തു നിന്ന് ഉണ്ടാകുന്ന ആക്രമണങ്ങളും നിയന്ത്രിക്കേണ്ട ചുമതല ബ്രിട്ടീഷ് സൈന്യത്തിന് ആയിരുന്നു.

ഈ വ്യവസ്ഥ മൂലം ബ്രിട്ടീഷുകാർക്ക് ഉണ്ടായ നേട്ടങ്ങൾ

- ഇന്ത്യൻ രാജാക്കന്മാരുടെ ചെലവിൽ ബ്രിട്ടീഷ് സൈന്യം സംരക്ഷിക്കപ്പെട്ടു.
- നാട്ടുരാജാക്കന്മാരുടെ കീഴിൽ ജോലി ചെയ്യുന്ന ഫ്രഞ്ച് ഉദ്യോഗസ്ഥന്മാരെ പിരിച്ച് വിട്ടത് മൂലം ബ്രിട്ടീഷുകാർക്കെതിരെ ഫ്രഞ്ച് കലാപം ഉണ്ടാകാനുള്ള സാധ്യത ഒഴിവായി.
- ബ്രിട്ടീഷ് കമ്പനിയാണ് നാട്ടുരാജാക്കന്മാരുടെ വിദേശനയം നിയന്ത്രിച്ചിരുന്നത്.
- വെല്ലസിയുടെ നയതന്ത്രജ്ഞത ഇന്ത്യയിൽ ബ്രിട്ടീഷുകാരെ പ്രധാന ശക്തിയാക്കി മാറ്റി. അദ്ദേഹം ഇന്ത്യയെ ബ്രിട്ടീഷ് ഇന്ത്യൻ സാമ്രാജ്യമാക്കി ഉയർത്തി.

VIII Std - History Malayalam Chapter 2.indd 21 06/04/2024 16:25:55

നാട്ടുരാജാക്കന്മാർക്കുംണ്ടായ തിന്മകൾ

സൈനിക സഹായവ്യവസ്ഥ നാട്ടുരാജാക്കന്മാരെ ഉത്തരവാദിത്വം ഇല്ലാത്തവരാക്കി മാറ്റി. ക്രമേണ അവരുടെ ശക്തി ക്ഷയിച്ചു. ബ്രിട്ടീഷ് സൈന്യം സംരക്ഷണം ഏറ്റെടുത്തതിനാൽ നാട്ടുരാജാക്കന്മാർ തങ്ങളുടെ കടമകൾ മറക്കുകയും അവഗണിക്കുകയും ചൂഷണം ചെയ്യുകയും ചെയ്തു.

സൈന്യ സഹായവ്യവസ്ഥ സ്വീകരിച്ച ആദ്യരാജ്യം ഹൈദരാബാദ് (1798) ആണ് അതിനെത്തുടർന്ന് തഞ്ചാവൂർ (1799) അയോദ്ധ്യ (1701) പേഷ്വാ (1802) ബോൺസ്ളേ (1803) ഗ്വാളിയാർ (1804) ഇൻഡോർ (1817) ജയ്പൂർ ഉദയപൂർ ജോധ്പൂർ (1818).

ദത്താപഹാര നയം - 1848

ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ പ്രധാന ശിൽപികളിൽ ഒരാളാണ് ഡൽഹൗസിപ്രഭു. ഇദ്ദേഹം ഒരു സാമ്രാജ്യ സ്ഥാപകൻ ആയിരുന്നു ഇദ്ദേഹത്തിന്റെ ദത്താപഹാര നയം മൂലം ബ്രിട്ടീഷ് സാമ്രാജ്യം വികസിച്ചു. ഈ നയം അനുസരിച്ച് മക്കളില്ലാതെ മരിച്ചുപോകുന്ന രാജാക്കന്മാരുടെ അവകാശികൾക്ക് രാജാവിന്റെ പിന്തുടർച്ചക്കാരൻ ആകാനുള്ള അവകാശമുണ്ടായിരുന്നില്ല. ദത്തു പുത്രൻമാർക്ക് ഭരണാധികാരിയുടെ സ്വകാര്യ സ്വത്തിൽ മാത്രമാണ് അവകാശം ഉണ്ടായിരുന്നത്. ആൺമക്കളില്ലാതെ മരിച്ചു പോകുന്ന നാട്ടുരാജാക്കന്മാരുടെ രാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്തോട് ചേരുന്നതാണ്. ഈ നയത്തെയാണ് ദത്താപഹാര നയം എന്ന് പറയുന്നത്. ഇതിനെ ഇന്ത്യൻ ഭരണാധികാരികൾ കഠിനമായി എതിർത്തു. 1857ലെ മഹത്തായ വിപ്ലവം ഉണ്ടാകാനുള്ള പ്രധാന കാരണം ഇതായിരുന്നു.

ദത്താപഹാര നയം അനുസരിച്ച് സത്താറ 1848ലും, ജയ്പൂർ, സാമ്പൽപൂർ എന്നിവ 1749 ബഗത് 1850 ലും, ഉദയപൂർ 1852ലും, ഝാൻസി 1853 ലും, നാഗ്പൂർ 1854ലും, ബ്രിട്ടീഷ് സാമ്രാജ്യത്തോട് ചേർന്നു.

ബ്രിട്ടീഷ് വിജയത്തിന്റെ പ്രധാന ഘടകങ്ങൾ

- മഹത്തായ നാവികസേന.
- അഭിവൃദ്ധിപ്പെട്ട പരുത്തി വ്യവസായം.
- ശാസ്ത്രീയമായ തൊഴിലാളി വിഭജനം.
- സാമ്പത്തിക അഭിവൃദ്ധിയും മികച്ച നയതന്ത്രജ്ഞതയും.
- ഇന്ത്യൻ വ്യാപാരികളിൽ ഉണ്ടായ അരക്ഷിതാവസ്ഥ.
- ഇന്ത്യൻ രാജാക്കന്മാർക്കിടയിലുണ്ടായ അജ്ഞതയും അസമത്വവും.

ഉപസംഹാരം

പ്ലാസി യുദ്ധമാണ് ബ്രിട്ടീഷ് സാമ്രാജ്യത്തിന് ഇന്ത്യയിൽ അടിത്തറയിട്ടത്. സാധാരണ ജനങ്ങളുടെ താൽപര്യങ്ങളെപ്പറ്റിയും കമ്പനി അധികാരികൾ ശ്രദ്ധിച്ചിരുന്നില്ല. അവർ സാമ്രാജ്യത്വവാദികളും ചൂഷകരും സാമ്രാജ്യത്വ വ്യാപനത്തിൽ ശ്രദ്ധാലുക്കളായിരുന്നു. സൈനിക സഹായവ്യവസ്ഥയിലൂടെയും ദത്താപഹാരനയത്തിലൂടെയും ബ്രിട്ടീഷ് സാമ്രാജ്യം വ്യാപിപ്പിച്ചു ഈ നയങ്ങൾ തെക്കേ ഇന്ത്യൻ കലാപവും (1800 മുതൽ 1801 വരെ) വെല്ലൂർ കലാപവും (1806) മഹത്തായ വിപ്ലവും ഉണ്ടാകാൻ കാരണമായി.

പാഠസംഗ്രഹം

- സിറാജ്-ഉദ്-ദൗള ബംഗാളിലെ രാജാവായി.
- 1757 ഫെബ്രുവരി ഒമ്പതാം തിയതി അലിനഗർ ഉടമ്പടി ഒപ്പുവച്ചു.
- 1746 മുതൽ 1763 വരെ കർണാടക യുദ്ധങ്ങൾ നടന്നു.
- ടിപ്പു 3.6 കോടി രൂപ ബ്രിട്ടീഷുകാർക്ക് യുദ്ധത്തിനുള്ള നഷ്ടപരിഹാരമായി നൽകി.
- വെല്ലസി 1799ൽ ടിപ്പുവിനെതിരെ യുദ്ധം പ്രഖ്യാപിച്ചു.
- കോൺവാലീസ് പ്രഭു പ്രദേശങ്ങളെ താനകളാക്കി തിരിച്ച് തരോഗമാരെ തലവന്മാരായി നിയമിച്ചു.
- ആദ്യത്തെ സുപ്രീംകോടതി ജഡ്ജി ആയിരുന്നു സർ എലിജാ ഇംമ്പേ.
- വെല്ലസി പ്രഭു കൊണ്ടുവന്ന സൈന്യ സഹായ വ്യവസ്ഥ അനുസരിച്ച് ഇന്ത്യൻ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷ് നിയന്ത്രണത്തിൻ കീഴിൽ ആയി.
- ഡൽഹൗസി പ്രഭുവാണ് ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രധാന ശിൽപ്പി.

VIII Std - History Malayalam Chapter 2.indd 22 06/04/2024 16:25:55

പദപരിചയം		
Confederacy	a league or alliance	കൂട്ടായ്മ
Ecclesiastical	relating to the Christian Church or its clergy	തിരുസഭയെ സംബന്ധിച്ച
Entrust	assign the responsibility	ഏൽപ്പിക്കുക
Hostility	opposition	എതിർപ്പ്
Negotiation	discussion aimed at reaching an agreement	നിരാകരണം
Paramount	supreme	പ്രധാന ശക്തി
Predominant	the most powerful	വളരെ ശക്തിയാർജ്ജിച്ച

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക:

1. 1757ലെ ബംഗാളിലെ ഭരണാധികാരി_____.
   a. സുജ ഉദ് ദൗള
   b. സിറാജ്-ഉദ്-ദൗള
   c. മിർ കാസിം
   d. ടിപ്പുസുൽത്താൻ

V2KX5

2. പ്ലാസി യുദ്ധം നടന്നത് _____.
   a. 1757 b. 1764 c. 1765 d. 1775

3. ബക്സാർ യുദ്ധത്തിനുശേഷം ഒപ്പുവച്ച ഉടമ്പടി ?
   a. അലഹബാദ് ഉടമ്പടി
   b. കർണ്ണാട്ടിക് ഉടമ്പടി
   c. അലിസാ ഉടമ്പടി
   d. പാരിസ് ഉടമ്പടി

4. പോണ്ടിച്ചേരി ഉടമ്പടി ഒപ്പു വെച്ചത് _____ കർണാടക യുദ്ധത്തിന്റെ അവസാനത്തിലാണ്.
   a. ഒന്ന് b. രണ്ട്
   c. മൂന്ന് d. നാല്

5. എന്നാണ് ഹൈദരലി മൈസൂരിൽ രാജാവ് ആയത്?
   a. 1756 b. 1761
   c. 1763 d. 1764

6. ആരെല്ലാം തമ്മിലാണ് ബാംഗ്ലൂർ ഉടമ്പടി ഒപ്പു വെച്ചത് _____.
   a. ഫ്രഞ്ചും ടിപ്പുസുൽത്താനും
   b. ഹൈദരാലിയും കോഴിക്കോട് സാമൂതിരിയും
   c. ബ്രിട്ടീഷും ടിപ്പുസുൽത്താനും
   d. ടിപ്പുസുൽത്താനും മറാത്തയും

7. മൂന്നാമത്തെ ആംഗ്ലോമൈസൂർ യുദ്ധത്തിൽ ആരാണ് ബ്രിട്ടീഷ് ഗവർണർ ജനറൽ?
   a. റോബർട്ട് ക്ലൈവ് b. വാറൻ ഹേസ്റ്റിംഗ്
   c. കോൺവാലിസ് പ്രഭു d. വെല്ലസ്ലി പ്രഭു

8. ആരാണ് ബ്രിട്ടീഷുകാരുമായി ബേസിൽ ഉടമ്പടിയിൽ ഒപ്പുവെച്ചത്?
   a. ബാജിറാവു II
   b. ദൗളത്ത്റാവു സിന്ധ്യ
   c. സാംബാജി ബോൺ സലേ
   d. സയ്യാജിറാവു ഗെയ്ക്കവാദ്

9. മറാത്ത സാമ്രാജ്യത്തിലെ അവസാനത്തെ പേഷ്വാ ആരാണ്?
   a. ബാലാജി വിശ്വനാഥ് b. ബാജിറാവു II
   c. ബാലാജി ബാജിറാവു d. ബാജിറാവു

10. സൈനികസഹായവ്യവസ്ഥ സ്വീകരിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം ഏത് ?
    a. അയോധ്യ b. ഹൈദരാബാദ്
    c. ഉദയ്പൂർ d. ഗ്വാളിയർ

VIII Std - History Malayalam Chapter 2.indd 23 06/04/2024 16:25:55

II. പൂരിപ്പിക്കുക:

1. അലിഗാർ ഉടമ്പടി ഒപ്പു വെച്ചത് _____.
2. സിറാജ് ഉദ് ദൗള യുടെ സൈനികമേധാവി. _____.
3. രണ്ടാം കർണാടിക് യുദ്ധത്തിലെ പ്രധാന കാരണം _____.
4. ഇന്ത്യയിൽ ദത്താപഹാര നയം നടപ്പിലാക്കിയ ബ്രിട്ടീഷ് ഭരണാധികാരി_____.
5. ടിപ്പുസുൽത്താൻ അവസാനം_____മായി യുദ്ധം ചെയ്ത് തോൽപ്പിക്കപ്പെട്ടു.
6. ടിപ്പുസുൽത്താൻ മരിച്ചതിനുശേഷം മൈസൂർ ഭരണാധികാരി _____.
7. കൽക്കത്തയിലെ വില്ല്യം കോട്ടയിൽ 1800-ൽ _____ ഒരു കോളേജ് നിർമ്മിച്ചു.

III. യോജിപ്പിക്കുക:

1.	അയ്ക്സലാ-ചാപ്പ്ലേ-ഉടമ്പടി	ഒന്നാം ആംഗ്ലോ മൈസൂർ യുദ്ധം
2.	സാൽ ബായ് ഉടമ്പടി	രണ്ടാം കർണ്ണാട്ടിക് യുദ്ധം
3.	പാരിസ് ഉടമ്പടി	മൂന്നാം മൈസൂർ യുദ്ധം
4.	ശ്രീരംഗപട്ടണം ഉടമ്പടി	ഒന്നാം മറാത്താ യുദ്ധം
5.	മദ്രാസ് ഉടമ്പടി	മൂന്നാം ആംഗ്ലോ മൈസൂർ യുദ്ധം

IV. ശരിയോ തെറ്റോ എന്ന് എഴുതുക:

1. അലിവർദ്ദിഖാൻ മരിച്ചതിനുശേഷം സിറാജ്-ഉദ്-ദൗള ബംഗാളിലെ ഭരണാധികാരിയായി.
2. പ്ലാസി യുദ്ധത്തിൽ ബ്രിട്ടീഷ് സൈന്യത്തിന് നേതൃത്വം നൽകിയത് ഹെക്ടർ മൺറോ ആണ്.
3. യൂറോപ്പിലെ ആസ്ട്രിയൻ പിന്തുടർച്ച അവകാശ യുദ്ധം നയിച്ചിരുന്നത് ഇന്ത്യയിലെ രണ്ടാം കർണാട്ടിക് യുദ്ധം ആണ്.
4. ബംഗാളിൽ ഉള്ള ഫോർട്ട് വില്ല്യം കോട്ടയിൽ ഉണ്ടായിരുന്ന സുപ്രീംകോടതിയുടെ ആദ്യത്തെ ചീഫ് ജസ്റ്റിസ് ആയിരുന്നു സർ എലിജാ ഇംമ്പേ.
5. പോലീസ് സമ്പ്രദായം കോൺ വാലീസ് പ്രഭു കൊണ്ടുവന്നു.

V. താഴെ കാണുന്നതിൽ നിന്നും ശരിയായത് യോജിപ്പിക്കുക?

1. അടയാർ യുദ്ധം – 1748
2. അമ്പൂർ യുദ്ധം – 1754
3. വാണ്ടിവാഷ് യുദ്ധം – 1760
4. ആർക്കാട് യുദ്ധം – 1749

VI. ഒന്നോരണ്ടോ വാക്കിൽ ഉത്തരം എഴുതുക:

1. ഇരുട്ടറ ദുരന്തത്തെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക?
2. പ്ലാസി യുദ്ധത്തിനു ശേഷം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യയ്ക്ക് ലഭിച്ച പ്രയോജനങ്ങൾ എന്തെല്ലാം?
3. ബക്സാർ യുദ്ധത്തിന്റെ കാരണങ്ങൾ എഴുതുക?
4. ഒന്നാം മൈസൂർ യുദ്ധത്തിന്റെ കാരണങ്ങൾ എന്തെല്ലാം?
5. മൂന്നാം മറാത്താ യുദ്ധത്തിന്റെ ഫലങ്ങൾ ഏവ?
6. ഏതെല്ലാം സംസ്ഥാനങ്ങളാണ് സൈനികസഹായവ്യവസ്ഥ ഒപ്പുവെച്ചത്?

VII. വിശദമായ ഉത്തരം എഴുതുക:

1. രണ്ടാം കർണാടിക് യുദ്ധത്തെകുറിച്ച് വിശദീകരിക്കുക?
2. നാലാം ആംഗ്ലോമൈസൂർ യുദ്ധത്തെകുറിച്ച് എഴുതുക?
3. ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തെ വികസിപ്പിച്ച ഡൽഹൗസി പ്രഭുവിനെകുറിച്ചും അദ്ദേഹത്തിന്റെ നയത്തെകുറിച്ചും വിവരിക്കുക?
4. ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തെ വികസിപ്പിച്ച വെല്ലസി പ്രഭുവിനെ കുറിച്ച് വിവരിക്കുക?

VIII. ഉയർന്ന ചിന്താശേഷിയുള്ള ചോദ്യം:

ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ വിജയത്തിനുള്ള കാരണങ്ങളെപറ്റി വിശദീകരിക്കുക.

IX. ഇന്ത്യൻ നദി ഭൂപടത്തിൽ താഴെ കാണുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക:

1. പ്ലാസി 2. ബക്സാർ
3. പുരന്ദർ 4. ആർക്കാട് 5. വാണ്ടിവാഷ്

X. ജീവിതവുമായി ബന്ധപ്പെട്ട കഴിവുകൾ:

ഹൈദരലിയുടേയും ടിപ്പുസുൽത്താന്റേയും പടങ്ങളും കഥകളും കവിതകളും വിവരങ്ങളും ശേഖരിക്കുക.

XI. പ്രോജക്ടും അനുബന്ധ പ്രവർത്തനങ്ങളും:

ബ്രിട്ടീഷുകാരോട് ഇന്ത്യൻ ഭരണാധികാരികൾ പരാജയപ്പെടാനുണ്ടായ കാരണങ്ങളെപ്പറ്റി നിങ്ങളുടെ ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

VIII Std - History Malayalam Chapter 2.indd 24 06/04/2024 16:25:55

REFERENCE BOOKS

1.Bipan Chandra - *History of Modern India,* Orient Blackswan Private Limited 2018.

2.R.C.Majumdar - *An Advance History of India* Macmillan and Co., Limited London 1953.

3.Vincent .A.Smith - *The Oxford History of India- From the Earliest Times to the end of 1911 – 1919* – Oxford At The Clarendon press.

INTERNET RESOURCES

https://www.britannica.com

https://www.ducksters.com/

https://en.wikipedia.org/wiki/Indian_Civil_Service_(British_India)

ICT കോർണർ

വ്യാപാരത്തിൽ നിന്നും ഭരണത്തിലേക്ക്

ഈ പ്രവർത്തനത്തിലൂടെ ഇന്ത്യയുടെ ഭൂപടത്തെ കുറിച്ച് മനസ്സിലാക്കാം (കൊളോണിയൽ കാലഘട്ടം)



ഘട്ടങ്ങൾ

- ബ്രൗസർ തുറന്ന് യുആർഎൽ ടൈപ്പ് ചെയ്തു ക്യു ആർ കോഡ് സ്കാൻ ചെയ്യുക.
- സ്ക്രോൾ ചെയ്ത ഏതെങ്കിലും കാലഘട്ടത്തിൽ പോയി ക്ലിക്ക് ചെയ്യുക ഉദാഹരണം കൊളോണിയൽ ഭൂപടം.
- ട്രോപിക് സോൺ ക്ലിക്ക് ചെയ്ത് ഭൂപടത്തെ വലുതായി കാണിക്കുക (ഉദാഹരണം ചരിത്രഭൂപടം 1750 മുതൽ 1800 വരെ).

Website URL:

http://ektara.org/magazine/histmaps.html

CM15P

VIII Std - History Malayalam Chapter 2.indd 25 06/04/2024 16:25:56

യൂണിറ്റ് - 3

ഗ്രാമീണ ജീവിതവും സമുദായവും



പഠന ലക്ഷ്യങ്ങൾ

- ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള ഭൂനികുതി നയത്തെ പറ്റി അറിവ് സമ്പാദിക്കുക.
- ഭൂനികുതി വ്യവസ്ഥയുടെ നന്മകളെയും തിന്മകളെയും പറ്റി മനസ്സിലാക്കുക.
- കാർഷിക പ്രതിസന്ധികളെക്കുറിച്ചും, കലാപങ്ങളെ കുറിച്ച് അറിവു സമ്പാദിക്കുക.

ACM1W

ആമുഖം

കോളനി ആധിപത്യത്തിന് മുമ്പുള്ള കാലഘട്ടങ്ങളിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ കാർഷിക സമ്പദ് വ്യവസ്ഥയായിരുന്നു കൃഷിയായിരുന്നു ജനങ്ങളുടെ പ്രാഥമിക ഉപജീവനമാർഗ്ഗം. തുണി, പഞ്ചസാര, എണ്ണ തുടങ്ങിയ വ്യവസായങ്ങളെ ജനങ്ങൾ ആശ്രയിച്ചിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവൺമെൻറ് ഇന്ത്യൻ കൃഷിരീതിയും ഭൂനികുതി വ്യവസ്ഥയും അംഗീകരിച്ചിരുന്നില്ല. ബ്രിട്ടീഷ് ഗവൺമെൻറ് മൂന്നു പ്രധാന ഭൂനികുതി വ്യവസ്ഥയെ കാലമടിസ്ഥാനത്തിൽ നടപ്പിലാക്കി അതാണ് സ്ഥിര ഭൂനികുതി വ്യവസ്ഥ മഹൽവാരി സമ്പ്രദായം റയത്ത് വാരി സമ്പ്രദായം കർഷകരെ സാമ്പത്തികമായി ചൂഷണം ചെയ്തത് ഭാവിയിൽ കലാപത്തിലേക്ക് വഴിതെളിയിച്ചു.

ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള സ്ഥിര ഭൂ നികുതി വ്യവസ്ഥ.



സ്ഥിര ഭൂനികുതി വ്യവസ്ഥ

1765-ൽ റോബർട്ട് ക്ലൈവ് ബംഗാൾ, ബീഹാർ, ഒറീസ്സാ എന്നിവിടങ്ങളിൽ നികുതി പിരിക്കാനുള്ള ദിവാനി അധികാരം നേടിയെടുത്തു എന്നാൽ വാറൺ ഹേസ്റ്റിംഗ് വാർഷിക നികുതി പിരിവ് 5 വർഷത്തിലൊരിക്കലെന്ന് മാറ്റി. എന്നാൽ പിന്നീട് അത് വാർഷിക നികുതിയാക്കി മാറ്റുകയും ചെയ്തു കോൺവാലിസിന്റെ ഭരണകാലഘട്ടത്തിൽ 10 വർഷത്തിലൊരിക്കലാക്കി മാറ്റുകയും 1793-ൽ ഇത് സ്ഥിര ഭൂനികുതി വ്യവസ്ഥ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.


കോൺവാലിസ് പ്രഭു

ബംഗാൾ, ബീഹാർ, ഒറീസ്സാ ഉത്തർപ്രദേശത്തിലെ വാരണാശി, വടക്കൻ കർണാടകം എന്നിവിടങ്ങളിൽ സ്ഥിര ഭൂനികുതി വ്യവസ്ഥ കൊണ്ടുവന്നു കൂടാതെ ബ്രിട്ടീഷ് ഇന്ത്യയുടെ മൊത്തം വിസ്തൃതിയുടെ 19 ശതമാനത്തിലും സ്ഥിര ഭൂനികുതി വ്യവസ്ഥ കൊണ്ടു വന്നു സ്ഥിര ജമീന്ദാരി ജാഗിർദാരി മഹൽദാരി ബിസ്വിദാരി എന്നീ പേരുകളിലും അറിയപ്പെട്ടു.

സ്ഥിര നികുതി വ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ

- ഈസ്റ്റിന്ത്യാ കമ്പനിക്ക് പതിവായി വരുമാനം നൽകി കൊണ്ടിരിക്കുന്നടത്തോളം കാലം ജമീന്ദാർമാർ ഭൂമിയുടെ ഉടമസ്ഥരായി അംഗീകരിക്കപ്പെട്ടു.

VIII Std - History Malayalam Chapter 3.indd 26 26/01/2023 16:37:34

- ജമീന്ദാർമാർ സാധാരണ കർഷകരിൽ നിന്നും നികുതി പിരിക്കുന്ന സർക്കാരിന്റെ ഇടനിലക്കാരായി പ്രവർത്തിച്ചു.
- കമ്പനി നിശ്ചയിച്ച നികുതി ജമീന്ദാർ കൃത്യമായി കൊടുക്കേണ്ടതാണ് ഏത് പ്രതികൂല സാഹചര്യത്തിലും ഇതിന് ഒരു മാറ്റവും ഉണ്ടായിരുന്നില്ല.
- കൃഷിക്കാരിൽ നിന്നും 10 11 ഭാഗം ശേഖരിച്ച് സർക്കാറിന് നൽകി.
- ജമീന്ദാർ പട്ടയം രേഖാമൂലമുള്ള കരാറുകൾ കുടിയന്മാർക്ക് അനുവദിച്ചു പാട്ടവ്യവസ്ഥയിൽ ജോലിചെയ്യുന്ന കുടിയാന്മാരെ മണ്ണിൽ പണിയെടുക്കുന്ന യന്ത്രതുല്യരായാണ് കണക്കാക്കിയിരുന്നത്.
- എല്ലാ അധികാരളും ജമീന്ദാരിയിൽ നിന്നും എടുത്തു മാറ്റി.

നന്മകൾ

- ഈ ഈ സംവിധാനം മൂലം നിരവധി പാഴ് നിലങ്ങളും വനങ്ങളും കൃഷിയോഗ്യമായ പ്രദേശങ്ങളായി തീർന്നു.
- ജമീന്ദാർ നിലത്തിന്റെ ഉടമസ്ഥരായി തീർന്നു.
- നീതി നടപ്പാക്കേണ്ട തിൽ നിന്നും ജമീന്ദാർ മാരെ സ്വതന്ത്രരാക്കി.
- ബ്രിട്ടീഷുകാർക്ക് ഭൂവുടമകൾ വിശ്വസ്തയായി രുന്നു ഈ സമ്പ്രദായം ബ്രിട്ടീഷ് സർക്കാറിന് സ്ഥിരമായ വരുമാനം നേടി കൊടുത്തു.

തിന്മകൾ

- ബ്രിട്ടീഷ് സർക്കാർ കൃഷിക്കാരുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്നില്ല.
- കൃഷിക്കാരന് അവകാശങ്ങൾ അവഗ ണിക്കപ്പെട്ടു. അവരുടെ കാരുണ്യത്തിനായി കാത്തുനിൽക്കേണ്ട അവസ്ഥ വന്നു.
- കൃഷിക്കാരെ അടിമകളെപ്പോലെ പരിഗണിച്ചു.
- ഈ സമ്പ്രദായം ആഡംബരപ്രിയരും ആക്കി.
- ബംഗാളിലെ ഗ്രാമീണ കർഷകർക്ക് പ്രശ്നങ്ങൾ ഉണ്ടായിരുന്നു.

റയത്വാരി സമ്പ്രദായം

1820 തോമസ് മൺറോയും ക്യാപ്റ്റൻ റെയും റയത്വാരി സമ്പ്രദായം കൊണ്ടുവന്നു. ഈ സമ്പ്രദായം മദ്രാസ് ബോംബെ ആസാമിലെ ചില ഭാഗങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിലെ മുതലായ സ്ഥലങ്ങളിൽ നടപ്പിലാക്കി. റയത്വാരി സമ്പ്രദായം അനുസരിച്ച് കർഷകർക്ക് ഉടമസ്ഥാവകാശം കൈമാറി. ബ്രിട്ടീഷ് സർക്കാർ നേരിട്ട് സർക്കാരിൽ നിന്നും നികുതി പിരിച്ചു. തുടക്കത്തിൽ നിർണയിക്കപ്പെട്ട ഉത്പന്നങ്ങളുടെ പകുതിഭാഗം സർക്കാറിന് കൊടുക്കേണ്ടിവന്നു. തോമസ് മൺറോ മൂന്നിലൊന്നായി കുറച്ചു. വരുമാനത്തിന് വിലമണ്ണിനെയും അവസ്ഥയെയും ആശ്രയിച്ച് നിശ്ചയിച്ചു



തോമസ് മൺറോ

സാധാരണയായി നിലത്തിന്റെ വാടക ഇരുപതും 30 വർഷങ്ങളിൽ പുതുക്കാൻ നിശ്ചയിച്ചിരുന്നു. ഇതിൽ കൃഷിക്കാരൻ കൂടുതൽ സുരക്ഷിത രായി തീർന്നു. സർക്കാറിനും കുടിയാന്മാർക്കും ഇടയിലാണ് യഥാർത്ഥത്തിൽ എന്ന പേരിലാണ് ഈടാക്കിയത്.

റയത്വാരി സമ്പ്രദായത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ

- ഭൂരിഭാഗം പ്രദേശങ്ങളിലേയും വിളവിന്റെ അളവ് നിശ്ചയിച്ചത് യഥാത്ഥത്തിലുള്ളതിനേക്കാൾ വളരെ അധികമായിരുന്നു.
- മികച്ച വിളവ് ഉണ്ടാകുന്ന കാലങ്ങളിൽ പോലും കർഷകർക്ക് ശരിയായ നികുതി ചെലുത്താൻ സാധിച്ചില്ല.
- ഈ സമ്പ്രദായമനുസരിച്ച് ജമീന്ദാർ മാർക്ക് പകരം സർക്കാർ കർഷകരെ ചൂഷണം ചെയ്തിരുന്നു.

മഹൽവാരി സമ്പ്രദായം

1822ൽ ഗംഗ താഴ്വരയിലും വടക്കുപടിഞ്ഞാറൻ പ്രവിശ്യകളിലെ ഇന്ത്യയുടെയും പഞ്ചാബിലെയും ഭാഗങ്ങളിൽ ജമീന്ദാരി സമുദായത്തിന് പുതിയ രൂപഭാവത്തോടുകൂടി നടപ്പിലാക്കിയതാണ് മഹൽവാരി സമ്പ്രദായം. ഈ സമ്പ്രദായം ഹോർട്ട് മെക്കൻസിയുടെ ബുദ്ധിയിലുദിച്ച ആശയമാണ്. 1833ൽ റോബർട്ട്



ബെൻഡിങ് പ്രഭു

VIII Std - History Malayalam Chapter 3.indd 27 26/01/2023 16:37:34

മാർട്ടിൻസ് ബോർഡിന്റെ നേതൃത്വത്തിൽ വില്യം ബെൻഡിങ് പ്രഭു മഹൽവാരി സമുദായത്തിൽ പല മാറ്റങ്ങളും കൊണ്ടുവന്നു. ഗ്രാമത്തിൽ നിന്നും ലഭിക്കുന്ന ഉൽപാദനത്തിന്റെ അളവിനനുസരിച്ചാണ് ഈ സമുദായത്തിൽ വരുമാനം നിശ്ചയിച്ചിരുന്നത്. അവിടെയുള്ള എല്ലാ വസ്തുക്കളുടെ കണക്കനുസരിച്ച് ആയിരുന്നു. തുടക്കത്തിൽ സർക്കാറിന് കിട്ടേണ്ട ഭാഗം നിശ്ചയിച്ചിരുന്നത് മൊത്തം ഉത്പന്നങ്ങളുടെ മൂന്നിൽ രണ്ടുഭാഗം ആയിരുന്നു. എന്നാൽ ഇതിനെ 50 ശതമാനമായി കുറച്ചു എന്നറിയപ്പെടുന്ന ഗ്രാമത്തലവൻ മുഖേന നികുതി കൊടുക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു. ഈ സമ്പ്രദായം ആദ്യം നടപ്പിലാക്കിയത് അയോധ്യയിലും ആണ്. പിന്നീട് മറ്റ് പ്രവശ്യകളിലും വ്യാപിച്ചു. ഈ ഭാരിച്ച മുഴുവൻ നികുതിയും ഉത്തരവാദിത്വവും കർഷകർ ഏറ്റെടുക്കേണ്ടിവന്നു.

മഹൽവാരി സമുദായത്തിന്റെ മുഖ്യ സവിശേഷതകൾ

- ലംബാർഡർമാർ സർക്കാരിനും ഗ്രാമീണർക്കും ഇടനിലക്കാരായി മാറി.
- ഗ്രാമീണ തലത്തിലുള്ള വിലയിരുത്തലാണ്. ഒരാൾ തന്നെയാണ് നിരവധി ഗ്രാമങ്ങൾ വിലയിരുത്തുന്നത്.
- ഗ്രാമീണർ തന്നെയാണ് ഗ്രാമത്തിലെ ഉടമസ്ഥൻ
- ഗ്രാമത്തിന്റെ കീഴിൽ ഗ്രാമനിലങ്ങൾ കൊണ്ടുവരപ്പെട്ടു

മഹൽവാരി സമ്പ്രദായം നേട്ടങ്ങൾ

- ലംബാർഡർമാർ അവർക്ക് ലഭിച്ച അധികാരം സ്വന്തം താല്പര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തി
- ഈ സമ്പ്രദായം കൊണ്ട് കർഷകർക്ക് ഒരു പ്രയോജനവും ലഭിച്ചില്ല
- ഇത് ജമീന്ദാരി സമ്പ്രദായം പുതുക്കിയ രൂപമാണ്. ഇതിന്റെ ഫലം സമൂഹത്തിന്റെ മേൽത്തട്ടിൽ ഉള്ളവർക്ക് മാത്രമാണ് പ്രയോജനപ്പെട്ടത്

ബ്രിട്ടീഷ് ഭൂനികുതി സമ്പ്രദായം കർഷകരിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ

- നിലത്തിൽനിന്നും ലഭിക്കാവുന്ന ഏറ്റവും കൂടുതൽ വരുമാനം കണക്കാക്കി നിശ്ചയിച്ചതാണ്. ഇതിന്റെ സവിശേഷത ഇതിന്റെ ഫലമായി വിൽപനയിലും വർധനവുണ്ടായി.
- നികുതി വർധനവിൽ വളരെയധികം ദുരിതമനുഭവിച്ചു. നികുതി, പട്ടിണി, ദാരിദ്ര്യം, കടഭാരം എന്നിവയാൽ വളരെയധികം കഷ്ടതകൾ അനുഭവിച്ചു.
- ഇവർ പലിശക്ക് പണക്കാരിൽ നിന്നും പണം കടം വാങ്ങിയതിനാൽ കർഷകർ പണക്കാർക്ക് സ്വന്തമായി മാറി. അവർ വീണ്ടും ധനികരായി തീർന്നു.
- പഴയ നീതിന്യായവ്യവസ്ഥയും പകരം പുതിയ നീതി ന്യായ സംഘങ്ങളായ കോടതികൾ നിയമം വക്കീൽ ഫീസ് വക്കീലന്മാർ ഉപചാര നടപടികൾ എന്നിങ്ങനെ മാറ്റപ്പെട്ടു.
- സ്ഥലത്തിന്റെ ഉടമസ്ഥൻമാരായ കൃഷിക്കാർക്കായിരിക്കണം അധിക ഉത്പാദനത്തിന് അധികഭാഗം ലഭിക്കേണ്ടിയിരുന്നത്.
- എന്നാൽ ബ്രിട്ടീഷ് നയം കൊണ്ട് അധികാര വർഗ്ഗങ്ങൾക്കും സമൂഹത്തിലെ ഉന്നത സ്ഥാനികൾക്കുമാണ് ഇതിന്റെ ഫലം അനുവദിക്കാൻ സാധിച്ചത്.

കർഷക വിപ്ലവം

ബ്രിട്ടീഷുകാരുടെ ഭരണം ഇന്ത്യയിലെ കാർഷിക രീതിയിൽ സാരമായ മാറ്റങ്ങൾ ഉണ്ടാക്കി. പുരാതന കൃഷിസമ്പ്രദായം നശിപ്പിക്കപ്പെട്ടു. ആധുനിക സമ്പ്രദായത്തിൽ ജന്മിമാരുടെ കീഴിൽ കൊണ്ടുവരപ്പെട്ടു. ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ നിന്നും കൃഷിക്കാരെ പുറത്താക്കാൻ ശ്രമിച്ചു. കർഷകരുടെ ജീവിതം ഏറ്റവും കൂടുതൽ കഷ്ടത നിറഞ്ഞതായിമാറി. ഇതിന്റെ ഫലമായി പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടുകളിലും നിരവധി വിപ്ലവ പ്രസ്ഥാനങ്ങൾ ഉടലെടുത്തു. ഈ ചൂഷണത്തിനും അനുഭവങ്ങൾക്കും എതിരെയുള്ള പ്രതിഷേധമായിരുന്നു ഈ വിപ്ലവം.

സാന്താൾ കലാപം (1885 - 1856)

1885 - 1856ൽ പൊട്ടിപ്പുറപ്പെട്ട കലാപമാണ് സാന്താൾ കലാപം. രാജ് മഹൽ അടുത്തുള്ള പ്രദേശങ്ങളിലും ബീഹാറിലും ഉള്ള കൃഷിക്കാരാണ് സാന്താളന്മാർ. ഇവരുടെ അജ്ഞതയാൽ പ്രമുഖന്മാർ പലിശപ്പണം ഇവരുടെ കൃഷിനിലം അപഹരിക്കുന്നത് സാധാരണ ആയിരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കഠിനമായ നീരസത്തിന് ഇടയായി. ഈ നീരസമാണ് 1855-ലെ സായുധ കലാപത്തിലേക്ക് നയിച്ചത്. സിന്ധു, കൺഹു എന്നീ രണ്ട് സാന്താൾ സഹോദരന്മാരുടെ ആജ്ഞ അനുസരിച്ച് പതിനായിരത്തോളം സാന്താളുകൾ തങ്ങളുടെ രാജ്യത്തെ വിദേശാധിപത്യത്തിൽ കീഴിൽ നിന്നും പുറത്ത് കൊണ്ടുവന്ന്

VIII Std - History Malayalam Chapter 3.indd 28 26/01/2023 16:37:35

സ്വന്തമായ സർക്കാർ ഉണ്ടാക്കുന്നതിനായി ആഗ്രഹിച്ചു. ഈ കലാപം ഒരുമാസത്തിനകം അതിശയകരമായി ആഞ്ഞടിച്ചു. യൂറോപ്യൻ തോട്ടമുടമകളുടെ വീടുകളും ബ്രിട്ടീഷ് ഓഫീസർമാർ റെയിൽവേ എഞ്ചിനീയർമാർ ജമീന്ദാർ പലിശക്കാർ തുടങ്ങിയവരെ ആക്രമിക്കപ്പെട്ടു. ഈ കലാപം 1856 ഫെബ്രുവരി വരെ തുടർന്നു കലാപത്തിന് നേതൃത്വം കൊടുത്ത വരെ പിടിക്കുകയും കലാപം അടിച്ചമർത്തപ്പെടുകയും ചെയ്തു. അവരുടെ ഭൂമിയും വ്യക്തിത്വവും കയ്യേറ്റങ്ങൾ നിന്നും സംരക്ഷിക്കാൻ വേണ്ടി സർക്കാർ പ്രഖ്യാപിച്ചു.



സാന്താൾ കലാപം

ഇൻഡിഗോ കലാപം (1859 - 1860)

ബംഗാളിലെ ഇൻഡിഗോ കർഷകസമരം ഏറ്റവും കൂടുതൽ തീവ്രമായത് വ്യാപകമായ കർഷക പ്രക്ഷോഭങ്ങളോടെ ആയിരുന്നു. യൂറോപ്യൻ ഇൻഡിഗോ കർഷകർ കുടിയേറ്റ കർഷകരെ വളരെ അനുകൂലമല്ലാത്ത രീതിയിൽ ഇൻഡിഗോ വളർത്താൻ നിർബന്ധിച്ചു. അന്ന് കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ നിർബന്ധിതരായി. തട്ടിക്കൊണ്ടു പോകൽ, കൊള്ളയടിക്കുക തുടങ്ങിയ സംഭവങ്ങളുണ്ടായി. 1859 സെപ്റ്റംബറിൽ ദിഗംബർ, വിശ്വാസ്, വിഷ്ണു, ചരൺവിശ്വാസ് എന്നിവരുടെയും നേതൃത്വത്തിൽ ഇൻഡിഗോ കൃഷി ഉപേക്ഷിച്ചു. തൊഴിൽശാലകൾ കത്തിച്ചുകളഞ്ഞു. കലാപം വ്യാപിച്ചു. സാഹചര്യം നിയന്ത്രിക്കാൻ സർക്കാർ 1860 ഒരു ഇൻഡിഗോ കമ്മീഷൻ രൂപീകരിച്ചു. ഇതിന്റെ ശുപാർശകൾ 1862 നിയമത്തിന്റെ ആറാം നിയമ ഭാഗമായിരുന്നു. ബംഗാളിലെ ഇൻഡിഗോ കൃഷിക്കാർ ബീഹാറിലും ഉത്തർപ്രദേശിലും താമസമുറപ്പിച്ചു. ഇൻഡിഗോ കൃഷിക്കാരുടെ സങ്കടകരമായ അവസ്ഥയെക്കുറിച്ച് പലപ്രാവശ്യം ഹിന്ദു പത്രത്തിൽ അച്ചടിച്ചിട്ടുണ്ട്. ഇൻഡിഗോ കർഷകരുടെ കഷ്ടപ്പാടുകൾ ജനങ്ങളെ അറിയിക്കാൻ ദിനബന്ധുമിത്ര എന്ന ബംഗാളി 'നീൽ-ദാർബൻ' എന്ന ഒരു നാടകം എഴുതിയിട്ടുണ്ട്.



ഇൻഡിഗോ കലാപം

പബ്നാ വിപ്ലവം (1873 - 1876)

പബ്നയിലെ കർഷകർ അവരെ അടിച്ചമർത്തിയ ജമീന്ദാർക്കെതിരെ പ്രതിരോധിക്കാൻ തീരുമാനിച്ചു. ബംഗാളിലെ പബ്നയിലെ യൂസഫ് ഷാഹി ഫർഗാനയിൽ നിന്നാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്. ഈ കലാപത്തിന് നേതൃത്വം വഹിച്ചത് കേശബ് ചന്ദ്ര റോയ് ആണ്. ജമീന്ദാർമാർ നിരന്തരം നിർബന്ധമായി കർഷകരിൽനിന്നും പണം സ്വീകരിക്കുന്ന അനധികൃത മാർഗത്തിലൂടെയും നിർബന്ധ നികുതി പിരിവിലൂടെയും പണം ശേഖരിച്ചു. കർഷകർ നിലത്തിന് നികുതി നൽകാത്തതിന്റെ പേരിൽ പലപ്പോഴും അവരെ അവരുടെ നിലത്തിൽ നിന്നും ഇറക്കിവിട്ടു.

കർഷകർ വലിയ കൂട്ടമായി ഒരുമിച്ച് ഗ്രാമങ്ങളിൽ പ്രവേശിക്കുകയും ജമീന്ദാർമാരെ ഭയപ്പെടുത്തുകയും മറ്റ് കർഷകരെ തങ്ങളോടൊപ്പം ചേരാനായി നിർബന്ധിക്കുകയും ചെയ്തു. ഈ പോരാട്ടം പബ്നയിൽ ഉടനീളം വ്യാപിച്ചു പിന്നീട് കിഴക്കൻ ബംഗാളിലെ മറ്റ് ജില്ലകളിലേക്ക് പടർന്നു കാർഷിക സംഘടനകൾ സംഘടിപ്പിച്ചു. പോരാട്ടത്തിന്റെ പ്രധാന രൂപം സംഘടനയുടെ പ്രതിരോധമായിരുന്നു. അതിലും ചെറിയ ആക്രമണങ്ങൾ ഉണ്ടായി വളരെ നിർബന്ധപൂർവ്വം ശക്തി പ്രയോഗിച്ച് കൊടുക്കേണ്ട പണം കൊടുക്കാനായി കർഷകരെ നിർബന്ധിച്ചതാണ് ഈ കലാപം ഉണ്ടാകാനുള്ള കാരണം. ജമീന്ദാർമാരുടെ വീടുകൾ കൊള്ളയടിക്കുന്ന ചില പരാതികൾ ഉയർന്നു. പോലീസ് സ്റ്റേഷനുകൾക്കെതിരെ ആക്രമണങ്ങൾ നടന്നു. കോടതി നിർദേശങ്ങൾ നടപ്പിലാക്കാൻ ഉള്ള ശ്രമങ്ങളും കർഷകർ ചെറുത്തു. ജമീന്ദാർമാർ അല്ലെങ്കിൽ ജമീന്ദാരി ഇടനിലക്കാരന് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തു. ഈ സമയത്ത് അവരുടെ നിയമപരമായ അവകാശങ്ങൾ സമാധാനപരമായി ഏകാധിപത്യ സംവിധാനങ്ങൾ സംയോജിപ്പിച്ച് കൂട്ടിച്ചേർക്കാനുള്ള കഴിവ് എന്നിവയെക്കുറിച്ചുള്ള ശക്തമായ അവബോധം വികസിപ്പിച്ചെടുത്തു.

VIII Std - History Malayalam Chapter 3.indd 29 26/01/2023 16:37:36



ഡക്കാൺ കലാപം 1875

1875ൽ പൂന ജില്ലയിലെ കർഷകർപോരാട്ടം നടത്തുകയുണ്ടായി. ഈ സംഭവത്തെയാണ് ഡക്കാൺ കലാപം എന്ന് പറയുന്നത്.ഭൂപ്രഭുവർഗ്ഗം തങ്ങളുടെ ഭൂമി പിടിച്ചെടുക്കുന്ന പ്രദേശിക കച്ചവടക്കാരെഅടിച്ചമർത്തുന്നതിന് എതിരെയും പ്രധാനമായും പുനർവിചാരണ സംഘടിപ്പിച്ചു. ജില്ലയിലെ ഗ്രാമത്തിൽ നിന്നാണ് കലാപം ആരംഭിച്ചത്. ഗ്രാമത്തിലെ ഗ്രാമവാസികൾ ഗ്രാമത്തിൽ നിന്നും പണം തട്ടിയെടുക്കുകയും സ്വന്തം വസ്തുക്കൾ പിടിച്ചെടുക്കുകയുംചെയ്തു. 33 ഗ്രാമങ്ങളിൽ പ്രക്ഷോഭം വ്യാപിക്കുകയും കർഷകർ മാർവാരി സുഖുരുടെ സ്വത്ത് കൊള്ളയടിക്കുകയും ചെയ്തു. പോലീസിന്റെ സഹായത്തോടെ പ്രക്ഷോഭം കലാപമായി മാറി. സൈന്യത്തെ വിന്യസിപ്പിച്ച അത് അടിച്ചമർത്തപ്പെട്ടു എന്നിരുന്നാലും ഡക്കാൺ കാർഷിക ആശ്വാസ നിയമം അനുസരിച്ച് കർഷകരുടെ ഏറ്റവും ഗുരുതരമായ ചില പരാതികൾ നീക്കംചെയ്തു.

പഞ്ചാബ് കർഷക പ്രസ്ഥാനം (1890 - 1900)

പഞ്ചാബ് നഗരത്തിലുള്ള പലിശ പണക്കാർക്ക് കടംകൊടുത്ത് തീർക്കാൻ സാധിക്കാതെ വന്നപ്പോൾ തങ്ങളുടെ നിലങ്ങൾ കൈമാറേണ്ടി വന്നു. പഞ്ചാബിലെ കർഷകർ ഇതിനെതിരെ പ്രതികരിച്ചു. ഇതാണ് പഞ്ചാബ് കർഷക പ്രസ്ഥാനം. ഇന്ത്യൻ ബ്രിട്ടീഷ് സൈന്യത്തിന് വലിയതോതിൽ പട്ടാളക്കാർ ഉണ്ടായിരുന്നു. പഞ്ചാബിലെ കർഷകരെയും സംരക്ഷിക്കുന്നതിനു വേണ്ടി 1900 പഞ്ചാപകേശൻനിയമം പാസാക്കി. ഇതിനുവേണ്ടി പഞ്ചാബിലെ ജനങ്ങളെ മൂന്നായി വിഭജിച്ചു. അവ സാധാരണ കർഷകർ, നിയമപരമായ കർഷകർ, പലിശപണക്കാർ. ആദ്യവിഭാഗക്കാർ രണ്ടാമത്തെ വിഭാഗക്കാർക്കും മൂന്നാമത്തെ വിഭാഗക്കാർക്കും നിലം വിൽക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി.

VIII Std - History Malayalam Chapter 3.indd 30 26/01/2023 16:37:36

ചംബാരൻ സത്യാഗ്രഹം (1917 - 1918)



ചംബാരൻ സത്യാഗ്രഹം

ചമ്പാരൻ സത്യാഗ്രഹം ബീഹാറിലെ ചമ്പാരനിൽ ഇൻഡിഗോ തോട്ട ഉടമയായ യൂറോപ്യൻമാർ ഉണ്ടായിരുന്നു. ഇവിടെ മനുഷ്യത്വഹീനമായും നിയമപരവും അല്ലാതെയും ആണ് ഇവർ കർഷകരോട് പെരുമാറിയത്. യഥാർത്ഥ വിലയിൽനിന്ന് വളരെ കുറഞ്ഞ വിലയാണ് കൃഷിക്കാർക്ക് നൽകിയിരുന്നത്. ടിങ്കാരീയ സമ്പ്രദായമനുസരിച്ച് ബ്രിട്ടീഷുകാർ കൃഷിക്കാർക്ക് മൂന്നിൽ 20 ഭാഗത്ത് മാത്രമേ ഇൻഡിഗോ വളർത്തുകയും അതിന് ഒരു നിശ്ചിത തുക നൽകുകയും ചെയ്തിരുന്നത്. കൃഷിക്കാരെ നിയമവിരുദ്ധമായി പിടികൂടുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നു. മഹാത്മാഗാന്ധി ഇതിന്റെ നേതൃത്വം ഏറ്റെടുത്തു. സർക്കാർ ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുകയും അതിൽ മഹാത്മാഗാന്ധിയെ ഒരു അംഗമാകുകയും ചെയ്തു. 1914 മെയ് മാസത്തിൽ ചംബരാൻ 'കാർഷിക നിയമം' പാസാക്കുകയും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു

കേധ സത്യാഗ്രഹം (1918)

ഗുജറാത്തിലെ കേധാർ ജില്ലയിൽ 1918 തുടർച്ചയായി ക്ഷാമങ്ങൾ ഉണ്ടായി. ഇതിനു കാരണം കൃഷി പരാജയപ്പെട്ടതാണ്. എന്നാൽ ഒരു ഇളവും അനുവദിച്ചില്ല. അതുകൊണ്ട് പ്രാദേശിക കർഷകർ നികുതിയില്ല പ്രസ്ഥാനം (no - tax) 1918-ൽ കേധ ജില്ലയിൽ ആരംഭിച്ചു. ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് ഗാന്ധിജി ആണ്.

കഠിനമായ ക്ഷാമത്തിനിടയിലും നിർബന്ധമായുംഅടിച്ചമർത്തലുകളുടെയും നികുതിപിരിക്കുന്നതിന് എതിരെയും ഗാന്ധിജി കർഷകരെ സംഘടിപ്പിച്ചു. ഒരു അനന്തരഫലങ്ങളെ പറ്റിയും ഭയപ്പെടാതെ തന്റെ പിന്നിൽ അണിനിരന്നത് കർഷകരുടെ ധൈര്യം ഗാന്ധിജിക്ക് പ്രചോദനമായി. അഭൂതപൂർവ്വമായ ഈ കർഷക പ്രസ്ഥാനത്തിന് മുമ്പിൽ ബ്രിട്ടീഷ് സർക്കാർ തലകുനിച്ചു. ഈ കാലഘട്ടത്തിൽ ഉയർന്നുവന്ന നേതാവാണ് ഇന്ത്യൻ സ്വാതന്ത്ര്യ സേനാനി ആയിരുന്ന സർദാർ വല്ലഭായി പട്ടേൽ.

മാപ്പിള ലഹള (1921)

മലബാറിലെ (കേരളത്തിലെ) ഹിന്ദു ജന്മിമാരും ബ്രിട്ടീഷ് സർക്കാരും മുസ്ലിം മാപ്പിള കർഷകരെ അടിച്ചമർത്തുകയും ചൂഷണം ചെയ്തതുമാണ് ലഹള ഉണ്ടാകാനുള്ള പ്രധാന കാരണം. ഏപ്രിൽ 1920ലെ മലബാർ ജില്ലാ സമ്മേളനത്തിൽ മാപ്പിള കർഷകരുടെ ആക്കംകൂട്ടി. പാട്ട കർഷകരുടെ ആവശ്യങ്ങൾക്ക് സമ്മേളനം അംഗീകരിക്കുകയും ഭൂവുടമ കുടിയാൻ ബന്ധങ്ങൾ ക്രമമാക്കുന്നതിനായി നിയമം കൊണ്ടുവരാനും സമ്മേളനം ആവശ്യപ്പെട്ടു. 1921ലെ മാപ്പിളമാർ ജന്മിമാരുടെ അടിച്ചമർത്തലിനെതിരെ കലഹിച്ചു പോലീസ് സ്റ്റേഷൻ ആക്രമിച്ചുകൊണ്ടാണ് മാപ്പിള കർഷകർ കലാപത്തിന് തുടക്കമിട്ടത്. ഇത് കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, കമ്പി തപാൽ ഓഫീസുകൾ അടിച്ചമർത്തുന്നവരെ വിധേയരാക്കി ജന്മിമാരുടെ ഭവനങ്ങൾ പലിശ പണക്കാരുടെ ഭവനങ്ങൾ എന്നിവയും ആക്രമിച്ചു. 1921ൽ അതിക്രൂരമായി മാപ്പിള ലഹളയെ അടിച്ചമർത്തി. സർക്കാരിന്റെ ഇടപെടൽമൂലം 2337 മാപ്പിള കലാപകാരികൾ കൊല്ലപ്പെട്ടു എന്നാണ് ഔദ്യോഗിക കണക്ക് .കൂടാതെ 1650 പേർക്ക് മുറിവേൽക്കപ്പെടുകയും 45000 പേർ ജയിലിൽ അടക്കപ്പെടുകയും ചെയ്തു.



മാപ്പിള തടവുകാർ

ബർഡോളി സത്യാഗ്രഹം (1929 - 1930)

സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ 1928 ഗുജറാത്തിലെ കർഷകർ 30 ശതമാനം നികുതി വർദ്ധിപ്പിച്ചതിനെഎതിർത്ത് സർക്കാരിനെതിരെ പ്രക്ഷോഭം ആരംഭിച്ചു. 1928 ഫെബ്രുവരി 12ന് നോ-ടാക്സ് നികുതി ചെലുത്താതെ ഉള്ള പ്രസ്ഥാനം ആരംഭിച്ചു. ധാരാളം സ്ത്രീകളും ഈ പ്രസ്ഥാനത്തിൽ പങ്കാളികളായി

1930 കളിലെ ഒരു കർഷകൻ നികുതിയടയ്ക്കാൻ വിസമ്മതിച്ചതിനാൽ അദ്ദേഹത്തിന്റെ മറ്റ് സമ്പത്തുകളും സർക്കാർ ലേലം ചെയ്തു വിറ്റു. 1937 കോൺഗ്രസ് അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ മുഴുവൻ സ്വത്തും തിരിച്ചുനൽകി.

VIII Std - History Malayalam Chapter 3.indd 31 26/01/2023 16:37:36



ബർഡോളി സത്യാഗ്രഹം

പാഠസംഗ്രഹം

- ഇന്ത്യയിൽ ഉണ്ടായിരുന്ന കാർഷിക വ്യവസ്ഥയോ, വരുമാനമോ ബ്രിട്ടീഷ് സർക്കാർ അംഗീകരിച്ചില്ല.
- 1793-ൽ കോൺവാലീസ്പ്രഭു സ്ഥിരഭൂനികുതി വ്യവസ്ഥ നടപ്പിലാക്കി.
- 1820-ൽ തോമസ് മൻറോയും ക്യാപ്റ്റൻ റെഡ്ഡും ചേർന്ന് റയത്തുവാരി സമ്പ്രദായം നടപ്പിലാക്കി.
- മഹൽവാരി സമ്പ്രദായം എന്നത് ഹോൾട്ട് മെക്കൻസിയുടെ ബുദ്ധിയിലുദിച്ച കുഞ്ഞായി വിശേഷിപ്പിക്കപ്പെടുന്നു.
- ബീഹാറിലെ രാജ്മഹൽ കുന്നിനടുത്തുള്ള പ്രദേശത്താണ് സാന്താളന്മാർ കൃഷിചെയ്തിരുന്നത്.
- നീൽ-ധർപൻ എന്ന നാടകം ദീനബന്ധു മിത്ര ബംഗാൾ ഭാഷയിൽ എഴുതി.
- 1875 പൂന ജില്ലയിലെ കർഷകർ പോരാട്ടം നടത്തുക ഉണ്ടായി. ഈ സംഭവത്തെയാണ് ഡക്കാൺ വിപ്ലവം എന്ന് പറയുന്നത്.
- 1900-ൽ പഞ്ചാബിൽ ഭൂമി അന്യവൽക്കരണ നിയമം പാസാക്കി.
- ആഗസ്റ്റ് 1921ൽ മാപ്പിള കുടിയാന്മാർ ജമീന്ദാർമാർക്കെതിരെ കലാപം ആരംഭിച്ചു.
- സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ ബർഡോളിയിലെ കർഷകർ കലഹമുണ്ടാക്കി.

പദപരിചയം

Apparatus	new system	പുതിയ സംവിധാനം
Claimants	a person making a claim	അവകാശവാദമുന്നയിക്കുന്നവൻ
Cultivator	a person who cultivates the land	കർഷകൻ
Encroachment	intrusion on	കയ്യേറ്റം
Moneylender	a person who lends money to people, at a high rate of interest	ഉയർന്ന പലിശയ്ക്ക് പണം കടം കൊടുക്കുന്നവൻ
Predominantly	mainly	പ്രധാനപ്പെട്ട
Tenants	a person who occupies land rented from a land lord	കുടിയന്മാർ

അഭ്യാസം

I. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക

1. ജാഗിർദാരി, മൽഗുദാരി, ബിസുമദാരി, തുടങ്ങിയ വിവിധ തരം പേരുകൾ ഏതു സമ്പ്രദായത്തെയാണ് പ്രതിപാദിക്കുന്നത്

   a) മഹൽവാരി

   b) റയത്ത് വാരി

   c) ജമീന്ദാരി

   d) ഇവയിലൊന്നുമല്ല

2 ഏത് ഗവർണർ ജനറൽ ആണ് സ്ഥിര ഭൂനികുതി വ്യവസ്ഥ ബംഗാളിൽ നടപ്പിലാക്കിയത്

   a) ഹേസ്റ്റിംഗ് പ്രഭു

   b) കോൺവാലിസ് പ്രഭു

   c) വെല്ലസി പ്രഭു

   d) മിൻറോപ്രഭു

VIII Std - History Malayalam Chapter 3.indd 32 26/01/2023 16:37:36

3 മഹൽ വാരി സമ്പ്രദായത്തിൽ മഹൽ എന്നത് എന്താണ് 1

a) 2 വീട് b) നിലം

c) ഗ്രാമം d) കൊട്ടാരം

4 ഏതു സ്ഥലത്താണ് മഹൽവാരി സമ്പ്രദായം കൊണ്ടുവന്നത്

a) മഹാരാഷ്ട്ര b) പഞ്ചാബ്

c) മദ്രാസ് d) ബംഗാൾ

5 ഏതു ഗവർണരാണ് മഹൽവാരി സമ്പ്രദായം പാസാക്കിയത്

a) ഹേസ്റ്റിംഗ് പ്രഭു

b) കോൺവാലിസ് പ്രഭു

c) വെല്ലസ്ലി പ്രഭു

d) വില്യം ബെൻ്റിംഗ് പ്രഭു

6 ഏതു സ്ഥലത്താണ് ബ്രിട്ടീഷുകാർ റയത്ത്വാരിസമ്പ്രദായം നടപ്പിലാക്കിയത്

a) ബോംബെ b) മദ്രാസ്

c) ബംഗാൾ d) ഇവയൊന്നുമല്ല

7 ആരാണ് ഇൻഡിഗോ വിപ്ലവത്തിന് നേതൃത്വം വഹിച്ചത്

a) മഹാത്മാഗാന്ധി

a) കേശവ് ചന്ദ്ര റോയ്

c) ദികബർ ബിസ്വാസും,ബിഷുബിസ്വാസും

d) സർദാർ വല്ലഭായി പട്ടേൽ

8. ആരാണ് ഇൻഡിഗോ വിപ്ലവത്തിന് നേതൃത്വം വഹിച്ചത്

a) സർദാർ വല്ലഭായ് പട്ടേൽ

b) മഹാത്മാ ഗാന്ധി

c) ദിഗംബർബിസ്വാസ്

d) കേശബ് ചന്ദ്ര റോയ്

II പൂരിപ്പിക്കുക

1. ജമീന്ദാരി സമുദായത്തിന് പുതിയ രൂപം കൊണ്ടുവന്നത് _____ ആണ്

2. മഹൽവാരി സമ്പ്രദായം എന്നത് _____ ന്റെ ബുദ്ധിയിലൂദിച്ച കുഞ്ഞായി വിശേഷിപ്പിക്കുന്നു

3. ഇൻഡിഗോ വിപ്ലവം _____ എന്ന സ്ഥലത്ത് നടന്നു

4. മാപ്പിള കലഹം നടന്ന വർഷം _____

5. ചംബരാൻ അഗ്രിരിയൻ ആക്ട് വർഷം _____ പാസാക്കി

III യോജിപ്പിക്കുക

1.	സ്ഥിര ഭൂനികുതി വ്യവസ്ഥ	മദ്രാസ്
2.	മഹൽവാരി സമ്പ്രദായം	ഇൻഡിഗോ കർഷകരുടെ കഷ്ടപ്പാട്
3.	റയത്ത്വാരി സമ്പ്രദായം	വടക്കുപടിഞ്ഞാറൻ പ്രവിശ്യകൾ
4.	നിൽദർബാൻ	ബംഗാൾ
5.	സാന്താൾ കലാപം	ഒന്നാം കർഷക വിപ്ലവം

IV ശരിയോ തെറ്റോ എന്ന് എഴുതുക

1. വാറൻഹേറിംസ് അഞ്ച് വർഷത്തിലൊരിക്കൽ ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കി

2. തോമസ് മൺറോ റയത്വാരി സമ്പ്രദായം കൊണ്ടുവന്നു

3. ഇത് ഗുജറാത്തിലെ പാബ്നയിലെ യൂസഫ്ഷാഹി ഫർഗാനയിൽ നിന്നാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്

4. 1918 പഞ്ചാബ് ലാൻഡ് അനിമിനേഷൻ ആക്ട് പാസാക്കി

V. താഴെപ്പറയുന്ന പ്രസ്താവനയിൽ നിന്നും ഉചിതമായ ഉത്തരം കണ്ടുപിടിച്ച ടിക്ക് ചെയ്യുക

1. താഴെ പറയുന്ന പ്രസ്താവനയിൽ ജമീന്ദാരി സമ്പ്രദായത്തിന് ഏത് ഉത്തരമാണ് ഉചിത മല്ലാത്തത്

(a) 1793-ൽ ഈ പ്രസ്താവന നടപ്പിലാക്കി

(b) ജമീന്ദാർമാർ ഭൂവുടമകളാണ്

(c) ഈ സമ്പ്രദായമനുസരിച്ച് കർഷകർക്ക് സ്ഥിരമായി വരുമാനം ലഭിച്ചു

(d) ഈ പ്രവർത്തനം ഇന്ത്യയിലെ 19% സ്ഥലങ്ങളിലും നടപ്പിലാക്കിയിരുന്നു

2 ഇതിൽ ഏത് പ്രസ്താവനയാണ് കർഷക വിപ്ലവത്തിന് ഉചിതമായത്

(a) സാന്താൾ കലാപം ബംഗാളിൽ പൊട്ടിപ്പുറപ്പെട്ടു

(b) ദീനബന്ധു മിത്ര 'നിൽ ദർബാൻ എന്ന നാടകം എഴുതി

(c) 1873-ൽ പൂനെയിലെ ഗ്രാമത്തിലാണ് ഡെക്കാൺ കലാപമുണ്ടായത്

(d) തമിഴ്നാട്ടിലാണ് മാപ്പിള കർഷക കലഹം ഉണ്ടായത്

VIII Std - History Malayalam Chapter 3.indd 33 26/01/2023 16:37:36

VI ഒന്നോരണ്ടോ വാക്കിൽ ഉത്തരം എഴുതുക

1. സ്ഥിര ഭൂനികുതി വ്യവസ്ഥയുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക?
2 റയത്ത്വാരി സമ്പ്രദായത്തിന്റെ പ്രത്യാഘാതങ്ങളെ പറ്റി എഴുതുക?
3. മഹൽവാരി സമ്പ്രദായത്തിന്റെ പ്രത്യാഘാതങ്ങളെപറ്റി എഴുതുക?
4. ഇൻഡിഗോ കലാപം (1859 മുതൽ 1860 വരെ) ഉണ്ടാകാനുള്ള കാരണം എന്ത്?
5 ചമ്പരാൻ സത്യാഗ്രഹത്തിലെ മഹാത്മാഗാന്ധിയുടെ സംഭാവനകൾ എന്തെല്ലാം?
6 ബർഡോളി സത്യാഗ്രഹത്തിലെ വല്ലഭായി പട്ടേലിന്റെ പങ്ക് എന്ത്?

VII വിശദമായി ഉത്തരമെഴുതുക

1. സ്ഥിര ഭൂനികുതി വ്യവസ്ഥയുടെ നന്മകളും തിന്മകളും വിശദീകരിക്കുക?
2 ബ്രിട്ടീഷ് നിലവരുമാന സമ്പ്രദായത്തിലെ ആഘാതം കർഷകരെ എങ്ങനെ ബാധിച്ചു?
3. മാപ്പിള കലഹത്തെപറ്റി ഒരു ഖണ്ഡിക എഴുതുക?

VIII ചിന്തനീയമായ ചോദ്യങ്ങൾ

നികുതി ചൂഷണം ചെയ്യുന്നതിന് പകരം വീണ്ടും ബ്രിട്ടീഷുകാർ നിലം വഴിയായിട്ട് എങ്ങനെ ചൂഷണം ചെയ്തു?

IX പ്രോജക്റ്റും അനുബന്ധ പ്രവർത്തനങ്ങളും

1. അഹിംസയും സത്യാഗ്രഹത്തെയും കുറിച്ചുള്ള ഗാന്ധിജിയുടെ ആശയങ്ങൾ സൂചിപ്പിക്കുക
2. കർഷകരുടെ വർത്തമാനകാലത്തിന്റെയും ഭൂതകാലത്തിന്റെയും സാമ്യതയെ എടുത്തു കാണിച്ചുകൊണ്ട് നിങ്ങളുടെ വിദ്യാലയത്തിൽ ഒരു പ്രദർശനം സംഘടിപ്പിക്കുക

REFERENCE BOOKS

1.Bipan Chandra - *History of Modern India,* Orient Blackswan Private Limited 2018.

2. R.C.Majumdar - *An Advance History of India* Macmillan and Co., Limited London 1953.

3.Vincent .A.Smith - *The Oxford History of India - From the Earliest Times to the end of 1911 – 1919* – Oxford At The Clarendon press

INTERNET RESOURCES

https://www.britannica.com

https://www.ducksters.com/

https://en.wikipedia.org/wiki/Permanent_Settlement

https://en.wikipedia.org/wiki/Ryotwari

https://en.wikipedia.org/wiki/Mahalwari

VIII Std - History Malayalam Chapter 3.indd 34 26/01/2023 16:37:37

അദ്ധ്യായം 4

ജനങ്ങളുടെ കലാപം



പഠനലക്ഷ്യങ്ങൾ

- തമിഴ്നാട്ടിലെ പാളയക്കാരരുടെ സമ്പ്രദായങ്ങളെക്കുറിച്ച് അറിയുക.
- ബ്രിട്ടീഷ്കാർക്ക് എതിരായിട്ടുള്ള പ്രസ്ഥാനത്തിൽ പുലിത്തേവൽ, കട്ടബൊമ്മൻ എന്നിവരുടെ പങ്കിനെ കുറിച്ച് മനസ്സിലാക്കുക.
- തെക്കെ ഇന്ത്യയിലെ വിപ്ലവത്തെ കുറിച്ചറിയുക.
- വെല്ലൂർ കലാപത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുക.
- 1857 ലെ വിപ്ലവത്തിന്റെ കാരണങ്ങളും, ഫലങ്ങളും എന്തൊക്കെയാണെന്ന് മനസ്സിലാക്കുക.

C7PST

മുഖവുര

ബ്രിട്ടീഷുകാർ രാഷ്ട്രീയപരമായും സാമ്പത്തികപരമായും ആധിപത്യം സ്ഥാപിച്ചത് പ്ലാസിയുദ്ധത്തിനുശേഷമാണ്. 1757ലെ പ്ലാസിയുദ്ധം രാജ്യ ത്തിന്റെ പല ഭാഗങ്ങളിലേയും രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക വ്യവസ്ഥയെ തടസ്സപ്പെടുത്തി. ഇതിനാൽ അവരുടെ ഭൂവുടമകളും അനേകം ഭൂപ്രഭുക്കളും പുറത്താക്കപ്പെട്ടു. അതിനാൽ അവരിൽ പലരും സ്വഭാവികമായി ബ്രിട്ടീഷുകാർക്കെതിരെ കലഹമുണ്ടാക്കി. പാളയക്കാരിൽ നിന്നും വാർഷിക നികുതി നേടിയെടുക്കാനുള്ള അവകാശം മാത്രമാണ് ബ്രിട്ടീഷുകാർ സ്വീകരിച്ചത്. പുലിതേവർ ഇതിന്റെ ആദ്യത്തെ പ്രതിഷേധം നിർവ്വഹിച്ചു. അന്നു മുതൽ പാളയക്കാരുടെ നേതൃത്വത്തിൽ വീരപാണ്ഡ്യകട്ടബൊമ്മൻ, ഊമത്തുരൈ, മരുതുസഹോദരൻമാർ, ധീരൻ ചിന്നമലൈ തുടങ്ങിയ പലരും വിപ്ലവമുണ്ടാക്കി.

പാളയക്കാരുടെ ഉത്ഭവം

വിജയനഗരഭരണാധികാരികൾ അവരുടെ പ്രവിശ്യകളിൽ നായക്കൻമാരെ നിയമിച്ചു. മധുര യിലെ നായക്കൻമാർ പാളയക്കാരെ നിയമിച്ചു. 1529ൽ വിശ്വനാഥൻ മധുരയിൽ നായക്കരായി തീർന്നു. അവരുടെ പ്രവിശ്യകളിൽ കൂടുതൽ അധികാരം ആഗ്രഹിക്കുന്ന നായക്കൻമാരെ നിയന്ത്രിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതി നാൽ അദ്ദേഹത്തിന്റെ മന്ത്രിമാരായ അരിയന ാഥ മുതലിയാർ, വിശ്വനാഥൻ എന്നിവരുടെ ആലോചന പ്രകാരം 1529ൽ പാളയകരാർ സമ്പ്രദായം ആരംഭിച്ചു. രാജ്യം മുഴുവനും 72 പ ാളയങ്ങളായി വിഭജിക്കപ്പെട്ടു ഓരോരുത്തരും ഓരോ പാളയക്കാർക്ക് കീഴിലായിരുന്നു. നായക്കൻമാരുടെ ആവശ്യം നിറവേറ്റാൻ അവരുടെ മുഴുവൻ സഹകരണവും സൈനികഭരണകൂടത്തിന്റേതാക്കി പുനരധിവസിച്ച പാളയക്കാർ നികുതി പിരിച്ചെടുത്തു. അതിൽ മധുരയിലെ നായക്കൻമാർക്ക് മൂന്നിൽ ഒന്ന് അവിടത്തെ സൈനിക ചെലവുകൾക്കായി നൽകി.

ദക്ഷിണേന്ത്യയിലെ ആദ്യകാല കലാപം

പാളയക്കാരുടെ കലാപം

17 ഉം 18 ഉം നൂറ്റാണ്ടുകളിൽ പാളയക്കാരർ തമിഴ്നാടിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ പ്രധാന പങ്കുവഹിച്ചിരുന്നു. അവർ സ്വയം സ്വതന്ത്രരാണെന്ന് കരുതിയിരുന്നു. പാളയക്കാർക്കിടയിൽ 2 വിഭാഗക്കാർഉണ്ടായിരുന്നു. കിഴക്കൻ പാളയം എന്നും പടിഞ്ഞാറൻ പാളയം എന്നും ആയിരുന്നു. കിഴക്കൻ പാളയം കട്ടബൊമ്മന്റെ നിയന്ത്രണത്തിലായിരുന്നു. പടിഞ്ഞാറെൻ പാളയത്തിന്റെ ഭരണം പുലിതേവന്റെ നിയന്ത്രണത്തിലായിരുന്നു. എന്നാൽ ഈ രണ്ടു പാളയക്കാരും ഇംഗ്ലീഷുകാർക്ക് കപ്പം (നികുതി) കൊടുക്കാൻ വിസമ്മതിച്ചു.

VIII Std - History Malayalam Chapter 4.indd 35 26/01/2023 16:42:16



പാളയക്കാരർക്കും ഈസ്റ്റിന്ത്യാ കമ്പനിയ്ക്കും തമ്മിൽ ഉണ്ടായ ആദ്യകാല പോരാട്ടം ഒരു ശക്തമായ രാഷ്ട്രീയ പ്രശ്നമായിമാറി. 1792 ലെ കർണ്ണാടിക ഉടമ്പടി പ്രകാരം പാളയക്കാരരുടെ മേൽ ഇംഗ്ലീഷ് ശക്തി ഏകീകരിക്കപ്പെട്ടു. നികുതികൾ ശേഖരിക്കാൻ ഇംഗ്ലീഷുകാർക്ക് അനുവാദം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായിട്ടാണ് പാളയക്കാർ കലാപം പൊട്ടി പുറപ്പെട്ടത്.

പുലിത്തേവർ

പുലിത്തേവർ ഇംഗ്ലീഷ് ഭരണത്തിനെതിരായി ശക്തമായി പോരാടിയ കീർത്തിമാനായ ഒരാളായിരുന്നു. തിരുനെൽവേലിക്കടുത്തുള്ള നേർക്കാടും സേവലിലെ പാളയക്കാരനായിരുന്നു പുലിത്തേവർ. ഇദ്ദേഹം ആർക്കോട്ടിലെ നാവാബായ മുഹമ്മദ് അലിയ്ക്ക് നികുതി (കപ്പം) കൊടുക്കാൻ വിസമ്മതിച്ചു. അതിനാൽ പുലിത്തേവരെ ആർക്കോട്ട് നവാബിന്റെ സൈന്യവും, ഇംഗ്ലീഷുകാരും ചേർന്ന് ആക്രമിച്ചു. പക്ഷേ തിരുനെൽവേലിയിലെ പുലിത്തേവർ സംയുക്തസേനയെ പരാജയപ്പെടുത്തി. ഇന്ത്യയിൽ ബ്രിട്ടീഷ് ആക്രമണത്തെ പരാജയപ്പെടുത്തിയ ആദ്യ ഇന്ത്യൻ രാജാവ് പുലിത്തേവർ ആയിരുന്നു. ഈ വിജയത്തിനുശേഷം ബ്രിട്ടീഷുകാർക്കും നവബിനും എതിരായി പുലിത്തേവർ പാളയക്കാരുടെ ഒരു സംഘം രൂപീകരിക്കാൻ ശ്രമിച്ചു.

1759-ൽ ആർക്കോട്ട് നവാബിന്റെ പടയാളികൾ യൂസുഫ് ഖാന്റെ നേതൃത്വത്തിൽ

VIII Std - History Malayalam Chapter 4.indd 36 26/01/2023 16:42:16

നേർക്കാട്ടുസേവലിനെ ആക്രമിച്ചു. 1761-ൽ അന്തനല്ലൂരിൽ പുലിത്തേവർ തോൽപ്പിക്കപ്പെട്ടു. നവാബിന്റെ പടയാളികൾ ചേർന്ന് നേർക്കാട്ടു സേവലിനെ പിടിച്ചടക്കി.

1764-ൽ നെർക്കാട്ടുസേവലിനെ വീണ്ടും പിടിച്ചെടുത്തു. പുലിത്തേവർ പിന്നീട് 1767-ൽ ക്യാപ്റ്റൻ ക്യാംബല്ലിനാൽ തോൽപ്പിക്കപ്പെട്ടു. പുലിത്തേവർ രക്ഷാപ്രവർത്തനശ്രമം നടത്തി. എങ്കിലും തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റാതെ മരിച്ചു. ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ധീരമായ പരിശ്രമമായിരുന്നു.

വീരപാണ്ഡ്യ കട്ടബൊമ്മൻ

വീരപാണ്ഡ്യ കട്ടബൊമ്മന്റെ പൂർവ്വികർ ആന്ധ്ര സ്വദേശികൾ ആയിരുന്നു. 11 ാം നൂറ്റാണ്ടിൽ അവർ തമിഴ്നാട്ടിലേയ്ക്ക് കുടിയേറി. പാണ്ഡ്യരുടെ കീഴിലുണ്ടായിരുന്ന വീരപാണ്ഡ്യ പുരത്തെ ഭരിച്ചിരുന്നത് ജഗവീര പാണ്ഡ്യ കട്ടബൊമ്മൻ ആയിരുന്നു. പാഞ്ചാലം കുറിച്ചി ആയിരുന്നു വീരാണ്ഡ്യ പുരത്തിന്റെ തലസ്ഥാനം. പിന്നീട് നായക്കൻമാരുടെ ഭരണകാലത്ത് പാളയക്കാരിൽ ഒരാളായി മാറി. വീരപാണ്ഡ്യകട്ടബൊമ്മന്റെ ഭാര്യ ജക്കമ്മാൾ, സഹോദരൻമാർ ഊമത്തുരയും, സെവാത്തിയുമായിരുന്നു. ജഗവീര പാണ്ഡ്യനുശേഷം അദ്ദേഹത്തിന്റെ മകൻ വീരപാണ്ഡ്യ കട്ടബൊമ്മൻ പാളയക്കാരനായി.



വീരപാണ്ഡ്യ കട്ടബൊമ്മൻ

ആർക്കോട്ടിലെ നവാബ്

വിജയനഗരസാമ്രാജ്യത്തിന്റെ അധഃപതനത്തിനു ശേഷം മുഗർഭരണാധികാരികൾ തെക്കുഭാഗത്ത് ആധിപത്യം സ്ഥാപിച്ചു. കർണ്ണാടകയിലെ നവാബുമാർ അവരുടെ പ്രതിനിധികൾ ആയി പ്രവർത്തിച്ചു. പാഞ്ചാലം കുറിച്ചി പാളയം ആർക്കോട്ടിലെ നവാബായിരുന്നു ഭരിച്ചിരുന്നത്. അതുകൊണ്ട് നികുതികൾ കൊടുക്കാൻ സമ്മതിച്ചു. പക്ഷെ 1792-ൽ രാഷ്ട്രീയ സ്ഥിതി പൂർണ്ണമായി മാറ്റി. 1792 ലെ കർണ്ണാടിക് ഉടമ്പടിപ്രകാരം പാഞ്ചാലം കുറിഞ്ചിയിൽ നിന്നും നികുതികൾ ലഭിക്കാനുള്ള അവകാശം കമ്പനി നേടി. നികുതി പിരിവാണ് ഇംഗ്ലീഷുകാർക്കും കട്ടബൊമ്മനും തമ്മിലുണ്ടായ മത്സരത്തിനുള്ള പ്രധാന കാരണം.

കട്ടബൊമ്മനും ജാക്സണും തമ്മിലുള്ള സംഗമം

1798-ൽ രാമനാഥപുരം കളക്ടറായിരുന്ന കോളിൻ ജാക്സൺ നികുതി അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കട്ടബൊമ്മന് ഒരു കത്തെഴുതി. അതിനുമറുപടിയായി കട്ടബൊമ്മൻ രാജ്യത്തിലെ കടുത്ത ക്ഷാമം മൂലം നികുതി അടയ്ക്കാൻ പറ്റില്ല എന്ന് മറുപടി നൽകി. മറുപടി കേട്ട കളക്ടർക്ക് കടുത്ത ദേഷ്യം വരികയും കട്ടബൊമ്മനെ ശിക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നിരുന്നാലും മദ്രാസ് ഗവൺമെന്റ് കളക്ടറോട് പാളയക്കാരെയും രാമനാശപുരക്കാരെയും വിളിപ്പിച്ച് ഒരു ചർച്ച നടത്താൻ തീരുമാനിച്ചു.

1798 ൽ കട്ടബൊമ്മനും അദ്ദേഹത്തിന്റെ മന്ത്രിയായ ശിവസുബ്രഹ്മണ്യവും ചേർന്ന് രാമനാഥപുരം കളക്ടറെ കാണുകയും ചെയ്തു. കണക്കുകൾ പരിശോധിച്ചപ്പോൾ കട്ടബൊമ്മൻ കുടിശ്ശികമാത്രം പൂർണ്ണമായും അതായത് 1080 പഗോഡാസ് തന്നാൽ മതി എന്ന് തീരുമാനിച്ചതായി കോളിൻ ജാക്സൺ ബോധ്യപ്പെടുത്തി. കട്ടബൊമ്മനും കളക്ടർ ജാക്സണും തമ്മിലുള്ള അഭിമുഖത്തിന് കട്ടബൊമ്മനും അദ്ദേഹത്തിന്റെ മന്ത്രിയായ ശിവസുബ്രഹ്മണ്യനും മൂന്നു മണിക്കൂറോളം അഹങ്കാരിയായ കളക്ടറുടെ മുന്നിൽ നിൽക്കേണ്ടി വന്നു. കളക്ടർ അവരെ അപമാനിക്കുകയും അറസ്റ്റ് ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. കട്ടബൊമ്മൻ തന്റെ മന്ത്രിക്കൊപ്പം രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്തു. പെട്ടെന്ന് ഊമത്തുരെ കോട്ടയിൽ പ്രവേശിച്ച് ബൊമ്മന്റെ രക്ഷക്കെത്തി. എന്നാൽ നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ മന്ത്രിയായ ശിവസുബ്രഹ്മണ്യം തടവുകാരനായി.

എഡ്വേഡ് ക്ലൈവും കട്ടബൊമ്മനും

പാഞ്ചാലംകുറിച്ചിയ്ക്ക്കട്ടബൊമ്മൻവന്നതിനുശേഷം കളക്ടർ കോളിൻ ജാക്സന്റെ പെരുമാറ്റത്തേയും സ്വഭാവത്തേയും വിവരിക്കുന്ന ഒരു കത്ത് മദ്രാസ്സിലെ ഗവർണ്ണായിരുന്ന എഡ്വേഡ് ക്ലൈവിന് അയച്ചു. ഇതിന്റെ ഫലമായി കട്ടബൊമ്മനെ മദ്രാസ് കൗൺസിലിന് മുമ്പാകെ നേരിട്ട് ഹാജരാകാൻ മദ്രാസ്സ് ഗവർണ്ണർ നിർദ്ദേശിച്ചു. അതേസമയം എഡ്വേഡ് ക്ലൈവ് കട്ടബൊമ്മന്റെ മന്ത്രിയായ ശിവസുബ്രഹ്മണ്യനെ വിട്ടയയ്ക്കുകയും കളക്ടർ കോളിൻ ജാക്സനെ തള്ളിപ്പറയുകയും ചെയ്തു. കട്ടബൊമ്മൻ കൗൺസിലിനു മുമ്പാകെ ഹാജരാവുകയും കട്ടബൊമ്മൻ കുറ്റക്കാരനല്ല എന്ന് കത്തെഴുതുകയും ചെയ്തു. കളക്ടർ കോളിൻ ജാക്സെനെ അദ്ദേഹത്തിന്റെ പദവിയിൽ നിന്നും മാറ്റുകയും പകരം എസ്.ആർ ലൂഷിങ്ടൺനെ കളക്ടറായി നിയമിക്കുകയും ചെയ്തു.

ആക്കാലഘട്ടത്തിലെ പാളയക്കാരുടെ കൂട്ടായ്മ (സംഘം)

അക്കാലത്ത് ശിവഗംഗയിലെ മരുതുപാണ്ഡ്യൻ ബ്രിട്ടീഷുകാർക്കെതിരായി ദക്ഷിണേന്ത്യൻ സഖ്യം രൂപീകരിച്ചു. ഈ സഖ്യത്തിൽ പാളയക്കാരെയും ചേർത്തു. ഈ കൂട്ടായ്മ ഒരു പ്രഖ്യാപനം പുറ

VIII Std - History Malayalam Chapter 4.indd 37 26/01/2023 16:42:18

പ്പെടുവിച്ചു. ഈ പ്രഖ്യാപനം തിരുച്ചിറാപ്പള്ളി പ്രഖ്യാപനം എന്നു അറിയപ്പെടുന്നു. ഈ സഖ്യത്തിൽ കട്ടബൊമ്മൻ ചേർന്ന് വളരെയധികം ഉത്സാഹം കാണിച്ചു. ശിവഗിരിയെ സ്വാധീനിക്കാൻ അദ്ദേഹം ശ്രമിച്ചു എങ്കിലും കലാപകാരികളുമായി സഖ്യം ചേരാൻ വിസമ്മതിച്ചു. കട്ടബൊമ്മൻ ശിവഗിരിയിലേയ്ക്ക് നേരെത്തെതന്നെ എത്തിയിരുന്നു. പക്ഷേ ശിവഗിരിയിലെ പാളയക്കാരർ കമ്പനിയ്ക്ക് വേണ്ടപ്പെട്ടവരായിരുന്നു. അതുകൊണ്ട് കട്ടബൊമ്മന്റെ ദൗത്യവും അവരുടെ അധികാരത്തോടുള്ള വെല്ലുവിളിയായി കമ്പനി കണക്കാക്കുകയും ചെയ്തു. അതുകൊണ്ട് പാഞ്ചാലംകുറിച്ചിയിലേയ്ക്ക് സൈന്യത്തോട് മാർച്ച് നടത്താൻ ഉത്തരവിട്ടു.

പാഞ്ചാലംകുറിച്ചിയുടെ വീഴ്ച

മേജർ ബേനർമാൻ 1799 സെപ്റ്റംബർ 5ന് അദ്ദേഹത്തിന്റെ പടയാളികളുമായി പാഞ്ചാലംകുറിച്ചിയിലേക്ക് പോയി. അവർ കോട്ടയിലുള്ള എല്ലാ വാർത്താവിനിമയബന്ധങ്ങളും മാറ്റിക്കളഞ്ഞു. കല്ലാർപട്ടിയിലും ഈ വാർത്ത പരന്നു. ശിവസുബ്രഹ്മണ്യനെ തടവുകാരനായി കൊണ്ടുപോയി. കട്ടബൊമ്മൻ പുതുക്കോട്ടയിലേയ്ക്ക് രക്ഷപ്പെട്ടു. പുതുക്കോട്ടയിലെ രാജാവായ വിജയ്രഘുനാഥ തൊണ്ടയ്മാൻ കലാപ്പോരിലെ വനങ്ങളിൽ നിന്ന് കട്ടബൊമ്മനെ പിടിച്ച് കമ്പനിയെ ഏൽപ്പിച്ചു. പാഞ്ചാലംക്കുറിച്ചിയുടെ അധഃപതനത്തിനു ശേഷം ബാനർമേൻ തടവുകാരെ പാളയക്കാരരുടെ ഒരു സമ്മേളനത്തിലേയ്ക്ക് കൊണ്ടുവന്നു. വിചാരണയ്ക്ക് ശേഷം അവരെ വധശിക്ഷയ്ക്ക് വിധിച്ചു. നാഗലാപുരത്ത് വച്ച് ശിവസുബ്രഹ്മണ്യനെ വധശിക്ഷ നടപ്പിലാക്കി. ഒക്ടോബർ 16ന് വീരപാണ്ഡ്യ കട്ടബൊമ്മനെ കയത്താർ എന്ന സ്ഥലത്ത് വിളിച്ച് ഒരു നിയമസഭാ സമ്മേളനം കൂടി വിചാരണ നടത്തുകയുണ്ടായി. 1799 ഒക്ടോബർ 17 ന് കട്ടബൊമ്മനെ കയത്താർ കോട്ടയിൽ തൂക്കിക്കൊന്നു. കട്ടബൊമ്മന്റെ വീരധീര പ്രകടനങ്ങൾ നിരവധി നാടോടി നാടകങ്ങളുടെ വിഷയമാണ് അദ്ദേഹത്തിന്റെ ഓർമ്മകൾ ജനങ്ങൾക്കിടയിൽ ഇപ്പോഴും ജീവിക്കുന്നു.



വേലുനാച്ചിയാർ

വേലുനാച്ചിയാർ

വേലുനാച്ചിയാർ ശിവഗംഗയിലെ രാജ്ഞിയായിരുന്നു. വേലുനാച്ചിയാരിന്റെ 16-ാം മത്തെ വയസ്സിൽ ശിവലിംഗയിലെ രാജാവായ മുത്തുവടുഗനാഥർ വിവാഹം കഴിക്കുകയും ചെയ്തു. 1772-ൽ ആർക്കോട്ടിലെ നവാബും ബ്രിട്ടീഷ് സൈന്യവും ചേർന്ന് ശിവഗംഗയെ ആക്രമിച്ചു. കലൈയാർ കോവിൽ യുദ്ധത്തിൽ മുത്തുവടുഗനാഥർ കൊല്ലപ്പെട്ടു. വേലുനാച്ചിയാർ മകൾ വെള്ളച്ചി നാച്ചിയാർക്കൊപ്പം രക്ഷപ്പെട്ടു. ദിണ്ടുക്കൽക്കടുത്തുള്ള തിരുവാച്ചിയിൽ ഗോപാലനായക്കിന്റെ സംരക്ഷണയിലാണ് ജീവിച്ചിരുന്നത്. ഈ കാലയളവിൽ ബ്രിട്ടീഷുകാർ എവിടെയാണെന്ന് അറിയാൻ വേലുനാച്ചിയാർ ഒരു യജ്ഞാസംഘം സംഘടിപ്പിച്ചു. ആയുധധാരികളായ സംഘടനാ സംവിധാനങ്ങൾ ഏറ്റെടുത്തിരുന്ന ഒരു പട്ടാള സൈന്യത്തെ സംഘടിപ്പിച്ചു. വിശ്വസ്തരായ അനുയായിയായ വേലുനാച്ചിയാരുടെ സേനാധിപതിയായ കുയിലി ചാവേർ ആക്രമണം നടത്തി. മരുതു സഹോദരങ്ങളുടെ സഹായത്തോടെ ശിവഗംഗ വീണ്ടും തിരിച്ചു പിടിക്കുകയും ശിവഗംഗയിലെ രാജ്ഞിയായി വീണ്ടും കിരീടധാരണം ചെയ്യുകയും ചെയ്തു. ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ ആദ്യത്തെ രാജ്ഞിയായിരുന്നു. തമിഴിൽ വീരമങ്കൈ എന്നറിയപ്പെടുന്നു. ദക്ഷിണേന്ത്യയിൽ ത്ധാൻസി റാണി എന്നും അറിയപ്പെടുന്നു.

മരുതുസഹോദരൻമാർ



മരുതു സഹോദരൻമാർ

മരുതു സഹോദരന്മാർ മൂകിയ്യ പളനിയപ്പന്റെയും പൊന്നത്തലിന്റെയും മക്കളാണ്. ഇളയ സഹോദരൻ പെരിയമരുതു (വെള്ളമരുതു) ആണ്. മരുതു പാണ്ഡ്യൻമാരിൽ കീർത്തികേട്ടത് ചിന്ന മരുതു ആണ്. ചിന്നമരുതു. ശിവഗംഗയിലെ മുത്തുവടുഗനാഥ പെരിയ ഉദയദേവൻ (1750-1772) ന്റെ കീഴിൽ സേവനമനുഷ്ഠിച്ചിരുന്നു. 1772-ൽ ആർക്കോട്ടിലെ നവാബ് ശിവഗംഗയെ പിടിച്ചടക്കി. എന്നാൽ ഈ യുദ്ധത്തിൽ മുത്തുവടുഗനാഥ പെരിയഉദയദേവർ കൊല്ലപ്പെട്ടു. എന്നിരുന്നാലും ഏതാനും മാസങ്ങൾക്ക് ശേഷം ശിവഗംഗയെ മരുതു സഹോദരൻമാർ പിടിച്ചെടുത്തു. പെരിയമരുതു ഭരണാധികാരിയായി തീർന്നു. ചിന്നമരുതു ഉപദേശകനായി പ്രവർത്തിച്ചു. ബ്രിട്ടീഷുകാർക്കെതിരായ ഭീകരആക്രമണം മൂലം ശിവഗംഗയുടെ സിംഹം എന്നറിയപ്പെട്ടു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ ബ്രിട്ടീഷുകാർക്കെതിരായുള്ള പ്രക്ഷോഭങ്ങൾ നയിച്ചിരുന്നത് ദക്ഷിണേന്ത്യയിലെ മരുതുസഹോദരൻമാരാണ്.

സംഘർഷണത്തിനുള്ള കാരണങ്ങൾ

കട്ടബൊമ്മനെ തൂക്കിലേറ്റുകയും അദ്ദേഹത്തിന്റെ സഹോദരനായ ഊമതുരൈയും മറ്റുള്ളവരും ശിവഗംഗയിലേയ്ക്ക് പലായനം ചെയ്യുകയും ചെയ്തു. മരുതുപാണ്ഡ്യൻ അവരെ സംരക്ഷിക്കുകയും ചെയ്തു. എന്നാൽ വ്യാപാരികൾ കമ്പനിയുടെ ആഭ്യന്തര രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്നത് ശിവഗംഗയ്ക്ക് ഇഷ്ടമായില്ല. ഈ രണ്ടുകാരണങ്ങൾ കൊണ്ട് ശിവഗംഗക്കെതിരെ കമ്പനി യുദ്ധം നടത്തി.

ദക്ഷിണേന്ത്യയിലെ വിപ്ലവം (1800-1801)

1801 ഫെബ്രുവരിയിൽ കട്ടബൊമ്മന്റെ സഹോദരങ്ങളായ ഊമത്തുരൈയും സെവത്തിയയ്യനും പാളയം കോട്ടജയിലിൽ നിന്നും രക്ഷപ്പെട്ട് കാമുതി എന്ന സ്ഥലത്ത് എത്തി. ചിന്നമരുതു അവരുടെ തലസ്ഥാ

VIII Std - History Malayalam Chapter 4.indd 38 26/01/2023 16:42:18

നമായ സിറുവയലിലേയ്ക്ക് പോയി. അവിടെ അവർ അവരുടെ പൂർവ്വികകോട്ടയായ പാഞ്ചാലംകുറിച്ചിയെ പുനർനിർമ്മിച്ചു. കോളിൻമക്കാളയുടെ കീഴിലുള്ള ബ്രിട്ടീഷ് സൈന്യം ഏപ്രിലിൽ കോട്ട പുനർനിർമ്മിച്ചു. പാളയത്ത് സഹോദരൻമാർ ശിവഗംഗയിലേയ്ക്ക് അഭയം തേടുകയും ചെയ്തു. മരുതുപാണ്ഡ്യരോട് ഇംഗ്ലീഷുകാർ രക്ഷപ്പെടാൻ ആവശ്യപ്പെട്ടു എങ്കിലും അവർ നിരസിച്ചു. കേണൽ ആഗ്ന്യൂവും കേണൽ ഇൻസും ചേർന്ന് അവരെ എതിർക്കുകയും ചെയ്തു. പാളയക്കാരർ യുദ്ധം അതിന്റെ മുമ്പത്തെക്കാൾ പിന്നീട് വളരെ വിപുലമായാണ് നടന്നത്. ശിവ ഗംഗയിലെ മരുതുപാണ്ഡ്യൻ, ദിണ്ടുക്കല്ലിലെ ഗോപാ ലനായക്, മലബാറിലെ കേരളവർമ്മ, മൈസൂരിലെ കൃഷ്ണപ്പനായക്കും ദുണ്ടങ്കിയും ആയിരുന്നു ബ്രിട്ടീഷുകാർക്ക് എതിരെ യുദ്ധം പ്രഖ്യാപിച്ചത്.

തിരുച്ചിറാപ്പള്ളി പ്രഖ്യാപനം (1801)

മരുതുപാണ്ഡ്യൻ 1801 ജൂണിൽ സ്വാതന്ത്ര പ്രഖ്യാപനം പുറപ്പെടുവിച്ചു. ഈ പ്രഖ്യാപനത്തെ തിരുച്ചിറാപ്പള്ളി പ്രഖ്യാപനം എന്നു പറയുന്നു. 1801 ലെ പ്രക്ഷോഭമാണ് ബ്രിട്ടീഷുകാർക്കെതിരായി ഇന്ത്യക്കാർ ഒന്നിച്ചു ചേരുന്ന ആദ്യത്തെ പ്രഖ്യാപനം. തിരുച്ചിയിലെ കോട്ടയിൽ ആ പ്രഖ്യാപനത്തിന്റെ ഒരു പകർപ്പ് ഒട്ടിച്ചു വച്ചിരുന്നു. ശ്രീരംഗത്തിലെ വൈഷ്ണവക്ഷേത്രത്തിന്റെ ഭിത്തിയിൽ മറ്റൊരു പകർപ്പും ഒട്ടിച്ചിരുന്നു. ഇങ്ങനെ മരുതുസഹോദരൻമാർ എല്ലായിടത്തും ഇംഗ്ലീഷുകാർ ക്കെതിരെ എതിർപ്പ് പ്രകടിപ്പിച്ചു. തൽഫലമായി തമിഴ്നാട്ടിലെ ധാരാളം പാളയക്കാരർ ഇംഗ്ലീഷുകാർക്കെതിരായി ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി. ഇംഗ്ലീഷ് സൈന്യത്തെ വെല്ലുവിളിക്കാൻ ചിന്നമരുതു ഏകദേശം 20,000 പേരെ ശേഖരിച്ചു. ബംഗാൾ, സിലോൺ, മലയ എന്നിവിടങ്ങളിൽ നിന്നും ബ്രിട്ടീഷ് അധികൃതർ കൊള്ളയടിച്ചിരുന്നു. പുതുക്കോട്ട, ഏട്ടയം, തഞ്ചാവൂർ എന്നീ രാജകുടുംബങ്ങൾ ബ്രിട്ടീഷുകാരുടെ കീഴിലാണ്. ബ്രിട്ടീഷുകാർ പിൻതുടർന്നത് ഭിന്നിച്ച് ഭരിക്കുക എന്ന നയവും പാളയക്കാരുടെ ശക്തി ക്ഷയിപ്പിച്ചു.

ഇംഗ്ലീഷുകാർ ശിവഗംഗയെ കൂട്ടി ചേർക്കൽ

1801 മേയ്മാസത്തിൽ ഇംഗ്ലീഷുകാർ തഞ്ചാവൂ രിലേയും തിരുച്ചിയിലേയും ഉള്ള കലാപകാരികളെ ആക്രമിച്ചു. കലാപകാരികളെ പീരൻമലയിലും, കാളയർ കോവിലും കൊണ്ടുപോയി. അവർ വീണ്ടും ഇംഗ്ലീഷുകാരുടെശക്തിയാൽപരാജയപ്പെട്ടു.ഒടുവിൽ ബ്രിട്ടീഷ് സൈന്യം അതിശക്തമായ സൈനിക ശക്തിയും കഴിവുള്ള സേനകളും ഉള്ളതുകൊണ്ട് യുദ്ധത്തിൽ വിജയിച്ചു. 1801-ൽ വിപ്ലവകാരികൾ പരാജയപ്പെടുകയും ശിവഗംഗയെ കൂട്ടിച്ചേർക്കുകയും ചെയ്തു. 1801-ൽ ഒക്ടോബർ 24-ൽ രാമനാഥപുരം ജില്ലയിലെ തിരുപ്പത്തൂർ കോട്ടയിൽ വെച്ച് മരുതുസഹോദരൻമാരെ വധിക്കുകയുണ്ടായി. ഊമത്തുരെയെയും സെവത്തിയ്യായെയും പിടിക്കൂടി പാഞ്ചാലം കുറിച്ചിയ്ക്കരികിൽ 1801 നവംബർ 16 ന് ശിരച്ഛേദം ചെയ്തു. ഇതിൽ 73 വിപ്ലകാരികളെ വിചാരണ ചെയ്തു. മലയായിൽ പെനാങ്ങിലേയ്ക്ക് നാടുകടത്താൻ ശിക്ഷ വിധിച്ചു. പിന്നീട് ഇത് രാജകുമാരന്റെ താഴ്വര (പ്രിൻസ് ഓഫ് വെയിൻസ് ദ്വീപ്)എന്നു അറിയപ്പെട്ടു. അവർ തമിഴ്നാ ട്ടിലെ ദേശീയതയുടെ വിത്തുവിതയ്ക്കുന്നതിൽ അഗ്രഗണ്യൻമാരായിരുന്നു.അങ്ങനെദക്ഷിണേന്ത്യൻ കലാപം തമിഴ്നാടിന്റെ ചരിത്രത്തിലെ എടുത്തു പറയത്തക്ക ഒന്നാണ്. 1801 ജൂലായിൽ രണ്ടാം പാളയക്കാരർ യുദ്ധം എന്ന് ബ്രിട്ടീഷുകാർ രേഖപ്പെടുത്തി എങ്കിലും 1800-1180 ലെ വിപ്ലവം ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള കർണ്ണാട ഉടമ്പടിപ്രകാരം തന്നെ ബ്രിട്ടീഷുകാർ നേരിട്ട് നിയന്ത്രിക്കേണ്ടിയിരുന്നു. പാളയക്കാരർ സമ്പ്രദായം ഇല്ലാതാക്കി.

ധീരൻ ചിന്നമലൈ

ഈറോഡ് ജില്ലയിലെ ചെന്നിമലയ്ക്കടുത്ത് മേലപാളയത്താണ് ധീരൻ ചിന്നമലൈ ജനിച്ചത്. അദ്ദേഹത്തിന്റെ യഥാർത്ഥനാമധേയം തീർത്ഥഗിരി എന്നാണ്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി യുമായി ഏറ്റുമുട്ടിയതുകൊണ്ട് അദ്ദേഹം രാജ്യത്തിലെ പാളയക്കാരരായിരുന്നു. അദ്ദേഹം സേലം, കോയമ്പത്തൂർ, കരൂർ, ദിണ്ടുക്കൽ എന്നീ കൊങ്കുരാജ്യങ്ങൾ മധുരയിലെ നായക് സാമ്രാജ്യത്തിന്റെ ഭാഗമായി രൂപം പ്രാപിച്ചു. എങ്കിലും മൈസൂരിലെ വോഡയാർ ഭാഗത്തെ അവർ പിടിച്ചെടുത്തു. വോഡയാറിന്റെ വീഴ്ചയ്ക്കുശേഷം മൈസൂർ സഹിതം ഈ പ്രദേശങ്ങൾ മൈസൂർ സുൽത്താന്റെ നിയന്ത്രണത്തിൽ കീഴിലായി. മൂന്നും, നാലും മൈസൂർ യുദ്ധങ്ങൾക്ക് ശേഷം കൊങ്കുമേഖല മുഴുവൻ ഇംഗ്ലീഷുകാർക്ക് കൈമാറി.

ധീരൻചിന്നമലൈ ആധുനിക യുദ്ധപരിശീലന രീതികൾ ഫ്രഞ്ച് സൈന്യത്താൽ പരിശീലനം പ്രാപിച്ചിരുന്നു. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ക്കെതിരെ പോരാടുന്നതിന് ടിപ്പു സുൽത്താന്റെ വശത്തായിരുന്നു ധീരൻ ചിന്നമലൈ. ടിപ്പു സുൽത്താന്റെ മരണത്തിനു ശേഷം ഓടനിലയിൽ ഒരു കോട്ടപണിതു. അവിടെ ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടം തുടരാനായിരുന്നു അദ്ദേഹം ആഗ്രഹിച്ചത്. 1800-ൽ കോയമ്പത്തൂരിൽ ബ്രിട്ടീഷുകാരെ ആക്രമിക്കാൻ മറാത്തകളുടെയും, മരുതുപാ ണ്ഡ്യരുടെയും സഹായം തേടി. ബ്രിട്ടീഷുകാർ സഖ്യകക്ഷികളുടെ സൈന്യത്തെ തടഞ്ഞു നിർത്തി കോയമ്പത്തൂരിനെ ആക്രമിക്കാൻ ചിന്നമലൈ നിർബന്ധിതനായി. അദ്ദേഹത്തിന്റെ സൈന്യത്തെ തോൽപ്പിച്ച അദ്ദേഹം ബ്രിട്ടീഷ് സേന യിൽ നിന്നും രക്ഷപ്പെട്ടു. ചിന്നമലൈ ഗൊറില്ലാ യുദ്ധത്തിൽ ഏർപ്പെടുകയും കാവേരി, ഓഡനിലായ്, അറക്കലൂർ എന്നിവിടങ്ങളിൽ ബ്രിട്ടീഷുകാരെ തോൽപ്പിച്ചു.അന്തിമപോരാട്ടത്തിൽചിന്നമലൈതന്റെ പാചകക്കാരനാൽ ഒറ്റികൊടുക്കപ്പെട്ട് 1805-ൽ ശങ്കരഗിരികോട്ടയിൽ തൂക്കിക്കൊല്ലപ്പെട്ടു.

VIII Std - History Malayalam Chapter 4.indd 39 26/01/2023 16:42:18

വെല്ലൂർ വിപ്ലവം (1806)

നാലാം മൈസൂർ യുദ്ധത്തിനു ശേഷം ടിപ്പുവിന്റെ കുടുംബാംഗങ്ങൾ വെല്ലൂർ കോട്ടയിൽ തടവിലായി. ഹൈദർഅലിയും ടിപ്പും ചേർന്ന് ആയിരക്കണക്കിന് മുൻസേവകരും വെല്ലൂരിനു സമീപത്തെത്തി കഴിഞ്ഞിരുന്നു. അവരുടെ ഭൂമി മൈസൂർ പിടിച്ചെടുത്തു. അവർ അസന്തുഷ്ടരായിരുന്നതിനാൽ ഇംഗ്ലീഷുകാരെ അവർ വെറുത്തു.



വെല്ലൂർകോട്ട

വെല്ലൂർ കോട്ടയിൽ ഇന്ത്യൻ സേനയിൽ ഭൂരിഭാഗവും ഇന്ത്യൻ സേന ആയിരുന്നു. 1800 ഓളം പാളയക്കാരർ കലാപത്തെ തുടർന്ന് തിരുനെൽവേലിയിൽ വളർന്നു (ഉയർത്തപ്പെട്ടു). പാളയക്കാരുടെ പരിശീലനം നേടിയ പല സൈനീകരും ബ്രിട്ടീഷ് സൈന്യത്തിൽ പ്രവേശിപ്പിക്കപ്പെട്ടു. അങ്ങനെ വെല്ലൂർ കോട്ട ദക്ഷിണേന്ത്യയുടെ വിമത സൈന്യങ്ങളുടെ യോഗം നടത്തുന്നതിനായി മാറുകയും ചെയ്തു.

1803ൽ വില്ല്യം കേവൻഡിഷ് ബെൻഡിങ് മദ്രാസിലെ ഗവർണറായി മാറി. 1805-06 കാലഘട്ടത്തിൽ ചില സൈനിക നിയന്ത്രണങ്ങൾ കൊണ്ടു വന്നതും മദ്രാസ് കമാൻഡർ ഇൻചീഫ് സർജോൺ ക്രഡോക് നിർബന്ധിച്ചിട്ടായിരുന്നു. എന്നാൽ അവരെ ശല്യപ്പെടുത്താൻ വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിയതായി ശിപായിമാർ കരുതി.

കലാപത്തിനുള്ള കാരണങ്ങൾ

- പുതിയശിപായിമാർക്ക് കർശനമായി അച്ചടക്കം, പുതിയ ആയുധങ്ങൾ, പുതിയ രീതികൾ, യൂണിഫോമുകൾ എല്ലാം പുതിയതായിരുന്നു.
- ശിപായിമാരോട് മീശയും, താടിയും വയ്ക്കാൻ പാടില്ല എന്നു ആവശ്യപ്പെട്ടു.
- നെറ്റിയിൽ മതപരമായ അടയാളങ്ങൾ (മുദ്രകൾ) അണിയുന്നതിന് നിരോധിച്ചിരുന്നു.
- ഇന്ത്യൻ ശിപായിമാരെ തങ്ങളെക്കാൾ താഴ്ന്നവരായി ഇംഗ്ലീഷുകാർ കരുതി. വംശീയ മുൻ വിധികളും നിലവിൽ ഉണ്ടായിരുന്നു.

പെട്ടെന്നുണ്ടായ കാരണം

1806 ജൂൺ മാസത്തിൽ സൈനികമേധാവി അഗ്ന്യൂ ഒരു പുതിയ തലപ്പാവ് പ്രാബല്യത്തിൽ കൊണ്ടുവന്നു. അതിൽ ഒരു കുരിശിന്റെ അടയാളം ഉണ്ടായിരുന്നു. അതിനെ അഗ്നീവിന്റെ തലപ്പാവ് എന്നാണ് അറിയപ്പെടുന്നത്. എന്നാൽ ഇത് ഹിന്ദു മുസ്ലീം ശിപായിമാർ എതിർത്തു. അതിനാൽ ഇന്ത്യൻ ശിപായിമാരെ ഇംഗ്ലീഷുകാർ കഠിനമായി ശിക്ഷിച്ചു.

വിപ്ലവത്തിന്റെ ഗതി

ഇന്ത്യൻ സൈനികർ ഇംഗ്ലീഷ് സൈനികരെ ആക്രമിക്കാനുള്ള അവസരം കാത്തിരുന്നു. ടിപ്പുവിന്റെ കുടുംബം ഇതിൽ ഒരു ഭാഗമായിരുന്നു. ടിപ്പുവിന്റെ മൂത്തപുത്രനായ ഫത്തേഹൈദർ ഇംഗ്ലീഷുകാരുമായി ഒരു സഖ്യം ഉണ്ടാക്കാൻ ശ്രമിച്ചു. ജൂലൈ പത്താം തിയതി വ്യാഴാഴ്ച അതിരാവിലെ 23 മത് റെജിമെന്റുകളുമായ തദ്ദേശീയ ശിപായികൾ കലാപം ആരംഭിച്ചു. ഈ കലാപത്തിൽ കേണൽ ഫാൻകോർട്ട് അവരുടെ ആദ്യത്തെ ഇരയായി. കോട്ടയുടെ കവാടങ്ങൾ അടഞ്ഞു. ഇതിനിടെ കലാപകാരികൾ അവരുടെ പുതിയ ഭരണാധികാരിയെ നിശ്ചയിച്ചിരുന്നു. ബ്രിട്ടീഷുകാർ ഈ കോട്ടയിൽ എത്തിച്ചേർന്നു. ബ്രിട്ടീഷുകാരുടെ പതാക താഴെ ഇറങ്ങുകയും കടുവയുടെ വരയുള്ള ടിപ്പുവിന്റെ പതാക കോട്ടയിൽ ഉയരുകയും ചെയ്തു.

വിപ്ലവം അടിച്ചമർത്തൽ

വെല്ലൂർ കോട്ടയ്ക്ക് പുറത്തുണ്ടായിരുന്ന മേജർ കൂട്ട്സ് റാണി പേട്ടിയിലെത്തി ഗില്ലസ്പിയെ വിവരം അറിയിച്ചു. ഗില്ലസ്പി വിവരം അറിഞ്ഞ് കോട്ടയിൽ എത്തി. വിമത സൈന്യത്തോട് അദ്ദേഹം ആക്രമണം നടത്തി. ഈ കലാപം പൂർണ്ണമായും അടിച്ചമർത്തുകയും വിപ്ലവം പരാജയപ്പെടുകയും ചെയ്തു. വെല്ലൂരിൽ സമാധാനം പുനഃസ്ഥാപിച്ചു. ഈ വിപ്ലവത്തിൽ ആകെ 113 യൂറോപ്യൻമാരും 350 ശിപായികളും കൊല്ലപ്പെട്ടു. ഒരു ചെറിയ കാലയളവിൽ ഈ വിപ്ലവം അടിച്ചമർത്തപ്പെട്ടു. തമിഴ്നാട് ചരിത്രത്തിൽ ഒരു പ്രധാന സംഭവമായിരുന്നു വെല്ലൂർ കലാപം.

വെല്ലൂർ വിപ്ലവത്തിന്റെ ഫലങ്ങൾ

- പുതിയ രീതിയും, യൂണിഫോം നിയന്ത്രണങ്ങളും പിൻവലിച്ചു.
- മുൻകരുതൽ നടപടിയായി ടിപ്പുവിന്റെ കുടുംബത്തെ കൊൽക്കത്തയിലേക്കയച്ചു.
- വില്ല്യം കേവൻഡിഷ് ബെൻന്റിംഗിനെ അദ്ദേഹത്തിന്റെ സേവനത്തിൽ (പദവി) നിന്നും നീക്കം ചെയ്തു.

വെല്ലൂർ വിപ്ലവം പരാജയപ്പെടാനുള്ള കാരണം

- സൈനികർക്ക് ശരിയായ രീതിയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും നേതൃത്വം വഹിക്കുന്നതിനും ആരും ഉണ്ടായിരുന്നില്ല.

VIII Std - History Malayalam Chapter 4.indd 40 26/01/2023 16:42:19

- വിപ്ലവം നല്ല രീതിയിൽ സംഘടിപ്പിക്കപ്പെട്ടിരുന്നില്ല.
- ഇംഗ്ലീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയം ഇന്ത്യക്കാരുടെ ഐക്യത്തെ നഷ്ടപ്പെടുത്തി.

വി.ഡി. സവാർക്കർ 1806 ലെ വെല്ലൂർ കലാപം 1857 ലെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര സമരത്തിലേയ്ക്ക് വഴിതെളിയിച്ചു എന്ന് പറയുന്നു.

1857 ലെ വിപ്ലവം

ബ്രിട്ടീഷുകാരെ ഭീഷണിപ്പെടുത്തികൊണ്ട് ആദ്യകാല വിപ്ലവങ്ങൾ വിജയിച്ചിരുന്നില്ല. 1857 ലെ വിപ്ലവത്തെ കമ്പനിയിലേക്ക് കൊണ്ടുവരുവാൻ ബ്രിട്ടീഷുകാർ ആഗ്രഹിച്ചു. ജനസംഖ്യയിൽ വലിയൊരു വിഭാഗത്തിന് തങ്ങളുടെ ഭരണം അംഗീകരിക്കപ്പെട്ടില്ലെന്ന് ബ്രിട്ടീഷുകാർ കരുതി. 1857 ലെ വിപ്ലവത്തിന്റെ അതിന്റെ സ്വഭാവവും കോളനിവാഴ്ച നയവുമായിരുന്നു. വർഷങ്ങളായി ബ്രിട്ടീഷ് വിപുലീകരണ നയങ്ങൾ, സാമ്പത്തിക ചൂഷണം, ഭരണനിർവ്വഹണം, ആധുനികവത്ക്കരണം എന്നിവയെല്ലാം ഇന്ത്യൻ സംസ്ഥാനങ്ങളിലെ എല്ലാ ഭരണാധികാരിയുടെയും നിലപാടുകളെ പ്രതികൂലമായി ബാധിച്ചു.

വിപ്ലവത്തിനുള്ള കാരണങ്ങൾ

- 1857 ലെ കലാപത്തിന്റെ ഏറ്റവും പ്രധാന കാരണം ഇന്ത്യയെ സാമ്പത്തിക ചൂഷണം ചെയ്യുന്ന ബ്രിട്ടീഷ് നയത്തിന്റെ ജനകീയ അസംതൃപ്തിയായിരുന്നു. ഇത് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും വേദനിപ്പിച്ചു. കർശനമായ വരുമാന ശേഖരണനയം ഉയർന്ന വരുമാന ചെലവുകൾ (ആവശ്യങ്ങൾ) മൂലം കർഷകർ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു.
- ദത്തപഹാരനയം, കൂട്ടിച്ചേർക്കൽ നയം മാത്രമല്ല ഫലപ്രദമായ നിയന്ത്രണനയങ്ങൾ ജനങ്ങൾക്കിടയിൽ അസംതൃപ്തി ഉളവാക്കി. കൂട്ടിചേർക്കൽ നയംമൂലം ഔധിനെ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ചേർത്തത് ആശ്ചര്യഭരിതമായ വിശ്വസ്ഥത മൂലമാണ്.
- ക്രിസ്ത്യൻ മിഷണറിമാരുടെ പരിവർത്തന പ്രവർത്തനങ്ങൾ സംശയാസ്പദമായ രീതിയിൽ ആയിരുന്നു. ബ്രിട്ടീഷുകാർക്കെതിരെയുള്ള അവരുടെ അസംതൃപ്തിയും പുരോഹിതൻമാരും മൗലാവികളും പ്രകടമാക്കി.
- സതി, പെൺശിശുഹത്യ, വിധവാപുനർവിവാഹം, സ്ത്രീവിദ്യാഭ്യാസം എന്നീ ഇന്ത്യൻ സംസ്കാരത്തിൽ യൂറോപ്യൻമാരുടെ ഇടപെടൽ.
- ഇന്ത്യൻ ശിപായികളെ താഴ്ന്നവരായി കരുതിയിരുന്നു. മാത്രമല്ല ഇന്ത്യൻ സൈനികർക്ക് ബ്രിട്ടീഷുകാരുടെ അപമാനം സഹിക്കേണ്ടിവന്നു. ബ്രിട്ടീഷ് സൈനികരെക്കാൾ വളരെ കുറച്ചു വേതനമേ ഇന്ത്യൻ സൈനികർക്ക് നൽകിയിരുന്നുള്ളൂ. എല്ലാ ഉയർന്ന പദവിയിൽനിന്നും ഇന്ത്യക്കാരെ ഒഴിവാക്കി ബ്രിട്ടീഷ് സൈനികർക്ക് വേണ്ടി ഒതുക്കി വച്ചിരുന്നു.

ഉടനടി കാരണം

ബ്രിട്ടീഷുകാർ പുതിയ എൻഫീൽഡ് തോക്കുകൾ പ്രചാരത്തിൽ കൊണ്ടുവന്നതാണ് വിപ്ലവത്തിന് പെട്ടെന്നുണ്ടായ കാരണം. ഈ തോക്കുകളുടെ തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയിരുന്നു. തോക്ക് നിറയ്ക്കുന്നതിന് മുമ്പായി അവയെ പൊതിഞ്ഞിരിക്കുന്ന ആവരണത്തെ കടിച്ച് തുറക്കേണ്ടുന്നതാണ്. ഈ തോക്കുകളെ ഉപയോഗിക്കുന്നതിന് ഹിന്ദുക്കളും, മുസ്ലീങ്ങളുമായ സൈനികർ വിസമ്മതിച്ചു. പശുവിനെ പുണ്യമായി കരുതുന്ന ഹിന്ദുക്കളുടെയും പന്നിയെ നീചമായി കരുതി വെറുക്കുന്ന മുസ്ലീങ്ങളുടെയും മതവികാരത്തെ വ്രണപ്പെടുത്തുന്നതിനുള്ള നടപടിയായി സൈനികർ ഇതിനെ കരുതി.

കലാപം പൊട്ടിപ്പുറപ്പെടുന്നത്



മംഗൽപാണ്ഡേ

1857 മാർച്ച് 29 ന് കൊൽക്കത്തയ്ക്കു സമീപമുള്ള ബാരക്പൂരിൽ മംഗൽപാണ്ഡേ എന്ന ബംഗാൾ റെജിമെന്റിലെയു ബ്രഹ്മണ സൈനികൻ കൊഴുപ്പുപുരട്ടിയ തിര ഉപയോഗിക്കാൻ വിസമ്മതിച്ച നിർന്ധിച്ച മേലുദ്ദ്യോഗസ്ഥനെ വെടിവച്ച് കൊന്നു. ബ്രിട്ടീഷുകാർ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് വിചാരണയ്ക്കുശേഷം വധിക്കുകയും ചെയ്തു. ഈ വാർത്ത പ്രചരിച്ചതോടെ ഇന്ത്യൻ ശിപായികൾ വിവിധ സ്ഥലങ്ങളിൽ പ്രക്ഷോഭം ആരംഭിച്ചു.

വിപ്ലവത്തിന്റെ ഗതി

1857 മേയ് 10 ന് മീററ്റിൽ വച്ച് തുറന്ന പ്രക്ഷോഭത്തിൽ ഏർപ്പെട്ടു. പ്രക്ഷോഭകർ ജയിൽ തകർത്ത് തടവുകാരായ തങ്ങളുടെ സഖാക്കളെ മോചിപ്പിച്ചു. 11 ഉം 20 തദ്ദേശീയ ശിപായികളും ചേർന്ന് ഇംഗ്ലീഷ് ഉദ്ദ്യോഗസ്ഥരെ വധിക്കുകയും ഡൽഹിയിലേക്ക് പ്രവേശിച്ച് അതിനെ അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്തു. മെയ് 11 ന് ഡൽഹിയിൽ മീററ്റ് ശിപായിമാരുടെ വരവോടെ ബഹദൂർഷാ രണ്ടാമനെ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. മഹത്തായ കലാപത്തിന്റെ കേന്ദ്രമായി ഡൽഹി മാറുകയും ചെയ്തു ഇതിന്റെ പ്രതീകമാണ് ബഹദൂർഷാ.

VIII Std - History Malayalam Chapter 4.indd 41 26/01/2023 16:42:19



വിപ്ലവം, വേഗത്തിൽ വ്യാപിച്ചു. ലക്നൗ, കാൺപൂർ, ഝാൻസി, ബറേലി, ബീഹാർ ഫൈസാബാദ് മാത്രമല്ല മദ്ധ്യ ഇന്ത്യയിലെ വേറെ പലപ്രദേശങ്ങളിലും പരന്നു. നിരവധി ഭൂപ്രഭുക്കൻമാരുടെ പട്ടയങ്ങൾ (രേഖകൾ) കത്തിക്കുന്നതിനും അവർ നല്ല ഒരു അവസരം കണ്ടെത്തി. ഇന്ത്യക്കാരോട് പ്രതികാരം ചെയ്യാൻവേണ്ടി അവരുടെ പെൻഷൻ ബ്രിട്ടീഷുകാർ നിർത്തലാക്കി.

കലാപത്തെ അടിച്ചമർത്തൽ

ഗവർണർ ജനറലായ കാനിംഗ് കലാപത്തെ അടിച്ചമർത്താൻ അടിയന്തരനടപടി സ്വീകരിച്ചു. അദ്ദേഹം സൈന്യങ്ങളെ മദ്രാസ്, ബോംബെ, ശ്രീലങ്ക, ബർമ്മ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചു. ബ്രിട്ടീഷുകാരെ കൊൽക്കത്തയിലേക്ക് അയയ്ക്കാൻ വേണ്ടി ബ്രിട്ടീഷുകാർ തന്റെ സ്വന്തം ദൗത്യം ഏറ്റെടുത്തു. വിശ്വസ്തരായ സിക്ക് സൈന്യത്തെ ഡൽഹിയിലേയ്ക്ക് കൊണ്ടുപോകാൻ വേഗം ആഹ്വാനം ചെയ്തു. ബ്രിട്ടീഷുകാർ തങ്ങൾക്ക് നഷ്ടപ്പെട്ട സ്ഥാനങ്ങൾ വളരെ വേഗം വീണ്ടെടുത്തു.

1857 സെപ്റ്റംബർ 20ന് ജനറൽ ജോൺ നിക്കോൾസൺ ഡൽഹി തിരിച്ചു പിടിക്കുകയും ബഹദൂർഷാ രണ്ടാമനെ നാടുകടത്തുകയും ചെയ്തു. അവിടെ അദ്ദേഹം 1862ൽ മരണമടഞ്ഞു

VIII Std - History Malayalam Chapter 4.indd 42 26/01/2023 16:42:19



മദ്ധ്യ ഇന്ത്യയിലെ പ്രക്ഷോഭം.
മദ്ധ്യ ഇന്ത്യയിലെ പ്രക്ഷോഭത്തിന് നേതൃത്വം വഹിച്ചത് ഝാൻസിയിലെ റാണി ലക്ഷ്മിബായും കാൺപൂരിൽ നിന്നും വന്ന താന്തിയാ തോപ്പിയുമാണ്. രണ്ടുപേരും വളരെ ശക്തമായി പോരാടി. റാണിലക്ഷ്മിഭായി പുരുഷവേഷം ധരിച്ച് വളരെ ശക്തമായി എതിർത്ത് ഗ്വാളിയാറിനെ പിടിച്ചെടുത്തു. 1858 ജൂൺ മാസത്തിൽ ഝാൻസിറാണി യുദ്ധക്കളത്തിൽ കൊല്ലപ്പെട്ടു. താന്തിയാതോപ്പി രക്ഷപ്പെടാൻ ശ്രമിച്ചു എങ്കിലും ബ്രിട്ടീഷുകാർ അദ്ദേഹത്തെ പിടികൂടുകയും വധിക്കുകയും ചെയ്തു.

കാൺപൂരിനെ വീണ്ടെടുത്ത സൈനിക പ്രവർത്തനങ്ങൾക്ക് ലക്നൗ വീണ്ടെടുക്കലുമായി അടുത്ത ബന്ധമുണ്ട്. സർ കോളിൻ കാംബെൽ കാൺപൂർ പിടിച്ചെടുത്തു. നാനാ സാഹിബ് പരാജയപ്പെട്ട് നേപ്പാളിലേക്ക് രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ അടുത്ത മിത്രമായിരുന്ന താന്തിയാത്തോപ്പിയും മദ്ധ്യ ഇന്ത്യയിലേക്ക് രക്ഷപ്പെട്ടു. യുദ്ധ സ്ഥലത്ത് വച്ച് ഝാൻസിറാണി മരിച്ചു. ഖാൻവർസിംഗ്, ഖാൻ ബഹദൂർഖാൻ എന്നിവരാണ് മരിച്ചത്. ബീഗം നേപ്പാളിൽ ഒളിക്കാൻ നിർബന്ധിതരായി. അവസാനം ആ കലാപം അടിച്ചമർത്തപ്പെട്ടു. 1859 അവസാനമായപ്പോഴേയ്ക്കും ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരം പൂർണ്ണമായും പുനഃസ്ഥാപിച്ചു.

വിപ്ലവം നടന്ന സ്ഥലങ്ങൾ	ഇന്ത്യയിലെ നേതാക്കൻമാർ	ഈ കലാപത്തെ അടിച്ചമർത്തിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ
ഡൽഹി	ബഹദൂർഷാ II	ജോൺ നിക്കൽസൺ
ലക്നൗ	ബീഹംഹസ്റത്ത്മഹൽ	ഹെൻട്രിലാറൻസ്
കാൺപൂർ	നാനാസാഹിബ്	സർകോളിൻ ക്യാംബൽ
ഝാൻസി ഗ്വാളിയാർ	ലക്ഷ്മിഭായ് താന്തിയാത്തോപ്പി	ജനറൽ ഹൂഗ്റോസ്
ബറേലി	ഖാൻബഹദൂർഖാൻ	സർകോളി ക്യാംബൽ
ബിഹാർ	കാൻവർസിംഗ്	വില്ല്യം ടെലർ

വിപ്ലവം പരാജയപ്പെടാനുള്ള കാരണങ്ങൾ

വിപ്ലവം പരാജയപ്പെടാൻ ധാരാളം കാരണങ്ങൾ ഉണ്ട്.

- സംഘടനകളുടെ അഭാവം, അച്ചടക്കം, പൊതുവായ പദ്ധതി, കേന്ദ്രീകൃത നേതൃത്വം, ആധുനിക ആയുധങ്ങൾ, സാങ്കേതിക വിദ്യ എന്നിവയുടെ കുറവ് ഉണ്ടായിരുന്നു.
- ഇന്ത്യൻ പ്രക്ഷോഭനേതാക്കൻമാരായ നാനാസാഹിബ്, താന്തിയാതോപ്പി, റാണിലക്ഷ്മീഭായ് എന്നിവർ ഇംഗ്ലീഷ് സൈന്യാധിപൻമാർക്ക് തതുല്യമായ കഴിവുള്ളവരായിരുന്നില്ല.
- ബംഗാൾ, ബോംബേ, മദ്രാസ്, ദക്ഷിണേന്ത്യ പഞ്ചാബ്, രജപുട്ടാന എന്നീ പ്രദേശങ്ങൾ പങ്കെടുത്തില്ല.
- ബ്രിട്ടീഷ് ഭരണത്തിന് മാത്രമേ ഇന്ത്യൻ സമൂഹത്തെ പരിഷ്കരിക്കുവാനും ആധുനീവത്ക്കരിക്കാനും കഴിയുമെന്ന് വിശ്വസിച്ച ആധുനിക വിദ്യാസമ്പന്നരായ ഇന്ത്യാക്കാർ കലാപത്തെ പിൻതുണച്ചില്ല.
- ബ്രിട്ടീഷുകാർ സിക്കുകാരുടെയും, അഫ്ഖാനി സ്ഥാന്റെയും ഗുർഖാവിഭാഗങ്ങളുടെയും സഹായം നേടുകയും ചെയ്തു. ഗുർഖാസ് ഈ വിപ്ലവത്തിൽ ബ്രിട്ടീഷുകാരെ സഹായിച്ചു.
- ബ്രിട്ടീഷുകാർക്ക് മികച്ച ആയുധങ്ങളും മികച്ച ജനറൽമാരും, നല്ല സംഘടനശക്തിയും ഉണ്ടായിരുന്നു.

വിപ്ലവത്തിന്റെ അനന്തരഫലങ്ങൾ

- 1857 ലെ കലാപത്തിന്റെ പ്രതിസന്ധികളും പ്രത്യാഘാതങ്ങളും ഇന്ത്യൻ ചരിത്രത്തിന്റെ വഴിതിരിവാണ്.
- 1858 ലെ മഹാ റാണിയുടെ വിളംബരപ്രകാരം ഇന്ത്യയുടെ ഭരണസംവിധാനം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ കൊണ്ടുവന്നു.
- ഇന്ത്യയിലെ ഗവർണ്ണർ ജനറൽ വൈസ്രോയ് എന്ന പേരിൽ അറിയപ്പെട്ടു.
- ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയുടെ ഭരണചുമതലയുള്ള മന്ത്രിയുടെ കാര്യാലയം രൂപീകരിക്കപ്പെട്ടു അദ്ദേഹത്തെ സഹായിക്കുന്നതിന് വേണ്ടി 15 അംഗങ്ങളുള്ള ഒരു ഇന്ത്യാ കൗൺസിൽ ഏർപ്പെടുത്തപ്പെട്ടു.
- ഇന്ത്യൻ സേന പൂർണ്ണമായി പുനഃ സംഘടിപ്പിക്കപ്പെട്ടു. സൈന്യത്തിൽ ഇംഗ്ലീഷുകാരുടെ എണ്ണത്തെ വർദ്ധിപ്പിച്ചു.
- ബ്രിട്ടീഷ് സൈനികനയം ഭിന്നതയും പ്രതിരോധവും എന്നീ ആശയത്തിൽ ആധിപത്യം പുലർത്തി.

സത്യത്തിൽ ഇന്ത്യൻ ജനതയെ ഒരുമിച്ച് കൊണ്ടുവരുന്നതിനും ഒരു രാജ്യത്തിലെ ജനങ്ങളുടെ ദേശീയബോധത്തെ പകരുന്നതിനും 1857 ലെ വിപ്ലവം ഒരു പ്രധാന പങ്കുവഹിച്ചു. ഈ കലാപം ജനങ്ങൾക്ക് ആധുനിക ദേശീയ പ്രസ്ഥാനങ്ങൾ ഉദയം കൊള്ളുന്നതിന് വഴി തെളിച്ചു. 1857 ലെ വിപ്ലവത്തെ ദേശീയ സ്വാതന്ത്ര്യയുദ്ധമായി വ്യാഖ്യാനിച്ച് സവാർക്കർ, ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്ന അയാൾ എഴുതിയ പുസ്തകത്തിൽ രേഖപ്പെടുത്തിയീട്ടുണ്ട്.

VIII Std - History Malayalam Chapter 4.indd 43 26/01/2023 16:42:19

പാഠസംഗ്രഹം

- വിജയ നഗരഭരണാധികാരികൾ അവരുടെ പ്രവിശ്യകളിൽ നായക്കൻമാരെ നിയമിച്ചു.
- പാളയക്കാരെ മധുരയിലെ നായക്കൻമാർ നിയമിച്ചു.
- ഈ പ്രക്ഷോഭത്തിന്റെ ഫലമായി നികുതികൾ ശേഖരിക്കേണ്ടുന്ന അവകാശം ബ്രിട്ടീഷുകാർക്ക് ലഭിച്ചു.
- ബ്രിട്ടീഷുകാരും കട്ടബൊമ്മനും തമ്മിലുണ്ടായ മത്സരത്തിന്റെ പ്രധാനകാരണം നികുതി പിരിവാണ്.
- മുകയ്യ പളനിയപ്പൻ, പൊന്നാത്താൾ എന്നിവരുടെ മക്കളാണ് മരുതുസഹോദരൻമാർ.
- ധീരൻ ചിന്നമലൈ ഫ്രഞ്ചുകാരിൽ നിന്നും ആധുനിക യുദ്ധപരിശീലനം നേടിയിരുന്നു.
- ടിപ്പുസുൽത്താൻ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുമായി യുദ്ധം ചെയ്തു.
- 1887 ലെ വിപ്ലവത്തിലെ പ്രമുഖനേതാക്കളിൽ റാണി ലക്ഷ്മിബായി ഏറ്റവും മികച്ചതും ധീരതയും ഉള്ളവളുമായിരുന്നു.

പദപരിചയം

Beheaded	hanged to death	തൂക്കിലിടുക
Betrayed	give away information about somebody	വഞ്ചിക്കുക
Cartridge	bullet	വെടിയുണ്ടകൾ
Eventually	in the end	ഒടുവിൽ
Infantry	an army unit consisting of soldiers who fight on foot	കാലാൾപ്പട
Tribute	payment made periodically by one state	നികുതി
Swarm	crowd	ആയുധം

അഭ്യാസം

NC7BS

I. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക:

1. പാളയക്കാരർ സമ്പ്രദായം ഏർപ്പെടുത്തിയ വർഷം_____.
   a) 1519 b) 1520
   c) 1529 d) 1530

2. താഴെപ്പറയുന്നവരിൽ ഇംഗ്ലീഷ് ഭരണത്തിനെതിരായി പോരാടിയ തമിഴ്നാട്ടിലെ പാളയക്കാരർ_____.
   a) പുലിത്തേവർ
   b) യൂസഫ്ഖാൻ
   c) കട്ടബൊമ്മൻ
   d) മരുതുസഹോദരൻമാർ

3. കോളിൻ ജാക്സൺ_____ലെ കളക്ടർ.
   a) മധുര b) തിരുനെൽവേലി
   c) രാമനാഥപുരം d) തൂത്തുക്കുടി

4. വീരപാണ്ഡ്യ കട്ടബൊമ്മനെ തൂക്കിക്കൊന്ന കോട്ട
   a) പഞ്ചാലംകുറിച്ചി b) ശിവഗംഗ
   c) തിരുവത്തൂർ d) കയത്താർ

5. വേലുനാച്ചിയാർ ഏത് സ്ഥലത്തെ റാണിയാണ്
   a) നാഗലപുരം b) ശിവഗിരി
   c) ശിവഗംഗ d) വിരുപ്പാച്ചി

6. തിരുച്ചിറാപ്പള്ളി പ്രഖ്യാപനം പുറപ്പെടുവിക്കപ്പെട്ടത്.
   a) മരുതുപാണ്ഡ്യൻമാർ
   b) കൃഷ്ണപ്പനായക്
   c) വേലുനാച്ചിയാർ
   d) ധീരൻചിന്നമലൈ

7. താഴെപ്പറയുന്ന സ്ഥലങ്ങളിൽ ചിന്നമലൈയുമായി ബന്ധമുള്ളത്
   a) ദിണ്ടുക്കൽ
   b) നാഗലപുരം

VIII Std - History Malayalam Chapter 4.indd 44 26/01/2023 16:42:19

c) പുതുക്കോട്ട
d) ഓടനിലൈ

8. റാണിലക്ഷ്മീഭായിയുടെ നേതൃത്വത്തിൽ നടന്ന കലാപം _____.
a) മദ്ധ്യഇന്ത്യ b) കാൺപൂർ
c) ഡൽഹി d) ബറേലി

II. പൂരിപ്പിക്കുക:

1. കിഴക്കൻപാളയം _____ ന്റെ നിയന്ത്രണത്തിലായിരുന്നു.
2. വിശ്വനാഥനായക്കർ മന്ത്രിയുടെ ആലോചനയുമായി ബന്ധപ്പെട്ട് പാളയക്കാരർ സമ്പ്രദായത്തെ _____ ഏർപ്പെടുത്തി.
3. കട്ടബൊമ്മന്റെ പൂർവ്വികർ _____.
4. ദക്ഷിണേന്ത്യയിലെ ഝാൻസി റാണി വീരമങ്കൈ, _____ എന്നീ തമിഴ് പേരുകളിൽ അറിയപ്പെടുന്നു.
5. _____ ശിവഗംഗയുടെ സിംഹം എന്നറിയപ്പെടുന്നു.
6. _____ 1857 ലെ വിപ്ലവത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ആദ്യയുദ്ധം എന്ന നിലയിൽ വിവരിക്കുന്നുണ്ട്.

III. യോജിപ്പിക്കുക:

1.	ഡൽഹി	കർവർസിംഗ്
2.	കാൺപൂർ	ഖാൻബഹദൂർഖാൻ
3.	ഝാൻസി	നാനാസാഹിബ്
4.	ബറേലി	ലക്ഷ്മിഭായ്
5.	ബീഹാർ	ബഹദൂർഷാരണ്ടാമൻ

IV. ശരിയോ? തെറ്റോ?

1. വിജയനഗരഭരണാധികാരികൾ അവരുടെ പ്രവിശ്യകളിൽ നായക്കൻമാരെ നിയമിച്ചു.
2. മരുതുപാണ്ഡ്യരുടെ മന്ത്രിയായിരുന്നു ശിവസുബ്രഹ്മണ്യൻ.
3. 1799 ഒക്ടോബർ 16 ാം തിയതി കട്ടബൊമ്മനെ തൂക്കിലേറ്റി
4. ടിപ്പുസുൽത്താന്റെ മൂത്തപുത്രൻ ഫത്തേ ഹൈദർ ആയിരുന്നു.

V. താഴെപ്പറയുന്ന പ്രസ്താവനകൾ പരിശോധിച്ച് ഉചിതമായ ഉത്തരത്തിൽ (✓) ചെയ്യുക:

i) വെല്ലൂർ കലാപം 1801 ൽ നടന്നു.
ii) ടിപ്പുവിന്റെ കുടുംബാംഗങ്ങൾ നാലാം മൈസൂർ യുദ്ധത്തിനുശേഷം വെല്ലൂർ കോട്ടയിൽ തടവിലായി.
iii) വെല്ലൂർകലാപ സമയത്ത് മദ്രാസിലെ ഗവർണ്ണർ വില്ല്യം ബെന്റിക് പ്രഭു ആയിരുന്നു.
iv) ബ്രിട്ടീഷുകാർക്കെതിരെയുള്ള വെല്ലൂരിലെ കലാപത്തിന്റെ വിജയമായിരുന്നു ഇന്ത്യയുടെ ചരിത്രത്തിലെ പ്രധാന സംഭവം.
a) i & ii ശരി
b) ii & iv ശരി
c) ii & iii ശരി
d) i, ii & iv ശരി

a) തെറ്റായ ജോഡി കണ്ടെത്തുക:

1. മരുതുപാണ്ഡ്യർ - എട്ടയപുരം
2. ഗോപാലനായക് - ദിണ്ടുക്കൽ
3. കേരളവർമ്മ - മലബാർ
4. ധൂണ്ഡജി - മൈസൂർ

b) വിശേഷമായവരെ കണ്ടെത്തുക:

കട്ടബൊമ്മൻ, ഊമത്തുരൈ, സെവത്തയ്യ, ടിപ്പുസുൽത്താൻ.

VI. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക:

1. പാളയക്കാരരെകുറിച്ച് നിങ്ങൾക്കെന്തറിയാം. അവരിൽ ചിലരുടെ പേരെഴുതുക.
2. പാളയക്കാരർ കലാപത്തിൽ വേലുനാച്ചിയാരുടെ പങ്കെന്ത്?
3 ദക്ഷിണേന്ത്യയിലെ വിപ്ലവത്തിൽ പാളയക്കാരരുടെ സംഘത്തിലെ മുഖ്യനേതാക്കൾ ആരാണ്?
4. തിരുച്ചിറാപ്പള്ളി പ്രഖ്യാപനത്തിന്റെ പ്രാ ധാന്യം എന്താണ്?
5. വെല്ലൂർ വിപ്ലവത്തിന്റെ പ്രത്യാഘാതങ്ങൾ എഴുതുക.
6. 1857 ലെ കലാപത്തിന്റെ പെട്ടെന്നുള്ള കാരണമെന്താണ്?

VII. വിശദമായി ഉത്തരമെഴുതുക:

1. പുലിത്തേവരിനെ കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
2. ധീരൻചിന്നമലൈയും ബ്രിട്ടീഷുകാരും തമ്മിലുള്ള സംഘർഷത്തിന് കാരണമായ സംഭവങ്ങളെ വിവരിക്കുക.
3. 1857 ലെ വിപ്ലവത്തിന്റെ കാരണങ്ങൾ ഏവ?
4. 1857 ലെ വിപ്ലവം പരാജയപ്പെടാനുള്ള കാരണങ്ങൾ ഏവ?

VIII Std - History Malayalam Chapter 4.indd 45 26/01/2023 16:42:19

VIII. ഉയർന്ന ചിന്താ വിഷയം:

1857 ലെ പ്രക്ഷോഭത്തിൽ പങ്കെടുത്ത നേതാക്കൾക്ക് ഒരു പൊതുവായ ഉദ്ദേശവും ഉണ്ടായിരുന്നില്ലെന്ന് തെളിയിക്കുക.

IX. ഭൂപടപരിചയം:

ഇന്ത്യാ ഭൂപടത്തിൽ 1857 ലെ കലാപത്തിലെ താഴെപ്പറയുന്ന പ്രധാന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.

1) ഡൽഹി
2) ലക്നൗ
3) മീററ്റ്
4) ബാരക്പൂർ
5) ഝാൻസി
6) ഗ്വാളിയാർ
7) കാൺപൂർ

X. പ്രവർത്തന പദ്ധതികൾ:

പാളയക്കാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

REFERENCE BOOKS

1. Rajayyan, K. - *South Indian rebellion : The First War of Independence 1800-1801,* Mysore : Rao and Raghavan, Mysore 1971
2. Bipan Chandra - *History of Modern India,* Orient Blackswan Private Limited 2018
3. Ishita Banerjee-Dube - *A History of Modern India,* Cambridge University Press 2014

INTERNET RESOURCES

https://www.britannica.com

https://www.ducksters.com/

https://en.wikipedia.org/wiki/Vellore_mutiny

https://en.wikipedia.org/wiki/Indian_Rebellion_of_1857

VIII Std - History Malayalam Chapter 4.indd 46 26/01/2023 16:42:20

യൂണിറ്റ് - 5

ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതി



പഠനലക്ഷ്യങ്ങൾ

- ഇന്ത്യയിലെ പുരാതന വിദ്യാഭ്യാസ സാമ്പ്രദായത്തെക്കുറിച്ച് അറിയുക
- മാധ്യകാല നവീന ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് മനസ്സിലാക്കുക.
- ബ്രിട്ടിഷ് ഭരണകാലത്തെ വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് വിശകലനം ചെയ്യുക.
- ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.
- തമിഴ് നാട്ടിലെ വിദ്യാഭ്യാസ പുരോഗതി മനസ്സിലാക്കുക.

EGSYB

അറിവാണ് മനുഷ്യന്റെ തൃക്കണ്ണ്

ആമുഖം

വിദ്യാഭ്യാസം എന്നാൽ അറിവും, കഴിവും, മൂല്യവും സമ്പാദിക്കുകയും പങ്കിടുകയും ചെയ്യുന്ന തുടർച്ചയായ പ്രക്രീയയാണ്. പുരോഗമന സമൂഹത്തിന്റെ അടിത്തറയായി വിദ്യാഭ്യാസം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഉത്തരവാദിത്തമുള്ള ആളുകളെ രൂപപ്പെടുത്തുന്നതിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു. നാം ജീവിക്കുന്ന ലോകം നിരന്തരമായി മാറുകയും പുരോഗമിക്കുകയും ചെയ്യുന്നു. അതിനാൽ വെല്ലുവിളികളെ നേരിടുന്നതിനും പ്രതിബന്ധങ്ങളെ മറികടക്കുന്നതിനും നാം നന്നായി വിദ്യാഭ്യാസം നേടുകയും മാനവ വികസന പ്രക്രീയയിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് അറിയുകയും വേണം. ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ യുഗങ്ങളിലൂടെ നമ്മുക്ക് പഠിക്കാം.

പുരാതന ഇന്ത്യയിലെ വിദ്യാഭ്യാസം:

ഇന്ത്യയിൽ വളരെക്കാലം മുതൽക്കു തന്നെ അധ്യാപനത്തിന്റേയും പഠനത്തിന്റേയും പാരമ്പര്യം പ്രചാരത്തിലുണ്ടായിരുന്നുവെന്ന് ചരിത്രസ്രോതസ്സുകൾ വിവരങ്ങൾ നൽകുന്നു. വിദ്യാഭ്യാസം എന്ന ആശയം വേദങ്ങളിൽ നിന്നാണ് ഉത്ഭവിച്ചത്. അക്ഷാരാർത്ഥത്തിൽ സംസ്കൃത പദമായ വേദം 'അറിവും' അറിയുക എന്നർത്ഥമുള്ള 'വിദ്' എന്ന വാക്കിൽ നിന്നും ഉരുത്തിരിഞ്ഞതുമാണ്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം നിരവധി നൂറ്റാണ്ടുകളായി വികസിക്കുകയും സ്വതസിദ്ധവും ഒളിഞ്ഞിരിക്കുന്നതുമായ കഴിവുകൾ പരിപാലിച്ച് വ്യക്തികളുടെ സമഗ്രവികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. വിനയം, സത്യസന്ധത, അച്ചടക്കം, സ്വാശ്രയത്വം, എല്ലാ സൃഷ്ടികളോടുമുള്ള ആദരവ് തുടങ്ങിയ മൂല്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി.

പഠനസ്രോതസ്സുകൾ:

GBI83

പാണിനി, ആര്യഭട്ട, കത്യായന, പതഞ്ചലി എന്നിവരുടെ പേരുകൾ നിങ്ങൾ ഉറപ്പായി കേട്ടിരിക്കണം. അവരുടെ രചനകളും ചരകയുടേയും സുശ്രുതയുടേയും വൈദ്യഗ്രന്ഥങ്ങളും പഠനത്തിന്റെ ചില ഉറവിടങ്ങളായിരുന്നു. ചരിത്രം, യുക്തി, വ്യാഖ്യാനം, വാസ്തുവിദ്യ, രാഷ്ട്രീയം, കൃഷി, വ്യാപാരം, വാണിജ്യം, മൃഗസംരക്ഷണം അമ്പെയ്ത്ത് എന്നീ വിവിധ വിഷയങ്ങളെ കുറിച്ച് പഠിപ്പിച്ചു. കായിക വിദ്യാഭ്യാസവും ഒരു പ്രാധാന പാഠ്യമേഖലയാണ്. വിദ്യാർത്ഥികൾ ഗെയിമുകളിലും വിനോദ പ്രവർത്തനങ്ങളിലും പങ്കെടുത്തു. പഠനത്തിന്റെ എല്ലാവശങ്ങളിലും

VIII Std - History Malayalam Chapter 5.indd 47 26/01/2023 16:54:56

നിപുണരാകാൻ ഗുരുക്കളും അവരുടെ വിദ്യാർത്ഥികളും മനസാക്ഷിയോടെ ഒരുമിച്ച് പ്രവർത്തിച്ചു. വിദ്യാർത്ഥികളുടെ കഴിവ് വിലയിരുത്തുന്നതിന് സാഹിത്യ സംവാദങ്ങൾ സംഘടിപ്പിച്ചു. പഠനത്തിന്റെ വിപുലമായ ഘട്ടത്തിലെ സാഹിത്യ വിദ്യാർത്ഥികൾ ഇളയ വിദ്യാർത്ഥികളെ നയിച്ചു. കൂട്ടായ പഠന സമ്പ്രദായവും പരിശീലിച്ചിരുന്നു.

പുരാതന ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം: ജീവിതരീതി:



ഗുരുകുല സമ്പ്രദായം

പുരാതന ഇന്ത്യയിൽ ഔപചാരിക വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും നിലവിലുണ്ടായിരുന്നു. തദ്ദേശ വിദ്യാഭ്യാസം, വീടുകളിലും ക്ഷേത്രങ്ങളിലും പാഠശാലകളിലും, ഗുരുകുലങ്ങളിൽ നിന്നുമാണ് പകർന്ന് നൽകിയത്. ഭവനം, ഗ്രാമങ്ങൾ, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ കൊച്ചു കുട്ടികളെ പുണ്യകരമായ ജീവിത രീതികൾ നയിക്കാൻ പ്രേരിപ്പിച്ച ആളുകൾ ഉണ്ടായിരുന്നു. വിദ്യാഭ്യാസം നൽകുന്നതിൽ ക്ഷേത്രങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുകയും പഠനകേന്ദ്രങ്ങളെ സഹായിക്കുകയും ചെയ്തു. വിദ്യാർത്ഥികൾ ആശ്രമങ്ങളിലേക്കും സർവകലാശാലകളിലേക്കും ഉന്നത പഠനത്തിനായി പോയി. അദ്ധ്യാപനം വായ്മൊഴിയിലുള്ളതായിരുന്നു. ഗുരുകുലങ്ങളിൽ പഠിപ്പിച്ച കാര്യങ്ങൾ വിദ്യാർത്ഥികൾ ഓർമ്മിക്കുകയും ധ്യാനിക്കുകയും ചെയ്തു. ഈ ഗുരുകുലങ്ങളിൽ പലതും മുനിമാരുടെ പേരാണ് അറിയപ്പെട്ടിരുന്നത്. വനങ്ങളിലും ശാന്തവും സമാധാനവുമായ ചുറ്റുപാടുകളിൽ സ്ഥിതി ചെയ്യുന്ന ഗുരുകുലങ്ങളിൽ നൂറുകണക്കിന് വിദ്യാർത്ഥികളാണ് ഒരുമിച്ച് പഠിക്കാറുണ്ടായിരുന്നത്. ആദ്യകാലങ്ങളിൽ അധ്യാപകൻ (ഗുരു/ആടചാര്യ) അദ്ദേഹത്തെ ചുറ്റിപറ്റിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയും അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരു അംഗത്തെപോലെ വീട്ടിൽ പാർപ്പിക്കുകയും ചെയ്തു. ഇതാണ് ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം.

ആ കാലയളവിൽ ഗുരുക്കളും അവരുടെ ശിക്ഷ്യൻമാരും (വിദ്യാർത്ഥികൾ) ദൈനംദിന ജീവിതത്തിൽ പരസ്പരം സഹായിക്കുകയും ചെയ്തു. സമ്പൂർണ്ണ പഠനവും അച്ചടക്കവുമുള്ള ജീവിതം നയിക്കലും ഒരാളുടെ ആന്തരീക കഴിവ് തിരിച്ചറിയുക എന്നതുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ലക്ഷ്യങ്ങൾ കൈവരിക്കുന്നതുവരെ വിദ്യാർത്ഥികൾ വർഷങ്ങളോളം ഒരുമിച്ച് വീടുകളിൽ നിന്നും മാറി താമസിച്ചിരുന്നു. കാലത്തിനനുസരിച്ച് ഗുരുവും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന സ്ഥലം കൂടിയായിരുന്നു ഗുരുകുലം.

ഈ കാലയളവിൽ മുനിമാരും, യോഗിനിമാരും അറിവ് നേടുന്നതിനായി പാണ്ഡിത്യമുള്ളവരുമായി ചർച്ച ചെയ്യാനും സംവാദിക്കാനും, ധ്യാനിക്കാനും നിരവധി മഠങ്ങളും ആശ്രമങ്ങളും സ്ഥാപിച്ചു. ഈ ആശ്രമങ്ങൾക്ക് ചുറ്റും ചൈന, കൊറിയ, റ്റിബറ്റ്, ബർമ്മ, സിലോൺ, ജാവ, നേപ്പാൾ മറ്റ് വിദൂര രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങൾ വികസിച്ചു.

ബുദ്ധകാല ഘട്ടത്തിലെ വിഹാരങ്ങളും സർവകലാശാലകളും:



നിങ്ങൾക്ക് അറിയാമോ?

ടാക്സിലെ ഒരു പുരാതന ഇന്ത്യൻ നഗരമായിരുന്നു. അത് ഇപ്പോൾ വടക്കുപടിഞ്ഞാറൻ പാകിസ്ഥാനിലാണ്. ഇത് ഒരു പുരാവസ്തു കേന്ദ്രമാണ്. 1980-ൽ യുനെസ്കൊ ഇത് ഒരു ലോക പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചു. ചാണക്യൻ 'അർത്ഥശാസ്ത്രം' രചിച്ചതായി പറയപ്പെടുന്ന സർവകലാശാലയിലാണ് ഇതിന്റെ പ്രശസ്തി നിലനിൽക്കുന്നത്. പുരാവസ്തു ഗവേഷകൻ അലക്സാണ്ടർ കന്നിംഗ് ഹാം 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ചില അവശിഷ്ടങ്ങൾ കണ്ടെത്തി.

ജാതക കഥകളും ഹുയാങ് സാങ്ങും ഇറ്റ്സിംങ്ങും (ചൈനയിലെ പണ്ഡിതർ) നൽകിയ വിവരണങ്ങളും മറ്റ് സ്രോതസ്സുകളും പറയുന്നത് വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുന്നതിൽ രാജാക്കൻമാരും സമൂഹവും സജീവമായ താൽപര്യം കാണിച്ചുവെന്നാണ്. മഠങ്ങളിലൂടേയും, വിഹാരങ്ങളിലുടേയും ബുദ്ധമത പണ്ഡിതൻമാർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി. തൽഫലമായി പ്രശസ്തമായ നിരവധി വിദ്യാഭ്യാസ കേന്ദ്രങ്ങൾ നിലവിൽ വന്നു. അക്കാലത്ത് ഉയർന്നു വന്ന ശ്രദ്ധേയമായ സർവകലാശാലകൾ

VIII Std - History Malayalam Chapter 5.indd 48 26/01/2023 16:54:59

തക്ഷശില, നളന്ദ, വാലാബി, വിക്രമശില, ഒഡന്തപുരി, ജഗദ്ദാല എന്നിവിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. വിഹാരങ്ങളുമായി ബന്ധപ്പെട്ട് ഈ സർവകലാശാലകൾ വികസിച്ചു. ബെനാറസിലെയും, കാഞ്ചിയിലെയും സർവകലാശാലകൾ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വികസിക്കുകയും അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ സമുദായ കേന്ദ്രങ്ങളായി മാറുകയും ചെയ്തു. ഈ സ്ഥാപനങ്ങൾ മികച്ച തലത്തിലുള്ള വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. അത്തരം വിദ്യാർത്ഥികൾ ഉന്നത പഠന കേന്ദ്രങ്ങളിൽ ചേരുകയും പ്രശസ്ത പണ്ഡിതരുമായി പരസ്പര ചർച്ചകളിലൂടേയും സംവാദങ്ങളിലൂടേയും അവരുടെ അറിവ് വികസിപ്പിക്കുകയും ചെയ്തു. മാത്രമല്ല വിവിധ വിഹാരങ്ങളിലെയും സർവകലാശാലകളിലെയും പണ്ഡിതൻമാർ ഒത്തു ചേരാനും ചർച്ച ചെയ്യാനും അവരുടെ അഭിപ്രായങ്ങൾ കൈമാറാനുമുള്ള ഒരു സമ്മേളനത്തിന് രാജാവ് ഇടയ്ക്കിടെ സാഹചര്യം ഒരുക്കാറുണ്ടായിരുന്നു.

അദ്ധ്യാപകന്റെ പങ്ക്

വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതു മുതൽ അവരുടെ പാഠ്യപദ്ധതി രൂപകൽപന ചെയ്യുന്നതുവരെയുള്ള എല്ലാകാര്യങ്ങളിലും അധ്യാപകർക്ക് സമ്പൂർണ്ണ സ്വയഭരണാവകാശമുണ്ടായിരുന്നു. വിദ്യാർത്ഥികളുടെ പ്രകടനത്തിൽ അധ്യാപകൻ സംതൃപ്തനാകുമ്പോൾ പാഠ്യക്രമം അവസാനിക്കും. താൻ ഇഷ്ടപ്പെടുന്ന വിദ്യാർത്ഥികളെ അദ്ദേഹം പ്രവേശിപ്പിക്കുകയും തന്റെ വിദ്യാർത്ഥികൾ പഠിക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്തു. സംവാദവും ചർച്ചയുമായിരുന്നു അധ്യാപനത്തിന്റെ പ്രാഥമിക രീതികൾ. അധ്യാപകരെ അവരുടെ മികച്ച വിദ്യാർത്ഥികൾ സഹായിച്ചു.





പുരാതന നളന്ദാ സർവകലാശാല ക്രി.പി (CE) 5-ാം നൂറ്റാണ്ടു മുതൽ ക്രി.പി (CE) 12-ാം നൂറ്റാണ്ടുവരെയുള്ള പഠനകേന്ദ്രമാണ്. ഇത് ഇന്നത്തെ ബീഹാറിലെ രാജ്ഗിരിയിലാണ്. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന സർവകലാശാലകളിലൊന്നാണ് നളന്ദാ. നളന്ദാ മഹാ വിഹാരയുടെ അവശിഷ്ടങ്ങൾ ലോകപൈതൃക സ്ഥലമായി യുനെസ്കോ (UNESCO) പ്രഖ്യാപിച്ചു. പുതിയ നളന്ദാ സർവകലാശാല അന്തർ-നാഗരിക സംഭാഷണ കേന്ദ്രമായി വിഭാവനം ചെയ്യുന്നു.

മധ്യകാല ഘട്ടത്തിലെ വിദ്യാഭ്യാസം:

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മുസ്ലീം വിദ്യാഭ്യാസം ആരംഭിച്ചതോടെ മധ്യകാലഘട്ടം സമൂലമായ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചു. വിവിധ വിദേശ ഭരണാധികാരികളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നിരവധി വ്യാപാരികളും രാജ്യം ആക്രമിച്ചു. കച്ചവടക്കാരും അധിനിവേശക്കാരും അവരുടേതായ സംസ്ക്കാരങ്ങൾ കൊണ്ടുവന്ന് രാജ്യത്തെ ജനങ്ങളുമായി ഇടപഴകി. കൂടാതെ മതം, സമൂഹം, സംസ്ക്കാരം മധ്യകാല ഇന്ത്യയിലെ വിദ്യാഭ്യാസം എന്നിവയും ഒരു പുതിയ കാഴ്ചപ്പാട് അനുഭവിച്ചു. മുസ്ലീം കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവിന്റെ പ്രകാശവും വിപുലീകരണവുമായിരുന്നു. 11-ാം നൂറ്റാണ്ടിൽ മുസ്ലീം ഭരണാധികാരികൾ പ്രാഥമിക വിദ്യാലയങ്ങളും സെക്കന്ററി വിദ്യാലയങ്ങളും സ്ഥാപിച്ചു. ദൈവശാസ്ത്രം, മതം, തത്വചിന്ത, ലളിതകല, ചിത്രകല വാസ്തുവിദ്യ, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം തുടങ്ങിയ എല്ലാ മേഖലകളിലും ഇന്ത്യൻ ഇസ്ലാമിക പാരമ്പര്യങ്ങൾ തമ്മിൽ മികച്ച ആശയവിനിമയം നടന്നതിനാൽ വിദ്യാഭ്യാസം ഒരു പുതിയ രൂപമായി വികസിച്ചു.

എന്നിരുന്നാലും മുസ്ലീംകളുടെ വരവിന് മുമ്പ് വികസിത വിദ്യാഭ്യാസ സമ്പ്രദായം നിലവിലുണ്ടായിരുന്നു. മുസ്ലീം ഭരണാധികാരികൾ വായനശലകളും, സാഹിത്യ സമൂഹങ്ങളും നൽകി നഗര വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിച്ചു. അവർ പ്രാഥമിക വിദ്യാലയങ്ങൾ (മദ്രസകൾ) സ്ഥാപിച്ച് അതിൽ വിദ്യാർത്ഥികൾ വായന, എഴുത്ത്, അടിസ്ഥാന ഇസ്ലാമിക പ്രാർത്ഥനകൾ എന്നിവ പഠിച്ചു. അനുബന്ധ ഭാഷാ വൈദഗ്ധ്യം പഠിക്കുന്നതിനായി സെക്കന്ററി വിദ്യാലയങ്ങൾ (മദ്രസകൾ) സ്ഥാപിച്ചു. നിരവധി മദ്രസകൾ സുൽത്താൻമാരും പ്രഭുക്കൻമാരും സ്ഥാപിച്ചു. സിവിൽ സർവീസിന് യോഗ്യത നേടുന്നവരെ പരിശീലിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ മദ്രസകളുടെ പ്രധാന ലക്ഷ്യം. ദില്ലിയിൽ ആദ്യത്തെ മദ്രസ സ്ഥാപിച്ച ഭരണാധികാരിയായിരുന്നു ഇൽത്തുമിഷ്. ക്രമേണ നിരവധി മദ്രസകൾ നിലവിൽ വന്നു.

മധ്യകാല ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം ഉലിമയുടെ നിയന്ത്രണത്തിലായിരുന്നു. അക്കാലത്ത് വിദ്യാഭ്യാസം മത പരിശീലനവുമായി ബന്ധപ്പെട്ടതായിരുന്നു. എന്നിരുന്നാലും വൈദ്യം, അറബി സാഹിത്യം, വ്യാകരണം, തത്വചിന്ത തുടങ്ങിയ വിവിധ വിഷയങ്ങളും പഠിപ്പിച്ചു. മധ്യകാലഘട്ടത്തിലും, ആധുനിക കാലഘട്ടത്തിലും മുസ്ലീം വിദ്യാഭ്യാസ മാതൃകകൾ ഇന്ത്യയിലേക്ക് കൊണ്ടുവന്നത് അറബികളും

VIII Std - History Malayalam Chapter 5.indd 49 26/01/2023 16:54:59

മധ്യേഷ്യൻ ജനതയുമാണെന്നാണ് ചരിത്രം പറയുന്നത്. ഇന്ത്യയിൽ സ്ത്രീ വിദ്യാഭ്യാസം മധ്യകാലഘട്ടത്തിൽ പ്രചാരത്തിലുണ്ടായിരുന്നു.

ജയ്പൂരിലെ രാജാ ജെയ്സിംഗ് ശാസ്ത്രീയ വിഷയങ്ങൾ പഠിക്കാൻ പ്രോൽസാഹിപ്പിച്ചു. കൂടാതെ സ്വാകാര്യ വ്യക്തികളും നിരവധി സ്ഥാപനങ്ങൾ ആരംഭിച്ചു. അതാണ് ദില്ലിയിലെ ഗാസിയുദ്ദീന്റെ മദ്രസയും ഷാജഹാനാബാദിലെ മൗലാന സദ്രുദ്ദീന്റെ മദ്രസയും.

പിൽക്കാല മധ്യകാലഘട്ടത്തിൽ ബ്രീട്ടീഷുകാൽ ഇന്ത്യയിലെത്തി ഇംഗ്ലീഷ് വിദ്യാഭ്യാസം പരിചയപ്പെടുത്തി. യൂറോപ്യൻ മിഷനറിമാരുടെ വരവോടെ പാശ്ചാത്യ വിദ്യാഭ്യാസം രാജ്യത്ത് ഉറച്ച മുന്നേറ്റം നടത്തി. വിവിധ സർവകലാശാലകളും ആയിരക്കണക്കിന് കോളേജുകളും രൂപീകരിക്കുകയും വിദ്യാഭ്യാസത്തിൽ ജനപ്രീതി വർദ്ധിക്കുകയും ചെയ്തു.

നിങ്ങൾക്ക് അറിയാമോ?

മധ്യഘട്ടം ധാരാളം മതപരമായ മഠങ്ങളും ആശ്രമങ്ങളും സ്ഥാപിക്കുകയും അത് വിദ്യാഭ്യാസത്തിന് കാരണമാവുകയും ചെയ്തു. ശ്രീരംഗത്തിലെ അഹോബില മഠം ഇവയിലൊന്നാണ്. വിദ്യാഭ്യാസരംഗത്ത് ശ്രീ രാമാനുജൻ സവിശേഷ സംഭാവനകൾ നൽകിയത് ഇവിടെ നിന്നാണ്. മഠങ്ങളെ കൂടാതെ ജൈന പള്ളികളും ബുദ്ധവിഹാരങ്ങളും ആളുകളെ പഠിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. അവിടെ എല്ലാ ശാഖകളിലും വലിയ വായന ശാലകളുണ്ടായിരുന്നു.

ആധുനിക വിദ്യാഭ്യാസ സമ്പ്രദായം

യുറോപ്യൻ അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെത്തിയ ക്രിസ്ത്യൻ മിഷണറിമാരുടെ പരിശ്രമത്തിലൂടെയാണ് ആധുനിക ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തുടക്കം. അവരുടെ പരിശ്രമത്തിന്റെ ഫലമായി ഇന്ത്യയിലൂടനീളം നിരവധി സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ സ്ഥാപനങ്ങൾ പാശ്ചാത്യവും ഇന്ത്യൻ വിദ്യാഭ്യാസവും നൽകി.

ക്രിസ്ത്യൻ മിഷനറിമാരുടെ പങ്ക്

യുറോപ്യൻമാർ വ്യാപരത്തിലായി ഇന്ത്യയിലെത്തി വ്യാപാരസ്ഥാപനങ്ങൾ സ്ഥാപിച്ചു. അവർ ഭൂമി കൈയടക്കി കോട്ടകൾ സ്ഥാപിച്ചു. പീന്നിട് അവരുടെ സംസ്കാരവും മതവും ഇന്ത്യക്കാർക്കിടയിൽ പ്രചരിപ്പിക്കാൻ ആഗ്രഹിച്ചു. ഇന്ത്യയിലെ പ്രദേശിക ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകാൻ കഴിയുമെങ്കിൽ അവർക്ക് ഭരണകൂടത്തെയും മതസിദ്ധാന്തങ്ങളെയും നന്നായി മനസ്സിലാക്കാൻ കഴിയുമെന്ന് യുറോപ്യൻമാർ കരുതി. അങ്ങനെ അവർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. ഇന്ത്യൻ ആധുനിക വിദ്യാഭ്യാസ സമ്പ്രദായം ആരംഭിച്ച ആദ്യത്തെ യുറോപ്യൻമാരാണ് പോർച്ചുഗീസുകാർ. ഫ്രാൻസിസ് സേവിയർ എന്ന പുരോഹിതൻ കൊച്ചിയിൽ ഒരു സർവകലശാല സ്ഥാപിച്ചു. അവർ നിരവധി പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിച്ചു. പഠനം പൂർത്തിയാകുമ്പോൾ ബിരുദം നൽകുന്ന ആദ്യത്തെ കോളേജ് 1575-ൽ ഗോവയിൽ ആരംഭിച്ചു. അവിടെ ക്രിസ്തുമതം, യുക്തി, സംഗീതം, വ്യാകരണം എന്നിവ പഠിപ്പിച്ചു. ഏറ്റവും തീഷ്ണതയുള്ള വഴിക്കാട്ടിമാരിൽ ഒരാളായ ജോൺകിർനർഡർ ക്രിസ്ത്യൻ കൂടാതെ ഇതര കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ ഒരു സുവിശേഷ പ്രതിനിധിയായി പ്രവർത്തിച്ചു. ഇദ്ദേഹം ഇന്ത്യയിലെ ആദ്യത്തെ മിഷനറിയായിരിക്കും. 1812-ൽ ഡോ. സി.എസ്. ജോൺ ട്രാൻക്യുബാറിൽ വായന വിദ്യാലയങ്ങൾ നിർമ്മിച്ചു.



ഫ്രാൻസിസ് സേവിയർ

പോർച്ചുഗീസുകാരെ പിൻതുടർന്ന് ഫ്രഞ്ചുകാർ എല്ലാ ഇന്ത്യാകാർക്കും വേണ്ടി സ്ഥാപനങ്ങൾ തുറന്നു. അവിടെ പ്രാദേശിയ ഭാഷകളിലൂടെ ഇന്ത്യൻ അധ്യാപകർ വഴി വിദ്യാഭ്യാസം നൽകി. ഫ്രഞ്ച് ഭാഷ പഠിപ്പിക്കുന്ന ഹയർസെക്കണ്ടറി വിദ്യാലയങ്ങൾ അവർ ആരംഭിച്ചു. സിഗണ്ടൻബാൾഗ്, പ്ലസറ്റ്ചാം എന്നീ രണ്ടു ജർമ്മൻ ബിഷപ്പുമാർ തിരുവിതാംകൂറിൽ സ്കൂളുകളും അദ്ധ്യാപകർക്കായി പരീശിലന കോളേജും ആരംഭിച്ചു. എ.ഡി 1600-ൽ ഇംഗ്ലിഷ് ഈസറ്റ് ഇന്ത്യാകമ്പനി യുടെ വരവിന് ശേഷം ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകുന്നതിനായി സ്ഥാപനങ്ങൾ സ്ഥാപിച്ചു. ക്രമേണ മദ്രാസിലും ബെനറാസിലും സംസ്കൃത കോളേജുകൾ ആരംഭിച്ചു. കൊൽക്കത്തയിൽ ഒരു മിഷനറി കോളേജ് ആരംഭിച്ചു. അത് ബിഷപ്പ് കോളേജ് എന്ന പേരിൽ പ്രസിദ്ധമായി. മൗണ്ട് സ്റ്റുവാർട്ട് എൽഫിൻസ്റ്റോൺ വാസ്തവത്തിൽ പ്രാദേശിക വിദ്യാഭ്യാസത്തിന്റെ ശക്തനായ വക്താവാ



സിഗൻബാൾഗ്

VIII Std - History Malayalam Chapter 5.indd 50 26/01/2023 16:55:00

യിരുന്നു. എന്നാൽ 1827-ൽ വിരമിച്ചപ്പോൾ അദ്ദേഹത്തിന്റെ ആരാധകർ ധനം ശേഖരിക്കുകയും ബോംബെയിൽ ഇംഗ്ലിഷ് ക്ലാസുകൾ വാഗ്ദാനം ചെയ്യുന്ന എൽഫിൻസ്റ്റോൺ കോളേജും സ്ഥാപിച്ചു. ഇന്ത്യയിൽ വിദ്യാഭ്യാസ പ്രചാരണത്തിനായി മിഷനറികൾ ഇടപാടുകൾ നടത്തി. അവരുടെ പരിശ്രമത്തെ തുടർന്ന് നിരവധി സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ സ്ഥാപനങ്ങൾ പാശ്ചാത്യവിദ്യാഭ്യാസത്തിനും ഇന്ത്യൻ വിദ്യാഭ്യാസത്തിനും പ്രധാന്യം നൽകി.

ബ്രീട്ടിഷ് ഭരണകാലത്തിലെ വിദ്യാഭ്യാസം

ബ്രീട്ടിഷ് ഭരണത്തിലെ വിദ്യാഭ്യാസ ചരിത്രത്തെ നാല് ഘട്ടമായി തിരിക്കാം. ബ്രീട്ടിഷ് ഭരണത്തിന്റെ ആദ്യ നാളുകൾ മുതൽ 1813 വരെ, 1813-1853 വരെയുള്ള കാലയളവ്, 1854-1920 മുതൽ, 1921-1947 വരെയുള്ള കാലയളവ്.

i) ബ്രിട്ടീഷ്ഭരണത്തിന്റെ ആദ്യനാളുകൾമുതൽ 1813 വരെ

ഈ മേഖല അതിന്റെ പരിപാടിയുടെ ഭാഗമാകാത്തതിനാൽ ഈസ്റ്റ്ഇന്ത്യാകമ്പനി വിദ്യാഭ്യാസത്തിൽ നിസംഗതയും ഇടപെടലില്ലാത്ത നയവും അതിന്റെ ആദ്യ ദിവസങ്ങളിൽ പിൻതുടർന്നു. കമ്പനിയുടെ ചാർട്ടർ 1813-ൽ പുതുക്കി. ഇത് വളരെ പരിമിതമായ തോതിലാണെങ്കിലും ഇന്ത്യക്കാരുടെ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കമ്പനിയെ നിർബന്ധതിനാക്കി. മിഷനറിമാരെ കൂടാതെ മിഷനറിമാരാല്ലാത്തവരായ ബംഗാളിലെ രാജാറാം മോഹൻറോയ്, മദ്രാസിലെ പാച്ചയ്യപ്പർ, ദില്ലിയിലെ ഫ്രേസർ തുടങ്ങിയവർ വിദ്യാഭ്യാസ രംഗത്ത് സംഭാവനകൾ നൽകി.

> **നിങ്ങൾക്ക് അറിയാമോ?**
>
> 1813 ൽ ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യാക്കാരുടെ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിർബന്ധതിരായി. 1813 ലെ ചാർട്ടർ ഓഫ് ആക്റ്റ് ഇന്ത്യയിൽ വിദ്യാഭ്യാസ ഉന്നമനത്തിനായി ഒരു ലക്ഷം രൂപ വാർഷിക സഹായ ധനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ii) 1813-1853 വരെയുള്ള കാലയളവ്

വിദ്യാഭ്യാസനയം പ്രബോധന മാധ്യമം വിദ്യാഭ്യാസം വ്യാപിപ്പിക്കുന്ന രീതി എന്നിവയുമായി ബന്ധപ്പെട്ട വലിയ വിദ്യാഭ്യാസ വിവാദങ്ങൾ രണ്ടാം കാലഘട്ടത്തിൽ ഉണ്ടായി. പൗരസ്ത്യ പഠനത്തെ സംരക്ഷിക്കുന്നതിനും സംസ്കൃതവും പേർഷ്യൻ ഭാഷയും പ്രബോധന മാധ്യമമായി ഉപയോഗിക്കുന്നതിനും പിൻതുണ നൽകിയത് ആദ്യം പൗരസ്ത്യരായിരുന്നു. ഇംഗ്ലിഷിലൂടെ പാശ്ചാത്യ വിജ്ഞാനം പ്രചരിക്കണമെന്ന് വാദിച്ച ആംഗ്ലേയർ അവരെ എതിർത്തു. മൂന്നാമത്തെ വിഭാഗം ഇന്ത്യൻ ഭാഷകളെ പ്രബോധന മാധ്യമമായി ഉപയോഗിക്കുന്നതിൽ വിശ്വസിച്ചു.



മെക്കാലെ

ഈ വിവാദങ്ങൾ മെക്കാലയുടെ 1835 -ലെ 'മിന്നിട്ട്സ്സ്'നാൽ ഭാഗികമായി നിശ്ചലമാക്കപ്പെട്ടു. ഉന്നത വിദ്യാഭ്യാസം പൗരസ്ത്യമല്ലാതാക്കപ്പെട്ടു. ഇത് സവർണക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിച്ചു. ഓരോ പ്രവശ്യക്കും സ്വന്തം വിദ്യാഭ്യാസനയം പിൻതുടരാൻ അനുവാദമുണ്ടായിരുന്നു. എന്നിട്ടും 1854 വരെ വിവാദങ്ങൾ തുടർന്നു.

iii) 1854-1920 വരെയുള്ള കാലയളവ്

ബ്രീട്ടിഷ് സ്വാധീനമുള്ള വിദ്യാഭ്യാസത്തിന്റെ മൂന്നാംഘട്ടത്തെ അഖിലേന്ത്യാ വിദ്യാഭ്യാസത്തിന്റെ കാലഘട്ടം എന്ന് വിളിക്കാം. 1854-ൽ സർചാൾസ്വുഡിന്റെ ഡെസ്പാച്ചിൽ നിന്നാണ് ഇത് ആരംഭിച്ചത്.

> **നിങ്ങൾക്ക് അറിയാമോ?**
>
> വുഡ്സ്ഡസ്പാച്ചിനെ 1854 ഇന്ത്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മാഗ്നകാർട്ട എന്ന് വിളിക്കുന്നു. കാരണം എല്ലാതലങ്ങളിലും ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ബ്രീട്ടിഷ്നയത്തിന്റെ ആദ്യ പ്രഖ്യാപനമാണിത്. എന്നാൽ അത് സംസ്ഥാന വിദ്യാഭ്യാസത്തിന്റെ പൂർണ്ണ നിയന്ത്രണത്തിന് കാരണമാവുകയും ഇന്ത്യൻ ആദർശങ്ങളിൽ നിന്നും സംസ്കാരത്തിൽ നിന്നും മോചനം നേടുകയും ചെയ്തു.

iv) 1854-1920 വരെയുള്ള കാലയളവ്

നാലാമത്തെ ഘട്ടത്തെ സ്വയംഭരണത്തിന്റെ കാലഘട്ടം എന്നു വിളിക്കുന്നു. 1935 ലെ നിയമം രാജ്യത്തുടനീളം വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ ഒരു പുതിയ കാലഘട്ടത്തിന് തുടക്കമിട്ടു. 1929 ൽ ലോകമെമ്പാടുമുള്ള സാമ്പത്തിക മാന്ദ്യം മൂലം പുതിയ പരിപാടികൾ ബാധിക്കപ്പെട്ടു. 1935 ലെ ഇന്ത്യാഗവൺമെന്റ് ആക്ട് സമ്പൂർണ്ണ സ്വയംഭരണാധികാരം ഏർപ്പെടുത്തിയ പ്രവശ്യ വിദ്യാഭ്യാസമന്ത്രിമാരുടെ നില കൂടുതൽ ശക്തിപ്പെടുത്തി. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം വിദ്യാഭ്യാസ

VIII Std - History Malayalam Chapter 5.indd 51 26/01/2023 16:55:00



VIII Std - History Malayalam Chapter 5.indd 52 26/01/2023 16:55:00

വർധാ വിദ്യാഭ്യാസത്തി പദ്ധതി (1937)

1937 ൽ ഗാന്ധിജി അടിസ്ഥാന ദേശീയ വിദ്യാഭ്യാസത്തിന്റെ വർധാ പദ്ധതി എന്നറിയപ്പെടുന്ന ഒരു പദ്ധതി ജന കീയമാക്കി. ഗാന്ധിജിയുടെ വിദ്യാഭ്യാസ പദ്ധതിയുടെ അടിസ്ഥാനം അഹിംസയുടെ തത്വമായിരുന്നു. അഹിംസാത്മകമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് അത്യാവശ്യമെന്നു കരുതുന്ന ഭാവിയിലെ പൗരൻമാരിൽ നിന്ന് ഈ ഗുണങ്ങൾ വളർത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ അദ്ദേഹം ആഗ്രഹിച്ചു. സമൂഹത്തിലെ ചൂഷണവും ക്രേന്ദീകരണവും വേരോടെ പിഴുതെറിയാനും അഹിംസാത്മകമായ ഒരു സമൂഹക്രമം സൃഷ്ടിക്കാനും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായം ആഗ്രഹിച്ചു.

വികസനത്തിനായുള്ള പ്രധാനപ്പെട്ട ഒരു പദ്ധതി സർജന്റ് റിപ്പോർട്ട് (1944) എന്നറിയപ്പെട്ടു. ഈ രൂപരേഖ സമകാലിക വിദ്യഭ്യാസത്തെ ചിന്തയിലും പ്രയോഗത്തിലും ശക്തമായി സ്വാധീനിച്ചു.

സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതി

1947 ൽ സ്വാതന്ത്ര്യം നേടിയതോടു കൂടി യാണ് വിദ്യാഭ്യാസ ചതിത്രത്തിലെ പുതിയ യുഗനിർമാണ കാലഘട്ടം തുടങ്ങിയത്. അത് ഇന്ത്യാക്കാർക്ക് ഒരു പുതിയ പ്രതീക്ഷ, ഒരുപുതിയ ദർശനം, പുതിയ ഭാവി എന്നിവ കൊണ്ടുവന്നു. സർവകാലശാല വിദ്യാഭ്യാ സത്തെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കാൻ 1948 ൽ ഡോ. രാധാകൃഷ്ണൻ കമ്മീഷനെ നിയമിച്ചു. കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം നിർണ്ണയിക്കാൻ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ രൂപീകരിച്ചു. സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് നടന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിലൊന്നാണ് സെക്കന്ററി



ഡോ. രാധാകൃഷ്ണൻ

1976 ഡിസംബർ വരെ വിദ്യാഭ്യാസ സ്റ്റേറ്റ് പട്ടികയിലും എന്നാൽ ഇപ്പോൾ വിദ്യാഭ്യാസം കൺകറന്റ് പട്ടികയിലുമാണ്.

വിദ്യാഭ്യാസ നിയമം (1952-1953). പുതിയ സംഘടനാ രീതികൾ, പാഠപുസ്തകങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, പാഠ്യപദ്ധതി, അധ്യാപന രീതികൾ എന്നിവ ഇത് നിർദ്ദേശിച്ചു. ഡോ. ഡി.എസ് കോത്താരിയുടെ കീഴിലുള്ള ഒരു വിദ്യാഭ്യാസ കമ്മീഷനെ 1964 ൽ ഇന്ത്യാഗവൺമെന്റ് നിയമിച്ചു. 14 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസവും 10+2+3 എന്ന ക്രമത്തിലുള്ള ഏകീകൃത വിദ്യാഭ്യാസ ഘടനയുമാണ് പ്രധാന ശുപാർശകൾ.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ദേശീയനയം

1968 ലെ ആദ്യത്തെ ദേശീയ വിദ്യാഭ്യാസ നയം സ്വാതന്ത്രാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു സുപ്രധാന ചുവടുവയ്പാ യിരുന്നു. ദേശീയ പുരോഗതി,പൊതു പൗരത്വത്തി ന്റെയും സംസ്കാരത്തിന്റെയും ബോധം, ദേശീയ ഏകീകരണം ശക്തിപ്പെടുത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. 1986 ൽ ഇന്ത്യൻ സർക്കാർ ഒരു പുതിയ വിദ്യാഭ്യാസ നയം അവതരിപ്പിച്ചു. പുതിയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വികസനത്തിനും മാറ്റത്തിനും പ്രതിജ്ഞാ ബദ്ധതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ്. രാജ്യത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് തുല്യ അവസരങ്ങൾ ലഭിക്കുമെന്നും ഓപ്പൺ സർവകലാശാലകൾ എന്നിവയിലൂടെ അസമത്വം നീക്കം ചെയ്യണമെന്നും പ്രേത്യകിച്ച് ഇത് ഊന്നൽ നൽകി. പ്രാഥമിക വിദ്യാഭ്യാസത്തിൽ കുട്ടികളെ ക്രേന്ദീകരിച്ചുള്ള സമീപനത്തിന് പുതിയ വിദ്യാഭ്യാസ നയം ആവശ്യപ്പെടുകയും പ്രഥാമിക വിദ്യാലയങ്ങൾ രാജ്യവ്യാപകമായി മെച്ചപ്പെടുന്നതിന് ഓപ്പേറഷൻ ബ്ലാക്ബോർഡ് ആരംഭിക്കുകയും ചെയ്തു.

പുതിയ വിദ്യാഭ്യാസനയം 1992 ൽ വീണ്ടും പരിഷ്കരിച്ചു. ഒരു ദേശീയ പാഠ്യപദ്ധതി ചട്ടകൂട് രൂപികരിക്കാൻ സേവന വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ദീതിയ ഘട്ടത്തിൽ മൂല്യനിർണ്ണയ സംവിധാനം കാര്യക്ഷമമാക്കൽ തുടങ്ങിയ പദ്ധതികൾ ഇത് വിഭാവനം ചെയ്തു.



VIII Std - History Malayalam Chapter 5.indd 53 26/01/2023 16:55:01

സർവ ശിക്ഷാ അഭിയാൻ (S.S.A.) രാഷ്ട്രീയ മധ്യമിക്ക് ശിക്ഷ അഭിയാൻ (R.M.S.A.) തുടങ്ങിയ പദ്ധതികൾ

സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനായി 2000-01ൽ ആരംഭിച്ച ഇന്ത്യാഗവൺമെന്റിന്റെ പ്രധാന പദ്ധതിയാണ് സർവ്വശിക്ഷാഅഭിയാൻ (S.S.A.). കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ നിയമം-(2009) (R.T.E.) വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക മാധ്യമമാണ്. സർവ്വ ശിക്ഷാ അഭ്യാൻ. 6മുതൽ 14 വയസ്സുവരെയുള്ള എല്ലാം കുട്ടികൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം (R.T.E.) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നു. സ്കൂളുകളുമായി ബന്ധപ്പെട്ട വിവിധതരം നവീകരണങ്ങളും പ്രവർത്തനങ്ങളും എസ്.എസ്.എ. ആരംഭിച്ചു. ചില പ്രധാന പ്രവർത്തനങ്ങളിൽ ഉച്ചഭക്ഷണവും വിദ്യാർത്ഥികൾക്ക് ധനസഹായവും സ്വയംഭരണസമിതി (എസ്.എം.സി.) രൂപീകരിക്കുക, ക്ലാസ് മുറികൾക്ക് അധ്യാപന പഠന സാമഗ്രികൾ നൽകുക എന്നിവ ഉൾപ്പെടുന്നു.

പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ കാലയളവിൽ നടപ്പിലാക്കിയ ദ്വീതിയ ഘട്ടത്തിൽ സാർവ്വത്രികകരിക്കുന്നതിനും ഗുണനിലവാരമുള്ള വിദ്യാഭ്യാസം മെച്ചപ്പെടുന്നതിനും ക്രേന്ദീകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് രാഷ്ട്രീയ മധ്യമിക് ശിക്ഷാ അഭിയാൻ (R.M.S.A.).

15-16 വയസ്സ് പ്രായമുള്ള എല്ലായുവ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം, ലഭ്യവും പ്രാപ്തിയുമാക്കുക എന്നതാണ് ആർ.എം.എസ്.എ. യുടെ ലക്ഷ്യവും. സയൻസ് ലാബ്, വായനശാലകൾ, അധ്യാപകർക്കുള്ള സേവനപരീലനം, കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിദ്യാഭ്യാസം സാഹചര്യ പ്രവർത്തനങ്ങൾ. അധ്യാപനപഠന സഹായങ്ങൾ എന്നിവ സ്കൂൾ തലത്തിൽ ആർ.എം.എസ്.എ. പദ്ധതിയിലൂടെ ഇന്ത്യൻ ഗവൺമെന്റ് നൽകുന്നു.

നേഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ വിഭജനംകൂടാതെസ്കൂൾവിദ്യാഭ്യാസംസമഗ്രമായി നൽകാൻ ക്രേന്ദ ബഡ്ജറ്റ് 2018-19 ൽ നിർദ്ദേശിച്ചു. സമഗ്രശിക്ഷ തുല്യ അവസരങ്ങളും തുല്യമായ പഠനഫലങ്ങളും കണക്കിലെടുത്ത് സ്കൂൾ ഫലപ്രാപ്തി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ്. ഇതിൽ S S A, RMSA എന്നീ പദ്ധതികൾ ഉൾപ്പെടുന്നു.

തമിഴ്നാട്ടിലെ വിദ്യാഭ്യാസ പുരോഗതി

തമിഴ്നാട്ടിലെ വിദ്യാഭ്യാസ രീതി കേവലം പുസ്തകങ്ങൾ വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും മാത്രമല്ല പഠിച്ച വ്യക്തികളെ അറിയുന്നതിനും കൂടിയാണ്. തിരുക്കുറലിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുകയും നിരക്ഷരതയാലുള്ള അപകടങ്ങളെക്കുറിച്ച് മുന്നറിയപ്പ് നൽകുകയും ചെയ്യുന്നു. പുരാതന കാലത്ത് സ്കൂളിനെ 'പള്ളി' എന്നും അധ്യാപകനെ 'കണക്കായർ' എന്നും വിളിച്ചിരുന്നു.

പല്ലവ കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒരു സുപ്രധാന വികസനം നടന്നു. ഗഡിക ഒരു വിദ്യാഭ്യാസ സ്ഥാപനമായിരുന്നു. പല്ലവ രാജാക്കന്മാർ ആ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ധനവിനിയോഗം മൂലം പിൻതുണച്ചു. എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വൈഷ്ണവ ശൈവ മഠങ്ങൾ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തി.

കാഞ്ചി ബുദ്ധമത കേന്ദ്രത്തെക്കുറിച്ചും കാഞ്ചിയെ കുറിച്ചു വിവരിക്കുന്ന ചിത്രം ഹ്യൂയാങ്ങ്സാണ്ടങ് നൽകി. ഇത് പ്രധാന പഠന കേന്ദ്രമായി കണക്കാക്കപ്പെടുന്നു.

തമിഴ് സാഹിത്യത്തിലെ ഏറ്റവും മികച്ചതും സൃഷ്ടിപരവുമായ കാലഘട്ടമായിരുന്നു ചോളകാലഘട്ടം. തമിഴ് വിദ്യാഭ്യാസം മതവും ക്ഷേത്രവുമായി കൂടുതൽ ബന്ധം പുലർത്തിയിരുന്നു. ആളുകൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകി. പാഠ്യപദ്ധതിക്കും പഠനക്രമത്തിനും താത്ത്വികമായ പശ്ചാത്തലമുണ്ടായിരുന്നു. ആ കാലഘട്ടത്തിലെ ജീവിതത്തിൽ നിന്ന് അധ്യാപകന്റെ യോഗ്യത, അധ്യാപന രീതി എന്നിവയെക്കുറിച്ചും അധ്യാപകരുടെ ശമ്പളം, വിദ്യാർത്ഥികൾക്ക നൽകുന്ന ഭക്ഷണം, സ്കൂളുകൾക്ക് നൽകിയ ഭൂമി മുതലായവ നമ്മുക്ക് മനസ്സിലാക്കാം. രാജരാജചതുർവേദി മാംഗലം ഒരു വേദകോളേജിന്റെ പ്രശസ്തമായ ഇരിപ്പിടമുണ്ടായിരുന്നു. (മുൻ തെക്ക് അഴിക്കോട് ജില്ലയിലെ ഇന്നായിരം) തിരുബുവാനിയിൽ (പോണ്ടിച്ചേരിയിൽ) വേദ കോളേജ് വളർന്നു. തിരുവിഡൈക്കാലെ ലിഖിതത്തിൽ ഒരു വായനശാലയെക്കുറിച്ച് പരാമാർശിക്കുന്നു. വിരാവജേന്ദ്രയുടെ തിരുവാദുരൈ ലിഖിതം ഒരു വൈദ്യവിദ്യാലയത്തെക്കുറിച്ച് പരാമർശിക്കുന്നു.

പാണ്ഡ്യ രാജാക്കന്മാർ മാതൃകപരമായി സംസ്കൃതത്തെ സംരക്ഷിച്ചു. ഇതിനെ ചെമ്പ് ഫലകങ്ങൾ വെളിപ്പെടുത്തുന്നു. അക്കാലത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഘതിഗായ്, സാലെ, വിദ്യാസതാന എന്നാണ് വിളിച്ചിരുന്നത്.

അധ്യാപകർക്ക് ഭൂമി നൽകിയിരുന്നു. അവ സലഭോഗം എന്നറിയപ്പെട്ടു. (ഉദാ. കന്യാകുമാരിയിലെ വല്ലഭപെരുംചാല) കാന്തലൂർശാല ആയിരുന്നു പാണ്ഡ്യഭരണക്കാലത്തെ പ്രശസ്തമായ കോളേജ്. വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിൽ മഠങ്ങൾക്കും ഒരു പ്രധാന സ്ഥാനം ലഭിച്ചു. വിജയ

VIII Std - History Malayalam Chapter 5.indd 54 26/01/2023 16:55:01



സെർഭോജി രണ്ടാമൻ



സർതോമസ് മൺറോ

നഗര ഭരണത്തിൻ കീഴൽ പഠനം അഭിവൃദ്ധിപ്പെട്ടു. അവരുടെ സംരക്ഷണയിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. നായക്കൻമാരുടെ ഭരണകാലത്താണ് 'തിനപള്ളികൂടം' സ്ഥാപിതമായത്.

ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസം

വീരപനായക്കിന്റെ കാലത്ത് മധുരയിലെത്തിയ ഫെർണാണ്ടസ് ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിച്ചു. മറാത്ത ഭരണാധികാരി സർഭോജി രണ്ടാമൻ പഴയ രേഖകൾ ശേഖരിച്ച് സരസ്വതി മഹൾ ലൈബ്രറിയിൽ സൂക്ഷിച്ചു. തഞ്ചാവൂരിൽ സ്ഥിതി ചെയ്യുന്ന ദേവനാഗിരി അച്ചടിശാലയും അദ്ദേഹത്തിനുണ്ടായിരുന്നു.

മദ്രാസ് പ്രസിഡൻസിയിലെ ഗവർണർ സർ. തോമസ് മൺറോയാണ് (1820-27) മദ്രാസ് പ്രസിഡൻസിയിൽ പാശ്ചാത്യ വിഭ്യാഭ്യാസം ആരംഭിക്കാൻ പ്രധാനകാരണക്കാരൻ. വിദ്യാഭ്യാസത്തിന്റെ അവസ്ഥയെക്കുറിച്ച് ഒരു സ്ഥിതി വിവരക്കണക്ക് നടത്താൻ അദ്ദേഹം ഒരു സമിതിയെ നിയോഗിച്ചു. മൺറോയുടെ വിഭ്യാഭ്യാസ കമ്മിഷൻ ഓരോ ജില്ലയിലും രണ്ട് പ്രിൻസിപ്പൽ സ്കൂളുകൾ സ്ഥാപിക്കാൻ ശുപാർശ ചെയ്തു. (കളക്ടറേറ്റ് തഫസിൽ ദാർ സ്കൂളുകൾ) 1835 ൽ വില്യം പ്രഭു ഇന്ത്യയിൽ പാശ്ചാത്യ വിഭ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തുന്നതിനെ അനുകൂലിക്കുന്ന പ്രമേയം പാസ്സാക്കി. 1854-ലെ വുഡ്സ് ഡെസ്പ്പാച്ച് മദ്രാസ് പ്രസിഡൻസിയിൽ ഒരു നിർദ്ദേശക വകുപ്പ് അവതരിപ്പിച്ച് എല്ലാ സ്കൂളുകൾക്കും ധനസഹായം നൽകി. 1857 ലാണ് മദ്രാസ് സർവകലാശാല സ്ഥാപിതമായത്. ബ്രിട്ടീഷ് ഭരണത്തിൽ കീഴിൽ തമിഴ്നാട്ടിലെ ആദ്യത്തെ സർവകലാശാലയാണിത്. 1882-ൽ പ്രദേശിക സമിതി നിയമം പാസാക്കി. പുതിയ സ്കൂളുകൾ തുറക്കാനും സർക്കാരിൽ നിന്ന് ധന സഹായം നേടാനും ബോർഡിന് അധികാരം നൽകി. 1938 ആയപ്പോഴേക്കും സ്ക്കൂളുകളിൽ ഇംഗ്ലീഷ് ഒഴികെയുള്ള എല്ലാ വിഷയങ്ങളും തമിഴ് ഭാഷയിൽ പഠിപ്പിച്ചു.

DHUQ3

1929 - ൽ ചിദംബരത്താണ് അണ്ണാമലൈ സർവകലാശാല സ്ഥാപിതമായത്. ഇത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടുത്ത ഘട്ടമണ്.

1971 മുതലുള്ള വിദ്യാഭ്യാസം

1964-65ൽ സെക്കൻഡറി സ്കൂൾ തലത്തിൽ സൗജന്യ വിദ്യാഭ്യാസം ആരംഭിച്ചു. 1975-ൽ ഗാന്ധിഗ്രാം റൂറൽ കോളേജ് സ്ഥാപിച്ചു. കോളേജിൽ പോകാൻ കഴിയാത്തവരെ പഠിപ്പിക്കുന്നതിനായി വിദൂര വിദ്യാഭ്യാസം നടപ്പിലാക്കി.

1956-ൽ സ്കൂളുകളിൽ ഉച്ച ഭക്ഷണ പരിപാടി ആരംഭിച്ചു. പീന്നിട് സ്കൂളുകളിൽ ഇടയിൽ പഠനം നിറുത്തുന്നതിനെ ഒഴിവാക്കാൻ 1982-ൽ പോഷകാഹാര ഭക്ഷണ പദ്ധതിയായി വിപുലീകരിച്ചു.

1986മുതൽ സമൂഹത്തിന്റെ മാറികൊണ്ടിരിക്കുന്ന ചലനാത്മകതയ്ക്ക് അനുസൃതമായ ദേശീയ വിദ്യാഭ്യാസനയവുമായി പൊരുത്തപ്പെടുന്നതിന് നിരവധി മാറ്റങ്ങൾ സംഭവിച്ചു.

പുനർവിചിന്തനം

- ഒരു പുരോഗമന സമൂഹത്തിന്റെ അടിത്തറയായി വിദ്യാഭ്യാസം അംഗീകരിക്കപ്പെടുന്നു.
- ക്ഷേത്രങ്ങളിലും പാഠശാലകളിലും ഗുരുകുലങ്ങളിലും തദ്ദേശ വിദ്യാഭ്യാസം ആരംഭിച്ചതോടെ സമകാലിക പരിവർത്തനത്തിന് മദ്ധ്യകാലഘട്ടം സാക്ഷ്യം വഹിച്ചു.
- പിൽകാല മധ്യകാലഘട്ടത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയിലെത്തി ഇംഗ്ലീഷ് വിദ്യാഭ്യാസം പരിചയപ്പെടുത്തി.
- 1968 ലെ ആദ്യത്തെ ദേശീയ വിദ്യാഭ്യാസനയം സ്വതന്ത്രാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു സുപ്രധാന ചുവടുവെപ്പായിരുന്നു.
- 1964-65ൽ സെക്കന്ററി സ്കൂൾ തലത്തിൽ സൗജന്യ വിദ്യാഭ്യാസം നിലവിൽ വന്നു.

പദപരിചയം		
monasteries	a building in which monks live and worship	ബുദ്ധ മഠങ്ങൾ
illumination	lightning	പ്രകാശം
madrasa	islamic religious institution	ഇസ്ലാമിക പാഠശാല
oriental	eastern	കിഴക്കൻ
Anglicists	specialist in English linguistics	ഇംഗ്ലീഷ് ഭാഷാശാസ്ത്രത്തിൽ നിപുണർ
dissemination	dispersing	പ്രചരിപ്പിക്കുക

VIII Std - History Malayalam Chapter 5.indd 55 26/01/2023 16:55:01

മൂലനിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1) വേദം —— എന്ന വാക്കിൽ നിന്നാണ് ഉരുത്തിരിഞ്ഞത്
   a) സംസ്കൃതം
   b) ലാറ്റിൻ
   c) പ്രാകൃത്
   d) പാലി

2) ഇനി പറയുന്നവയിൽ ഏത് കേന്ദ്രമാണ് പുരാതന കാലഘട്ടത്തിലെ പഠനത്തിന് പ്രധാനപ്പെട്ടത്
   a) ഗുരുകുലം b) വിഹാരം
   c) പള്ളി d) ഇവയെല്ലാം

3) ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന നളന്ദാ സർവകലാശാല _____ൽ സ്ഥിതി ചെയ്യുന്നു
   a) ഉത്തർപ്രദേശ് b) മഹാരാഷ്ട്ര
   c) ബീഹാർ d) പഞ്ചാബ്

4) യുനെസ്കോ തക്ഷശിലയെ ലോക പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചത് എപ്പോഴാണ്
   a) 1970 b) 1975 c) 1980 d) 1985

5) ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസസമ്പ്രദായം ആദ്യമായി ആരംഭിച്ച യൂറോപ്യൻ രാജ്യം
   a) ബ്രിട്ടീഷ് b) ഡാനിഷ്
   c) ഫ്രഞ്ച് d) പോർച്ചുഗീസ്

6) ഇന്ത്യയിൽ വിദ്യാഭ്യാസ ഉന്നമനത്തിനായി ഒരു ലക്ഷം രൂപ വാർഷിക ധനസഹായം നൽകുന്നത് ഏത് ചാർട്ടർ ആക്റ്റ് ആണ്?
   a) ചാർട്ടർ ആക്റ്റ് 1813 b) ചാർട്ടർ ആക്റ്റ് 1833
   c) ചാർട്ടർ ആക്റ്റ് 1853 d) ചാർട്ടർ ആക്റ്റ് 1858

7) ഇനി പറയുന്നതിൽ ഏതു കമ്മീഷനാണ് സർവകലാശാല ഗ്രാന്റ് കമ്മീഷൻ രൂപീകരിക്കാൻ ശുപാർശ ചെയ്തത്?
   a) സെർജെന്റ് റിപ്പോർട്ട് 1944
   b) രാധാകൃഷ്ണൻ കമ്മിഷൻ 1948
   c) കോത്താരി കമ്മിഷൻ 1964
   d) പുതിയ വിദ്യാഭ്യാസ നയം 1968

8) ഇന്ത്യയിൽ പുതിയ വിദ്യാഭ്യാസനയം അവതരിപ്പിച്ച വർഷം?
   a) 1992 b) 2009 c) 1986 d) 1968

II. പൂരിപ്പിക്കുക

1. വേദം എന്ന വാക്കിന്റെ അർത്ഥം ——.
2. —— ആണ് തക്ഷശില അവശിഷ്ടങ്ങൾ കണ്ടെത്തിയത്.
3. ദില്ലിയിൽ ഒരു മദ്രസ സ്ഥാപിച്ച ആദ്യത്തെ ഭരണാധികാരി —— ആണ്.
4. പുതിയ വിദ്യാഭ്യാസ നയം പരിഷ്കരിച്ചത് —— ൽ ആണ്.
5. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക മാധ്യമമാണ് ——.
6. വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിയത് ——.

III. യോജിപ്പിക്കുക

1. ഇറ്റ്സിംങ്ങ്	– സരസ്വതി മാഹാൾ
2. ഫ്രാൻസിസ് സേവിയർ	– ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നാ കാർട്ട
3. വുഡ്സ്സ് ഡെസ്പേച്ച്	– മദ്രാസിലെ പാശ്ചത്യ വിദ്യാഭ്യാസം
4. സെർഭോജി രണ്ടാമൻ	– കൊച്ചിയിലെ സർവ്വകലാശാല
5. സർതോമസ് മൺറോ	– ചൈനയിലെ പണ്ഡിതൻ

IV. ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക

1. ചരകയുടെയും സുശ്രുതയുടെയും രചനകൾ വൈദ്യശാസ്ത്ര പഠനത്തിന്റെ ഉറവിടങ്ങളായിരുന്നു.
2. ക്ഷേത്രങ്ങൾ പഠനകേന്ദ്രങ്ങളായിരുന്നു കൂടാതെ അറിവിന്റെ ഉന്നമനത്തിൽ സജീവ പങ്കും വഹിച്ചു.
3. വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുന്നതിൽ രാജാക്കൻമാരും സമൂഹവും സജീവമായ താൽപര്യമെടുത്തതായി ജാതകഥകൾ പറയുന്നു.
4. മാധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ സ്ത്രീ വിദ്യാഭ്യാസം വ്യാപകമായിരുന്നില്ല.
5. പത്താം പഞ്ചവൽസര പദ്ധതിയിലാണ് ആർ.എം.എസ്.എ. പദ്ധതി നടപ്പിലാക്കിയത്.

V. ഉത്തരം ടിക് (✓) ചെയ്യുക

1. i) നളന്ദാ സർവകലാശാല സ്ഥാപിതമായത് C.E. 5-ാം നൂറ്റാണ്ടിലാണ്
   ii) പുരാതന ഇന്ത്യയിൽ അധ്യാപകർക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതു മുതൽ അവരുടെ പാഠ്യക്രമം രൂപ കൽപ്പന ചെയ്യുന്നതു വരെയുള്ള എല്ലാം കാര്യങ്ങളിലും പൂർണ്ണ സ്വയം ഭരണാധികാരമുണ്ടായിരുന്നു
   iii) പുരാതന കാലത്ത് അധ്യാപകരെ കണക്കായർ എന്ന് വിളിച്ചിരുന്നു
   iv) കാന്തലൂർ ശാഖയാണ് ചോള കാലഘട്ടത്തിലെ പ്രശസ്തമായ കോളേജ്
   a) i), ii) എന്നിവ ശരിയാണ്

VIII Std - History Malayalam Chapter 5.indd 56 26/01/2023 16:55:01

b) ii), iv) എന്നിവ ശരിയാണ്
c) iii), iv) എന്നിവ ശരിയാണ്
d) i), ii), iii), എന്നിവ ശരിയാണ്

2 ശരിയായ ജോഡി കണ്ടുപിടിക്കുക

a) മക്താബുകൾ	- സെക്കന്ററി സ്കൂൾ
b) മെക്കാലയുടെ മിന്നിട്ട്സ് (1835)	- ഇംഗ്ലീഷ് വിദ്യാഭ്യാസം
c) ഓപ്പറേഷൻ ബ്ലാക് ബോർഡ്	- സെക്കന്ററി സ്കൂൾ കമ്മിഷൻ
d) സലഭോഗം	- ക്ഷേത്രങ്ങൾക്ക് ഭൂമി നൽകി

VI. ഓന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1. ഗുരുകുലങ്ങളുടെ പ്രാധാന്യത്തെപ്പറ്റി എഴുതുക.
2. പുരാതന ഇന്ത്യയിൽ പരിണമിച്ച ഏറ്റവും ശ്രദ്ധേയമായ സർവകലാശാലകളുടെ പേര്?
3. തക്ഷശിലയെക്കുറിച്ച് ഒരു ചെറിയ കുറിപ്പെഴുതുക.
4. ചോളരുടെ കാലഘട്ടത്തിലെ വിദ്യാഭ്യാസ കേന്ദ്രങ്ങളെ പരാമർശിക്കുക?
5. വിപുലീകരിക്കുക S.S.A., R.M.S.A.?
6. R.T.E.യെ ക്കുറിച്ച് നിങ്ങൾക്കെന്തറിയാം?

VII. വിവരിച്ച് ഉത്തരമെഴുതുക

1. പുരാതന ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ സ്രോതസ്സുകൾ എന്തെല്ലാം?
2. ബ്രിട്ടിഷ് ഭരണത്തിൽ കീഴിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക?
3. ദേശീയ വിദ്യാഭ്യാസനയത്തെക്കുറിച്ച് വിവരിക്കുക?
4. ചോളരുടെ കീഴിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് വിശദമായ വിവരണം നൽകുക?

VIII. ഉയർചിന്താശേഷയുള്ള ചോദ്യങ്ങൾ

1) എസ്.എസ്.എ. യുടെ പ്രധാന പദ്ധതി എങ്ങനെ സാർവത്രിക പ്രാഥാമിക വിദ്യാഭ്യാസം നേടുന്നു.

IX. താഴെ കൊടുത്തിട്ടുള്ള സ്ഥലങ്ങളെ തന്നിട്ടുള്ള ഇന്ത്യാ ഭൂപടത്തിൽ അടയാളപ്പെടുത്തുക.

1) നളന്ദാ	7) ലക്നൗ
2) തക്ഷശില	8) അലഹബാദ്
3) വാലാബി	9) കൽക്കത്ത
4) കാഞ്ചി	10) കൊച്ചി
5) വിക്രമശില	11) മദ്രാസ്
6) ഡെൽഹി	12) ചിദംബരം

X. പ്രോജറ്റും പ്രവർത്തനവും

1) പുരാതന വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക?
2) നളന്ദാ തക്ഷശിലാ എന്നിവയുടെ ചരിത്ര പരമായ പ്രാധാന്യം കണ്ടെത്തി അതിൽ പവർ പോയിന്റ് അവതരണം തയ്യാറാക്കുക.

REFERENCE BOOKS

1. *The Gazetteer of India - History and Culture (Vol II)* - Government of India
2. Rev. Henry Huizinga, *Missionary Education in India*
3. Kali Kinkar Datta, *A Social History of Modern India*
4. P.N. Chopra, B.N. Puri, M.N. Das : *A Social, Cultural and Economic History of India (Vol I, II, III)*
5. B.L. Grover, S. Grover, *A New Look At Modern Indian History*
6. V.D. Mahajan, *Modern Indian History (From 1707 to the Present Day)*
7. S. Satthianadhan: *History of education in the Madras Presidency*, 1894.

INTERNET RESOURCES

1. www.ugc.ac.in
2. samagra.mhrd.gov.in
3. www.sarasvatimahal.in



ICT കോർണർ
ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതി

ഘട്ടങ്ങൾ

ഘട്ടം – 1 QR കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ URL ടൈപ്പ് ചെയ്ത് ബ്രൗസർ ഓപ്പൺ ചെയ്യുക.
ഘട്ടം – 2 'Education in India' എന്ന് ടൈപ്പ് ചെയ്ത് തിരയുക.
ഘട്ടം – 3 പ്രധാനപ്പെട്ട സംഭവങ്ങളെ കാലക്രമമനുസരിച്ച് ചരിത്രപരമായി വിവേചനം ചെയ്യുക

Web URL: https://www.timetoast.com/categories

*Pictures are indicatives only.
*If browser requires, allow Flash Player or Java Script to load the pag

4E5FK

VIII Std - History Malayalam Chapter 5.indd 57 26/01/2023 16:55:02

യൂണിറ്റ് - 6

ഇന്ത്യയുടെ വ്യവസായിക പുരോഗതി



പഠന ലക്ഷ്യങ്ങൾ

- ഇന്ത്യയുടെ പരമ്പരാഗത കൈത്തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുക.
- പരമ്പരാഗത കൈത്തൊഴിൽ മേഖലക്ഷയിക്കാനുള്ള കാരണങ്ങൾ വിലയിരുത്തുക.
- ആധുനിക വ്യവസായ മേഖലകളുടെ ഉത്ഭവം മനസ്സിലാക്കുക.
- പഞ്ചവൽസര പദ്ധതികളുടെ ഉദ്ദേശം മനസ്സിലാക്കുക.
- ഇന്ത്യയുടെ വ്യാവസായിക വികസനത്തിന്റെ ഘട്ടങ്ങൾ മനസ്സിലാക്കുക.

EAUH7

ആമുഖം

ഇന്ത്യൻ വ്യവസായത്തിന്റെ ചരിത്രം ഒരു പക്ഷേ മനുഷ്യരാശിയുടെ ചരിത്രത്തിലേതാണ്. ഇന്ത്യയുടെ പരമ്പരാഗത സമ്പദ്‌വ്യവസ്ഥയുടെ പ്രത്യേകത കൃഷിയും കരകൗശല വസ്തുക്കളും ചേർന്നതാണ്. എഡ്‌വേർഡ് ബെയ്ൻസ് പറയുന്നതനുസരിച്ച് ആധികാരിക ചരിത്രത്തിന്റെ ഉദയത്തിന് വളരെ മുമ്പു തന്നെ തഴച്ചു വളർന്ന പരുത്തിയുടെ ജന്മസ്ഥലം ഇന്ത്യയാണ്. മുഗൾ ചക്രവർത്തി ഷാജഹാന്റെ ഭരണകാലത്ത് ഇന്ത്യ സന്ദർശിച്ച ബെർണിയർ അവിശ്വസനീയമാവിധം ഉത്പാദിപ്പിച്ച വസ്തുക്കൾ കണ്ട് അത്ഭുതപ്പെട്ടു. ഫ്രഞ്ച് സഞ്ചാരിയായ ടാവെർണിയർ മയൂരസിംഹാസനം, സ്വർണ്ണം, സിൽക്ക്, പരവതാനികൾ മിനിയേച്ചർ കൊത്തുപണികൾ എന്നിവയെ പ്രശംസിച്ചു.

ഇന്ത്യയിലെ പരമ്പരാഗത കരകൗശല വസ്തുക്കൾ

ഇന്ത്യയിലെ പരമ്പരാഗത കരകൗശല വസ്തുക്കൾക്ക് സമ്പന്നമായ ചരിത്രമുണ്ട്. ഇവ ജനങ്ങളുടെ ജീവിതത്തിന് ഒരു അവിഭാജ്യ ഘടകമായിരുന്നു. യന്ത്രവൽകൃത വ്യവസായത്തിന്റെ വരവിനമുമ്പുവരെ കാർഷിക മേഖലയ്ക്ക് തൊട്ടു പിന്നാലെ, ഗ്രാമീണ ഇന്ത്യയിലെ രണ്ടാമത്തെ വലിയ തൊഴിൽ സ്രോതസ്സായിരുന്നു കരകൗശല വസ്തുക്കളുടെ ഉത്പാദനം. പരമ്പരാഗത ഇന്ത്യൻ വ്യവസായം തുണിത്തരങ്ങൾ മരപ്പണി ആനക്കൊമ്പ് കൊത്തുപണികൾ സുഗന്ധവ്യഞ്ജനങ്ങൾ ലോഹ നിർമ്മാണം ആഭരണ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് അറിയപ്പെട്ടിരുന്നത്. കുശവന്മാർ, നെയ്ത്തുകാർ, ലോഹപണിക്കാർ തുടങ്ങിയ ഗ്രാമീണ കരകൗശല തൊഴിലാളികൾ ഗാർഹിക ആവശ്യങ്ങൾക്കായുള്ള വസ്തുക്കളും പാത്രങ്ങളും നിർമ്മിച്ചു. എന്നാൽ ചില പ്രത്യേക വസ്തുക്കൾ ആഭ്യന്തര, അന്തർദേശീയ വിപണികൾക്കായി നിർമ്മിക്കപ്പെട്ടു. പരുത്തി തുണിത്തരങ്ങൾ,മസ്‌ലിൻ,കമ്പിളി,പട്ട്,ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ വസ്തുക്കൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പരുത്തി ,പട്ടു വസ്ത്രങ്ങളുടെ മികച്ച ഗുണനിലവാരത്തിന് ഇന്ത്യ പ്രശസ്തമായിരുന്നു. നെയ്ത്തുകാർ,തയ്യൽ ക്കാർ, തുണികളിൽ ചായം മുക്കുന്നവർ എന്നിവരുടെ തൊഴിലുകളെ കുറിച്ച് പല പണ്ഡിത കൃതികളിലും പരാമർശമുണ്ട്. ലോഹ വ്യവസായത്തിന്റെ ചില കേന്ദ്രങ്ങൾ പ്രസിദ്ധമായിരുന്നു. സൗരാഷ്ട്ര ബെൽമെറ്റലിനും വംഗ (ബംഗാൾ) ടിൻ വ്യവസായത്തിനും ധാക്ക മസ്‌ലിൻ വസ്ത്രങ്ങൾക്കും പേരുകേട്ടതാണ്.

VIII Std - History Malayalam Chapter 6.indd 58 26/01/2023 16:57:11






ധാക്കയിലെ മസ്‌ലിൻ

ബി.സി. 2000 മുതൽ ഈജിപ്ഷ്യൻ ശവകുടീരങ്ങളിലെ മമ്മീസുകൾ ധാക്കയിലെ മികച്ച ഗുണ നിലവാരമുള്ള ഇന്ത്യൻ മസ്‌ലിൻ ഉപയോഗിച്ച് പൊതിഞ്ഞ നിലയിലായിരുന്നു കണ്ടെത്തിയത്. ഈ അമ്പതു മീറ്റർ നേർത്ത തുണിയെ ഒരു തീപ്പെട്ടിപ്പെട്ടിക്കുള്ളിൽ അമർത്തി വെയ്ക്കാൻ കഴിയുമായിരുന്നു.

ഇന്ത്യൻ വ്യവസായ മേഖലകളുടെ തകർച്ച

a) രാജകീയ രക്ഷാധികാരത്തിന്റെ നഷ്ടം

ബ്രിട്ടീഷ് ആക്രമണം ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ (സ്വയം ആശ്രയിക്കുന്നത്) കെളോണിയൽ സമ്പദ് വ്യവസ്ഥയാക്കി മാറ്റി.

ബ്രിട്ടീഷുകാർ ഇന്ത്യൻ പ്രദേശങ്ങൾ ഒന്നിനു പുറകെ ഒന്നായി കീഴടക്കിയപ്പോൾ, പ്രദേശിക ഭരണാധികാരികൾക്കും പ്രഭുക്കൻമാർക്കും ഭൂഉടമകൾക്കും അവയുടെ ശക്തിയും സമൃദ്ധിയും നഷ്ടപ്പെട്ടു. മികച്ച ലേഖനങ്ങൾ ദർബാറുകളിലും മറ്റ് ആചാരപരമായ അവസരങ്ങളിലും പ്രദർശിപ്പിക്കണമെന്ന ആവശ്യം അപ്രത്യക്ഷമായി. തൽഫലമായി ഈ ഭരണാധികാരികളുടെ രക്ഷാധികാരിയായ കരകൗശലവിദഗ്ദ്ധന് അവരുടെ പ്രാധാന്യം നഷ്ടപ്പെടുകയും ദരിദ്രനാവുകയും ചെയ്തു. തലമുറകളായി ഈ കരകൗശല തൊഴിലാളികൾ അവരുടെ പ്രാധാന്യം നഷ്ടപ്പെടുകയും ദരിദ്രനാവുകയും ചെയ്തു. തലമുറകളായി ഈ കരകൗശല തൊഴിലാളികൾ അവരുടെ കരകൗശല തൊഴിൽ പരിശീലിച്ചു കൊണ്ടിരുന്നു. അവർക്ക് മറ്റ് കഴിവുകൾ ഒന്നും ഉണ്ടായിരുന്നില്ല. അതിനാൽ അവരുടെ ദൈനം ദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വയലുകളിൽ തൊഴിലാളികളായി പ്രവർത്തിക്കേണ്ടി വന്നു. ഈ മാറ്റം കാർഷികമേഖയിൽ വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കാർഷിക മേഖലയിലെ വാണിജ്യ ഭക്ഷ്യ വിളകളുടെ പകരക്കാരൻ ഇന്ത്യൻ കാർഷിക വ്യവസായത്തെ നശിപ്പിച്ചു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഈസ്റ്റിന്ത്യ കമ്പിനിയുടെ നല്ല രാഷ്ട്രിയ സ്വാധീനം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചതോടെ തദ്ദേശീയ കരകൗശല വ്യവസായങ്ങളുടെ സുവർണ്ണ കാലം അവസാനിച്ചു.

b) അസംസ്കൃത വസ്തുക്കളുടെ നിർമ്മാതാവിൽ നിന്ന് കയറ്റുമതിക്കാരിലേയ്ക്കുള്ള മാറ്റം

രാജ്യത്തെ പ്രശസ്തമാക്കിയ ഇന്ത്യൻ കരകൗശല വസ്തുക്കൾ കൊളോണിയൽ ഭരണത്തിൽ കീഴിൽ തകർന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ബ്രിട്ടനിൽ നിന്ന് ഇറക്കുമതി ചെയ്ത യന്ത്ര നിർമ്മാണ വസ്തുക്കളുടെ ഉത്പാദകരായും അവരുടെ ഉൽപ്പന്നങ്ങളുടെ വിപണ കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുകയും ചെയ്തു. മാത്രമല്ല ബ്രിട്ടീഷുകാർ പരിചയപ്പെടുത്തിയ റെയിൽവേയും റോഡുകളും ഉൽപ്പന്നങ്ങളെ എളുപ്പത്തിൽ ഇന്ത്യയുടെ വിദൂര ഭാഗങ്ങളിൽ എത്തിക്കുന്നതിനും ഈ ഭാഗങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ വാങ്ങി ശേഖരിക്കുന്നതിനും സഹായിച്ചു.



നീരാവി യന്ത്രം

c) യന്ത്ര നിർമ്മിത വസ്തുക്കളുടെ മത്സരം

ഇന്ത്യയിലെ ഏറ്റവും പഴയ വ്യവസായം തുണി വ്യവസായമായിരുന്നു. ഉയർന്ന വൈവിധ്യവും കുറഞ്ഞ ഉല്പാദന ചിലവും യൂറോപ്യൻ നിർമ്മാതാക്കൾക്ക് കടുത്ത മത്സരം നൽകി. ഇംഗ്ലണ്ടിലെ കോട്ടൺജിൻ, ഫ്ലൈയിങ്ങ് ഷട്ടിൽ, സ്പിന്നിംഗ് ജെന്നി, നീരാവി എഞ്ചിൻ എന്നിവ കണ്ടുപിടിക്കാൻ ഇതു കാരണമാവുകയും ഇതുമൂലം തുണിത്തരങ്ങൾ വലിയതോതിൽ നിർമ്മിക്കാൻ സാധിക്കുകയും ചെയ്തു. ബ്രിട്ടണിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനകേന്ദ്രമായി ഇന്ത്യ മാറി. തൽഫലമായി പാർട്ട് ടൈം സ്പിന്നിംഗും നെയ്ത്തും വഴി വരുമാന നേടിയ കർഷകർക്ക് ഇപ്പോൾ കൃഷിയെ മാത്രം പൂർണ്ണമായി ആശ്രയിക്കേണ്ടിവന്നു. അങ്ങനെ അവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടമാകുകയും ചെയ്തു. മാത്രമല്ല പ്രാകൃത സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു നിർമ്മിച്ച

VIII Std - History Malayalam Chapter 6.indd 59 26/01/2023 16:57:12



ഇന്ത്യൻ ചരക്കുകൾക്ക് ഇംഗ്ലണ്ടിൽ നിർമ്മിച്ച വ്യാവസായിക വസ്തുക്കളുമായി മത്സരിക്കാനായില്ല.



തുണി വ്യവസായം

d) ബ്രിട്ടീഷുകാരുടെ വ്യാപാരനയം

ഇന്ത്യയിൽ ബ്രിട്ടീഷ് സർക്കാർ നടപ്പാക്കിയ എല്ലാ നയങ്ങളും ഇന്ത്യയുടെ തദ്ദേശീയ വ്യവസായങ്ങളെ ആഴത്തിൽ സ്വാധീനിച്ചു. സ്വതന്ത്ര വ്യാപാര നയം പിൻ തുടർന്ന ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യൻ വ്യാപാരികളെ വിപണിവിലയ്ക്ക് താഴെ വിൽക്കാൻ നിർബന്ധിച്ചു. ഇത് പല കരകൗശലകഴിവുകൾ ഉപേക്ഷിക്കാൻ നിർബന്ധിതരാക്കി. ഈസ്റ്റിന്ത്യകമ്പനിയുടെ പ്രധാന ലക്ഷ്യം ഇന്ത്യൻ ഉൽപ്പന്നങ്ങളെ പരമാവധി കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും വൻ ലാഭത്തിൽ മറ്റു യൂറോപ്പ്യൻ രാജ്യങ്ങൾക്ക് ഉൽപ്പന്നങ്ങളെ വിൽക്കുമായിരുന്നു. ഇത് പരമ്പരാഗത ഇന്ത്യൻ വ്യവസായത്തെ ബാധിച്ചു. ഇന്ത്യൻ വ്യാപാര താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ സംരക്ഷണ താരിഫ് നയമാണ് ബ്രിട്ടീഷുകാർ പിൻ തുടർന്നത്. ബ്രിട്ടനിൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് കനത്ത നികുതി ഈടാക്കിയിരുന്നു. അതേസമയം ഇന്ത്യയിലേയ്ക്ക് നാമമാത്രമായ നികുതി മാത്രമേ ഈടാക്കിയിരുന്നുള്ളൂ.

ദാദാബായ് നെഹ്റോജിയുടെ ഡ്രെയിൻ തിയറി



ഇന്ത്യയുടെ വരുമാന വിഭവങ്ങൾ ബ്രിട്ടീഷുകാർ ചൂഷണം ചെയ്തതും ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേയ്ക്ക് ഒഴുക്കിയതുമാണ് ഇന്ത്യൻ ജനതയുടെ ദാരിദ്ര്യത്തിന് കാരണമെന്ന യാഥാർത്ഥ്യം ആദ്യമായി ദാദാബായ് നെഹ്റോജി അംഗീകരിച്ചു.

VIII Std - History Malayalam Chapter 6.indd 60 26/01/2023 16:57:13

e) വ്യവസായ വൽക്കരണം

19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ വ്യവസായിക വൽക്കരണം അനുഭവിക്കുന്ന പാശ്ചാത്യർക്ക് വ്യാവസായിക ഇടിവുനേരിട്ടു.

പരമ്പരാഗത ഇന്ത്യൻ കരകൗശല വസ്തുക്കളുടെ തകർച്ചയും ദേശീയ വരുമാനം കുറയുന്ന പ്രക്രിയെയും വ്യവസായ വൽക്കരണം എന്ന് വിളിക്കപ്പെടുന്നു.

ഇന്ത്യൻ ആഭ്യന്തര വ്യവസായത്തിന് വിദേശമത്സരത്തെ നേരിടാൻ കഴിഞ്ഞില്ല. കാരണം വദേശ ഉത്പ്പന്നങ്ങളുടെ ഉല്പ്പാദനം വൻ യന്ത്രങ്ങളുടെ സഹായത്തോടു കൂടിയായിരുന്നു. ഇന്ത്യൻ വ്യവസായങ്ങളിലെ ബുദ്ധിമുട്ടുകൾ സൂയസ് കനാലിന്റെ നിർമ്മാണത്തിലൂടെ കൂടുതൽ സങ്കീർണ്ണമായി. കാരണം ഗതാഗത ചിലവ് കുറഞ്ഞു. ഇത് ബ്രിട്ടീഷ് ചരക്കുകൾ ഇന്ത്യയിൽ വില കുറഞ്ഞതാക്കി. കരകൗശല വ്യവസായത്തിന്റെ തകർച്ചയുടെ പ്രധാന കാരണം ആധുനിക ഫാക്ടറികളുടെ കൂടുതൽ തൊഴിൽ അവസരങ്ങളും അതുമൂലമുണ്ടാകുന്ന വരുമാന വർദ്ധനവുമായിരുന്നു.

ആധുനിക വ്യവസായങ്ങളുടെ ആരംഭം.

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാല ഘട്ടം മുതൽ വ്യവസായവൽക്കരണം ഇന്ത്യയിലും ആരംഭിച്ചു. ആധുനീക വ്യവസായത്തിന്റെ വളർച്ച പ്രധാനമായും ആശ്രയിച്ചിരുന്നത് പരുത്തി,ചണം തുടങ്ങിയ വിളകളായിരുന്നു. ഇതിൽ സ്റ്റിൽ ഒരു പ്രധാനപങ്കു വഹിച്ചിരുന്നു. ഖനനത്തിന് പരിമിതമായ വികസനമായിരുന്നു ഉണ്ടായിരുന്നത്. പ്രത്യേകിച്ച് കൽക്കരിയ്ക്ക് റെയിൽവേയുടെയും റോഡു കളുടെയും വികസനത്തോടെ വ്യവസായ വൽക്കരണം ആരംഭിച്ചു. ഈ വളർച്ച രാജ്യത്തെ ജനങ്ങളുടെ സാമൂഹികസാമ്പത്തീക ജീവിതത്തെ വളരെ അധികം സ്വാധീനിച്ചു. ഇരുമ്പ്, ഉരുക്ക്, രാസവസ്തുക്കൾ, പഞ്ചസാര, സിമന്റ്, ഗ്ലാസ്സ്, മറ്റും ഉപഭോക്തവസ്തുക്കൾ തുടങ്ങിയ വ്യവസായങ്ങളുടെ വികസനത്തിന് രണ്ട് ലോകമഹായുദ്ധങ്ങൾ പ്രചോദനമായി. മിക്ക മില്ലുകളും സ്ഥാപിക്കുന്നതിൽ സമ്പന്നരായ ഇന്ത്യൻ ബിസ്സിനുകാരെ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

a. തോട്ട വിള വ്യവസായങ്ങൾ

യൂറോപ്പുകാരെ ആദ്യമായി ആകർഷിച്ചത് തോട്ടവിള വ്യവസായമായിരുന്നു. തോട്ടവിള വ്യവസായത്തിന് യഥാർത്ഥ്യത്തിൽ ധാരാളം തൊഴിലവസരങ്ങൾ നൽകുവാനും വർദ്ധിച്ചു വരുന്ന ആവശ്യങ്ങളായ ചായ,കാപ്പി, ഇൻഡിഗോ എന്നിവനൽകാൻ സാധിക്കുകയും ചെയ്തു. അതിനാൽ വളരെ മുമ്പുതന്നെ പ്ലാന്റേഷൻ വ്യവസായം ആരംഭിച്ചു. 1839ൽ ആസാം തേയിലക്കമ്പനി സ്ഥാപിച്ചു. അതോടൊപ്പം തന്നെ കാപ്പിത്തോട്ടങ്ങളും വെച്ചു പിടിപ്പിക്കാൻ തുടങ്ങി. കിഴക്കൻ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമായിരുന്നു തേയിലത്തോട്ടം. ദക്ഷണേന്ത്യയിലെ പ്രധാന വ്യവസായം കാപ്പിയുമായിരുന്നു. ഫാക്ടറിക് ജന്മം നൽകിയ മൂന്നാമത്തെ പ്രധാനവിള ചണമായിരുന്നു. ഈ വ്യവസായങ്ങളെല്ലാം നിയന്ത്രിച്ചത് ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ മുൻ ജോലിക്കാരായിരുന്നു.

b. യന്ത്രാധിഷ്ഠിത വ്യവസായങ്ങൾ



തേയിലത്തോട്ടം

ഇന്ത്യയിലെ 1854ൽ പരുത്തിത്തുണി വ്യവസായം ബോംബയിൽ ആരംഭിച്ചതോടെ സംഘടിത രൂപത്തിൽ ആധുനിക വ്യവസായിക മേഖല ആരംഭിച്ചു. 1855ൽ കൽക്കത്തയ്ക്ക് അടുത്തുള്ള റിഷ്ട്രയിലെ ഗൂഗ്ലി താഴ്വരയിൽ ചണം വ്യവസായം ആരംഭിച്ചു. 1870ൽ കൽക്കത്തക്കടുത്തുള്ള ബാലിഗഞ്ചിലാണ് ആദ്യത്തെ പേപ്പർമിൽ ആരംഭിച്ചത്. പരുത്തിമില്ലുകൾ ഇന്ത്യൻ സംരംഭകരുടെ ആധിപത്യത്തിലും ചണമില്ലുകൾ ബ്രിട്ടീഷ് മുതലാളിമാരുടെ ഉടമസ്ഥതയിലുമായിരുന്നു. ബോംബെയിലും അഹമ്മദാബാലുംപ രുത്തിമില്ലുകൾ തുറന്നപ്പോൾ ചണം മില്ലുകൾ ഗൂഗ്ലി നദി തീരത്ത് വ്യാപിച്ചു. കാൺപൂരിലെ കമ്പിളി, ലതർ ഫാക്ടറികൾ പ്രസിദ്ധമാണ്.

c. വൻകിട വ്യവസായങ്ങൾ

വൻകിട വ്യവസായങ്ങളിൽ ഇരുമ്പ് ഉരുക്ക് വ്യവസായം ഉൾപ്പെടുന്നു. 1874 കുൽത്തിയിൽ ആദ്യമായി സ്റ്റീൽ നിർമ്മിച്ചത് ആധുനിക രീതിയിലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യൻ മണ്ണിൽ ഇരുമ്പ്, ഉരുക്ക് വ്യവസായങ്ങൾ വേരൂന്നാൻ തുടങ്ങി. എന്നിരുന്നാലും ഇന്ത്യയിൽ വൻതോതിലുള്ള ഉരുക്കു നിർമ്മാണത്തിന്റെ ബഹുമതി ജംഷെഡ്ജി ടാറ്റയ്ക്കാണ്. ടാറ്റ ആയൺ ആന്റ സ്റ്റീൽ കമ്പനി 1907ൽ ജംഷെഡ്പൂരിൽ സ്ഥാപിതമായി.ഇത്

VIII Std - History Malayalam Chapter 6.indd 61 26/01/2023 16:57:13

1911ൽ പച്ചയിരുമ്പും 1912ൽ ഉരുക്ക് കട്ടികളും ഉല്പാദിപ്പിക്കാൻ തുടങ്ങി.



TISCO-ജംഷഡ്പൂർ

ആധുനിക വ്യവസായങ്ങളുടെ വളർച്ച

റെയിൻവേയുടെ ദൈർഘ്യം 1861ൽ 2573 കിലോമീറ്ററിൽ നിന്ന് 1914ൽ 55773 കിലോമീറ്ററായി ഉയർന്നു. സൂയസ് കനാൽ തുറന്നതോടെ യൂറോപ്പും ഇന്ത്യയും തമ്മിലുള്ള ദൂരം 4830 കിലോമീറ്ററായി കുറഞ്ഞു. ഈ കുറഞ്ഞ ദൂരം ഇന്ത്യയെ കൂടുതൽ വ്യവസായവൽക്കരിക്കാൻ സഹായിച്ചു. സ്വദേശി പ്രസ്ഥാനത്തിന്റെ ഫലമായി കോട്ടൺമില്ലുകൾ 194ൽ നിന്ന് 273 ആയും ചണം മില്ലുകൾ 36ൽ നിന്ന് 64ആയും വർദ്ധിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യയിൽ അധികാരം ശക്തി പ്പെടുത്തുകയും അതുവഴി ധാരാളം വിദേശ സംരംഭകരെയും മൂലധനത്തേയും പ്രത്യേകിച്ചും ഇംഗ്ലണ്ടിൽ നിന്നു ഇന്ത്യയിലേയ്ക്ക് ആകർഷിച്ചു. ഉയർന്നലാഭം പ്രതീക്ഷിക്കുന്നതിനാൽ വിദേശ മുതലാളിമാർ ഇന്ത്യൻ വ്യവസായത്തിലേയ്ക്ക് ആകർഷിക്കപ്പെട്ടു. അദ്ധ്വാനം വളരെ വില കുറഞ്ഞതായിരുന്നു. അസംസ്കൃത വസ്തുക്കൾ വില കുറഞ്ഞ രീതിയിൽ ലഭ്യമായിരുന്നു. അങ്ങനെ ഇന്ത്യയും അയൽ രാജ്യങ്ങളും തമ്മിൽ ഒരു റെഡി മാർക്കറ്റ് നിലവിൽ വന്നു.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII)

CII
Confederation of Indian Industry

ഇന്ത്യയിലെ ഒരു ബിസിനസ് അസോസി യേഷനാണ് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി. സി.ഐ.ഐ ഒരു സർക്കാരിതര ലാഭേച്ഛയില്ലാത്ത വ്യവസായ നേതൃത്വത്തിലുള്ള വ്യവസായ നിയന്ത്രിത സ്ഥാപനമാണ്. 1985-ൽ ആണ് ഇത് സ്ഥാപിതമായത്. സ്വകാര്യ ചെറുകിട ഇടത്തര സംരംഭങ്ങൾ മൾട്ടി നാഷണൽ കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെ സ്വകാര്യ പൊതു മേഖലയിൽ നിന്ന് 9000 അംഗങ്ങൾ ഉണ്ട്.

ഇന്ത്യയിലെ വ്യവസായിക വളർച്ച

വ്യവസായങ്ങളുടെ വികസന സ്വപ്നം സാക്ഷാൽക്കരിക്കാൻ ഇന്ത്യൻ സർക്കാർ ചില വ്യവസായ നയങ്ങളും പഞ്ചവൽസര പദ്ധതികളും സ്വീകരിച്ചു. സ്വാതന്ത്ര്യാനന്തരം വ്യവസായിക മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പുതുമകളി ലൊന്നാണ്പഞ്ചവൽസരപദ്ധതികളുടെ ആമുഖവും 1948-ലെ വ്യവസായികനയ പ്രമേയത്തിൽ സർക്കാർ വ്യക്തമാക്കിയ വ്യവസായത്തിൽ നേരിട്ട പങ്കാളിത്തവും. ഈ പ്രമേയം വ്യവസായിക വികസനത്തിൽ സംസ്ഥാനത്തിന്റെ പങ്ക് ഒരു സംരംഭകനെന്നനിലയും അതോറിറ്റി എന്ന നിലയിലും വ്യക്തമാകുന്നു. വ്യവസായിക നയ പ്രമേയം 1956 അനുസരിച്ച് വ്യവസായങ്ങളെ മൂന്നു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

ഷെഡിയൂൾ-A: സർക്കാരിനുമാത്രമേ ഈ വ്യവസായങ്ങൾ കൈകാര്യം ചെയ്യാൻ കഴിയൂ. ഇവയിൽ ചിലത് ആണവ ഊർജ്ജം ഇലട്രിക്കൽ വ്യവസായം, ഇരുമ്പ് ഉരുക്ക് വ്യവസായം എന്നിവയാണ്.

ഷെഡിയൂൾ-B: റോഡ്, കടൽ ഗതാഗതം യന്ത്രോപ കരണങ്ങൾ, അലുമിനിയം, പ്ലാസ്റ്റിക്കുകയും വളങ്ങളും ഉൾപ്പെടെയുള്ള രാസവസ്തുക്കൾ, ഫെറോ അലോയികൾ, ചില തരം ഖനനം എന്നിവ ഉൾപ്പെടുന്നു.

ഷെഡിയൂൾ-C: ഈ വിഭാഗത്തിൽ ശേഷിക്കുന്ന വ്യവസായങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിട്ടു കൊടുത്തിരിക്കുന്നു.

വ്യവസായശാലകളുടെ തരങ്ങൾ

- ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെ കാർഷിക അധിഷ്ഠിത വ്യവസായമെന്നും, ധാതു അധിഷ്ഠിത വ്യവസായമെന്നും, വന അധിഷ്ഠിത വ്യവസായമെന്നും തരം തിരിക്കാം. അവയുടെ പങ്ക് അനുസരിച്ച് മുഖ്യ അടിസ്ഥാന വ്യവസായങ്ങളായി തരം തിരിക്കാൻ കഴിയും.
- ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെ പൊതുമേഖല, സ്വകാര്യമേഖല, സംയുക്ത മേഖല, സഹകരണമേഖല എന്നിങ്ങനെ തരം തിരിക്കാം.

VIII Std - History Malayalam Chapter 6.indd 62 26/01/2023 16:57:13



ഇന്ത്യയിലെ വ്യവസായിക വികസനത്തിന്റെ ഘട്ടങ്ങൾ

a. 1950 മുതൽ 1965 വരെയുള്ള ഇന്ത്യയിലെ വ്യവസായിക വികസനം

ഈ ഘട്ടത്തിന്റെ ഭൂരിഭാഗം ഉപഭോക്തവസ്തുക്കളും ഇന്ത്യയിൽ ഉൽപ്പാദിക്കപ്പെടുന്നു. വ്യവസായിക മേഖല അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം അവികസിതമായിരുന്നു. സാങ്കേതിക വൈദഗ്ദ്ധ്യവും കുറവായിരുന്നു. ആദ്യത്തെ മൂന്നു പഞ്ചവത്സരപദ്ധതികൾ വളരെ പ്രധാനപ്പെട്ടതായിരുന്നു. കാരണം സ്വതന്ത്ര്യ ഇന്ത്യയിൽ ശക്തമായ വ്യാവസായിക അടിത്തറ കെട്ടിപടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഈ

VIII Std - History Malayalam Chapter 6.indd 63 26/01/2023 16:57:13

പദ്ധതികൾ കൂടുതലും കേന്ദ്രീകരിച്ചത് മൂലധന ചരക്കുമേഖലകളുടെ വികസനത്തിനാണ്. തൽഫ ലമായി ഈ ഘട്ടം ഉൽപാദന വളർച്ചാനിരക്കിന്റെ ശക്തമായ ചലനത്തിന് കാരണമായി.

b. 1965 മുതൽ 1980 വരെയുള്ള ഇന്ത്യയിലെ വ്യവസായിക പുരോഗതി

ആദ്യത്തെ മൂന്ന് പഞ്ചവൽസര പദ്ധതികൾ പ്രധാനമായും മൂലധന ചരക്ക് മേഖലയുടെ വികസനത്തെ കേന്ദ്രീകരിച്ചതിനാൽ ഉപഭോക്തൃ ഉൽപ്പന്ന മേഖല അവഗണിക്കപ്പെട്ടു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് ഉപഭോത്കൃത മേഖലയാണ്. തൽഫലമായി വ്യാവസായിക ഉത്പ ാദനത്തിന്റെ വളർച്ചാനിരക്കിൽ ഇടിവുണ്ടായി. അതിനാൽ ഈ കാലഘട്ടത്തെ ഘടനാപരമായി പിൻമാറ്റത്തിന്റെ കാലഘട്ടമായി അടയാളപ്പെടുത്തി.

c. 1980 മുതൽ 1991 വരെയുള്ള വ്യാവസായിക പുരോഗതി

1980-കളെ വ്യാവസായിക വീണ്ടെടുക്കലിന്റെ കാലഘട്ടമായി കണക്കാക്കാം. ഈ കാലയളവ് ആരോഗ്യകരമായ വ്യാവസായിക വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

d. 1991-ന് ശേഷമുള്ള വ്യാവസായിക വികസന പരിഷ്ക്കാരങ്ങൾ

1991-ൽ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഒരു പുതിയ യുഗം ആരംഭിച്ചു. വ്യാവസായിക മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ഇന്ത്യ പ്രധാന തീരുമാനം കൈകൊണ്ടു. വ്യാവസായിക ഉൽപാദനത്തിന്റെ ഉയർന്ന വളർച്ചാനിരക്കിന് പത്താമത്തെയും പതിനൊന്നാമത്തെയും പഞ്ചവൽസര പദ്ധതികൾ സാക്ഷ്യം വഹിച്ചു. വ്യാവസായിക ലൈസൻസിങ് നിർത്തലാക്കൽ, വിലനിയന്ത്രണങ്ങൾ ഇല്ലാതാക്കൽ, ചെറുകിടവ്യവസായങ്ങളുടെ സംവരണം ദുർബലപ്പെടുത്തൽ, കുത്തക നിയമം നിർത്തലാക്കൽ എന്നിവ ഇന്ത്യൻ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ സഹായിച്ചു. പുതിയ നയം വിദേശനിക്ഷേപങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്തു.

ആധുനികവൽക്കരണം

ഇന്ത്യയിൽ ധാരാളം വൈവിധ്യമാർന്ന ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാൽ അത് ആധുനികവൽക്കരണത്തിന്റെ ഉയർന്ന അളവ് കാണിക്കുന്നു. ചില ആധുനിക വ്യവസായങ്ങൾ ശരിക്കും വളർന്ന് പുറംലോകവുമായി ഫലപ്രദമായി മത്സരിക്കുന്നു. ഇത് വിദേശവിദഗ്ദ്ധരേയും സാങ്കേതിക വിദഗ്ദ്ധരേയും ആശ്രയിക്കുന്നതിനെ വളരെയധികം കുറച്ചിരിക്കുന്നു. നേരേമറിച്ച് പരിശീലനം സിദ്ധിച്ചവരെ അവികസിത രാജ്യങ്ങളിലേക്ക് ഇന്ത്യ പറഞ്ഞു വിടുകയും ചെയ്തു.

വിവരസാങ്കതിക വിദ്യ എന്ന പദത്തിൽ സോഫ്റ്റ്‌വെയറിനൊപ്പം കമ്പ്യൂട്ടർ ആശയ വിനി മയസാങ്കേതിക വിദ്യയും ഉൾപ്പെടുന്നു. പ്രൈമറി, സെക്കൻഡറി, ത്രിതീയ വ്യവസായങ്ങളെ മൂന്ന് സെക്ടർ മോഡലിനോടൊപ്പം, വിവരങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ നാലാമത്തെ മേഖലയും ഉയർന്നുവന്നിട്ടുണ്ട്. തൊഴിൽ ഉൽപാദന സേവന പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണവും ആരോഗ്യപരിരക്ഷ, വിദൂരവിദ്യാഭ്യാസം, സോഫ്റ്റ്‌വെയർ ഉൽപാദനം, മൾട്ടി മീഡിയവിനോദം തുടങ്ങിയ പുതിയ സേവന വ്യവസായങ്ങളിലെ വളർച്ചയും വിജ്ഞാന സമ്പദ് വ്യവസ്ഥയും ചിത്രീകരിക്കുന്നു.

സ്വയാശ്രയത്വം

വ്യാവസായിക വളർച്ചയുടെ മറ്റൊരു വശം സ്വാശ്രയലക്ഷ്യം കൈവരിക്കുക എന്നതാണ്. യന്ത്രങ്ങൾ, പ്ലാന്റ് , മറ്റു ഉപകരണങ്ങൾ എന്നിവയിൽ സ്വാശ്രയത്വം നേടി. ഇന്ന് വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഉപകരണങ്ങളിൽ ഭൂരിഭാഗവും രാജ്യത്തിനകത്തുതന്നെ ഉൽപ്പാദിപ്പിക്കപ്പെടുന്നു.

ഇന്ത്യൻ റോഡ് ശൃംഖല ലോകത്തിലെ ഏറ്റവും വലിയ ഒന്നായി മാറി. സർക്കാർ ശ്രമങ്ങൾ ദേശീയപാത, സംസ്ഥാനപാത, പ്രധാന ജില്ലാ റോഡുകൾ എന്നീ ശൃംഖല വീപുലി കരിക്കുന്നതിലേയ്ക്ക് നയിച്ചു. ഇത് വ്യവാസായിക വളർച്ചയ്ക്ക് നേരിട്ട് കാരണമായി.

ബൃഹത്തായ എഞ്ചിന്റെ പ്രവർത്തനത്തിന് ഇന്ത്യയ്ക്ക് ഊർജ്ജം ആവശ്യമുള്ളതിനാൽ ഊർജ്ജ ലഭ്യതയിൽ ശ്രദ്ധേയമായ പുരോഗതിക്ക് ഇത് കാരണമായി. സ്വാതന്ത്ര്യത്തിന്റെ എഴുപതിറ്റാണ്ടിന ുശേഷം, ഏഷ്യയിലെ മൂന്നാമത്തെ വലിയ വൈദ്യുത ഉൽപാദനകരാജ്യമായി ഇന്ത്യ മാറി.

സംഗ്രഹം

സാമ്പത്തിക വളർച്ചയുടെ പ്രധാന ഘടകം വ്യവസായവത്ക്കരണം ആണ്. ഇന്ത്യയുടെ വ്യാവസായിക വിപുലീകരണം ഒരു സമ്മിശ്രചിത്രം അവതരിപ്പിക്കുന്നു

സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലവുമായി താരതമ്യപ്പെടുത്തുമ്പോൾ പഞ്ചവത്സരപദ്ധതി കാലഘട്ടത്തിലെ വ്യാവസായിക വളർച്ച അസാധാരണമാണ്.

VIII Std - History Malayalam Chapter 6.indd 64 26/01/2023 16:57:13

പുനരവലോകനം

- ഇന്ത്യൻ വ്യവസായത്തിന്റെ ചരിത്രം ഒരു പക്ഷേ മനുഷ്യരാശിയുടെ ചരിത്രത്തിലേതാണ്.
- ഇന്ത്യയിലെ പരമ്പരാഗത കരകൗശല വസ്തുക്കൾക്ക് സമ്പന്നമായ ചരിത്രമുണ്ട്.
- ഇന്ത്യൻ കരകൗശല വസ്തുക്കൾ കൊളോണിയൽ ഭരണത്തിൽ കീഴിൽ തകർന്നു.
- ആധുനീക വ്യവസായത്തിന്റെ വളർച്ച പ്രധാനമായും ആശ്രയിച്ചിരുന്നത് പരുത്തി,ചണം തുടങ്ങിയ വിളകളായിരുന്നു.
- ഇന്ത്യൻ വ്യവസായത്തിന്റെ കോൺഫെഡറേഷൻ ഒരു സർക്കാറിതര ലാഭേച്ഛയില്ലാതെ വ്യവസായത്തിന്റെ നേതൃത്വത്തിലുള്ള വ്യവസായ നിയന്ത്രിതസംഘടനയാണ്.

പദപരിചയം

incredible	unbelievable	അവിശ്വസനീയമായ
indigenous	native	സ്വദേശിയായ
acceleration	increasing the speed	വേഗം വർദ്ധിപ്പിക്കൽ
swadeshi	produced with in this country	സ്വന്തം നാട്ടിലെ ഉത്പ്പന്നങ്ങൾ
entrepreneur	businessman	വ്യവസായ സംഘാടകൻ
retrogression	to return to older	അധഃപതനത്തിലേക്കുള്ള നീക്കം



മൂല്യനിർണ്ണയം

47F09

I. ശരിയായ ഉത്തരം തെരെഞ്ഞടുത്തെഴുതുക.

1. ഇവയിൽ ഏതാണ് കരകൗശലത്തിൻ കീഴിൽപെടാത്തവ?
   a) പ്രതിമകൾ കല്ലിൽ കൊത്തിയെടുക്കുന്നു
   b) കുപ്പിവളകൾ
   c) പട്ടുസാരിനെയ്ത്ത്
   d) ഇരുമ്പിന്റെ ഉരുകൽ
2. ഇന്ത്യയിലെ ഏറ്റവും പഴയവ്യവസായം _____ വ്യവസായമായിരുന്നു.
   a) തുണി വ്യവസായം b) സ്റ്റീൽ
   c) വൈദ്യുതോപകരണങ്ങൾ d) രാസവളങ്ങൾ
3. കമ്പിളി, തുകൽ ഫാക്ടറികൾ പ്രസിദ്ധമായത് _____
   a) ബോംബെ b) അഹമ്മദാബാദ്
   c) കാൺപൂർ d) ഡാക്ക
4. ഇന്ത്യയിലെ ആദ്യത്തെ മൂന്ന് പഞ്ചവൽസരപദ്ധതികളുടെ ലക്ഷ്യം എന്ത്?
   a) ജനസംഖ്യ വളർച്ച നിയന്ത്രക്കുന്നതിന്
   b) നിരക്ഷരത നിരക്ക് കുറക്കുന്നതിന്
   c) ശക്തമായ ഒരു വ്യവസായിക അടിത്തറ കെട്ടിപ്പടുക്കുന്നതിന്
   d) സ്ത്രീകളെ ശാക്തീകരിക്കുന്നതിന്
5. ഇന്ത്യൻ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണം എന്ത്?
   a) രാജകീയമായ രക്ഷാകർത്യത്വം
   b) യന്ത്രനിർമ്മിത വസ്തുക്കളുടെ മത്സരം
   c) ഇന്ത്യയുടെ വ്യവസായികനയം
   d) ബ്രിട്ടീഷുകാരുടെ വ്യാപാരനയം

II. വിട്ടഭാഗം പൂരിപ്പിക്കുക

1. _____ ജനങ്ങളുടെ ജീവിതത്തിലെ അവിഭാജ്യഘടകമായിരുന്നു.
2. വ്യവസായമായ വിപ്ലവം നടന്നത് _____ ൽ ആണ്.
3. ആസാം ടീ കമ്പനി സ്ഥാപിച്ചത് _____ ൽ ആണ്.
4. കൊൽക്കത്തയ്ക്കടുത്തുള്ള _____ എന്ന സ്ഥലത്ത് ഹൂഗ്ലി താഴ്വരയിൽ ചണം വ്യവസായം ആരംഭിച്ചത്.
5. _____ യൂറോപ്പും ഇന്ത്യയും തമ്മിലുള്ള ദൂരം ചുരുക്കി.

III. ചേരുംപടി ചേർക്കുക

1. ടാവെർണിയർ	- ഡ്രെയിൻ തിയറി
2. ഡാക്ക	- പേപ്പർ മിൽ
3. ദാദാബായ്നെഹറോജി	- ആർട്ടിസാൻ
4. ബാലിഗഞ്ച്	- മസ്ലിൻ
5. സ്മിത്ത്സ്	- ഫ്രഞ്ച് സഞ്ചാരി

IV. ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക

1. പരുത്തി, പട്ട് തുണികൾക്ക് ഇന്ത്യ പ്രശസ്തമായിരുന്നു.
2. റെയിൽവേ ഇന്ത്യയിൽ ചരിചയപ്പെടുത്തിയത് ബ്രിട്ടീഷുകാരാണ്.
3. ഉരുക്ക് ആദ്യമായി ആധുനീക രീതികൾ ഉപയോഗിച്ച് നിർമ്മിച്ചത് ജംഷഡ്പൂരിലാണ്.
4. 1948-ലെ വ്യവസായികനയം വ്യവസായിക മേഖലയിൽ സമ്മിശ്രസമ്പദ് വ്യവസ്ഥ കൊണ്ടു വന്നു.
5. പത്താമത്തെയും പതിനൊന്നാമത്തെയും പഞ്ചവത്സര പദ്ധതികൾ കാർഷിക ഉൽപ്പാദനത്തിന്റെ ഉയർന്ന വളർച്ചാനിരക്കിന് സാക്ഷ്യം വഹിച്ചു.

VIII Std - History Malayalam Chapter 6.indd 65 26/01/2023 16:57:14

V. ഇനിപ്പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ഉചിതമായ ഉത്തരം ടിക്ക് ചെയ്യുക.

1. ഇനി പറയുന്നവയിൽ ഏതാണ് ശരി?
   i) എഡ്വേർസ് ബെയ്ൻസിന്റെ അഭിപ്രായത്തിൽ പരുത്തി ഉൽപ്പാദനത്തിന്റെ ജന്മസ്ഥലം ഇംഗ്ലണ്ടിലാണ്.
   ii) യന്ത്രവത്കൃത വ്യവസായ കരകൗശല വസ്തുക്കൾ ഗ്രാമീണ ഇന്ത്യയിലെ രണ്ടാമത്തെ വലിയ തൊഴിൽ സ്രോതസ്സായിരുന്നു.
   iii) സൗരാഷ്ട്ര ടിൻ വ്യവസായത്തിന് പേരുകേട്ടതാണ്.
   iv) സൂയസ് കനാലിന്റെ നിർമ്മാണം ബ്രിട്ടീഷ് ചരക്കുകൾ ഇന്ത്യയിൽ വിലകുറഞ്ഞതാക്കി.
   a) ഒന്നും രണ്ടും ശരിയാണ്
   b) രണ്ടും നാലും ശരിയാണ്
   c) മൂന്നും നാലും ശരിയാണ്
   d) ഒന്നും രണ്ടും മൂന്നും ശരിയാണ്

2. **പ്രസ്താവന (A)** - ഇന്ത്യൻ കരകൗശല വസ്തുക്കൾ കൊളോണിയൽ ഭരണത്തിൽ കീഴിൽ തകർന്നു.
   കാരണം - ബ്രിട്ടീടുകാർ ഇന്ത്യയെ തങ്ങളുടെ അസംസ്കൃത വസ്തുക്കളുടെയും വിപണികളുടെയും നിർമ്മാതാക്കളാക്കി മാറ്റി
   a) A ശരിയാണ് R എന്നത് A യുടെ ശരിയായ വിശദീകരണമാണ്
   b) A ശരിയാണ് R എന്നത് A യുടെ ശരിയായ വിശദീകരണമല്ല
   c) A യും R ഉം ശരിയാണ്
   d) A യും R ഉം തെറ്റാണ്

3. ഇനിപ്പറയുന്നവയിൽ തെറ്റായി യോജിപ്പിച്ചിരിക്കുന്നത് ഏതാണ്?

a) ബെർണിയർ	- ഷാജഹാൻ
b) കോട്ടൺമിൽ	- അഹമ്മദാബാദ്
c) ടിസ്കോ (TISCO)	- ജംഷഡ്പൂർ
d) സാമ്പത്തിക ഉദാരവൽക്കരണം	- 1980

VI. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക

1. ഇന്ത്യയിലെ പരമ്പരാഗത കര കൗശല വ്യവസായങ്ങൾ ഏതെല്ലാം?
2. ഡ്രെയിൻ സിദ്ധാന്തത്തെക്കുറിച്ച് എഴുതുക.
3. തുണിത്തരങ്ങൾ വലിയ തോതിൽ ഉൽപ്പാദിപ്പിച്ച കണ്ടുപിടിത്തത്തിന് പേര് നൽകുക.
4. ഇന്ത്യൻ വ്യവസായത്തിന്റെ കോൺഫെഡറേഷനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.
5. വ്യവസായവൽക്കരണം എന്നാൽ എന്ത്?

VII. വിവരിച്ച് ഉത്തരം നൽകുക?

1. ഇന്ത്യൻ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് ബ്രിട്ടീഷുകാരുടെ വ്യാപാരനയം കാരണമായത് എങ്ങനെ?
2. തോട്ടം വ്യവസായങ്ങളെക്കുറിച്ച് വിവരിക്കുക?
3. 1991-ലെ പരിഷ്ക്കാരങ്ങൾക്ക് ശേഷമുണ്ടായ വ്യവസായിക വികസനം വിശദീകരിക്കുക.

VIII. ഉന്നത ചിന്താശേഷിയുള്ളവ:

1. കരകൗശല ഉൽപന്നങ്ങൾക്കും യന്ത്രവൽകൃത ഉൽപ്പന്നങ്ങൾക്കും തമ്മിലുള്ള വ്യത്യാസമെന്ത്?

IX. ഇന്ത്യ ഭൂപടത്തിൽ താഴെ പറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.

1. ബോംബെ	6. അഹാമ്മദാബാദ്
2. കൽക്കത്ത	7. കാൺപൂർ
3. ഡക്കാ	8. കുൽതി
4. ജംഷഡ്പൂർ	9. ന്യൂഡൽഹി
5. റിഷ്ര	10. അസ്സാം

X. പ്രോജക്ടും പ്രവർത്തനവും

1. നിങ്ങളുടെ സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് പേരിടുകയും അവയെ കാർഷീക അധിഷ്ഠിതവും ലോഹ അധിഷ്ഠിതവും വന അധിഷ്ഠിതവുമായി വിഭജിക്കുകയും ചെയ്യുക.
2. ഇന്ത്യയിലെ വ്യാവസായിക വികസനം മൂലം, വായു,ജലം,ഭൂമി എന്നുവയിലുണ്ടാകുന്ന മലിനീകരണത്തെക്കുറിച്ച് ഒരു പദ്ധതി തയ്യാറാക്കുക.
3. ഇന്ത്യയുടെ വ്യാവസായിക വികസനത്തിന്റെ കരുത്തിനെക്കുറിച്ചും അതിന്റെ ഉദ്ദേശത്തെപ്പറ്റിയും അഭിപ്രായ അവതരണം നടത്തുകയും ആ സംഭവവികാസങ്ങളുടെ പ്രധാന സവിശേഷതകൾ ഉയർത്തിക്കാട്ടുകയും ചെയ്യുക.

REFERENCE BOOKS

1. Dharmakumar (ed). *The Cambridge Economic History of India, Vol II, c.1757-2003*
2. *The Gazeteer of India. Vol II* Publications Division
3. *India 1995 - A reference Annual,* Publications Division

INTERNET RESOURCES

1. http://www.suezcanal.gov.eg
2. http://www.cii.in

VIII Std - History Malayalam Chapter 6.indd 66 26/01/2023 16:57:14

യൂണിറ്റ് 7

ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ നഗരവത്കരണം



പഠനലക്ഷ്യങ്ങൾ

- പ്രാചീന മദ്ധ്യകാലങ്ങളിൽ നടന്ന നഗരവികസനങ്ങളെക്കുറിച്ച് മനസ്സിലാക്കൽ
- ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നടന്ന നഗരവത്കരണത്തിന്റെ സ്വഭാവത്തെയും സവിശേഷതയെയും കുറിച്ച് വിശകലനം ചെയ്യൽ.
- കൻഡോൺമെന്റ് (പട്ടാളത്താവളം)മലമ്പ്രദേശങ്ങൾ , തുറമുഖനഗരങ്ങൾ എന്നീ പുതിയ നഗരങ്ങളുടെ ആവിർഭാവത്തെക്കുറിച്ച് പഠിക്കൽ
- മദ്രാസിന്റെ (ചെന്നൈ)ഉത്ഭവവും വളർച്ചയും കണ്ടെത്തുക .

ആമുഖം

വ്യത്യസ്ത നിലകളിലും വ്യത്യസ്ത വഴികളിലും നഗരങ്ങൾ വികസിച്ചു. (നഗര അധിവാസകേന്ദ്രങ്ങൾ ഉണ്ടായി) ചരിത്രാതീത കാലത്തുതന്നെ ഇന്ത്യയിൽ നഗരങ്ങൾ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ഇന്ത്യയിലെ നഗരങ്ങളെ പ്രാചീന നഗരം, മദ്ധ്യകാല നഗരം, ആധുനിക നഗരം എന്ന് മൂന്നായി തിരിച്ചിരിക്കുന്നു.

പ്രാചീന നഗരങ്ങൾ

പ്രാചീനകാലങ്ങളിൽ രാജകൊട്ടാരത്തിന്റെ സമീപപ്രദേശങ്ങളിൽ പട്ടണങ്ങൾ ഉയർന്നുവന്നു. നദീമാർഗ്ഗവും കടൽമാർഗ്ഗവും വ്യാപാരം ചെയ്യുന്നതിനു അനുയോജ്യമായ സ്ഥലങ്ങളിലായിരുന്നു ഇത്തരത്തിലുള്ള പട്ടണങ്ങൾ ഉയർന്നുവന്നത്. ഇവയിൽ മിക്കതും ഭരണ, മത, സാംസ്കാരിക കേന്ദ്രങ്ങളായി വികസിച്ചു. ഹാരപ്പ, മോഹഞ്ചദാരോ, വാരണാസി, അലഹാബാദ്, മധുര എന്നിവ പ്രശസ്തങ്ങളായ പ്രാചീന നഗരങ്ങളാണ്.

മദ്ധ്യകാലനഗരങ്ങൾ

മദ്ധ്യകാലഘട്ടങ്ങളിൽ രാജ്യതലസ്ഥാനങ്ങളിലും സംസ്ഥാന തലസ്ഥാനങ്ങളിലും നഗരങ്ങൾ വികസിച്ച് വന്നു. ഇവ തുറമുഖനഗരങ്ങളോ, കോട്ട നഗരങ്ങളോ (Fort City) ആയി വളർന്ന് വന്നു. ഡൽഹി, ഹൈദരാബാദ്, ജയ്പൂർ, ലക്നോ, ആഗ്ര, നാഗ്പൂർ, എന്നിവയായിരുന്നു പ്രധാന നഗരങ്ങൾ.

ആധുനിക നഗരങ്ങൾ

യൂറോപ്യൻമാരുടെ ആഗമനത്തോടെ നഗര വികസനത്തിനു മാറ്റങ്ങളുണ്ടായി. ആദ്യമായി അവർ പോണ്ടിച്ചേരി, സൂറത്ത്, ഡാമൻ, ഗോവ എന്നീ സമുദ്രതീര പട്ടണങ്ങൾ വികസിപ്പിച്ചു. ഇന്ത്യയിൽ തങ്ങളുടെ ആധിപത്യം ശക്തിപ്പെടുത്തിയ ശേഷം മുംബൈ, ചെന്നൈ, കൊൽക്കത്ത എന്നീ മൂന്ന് പ്രധാന നഗരങ്ങളെ ഭരണസിരാകേന്ദ്രങ്ങളായും, വ്യാപാര കേന്ദ്രങ്ങളായും വികസിപ്പിച്ചു. ആധിപത്യവിപുലീകരണത്തോടെ സ്ഥാനം, വിഭവങ്ങൾ, ആവശ്യകത എന്നിവയ്ക്ക് അനുസൃതമായി പട്ടണങ്ങളെ വികസിപ്പിച്ചു. പുതുതായി വികസിപ്പിച്ച പട്ടണങ്ങളെ മലമ്പ്രദേശപട്ടണങ്ങൾ, വ്യാവസായിക നഗരങ്ങൾ, പട്ടാളത്താവളങ്ങൾ (കൺഡോൺമെന്റ്) ഭരണകേന്ദ്രങ്ങൾ എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടു.

ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലുള്ള നഗരവത്കരണത്തിന്റെ സവിശേഷതകൾ

I. പുനർ വ്യവസായവത്കരണം

പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ബ്രിട്ടീഷ് നയങ്ങൾ നഗരവത്കരണത്തിനെതിരായിരുന്നു. പിന്നീട് ബ്രിട്ടീഷുകാർ പിൻതുടർന്ന സാമ്പത്തിക നയങ്ങൾ ഇന്ത്യയിലെ സമ്പദ്വ്യവസ്ഥയെ കോളനി സമ്പദ്വ്യവസ്ഥയിലേക്ക് മാറ്റി. ഇത് നഗരവികസനത്തിനു കാരണമായി.

VIII Std - History Malayalam Chapter 7.indd 67 26/01/2023 16:59:52

ബ്രിട്ടീഷുകാരുടെ സൗജന്യ സ്വതന്ത്ര വ്യാപാര മേധാവിത്വത്താൽ ഇന്ത്യയിലെ ഉല്പാദന വ്യവസായങ്ങൾ നശിച്ചു. ഇതിന്റെ ഫലമായി ദശലക്ഷക്കണക്കിനു ഇന്ത്യൻ കരകൗശല തൊഴിലാളികൾക്കും കരകൗശല വിദഗ്ദ്ധർക്കും തൊഴിൽ നഷ്ടപ്പെടുകയും ഇന്ത്യയിലെ ഉല്പാദന വ്യവസായങ്ങൾ നശിക്കുകയും ചെയ്തു. നൂറ്റാണ്ടുകളായി കരകൗശല വിപണിയിൽ ഇന്ത്യയ്ക്കുണ്ടായിരുന്ന പ്രശസ്തി പെട്ടന്നുള്ള തകർച്ചയിലൂടെ ഇല്ലാതായി.

പ്രത്യേക ഉൽപ്പന്നങ്ങൾക്ക് പേരുകേട്ട നഗരങ്ങളും പട്ടണങ്ങളും നിരന്തരം നശിച്ചു കൊണ്ടിരിന്നു. ഇതിന്റെ ഫലമായി ഉയർന്ന സാന്ദ്രതയുള്ള വ്യാവസായിക നഗരങ്ങളായ ധാക്ക, മുർഷിദാബാദ്, സൂറത്ത്, ലക്നോ എന്നിവയുടെ മുൻകാലപ്രാധാന്യം നഷ്ടമായി. ഇറക്കുമതി വസ്തുക്കളുടെ കടന്നുകയറ്റത്തോടെ ഇന്ത്യയിലെ വ്യവസായങ്ങൾ തകർന്നടിഞ്ഞു.

വ്യവസായവിപ്ലവത്തിന്റെ ഫലമായി തദ്ദേശീയ പരമ്പരാഗത കരകൗശല വ്യവസായം നശിച്ചു. ബ്രിട്ടണിലേയ്ക്കും യൂറോപ്പിലേയ്ക്കും കയറ്റുമതി ചെയ്യുന്ന ഇന്ത്യൻ വസ്തുക്കൾക്ക് ഉയർന്ന നികുതി ചുമത്തിയതും മറ്റു നിയന്ത്രണങ്ങൾ കൊണ്ടു വന്നതും ഇന്ത്യൻ വ്യവസായത്തിന്റെ നാശത്തിനു കാരണമായി. അങ്ങനെ ഇന്ത്യ ബ്രിട്ടന്റെ കാർഷിക കോളനിയായി മാറി.

II. പുനർ നഗരവൽക്കരണം

അസംസ്കൃത വസ്തുക്കൾ കയറ്റുമതി ചെയ്യുകയും ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്യുന്ന വിപണിയായി ഇന്ത്യ മാറി. ഈ സമ്പദ്ഘടനാമാറ്റം ഇന്ത്യയിലെ ഉല്പാദനവ്യവസായങ്ങൾക്കും നഗരങ്ങൾക്കും കനത്ത തിരിച്ചടിയായിരുന്നു.

രാജാക്കൻമാരുടെ അധികാരം ഇല്ലാതായതോടെ അവരുടെ ഭരണവുമായി ബന്ധപ്പെട്ട പട്ടണങ്ങളും നശിച്ചു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ സാമ്രാജ്യ നഗരമായിരുന്ന ആഗ്ര പിന്നീട് നാമമാത്രമായി. പ്രാദേശിക ഭരണാധികാരികൾക്ക് രാജ്യം നഷ്ടപ്പെട്ടു. ബ്രിട്ടീഷുകാർ ഈ പ്രദേശങ്ങൾ കോളനിയാധിപത്യത്തിലാക്കി.

1853-ലെ റയിൽവെയുടെ വരവ് ഇന്ത്യയിലെ നഗരങ്ങൾ നശിക്കാനുള്ള മറ്റൊരു കാരണമാണ്. വ്യാപാര മാർഗ്ഗങ്ങൾ വഴി തിരിച്ചു വിടുകയും റെയിൽവേ സ്റ്റേഷനുകൾ കയറ്റുമതി കേന്ദ്രങ്ങളായി മാറുകയും ചെയ്തു. ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നതിന് റെയിൽ മാർഗ്ഗം പ്രയോജന പ്പെട്ടു. അങ്ങനെ ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങൾ നശിച്ചു.

III. പുതിയ നഗരങ്ങളുടെ വളർച്ച

കിഴക്ക് പടിഞ്ഞാൻ സമുദ്ര തീര പ്രദേശങ്ങളായ മദ്രാസ്, ബോംബെ, കൽക്കത്ത എന്നിവ പുതിയ നഗരങ്ങളായി ബ്രിട്ടീഷുകാർ വികസിപ്പിച്ചെടുത്തു. മദ്രാസ് (1639), ബോംബെ (1661), കൽക്കത്ത (1690) എന്നിവ വികസിപ്പിച്ച് കോട്ടകൾ കെട്ടി ഭദ്രമാക്കി. ഇവയെല്ലാം ആദ്യ കാല നെയ്ത്ത്, മീൻ പിടുത്ത ഗ്രാമങ്ങളായിരുന്നു. ഇവിടെ ബ്രിട്ടഷുകാർ ഭവനങ്ങൾ, കടകൾ വ്യാപാര കേന്ദ്രങ്ങൾ, പള്ളികൾ ഭരണ കേന്ദ്രങ്ങൾ എന്നിവ നിർമ്മിച്ചു.

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗം മുതൽ ഒരു പുതിയയുഗം ആരംഭിച്ചു. 1757-ലെ പ്ലാസ്സി യുദ്ധത്തോടെ ബ്രിട്ടീഷുകാർ ഭരണ നിയന്ത്രണം തങ്ങളുടെ അധീനതയിലാക്കി. ക്രമേണ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി തങ്ങളുടെ വ്യാപാരം വിപുലീകരിച്ചു.

19-ാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്തോടെയുണ്ടായ നഗരവൽക്കരണ പ്രവണതയുടെ ഫലമായി സൂയസ് കനാൽ പ്രവർത്തനക്ഷമമാക്കുകയും നീരാവി ക്കപ്പൽ ഗതാഗതം ആരംഭിക്കുകയും റെയിൽ, കനാലുകൾ, തുറമുഖങ്ങൾ എന്നിവ നിർമ്മിക്കുകയും ചെയ്തു. കൂടാതെ തൊഴിൽ ശാലകൾ, കൽക്കരി ഖനനം, തേയിലത്തോട്ടങ്ങൾ, ബാങ്കിംഗ്, കപ്പൽനിർമ്മാണം, ഇൻഷുറൻസ് എന്നീ മേഖലകൾ വളർച്ച പ്രാപിക്കുകയും ചെയ്തു. വാണിജ്യ ശൃംഖലയിലുണ്ടായ മാറ്റങ്ങൾ നഗര കേന്ദ്രങ്ങളുടെ വളർച്ചയിൽ പ്രതിഫലനങ്ങളുണ്ടാക്കി.

> ഉയർന്ന അന്തസോടെ ഭക്ഷ്യ ഉൽപ്പാദനം ഒഴികെയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ജനസാന്ദ്രതയേറിയ പ്രദേശത്തെയാണ് പട്ടണങ്ങൾ എന്നു പറയുന്നത്.

a. തുറമുഖ നഗരങ്ങൾ

ബ്രിട്ടീഷുകാർ വ്യാപാരത്തിനായിട്ടാണ് ഇന്ത്യയിൽ വന്നത്. മദ്രാസ്, കൽക്കത്ത, ബോംബെ എന്നിവ പ്രധാന തുറമുഖങ്ങളായി മാറി. ഇവ വ്യാപാരത്തിൽ പ്രധാന പങ്കു വഹിച്ചു. ഈ പട്ടണത്തിൽ യൂറോപ്യൻ മാതൃകയിൽ ഉയർന്ന കെട്ടിടങ്ങളോടു കൂടിയ പ്രമുഖ വ്യാപാര കേന്ദ്രങ്ങളായി മാറി. ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി തൊഴിൽ ശാലകളും ജനവാസ കേന്ദ്രങ്ങളും കോട്ടകൾ കെട്ടി സംരക്ഷിച്ചു. ചെന്നൈയിലെ സെന്റ് ജോർജ് കോട്ടയും കൽക്കത്തയിലെ സെന്റ് വില്യം കോട്ടയും ഇതിനുദാഹരണങ്ങളാണ്.

VIII Std - History Malayalam Chapter 7.indd 68 26/01/2023 16:59:52

കോളണി നഗര വികസനം





കൽക്കത്തയിലെ സെന്റ് വില്യം കോട്ട

b. പട്ടാളത്താവള നഗരങ്ങൾ (Cantonment towns)

ഇന്ത്യയിലെ പ്രദേശങ്ങളും ഭരണവും ബ്രിട്ടീഷുകാർ സൈനീക ശക്തി ഉപയോഗിച്ച് കൈവശപ്പെടുത്തി. അതിനാൽ അവർക്ക് ശക്തമായ സൈനീകത്താവളങ്ങൾ ആവശ്യമായി വന്നു. അതിനായവർ സൈനീകത്താവളങ്ങൾ സ്ഥാപിച്ചു. ഇത് തികച്ചും പുതിയ രീതിയിലുള്ള നഗര കേന്ദ്രങ്ങളായിരുന്നു. സൈനീകർ ഇവിടെ താമസമാക്കുകയും ഈ പ്രദേശങ്ങൾ നഗര കേന്ദ്രങ്ങളായി വളരുകയും ചെയ്തു. ഉദാഹരണം – കാൺപൂർ, ലാഹോർ.

c. മലമ്പ്രദേശ നഗരങ്ങൾ (Hill stations)

നഗര വികസനത്തിന്റെ വ്യത്യസ്തവും സവിശേഷതയുമാർന്നപ്രദേശങ്ങളാണ് മലമ്പ്രദേശ നഗരങ്ങൾ. ബ്രിട്ടീഷുകാർ ഇവ സ്ഥാപിക്കുന്നതിന് മുമ്പ് ചില പ്രത്യേക ആവശ്യങ്ങൾക്കായി വളരെ കുറച്ചുപേർ സാധാരണയായി ഇവിടെ സന്ദർശിക്കാറുണ്ടായിരുന്നു. ഉദാഹരണയായി ശ്രീനഗർ ഒരു മുഗൾ വിനോദകേന്ദ്രമായിരുന്നു. കേദാർനാദ്, ബദ്രിനാഥ് എന്നിവ ഹിന്ദുമത തീർത്ഥാടന കേന്ദ്രങ്ങളായിരുന്നു. മിതശീതോഷ്ണ കാലാവസ്ഥയിൽ നിന്നും വന്ന ബ്രിട്ടീഷുകാർക്ക് ഇന്ത്യയിലെ വേനൽക്കാലം അസഹനീയമായി തോന്നി. അതിനാൽ ഇന്ത്യയിലെ മലമ്പ്രദേശങ്ങളിലെതണുത്തകാലാവസ്ഥഅവർക്ക് ആകർഷകമായും സംരക്ഷണം നൽകന്നതുമായും അനുഭവപ്പെട്ടു. യൂറോപ്യരെ ചൂടുള്ള കാലാവസ്ഥയിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നും ഇവിടം സംരക്ഷിച്ചു. അതിനാൽ അവർ കൽക്കത്തയ്ക്കു പകരമായി ഡാർജിലിങ്ങും, ഡൽഹിക്കു പകരമായി ഡെറാഡൂണും ബദൽ തലസ്ഥാനങ്ങളായി നിർമ്മിച്ചു. മലമ്പ്രദേശങ്ങൾ തന്ത്ര പ്രധാന സൈനീക കേന്ദ്രങ്ങളായും സൈനീകരുടെ തൽക്കാല വസതികളായും അതിർത്തി സംരക്ഷണകേന്ദ്രങ്ങളായും പ്രചാരണ പരിപാടികൾ ആരംഭിക്കുന്ന സ്ഥലങ്ങളായും മാറി. മലമ്പ്രദേശ നഗരങ്ങൾ ഉത്തര, ഭക്ഷിണ ഇന്ത്യയിൽ വികസിപ്പിച്ചെടുത്തു. ഉദാഹരണം സിംല, നൈനിറ്റാൾ, ഡാർജിലിങ്ങ്, ഊട്ടി, കൊടൈക്കനാൽ. 1814 മുതൽ 1816 വരെയുള്ള ഗൂർഖ യുദ്ധത്തിലാണ് സിംല സ്ഥാപിച്ചത്. 1835-ൽ സിക്കിം ഭരണാധികാരികളിൽ നിന്ന് ഡാർജിലിംഗ് പിടിച്ചടക്കി. ഈ മലമ്പ്രദേശങ്ങൾ സാനറ്റോറിയങ്ങളായി. (സൈനീകർക്ക് രോഗത്തിൽ നിന്ന് വിമുക്തി നേടാനും വിശ്രമിക്കാനുമായുള്ള സ്ഥലങ്ങൾ) റെയിൽവേയുടെ വരവോടെ മലമ്പ്രദേശ നഗരങ്ങൾ കൂടുതൽ പ്രശസ്തമായി.

d. റെയിൽവേ നഗരങ്ങൾ (Railway towns)

1853-ൽ ബ്രിട്ടീഷുകാർ റെയിൽവേയ്ക്ക് ആരംഭം കുറിച്ചതോടെ റെയിൽവേ നഗര അധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. റെയിൽവേ ഗതാഗതങ്ങളുടെ പ്രത്യേകത അനുസരിച്ച് എല്ലാ നഗരങ്ങളും സമതല പ്രദേശങ്ങളിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ഉദാഹരണം ഡൽഹി, മുംബൈ, കൽക്കത്ത

VIII Std - History Malayalam Chapter 7.indd 69 26/01/2023 16:59:53

മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും രൂപീകരണം

ബ്രിട്ടീഷ് ഇന്ത്യയിലെ തദ്ദേശ സ്വയം ഭരണ വികസനത്തിന് വ്യത്യസ്തങ്ങളായ മൂന്നു ഘട്ടങ്ങളാണുള്ളത്.

a. ഒന്നാം ഘട്ടം (1688-1882)

1688-ൽ ഒരു മേയർ അദ്ധ്യക്ഷനായി മദ്രാസ് മുൻസിപ്പൽ കോർപ്പറേഷൻ രൂപീകൃതമായതു മുതൽ ഇന്ത്യയിൽ മുൻസിപ്പൽ സർക്കാർ നിലവിൽ വന്നു. ഈസ്റ്റിന്ത്യ കമ്പനിയുടെ ഡയറക്ടർമാരിൽ ഒരാളായ സർ ജോസിയ ചൈൽഡ് ആണ് കോർപ്പറേഷൻ രൂപീകരികരണത്തിന് മുൻകൈയെടുത്തത്. 1793-ലെ ചാർട്ടർ നിയമം അനുസരിച്ച് മൂന്നു പ്രസിഡൻസി നഗരങ്ങളിലും മുൻസിപ്പൽ ഭരണം സ്ഥാപിച്ചു. 1850-ലെ നിയമം അനുസരിച്ച് വടക്കു പടിഞ്ഞാറൻ അതിർത്തി പ്രദേശം, അയോധ്യ, ബോംബെ എന്നിവിടങ്ങളിലും മുൻസിപ്പാലിറ്റികൾ രൂപീകരിച്ചു. 1870-ലെ മായോപ്രഭുവിന്റെ പ്രസിദ്ധമായ പ്രമേയമനുസരിച്ച് തദ്ദേശ സ്വയംഭരണസർക്കാരിന്റെ വികസനത്തിന് ധാരാളം അവസരങ്ങൾ നൽകി.

b. രണ്ടാം ഘട്ടം (1882-1920)

തദ്ദേശ സ്വയം ഭരണ സർക്കാരിന്റെ നാഴികക്കല്ലായി വിശേഷിപ്പിക്കുന്നതാണ് റിപ്പൺ പ്രഭു കൊണ്ടു വന്ന തശേ സ്വയം ഭരണത്തെക്കുറിച്ചുള്ള പ്രമേയം. അതിനാൽ റിപ്പൺ പ്രഭുവിനെ തദ്ദേശ സ്വയം ഭരണത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രമേയം തദ്ദേശ സ്വയം ഭരണത്തിന്റെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്നു.

c. മൂന്നാം ഘട്ടം (1920-1950)

1919 -ലെ ഇന്ത്യാ ഗവൺമെന്റ് നിയമം അനുസരിച്ച് പ്രവിശ്യകളിൽ ദ്വിഭരണം കൊണ്ടുവന്നു 1935-ലെ ഇന്ത്യാഗവൺമെന്റ് നിയമപ്രകാരം പ്രവിശ്യകളിൽ സ്വയം ഭരണാധികാരം കൊണ്ടു വന്നു. 1947-ൽ ഇന്ത്യസ്വാതന്ത്ര്യം നേടിയതോടെ സ്വതന്ത്ര ഇന്ത്യയുടെ ആവശ്യങ്ങൾ പരിഹരിക്കുന്ന വിധം തദ്ദേശ സർക്കാരിനെ വളർത്തികൊണ്ടു വരാനുള്ള സമാനതകളില്ലാത്ത അവസരങ്ങൾ ലഭിച്ചു.

പ്രസിഡൻസി പട്ടണങ്ങളുടെ ഭരണം

18-ാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്തോടെ പ്രസിഡൻസി പട്ടണങ്ങളുടെ സാമാധാന പരിപാലനത്തിനായി ഒരു ജഡ്ജിയെ (ന്യായാധിപൻ) നിയമിക്കുന്നതിനുള്ള അധികാരം പാർലമെന്ററി നിയമം ഗവർണർ ജനറലിനു നൽകി. നിരവധി പരിശോധനകൾക്ക് ശേഷം മൂന്നു പ്രസിഡൻസി നഗരങ്ങളിലും സർക്കാർ ഭരണം കൊണ്ടു വന്നു. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുള്ള വലിയ കോർപ്പറേഷനും ശക്തമായ സ്വതന്ത്ര ഭരണ നിർവ്വഹണ സമിതിയും കണക്കുകൾ പരിശോധിക്കാനുള്ള മതിയായ ഉദ്യോഗസ്ഥരും ആവശ്യസേവനങ്ങളായ ശുചിത്വം, ജല വിതരണം, തുടങ്ങിയവ നടപ്പിലാക്കാനുള്ള നിയമാനുസൃത വ്യവസ്ഥകളും ഇതിന്റെ സവിശേഷതകളായിരുന്നു.

മദ്രാസിന്റെ ഉത്ഭവവും വളർച്ചയും

മദ്രാസ് നഗരത്തിന്റെ വളർച്ച ഇന്ത്യയിലെ ബ്രിട്ടീഷ് വാണിജ്യ സംരംഭത്തിന്റെ ആദ്യ ഘട്ടം മുതലാണ് ആരംഭിച്ചത്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിAD1600-ൽആണ്ആരംഭിച്ചത്.12 - വർഷത്തിനുശേഷം പടിഞ്ഞാറൻ തീര പ്രദേശമായ സൂറ്റിൽ ഒരു ഫാക്ടറി സ്ഥാപിച്ചു.വസ്ത്ര വ്യാപാരത്തിനായുള്ള ബ്രിട്ടീഷ് വ്യാപാരികളുടെ അന്വേഷണം കിഴക്കൻ തീരത്തുള്ള തുറമുഖങ്ങളിൽ അവരെ എത്തിച്ചു.

> സെന്റ് ജോർജ് കോട്ട തമിഴ്നാടിന്റെ ശക്തി കേന്ദ്രമായി ഇന്നും നില നിൽക്കുന്നു.ഇതിന്റെ വിസ്തൃതി 172 ചതുരശ്ര കിലോ മീറ്ററാണ് (66 ചതുരശ്ര മൈൽ)

ചില പരിശ്രമങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ മസൂലി പട്ടണത്തിൽ ഫാക്ടറി സ്ഥാപിക്കാനുള്ള പദവി നേടി. കാലവർഷ കാറ്റിൽ നിന്നും ഈ ഫാക്ടറിയെ വളരെ നല്ല രീതിയിൽ സംരക്ഷിച്ചു പോന്നു. എന്നാൽ മസൂലി പട്ടണം ക്ഷാമത്തിന്റെ പിടിയിലായിരുന്നു. നല്ല സംരക്ഷണം കൊടുത്തെങ്കിലും ഇംഗ്ലീഷ് വ്യാപാരം ഇവിടെ അഭിവൃദ്ധി പ്രാപിച്ചില്ല.

അതിനുശേഷം ഇംഗ്ലീഷ് വ്യാപാരികൾ പുതിയ സ്ഥലം അന്വേഷിച്ചു. മസൂലി പട്ടണം കൗൺസിൽ അംഗവും അർമാഗൻ തൊഴിൽശാല മേധാവിയുമായിരുന്ന ഫ്രാൻസിസ്ഡെ 1637-ൽ അധിവാസ കേന്ദ്രത്തിന് പുതിയസ്ഥലം അന്വേഷിച്ച് യാത്രയായി. അവസാനം മദ്രാസപട്ടണം തെരഞ്ഞെടുക്കുന്നതിനുള്ള വാഗ്ദാനം ലഭിച്ചു. ഫ്രാൻസിസ്ഡേ നിലം പരിശോധിക്കുകയും തൊഴിൽശാല സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു

ചന്ദ്രഗിരി രാജാവിന്റെ സഹായിയായ ധമർല്ലാവെങ്കടപതിനായക് ഔദ്യോഗികമായി ഭൂമി ഫ്രാൻസിസ്ഡേയ്ക്ക് നൽകി തിരുപ്പതിക്ക് 12 കി.മീ പടിഞ്ഞാറു ഭാഗത്തായി എഗ്മോറിനും കൂവം നദിയ്ക്കും ഇടയിലുള്ള ഭൂമിയാണ് ബ്രിട്ടീഷ്കാർക്ക് ലഭിച്ചത്. 1639-ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്കുവേണ്ടിഫ്രാൻസിസ്ഡേയും ദ്വിഭാഷിയായ ബെരിതിമ്മപ്പയും സുപ്പീരിയറായ ആൻഡ്രു കോഗനും ചേർന്ന് ആധാരം ഒപ്പു വച്ചു ഫ്രാൻസിസ് ഡേയും ആൻഡ്രു. കോഗനും (മസൂലിപ്പട്ടണം തൊഴിൽ ശാല മേധാവി) 1639-ൽ മദ്രാസ പട്ടണത്തിൽ തൊഴിൽ ശാല, വ്യാപാര കേന്ദ്രം, കോട്ട എന്നിവ മൂന്നും ചേർന്ന്

VIII Std - History Malayalam Chapter 7.indd 70 26/01/2023 16:59:54



സെന്റ് ജോർജ് കോട്ട

നിർമ്മിക്കുന്നതിന് അനുവാദം നൽകി. കോട്ടയാൽ ചുറ്റപ്പെട്ട ഈ അധിവാസ കേന്ദ്രത്തിന് സെന്റ് ജോർജ്ജ് കോട്ട സെറ്റിൽ മെന്റ് എന്ന് പേരായി. വൈറ്റ് ടൗൺ എന്ന മറ്റൊരു പേരിലും ഇതറിയപ്പെട്ടു. ഇതിനടുത്ത ഗ്രാമത്തിൽ താമസിക്കുന്ന ഗ്രാമീണ ജനങ്ങളുടെ താമസസ്ഥലത്തെ ബ്ലാക്ക് ടൗൺ എന്ന് വിളിച്ചിരുന്നു. ഈ രണ്ടു പ്രദേശങ്ങളെയും ഒന്നിച്ചു ചേർത്ത് മദ്രാസ് എന്ന് അറിയപ്പെട്ടു.

മദ്രാസപ്പട്ടണം

മദ്രാസ് പട്ടണത്തിന്റെ ധനസഹായം ധമർല്ലാ വെങ്കിടപതി ഇംഗ്ലീഷ്കാർക്ക് നൽകി. ചന്ദ്രഗിരി രാജാവായ വെങ്കടപതി ഇംഗ്ലീഷ്ക്കാർക്ക് നൽകി. ചന്ദ്രഗിരി രാജാവായ വെങ്കടപതി രായലുവിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനായിരുന്നു ധമർല്ലാ വെങ്കിടപതി. 1642-ൽ വെങ്കിടപതി ശ്രീരംഗരായലുവിന്റെ പിൻഗാമിയായി. അദ്ദേഹം ഇംഗ്ലീഷുകാർക്ക് ശ്രീരംഗരായ പട്ടണം 1645 - ൽ ധനസഹായമായി നൽകി. തന്റെ പിതാവായ ചെന്നപ്പനായക്കിനുശേഷം പുതിയ കോട്ടയ്ക്കും ഇംഗ്ലീഷുകാരുടെ വാസസ്ഥലത്തിനും ചെന്ന പട്ടണം എന്ന പേരു നൽകണമെന്നു വെങ്കടപതി ആഗ്രഹിച്ചു. എന്നാൽ ഇംഗ്ലീഷുകാർ രണ്ടു നഗരങ്ങളെയും ചേർത്ത് മദ്രാസ പട്ടണം എന്ന പേരിൽ വിളിക്കാൻ ഇഷ്ടപ്പെട്ടിരുന്നു.

ചെന്നൈയുടെ രൂപീകരണം

ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി വ്യാപാരികൾ സന്ദർശിക്കുന്നതിനുമുമ്പ് ഈന്തപ്പനകളും നെൽപ്പാടങ്ങളും നിറഞ്ഞ രണ്ടു ഗ്രാമങ്ങളായിരുന്നു ഇത്. ചന്ദ്രഗിരി കെട്ടാരത്തിലെ രാജമഹാൾ 1639 - ൽ ഫ്രാൻസിസ് ഡേയ്ക്ക് തൊഴിൽശാല സ്ഥാപിക്കന്നതിനായി നൽകി. ഇത് പിന്നീട് മദ്രാസ് എന്നറിയപ്പെടാൻ തുടങ്ങി. ആദ്യ തൊഴിൽ ശാലയുടെ പണി 1640 ഏപ്രിൽ 23 ന് സെന്റ് ജോർജ്ജ് ദിനത്തിൽ പൂർത്തിയായി. ഇതിനു സെന്റ് ജോർജ്ജ് കോട്ട എന്നു പേരിടുകയും ചെയ്തു. ഫ്രാൻസിസ് ഡേയുടെയും കോഗണിന്റെയും കൂട്ടായ ഉത്തരവാദിത്വത്തോടെ നിർമ്മിച്ചതാണ് സെന്റ് ജോർജ്ജ് കോട്ട. 1774 വരെ ഇത് ഈസ്റ്റിന്ത്യക്കമ്പനിയുടെ പ്രധാനപ്പെട്ട അധിവാസകേന്ദ്രമായിരുന്നു.

> കടൽ കവാടത്തിലൂടെ കോട്ടയിലേയ്ക്ക് പ്രവേശിക്കുമ്പോൾ കാണുന്ന ആദ്യത്തെ കെട്ടിടം തമിഴ്നാട് സർക്കാരിന്റെ ഇരിപ്പിടമാണ് 1694 - നും 1732 - നും ഇടയിൽ നിർമ്മിച്ച ഈ കെട്ടിടങ്ങൾ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിർമ്മിച്ച ഏറ്റവും പഴയതും ആകർഷകവുമായ കെട്ടിടങ്ങളാണ്.

മദ്രാസ് പ്രസിഡൻസി മദ്രാസ് പ്രവിശ്യയുടെ ഉപഭരണ കേന്ദ്രമായിരുന്നു. മദ്രാസ് പ്രസിഡൻസി ഇന്ത്യയുടെ വിശാലമായ ദക്ഷിണ ഭരണകേന്ദ്രമായിരുന്നു. ഇതിൽ ഇന്നത്തെ തമിഴ്നാട്, ലക്ഷദ്വീപ്, വടക്കൻ കേരളം, രായലസീമ, ആന്ധ്രാസമുദ്രതീരം, കർണാടകയിലെ വിവിധ ജില്ലകൾ, തെക്കൻ ഒഡീഷയിലെ ജില്ലകൾ എന്നിവ ഉൾപ്പെട്ടിരുന്നു

> കൽകത്തയിലെ ഡൽഹൗസി സ്കയറും മദ്രാസിലെ സെൻജോർജ് കോട്ടയും റോമൻ ശൈലിയിൽ ബ്രിട്ടീഷ് രീതിയിൽ കെട്ടപ്പെട്ട കൂറ്റൻ കെട്ടിടങ്ങളായിരുന്നു. കേന്ദ്ര വ്യാപാര മേഖലയ്ക്ക് സമീപമാണ് സെൻജോർജ് കോട്ട സ്ഥിതി ചെയ്യുന്നത്.

1947 - ൽ ഇന്ത്യയ്ക്ക് സ്വതന്ത്ര്യം കിട്ടിയശേഷം മദ്രാസ് പ്രസിഡൻസി മദ്രാസ് സംസ്ഥാനം എന്നറിയപ്പെട്ടു. 1957 - ലെ സംസ്ഥാന പുന: സംഘടനാനിയമപ്രകാരം മദ്രാസ് പ്രസിഡൻസിയിൽ ഉൾപ്പെട്ടിരുന്ന ആന്ധ്രാപ്രദേശ്, കേരളം, മൈസൂർ എന്നീ പ്രദേശങ്ങൾ തനി സംസ്ഥാനങ്ങളായി മാറി. 1969-ൽ മദ്രാസ് സംസ്ഥാനത്തെ തമിഴ്നാട് എന്ന് പുനർനാമകരണം ചെയ്തു. 1996-ജൂലൈ 17-ാം തിയതി മദ്രാസ് ഔദ്യോഗികമായി ചെന്നൈ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

ബോംബെ

ബോംബെ തുടക്കത്തിൽ ഏഴു ദ്വീപുകളായിരുന്നു. 1534 മുതൽ പോർച്ചുഗീസ്സുകാരുടെ നിയന്ത്രണത്തിലായിരുന്നു ഇത്. പോർച്ചുഗീസ് രാജാവിന്റെ സഹോദരിയെ ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമൻ 1661 - ൽ വിവാഹം ചെയ്തു. ഇതിനുള്ള സ്ത്രീധനമായി പോർച്ചുഗീസ് രാജാവ് ബോംബെ നൽകി. ചാൾസ് രാജാവ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്ക് ഇത് പാട്ടത്തിന് നൽകി. ബോംബെ പട്ടണം പടിഞ്ഞാറൻ തീര പ്രദേശത്ത് തുറമുഖമായി ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണകാലത്ത് വളർന്നു. 1867 - ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ ആസ്ഥാനം സൂറത്തിൽ നിന്ന് ബോംബയിലേയ്ക്ക് മാറ്റി.

VIII Std - History Malayalam Chapter 7.indd 71 26/01/2023 16:59:54



(Source: Atlas of the Madras Presidency, Central Survey Office, Madras, 1921)

കൽക്കത്ത

1690 - ൽ ഇംഗ്ലീഷ് വ്യാപാരികൾ സുടനടിയിൽ അധിവാസകേന്ദ്രം സ്ഥാപിച്ചു. 1698 - ൽ സുടനടി, കൽക്കത്ത, ഗോവിന്ദ്പൂർ എന്നിവിടങ്ങളിലെ ഭൂവുടമാവകാശം കരസ്ഥമാക്കി. കമ്പനി കൽക്കത്തയിൽ വില്യം കോട്ട സ്ഥാപിച്ചു. കൽക്കത്ത പ്രസിഡൻസി ആയി മാറുകയും ഗവർണ്ണറും കൗൺസിലും അതിന്റെ ഭരണം ഏറ്റെടുക്കുകയും ചെയ്തു.

ഉപസംഹാരം

ബ്രിട്ടീഷ് സാമ്രാജ്യം ക്രമേണ ഏകീകരിച്ചു. ഒരു സാമ്രാജ്യ തലസ്ഥാനം, പ്രവിശ്യാ തലസ്ഥാനങ്ങൾ, ജില്ലാആസ്ഥാനം എന്നിവയോടു കൂടിയ ബ്രിട്ടീഷ് ഭരണക്രമമായിരുന്നു ഉണ്ടായിരുന്നത്. പുതിയ ഭരണാധികാരികൾ കൊണ്ടു വന്ന പുതിയ ഉദ്യോഗസ്ഥൻമാർ പുതിയ സ്ഥാപനങ്ങൾ പുതിയ ഘടനയോടു കൂടിയ പട്ടണങ്ങൾ എന്നിവയുണ്ടായിരുന്നു. ഈ പട്ടണങ്ങളിൽ കച്ചേരി, കൺഡോൺമെന്റ്, പോലീസ് സ്റ്റേഷൻ, ട്രഷറി, ജയിൽ എന്നിവയും പൊതു ഉദ്യാനം, പോസ്റ്റോഫീസ്, വിദ്യാലയങ്ങൾ, പ്രാഥമീകാരോഗ്യ കേന്ദ്രം എന്നിവയും ഉണ്ടായിരുന്നു. എല്ലാത്തിനുമുപരിയായി മുൻസിപ്പൽ കമ്മറ്റിയും ഉണ്ടായിരുന്നു.

കാലക്രമേണ ഭരണകേന്ദ്രങ്ങൾ രാജ്യത്തിന്റെ പ്രധാന നഗരങ്ങളായി മാറി. ഉദാഹരണമായി 20 -ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൽക്കത്ത, ബോംബെ, മദ്രാസ് എന്നിവ ഇന്ത്യയിലെ

VIII Std - History Malayalam Chapter 7.indd 72 26/01/2023 16:59:54

ഭരണ, വ്യാപാര, വ്യാവസായിക പട്ടണങ്ങളായി മാറിയിരുന്നു. ഈ പട്ടണങ്ങൾ വ്യാപാര കേന്ദ്രമായി മാറി. യൂറോപ്യൻ മാതൃകയിലുള്ള കെട്ടിടങ്ങളും ട്രാം കാറുകളും ടൗൺ ബസുകളും ഉള്ള പുതിയ കോളനി നഗരങ്ങളായി മാറി.

സംഗ്രഹം

- നഗര അധിവാസകേന്ദ്രങ്ങളുടെ പരിണാമം വ്യത്യസ്ത രീതികളിൽ വ്യത്യസ്ത ഘട്ടങ്ങളായി സംഭവിച്ചു
- പ്രാചീന കാലഘട്ടത്തിൽ രാജ കൊട്ടാരങ്ങൾക്കു ചുറ്റും പട്ടണങ്ങൾ ഉയർന്നു വന്നു. മദ്ധ്യകാലഘട്ടത്തിൽ നഗരങ്ങൾ പട്ടണങ്ങളായോ തുറമുഖ പട്ടണങ്ങളായോ പ്രവർത്തിച്ചു
- ഭരണ വ്യാപനത്തിനായി ബ്രിട്ടീഷുകാർ വിഭവങ്ങൾ, സ്ഥാനം, ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ നഗരങ്ങൾ വികസിപ്പിച്ചു
- 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കൽക്കത്ത, ബോംബെ, മദ്രാസ് എന്നിവ പ്രസിഡൻസി നഗരങ്ങളായി ഉയർന്നുവന്നു
- ചെന്നൈ ഒരു കൂട്ടം ഗ്രാമങ്ങളായിരുന്നു. 1639 - ൽ സർ ഫ്രാൻസിസ് ഡേ തൊഴിൽ ശാല നിർമ്മിക്കുന്നതിനായി സ്ഥലം തരപ്പെടുത്തുകയും പിന്നീടത് ചെന്നൈ എന്നറിയപ്പെടുകയും ചെയ്തു
- 1996 ജൂലൈ 17-ാം തിയതി മദ്രാസ് ഔദ്യോഗികമായി ചെന്നൈ എന്ന് പുനർ നാമകരണം ചെയ്തു.

പദപരിചയം

Cantonment	a military station in british India	പട്ടാളത്താവളം
Urbanisation	the process of making an area more urban	നഗരവൽക്കരണം
Municipality	a town or district that has local government	നഗരസഭ
Dyarchy	government by two independent authorities	ദ്വിഭരണം
Rechristened	give a new name to	പുനർനാമകരണം ചെയ്യുക
Treasury	a place or building where treasure is stored	ഖജനാവ്

മൂല്യ നിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. പുരാതന പട്ടണങ്ങൾ
   a) ഹരപ്പയും മോഹഞ്ചദാരോയും
   b) ഡൽഹിയും ഹൈദരാബാദും
   c) ബോംബെയും കൽക്കത്തയും
   d) മുകളിൽ പറഞ്ഞതൊന്നുമല്ല
2. ബ്രിട്ടീഷുകാർ സമുദ്രതീര നഗരങ്ങൾ വികസിപ്പിച്ച സ്ഥലം
   a) സൂറ്റ് b) ഗോവ
   c) ബോംബെ d) ഇവയെല്ലാം
3. —— ന്റെ ഫലമായിട്ടാണ് 19-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ നഗരമയമാക്കൽ എന്ന പുതിയ ആശയം ഉരുത്തിരിഞ്ഞത്
   a) സൂയസ് കനാൽ പ്രവർത്തന ക്ഷമമാക്കിയത്
   b) നീരാവിക്കപ്പലിന്റെ വരവ്
   c) റയിൽവേയുടെ നിർമ്മാണം
   d) മുകളിൽ പറഞ്ഞവ എല്ലാം
4. ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്നതിന്റെ ഉദ്ദേശം
   a) വ്യാപാരത്തിനായി
   b) അവരുടെ മതം പ്രചരിപ്പിക്കുന്നതിനായി
   c) ജോലി ചെയ്യാനായി
   d) ഭരണത്തിനായി

VIII Std - History Malayalam Chapter 7.indd 73 26/01/2023 16:59:55

5. ബ്രിട്ടീഷുകാർ സെന്റ് ജോർജ്ജ് കോട്ട നിർമ്മിച്ച സ്ഥലം

a) ബോംബെ b) കടലൂർ

c) മദ്രാസ് d) കൽക്കത്ത

6. 1774 - വരെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനിയുടെ പ്രധാന അധിവാസകേന്ദ്രമായിരുന്നു ——?

a) സെന്റ് വില്യം കോട്ട

b) സെന്റ് ഡേവിഡ് കോട്ട

c) സെന്റ് ജോർജ്ജ് കോട്ട

d) ഇവയൊന്നുമല്ല

II. വിട്ടഭാഗം പൂരിപ്പിക്കുക.

1. ഇന്ത്യയിൽ റെയിൽവേ ശൃംഖല ആരംഭിച്ചത് _____ ൽ ആണ്
2. ഇന്ത്യയിലെ തദ്ദേശ സ്വയം ഭരണസർക്കാരിന്റെ പിതാവെന്നറിയപ്പെടുന്നത് _____ ആണ്
3. 1919 - ലെ ഇന്ത്യാഗവൺമെന്റ് നിയമം പ്രവിശ്യകളിൽ _____ കൊണ്ടു വന്നു
4. _____ ന്റെ മേൽനോട്ടത്തിലാണ് കോർപ്പറേഷനുകൾ രൂപീകരിച്ചത്
5. ഫ്രാൻസിസ് ഡേയ്ക്കും ആൻഡ്രു കോഗനും തൊഴിൽ ശാല വ്യാപാര സമുച്ചയം മദ്രാസ പട്ടണത്തിൽ നിർമ്മിക്കുന്നതിന് അനുവാദം നൽകിയത് _____

III. യോജിപ്പിക്കുക.

1.	ബോംബെ	തീർത്ഥാടനകേന്ദ്രം
2.	കന്റോൺമെന്റ് നഗരം	മലമ്പ്രദേശ പട്ടണങ്ങൾ
3.	കേദാർ നാഥ്	പ്രാചീന നഗരം
4.	ഡാർജിലിങ്ങ്	എഴു ദ്വീപുകൾ
5.	മധുര	കാൺപൂർ

IV. ശരിയോ തെറ്റോ എന്നെഴുതുക

1. ചരിത്രാതീതകാലം മുതൽ ഇന്ത്യയിൽ നഗരങ്ങൾ അഭിവൃദ്ധി പ്രാപിച്ചിരുന്നു
2. പ്ലാസിയുദ്ധത്തിനുശേഷമാണ് ബ്രിട്ടീഷുകാർ ഭരണ നിയന്ത്രണമേറ്റെടുത്തത്
3. സെന്റ് വില്യം കോട്ട മദ്രാസിലാണുള്ളത്
4. പട്ടാളത്താവളങ്ങളിൽ സൈനീകർ താമസിക്കാൻ തുടങ്ങി
5. 1998 - ൽ ആണ് മദ്രാസിനെ ചെന്നൈ എന്ന് ഔദ്യോഗികമായി പുനർനാമകരണം ചെയ്തു

V. ശരിയായ പ്രസ്താവന കണ്ടു പിടിക്കുക

1. **അവകാശ വാദം -** A ഇന്ത്യാ ബ്രിട്ടന്റെ കാർഷീക കോളണിയായി മാറി

കാരണം - R ഏകമാർഗ്ഗ സൗജന്യ വ്യാപാര നയം ബ്രിട്ടീഷുകാർ പിൻ തുടർന്നതിനാലും വ്യവസായ വിപ്ലവത്തിനാലും ഇന്ത്യയിലെ സ്വദേശി വ്യവസായങ്ങൾ തകർന്നു

a) A ശരിയാണ് R തെറ്റാണ്

b) A തെറ്റാണ് R ശരിയാണ്

c) A ശരിയാണ് R, A യുടെ ശരിയായ വിശദീകരണമാണ്

d) A ശരിയാണ് A യുടെ ശരിയായ വിശദീകരണമല്ല R

2. തെറ്റായ പ്രസ്താവന തെരഞ്ഞടുക്കുക

i) ശ്രീ രംഗരായലു ഇംഗ്ലീഷുകാർക്ക് മദ്രാസ പട്ടണം ഗ്രാന്റായി നൽകി

ii) ഫ്രാൻസിസ് ഡേയും കോഗനും സംയുക്തമായി നിർമ്മിച്ചതാണ് സെന്റ് ജോർജ് കോട്ട

iii) 1969 - ലാണ് മദ്രാസിനെ തമിഴ്നാടെന്ന് പുനർനാമകരണം ചെയ്തത്

a) ഒന്നുമാത്രം

b) രണ്ടും മൂന്നും

c) ഒന്നും രണ്ടും

d) മൂന്നു മാത്രം

3. **പ്രസ്താവന:** A ബ്രിട്ടീഷുകാർ മലമ്പ്രദേശങ്ങളിൽ ബദൽ തലസ്ഥാന നഗരങ്ങൾ പണിതു

കാരണം: R അവർക്ക് ഇന്ത്യയിലെ വേനൽക്കാലം അസഹനീയമായിരുന്നു

a) A ശരി R തെറ്റ്

b) A തെറ്റ് R ശരി

c) A ശരി R, A യെ വിശദീകരിക്കുന്നു

d) A ശരി R, A യെ വിശദീകരിക്കുന്നില്ല

VI. ഒന്നോരണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.

1. പട്ടണ പ്രദേശം എന്നാൽ എന്ത്
2. മലമ്പ്രദേശങ്ങൾ സവിശേഷതയാർന്ന കോളണി നഗരങ്ങളായി വികസിച്ചു കാരണമെന്ത്?
3. മൂന്നു പ്രസിഡൻസി നഗരങ്ങളുടെ പേരെഴുതുക
4. 19 -ാം നൂറ്റാണ്ടിലുണ്ടായ പുതിയ നഗര വൽക്കരണ പ്രവണതയുടെ നാലു കാരണങ്ങൾ എഴുതുക

VIII Std - History Malayalam Chapter 7.indd 74 26/01/2023 16:59:55

5. പട്ടാളത്താവള നഗരങ്ങളെക്കുറിച്ച് കുറിപ്പെഴുതുക
6. ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രസിഡൻസിയുടെ കീഴിലുണ്ടായിരുന്ന പ്രദേശങ്ങളേവ?

VII. വിശദമായ ഉത്തരമെഴുതുക.

1. കോളനി നഗര വികസനത്തെക്കുറിച്ച് വിവരിക്കുക
2. മദ്രാസിന്റെ ഉത്ഭവവും വളർച്ചയും വിവരിക്കുക
3. ഇന്ത്യ ബ്രിട്ടീഷുകാരുടെ കാർഷീക കോള നിയായി മാറി എന്തുകൊണ്ട്

VIII. പ്രോജക്റ്റും പ്രവർത്തനങ്ങളും.

1. ചെന്നൈയുടെ പ്രാരംഭകാലം മുതൽ ഇതുവരെയുള്ള ചരിത്രത്തെ ആധാരമാക്കി ഒരു ആൽബം തയ്യാറാക്കുക
2. ഇന്ത്യാ ഭൂപടത്തിൽ തുറമുഖ നഗരങ്ങൾ, പട്ടാളത്താവള നഗരങ്ങൾ, മലമ്പ്രദേശ നഗരങ്ങൾ എന്നിവ അയൊളപ്പെടുത്തുക

REFERENCE BOOKS

1. G. Venkatesan, *Development of Rural Local Self Government,* Rainbow Publications, Coimbatore, 1983.
2. Saroja Sundarajan, *Madras Presidency in Pre-Gandhian era; a historical perspective, 1884-1915,* Lalitha Publications, 1997.
3. *Atlas of the Madras Presidency,* Central Survey Office, Madras, 1921.
4. *India,* Dorling Kindersely Limited, London, 2002.

ICT കോർണർ

ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ നഗരവൽക്കരണം

ഈ പ്രവർത്തനത്തിലൂടെ നിനക്ക് ലോക ചരിത്ര ഭൂപടം കാണാം



ഘട്ടം – 1 ബ്രൗസർ തുറന്ന് ടൈപ്പ് ചെയ്ത് കോഡ് സ്കാൻ ചെയ്യുക

ഘട്ടം – 2 സ്ക്രീനിന്റെ ഇടതു ഭാഗത്തുള്ള പ്ലേ ബട്ടൺ ക്ലിക്കു ചെയ്യുക

ഘട്ടം – 3 ചിത്ര ഭൂപടം വിവരണ സഹിതം കാണാൻ സാധിക്കും

Web URL: https://www.zum.de/whkmla/region/india/xpresbengal.html

*Pictures are indicatives only.

*If browser requires, allow Flash Player or Java Script to load the pag

VIII Std - History Malayalam Chapter 7.indd 75 26/01/2023 16:59:55

യൂണിറ്റ് - 8

വിവിധ യുഗങ്ങളിൽ ഇന്ത്യൻ സ്ത്രീകളുടെ സ്ഥാനം



പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടൽ

- പുരാതന സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം.
- മധ്യകാല ഘട്ടത്തിൽ സ്ത്രീകളുടെ അവസ്ഥയിലെ അപചയം
- ഇന്ത്യൻ സമൂഹത്തിൽ പ്രചാരത്തിലുള്ള പ്രധാനപ്പെട്ട സാമൂഹിക അനാചാരങ്ങൾ.
- സാമൂഹ്യതിൻമകളെ ഉൻമൂലനം ചെയ്യുന്നതിൽ പരിഷ്കർത്താക്കളുടെ പങ്ക്.
- സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിലൂടെ ലഭിച്ച വിമോചനം.
- സാമൂഹിക നിയമനിർമ്മാണവും ശാക്തീകരണവും.

QJX04

ആമുഖം

അകത്തും പുറത്തും നിന്നുള്ള കൂട്ടിചേർക്കലുകൾ, സ്വാംശീകരണം, ഒഴിവാക്കലുകൾ എന്നിവയിലൂടെ മനുഷ്യ സമൂഹം നിരന്തരം മാറികൊണ്ടിരിക്കുന്നു. ജനസംഖ്യയിൽ പകുതിയോളം സ്ത്രീകളാണ്. യുഗങ്ങളിലൂടെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ചരിത്രപരമായ ധാരണ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

പ്രാദേശിക ഭേദമനുസരിച്ച് സ്ത്രീകളുടെ സ്ഥാനം വ്യത്യാസപ്പെട്ടിരുന്നു. വേദകാലത്തിന്റെ ആദ്യഘട്ടത്തിൽ സ്ത്രീകളെ ബഹുമാനിച്ചിരുന്നു. എന്നാൽ ഗംഗാസമതലത്തിൽ സ്ഥിരവാസം ആരംഭിച്ചതിനുശേഷം കാലക്രമേണ അവരുടെ നില മോശമായി. അവർ സ്വാധീനപ്പെടുത്തലിനും കീഴ്പ്പെടുത്തലിനും വിധേയരായി. പുതിയ സാമൂഹിക രീതികളും ആചാരങ്ങളും, സമ്പ്രദായങ്ങളും സമൂഹത്തിലേക്ക് കടന്നുവന്നത് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് പരിമിതികളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി.

ബ്രിട്ടീഷ് ഭരണകാലത്ത് സാമൂഹ്യമത പരിഷ്കരത്താക്കളായ രാജാറാം മോഹൻ റോയ്, ദയാനന്ദ സരസ്വതി, കേശബ് ചന്ദ്രസെൻ, ഈശ്വർ ചന്ദ്ര വിദ്യാസാഗർ, പണ്ഡിത രമാഭായ്, ഡോ.മുത്തുലക്ഷ്മി അമ്മയാർ, ജ്യോതിറാവു ഫൂലെ, പെരിയാർ ഇ.വി.ആർ, ഡോ. ധർമ്മാംബാൾ തുടങ്ങിയ പ്രധാനപ്പെട്ട നേതാക്കൻമാർ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പോരാടിയവരാണ്. 1829-ൽ സതി നിർത്തലാക്കപ്പെട്ടു. വിധവകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള വിദ്യാസാഗറിന്റെ പ്രയത്നം 1856 ൽ വിധവ പുനർ വിവാഹ നിയമം പാസാക്കുന്നതിലേക്ക് നയിച്ചു. സാമൂഹ്യ തിൻമകളെ ഉൻമൂലനം ചെയ്യുന്നതിൽ വിമോചന ഇടനിലക്കാരായി സ്ത്രീ വിദ്യാഭ്യാസ പരിഷ്ക്കർത്താക്കൾ ശരിയായി മനസ്സിലാക്കി. അങ്ങനെ അവർ വിവിധ ഭാഗങ്ങളിൽ പെൺകുട്ടികളുടെ സ്കൂളുകൾ ആരംഭിച്ചു. ഇത് സ്ത്രീകളുടെ ജീവിതരീതിയിൽ രാജ്യത്തിൽ കാര്യമായ മാറ്റം വരുത്തി.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സ്ത്രീകൾ ഒരു പ്രധാന പങ്ക് വഹിച്ചു. സ്വാതന്ത്ര്യം വരെ സ്ത്രീകളുടെ അവസ്ഥയിൽ സമൂലമായ മാറ്റങ്ങളൊന്നും ഉണ്ടായിരുന്നില്ല. സ്വതന്ത്ര ഇന്ത്യയിൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി സ്ത്രീകളുടെ സമഗ്ര വികസനത്തിന് സാക്ഷ്യം വഹിച്ചു. ഇപ്പോൾ സ്ത്രീകൾ അവരുടെ സാന്നിധ്യം ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രകടമാക്കുന്നു.

VIII Std - History Malayalam Chapter 8.indd 76 1/28/2023 12:28:33 PM

സ്ത്രീകളുടെ സ്ഥാനം

a) പുരാതന കാലഘട്ടം

ഇന്ത്യയിലെ പുരാതന സിന്ധു നാഗരികതയുടെ തെളിവുകൾ മാതൃദേവതയെ ആരാധിക്കുന്നതായി കാണിക്കുന്നു. അതിനാൽ അമ്മയോടുള്ള ആരാധന ആ കാലഘട്ടത്തിൽ പ്രകടമാണ്. ഋഗ്വേദകാലഘട്ടത്തിൽ ഭാര്യയുടെ സ്ഥാനം മാനിക്കപ്പെടുകയും പ്രത്യേകിച്ച് മതപരമായ ചടങ്ങുകളിൽ സ്ത്രീകളുടെ സ്ഥാനം അംഗീകരിക്കപ്പെടുകയും ചെയ്തു.

പിൽക്കാല വേദ കാലത്തിൽ സ്ത്രീകളുടെ നിലയിൽ മാറ്റമുണ്ടായി മതപരമായ ചടങ്ങുകൾ ചെയ്യുന്നത് ഒഴികെ സാമൂഹ്യജീവിതത്തിൽ സ്ത്രീകൾ പങ്കെടുക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തി. സ്ത്രീകളുടെ സാമൂഹിക രാഷ്ട്രീയ സ്വാതന്ത്ര്യം പരിമിതമാക്കി. സതി അനുഷ്ഠാനം നിലനിന്നിരുന്നു. സ്ത്രീകൾ സ്വമേധയായോ നിർബന്ധത്തിനു വഴങ്ങിയോ ഭർത്താവിനെന്റ ചിതയിൽ ചാടി സതി അനുഷ്ഠിച്ചിരുന്നു. പുരുഷമേധാവിത്വം കർശന മാക്കി. സ്ത്രീകൾ വേദഗ്രന്ഥങ്ങൾ പഠിക്കുന്നത് നിഷേധിച്ചിരുന്നു.

b) മധ്യകാലഘട്ടം

സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം മധ്യകാലഘട്ടത്തിൽ കൂടുതൽ വഷളായി. സതി, ബാല്യ വിവാഹം, പെൺശിശുഹത്യ, പർദ സമ്പ്രദായം,അടിമത്തം തുടങ്ങി നിരവധി സാമൂഹിക തിൻമകൾ അവർ അനുഭവിച്ചു. സാധാരണയായി ഏകഭാര്യത്വം പ്രായോഗികമായിരുന്നെങ്കിലും സമ്പന്നൻമാരുടെയിടയിൽ ബഹുഭാര്യത്വം പ്രചാരത്തിലുണ്ടായിരുന്നു. സതി പ്രായോ ഗികമായി സമൂഹത്തിലെ രാജകീയ, ഉയർന്ന തലങ്ങളിൽ ഉണ്ടായിരുന്നു. വിധവകളുടെ പുനർ വിവാഹം അപൂർവ്വമായിരുന്നു. ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ദേവദാസി സമ്പ്രദായം നിലവിലുണ്ടായിരുന്നു. രാജസ്ഥാനിലെ രജപു ത്രർക്കിടയിൽ ജൗഹർ പരിശീലിച്ചിരുന്നു. മുസ്ലീം ആക്രമണത്തിന്റെ ഫലമായി പർദാ സമ്പ്രദായം പ്രചാരത്തിലായി. മധ്യകാലഘട്ടത്തിൽ വിധവകളുടെ അവസ്ഥ ദയനീയമായി. എന്നാൽ മുഗൾ ഭരണാധികാരിയായ അക്ബർ സതി ഇല്ലാതാക്കാൻ പരിശ്രമിച്ചു. വാസ്തവത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിൽ വളരെ കുറച്ച് ശ്രദ്ധ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പിടികൂടലും, അപമാനവും ഒഴിവാക്കാൻ പരാജയപ്പെട്ട രജപുത്ര യോദ്ധാക്കളുടെ ഭാര്യമാരും പുത്രിമാരും കൂട്ടത്തോടെ ആത്മഹത്യ ചെയ്തിരുന്നു ഇതാണ് ജൗഹർ.

പൊതുവായ അവസ്ഥ ഇതാണെങ്കിലും റസിയസുൽത്താന, ദുർഗ്ഗാവതി രാജ്ഞി, ചാന്ദ്ബീബി, നൂർജഹാൻ, ജഹനാര, ജിജാബായ്, മീരാബായ്, എന്നിവരിൽ അല്പം പ്രതീക്ഷ പുലർത്താം.

മധ്യകാലഘട്ടത്തിലെ വിദ്യാഭ്യാസ സമ്പ്രദായം വികാസം പ്രാപിച്ചിരുന്നില്ല. പ്രത്യേക സ്കൂളുകളൊന്നും നില വിലില്ലെങ്കിലും സ്ത്രീ വിദ്യാഭ്യാസം പൂർണ്ണമായും അവഗണിക്കപ്പെട്ടിരുന്നില്ല. സ്ത്രീ വിദ്യാഭ്യാസം അനൗപചാരികമായിരുന്നു. പെൺകുട്ടികൾ അവരുടെ കുട്ടിക്കാലത്ത് അവരുടെ മാതാപിതാക്കളിൽ നിന്നും പാഠങ്ങൾ പഠിച്ചിരുന്നു. സമ്പന്നർ അവരുടെ പെൺമക്കളെ വീട്ടിലിരുന്ന് പഠിപ്പിക്കാൻ അദ്ധ്യാപകരെ നിയമിച്ചു. രജപുത്ര ഭരണാധികാരികളുടേയും സമീന്ദാർമാരുടെയും പെൺമക്കൾ സാഹിത്യവും തത്ത്വചിന്തയും അഭ്യസിച്ചിരുന്നു.

c) ബ്രിട്ടീഷ് കാലഘട്ടം

നൂറ്റാണ്ടുകളായി ഇന്ത്യയിലെ സ്ത്രീകൾ പുരുഷ മേധാവിത്വത്തിന് കീഴിൽ അടിച്ചമർത്തപ്പെട്ടി രുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനം സ്ത്രീകളുടെ നിലയിൽ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. സാമൂഹ്യ പരിഷ്കർത്താക്കൾ സാമൂഹ്യ അനീതിക്കും അനാചാരങ്ങൾക്കും എതിരെ പ്രക്ഷോഭങ്ങൾ നടത്തി. ധാരാളം വ്യക്തികളും സാമൂഹപരിഷ്കർത്താക്കളും മതസംഘടനകളും സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനും ബാല്യവിവാഹം തടയുന്നതിനും പർദ്ദ സമ്പ്രദായം ഇല്ലാതാക്കുന്നതിനും ഏക ഭാര്യത്വം പ്രോത്സാഹിപ്പിക്കുന്നതിനും പരിശ്രമിച്ചു. പൊതു ജോലികൾ ചെയ്യുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുകയും ചെയ്തു.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പുരുഷ സാക്ഷരതയുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീ സാക്ഷരത വളരെ കുറവായിരുന്നു. ക്രിസ്ത്യൻ മിഷണറിമാരാണ് 1819 ൽ ആദ്യമായി കൊൽക്കത്തയിൽ സ്ത്രീ ജുവനെൽസൊസൈറ്റി സ്ഥാപിച്ചത്. 1849-ൽ ജെ.ഇ.ഡി ബെഥുൻ സ്കൂൾ സ്ഥാപിച്ചു. അദ്ദേഹം അവിടത്തെ വിദ്യാഭ്യാസ കൗൺസിൽ പ്രസിഡന്റായിരുന്നു.

1854-ൽ ചാൾസ്വുഡ് സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് എടുത്തു പറഞ്ഞിട്ടുണ്ട്. 1882-ലെ ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷൻ (ഹണ്ടർ) പെൺകുട്ടികൾക്കായി പ്രൈമറി സ്കൂളുകളും അധ്യാപക പരിശീലന സ്ഥാപനങ്ങളും ആരംഭിക്കാൻ ശുപാർശ ചെയ്യുകയും, പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പും സമ്മാനങ്ങളും നിർദ്ദേശിക്കുകയും ചെയ്തു. 1880-ൽ ഇന്ത്യയിൽ സ്ത്രീകൾ

VIII Std - History Malayalam Chapter 8.indd 77 1/28/2023 12:28:33 PM

സർവ്വകലാശാലകളിൽ പ്രവേശിക്കാൻ തുടങ്ങി. അവരെ ഡോക്ടേഴ്സായും,അധ്യാപകരായും പരിശീലിപ്പിച്ചു. അവർ പുസ്തകങ്ങളും,മാസികളും എഴുതാൻ തുടങ്ങി. 1914 ൽ വനിതാ മെഡിക്കൽ സേവനം സ്ത്രീകൾക്ക് ചികിൽസാരംഗത്ത് ധാരാളം തൊഴിൽ ലഭിക്കുന്ന രീതിയിലുള്ള പരിശീലനം നൽകി. ഇവരിൽ സൂതികർമ്മിണകളും ഉൾപ്പെടുന്നു. 1890കളിൽ ഡി.കെ.കാർവെ പൂനയിൽ ധാരാളം പെൺപള്ളികൂടങ്ങൾ (ഗേൾസ് സ്കൂൾ) സ്ഥാപിച്ചു.വിദ്യാഭ്യാസത്തിലൂടെ സ്ത്രീകളെ മോചിപ്പിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച രണ്ടു വ്യക്തികളാണ് പ്രൊഫ.ഡി.കെ.കാർവേയും പണ്ഡിതരമാഭായിയും പ്രൊ.കാർവേ 1916-ൽ ഇന്ത്യൻ വനിതാസർവ്വകലാശാല സ്ഥാപിച്ചു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്ന ഒരു മികച്ച സ്ഥാപനമായിരുന്നു ഇത്. ഡെൽഹിയിൽ അതേ വർഷം ലേഡിസ്ഹാർഡിംഗ് മെഡിക്കൽ കോളേജ് ആരംഭിച്ചു.

പ്രധാന സാമൂഹ്യ അനാചാരങ്ങൾ :

a) പെൺ ശിശുഹത്യ

19ാം നൂറ്റാണ്ടിൽ ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന മറ്റൊരു മനുഷ്യത്വരഹിത പ്രവർത്തിയാണ് പെൺശിശുഹത്യ. ഇത്പ്രത്യേകിച്ചും രാജപുത്താന, പഞ്ചാബ്, വടക്കു പടിഞ്ഞാറൻ പ്രവിശ്യകൾ എന്നിവിടങ്ങളിൽപ്രചാരത്തിലുണ്ടായിരുന്നു. സാമ്പത്തിക ബാധ്യത കുറയ്ക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാനലക്ഷ്യം.

കുടുംബത്തിന്റെ അഭിമാനം, സ്ത്രീധന സമ്പ്രദായം, പെൺകുട്ടികൾക്ക് അനുയോജ്യമായ പങ്കാളിയെ കണ്ടെത്താനാകില്ലെന്ന ഭയം എന്നിവയാണ് ഈ അനാചാരത്തിന് കാരണമായത്. അതിനാൽ ജനിച്ച ഉടൻതന്നെ പെൺകുഞ്ഞുങ്ങൾ കൊല്ലപ്പെടുകയായിരുന്നു..

1795-ലെ ബംഗാൾ റെഗുലേറ്റിആക്ട്, XXI, 1802-ലെ റെഗുലേറ്റിംഗ് ആക്ട് 1870-ലെ പെൺശിശുഹത്യ നിയമം എന്നിവ പാസ്സാക്കിക്കൊണ്ടാണ് ഇന്ത്യയിലെ കമ്പനി ഭരണകൂടം ഈ സമ്പ്രദായത്തെ നിരോധിക്കാൻ നടപടി സ്വീകരിച്ചത്.

b) പെൺഭ്രൂണഹത്യ

ജാതി, മതം, വർഗം, പ്രാദേശിക അതിർത്തികൾ എന്നിവ ലംഘിച്ച് സമൂഹത്തിൽ നിലനില്ക്കുന്ന മനുഷ്യത്വരഹിതമായ ഒരു രീതിയാണ് പെൺഭ്രൂണഹത്യ. പെൺശിശുഹത്യയും, പെൺഭ്രൂണഹത്യയും ഇന്നും മാറ്റമില്ലാതെ തുടരുന്നു. പെൺഭ്രൂണഹത്യയും ലിംഗനിർണ്ണയവും നിരോധിക്കുന്നതിനായി കേന്ദ്രസർക്കാർ വിവിധ നിയമങ്ങൾ പാസാക്കി.

c) ബാല്യവിവാഹം

സ്ത്രീകൾക്ക് എതിരായ മറ്റൊരു സാമൂഹികപ്രശ്നമായിരുന്നു ബാല്യവിവാഹം. ഗോത്രവർഗ്ഗക്കാർ ക്കിടയിൽ ബാല്യവിവാഹം വ്യാപകമായിരുന്നു.

> അക്ബർ ബാല്യവിവാഹം നിരോധിക്കുകയും വിവാഹത്തിന് മുമ്പ് വധുവിന്റെയും, വരന്റെയും സമ്മതം നേടേണ്ടത് മാതാപിതാക്കൾക്ക് നിർബന്ധമാക്കുകയും ചെയ്തു. വിവാഹത്തിന് പെൺകുട്ടികൾക്ക് 14 വയസ്സും ആൺകുട്ടികൾക്ക് 16 വയസ്സുമാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

1846-ൽ ഒരു പെൺകുട്ടിയുടെ ഏറ്റവും കുറഞ്ഞ വിവാഹപ്രായം10 വയസ്സ്മാത്രമായിരുന്നു. 1872-ൽ നേറ്റീവ് മാര്യേജ് ആക്ട് പാസാക്കി. അതിൽ പെൺകുട്ടികളുടെ ഏറ്റവും കുറഞ്ഞ വിവാഹപ്രായം 14 ഉം ആൺകുട്ടികൾക്ക് 18 ആയി നിശ്ചയിച്ചു.

1930 ൽ കേന്ദ്രനിയമസഭ റായ് സാഹിബ് ഹാർബിലാസ് ശാരദാസ് ബാല്യവിവാഹ ബില്ലിലൂടെ ആൺകുട്ടികൾക്ക് 18 വയസ്സും പെൺകുട്ടികൾക്ക് 14 വയസ്സുമായി നിശ്ചയിച്ചു. പിന്നീട് 1955-ലെ ഹിന്ദുവിവാഹ നിയമ പ്രകാര പെൺകുട്ടികൾക്ക് 18 വയസ്സും ആൺകുട്ടികൾക്ക് 21 വയസ്സുമായി ഭേദഗതി ചെയ്തു.

d) സതി

ഇന്ത്യൻ സമൂഹത്തിൽ പ്രത്യേകിച്ചും രജപുത്രർക്കിടയിൽ നിലനിന്നിരുന്ന സാമൂഹ്യ അനാചാരമായിരുന്നു സതി. അക്കാലത്തെ ഫ്യൂഡൽ സമൂഹം സതിയെ പ്രോത്സാഹിപ്പിച്ചിരുന്നു. അതായത്, ഭർത്താവിന്റെ ചിതയിൽ ചാടി വിധവ സ്വയം ജീവത്യാഗം ചെയ്തിരുന്നു. ആരംഭത്തിൽ ഇത് സ്വമേധയാ ചെയ്തിരുന്നുവെങ്കിലും പിന്നീട് ബന്ധുക്കൾ വിധവയെ ചിതയിൽ ചാടാൻ നിർബന്ധിച്ചു. എ.ഡി. (സി.ഇ) 1420-ൽ വിജയ നഗർ സന്ദർശിച്ച ഇറ്റാലിയൻ സഞ്ചാരിയായ നിക്കോളോകോണ്ടി ഇങ്ങനെ പറയുന്നു. “ഈ പ്രദേശത്തെ നിവാസികൾ ഇഷ്ടമുള്ളത്ര ഭാര്യമാരെ വിവാഹം കഴിക്കുന്നു. മരിച്ച ഭർത്താവിനോടൊപ്പം അവരും ചിതയിൽ ചാടി ആത്മഹത്യ ചെയ്തിരുന്നു.’

19-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ ബംഗാൾ, പശ്ചിമ ഇന്ത്യ, തെക്കേ ഇന്ത്യ എന്നിവിടങ്ങളിലെ വിവിധ ഭാഗങ്ങളിൽ സതി ആചരിച്ചിരുന്നു. 1811-ൽ റാം മോഹൻ റോയിയുടെ സഹോദരൻ ജഗൻ മോഹൻ റോയ് അന്തരിച്ചു. അദ്ദേഹത്തിന്റെ ചിതയിൽ ചാടി ഭാര്യ സതി അനുഷ്ഠിച്ചു. ഇത് കണ്ട് റാം മോഹൻ റോയ് ഈ ക്രൂരമായ ആചാരത്തെ നിയമപ്രകാരം നിറുത്തലാക്കണമെന്ന് ശപഥം ചെയ്തു. സതി നിർത്തലാക്കുന്നതിനായി മാധ്യമങ്ങളിലൂടെയും വേദിയിലൂടെയും അദ്ദേഹം നിരന്തരം ബോധവൽക്കരണം നടത്തി.

1818-20 ൽ രാജാറാം മോഹൻ റോയ് തന്റെ ലഘുലേഖകൾ പ്രസിദ്ധീകരിച്ചതിലൂടെ സതി ആചാരത്തെക്കുറിച്ച് ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിരുന്നു. സതി

VIII Std - History Malayalam Chapter 8.indd 78 1/28/2023 12:28:33 PM

ഹിന്ദുമതത്തിന്റെ അവിഭാജ്യ ഘടകമാണെന്ന പൊതുവായി അംഗീകരിക്കപ്പെട്ട കാഴ്ചപ്പാടിനെ തകർക്കുന്നതിനാണ് ഈ ലേഖകൾ ഉപ യോഗിച്ചത്. സതി നിർത്തലാക്കണമെന്ന അഭി പ്രായംഉന്നയിച്ചത് സെറാൺപൂർ മിഷണറിമാരാണ്. യാഥാസ്ഥിതിക ഹിന്ദുക്കളായ രാധാകാന്തദേബ്, ഭവാനിചന്ദ്രൻബാനർജി എന്നിവർ സതി നിരോധിക്കുന്നതിനെ എതിർത്തു.

വില്ല്യം ബെന്റിക്ക് പ്രഭു 'സതി' ആചാരത്തെക്കുറിച്ചുള്ള ചോദ്യം ഉന്നയിച്ചപ്പോൾ ക്രിമിനൽ കോടതിയിലെ ജഡ്ജിമാർ സതി നിർത്തലാക്കാൻ ശുപാർശ ചെയ്തതായി അദ്ദേഹം കണ്ടെത്തി. 1829 ത് ഡിസംബർ 4 ന് അദ്ദേഹം റെഗുലേഷൻ XVII പാസാക്കി. ഇതുപ്രകാരം ഹിന്ദുക്കളായ വിധവയെ സതി ആചരിക്കുകയോ ജീവനോടെ എരിക്കുകയോ ചെയ്താൽ അത് നിയമ വിരുദ്ധവും ശിക്ഷാർഹവുമാണെന്ന് ക്രിമിനൽ കോടതികൾ വെളിപ്പെടുത്തി. ബോംബെയിലും മദ്രാസിലും സമാനമായ നിയമ നിർമ്മാണ നടപടികൾ ഉടൻ നടപ്പിലാക്കി.

e) ദേവദാസി സമ്പ്രദായം

ദേവദാസി (സംസ്കൃതം) അല്ലെങ്കിൽ ദേവർ അടിയാൾ (തമിഴ്) എന്നതിന്റെ അർത്ഥം ദൈവത്തിന്റെ ദാസൻ എന്നാണ്. ഇവർ ക്ഷേത്രങ്ങളിൽ ദൈവത്തെ സേവിക്കുന്നതിനായി സമർപ്പിച്ച ക്ഷേത്ര നർത്തകരാണ്. ദേവദാസി സമ്പ്രദായം ഒരു സാമൂഹിക അനാചാരമായിരുന്നു. ഒരു മകളെ ക്ഷേത്രത്തി നായി സമർപ്പിക്കുന്ന പാരമ്പര്യവും ഉണ്ടായിരുന്നു. ക്ഷേത്രത്തിന്റെ പരിപാലനത്തിനു പുറമേ ഭരതനാട്യവും മറ്റു ക്ലാസിക്കൽ കലകളും അവർ പഠിക്കുകയും, പരിശീലിക്കുകയും ചെയ്തു. ഇതിലൂടെ പരമ്പരാഗതമായി സമൂഹത്തിൽ അവർ ഉയർന്ന പദവി നേടി.

കാലക്രമേണ അവരോട് മോശമായി പെരുമാറുകയും അപമാനിക്കുകയും ചെയ്തു. അന്തസ്സ്, ആത്മാഭിമാനം, ബഹുമാനം എന്നിവ ദേവദാസിമാർക്ക് നഷ്ടമായി.

ഇന്ത്യയിലെ ആദ്യത്തെ വനിതാ ഡോക്ടറായ മുത്തുലക്ഷ്മി അമ്മയാർ തമിഴ്നാട്ടിലെ ദേവദാസി സമ്പ്രദായം എന്ന ക്രൂരമായ അനാചാരം നിറുത്തലാക്കുന്നതിനായി സ്വയം സമർപ്പിച്ചവരാണ്. ദേവദാസി സമ്പ്രദായത്തിനെതിരായ പ്രക്ഷോഭത്തിൽ അവരുടെ പങ്ക് അഭിനന്ദിച്ചു കൊണ്ട് 1929-ൽ തമിഴ്നാട് നിയമ നിർമ്മാണ സഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. പെരിയാർ ഇ.വി. രാമസ്വാമിയുടെ പ്രവർത്തനഫലമായി ദേവദാസി നിരോധന നിയമം പാസാക്കി. 1930-ൽ മദ്രാസ് നിയമ നിർമ്മാണ സഭയിലേക്ക് ഡോ. മുത്തുലക്ഷ്മി അമ്മയാർ ഈ നിയമം നിർദ്ദേശിച്ചു.

ദേവദാസിയുടെ വിമോചനത്തിനായി പോരാ ടിയ മറ്റൊരു സ്ത്രീയാണ് മൂവല്ലൂർ രാമാമൃതം. രാജാജി, പെരിയാർ, തിരു വി.ക തുടങ്ങിയവരുടെ നിരന്തരമായ ധാർമ്മിക പിന്തുണയോടെ മൂവല്ലൂർ രാമാമൃതം ഈ ക്രൂരമായ ആചാരത്തിനെതിരെ വെല്ലുവിളിച്ചു. ഇതിന്റെ ഫലമായി സർക്കാർ ദേവദാസി നിരോധന നിയമം പാസ്സാക്കി.

മദ്രാസ് ദേവദാസി നിയമം 1947 ഒക്ടോബർ 9 ന് പ്രാബല്യത്തിൽ വന്നു. ഈ നിയമം മദ്രാസ് പ്രസിഡൻസിയിൽ പാസാക്കുകയും ദേവദാസികൾക്ക് വിവാഹം കഴിക്കാനുള്ള നിയമപരമായ അവകാശം നൽകുകയും ഇന്ത്യൻ ക്ഷേത്രങ്ങളിൽ സമർപ്പിതരായ പെൺകുട്ടികൾക്ക് ഇത് സാധ്യമാക്കുകയും ചെയ്തു.

സാമൂഹിക പരിഷ്ക്കർത്താക്കളുടെ പങ്ക്

19-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതൽ നിരവധി സാമൂഹ്യ പരിഷ്ക്കർ ത്താക്കളും സാമൂഹ്യപരിഷ്കരണ പ്രസ്ഥാന ങ്ങളും സ്ത്രീകളുടെ സ്ഥാനം ഉയർത്തുന്നതിനായി അവർക്ക് വിദ്യാഭ്യാസം നൽകു കയും വിവാഹ പ്രായം ഉയർത്തുകയും വിധവകൾക്ക് സംരക്ഷണം നൽകുകയും ചെയ്തു. അതോടൊപ്പം അതിതീവ്രമായ ജാതിസമ്പ്ര ദായത്തെ അകറ്റി അധഃകൃതർക്കും തുല്യാവകാശം നൽകുന്നതിനായി ശ്രമിച്ചു. ഈ പ്രസ്ഥാനങ്ങളെ നയിച്ച പ രിഷ്ക്കർത്താക്കളാണ് ആധുനിക ഇന്ത്യയുടെ മുന്നോടികൾ.

a) രാജാറാം മോഹൻ റോയ്

പ്രബുദ്ധരായ ചില ഇന്ത്യാക്കാർ അടിച്ചമർത്തപ്പെട്ട ഇന്ത്യൻ സാമൂഹിക വ്യവസ്ഥയെ പരിഷ്കരിക്കുന്നതിൽ ബ്രിട്ടീഷു കാരെ സഹായിച്ചു. ഒന്നാമത്തേത് നിയമപ്ര കാരം സതി നിറുത്തലാക്കലായിരുന്നു. ഇന്ത്യയിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ മുന്നോടിയായ രാജാറാം മോഹൻ റോയ് ജാതിവ്യവസ്ഥയ്ക്കതീതമായി സതി നിർത്തലാക്കാൻ പോരാടിയതിന് കാരണം അദ്ദേഹത്തിന്റെ ജ്യേഷ്ഠ ഭാര്യയുടെ ദാരുണാന്ത്യമാണ്. മനുഷ്യത്വരഹിതമായ ഈ ദുരാചാരത്തിനെതിരെ അദ്ദേഹം സംഘടിത പ്രവർത്തനം ആരംഭിച്ചു. രാജാറാം മോഹൻ റോയിയുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനത്തിന്റെ സ്വാധീനത്താൽ ബ്രിട്ടീഷ് സർക്കാർ ഇതിനെ കുറ്റകരമായ നരഹത്യയായി പ്രഖ്യാപിച്ചു. സതി ശിക്ഷാർഹമായ കുറ്റമാണെന്ന് പ്രഖ്യാപി ക്കാൻ 1829-ൽ വില്ല്യം ബെന്റിക്കിനെ സഹായിച്ച രാജാറാം മോഹൻ റോയ് എന്നും സ്മരണീയ നാണ്. അദ്ദേഹം ബാല്യവിവാഹത്തെയും പെൺശിശുഹത്യയെയും എതിർത്തു. ഇദ്ദേഹം വിധവാ പുനർവിവാഹത്തേയും സ്ത്രീ വിദ്യാഭ്യാസത്തെയും പിതൃസ്വത്തിൽ സ്ത്രീകൾക്കുള്ള അവകാശത്തേയും അനുകൂ ലിച്ചു.അങ്ങനെ സതി എന്ന ദുരാചാരത്തെ സമൂഹത്തിൽ നിന്നും തുടച്ചുനീക്കി.

VIII Std - History Malayalam Chapter 8.indd 79 1/28/2023 12:28:33 PM

b) ഈശ്വർ ചന്ദ്ര വിദ്യാസാഗർ

സ്ത്രീ വിദ്യാഭ്യാസം, വിധവാ പുനർ വിവാഹം, ബഹുഭാര്യത്വ നിരോധനം എന്നിവയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രസ്ഥാനം വിദ്യാസാഗർ ബംഗാളിൽ തുടങ്ങി. ഇതിനായി ഇന്ത്യൻ നിയമനിർമ്മാണ സഭയിൽ പരാതികൾ സമർപ്പിക്കുകയും അതിന്റെ ഫലമായി 1856-ൽ ഹിന്ദുവിധവാ പുനർവിവാഹ നിയമം കൊണ്ടുവരുകയും ചെയ്തു. അദ്ദേഹത്തിന്റെ മകനായ നാരായണചന്ദ്രൻ ഒരു വിധവയെ വിവാഹം കഴിച്ച് മറ്റുള്ളവർക്ക് മാതൃകയായി. സ്ത്രീ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിനായി ധാരാളം പെൺ പള്ളിക്കൂടങ്ങൾ ബംഗാളിലെ നാദിയാ, മിട്നാപൂർ, ഹൂഗ്ളി, ബർദുവാൻ എന്നീ ജില്ലകളിൽ വിദ്യാനഗർ സ്ഥാപിച്ചു.

c) കന്തുകുരി വിരേശലിംഗം

സ്ത്രീ വിമോചനത്തിന്റെ ആദ്യത്തെ നായകനായിരുന്നു ദക്ഷിണേന്ത്യയിലെകന്തുകുരി വിരേശലിംഗം പന്തുലു. അദ്ദേഹം 'വിവേകവർദ്ധിനി' എന്ന മാസിക പ്രസിദ്ധീകരിച്ചു. 1874-ൽ അദ്ദേഹം തന്റെ ആദ്യത്തെ പെൺപള്ളിക്കൂടം സ്ഥാപിച്ചു. അദ്ദേഹം വിധവാ പുനർ വിവാഹവും സ്ത്രീ വിദ്യാഭ്യാസവും പ്രോത്സാഹിപ്പിച്ചിരുന്നു



കന്തുകുരി വിരേശലിംഗം

d) എം.ജി. റാനഡേയും ബി.എം മലബാറിയും

ബോംബൈ പ്രസിഡൻസിയിൽ എം.ജി. റാനഡേയും ബി.എം മലബാറിയും സ്ത്രീകളുടെ ഉന്നമനത്തിനായി പോരാടി. 1869-ൽ റാനഡേ വിധവാ പുനർ വിവാഹ സംഘടനയിൽ ചേർന്നു. വിധവാ പുനർ വിവാഹവും, സ്ത്രീ വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കുകയും ബാല്യവിവാഹത്തെ എതിർക്കുകയും ചെയ്തു. 1887-ൽ അദ്ദേഹം ദേശീയ സാമൂഹിക സമ്മേളനം ആരംഭിച്ചു. അത് സാമൂഹിക പരിഷ്കരണത്തിനുള്ള ഒരു പ്രശസ്ത സ്ഥാപനമായി മാറി. 1884-ൽ ബി.എം മലബാറി എന്ന പത്രപ്രവർത്തകൻ ബാല്യവിവാഹം നിർത്തലാക്കാനുള്ള പ്രസ്ഥാനം ആരംഭിച്ചു. ഈ വിഷയത്തിൽ ലഘുലേഖകൾ പ്രസിദ്ധീകരിച്ച അദ്ദേഹം ഇതിനെതിരെ നടപടിയെടുക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചു.

d) ഗോപാലകൃഷ്ണ ഗോഖലെ

1905-ൽ ഗോപാലകൃഷ്ണ ഗോഖലെ പ്രാഥമിക വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം അധഃകൃതരുടെ ഉന്നമനം തുടങ്ങിയ സാമൂഹിക പരിഷ്കരണ നടപടികൾ സ്വീകരിക്കാൻ 'സെർവന്റ്സ് ഓഫ് സൊസൈറ്റി' ആരംഭിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിന്റെ വ്യാപനം മറ്റുപല സാമൂഹ്യ പരിഷ്കരണങ്ങൾ ഉണ്ടാക്കി. അവയാണ് പർദാ നിരോധനം, സ്വാതന്ത്ര്യസമരത്തിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ.



ഗോപാലകൃഷ്ണ ഗോഖലെ

e) പെരിയാർ ഇ.വി. ആർ

തമിഴ്നാട്ടിലെ ഒരു മഹാനായ സാമൂഹിക പരിഷ്കർത്താവായിരുന്നു പെരിയാർ ഇ.വി.ആർ. സ്ത്രീ വിദ്യാഭ്യാസം, വിധവാ പുനർ വിവാഹം, മിശ്രവിവാഹം എന്നിവയെ അദ്ദേഹം പ്രോൽസാഹിപ്പിക്കുകയും ബാല്യവിവാഹത്തെ എതിർക്കുകയും ചെയ്തു.

f) വനിതാ പരിഷ്കർത്താക്കൾ

വനിതാ പരിഷ്കരണ പ്രസ്ഥാനത്തിന്റെ വികാസത്തേയും, സ്വാതന്ത്ര്യത്തിന്റേയും പരിധി നിശ്ചയിച്ച പുരുഷൻമാരാൽ നേതൃത്വം കൊടുത്ത പ്രസ്ഥാനങ്ങളാണ്, ബ്രഹ്മസമാജ്(1828), പ്രാർത്ഥനാസമാജ്(1867), ആര്യസമാജ്(1875) എന്നിവ. പണ്ഡിത രമാഭായ്, രുഗ്മാഭായ്, താരാഭായ്ഷിൺഡേ എന്നിവരെ പോലുള്ള വനിതാ പരിഷ്കർത്താക്കൾ ഈ പരിഷ്കരണ പ്രസ്ഥാനങ്ങൾ തുടർന്നു കൊണ്ടു പോയി. 1889-ൽ പണ്ഡിത രമാഭായി ബോംബെയിൽ ഹിന്ദു വിധവകൾക്കായി ശാരദാസദൻ (പഠനകേന്ദ്രം) ആരംഭിച്ചു. പിന്നീട് ഇത് പൂനയിലേക്ക് മാറ്റി. അവരുടെ കഠിനാധ്വാനത്താൽ ഇന്ത്യയിൽ ആദ്യമായി വിധവകൾക്കായുള്ള വിദ്യാഭ്യാസ കേന്ദ്രം തുടങ്ങി. ചെന്നൈയിൽ തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിക്കുകയും അതിൽ യൂറോപ്പിൽ നിന്നു വന്ന ആനിബസന്റ് ചേരുകയും ചെയ്തു. ഇത് ഒരു പൊതു സാമൂഹിക പരിഷ്കരണ സംഘടനയായി വളർന്നു.

പെരിയാറിൻറെ ആശയങ്ങളിൽ ആകൃഷ്ടയായ മറ്റൊരു സാമൂഹ്യ പരിഷ്കർത്താവായിരുന്നു ഡോക്ടർ എസ്. ധർമ്മാംബാൾ. വിധവാപുനർ വിവാഹവും സ്ത്രീ വിദ്യാഭ്യാസവും പ്രാബല്യത്തിൽ കൊണ്ടുവരാൻ അവർ പ്രയത്നിച്ചു. മൂവലൂർ രാമാമൃതം അമ്മയാർ , ഡോക്ടർ മുത്തുലക്ഷ്മി അമ്മയാർ എന്നിവരോടൊപ്പം ചേർന്ന് ദേവദാസി സമ്പ്രദായത്തിനെതിരെ ശബ്ദമുയർത്തി. അവരുടെ ഓർമ്മക്കായി തമിഴ്നാട് സർക്കാർ "മൂവല്ലൂർ രാമാമൃത അമ്മാൾ നിനൈവു വിവാഹ പദ്ധതി" ആരംഭിച്ചു. ഇത് ദരിദ്രരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകുന്നതായുള്ള ഒരുസാമൂഹ്യ ക്ഷേമ പദ്ധതിയാണ്. അങ്ങനെ വനിതാ പരിഷ്കർത്താക്കളും സ്വന്തംഅവകാശങ്ങളും നേടിയെടുക്കുന്നതിന് ധാരാളം സംഭാവനകൾ നൽകി.



മൂവല്ലൂർ രാമാമൃതം

തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി സ്വന്തം സംഘടനകൾ രൂപികരിക്കേണ്ടതിന്റെ ആവശ്യകത പ്രമുഖ സ്ത്രീകൾ മനസ്സിലാക്കി. അതിന്റെ ഫലമായി മൂന്ന് പ്രധാന ദേശീയ വനിതാ സംഘടനകളായ, വിമൻസ് ഇന്ത്യാസംഘടന, നാഷണൽ

VIII Std - History Malayalam Chapter 8.indd 80 1/28/2023 12:28:33 PM

കൗൺസിൽ ഓഫ് വിമൺ ഇൻ ഇന്ത്യാ, അഖിലേന്ത്യാ വനിതാ സമ്മേളനം എന്നിവ ആരംഭിച്ചു.

സ്വാതന്ത്ര്യ സമരത്തിലെ വനിതകൾ



വേലുനാച്ചിയാർ

ആദ്യകാലങ്ങളിൽ കോളനി വിരുദ്ധ പോരാട്ടത്തിൽ സ്ത്രീകൾ വിവിധ നിലകളിൽ പ്രധാന പങ്ക് വഹിച്ചു. ശിവഗംഗയിലെ വേലുനാച്ചിയാർ ബ്രിട്ടീഷ് കാർക്കെതിരെ അക്രമാസക്തമായി പോരാടുകയും, ശിവഗംഗയിൽ ഭരണം പുന: സ്ഥാപിക്കുകയും ചെയ്തു. ബീഗംഹസ്രത്ത്മഹൽ, ഝാൻസിയിലെ റാണിലക്ഷ്മിഭായ് എന്നിവർ ബ്രട്ടീഷ്കാർക്കെതിരെ 1857-ലെ സായുധ കലാപത്തിന് നേതൃത്വം നൽകി.

സ്വാതന്ത്ര്യസമരത്തിൽ ആയിരക്കണക്കിന് സ്ത്രീകൾ വീടുകളിൽ നിന്ന് ഇറങ്ങുകയും വിദേശസാധനങ്ങൾ ബഹിഷ്കരിക്കുകയും, അണിനിരക്കുകയും നിയമങ്ങൾ ലംഘിക്കുകയും ചെയ്തു. സ്വാതന്ത്ര്യ സമരത്തിലുള്ള ഇവരുടെ പങ്കാളിത്തം ഒരു പുതിയ വഴിത്തിരിവുണ്ടാക്കി.

പരിഷ്കരണപ്രസ്ഥാനത്തിന്റെ ആഘാതങ്ങൾ

- സ്ത്രീ വിമോചന രംഗത്ത് പ്രധാനമായ മുന്നേറ്റങ്ങൾ ഉണ്ടായി.
- അത് ജനങ്ങൾക്കിടയിൽ ദേശീയ ഉണർവ്വ് സൃഷ്ടിച്ചു.
- ത്യാഗം, സേവനം, യുക്തിവാദം എന്നീ വികാരങ്ങളെ ഇത് സൃഷ്ടിച്ചു.
- സതി, ശിശുഹത്യ എന്നിവ നിയമവിരുദ്ധമാക്കി.
- ഇത് വിധവാ പുനർ വിവാഹനിയമ സാദ്ധ്യത കൊണ്ടുവന്നു.

സ്വതന്ത്ര ഇന്ത്യയിലെ വനിതകൾ

വിദ്യാഭ്യാസം, രാഷ്ട്രീയം, ചികിൽസ, സംസ്കാരം, സേവന മേഖലകൾ, ശാസ്ത്രം, സാങ്കേതിക വിദ്യ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളിലും ഇന്ത്യയിലെ സ്ത്രീകൾ പങ്കെടുക്കുന്നുണ്ട്.

ഇന്ത്യൻ ഭരണഘടന (ആർട്ടിക്കിൾ) തുല്യ അവസരവും തുല്യ ജോലിക്ക് തുല്യവേദനവും ഉറപ്പു നൽകുന്നു.

സ്ത്രീ ശാക്തീകരണത്തിനായി ദേശീയ നയത്തിൻ കീഴിൽ ദേശീയ വിദ്യാഭ്യാസ നയം (1986) പാസ്സാക്കി. 'മഹിളാസമാഖ്യ' എന്ന പുതിയ പരിപാടി ആരംഭിച്ചു. ഇതിന്റെ പ്രധാന ലക്ഷ്യം സ്ത്രീ ശാക്തീകരണമാണ്. 33 ശതമാനം സ്ത്രീകളുടെ സംവരണം സ്ത്രീകളുടെ സാമൂഹിക- രാഷ്ട്രീയ നില മെച്ചപ്പെടുത്താൻ വിഭാവനം ചെയ്തു.

വനിതകൾക്കായുള്ള ദേശീയ കമ്മീഷൻ 1992 ജനുവരിയിൽ രൂപീകരിച്ചു. സ്ത്രീകളുമായി ബന്ധപ്പെട്ട നിയമനിർമ്മാണം അവലോകനം ചെയ്യുക, അതിക്രമങ്ങൾ, അവകാശങ്ങൾ നിഷേധിക്കൽ എന്നിവ സംബന്ധിച്ച വ്യക്തിഗത പരാതികളിൽ ഇടപെടുക എന്നതാണ് ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ.

താഴെ പറയുന്ന നിയമങ്ങൾ വിവാഹം ദത്തെടുക്കൽ,അനന്തരാവകാശം എന്നീ കാര്യങ്ങളിൽ സ്ത്രീകളുടെ നിലവാരം ഉയർത്തി.

നിയമങ്ങൾ	വ്യവസ്ഥകൾ
ബംഗാൾ ക്രമീകരണ നിയമം XXI, 1804	പെൺശിശുഹത്യാ നിയമം വിരുദ്ധമായി പ്രഖ്യാപിച്ചു.
ക്രമീകരണ നിയമം XVII,1829	സതി സമ്പ്രദായം നിയമ വിരുദ്ധമായി പ്രഖ്യാപിച്ചു.
ഹിന്ദു വിധവാ പുനർവിവാഹ നിയമം, 1856	വിധവാ പുനർ വിവാഹം അനുവദിച്ചു.
സ്വദേശി വിവാഹ നിയമം, 1872	ബാല്യവിവാഹം നിരോധിച്ചിരിക്കുന്നു.
ശരദാ നിയമം,1930	ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവാഹപ്രായം ഉയർത്തി.
ദേവദാസി നിരോധന നിയമം, 1947	ഇത് ദേവദാസി സമ്പ്രദായം നിരോധിച്ചു.

പാഠസംഗ്രഹം

- സ്ത്രീകളുടെ സ്ഥാനം എല്ലാകാലഘട്ടത്തിലും ഒരുപോലെ ആയിരുന്നില്ല,പ്രാദേശികമായി വ്യത്യാസപ്പെട്ടിരുന്നു.
- ഇന്ത്യൻ സമൂഹത്തിൽ നിരവധി സാമൂഹ്യ ദുരാചാരങ്ങൾ നിലനിന്നിരുന്നു.
- നിരവധി സാമൂഹ്യപരിഷ്കർത്താക്കളും, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകിക്കൊണ്ട് സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ചു.
- എല്ലാ പ്രവർത്തനങ്ങളിലും ഇപ്പോൾ ഇന്ത്യൻ സ്ത്രീകൾ പങ്കെടുക്കുന്നു.

VIII Std - History Malayalam Chapter 8.indd 81 1/28/2023 12:28:33 PM

പദപരിചയം		
zamindar	a andowner	ജൻമി
mancipation	free from social, or political restriction	വിമോചനം
enlightement	the state of being enlightened	വിജ്ഞാനം
polygamy	the custom of being married to more than one person	ബഹുഭാര്യാത്വം
reformer	a person who makes changes to something in order to improve it	പരിഷ്കർത്താവ്



മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

1. അകത്തും പുറത്തും നിന്നുള്ള കൂട്ടിചേർക്കലുകൾ,സ്വാംശീകരണം,ഒഴിവാക്കലുകൾ എന്നിവയിലൂടെ _____ സമൂഹം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു.
   a) മനുഷ്യൻ b) മൃഗം
   c) വനം d) പ്രകൃതി
2. ഇന്ത്യയിലെ ആദ്യത്തെ വനിതാ ഡോക്ടർ-
   a) ധർമ്മാംബാൾ
   b) മുത്തു ലക്ഷ്മി അമ്മയാർ
   c) മൂവല്ലൂർ
   d)പണ്ഡിത രമാഭായ്
3. സതി സമ്പ്രദായത്തെ നിറുത്തലാക്കിയ വർഷം _____.
   a) 1827 b) 1828 c) 1829 d) 1830
4. ബി.എം മലബാറി ആരായിരുന്നു.
   a) അദ്ധ്യാപകൻ b) അഭിഭാഷകൻ
   c) ഡോക്ടർ d)പത്രപ്രവർത്തകൻ
5. താഴെ പറയുന്നവയിൽ ഏത് പരിഷ്കരണ പ്രസ്ഥാനം/പ്രസ്ഥാനങ്ങൾ.
   a) ബ്രഹ്മസമാജം b) പ്രാർത്ഥനാസമാജം
   c) ആര്യസമാജം d) ഇവയെല്ലാം
6. ജെ.ഇ.ഡി ബെഥുൻ _____ ൽ ബെഥുൻ വിദ്യാലയം സ്ഥാപിച്ചു.
   a) 1848 b) 1849 c) 1850 d) 1851
7. പെൺകുട്ടികൾക്കായി പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിക്കാൻ ശുപാർശ ചെയ്ത കമ്മീഷൻ ഏതാണ്?
   a) വുഡ്സ് b) വെൽബി
   c) ഹണ്ടർ d) മുട്ടിമാൻ
8. പെൺകുട്ടികൾക്ക് വിവാഹിതരാകാനുള്ള ഏറ്റവും കുറഞ്ഞ പ്രായം പരിധി ശാരദയുടെ ബാല്യവിവാഹ ബിൽ നിർണ്ണയിക്കുന്നത് എത്രയാണ്?
   a) 11 b) 12 c) 13 d) 14

II. പൂരിപ്പിക്കുക

1. _____ സമൂഹം 1819-ൽ ക്രിസ്ത്യൻ മിഷണറികൾ സ്ഥാപിച്ചു.
2. ശിവഗംഗയിലെ _____ ബ്രിട്ടീഷുകാർക്കെതിരെ ധീരമായി പോരാടി.
3. സെർവെന്റ് ഓഫ് സൊസൈറ്റി ആരംഭിച്ചത് _____
4. തമിഴ് നാട്ടിലെ ഏറ്റവും മഹാനായ സാമൂഹ്യ പരിഷ്കർത്താവ് _____ ആയിരുന്നു.
5. കന്ദുകൂരി വിരേശ ലിംഗം _____ എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചു.

III. യോജിപ്പിക്കുക

1.	തിയോസഫിക്കൽ സൊസൈറ്റി -	ഇറ്റാലിയൻ സഞ്ചാരി
2.	ശാരദാ സദൻ -	സാമൂഹിക അനാചാരം
3.	വുഡ്സ് ഡെസ്പാച്ച് -	ആനി ബെസന്റ്
4.	നിക്കോളൊ കോണ്ടി -	പണ്ഡിത രമാഭായ്
5.	സ്ത്രീധനം -	1854

VIII Std - History Malayalam Chapter 8.indd 82 1/28/2023 12:28:33 PM

IV. ശരിയോ തെറ്റോ, പ്രസ്താവിക്കുക

1. ഋഗ്വേദ കാലഘട്ടത്തിൽ സ്ത്രീകളെ ആദരിച്ചിരുന്നു.
2. ദേവദാസി സമ്പ്രദായം ഒരു സാമൂഹിക അനാചാരമായിരുന്നു.
3. രാജാറാം മോഹൻ റോയ് ഇന്ത്യൻ സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ മുന്നോടിയായിരുന്നു.
4. സ്ത്രീകൾക്ക് 23 ശതമാനം സംവരണം നൽകിയത് സ്ത്രീകളുടെ സാമൂഹിക-രാഷ്ട്രീയ നില മെച്ചപ്പെടുത്താൻ സഹായിച്ചു.
5. 1930-ലെ ശാരദാ നിയമ പ്രകാരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവാഹ പ്രായം ഉയർത്തി.

V. ശരിയായ പ്രസ്ഥാവന തെരഞ്ഞെടുക്കുക.

1. ശരിയായ ജോഡി കണ്ടുപിടിക്കുക.

വനിതാ സർവ്വകലാശാല	-	പ്രൊ. ഡി. കെ. കാർവെ
ജസ്റ്റിസ് റാനഡേ	-	ആര്യസമാജം
വിധവാ പുനർ വിവാഹ നിയമം	-	1855
റാണി ലക്ഷ്മീ ഭായ്	-	ഡെൽഹി

2. തനിച്ചു നിൽക്കുന്നവയെ കണ്ടെത്തുക
   a) ബാല്യവിവാഹം
   b) സതി
   c) ദേവദാസി സമ്പ്രദായം
   d) വിധവാപുനർവിവാഹം
3. താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.
   i) ബീഗം ഹസ്രത്ത് മഹൽ,റാണി ലക്ഷ്മീഭായ് എന്നിവർ ബ്രിട്ടീഷുകാർക്കെതിരെ സായുധ കലാപത്തിന് നേതൃത്വം നൽകി.
   ii) തമിഴ് നാട്ടിലെ ശിവഗംഗയിലെ വേലുനാച്ചിയാർ ബ്രിട്ടീഷുകാർക്കെതിരെ ധീരമായി പോരാടി.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് ശരി.

   a) i മാത്രം b) ii മാത്രം
   c) i-ഉം ii -ഉം d) i-ഉം ii -ഉം ശരിയല്ല

4. **അവകാശ വാദം:** രാജാറാം മോഹൻ റോയിയെ എല്ലാ ഇന്ത്യക്കാരും ഏറെ ഓർമിക്കുന്നു.
   കാരണം: അദ്ദേഹം സതി എന്ന അനാചാരത്തെ ഇന്ത്യൻ സമുദായത്തിൽ നിന്നും തുടച്ചുമാറ്റി.
   a) A ഉം R ഉം തെറ്റാണ്
   b) A ശരിയാണ് R തെറ്റാണ്
   c) A ശരിയാണ് എന്നാൽ R ന്റെ വിശദീകരണമാണ് A
   d) A ശരിയാണ് എന്നാൽ R ന്റെ വിശദീകരണമല്ല A

VI. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

1. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പോരാടിയ പ്രമുഖ നേതാക്കളുടെ പേരുകൾ എഴുതുക?
2. ചില സാമൂഹിക അനാചാരങ്ങളെ പട്ടികപ്പെടുത്തുക?
3. മദ്ധ്യകാലഘട്ടത്തിൽ ശ്രദ്ധേയരായ സ്ത്രീകൾ ആരായിരുന്നു?
4. ഇന്ത്യയിലെ പ്രധാനപ്പെട്ട വനിതാ സ്വാതന്ത്ര്യ സമര സേനാനികളെ പരാമർശിക്കുക?
5. സതി ചെറുകുറിപ്പെഴുതുക

VII. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. സ്വാതന്ത്ര്യ സമരത്തിൽ സ്ത്രീകളുടെ പങ്ക് വിശദീകരിക്കുക?
2. സാമൂഹിക അനാചാരങ്ങളെ ഉൻമൂലനം ചെയ്യുന്നതിന് സാമൂഹിക പരിഷ്കർത്താക്കളുടെ സംഭാവന വിശദീകരിക്കുക?
3. പരിഷ്കരണ പ്രസ്ഥാനത്തിന്റെ സ്വാധീനത്തെക്കുറിച്ച് വിശദമായ വിവരണം നൽകുക?

VIII. പ്രോജക്റ്റും പ്രവർത്തനവും.

1. സ്ത്രീകളുടെ ഉന്നമനത്തിനായി സാമൂഹ്യപരിഷ്കർത്താക്കളുടെ വിവരങ്ങൾ ശേഖരിക്കുക. (ഏതെങ്കിലും ഒരു പരിഷ്കർത്താവിന്റെ വിവരങ്ങൾ ശേഖരിക്കുക)
2. സംഘവിവാദം: സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ സ്ത്രീകളുടെ പങ്കിനെക്കുറിച്ച് വിവാദം ചെയ്യുക.



REFERENCE BOOKS

1. Kali Kinkar Datta, *A Social History of Modern India,* New Delhi: The Macmillan, 1975.
2. P.N. Chopra, B. N. Puri, M.N. Das, A.C. Pradan, *A Comprehensive History of Modern India,* New Delhi: Sterling Publishers, 2003.
3. P.N. Chopra, B. N. Puri, M.N. Das, *A Social, Cultural and Economic History of India Vol I, II, III,* New Delhi: The Macmillan, 2004.
4. Bipan Chandra, *History of Modern India,* New Delhi: Orient Black Swan, 2016.

VIII Std - History Malayalam Chapter 8.indd 83 1/28/2023 12:28:34 PM

ഭൂമിശാസ്ത്രം

യൂണിറ്റ് 1

പാറകളും മണ്ണും



പഠനലക്ഷ്യങ്ങൾ

- പാറകളുടെ തരങ്ങളെപ്പറ്റിയും ഉപയോഗത്തെപ്പറ്റിയും മനസ്സിലാക്കൽ.
- വിവിധ തരത്തിലുള്ള പാറകളെപ്പറ്റി അറിവു സമ്പാദിക്കൽ.
- മണ്ണിന്റെ ഗുണങ്ങളെപ്പറ്റിയും അതിലടങ്ങിയിരിക്കുന്ന പോഷക ഘടകങ്ങളെപ്പറ്റിയും അറിവു സമ്പാദിക്കൽ
- മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യത്തെപറ്റി മനസ്സിലാക്കൽ

10ZQC

ആമുഖം

നിങ്ങളുടെ യാത്രയിൽ എപ്പോഴെങ്കിലും ഏതെങ്കിലും മലകളോ വലിയ പാറകളോ കണ്ടിട്ടുണ്ടോ? ഏതെങ്കിലും മലമ്പ്രദേശങ്ങളിൽ അവധിക്കാലം ചെലവഴിച്ചിട്ടുണ്ടോ? ഭൂമിയുടെ മേൽപ്പരപ്പ് രൂപപ്പെട്ടത് എങ്ങനെയെന്ന് നിങ്ങൾക്കറിയാമോ? ഏതുതരം വസ്തുക്കൾ കൊണ്ടാണ് ക്ഷേത്രങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ, മേൽപ്പാലങ്ങൾ എന്നിവ നിർമ്മിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ?

ഈ പാഠത്തിൽ പാറകളെക്കുറിച്ചും മണ്ണിനെ കുറിച്ചും നമുക്ക് പഠിക്കാം. ചെറിയ ക്ലാസ്സുകളിൽ ശിലാമണ്ഡലം, ജലഗോളം, വായുഗോളം, ജീവഗോളം എന്നിവ യെപ്പറ്റി പഠിച്ചത് ഓർമ്മയുണ്ടല്ലോ? ശിലാമണ്ഡലം, ഭൂമിയുടെ മേൽപ്പരന്നാണ്. ഇതിൽ ഉറച്ചപാറകളും മറ്റു നിരവധി വസ്തുക്കളുമാണുള്ളത്. സ്ഥലഗോളത്തിന്റെ അക്ഷരാർത്ഥം പാറഗോളം എന്നാണ്.

നിങ്ങൾക്ക് അറിയാമോ?

പെട്രോളജി എന്നത് ഭൗമശാസ്ത്ര (ജിയോളജി) ത്തിന്റെ ഒരു വിഭാഗമാണ് പാറകളെപ്പറ്റിയാണ് ഇതിൽ പഠിക്കുന്നത്. ഗ്രീക്കു വാക്കായ പെട്രസ് നിന്നും രൂപപ്പെട്ടതാണ് പെട്രോളജി പെട്രോ പാറ, ലോഗോസ് പഠിക്കുക.

കണ്ടുപിടിക്കുക

വീടിന്റെ അടിത്തറ കെട്ടുന്നത് എന്തുകൊണ്ടാണ്?

പാറകൾ

ഖരരൂപത്തിലുള്ള ധാതുപദാർത്ഥമാണ് പാറ. ഇത് ഭൂമിയുടേയും അതുപോലെയുള്ള മറ്റ് ഗ്രഹ ങ്ങളുടേയും മേൽപ്പരപ്പിൽ കാണപ്പെടുന്നു. ഭൂമിയുടെ മേൽപ്പരപ്പ് (ലിത്തോസ്പിയർ) പാറകളാൽ നിർമ്മി തമായതാണ്. പാറകളിൽ ഒന്നിൽ കൂടുതൽ ധാതു പദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്. ഖരരൂപത്തിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട പ്രകൃതി വിഭവമാണ് പാറ. ഇത് കഠിനമോ മൃദുവോ ആവാം. ചില പഠനങ്ങൾ പറയുന്നത് വിവിധ തരത്തിലുള്ള 2000 ധാതുക്കൾ ഭൂമിയുടെ മേൽപ്പരപ്പിൽ കാണപ്പെടുന്നു എന്നാണ്. ഇതിൽ 8 തരം അടിസ്ഥാന ധാതുക്കൾ സാധാരണയായി ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും കാണപ്പെടുന്നു. ധാതുക്കൾ എന്നാൽ പ്രകൃതിയിൽ കാണുന്ന രാസവസ്തുക്കളാണ് ഇവ മൂലകമായോ യൗകീകമായോ കാണപ്പെടുന്നു.

പാറകളുടെ വിഭാഗങ്ങൾ

രൂപീകരണത്തെ അടിസ്ഥാനമാക്കി പാറകളെ മൂന്നായി തിരിക്കാം.

1. **ആഗ്നേയ ശിലകൾ**
2. **ഊറൽ പാറകൾ**
3. **പരിണാമ ശിലകൾ**

VIII Std - Geography Malayalam Chapter 1.indd 85 31-03-2022 16:03:27



ആഗ്നേയ ശിലകൾ

ഉരുകിയ മാഗ്മ പുറത്തു വന്ന് ഖര രൂപത്തിലാകുമ്പോഴാണ് ആഗ്നേയശിലകൾ രൂപപെടുന്നത്. ഈ പാറകളെ പ്രാഥമിക പാറകളെന്നും മാതൃക ശിലകളെന്നും പറയാറുണ്ട്.



ആഗ്നേയ ശില



ആഗ്നേയം എന്ന വാക്ക് രൂപം കൊണ്ടത് ലാറ്റിൻ ഭാഷയിലെ ഇഗ്നിസ് എന്ന വാക്കിൽ നിന്നുമാണ്. ഇതിന്റെ അർത്ഥം അഗ്നി എന്നാണ്.

ആഗ്നേയ ശിലകളുടെ സ്വഭാവഗുണങ്ങൾ

1. ഇത് കഠിന സ്വഭാവമുള്ളതാണ്.
2. ഇവ ജലപ്രതിരോധശേഷിയുള്ളവയാണ്.
3. ഇതിൽ ഫോസ്സിലിന്റെ അംശങ്ങൾ കാണപ്പെടുന്നില്ല.
4. ഇത് അഗ്നിപർവ്വത സ്ഫോടനവുമായി ബന്ധപ്പെട്ടതാണ്.
5. ഇത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു.

ആഗ്നേയ ശിലകളുടെ തരങ്ങൾ ഇത് രണ്ടുതരത്തിൽ കാണപ്പെടുന്നു:

1. ബഹിർവേധി ആഗ്നേയ ശിലകൾ
2. അന്തർവേധി ആഗ്നേയ ശിലകൾ

1. ബഹിർവേധി ആഗ്നേയ ശിലകൾ

അഗ്നി പർവ്വതത്തിൽ നിന്നും ലാവ പുറത്തുവരുന്നത് കാണാൻ സാധിക്കുമോ? ഭൂമിയുടെ മേൽപ്പരപ്പിലേക്ക് വരുന്ന തീ പോലുള്ള ചുവന്ന ഉരുകിയ മാഗ്മയെയാണ് ലാവ എന്നു പറയുന്നത്. ഭൂമിയുടെ മേൽപ്പരപ്പിൽ എത്തുന്നതിന് മുൻപ്ഉരുകിയ പദാർത്ഥം ഖരരൂപത്തിലുള്ള പാറയായി മാറാൻ തുടങ്ങുന്നു. ഇങ്ങനെ രൂപപെടുന്ന പാറകളെയാണ് ബഹിർവേധി ആഗ്നേയ ശിലകൾ എന്നു പറയുന്നത്. ഇത് വളരെ വേഗം ഖര രൂപം പ്രാപിക്കുന്നതിനാൽ ചില്ലുപോലെ ഭംഗിയുള്ളതും തിളക്കമുള്ളതുമായ പാറയായി രൂപം കൊള്ളുന്നു. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ കാണപ്പെടുന്ന ബാസാൾട്ട് പാറകൾ ഇത്തരത്തിലുള്ളതാണ്.

2. അന്തർവേധി ആഗ്നേയ ശിലകൾ

ഉരുകിയ മാഗ്മ ചില സമയങ്ങളിൽ ഭൂമിയുടെ മേൽപ്പരപ്പിനുള്ളിൽ തന്നെ തണുത്ത് ഖര രൂപം പ്രാപിക്കുന്നു. ഇങ്ങനെ ഖരരൂപം പ്രാപിക്കുന്ന ശിലകളെയാണ് അന്തർവേധി (ഇൻട്രൂസിവ്) ആഗ്നേയ ശിലകളെന്ന് പറയുന്നത് ഈ പാറ രണ്ടുതരത്തിൽ കാണപ്പെടുന്നു. ആഴത്തിൽ തണുത്ത് രൂപം പ്രാപിക്കുന്ന പാറയെ പ്ലൂട്ടോണിക് പാറകൾ എന്നും അധികം ആഴത്തിലല്ലാതെ തണുത്തുറഞ്ഞ് രൂപം പ്രാപിക്കു പാറയെ ഹൈപ്പാബൈസൽ പാറകളെന്നും പറയുന്നു. ഗ്രാനൈറ്റ്, ഡയോറൈറ്റ്, ഗബ്രോ തുടങ്ങി യവ പ്ലൂട്ടോണിക് പാറകൾക്ക് ഉദാഹരണമാണ്. ഡോളറൈറ്റ് ഹൈപ്പാബൈസൽ പാറകൾക്കുദാഹരണമാണ്.



ആഗ്നേയ ശിലകൾ

VIII Std - Geography Malayalam Chapter 1.indd 86 31-03-2022 16:03:28

ഇറലിയിലെ മൗണ്ട് വെസൂരിയസ്, മൗണ്ട് സ്ടോ ബോളി, മൗണ്ട് എറ്റ്ന എന്നിവയും ഹവായ് ദ്വീപുകളിലെ മൗനലോവ, മൗനാകിയ എന്നിവയും ലോകത്തിലെ സജീവ അഗ്നി പർവ്വതങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

ഊറൽ പാറകൾ (അവസാദ ശിലകൾ)



ഊറൽ പാറകൾ

സെഡിമെന്ററി എന്ന വാക്ക് ലാറ്റിൻ വാക്കായ സെഡിമെന്റം എന്ന വാക്കിൽ നിന്നും രൂപപ്പെട്ടതാണ്. ഇതിന്റെ അർത്ഥം എന്നാണ് (അടിഞ്ഞു കൂടിയതും എന്നും പറയാം) ഊറൽ പാറകൾ രൂപപ്പെടുന്നത് വിവിധ മാർഗ്ഗങ്ങളുടേയും മാധ്യമങ്ങളിലൂടേയും ഊറലുകൾ അടിഞ്ഞു കൂടി കാലക്രമേണ ഉയർന്ന മർദ്ദവും ചൂടും കാരണമായി ഊറൽ പാറകളായി രൂപപ്പെടുന്നു. വിവിധ കാലങ്ങളിലായി ഊറൽ അടിഞ്ഞു കൂടുന്നതിനാൽ ഈ ഊറൽ പാറകൾ വിവിധ അടുക്കുകളായി കാണപ്പെടുന്നു. ഇത് കടലാസു പോലെ പല അടുക്കുകളായി കാണപ്പെടുന്നതിനാൽ ഇതിനെ പാളികളായിട്ടുള്ള പാറകൾ എന്നു പറയുന്നു.(സ്ട്രാറ്റിഫൈഡ് റോക്ക്).

നിങ്ങൾക്ക് അറിയാമോ?

ഊറൽപാറകൾ കൽക്കരി, പെട്രോളിയം പ്രകൃതി വാതകം എന്നിവയുടെ പ്രധാന ഉത്ഭവ കേന്ദ്രമാണ്.

ഊറൽ പാറകളുടെ സ്വഭാവഗുണങ്ങൾ

1. ഇതിന് ധാരാളം അടുക്കുകളുണ്ട്.
2. ഇത് പരലുകളില്ലാത്ത പാറയാണ്.
3. ഇതിൽ ഫോസിലുകൾ അടങ്ങിയിട്ടുണ്ട്.
4. ഇത് വളരെ മൃദുവായതിനാൽ വളരെ വേഗം മുറിച്ചു മാറ്റാവുന്നതാണ്.



ഊറൽ പാറകളുടെ രൂപീകരണം

നിങ്ങൾക്ക് അറിയാമോ?

ഏറ്റവും പഴയ ഊറൽപാറയാണ് ഗ്രീൻലാന്റിൽ കുപിടിക്കപ്പെട്ടിട്ടുള്ളത്. ഇതിന് 3.9 മില്ല്യൻ വർഷങ്ങളുടെ പഴക്കമുണ്ട്.

ഊറൽ പാറകളുടെ തരങ്ങൾ

1. ഓർഗാനിക് ഊറൽ പാറകൾ (ജൈവ അവസാദ ശിലകൾ)

ഇത് രൂപം കൊള്ളുന്നത് നശിച്ചു പോയ മൃഗങ്ങളുടേയും, സസ്യങ്ങളുടേയും അവശിഷ്ടങ്ങൾ കൊണ്ടാണ്. ഇതിൽ ഫോസിലുകൾ കാണപ്പെടുന്നു. ചോക്ക്, റ്റാൾക്ക്, ഡോളമൈറ്റ്, ചുണ്ണാമ്പു കല്ല് എന്നിവ ഇതിന്റെ തരങ്ങളാണ്.

2. മെക്കാനിക്കൽ ഊറൽ പാറകൾ (ഭൗതിക അവസാദ ശിലകൾ)

ശിഥിലീകരണം സംഭവിച്ച ആഗ്നേയ ശിലകളാലും പരിണാമ ശിലകളാലും ഇത് രൂപം കൊള്ളുന്നത്. പ്രാകൃതീയ മാധ്യമങ്ങളാൽ വളരെ സാവധാനം കൊണ്ടു വരപ്പെട്ട പാറകഷ്ണങ്ങൾ അത് ചില സ്ഥലങ്ങളിലായി അടിഞ്ഞുകൂടുന്നു കാലക്രമേണ ഇവ ഒന്നിച്ചു ചേർന്ന് പാറയായി രൂപപ്പെടുന്നു. മണൽപാറ, ഷെയ്ൽകങ്ങൾ, കളിമൺ പാറകൾ, തുടങ്ങിയവ ഇത്തരം പാറകൾക്ക് ഉദാഹരണങ്ങളാണ്.

3. രാസ ഊറൽ പാറകൾ (കെമിക്കൽ ഊറൽ പാറകൾ)

ഇവ രൂപം കൊള്ളുന്നത് പാറകളിലുള്ള ധാതുക്കൾ വെള്ളത്തിൽ ലയിച്ചാണ്. ഇത് സാധാരണയായി രൂപം കൊള്ളുന്നത് രാസലായനിയിലുള്ള ജലാംശം ആവിയായി പോകുന്നതു മൂലമാണ്. ഉപ്പുപാറ ഇതിനുദാഹരണമാണ്.

പരിണാമ ശിലകൾ

മെറ്റാമോർഫിക് എന്ന വാക്ക് ഗ്രീക്ക് ഭാഷയിൽ നിന്നുള്ള മെറ്റ, മോർഫ, എന്നീ രണ്ടു വാക്കുകൾ കൂടിചേർന്ന് ഉണ്ടായതാണ്. മെറ്റാ എന്നാൽ മാറ്റം എന്നും മോർഫാ എന്നാൽ ആകൃതി എന്നാണ് അർത്ഥം, ആഗ്നേയ ശിലകളും ഊറൽ പാറകളും ഉയർന്ന മർദ്ദവും ചൂടും കാരണമായി യഥാർത്ഥ രൂപത്തിൽ നിന്നും മാറി പുതിയ രൂപത്തിലുള്ള പാറകളായി മാറുന്നതിനെയാണ് പരിണാമ ശിലകളെന്നു പറയുന്നത്. പരിണാമം രണ്ടു തരത്തിലുണ്ട്.

(1) ചൂടുകൊണ്ടുള്ള പരിണാമം:

(2) ഡൈനാമിക് പരിണാമം:

ഉയർന്ന ചൂടു കൊണ്ട് പാറകളിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. ഈ പ്രവർത്തനത്തെയാണ് ചൂടുകൊണ്ടുള്ള പരിണാമം എന്നു പറയുന്നത്.

ഉയർന്ന മർദ്ദം മൂലം പാറകളിൽ ഉണ്ടാകുന്ന മാറ്റത്തെ ഡൈനാമിക് പരിണാമം എന്നു പറയുന്നു.

നിങ്ങൾക്ക് അറിയാമോ?

ലോകാത്ഭുതങ്ങളിൽ ഒന്നായ താജ്മഹാൾ നിർമ്മിച്ചിരിക്കുന്നത് പരിണാമ ശിലയായ വെള്ള മാർബിൾ കൊണ്ടാണ്.

VIII Std - Geography Malayalam Chapter 1.indd 87 31-03-2022 16:03:31



പരിണാമ ശിലകൾ

ആഗ്നേയ ശിലകളിൽ നിന്നും പരിണാമ ശിലകൾ ഉണ്ടാകുന്ന വിധം

1. ഗ്രാനൈറ്റ് പാറ നൈസ് പാറയായി മാറുന്നത് ഡൈനാമിക് പരിണാമം കൊണ്ടാണ്.
2. ബാസാൾട്ട് സ്ലേറ്റ്പാറയായി മാറുന്നതാണ് ചൂടു കൊണ്ടുള്ള പരിണാമം കൊണ്ടാണ്.

ഊറൽപ്പാറകൾ പരിണാമശിലകളായി മാറുന്ന വിധം

1. മണൽപ്പാറ ക്വാർട്ട്സ് പാറയായി മാറുന്നത് ചൂടുകൊണ്ടുള്ള പരിണാമം കാരണമാണ്.
2. ഷെയ്ൽപാറകൾ സ്ലേറ്റ് പാറകളായി മാറുന്നതിനു കാരണം ചൂടു കൊണ്ടുള്ള പരിണാമമാണ്.

പരിണാമശിലകളുടെ സ്വഭാവ ഗുണങ്ങൾ

1. പരിണാമ ശിലകളിൽ ഭൂരിഭാഗവും ക്രിസ്റ്റൽ സ്വഭാവമുള്ളതാണ്.
2. ഇതിൽ ചില പാറകൾ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്നു. ചിലത് ഇരു സ്വഭാവ മുള്ളതുമാണ്. പരിണാമശിലകളിലെ വിവിധഭാഗങ്ങളിൽഒരു ഭാഗം വെളുത്തനി റമുള്ള ധാതുക്കളുംമറെറാരു ഭാഗം കറുപ്പുനി റത്തിലുമാണ്.

പാറചക്രം

ഭൂമിയിൽ രൂപം കൊണ്ട പ്രാഥമിക പാറയാണ് ആഗ്നേയ ശിലകൾ. ഈ ശിലകൾ വിവിധ കാലാവസ്ഥകൾ മൂലവും, പൊടിഞ്ഞും ചിതറിയും, ഖാദനം, പരിവഹനം, നിക്ഷേപം എന്നീ പ്രക്രിയകളാൽ ഊറൽപാറകളായി രൂപം കൊള്ളുന്നു. ആഗ്നേയ ശിലകളും, ഊറൽ പാറകളും ചില മാറ്റങ്ങൾക്ക് വിധേയമായും, മർദ്ദത്തിന്റേയും ചൂടിന്റേയും ആഘാതം കൊണ്ടു പരിണാമശിലകൾ ഛിന്നഭിന്നമായുംഊറലുകളായും ഊറൽ പ്പാറകൾ ഉണ്ടാകുന്നു. ആഗ്നേയ ശിലകൾ, ഉരുകിയ പാറക്കുഴമ്പ് പുറത്തേക്കു വന്ന് തണുത്തുറഞ്ഞ് രൂപം കൊള്ളുന്നു. ഇങ്ങനെ ഭൂമിയുടെ മേൽപരപ്പിൽ കാണുന്ന പാറകൾ പ്രകൃതി ശക്തികളിലൂടെയും പ്രകൃതി മറ്റൊരു രൂപത്തിലേക്ക് മാറുന്നു. അവസാനിക്കാത്ത ഈ പ്രക്രിയയെയാണ് പാറചക്രം എന്നു വിളി ക്കുന്നത്.

നിങ്ങൾക്ക് അറിയാമോ?

ക്വാട്ട്സൈറ്റ് പാറകളും, മാർബിൾ പാറകളുമാണ്സാധാരണയായി കെട്ടിട നിർമ്മാണത്തിനും, മാർബിൾ വ്യാപകമായി മനോഹര ശില്പങ്ങൾ നിർമ്മി ക്കുന്നതിനും അലങ്കാരവസ്തുക്കൾ ചെറിയ സമ്മാന വസ്തുക്കൾ നിർമ്മിക്കുന്നതിനും കൂടാതെ പ്ലാഡിക്ദ, പേപ്പർ മുതലായവയ്ക്കും ഉപയോഗിക്കുന്നു.

പാറകളുടെ ഉപയോഗങ്ങൾ

ചിത്രം പരിശോധിച്ചാൽ മനുഷ്യർ ആദിമ കാലം മുതൽ പാറകൾ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ സമ്പദ് ഘടനയിലും പാറകൾ പ്രധാന പങ്ക് വഹിക്കുന്നു. മനുഷ്യനാഗരികതയിൽ ധാതുക്കളും, ലോഹങ്ങളും ഒഴിച്ചു കൂടാനാവാത്ത പങ്ക് വഹിച്ചിട്ടു്. നമ്മുടെ ജീവിതത്തിൽ പാറകൾ പല വിധത്തിൽ പ്രയോജനപ്പെടുന്നു. അതിൽ ചിലത് താഴെ കൊടുക്കുന്നു.

പാറകൾ താഴെ കാണുന്നവ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു.

1. സിമന്റ്
2. എഴുതാൻ ഉപയോഗിക്കുന്ന ചോക്ക്
3. അഗ്നി
4. കെട്ടിട നിർമ്മാണ സാമഗ്രികൾ
5. ബാത്ത് സ്ക്രമ്പ്
6. ആഭരണങ്ങൾ
7. വീട് മേയാൻ ഉപയോഗിക്കുന്ന സാധനങ്ങൾ
8. അലങ്കാര വസ്തുക്കൾ
9. വിലപിടിപ്പുള്ള ധാതുക്കളായ സ്വർണ്ണം, വജ്രം, രത്നം തുടങ്ങിയവ.

പ്രവർത്തനങ്ങൾ

വിവിധ തരത്തിലുള്ള പാറക്ഷ്ണങ്ങൾ ശേഖരിച്ച് ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുക.

VIII Std - Geography Malayalam Chapter 1.indd 88 31-03-2022 16:03:31



മണ്ണും അതിന്റെ രൂപീകരണവും



ജൈവ വസ്തുക്കൾ, ധാതുക്കൾ, ദ്രാവകങ്ങൾ, വാതകങ്ങൾ സൂക്ഷ്മ ജീവികൾ ഇവ ഒന്നിച്ചു ചേർന്നതാണ് മണ്ണ്. ധാതുക്കൾ അടങ്ങിയ മണ്ണ് ഭൂമിയുടെ മേൽപ്പരപ്പിന് രൂപം കൊടുക്കുന്നു. ഇതിനെയാണ് ഭൂമിയുടെ ചർമ്മം എന്നു പറയുന്നത്. കാലാവസ്ഥയുടെ ആഘാതം മൂലവും പ്രാഥമിക മാധ്യമങ്ങളിലൂടേയും പാറപൊടിഞ്ഞ് മണ്ണ് രൂപപ്പെടുന്നു. വെള്ളം, കാറ്റ്, താപനിലയുടെ മാറ്റം, ഗുരുത്വാകർഷണം, രാസത്വരണം സൂക്ഷ്മ ജീവികളുടെ പ്രവർത്തനം, മർദ്ദം എന്നിവമൂലം പൈതൃക വസ്തുക്കളെ (പാറ) മൃദുവാക്കി മാറ്റുന്നു. കാലക്രമേണ പൊട്ടിയ പാറകഷ്ണങ്ങൾ വീണ്ടും ചെറുതായി ഇതിൽ നിന്നും ധാതുക്കൾ മണ്ണുമായി ചേരുന്നു. പിന്നീട് സൈസ്യ ജന്തു ജാലങ്ങളുടെ അവശിഷ്ടങ്ങളും ഇതിന്റെ മേൽപ്പരപ്പിൽ ചേരുന്നു. ഇങ്ങനെ കാലക്രമേണ മണ്ണ് ഉപയോഗയോഗ്യമാകുന്നു.

നിങ്ങൾക്ക് അറിയാമോ?

ഓരോ വർഷവും ഡിസംബർ 5 ാം തിയതി ലോക മൺദിനം ആചരിക്കുന്നു.

മണ്ണിന്റെ ഘടന

മണ്ണിലടങ്ങിയിരിക്കുന്ന അടിസ്ഥാന വസ്തുക്കളാണ് ധാതുക്കൾ, ജൈവ വസ്തുക്കൾ വെള്ളം, വായു എന്നിവ ഇതിന്റെ അനുപാതം 45% ധാതുക്കൾ 5% ജൈവവസ്തുക്കൾ 25% വെള്ളം 25% വാതകം എന്നിങ്ങനെയാണ്. ഇത് ഒരു പൊതുവായ സത്യമാണ്. മണ്ണിന്റെ ഘടന പലസ്ഥലങ്ങളിലും പല സമയങ്ങളിലും വ്യത്യസ്തമായി കാണപ്പെടുന്നു.

VIII Std - Geography Malayalam Chapter 1.indd 89 31-03-2022 16:03:32



മണ്ണിന്റെ ഘടന

മണ്ണിന്റെ പ്രൊഫൈയിൽ

മണ്ണിന്റെ പ്രൊഫയിൽ എന്നത് മേൽപ്പരപ്പിൽ നിന്ന് ആഴത്തിൽ ചെങ്കുത്തായി കുഴിച്ചിറക്കുന്ന ഭാഗമാണ്.

പ്രവർത്തനം

പല സ്ഥലത്തു നിന്നും മണ്ണുകൾ ശേഖരിച്ച് ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

മണ്ണിന്റെ തരങ്ങൾ

മണ്ണിനെ തരം തിരിച്ചിരിക്കുന്നത് അതിന്റെ രൂപീകരണം, നിറം, ഭൗതീക രാസ ഗുണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആറ് പ്രധാന വിഭാഗങ്ങളായി മണ്ണിനെ തരം തിരിച്ചിരിക്കുന്നു. അവ. 1) വണ്ടൽ മണ്ണ് 2) കരിമണ്ണ് 3) ചെമ്മണ്ണ് 4) ചരൽമണ്ണ് 5) മല മണ്ണ് 6) മരുഭൂമി മണ്ണ് (മണൽ).

വണ്ടൽ മണ്ണ്

നദി, താഴ്വരകൾ, വെള്ളപൊക്ക സമതലങ്ങൾ, തീരസമതലങ്ങൾ എന്നീ പ്രദേശങ്ങളിൽ വണ്ടൽ മണ്ണ് കാണപ്പെടുന്നു. വെള്ളം ഒഴുക്കി കൊണ്ടു വരുന്ന നിക്ഷേപങ്ങൾ അടിഞ്ഞു കൂടിയാണ് വണ്ടൽ മണ്ണ് ഉണ്ടാകുന്നത്. ഏറ്റവും ഫലഭൂയിഷ്ടമായ മണ്ണാണിത്. ഇത് നെല്ല്, ഗോതമ്പ്, കരിമ്പ്, ചണം മറ്റു ഭക്ഷ്യവിളകൾ എന്നിവ കൃഷി ചെയ്യാൻ അനുയോജ്യമായതാണ്.

കരിമണ്ണ്

ആഗ്നേയ ശിലകൾക്ക് വിവിധ കാലാവസ്ഥ ഭേദങ്ങളാൽ അപക്ഷയം സംഭവിച്ച് കരിമണ്ണായി മാറുന്നു. ഇതിന് കളിമണ്ണിന്റെ സ്വഭാവ മാണുള്ളത് ഇത് ഈർപ്പത്തെ സൂക്ഷ്മമായി നിലനിർത്താൻ കഴിവുള്ളവയാണ്. ഇത് പരുത്തി കൃഷിയ്ക്ക് ഏറ്റവും യോജിച്ചതാണ്.

ചെമ്മണ്ണ്

പരിണാമശിലകളും, ക്രിസ്റ്റൽ പാറകളും അപക്ഷയം മൂലം പൊടിഞ്ഞുണ്ടാകുന്നതാണ് ചെമ്മണ്ണ്. ഇരുമ്പ് ഓക്സൈഡിന്റെ സാന്നിദ്ധ്യം ഇതിനെ തവിട്ടുനിറവും ചുവന്ന നിറവുമുള്ളതാക്കി മാറ്റുന്നു. മഴ കുഴഞ്ഞ പ്രദേശങ്ങളിലാണ് ഇതിനെ കാണപ്പെടുന്നത്. ഇതിന് ഫലഭൂയിഷ്ഠത കുറവാണ്. ഇത് തിനവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് അനു യോജ്യമാണ്.

ചരൽ മണ്ണ്

ഇത് ഉഷ്ണ മണ്ഡല പ്രദേശങ്ങളിൽ കാണ പ്പെടുന്നു. അധിക ഉഷ്ണവും അധിക മഴയും ഉള്ള പ്രദേശങ്ങളിലാണ്. ഈ മണ്ണ് കാണപ്പെടുന്നത്. അധികം മഴ പെയ്യുന്നതു മൂലം ഇതിലെ സൂക്ഷ്മ മായ മൺതരികളും പോഷകാംശങ്ങളും ഒഴുകി പോകുന്നു. അതു കൊണ്ട് ഇതിൽ അധിക ഫലഭൂയിഷ്ഠത ഇല്ല. ഇതിൽ തോട്ടവിളവുകളായ കാപ്പിയും തേയിലയും കൃഷി ചെയ്യുന്നു.

മലമണ്ണ്

ഇത് മലഞ്ചരിവിലാണ് കാണപ്പെടുന്നത്. ക്ഷാരഗുണമുള്ളതും ലോലമായതുമാണ്. എങ്കിലും മണ്ണിന്റെ സ്വഭാവം കടൽ നിരപ്പിൽ നിന്നുമുള്ള ഉയരത്തിനനുസരിച്ച് ഓരോ പ്രദേശത്തിലും വ്യത്യസ്തമായി കാണപ്പെടുന്നു.

മരുഭൂമി മണ്ണ്

ഈ മണൽ മണ്ണ് ഉഷ്ണമേഖല വരണ്ട മരുഭൂമി പ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. ഇത് ഉപ്പ് കലർന്നതും സുഷിരങ്ങളുള്ളതുമാണ് ഫലഭൂയിഷ്ഠതയില്ലാത്ത ഈ മണ്ണ് കൃഷിക്ക് അനുയോജ്യമല്ല.

മണ്ണരിപ്പ്

മനുഷ്യ പ്രവർത്തനത്താലും പ്രകൃതി ശക്തി മൂലവും മണ്ണിന്റെ മേലടുക്ക് മാറ്റപ്പെടുകയോ നശി ക്കുകയോ ചെയ്യുന്നതിനെയാണ് മണ്ണരിപ്പ് എന്നു പറയുന്നത്. മണ്ണരിപ്പ് മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടമാക്കുന്നു. അതു കൊണ്ട് കൃഷിയുടെ ഉൽപാ ദനം കുറയുന്നു. ഒഴുകുന്ന വെള്ളവും കാറ്റുമാണ് മണ്ണരിപ്പിന്റെ പ്രധാന കാരണങ്ങൾ ഷീറ്റ് മണ്ണരിപ്പ്, നീർച്ചാൽ മണ്ണരിപ്പ്, ഗള്ളി മണ്ണരിപ്പ് എന്നിവയാണ്. മണ്ണരിപ്പിലെ പ്രധാന തരങ്ങൾ.

മണ്ണ് സംരക്ഷണം

മണ്ണരിപ്പിൽ നിന്നും മണ്ണിനെ സംരക്ഷിച്ച് മണ്ണിന്റെ ഫലഭുയിഷ്ഠത നില നിറുത്തുന്നതിനെ

VIII Std - Geography Malayalam Chapter 1.indd 90 31-03-2022 16:03:33

മണ്ണിന്റെ അടുക്കുകൾ



മണ്ണിന്റെ അടുക്കുകൾ

മണ്ണിന്റെ അടുക്കുകൾ	
സസ്യജന്തുജാലങ്ങളുടെ അവശിഷ്ടങ്ങൾ	ഇതിൽ കൂടുതൽ ജൈവാവിശ്ടങ്ങളാണുള്ളത് (ഇലകൾ, തണ്ടുകൾ, പായൽ).
ഉപമണ്ണ്	ജൈവാവശിഷ്ടങ്ങൾ, ധാതു അവശിഷ്ടങ്ങളുമായി കലർന്നിരിക്കുന്ന ഭാഗം.
ഉയർന്നിരിക്കുന്ന ഭാഗം	ഈ അടുക്കിലാണ് അരിപ്പു മൂലം കളിമണ്ണ്, ഇരുമ്പ്, അലുമിനീയം ഓക് സൈഡ് എന്നിവ നഷ്ടമാകുന്നത് ചരൽക്കല്ലുകൾ നില നിൽക്കുന്നു.
ഉപ മണ്ണ്	പൈതൃക വസ്തുക്കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും പ്രതിഫലപ്പിക്കുന്ന മാർഗ്ഗമാണിത്. ഇരുമ്പ്, കളിമണ്ണ് അലുമിനിയം ജൈവവസ്തുക്കൾ എന്നിവ ശേഖരിച്ചു വയ്ക്കുന്ന അടുക്കാണ്.
പൈതൃകപ്പാറ	അപക്ഷയം സംഭവിച്ച പൈതൃക വസ്തുക്കൾ സംഭരിച്ചു വയ്ക്കുന്ന സ്ഥലം.
പൈതൃകപ്പാറ	അപക്ഷയം സംഭവിക്കാത്ത കട്ടിയുള്ളപ്പാറ.

യാണ് മണ്ണ് സംരക്ഷണം എന്നു പറയുന്നത്. മണ്ണ് സംരക്ഷിക്കുന്നതിനായി കൈക്കൊള്ളുന്ന നപടികളാണ്, മരം നട്ടുപിടിപ്പിക്കൽ, മേച്ചിൽ നിയന്ത്രണം, അണക്കെട്ടു നിർമ്മാണം വിളമാറ്റ കൃഷി, സ്ട്രിപ്പ് കൃഷി. മണ്ണ് രൂപം കൊള്ളാൻ ആവശ്യമായ മരങ്ങൾ വളർത്തി കാറിന്റെ വേഗത്തെ നിയന്ത്രിക്കൽ. ഉദാഹരണം ടെറസ്സ് കൃഷി സമ്പ്രദായം എന്നിവ.

മണ്ണിന്റെ ഉപയോഗങ്ങൾ

മണ്ണ് വളരെ പ്രധാനപ്പെട്ട പ്രകൃതി വിഭവമാണ്. സസ്യങ്ങളേയും വിവിധ സൂക്ഷ്മ ജീവികളേയും സഹായിക്കുന്ന അടിസ്ഥാന വസ്തുവാണ് മണ്ണ്.

VIII Std - Geography Malayalam Chapter 1.indd 91 31-03-2022 16:03:33

മണ്ണ് രൂപം പ്രാപിക്കാൻ എടുക്കുന്ന സമയ കാലാവസ്ഥയെ ആശ്രയിച്ചാണിരിക്കുന്നത്. മിതമായ കാലാവസ്ഥയിൽ 1 സെ.മീ മണ്ണുണ്ടാകുന്നതിന് 200. വർഷം മുതൽ 400 വർഷം വരെയും അധിക മഴയുള്ള ഉഷ്ണ മണ്ഡല പ്രദേശങ്ങളിൽ 200 വർഷവും എടുക്കുന്നു.എന്നാൽ ഫലഭൂയിഷ്ടമായ മണ്ണായി മാറുന്നതിന് 3000 വർഷങ്ങൾ ആവശ്യമാണ്.

- മണ്ണിൽ കാണപ്പെടുന്ന ധാതുക്കൾ വിവിധ വിളവുകളുടേയും മറ്റ് ചെടികളുടേയും വളർച്ചയെ ത്വരിതപ്പെടുത്തുന്നു.
- മൺപാത്ര നിർമ്മാണത്തിന് ഉപയോഗിക്കുന്നു.
- കെട്ടിട നിർമ്മാണത്തിനും, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനും പ്രയോജനപ്പെടുന്നു.
- ഇത് വെള്ളത്തെ ശുദ്ധീകരിക്കുന്ന പ്രകൃതിയാലുള്ള അരിപ്പയായി നിലകൊള്ളുന്നു.
- പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും ഭൂമിയുടെ അവസ്ഥയെ അതുപോലെ നിലനിറുത്തുന്നതിനും മണ്ണ് പ്രധാന പങ്ക് വഹിക്കുന്നു.

പാറകളും മണ്ണും പുതുപ്പിക്കാൻ സാധിക്കുന്ന പ്രകൃതി വിഭവമാണ്. ഇവ രണ്ടും മനുഷ്യ ജീവിതത്തിലും സമ്പദ്ഘടനയിലും പ്രധാന പങ്ക് വഹിക്കുന്നു. ഇക്കാലത്ത് വർദ്ധിച്ചു വരുന്ന ജനസംഖ്യയ്ക്ക് തൊഴിൽ നൽകുന്ന പാറ സംബന്ധിച്ച തൊഴിൽ ശാലകൾ വർദ്ധിച്ചിട്ടുണ്ട്. മണ്ണ് ജനങ്ങൾക്ക് താമസിക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അത്യന്താപേക്ഷിതമാണ്. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. മണ്ണിനെ ശരിയായ രീതിയിൽ പരിപാലിച്ചാൽ നമ്മുടെ ഭക്ഷ്യ വിളവുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാം അതുകൊണ്ട് മണ്ണിനെ നിർബന്ധമായും സംരക്ഷി ക്കേണ്ടതാണ്.

പാഠസംഗ്രഹം

- വിവിധ ധാതുക്കളുടെ മിശ്രിതിമാണ് പാറ.
- സെഡിമെൻഡറി എന്ന വാക്ക് സെഡിമെന്റം എന്ന ലാറ്റിൻ വാക്കിൽ നിന്നും ഉണ്ടായതാണ്. ഇതിന്റെ അർത്ഥം അടിഞ്ഞു കൂടിയത് എന്നാണ്.
- ആഗ്നേയ ശിലകളാണ് പ്രാഥമിക പാറകൾ ശിലകൾ എന്ന് അറിയപ്പെടുന്നത്. ഇത് ലോകത്തിൽ ആദ്യമായി രൂപപ്പെട്ടതാണ്.
- മണ്ണിൽ ജൈവ ഘടകങ്ങൾ, ധാതുക്കൾ, വാതകങ്ങൾ, ദ്രാവകങ്ങൾ, സൂക്ഷ്മ ജീവികൾ എന്നിവ അടങ്ങിയിരിക്കുന്നു. ഇവയെല്ലാം ജീവൻ നിലനിർത്താൻ സഹായിക്കുന്നു.

പദപരിചയം

Crust	Outermost layer of the earth	ഭൂമിയുടെ മേൽപ്പരപ്പ്
Lava	Hot molten rock erupted from a volcano.	ലാവ
Magma	Hot fluid or semi-fluid material found beneath the earth crust.	ഭൂമിയുടെ അന്തർഭാഗത്തിലുള്ള ഉരുകിയപാറ (മാഗ്മ)
Rock cycle	The continuous process of transformations of rocks from one form to another.	പാറചക്രം

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഇതിൽ ഏതാണ് ശിലാമണ്ഡലം എന്നറിയപ്പെടുന്നത്
   a) അറ്റ്മോസ്പിയർ
   b) ഹൈഡ്രോസ്സ്പിയർ
   c) ലിത്തോസ്സ്പിയർ
   d) ഹൈഡ്രോസ്പിയർ

2. ലോകമൺ ദിനം ഏതു ദിവസമാണ്
   a) ഓഗസ്റ്റ് 15
   b) ജനുവരി 12
   c) ഒക്ടോബർ 15
   d) ഡിസംബർ 5



VIII Std - Geography Malayalam Chapter 1.indd 92 31-03-2022 16:03:33

3. ഫോസ്സിൽ കാണപ്പെടുന്നത് എവിടെ?
   a) ഊറൽ പാറകൾ
   b) അഗ്നേയ പാറകൾ
   c) പരിണാമ പാറകൾ
   d) പ്യൂട്ടോണിക് പാറകൾ
4. മണ്ണിന്റെ ആദ്യത്തെ അടുക്ക്
   a) റിഗർ b) മേൽമണ്ണ്
   c) ഉപമണ്ണ് d) ഉടയാത്ത പാറകൾ
5. പരുത്തി കൃഷിക്ക് അനുയോജ്യമായ മണ്ണ്
   a) ചെമ്മണ്ണ് b) കരിമണ്ണ്
   c) വണ്ടൽമണ്ണ് d) മലമണ്ണ്
6. മണ്ണിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ
   a) പാറകൾ b) വാതകം
   c) ജലം d) ഇവയെല്ലാം
7. താഴെ കാണുന്നവയിൽ ഏതുതരം മണ്ണാണ് കൂടുതൽ സ്ഥലത്ത് കാണപ്പെടുന്നതും, ഫലപുഷ്ടിയായതും
   a) വണ്ടൽ മണ്ണ് b)കരിമണ്ണ്
   c) ചെമ്മണ്ണ് d) മലമണ്ണ്

II. ശരിയായ വാക്കുകൾ തെരഞ്ഞെടുത്ത് പൂരിപ്പിക്കുക:

1. പാറകളെകുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിന് _____ എന്നു വിളിക്കുന്നു.
2. _____ മണ്ണാണ് തിനവർഗ്ഗങ്ങൾ വിളയാൻ അനുയോജ്യമായത്.
3. ഭൂമിയുടെ ചർമ്മം എന്നത് _____.
4. താജ്മഹാൾ പണിതിരിക്കുന്നത്_____ തരത്തിലുള്ള പരിണാമ ശിലകൾ കൊണ്ടാണ്.
5. _____ നെയാണ് പ്രാഥമിക പാറകൾ എന്ന് പറയുന്നത്.

III. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് ശരിയും തെറ്റും പ്രസ്താവിക്കുക:

1. ആഗ്നേയ പാറകളെ പ്രാഥമിക പാറകൾ എന്ന് വിളിക്കുന്നു.
2. സ്ലേറ്റ് നിർമ്മിക്കുന്നത് ജന്തുക്കളുടെ പുറം തോടു കൊണ്ടാണ്.
3. ചെമ്മണ്ണിന് ചുമന്ന അംശം കാണാനുള്ള കാരണം ഇരുമ്പോക്സൈഡ് ആണ്.
4. കെട്ടിട നിർമ്മാണത്തിന് പ്രകൃതിദത്തമായ മണ്ണിനു പകരം M-sand മണൽ ഉപയോഗിക്കുന്നു.
5. അഗ്നി പർവ്വതങ്ങൾ ഊറൽ പാറകളാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.

IV. യോജിപ്പിക്കുക:

a.	ഗ്രേനൈറ്റ്	1.	ബെഡ്റോക്ക്
b.	മൺപാളികൾ	2.	പ്യൂട്ടോണിക് പാറകൾ
c.	ബാരൺ ദ്വീപ്	3.	സ്ട്രിപ്പ് കൃഷിരീതി
d.	മണ്ണ് സംരക്ഷണം	4.	സജീവ അഗ്നി പർവ്വതം

	a	b	c	d
A	2	1	4	3
B	2	1	3	4
C	4	3	2	1
D	3	4	2	1

a.	ബസാൾട്ട്	1.	ആന്ത്രസൈറ്റ്
b.	ചുണ്ണാമ്പുകല്ല്	2.	ബഹിർ വേധി ആഗ്നേയ ശിലകൾ
c.	കൽക്കരി	3.	പരിണാമ ശിലകൾ
d.	നൈസ്	4.	ഊറൽ പാറകൾ

	a	b	c	d
A	2	4	3	1
B	2	4	1	3
C	3	1	2	4
D	3	1	4	2

V. താഴെ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ പ്രസ്താവന തെരഞ്ഞടുത്തെഴുതുക:

1. a) ആഗ്നേയ ശിലകളെ പ്രാഥമിക ശിലകൾ എന്നു വിളിക്കുന്നു.
   b) കാലാവസ്ഥ വ്യതിയാനത്താൽ പാറകളിലുണ്ടാകുന്ന മാറ്റം കൊണ്ട് മണ്ണുണ്ടാകുന്നു.
   c) ഊറൽപാറ വളരെ കഠിനമായ പാറയാണ്.
   d) ആഗ്നേയ ശിലകൾ ഡക്കാൺ പീഠഭൂമികളിൽ കാണപ്പെടുന്നു.
2. a) മണ്ണരിപ്പു കാരണം മണ്ണിന്റെ ഫലഭുവിഷ്ടത കുറയുന്നു.
   b) ഉയർന്ന താപനില മൂലം ചലനാത്മത പരിണാമം ഉണ്ടാകുന്നു.
   c) പുതുപ്പിക്കാൻ സാധിക്കുന്ന വിഭവം മണ്ണാണ്.
   d) മണ്ണിന്റെ മുകൾപരപ്പിൽ സസ്യാവശിഷ്ടങ്ങൾ കാണപ്പെടുന്നു.

VI. താഴെ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ പ്രസ്താവ തെരഞ്ഞെടുത്തെഴുതുക:

I) **പ്രസ്താവന (1):** ഊറൽ പാറകൾക്ക് പല അടുക്കുകൾ ഉണ്ട്.

പ്രസ്താവന (2): പല കാലഘട്ടങ്ങളിലായി വന്നു ചേർന്ന ഊറലുകൾ കൊണ്ട് രൂപപ്പെട്ടതാണ്.

VIII Std - Geography Malayalam Chapter 1.indd 93 31-03-2022 16:03:33

a) 1 ഉം 2 ഉം ശരി 2 ന്റെ വിശദീകരണമാണ് 1

b) 1 ഉം 2 ഉം ശരി എന്നാൽ 2 ന്റെ വിശദീകരണമല്ല

c) 1 ശരി എന്നാൽ 2 തെറ്റ്

d) 2 ശരി എന്നാൽ 1 തെറ്റ്.

VII. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് കാരണങ്ങൾ എഴുതുക:

1. രാസ വസ്തുക്കൾ അടങ്ങിയ ഊറൽ പാറകൾ ജലസംഭരണി തടങ്ങളിൽ കാണപ്പെടുന്നു.
2. ആഗ്നേയ ശിലകൾ അഗ്നിപർവ്വത പ്രദേശങ്ങളിൽ കാണപ്പെടുന്നു.

VIII. വേർതിരിച്ചെഴുതുക:

1. പരിണാമ പാറകളും ഊറൽ പാറകളും.
2. മണ്ണ് സംരക്ഷണവും മണ്ണൊലിപ്പും.

IX. ചുരുക്കി ഉത്തരമെഴുതുക:

1. അഗ്നേയ ശിലകൾ എങ്ങനെയാണ് ഉണ്ടാകുന്നത്?
2. മണ്ണിലടങ്ങിയിരിക്കുന്ന വസ്തുക്കളെ കുറിച്ചെഴുതുക.
3. നിർവ്വചിക്കുക - പാറകൾ.
4. മണ്ണിന്റെ തരങ്ങളെ പറ്റി എഴുതുക.
5. മണ്ണിന്റെ സംരക്ഷണത്തെക്കുറിച്ച് എഴുതുക?

X. വിശദമായി ഉത്തരമെഴുതുക:

1. മണ്ണ് രൂപീകരണത്തെപ്പറ്റി വിശദമാക്കുക.
2. പാറകളുടെ തരങ്ങളെപ്പറ്റി വിവരിക്കുക.
3. മണ്ണടുക്കുകളെ പറ്റി എഴുതുക.
4. മണ്ണിന്റെ തരങ്ങളെ പറ്റി വിശദീകരിക്കുക?

XI. പ്രവൃത്തി പരിചയ മേഘല:

1. ഇന്റർനെറ്റ് ഉപയോഗിച്ച് താഴെ കാണുന്ന പട്ടിക പൂർത്തിയാക്കുക.

പാറകൾ	രൂപീകരണ രീതി	സ്വഭാവ ഗുണങ്ങൾ	ഉദാഹരണം	ഉപയോഗം

2. **പ്രദർശനം :** വിവിധ നിറത്തിലും തരത്തിലുമുള്ള മണ്ണുകൾ പ്രദർശിപ്പിക്കുക.

3. **ചർച്ച :** പ്രകൃതിദത്ത മണലിനു പകരം M-sand മണ്ണിന്റെ ഉപയോഗത്തെ പ്പറ്റി ചർച്ച ചെയ്യുക.

   1. സ്ഥിതി -
   2. നന്മകൾ -
   3. തിന്മകൾ -

REFERENCE BOOKS

1. *Physical geography*-Dr.Shanti swaroop.
2. *Outlines of General Geography* - By E.O. Robinson, M.A.
3. Text book in Geography for class VIII- Social science Resource and development - NCERT-New Delhi.
4. Geography for UPSC Civil Service Preliminary Examination - By Surender Singh.
5. School Atlas Book - Tamilnadu Text Book Corporation.

INTERNET RESOURCES

- *www.Fert.nic.in*
- *www.greathimalayannationalpark.org*
- *www.csmrs.gov.in*

ICT കോർണർ

പാറകളും മണ്ണും

ഘട്ടങ്ങൾ

ഘട്ടം – 1 ബ്രൗസർ തുറന്ന് URL ടൈപ്പ് ചെയ്യുക QR Code Scan ചെയ്യുക.

ഘട്ടം – 2 ബിഗിൻ ബട്ടൺ ക്ലിക്ക് ചെയ്ത് പാറശേഖരണത്തെ തുടങ്ങുക.

ഘട്ടം – 3 Add to rock collection ഒന്നൊന്നായി ക്ലിക്ക് ചെയ്യുക.

ഘട്ടം – 4 Identify rock types - ൽ ചെന്ന് വിവിധതരം പാറകളുടെ പേരുകൾ കണ്ടുപിടിക്കുക.

Website URL:

http://www.learner.org/interactives/rockcycle/index.html

2AKEV

VIII Std - Geography Malayalam Chapter 1.indd 94 31-03-2022 16:03:33

യൂണിറ്റ് 2

അന്തരീക്ഷ സ്ഥിതിയും കാലാവസ്ഥയും



പഠനലക്ഷ്യങ്ങൾ

- `അന്തരീക്ഷസ്ഥിതിയുടെയും കാലാവസ്ഥയുടെയും പ്രാധാന്യം മനസ്സിലാക്കൽ
- അന്തരീക്ഷസ്ഥിതിയുടെയും കാലാവസ്ഥയുടെയും ഘടകങ്ങളെക്കുറിച്ച് അറിയുക.
- അന്തരീക്ഷസ്ഥിതിയെയും, കാലാവസ്ഥയെയും അളക്കാനുള്ള ഉപകരണത്തെക്കുറിച്ച് മനസ്സിലാക്കുക
- ഒരു സ്ഥലത്തിന്റെ കാലാവസ്ഥയെയും അന്തരീക്ഷ സ്ഥിതിയെയും എങ്ങനെ മനസ്സിലാക്കാൻ കഴിയും

ആമുഖം

പ്രകൃതിപരിസ്ഥിതിയിലെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് കാലാവസ്ഥ ഭൂവിഭാഗങ്ങൾ, മണ്ണിന്റെ തരം, ജീവജാലങ്ങൾ, സസ്യജാലങ്ങൾ എന്നിവയെ ഇത് നിർണ്ണയിക്കുന്നു. മനുഷ്യനെ ഒരു പരിധി വരെ അത് സ്വാധീനിക്കുന്നു.

തമിഴ്നാട്ടിലെ ധർമ്മപുരി ജില്ലയിലെ ഒരു ചെറിയ ഗ്രാമത്തിൽ മേയ് മാസത്തിൽ യുക്ത തന്റെ സഹോദരനും കുടുംബവുമൊത്ത് അവധിക്കാലം ചെലവഴിക്കുന്നു. അവൾ മിക്കവാറും പരുത്തി വസ്ത്രങ്ങളാണ് ധരിക്കുന്നത്. വേനൽക്കാലത്ത് കഞ്ഞി, മോര്, നാരങ്ങാവെള്ളം, തണ്ണിമത്തൻ മുതലായ അവളുടെ അമ്മ തയ്യാറാക്കുന്നു. അതേ സമയം (മേയ് മാസത്തിൽ) ന്യൂസിലാന്റിലെ ഓക്ലൻഡിൻ താമസിക്കുന്ന ടിയ അവളുടെ അപ്പനേയും അമ്മയേയും കൊണ്ട് ജാക്കറ്റ്, ജീൻസ്, കയ്യുറകൾ, സോക്സ് എന്നീ തണുപ്പുകാലങ്ങളിൽ ധരിക്കുന്ന വസ്ത്രം ഉടുപ്പിക്കുന്നു. അവളുടെ അമ്മ വേനൽ കാലത്ത് കഴിക്കുന്ന ചൂടുള്ള ഭക്ഷണം തയ്യാറാക്കി കൊടുക്കുന്നു. അതായത് സാൻഡ്വിച്ച്, സൂപ്പ്, സാൽമൺ തുടങ്ങിയവ. യുക്ത ക്രിസ്തുമസ്സ് ആഘോഷിക്കുന്നത് തണുപ്പുകാലത്ത് ആകുമ്പോൾ ടിയാ ക്രിസ്തുമസ്സ് ആഘോഷിക്കുന്നത് വേനൽക്കാലത്ത് ആണ്. എന്തുകൊണ്ടണ് എന്ന് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ?

യുക്തയും ടിയായും രണ്ട് വ്യത്യസ്ത അർദ്ധ ധ്രുവങ്ങളിലാണ് താമസിക്കുന്നത്. എങ്കിലും വ്യത്യസ്ത ജീവിത രീതികളിലൂടെയാണ് പോകുന്നത്. ആ രണ്ടു വ്യത്യസ്ത സ്ഥലങ്ങളിലെ കാലാവസ്ഥ വ്യതിയാനത്തിന്റെ കാരണം ഇതു കൊണ്ടാണ്.

അന്തരീക്ഷസ്ഥിതിയും, കാലാവസ്ഥയും മനുഷ്യന്റെ പ്രവൃത്തനങ്ങളുമായി ബന്ധമുള്ളതാണ്. അതായത് നാം എന്തു കഴിക്കും, എന്തു ധരിക്കും നാം എവിടെ ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നു. മത്സ്യബന്ധനം, ആധുനിക ഗതാഗതം നാം നമ്മുടെ സമയം എങ്ങനെ ചെലവഴിക്കുന്നു എന്നതും തുടങ്ങിയവ. അതുകൊണ്ട്. നാം അന്തരീക്ഷസ്ഥിതിയെയും കാലാവസ്ഥയെയും കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ അദ്ധ്യായത്തിൽ നമ്മൾ കാലാവസ്ഥയും അന്തരീ ക്ഷസ്ഥിതിയും അതിന്റെ ഘടകങ്ങൾ, നമ്മുടെ ജീവിതശൈലി യിൽ എങ്ങനെ സ്വാധീനിക്കുന്നു എന്നിവയെ കുറിച്ചു പഠിക്കാം.

അന്തരീക്ഷസ്ഥിതി

അന്തരീക്ഷസ്ഥിതി, അന്തരീക്ഷത്തിലെ പ്രതി ദിനമുള്ള അവസ്ഥകളോട് ചേർന്നവയാണ്. സൂര്യ പ്രകാശം, താപനില, മേഘമൂടൽ, മൂടൽമഞ്ഞിന്റെ അവസ്ഥ, വായുസമർദ്ദം, ഈർപ്പം എന്നിവ അന്തരീക്ഷത്തിലെ മറ്റു ഘടകങ്ങളാണ്. ഇത് ഒരു ദിവസത്തെയോ, ഒരു ആഴ്ചയെയോ, ഒരു മാസത്തെയോ അല്ലെങ്കിൽ കുറഞ്ഞ കാലഘട്ടത്തെയോ ഇത് സൂചിപ്പിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

ഭൂമിയുടെ അന്തരീക്ഷം ഭൂമിയിലെ ചുറ്റുഭാഗത്തുള്ള വാതകങ്ങളുടെ പാളി ആണ്. ഭൂമിയുടെ ഗുരുത്വാകർഷണത്താൽ നിലനിർത്തുന്നു. ഇതിൽ 78% നൈട്രജൻ, 21% ഓക്സിജൻ, 0.97% ആർഗോൺ, 0.03% കാർബൺഡൈ ഓക്സൈഡ്, 0.04% മറ്റുവാതകങ്ങൾ, നീരാവി എന്നിവയും അടങ്ങിയിരിക്കുന്നു.

VIII Std - Geography Malayalam Chapter 2.indd 95 31-03-2022 16:35:06

കണ്ടു പിടിക്കുക

സൗരയൂഥത്തിലെ എല്ലാ ഗ്രഹങ്ങളും അന്തരീക്ഷത്തിൽ ഉണ്ടോ?

പ്രഭാതത്തിൽ ആകാശം തെളിഞ്ഞും സന്ധ്യയ്ക്ക് ആകാശത്തിൽ മേഘമൂടലും, മഴയും ഉണ്ടാവുകയും ചെയ്യുന്നു. അതിന് സമാനമായി പറഞ്ഞാൽ ശൈത്യകാലത്ത് തണുപ്പും വേനൽക്കാലത്ത് ചൂടുമാണ് അനുഭവപ്പെടുന്നത്.

ഇന്ന് കാലാവസ്ഥ നല്ലതോ ചീത്തയോ എന്ന് ആളുകൾ പലപ്പോഴും കേൾക്കാറുണ്ട്. അത് പറയുന്നത് തെറ്റാണ്. പകരം അന്തരീക്ഷസ്ഥിതി നല്ലതോ, ചീത്തയോ ആണെന്ന് പറയേണ്ടിവരും. അന്തരീക്ഷ സ്ഥിതി റിപ്പോർട്ട് ടെലിവിഷൻ വാർത്താ വായനക്കാർക്ക് നിരീക്ഷിക്കാം. കാലാവസ്ഥാ റിപ്പോർട്ട് ശരിയായിരിക്കില്ല. ഉദാഹരണത്തിന് മോശം അന്തരീക്ഷസ്ഥിതി കാരണം ക്രിക്കറ്റ് മത്സരം മാറ്റിവച്ചിട്ടുണ്ട്.

കാലാവസ്ഥ

ഒരു സ്ഥലത്ത് വളരെക്കാലം അനുഭവപ്പെടുന്ന ശരാശരി അന്തരീക്ഷ സ്ഥിതിയാണ് കാലാവസ്ഥ. ഇതു കണ്ടുപിടിക്കാൻ കുറഞ്ഞത് 35 വർഷത്തെ അന്തരീക്ഷസ്ഥിതിയുടെ രേഖകൾ ആവശ്യമാണ്. കാലാവസ്ഥയുടെയും അന്തരീക്ഷസ്ഥിതിയുടെയും ഘടകങ്ങൾ ഒന്നാണെങ്കിലും അന്തരീക്ഷ സ്ഥിതിയെപ്പോലെ കാലാവസ്ഥ മാറുന്നില്ല.



'ക്ലൈമറ്റ്' എന്ന വാക്ക് ഗ്രീക്കു പദമായ ക്ലൈമോ എന്ന വാക്കിൽ നിന്നും ഉണ്ടായതാണ്. ഇതിന്റെ അർത്ഥം സ്ഥിരമല്ലാത്തത് എന്നാണ്.

കാലാവസ്ഥയും അന്തരീക്ഷസ്ഥിതിയും നിയന്ത്രിക്കുന്ന ഘടകങ്ങൾ

സൂര്യരശ്മിയുടെ കോൺ, പകൽ സമയത്തിന്റെ ദൈർഘ്യം, കടലിൽ നിന്നുള്ള ദൂരം, ജലാശയങ്ങളുടെയും കരയുടെയും സ്ഥാനം, ദിശ, കാറ്റ്, സമുദ്ര ജലപ്രവാഹങ്ങൾ എന്നിവയാണ് ഒരു പ്രദേശത്തെ കാലാവസ്ഥയേയും അന്തരീക്ഷസ്ഥിതിയെയും നിയന്ത്രിക്കുന്ന പ്രധാന ഘടകങ്ങൾ.

ഭൂമി ഗോളാകൃതിയിലാണുള്ളത് അതിനാൽ സൂര്യരശ്മികൾ ഭൂമിയുടെ മേൽപ്പരപ്പിൽ ഒരേപോലെയല്ല പതിക്കുന്നത്. ധ്രുവ പ്രദേശങ്ങളിൽ സൂര്യരശ്മികൾ പതിക്കുന്നത് ചരിഞ്ഞാണ്. അതുകൊണ്ട് സൂര്യപ്രകാശം ഈ പ്രദേശങ്ങളിൽ ചെന്ന് ചേരാറില്ല. ഉണ്ടെങ്കിൽ തന്നെ വളരെ കുറഞ്ഞ സൂര്യപ്രകാശമേ ചെന്നു ചേരുകയുള്ളൂ. അതിനാൽ അവിടെ അതിശൈത്യമാണ് അനുഭവപ്പെടുന്നത്. ഭൂമദ്ധ്യരേഖയ്ക്ക് ചുറ്റുമുള്ള ഉഷ്ണമണ്ഡല പ്രദേശത്ത് സൂര്യരശ്മി കുത്തനെ പതിക്കുന്നതിനാൽ



അന്തരീക്ഷ സ്ഥിതിയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രീ പഠന വിഭാഗമാണ് മെറ്റിയോറോളജി കാലാവസ്ഥയെ കുറിച്ച് പഠിക്കുന്ന ശാസ്ത്രീയ പഠന വിഭാഗമാണ് കൈളമറ്റോളജി

അത്യുഷ്ണമാണ് അനുഭവപ്പെടുന്നത്. മാത്രമല്ല ഈ പ്രദേശത്ത് ശൈത്യകാലം അനുഭവപ്പെടുന്നില്ല. വ്യത്യസ്ത താപ നില കാരണം വായുവും ജലവും പ്രവഹിക്കുന്നു. ചൂടുള്ള വായു മുകളിലേയ്ക്ക് പ്രവഹിച്ചുണ്ടാകുന്ന ശൂന്യസ്ഥലത്ത് തണുത്ത വായു നിറയുന്നു.

പ്രവർത്തനങ്ങൾ

സ്ഥല ജലവിതരണം കടലിൽ നിന്നുള്ള ദൂരം പർവ്വതനിരകളുടെ ദിശകൾ, അന്തരീക്ഷമർദ്ദം കാറ്റ്, സമുദ്ര ജലപ്രവാഹങ്ങൾ എന്നിവ അന്തരീക്ഷസ്ഥിതിയേയും കാലാവസ്ഥയേയും എങ്ങനെ ബാധിക്കുന്നു എന്ന് ക്ലാസ് മുറിയിൽ ചർച്ച ചെയ്യുക.

അന്തരീസ്ഥിതിയുടെയും കാലാവസ്ഥയുടെയും ഘടകങ്ങൾ

താപനില, മഴയുടെ അളവ് മർദ്ദം, കാറ്റ് എന്നിവയാണ് കാലാവസ്ഥയേയും അന്തരീക്ഷ സ്ഥിതി യേയും നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ



a) താപനില



തെർമോ മീറ്റർ

അന്തരീക്ഷ സ്ഥിതിയേയും കാലാവസ്ഥയേയും നിർണ്ണയിക്കുന്ന മുഖ്യഘടകം താപനിലയാണ്. ഭൂമിയും അതിന്റെ അന്തരീക്ഷവും ചൂടാകുന്നത് സൂര്യന്റെ വികിരണം മൂലമാണ്. വായുവിലുണ്ടാകുന്ന ചൂടിന്റെ സാന്നിദ്ധ്യമാണ് താപനിലയായി മാറുന്നത്. അന്തരീക്ഷദ്രവ്യമാനത്തെ ആശ്രയിച്ചാണ് സൂര്യരശ്മികൾ മൂലം വായു ചൂടാകുന്നത് ഭൂമിയിലേയ്ക്കെ

VIII Std - Geography Malayalam Chapter 2.indd 96 31-03-2022 16:35:08

നിങ്ങൾക്ക് അറിയാമോ?

ഐസോതേം	തുല്യതാപനില
ഐസോക്രൈം	നിശ്ചിത സമയത്തുണ്ടാകുന്ന തുല്യമായ കുറഞ്ഞ താപനില
ഐസോഹെൽ	തുല്യസൂര്യപ്രകാശം
ഐസോ ള്ളോബാർ	നിശ്ചിത സമയത്തിനുള്ളിൽ സമമായ മാറ്റങ്ങളിലൂടെ ഉണ്ടാകുന്ന സമമായ മർദ്ദം
ഐസോബാർ	തുല്യ അന്തരീക്ഷ മർദ്ദം
ഐസോഹൈറ്റ്	സമമായ മഴയുടെ അളവ്

ത്തുന്ന സൂര്യരശ്മിയുടെ സമയമാറ്റം കൊണ്ട് റേഡിയേഷന്റെ അളവിലും, ഭൂമിയുടെ മേൽപ്പരപ്പിൽ അനുഭവപ്പെടുന്ന ചൂടിനും വ്യത്യാസം അനുഭവപ്പെടുന്നു. ഇതിനു കാരണം ഭൂമിയുടെ ചരിഞ്ഞ അച്ചുതണ്ടും ഭ്രമണവും പരിഭ്രമണവുമാണ്.

ഈർപ്പത്തിന്റെ അളവ്, ബാഷ്പീകരണം, സാന്ദ്രീകരണം, ദ്രവീകരണം എന്നിവ താപനിലയെ ബാധിക്കുന്ന ഘടകങ്ങളാണ്.

സൗര വികിരണത്തിലൂടെ താപോർജ്ജം മൂന്നു വിധത്തിലാണ് ഭൂമിയിലേയ്ക്കെത്തുന്നത് അവ വികിരണം, ചാലനം, സംവഹനം എന്നീ മാർഗ്ഗങ്ങളിലൂടെയാണ് ഭൂമിയുടെ ഉപരിതലം ചൂടാകുന്നത് പ്രദേശിക വികിരണം കൊണ്ടും ഇൻസുലേഷൻ കൊണ്ടുമാണ്.

സമതലപ്രദേശങ്ങളിലെ ചെങ്കുത്തായ പ്രദേശങ്ങളിലും താപനില വ്യത്യാസപ്പെടുന്നു. ഉയരം കൂടുതോറും താപനില കുറയുന്നു. ഓരോ ആയിരം മീറ്റർ ഉയരത്തിലും 6.5 ഡിഗ്രി സെൽഷ്യയസ് താപനില കുറയുന്നു. ഇതിനെയാണ് ലാപ്സ് റേറ്റ് എന്നു പറയുന്നത്.

b) താപനിലയുടെ വ്യാപനത്തെ ബാധിക്കുന്ന ഘടകങ്ങൾ

അക്ഷാംശം, കടലിൽ നിന്നുള്ള ദൂരം, ഭൂമിയുടെ തരം, സമുദ്രജലപ്രവാഹം, കാറ്റ്, ചെരിവ്, ഉയരം, പ്രാകൃതിക സസ്യങ്ങൾ മണ്ണ് എന്നിവയാണ് താപനില വ്യാപനത്തെ ബാധിക്കുന്ന ഘടകങ്ങൾ.

c) താപനില അളക്കുന്നവിധം

താപനില അളക്കുന്ന മാത്രയാണ് സെൽഷ്യസ്, ഫാരൻഹീറ്റ്, കെൽവിൻ എന്നിവ. കാലാവസ്ഥാ നിരീക്ഷകർ, താപമാനമാപികളിലൂടെ (തെർമോ മീറ്റർ) താപം അളക്കുന്നു. ഇതിൽ പ്രത്യേകമായി സ്റ്റീവൻസന്റെ മിനിമം, മാക്സിമം തെർമോ മീറ്റർ ഉപയോഗിക്കുന്നു. ഇൻസുലേഷനിലൂടെ ഊർജ്ജം സ്വീകരിക്കുകയും പുറത്തേയ്ക്കു വിടുന്ന റേഡിയേഷനിലൂടെ ഊർജ്ജം നഷ്ടമാക്കുകയും ചെയ്യുന്നു. അന്തരീക്ഷം സാധാരണയായി ചൂടാകുന്നത് ഉച്ചയ്ക്ക് 2 മുതൽ വൈകുന്നേരം 4 മണി വരെ പുറത്തുവിടുന്ന റേഡിയേഷനിലൂടെയാണ്. ഏറ്റവും കൂടുതൽ താപനില രേഖപ്പെടുത്തിയിരിക്കുന്നത് ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെയാണ്. കുറഞ്ഞ താപനില രേഖപ്പെടുത്തിയിരിക്കുന്നത് രാവിലെ സൂര്യോദയത്തിനു മുമ്പ് ഏകദേശം 4 മണിക്കാണ്.

ശരാശരി താപനില

24 മണിക്കൂറിനുള്ളിൽ രേഖപ്പെടുത്തുന്ന ഏറ്റവും കൂടിയതും കുറഞ്ഞതുമായ താപ നിലയുടെ ശരാശരിയെയാണ് ഒരു ദിവസത്തെ ശരാശരി താപനില എന്നു പറയുന്നത്. $[(87^oF+73^oF)/2=80^oF]$. ഡയേണൽ റേഞ്ച് ഓഫ് ടെമ്പറേച്ചർ (ഒരു ദിവസത്തെ ശരാശരി താപനില) എന്നത് ഒരു ദിവസത്തെ ഏറ്റവും കൂടിയ താപനിലയും കുറഞ്ഞ താപനിലയും തമ്മിലുള്ള വ്യത്യാസമാണ്. ഒരു വർഷത്തെ ശരാശരി താപനില എന്നത് ഏറ്റവും കൂടിയതും കുറഞ്ഞതുമായ ശരാശരി മാസതാപനിലയാണ്. താപനിലയുടെ വിതരണം ഐസോതേമിലൂടെ ദൃശ്യമാണ്. ഐസോതേം എന്നത് വിവിധ സ്ഥലങ്ങളിലെ സമമായ താപനിലയെ പരസ്പരം ബന്ധിപ്പിക്കുന്ന സാങ്കൽപ്പികരേഖയാണ്.

d) ഭൂമിയിലെ താപമണ്ഡലങ്ങൾ

ഭൂമി ഗോളാകൃതിയിലായതിനാൽ വിവിധ ഭാഗങ്ങൾ വിവിധ തരത്തിലാണ് ചൂടാകുന്നത്. സൂര്യനിൽ നിന്നും സ്വീകരിക്കുന്ന താപത്തിന്റെ അളവനുസരിച്ച് ഭൂമിയെ മൂന്നു താപമേഖലകളായി തിരിച്ചിരിക്കുന്നു.

ഉഷ്ണ മേഖല (Torrid Zone)

ഇത് ഉത്തരായന രേഖയ്ക്കും ദക്ഷിണായന രേഖയ്ക്കും ഇടയിലുള്ള പ്രദേശമാകുന്നു. ഈ മേഖല സൂര്യന്റെ നേരിട്ടുള്ള കതിരുകൾ സ്വീകരിക്കുകയും സൂര്യനിൽ നിന്നും കൂടുതൽ ചൂട് കൊടുക്കുകയും ചെയ്യുന്നു. ഈ മേഖലയെ ഉഷ്ണമണ്ഡല പ്രദേശമെന്നു പറയുന്നു.

മിതോഷ്ണമേഖല

ഈ മേഖല ഉത്തരാർദ്ധഗോളത്തിൽ ഉത്തരായന രേഖയ്ക്കും ആർട്ടിക് വൃത്തത്തിനും ഇടയിലും ദക്ഷിണാർദ്ധഗോളത്തിൽ ദക്ഷിണായന രേഖയ്ക്കും അന്റാർട്ടിക് വൃത്തത്തിനും ഇടയിലും സ്ഥിതി ചെയ്യുന്നു. ഈ മേഖല സൂര്യനിൽ നിന്നുള്ള ചരിഞ്ഞ രശ്മികളും ധ്രുവങ്ങളിലേക്ക് അടുക്കുതോറും സൂര്യരശ്മിയുടെ കോണം ചരിഞ്ഞു പോകുന്നു. അങ്ങനെ ഈ മേഖല മിതമായ താപത്തിലേക്ക് എത്തുന്നു.

VIII Std - Geography Malayalam Chapter 2.indd 97 31-03-2022 16:35:08

ശൈത്യ മേഖല

ഈ മേഖല ഉത്തരാർദ്ധഗോളത്തിൽ ആർട്ടിക് വൃത്തത്തിനും ഉത്തരധ്രുവത്തിനും ഇടയിലും ദക്ഷിണാർദ്ധഗോളത്തിൽ അന്റാർട്ടിക് വൃത്തത്തിനും ദക്ഷിണ ധ്രുവത്തിനുമിടയിലും സ്ഥിതി ചെയ്യുന്നു. ഈ മേഖലയെ ധ്രുവ പ്രദേശമെന്നു വിളിക്കുന്നു. ഇവിടെ വർഷം മുഴുവനും കുറഞ്ഞ താപ നിലയും മഞ്ഞിനാൽ ആവരണപ്പെട്ടിരിക്കുകയും ചെയ്യുന്നു.

ഇതുവരെ രേഖപ്പെടുത്തിട്ടുള്ളതിൽ വച്ച് ഏറ്റവും കൂടിയ താപനില

ഭൂമിയിൽ ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും കൂടിയ താപനില **56.7°C (134°F)**. ഇത് രേഖപ്പെടുത്തിയിരിക്കുന്നത് അമേരിക്കയിലെ കാലിഫോർണിയയിലുള്ള ഗ്രീൻവിച്ച്സെത്ത് വേലിയിൽ 1913 ജൂലൈ 10 നാണ്.

ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളതിൽ വച്ച് ഏറ്റവും കുറഞ്ഞ താപനില

ഭൂമിയിൽ ഇതുവരെ രേഖപ്പെടുത്തിയുള്ളതിൽ വച്ച് എറ്റവും കുറഞ്ഞ താപനില **–89.2 °C (–128.6 °F; 184.0 K)**. ഇത് രേഖപ്പെടുത്തിയിരിക്കുന്നത് അന്റാർട്ടികയിലെ സോവിറ്റ്വോസ്റ്റോക്ക് കേന്ദ്രത്തിൽ 1983 ജൂലൈ 21 നാണ്.

മഴ

അന്തരീക്ഷത്തിലുള്ള ജലബാഷ്പം ഒരു നിശ്ചിത അളവ് ഉയരത്തിലെത്തിയതിനുശേഷം സാന്ദ്രീകരിച്ച് ഭൂഗുരുത്വബലത്താൽ തുള്ളികളായും, മഴയായും ഭൂമിയിൽ പതിക്കുന്നു. മഴയാണ് ജലചക്രത്തിന്റെ പ്രധാന സ്രോതസ്സ്. ഭൂമിയിൽ ശുദ്ധജലം നിക്ഷേപിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് മഴയാണ്. ജലത്തിന്റെ മുഖ്യസ്രോതസ്സ് മഴയാണ്. താപനിലയും മഴയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പൊതുവായി ഉഷ്ണമേഖലാ പ്രദേശങ്ങളിലേയ്ക്ക് പോകുംതോറും മഴയുടെ അളവ് കുറഞ്ഞും കാണപ്പെടുന്നു. മഴ അളക്കുന്ന ഉപകരണം റെയിൻഗേജാണ്.



റെയിൻ ഗേജ്



തോതനുസരിച്ചുള്ളതല്ല

VIII Std - Geography Malayalam Chapter 2.indd 98 31-03-2022 16:35:09

വായു മർദ്ദം



അനിറോയിഡ് ബാരോമീറ്റർ

ഭൂമിയുടെ ഉപരിതലത്തിൽ ഒരു നിശ്ചിത പ്രദേ ശത്തുള്ള വായുവിന്റെ ഭാരത്തെയാണ് വായുമർദ്ദം എന്നു പറയുന്നത്. വായുമർദ്ദം അളക്കുന്നത് ബാരോ മീറ്റർ കൊണ്ടാണ്. സമുദ്രന രിപ്പിലെ വായുമർദ്ദം 1013.25mb ആണ്. ഭൗമോപ രിതലത്തിലെ മർദ്ദം ചതുരശ്രകിലോമീറ്ററിന് 1.03kg(18c) ആണ്. സ്ഥിരമായ വായുമർദ്ദം ചെങ്കുത്തായതും സമാന്തരമായതും പര സ്പ രം വ്യത്യാസപ്പെട്ടിരിക്കുന്നു. മർദ്ദത്തിന്റെ അടി സ്ഥാനത്തിൽ ലഘുമാർദ്ദമേഖല, ഗുരുമർദ്ദമേഖല എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു. ലഘുമർദ്ദ മേഖല എന്നത് ചുറ്റുപാടുള്ള പ്രദേശങ്ങളെക്കാൾ കുറ ഞ്ഞ മർദ്ദം കാണപ്പെടുന്ന പ്രദേശമാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ലഘുമർദ്ദമേഖലയിലേക്ക് കാറ്റടിക്കുന്നു. ഗുരുമർദ്ദമേഖല എന്നത് മർദ്ദമാപി നിയിൽ രേഖപ്പെടുത്തിയിരിക്കുന്ന മർദ്ദത്തേക്കാൾ കൂടുതലായി അതിന്റെ ചുറ്റുപാടുകളിൽ മർദ്ദം കാണ പ്പെടുന്ന മേഖലയാണ്. ഇങ്ങനെയുള്ള സാഹചര്യ ത്തിൽ ഗുരുമർദ്ദമേഖലയിൽ നിന്നും ലഘുമർദ്ദ മേഖലയിലേയ്ക്ക് കാറ്റുവീഴുന്നു. കാലാവസ്ഥാ ഭൂപടത്തിൽ ലഘുമർദ്ദമെന്നും ഗുരുമർദ്ദമെന്നും കുറിക്കുന്നു. ലഘുമർദ്ദമെന്നും ചുഴലിക്കാറ്റെന്നും ന്യൂനമർദ്ദം എന്നും പറയാറുണ്ട്. ഗുരു മർദ്ദമേഖലയെ ആന്റി സൈക്ലോൺ എന്നും പറയുന്നു. ലഘുമർദ്ദം, കാറ്റ്, മേഘപടലം ദ്രവീകരണം എന്നിവയ്ക്ക് കാരണമാകുന്നു. ഗുരുമർദ്ദം കാരണം പ്രസന്നമായ കാലാവസ്ഥ ഉണ്ടാകുന്നു. ഐസോബാർ അന്തരീക്ഷ മർദ്ദത്തെ കാണിക്കുന്നതിന് ഉപയോഗിക്കുന്നു.

മനുഷ്യർ അന്തരീക്ഷത്തിലെ വളരെ ചെറിയ മർദ്ദ വ്യത്യാസത്തോടു പ്രതികരിക്കുന്നില്ല. എന്നാൽ മർദ്ദത്തിന്റെ വളരെ ചെറിയ വ്യത്യാസം ഭൂമിയിൽ വലിയ കൊടുങ്കാറ്റിനു കാരണമാകുന്നുണ്ട്. അന്തരീക്ഷമർദ്ദത്തെ നിയന്ത്രിക്കുന്നത് ഉയരം, അന്തരീക്ഷ താപനില, കാറ്റോട്ടം, ഭൂമിയുടെ ഭ്രമണം ജലബാഷ്പം, അന്തരീക്ഷത്തിലെ കൊടുങ്കാറ്റുകൾ എന്നിവയയാണ്.

നിങ്ങൾക്ക് അറിയാമോ?

രേഖപ്പെടുത്തിയിരിക്കുന്ന ഉയർന്ന മർദ്ദം

1968-ൽ ഡിസംബർ 31 റഷ്യയിലെ അഗദാ എന്ന സ്ഥലത്ത് അന്തരീക്ഷമർദ്ദം 1083.8mb രേഖപ്പെടുത്തിയിരിക്കുന്നു.

രേഖപ്പെടുത്തിയിരിക്കുന്ന കുറഞ്ഞമർദ്ദം

പസഫിക് സമുദ്രത്തിലെ മരിയാന ദ്വീപിലെ ഗുവാമിനടുത്ത തൈഫൂൺ ടിപ്പ് എന്ന സ്ഥലത്ത് 1979 ആഗസ്റ്റ് 12 ന് കുറഞ്ഞ മർദ്ദമായ 870mb രേഖപ്പെടുത്തിയിരിക്കുന്നു.

വായു സമ്മർദ്ദത്തെ അളക്കുന്നത്

കാലാവസ്ഥാ ശാസ്ത്രജ്ഞൻമാർ വായു സമ്മർദ്ദത്തെ അളക്കുന്നതിന് അനിരോയിസ് ബാരോ മീറ്റർ/ബാരോമീറ്റർ ഉപയോഗിക്കുന്നു. അന്തരീക്ഷ മർദ്ദത്തിൽ അനുഭവപ്പെടുന്ന തുടർച്ചയായുള്ള വ്യതിയാനം രേഖപ്പെടുത്തുന്നതിന് ബാരാഗ്രാംസ് ഉപയോഗപ്പെടുത്തുന്നു.

എന്തുകൊണ്ടാണ് വിമാനത്തിൽ നിങ്ങളുടെ ചെവി പോപ്പ് (ശബ്ദം) അനുഭവപ്പെടുന്നത്?

നിങ്ങൾ ഒരു വിമാനത്തിൽ കയറുമ്പോൾ നിങ്ങ ളുടെ ചെവികളിൽ ഉള്ളിലെ വായു സമ്മർദ്ദത്തെ ക്കാൾ അന്തരീക്ഷമർദ്ദം കുറവാണ് സമ്മർദ്ദം തുല്യമാക്കാനോ അല്ലെങ്കിൽ പൊരുത്തപ്പെടാനേ ശ്രമിക്കുന്നതിനാൽ നിങ്ങളുടെ ചെവികളിൽ പോപ്പ് കേൾക്കുന്നു. വിമാനം ഇറങ്ങുമ്പോൾ ഉയർന്ന അന്തരീക്ഷ മർദ്ദത്തിലേയ്ക്ക് വരുമ്പോൾ നമ്മുടെ കാതുകൾ അതുമായി പൊരുത്തപ്പെടുന്നു.

ഈർപ്പം

ഈർപ്പം എന്നത് നിശ്ചിത സ്ഥലത്ത്, നിശ്ചിത സമയത്ത് അന്തരീക്ഷത്തിൽ കാണപ്പെടുന്ന ജലബാഷ്പത്തിന്റെ തോതു ആകുന്നു. അന്തരീക്ഷ വ്യാപ്തത്തിൽ ഇതിന്റെ പരിധി 0.5% മുതൽ ആണ്. കാലാവസ്ഥ അന്തരീക്ഷത്തിലെ പ്രധാന ഘടകമാണ് അതിന്റെ അളവ് താപനിലയുടെ നിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് ഭൂമദ്ധ്യ രേഖയിൽ നിന്ന് ധ്രുവ പ്രദേശങ്ങളിലേക്കുള്ള ഈർപ്പത്തിന്റെ അളവ് കുറയുന്നു. ഈർപ്പം വ്യത്യസ്ത രീതികളിൽ പ്രകടമാകുന്നു.

പ്രത്യേക ഈർപ്പം : വായുവിൽ അടങ്ങിയിരി ക്കുന്ന നീരാവിയുടെ അനുപാതത്തെ അടിസ്ഥാന മാക്കിയിട്ടുള്ളതാണ്. അത് ഗ്രാമിൽ കണക്കാക്കുന്നത് വായുവിന്റെ പേപ്പർ/കിലോഗ്രാം.

കൃത്യമായ ഈർപ്പം : ഇത് വായുവിൽ നീരാവി യുടെ ഭാരമോ ദ്രവ്യമാനമോ ആകുന്നു. ഈ സാധാരണ ഗ്രാമിൽ പറയുന്നത് വായുവിന്റെ ഗ്രാം/ക്യൂബിക് മീറ്റർ.

VIII Std - Geography Malayalam Chapter 2.indd 99 31-03-2022 16:35:10



ഹൈഗ്രോമീറ്റർ

അനുബന്ധ ഈർപ്പം : തന്നിരിക്കുന്ന താപത്തിന്റെ വായുവിലെ ഇപ്പോഴുള്ള യഥാർത്ഥ നീരാവിയുടെ അനുപാതത്തിനും നീരാവിയുടെ ഏറ്റവും കൂടിയ അളവിനും ഇടയിലുള്ള അനുപാതം ആണ്. ഇത് ശതമാനത്തിൽ കണക്കാക്കപ്പെടുന്നു.

സാധാരണയായി തണുത്ത വെള്ളത്തെക്കാൾ ചൂടുവെള്ളം കൂടുതൽ വായുവിനെ പിടിക്കുന്നു. അനുബന്ധ ഈർപ്പം നൂറുശതമാനമാകുമ്പോൾ വായു പൂരിതമാകുന്നു. ഈ അവസ്ഥയിൽ താപം സാന്ദ്രീകരണ അവസ്ഥയിൽ എത്തുന്നു. വീണ്ടും തണുത്തു കഴിയുമ്പോൾ നീരാവി മേഘങ്ങളായും മഴയായും മാറുന്നു. അനുബന്ധ ഈർപ്പം മനുഷ്യന്റെ ആരോഗ്യത്തെയും സൗകര്യത്തെയും ബാധിക്കുന്നു. വളരെ ഉയർന്നതും വളരെ താഴ്ന്നതുമായ അവസ്ഥ മനുഷ്യ ആരോഗ്യത്തിന് ഹാനീകരമാണ്. അതു മാത്രമല്ല കെട്ടിങ്ങളുടെയും, വൈദ്യുത ഉപകരണങ്ങളുടേയും മറ്റു വസ്തുക്കളുടെയും സ്ഥിരതയെയും ബാധിക്കുന്നു.

ഈർപ്പത്തെ അളക്കൽ

ഈർപ്പത്തെ അളക്കുന്നതിന് ഹൈഗ്രോ മീറ്റർ ഉപയോഗിക്കുന്നു.

കണ്ടുപിടിക്കുക

മനുഷ്യൻ വസിക്കുന്ന സ്ഥലത്തെ ബാധിക്കുന്ന ഈർപ്പത്തിന്റെ താഴ്ചയും ഉയർച്ചയും?

കാറ്റ്

വായുവിന്റെ സമാന്തര ചലനത്തെ കാറ്റ് എന്നു പറയുന്നു. വായുവിന്റെ ചെങ്കുത്തായ ചലനത്തെ വായുപ്രവാഹം എന്നു പറയുന്നു. കാറ്റ് ഉയർന്ന മർദ്ദത്തിൽ നിന്നും താഴ്ന്ന മർദ്ദത്തിലേയ്ക്ക് പ്രവേശിക്കുന്നു. കാറ്റും, ചുഴലിക്കാറ്റും, കൊടുങ്കാറ്റു പോലെ കണ്ണിൽ കാണാൻ പറ്റാത്തവ നമുക്ക് അനുഭവിച്ച് അറിയാനെ സാധിക്കുകയുള്ളൂ. കാറ്റടിക്കുന്നതിൽ നിന്നും അതിന്റെ ദിശകണക്കാക്കാം. അതായത് തെക്ക് പടിഞ്ഞാറു നിന്നും അടിക്കുന്ന കാറ്റിനെ തെക്കുപടിഞ്ഞാറൻ കാറ്റ് എന്നു പറയാം. കാറ്റിന്റെ രീതികളെ പ്രധാനമായി മൂന്നായി തരം തിരിക്കാം.

- ഗ്രഹസംബന്ധമായ കാറ്റ്
- കാലബന്ധകാറ്റ്
- സാധാരണകാറ്റ്

ഗ്രഹസംബന്ധകാറ്റ് വർഷം മുഴുവനും ഒരേ ദിശയിൽ അടിക്കുന്ന കാറ്റിനെ ഗ്രഹസംബന്ധമായ കാറ്റ് എന്നു പറയാം. അതുകൊണ്ട് അതിനെ സ്ഥിര കാറ്റ് എന്നോ ഗ്രഹസംബന്ധകാറ്റെന്നോ പറയാം. വ്യാപാരകാറ്റുകൾ, പടിഞ്ഞാറൻകാറ്റ്, ധ്രുവകാറ്റുകൾ എന്നീ 3 തരത്തിലുള്ള കാറ്റുകൾ ഉണ്ട്. വർഷത്തിലെ കാലങ്ങൾക്കനുസൃതമായി മാറ്റങ്ങൾ ഏർപ്പെടുത്തുന്നതു കാലബന്ധകാറ്റുകൾ ആകുന്നു. ഇവയെ കാലവർഷകാറ്റെന്നും പറയാം വേനൽകാലങ്ങളിൽ ഈ കാറ്റുകൾ കടലിൽ നിന്നും കരയിലേയ്ക്ക് വീശുകയും ശൈത്യ കാലങ്ങളിൽ കരയിൽ നിന്നും കടലിലേയ്ക്ക് വീശുകയും ചെയ്യുന്നു. ഒരു നിശ്ചിത സമയത്ത് (കാലങ്ങളിൽ) മാത്രം ഒരു പ്രത്യേക സ്ഥലത്ത് വീശുന്ന കാറ്റാണിത്. കരയിലും കടലിലും മന്ദമായി വീശുന്ന കാറ്റുകൾ ഇതിനുദാഹരണമാണ്.

കാറ്റിന്റെ വേഗതയെ അളക്കുന്നതിനുള്ള അളവുകോൽ ബ്യൂഫോർട്ട് അളവുകോൽ ആണ്. ഇത് കൃത്യമായ അളവിനെക്കാൾ നിരീക്ഷണത്തെ അടിസ്ഥാനമാക്കിയതാണ്. ഇന്ന് കാറ്റിന്റെ വേഗതയെ അളക്കാൻ ഉപയോഗിക്കുന്ന ഏറ്റവും വിശാലമായ രീതിയാണിത്. ഇത് 1805-ൽ ഫ്രാൻസിസ് ബ്യൂഫോർട്ട് ആണ് വികസിപ്പിച്ചെടുത്തത്. ഇത് ആദ്യമായി റോയൽനേവിയും ആധികാരികമായി ബേഗിളാലും ഉപയോഗിച്ചു.

നിങ്ങൾക്ക് അറിയാമോ?

വായുവിന്റെ മർദ്ദം കുറയുമ്പോൾ ശ്വാസനത്തിനുള്ള അന്തരീക്ഷ താപനിലയും കുറയുന്നു. ഉയർന്ന ധ്രുവ പ്രദേശങ്ങളിൽ അന്തരീക്ഷ മർദ്ദവും ഓക്സിജനും വളരെ കുറഞ്ഞ അളവിൽ ലഭിക്കുന്നു. ഇക്കാരണത്താൽ ജനങ്ങൾ രോഗികളാവുകയും മരിക്കാനിടയാവുകയും ചെയ്യുന്നു. മലകയറ്റക്കാർ പ്രാണവായുവിനെ കുപ്പിയിലാക്കി ഉയർന്ന കൊടുമുടിയിൽ കയറുന്നു. അവർ ഉയർന്ന പ്രദേശങ്ങളിലേക്ക് പോകാൻ കൂടുതൽ സമയം എടുക്കുന്നതു കൊണ്ട് ഉയർന്ന മർദ്ദത്തിൽ നിന്നും താഴ്ന്ന മർദ്ദത്തിലേയ്ക്ക് പോകുന്നതു കാരണം രോഗങ്ങൾ ഏർപ്പെടുന്നു. വിമാനത്തിൽ കൃത്യമായ മർദ്ദം ക്യാമ്പിനുള്ളിൽ ഏർപ്പെടുത്തുന്നതുകൊണ്ട് യാത്രകാർക്ക് സൗകര്യപ്രദമായി സഞ്ചരിക്കാൻ കഴിയുന്നു.

VIII Std - Geography Malayalam Chapter 2.indd 100 31-03-2022 16:35:10

നിങ്ങൾക്ക് അറിയാമോ?

അൽ ബാലഗി ഒരു അറബി ഭൂമി ശാസ്ത്രജ്ഞൻ ഒരു അറബു യാത്രക്കാരുടെ കൈയ്യിൽ നിന്നും അന്തരീക്ഷ ഡാറ്റാശേഖരിച്ച് ആദ്യത്തെ അറ്റ്ലസ്സ് ലോകത്തിൽ തയ്യാറാക്കി.

കാറ്റിന്റെ ദിശയും വേഗതയും അളക്കുന്നത്

കാലാവസ്ഥപ്രവചനങ്ങൾ വിൻവേൻ അല്ലെങ്കിൽ വെതർകോക്ക് ഉപയോഗിച്ച് കാറ്റിന്റെ ദിശ അളക്കുന്നു. അനിമോമീറ്റർ ഉപയോഗിച്ച് കാറ്റിന്റെ വേഗത അളക്കുന്നു. കാറ്റിന്റെ ദിശയും കാലവും മനസ്സിലാക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് ഡെപിറ്റ്. കാലാവസ്ഥ പ്രവചന ഉപകരണമോ ഡ്രപിൾ റെജിസ്റ്ററോ ഒരു ഉപകരണമാകുന്നു. കാറ്റിന്റെ വേഗതയും ദിശയും സൂര്യഉദയവും, ഭൗമജലവും അതിന്റെ കൂടെ ഗ്രാഫിക്സും പ്രതിനിധീകരിക്കുന്നു.



അനിമോമീറ്റർ

നിങ്ങൾക്ക് അറിയാമോ?

ഒരു വലിയ ശരാശരി കാറ്റിന്റെ വേഗത കുറഞ്ഞ ഒരു വലിയ പ്രദേശം ബ്രസീലിൽ ഉണ്ട്. ഭൂമിയിലെ ഏറ്റവും കുറഞ്ഞ കാറ്റടിക്കുന്ന പ്രദേശങ്ങൾ ഗാബൺ, കോംഗോ, ആഫ്രിക്കയിലെ കോംഗോ, സുമാദ്ര, ഇന്തോനേഷ്യ, മലേഷ്യ.

പാഠസംഗ്രഹം

- ഒരു സ്ഥലത്തെ അന്തരീക്ഷത്തിന്റെ ഇന്നത്തെ അവസ്ഥയിലെ അന്തരീക്ഷസ്ഥിതി എന്നു പറയുന്നു. ഒരു സ്ഥലത്തിന്റെ ശരാശരി അന്തരീക്ഷ സ്ഥിതി കാലാവസ്ഥ ആകുന്നു. ഇതു കണക്കാക്കുന്നത് നീണ്ടകാലം അതായത് 35 വർഷം.
- താപനില, ഭൗമജലം, മർദ്ദം, ഈർപ്പം കാറ്റ് ഇവയാണ് അന്തരീക്ഷത്തിന്റെയും കാലാവസ്ഥ യുടെയും പ്രധാന ഘടകങ്ങൾ.
- വായുവിലുള്ള ചൂടിന്റെ സാന്നിധ്യത്തെ താപം കൊണ്ട് കണക്കാക്കുന്നു.
- ഭൂമിയുടെ ഉപരിതലത്തിലെ നൽകപ്പെട്ടുള്ള സ്ഥലത്തിന്റെ മുകളിലെ വായുവിന്റെ ഭാരത്തെ അന്തരീക്ഷ മർദ്ദം അല്ലെങ്കിൽ വായു മർദ്ദം എന്നു വിളിക്കുന്നു.
- വായുവിന്റെ സമാന്തര ചലനത്തെ കാറ്റ് എന്നു പറയുന്നു.

പദപരിചയം

Conduction	Transfer of heat energy from one place to another through the substances that are in direct contact with each other.	അവസ്ഥ
Condensation	The process in which the water vapour changes into liquid form.	സാന്ദ്രീകരണം
Eddies	They are the wind circulation that develops when the wind blows over or adjacent to rough terrain, buildings, mountains or other obstructions.	ചുഴലിക്കാറ്റ്
Humidity	The amount of water vapour in the air.	ഈർപ്പമുള്ള
Insolation	Incoming solar radiation.	ഭൂമിയുടെ ഉപരിതലത്തെത്തുന്ന സോളാർ വികിരണം
Radiation	The transmission of heat energy from one body to the other body without any medium is called radiation.	പ്രകാശവികിരണം

VIII Std - Geography Malayalam Chapter 2.indd 101 31-03-2022 16:35:11

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഭൂമിയുടെ അന്തരീക്ഷത്തിൽ_____ശതമാനം നൈട്രജനും, ഓക്സിജനും അടങ്ങിയിരിക്കുന്നു.
   a) 78% and 21% b) 22% and 1%
   c) 21% and 0.97% d) 10% and 20%

2. ഒരു പ്രദേശത്തിന്റെ അന്തരീക്ഷസ്ഥിതിയാണ്_____.
   a) ഭൂമി b) അന്തരീക്ഷം
   c) കാലാവസ്ഥ d) സൂര്യൻ

3. ഭൂമിയ്ക്ക് ശക്തി ലഭിക്കുന്നത്_____ൽ നിന്നാണ്.
   a) വൈദ്യുതി
   b) ഇലക്ട്രോമാഗ്നറ്റിക് റേഡിയേഷൻ
   c) തിരമാലകൾ
   d) താപം

4. താഴെ കാണുന്നവയിൽ _____ സ്ഥലത്തിൽ നിന്നാണ് ഒരേ അളവിൽ മഴ ലഭിക്കുന്നത്
   a) ഐസോതേം b) ഐസോഹൈൽ
   c) ഐസോബാർ d) ഐസോഹൈറ്റ്സ്

5. അന്തരീക്ഷത്തിലെ ഈർപ്പം അളക്കാൻ ഉപയോഗിക്കുന്നത്_____ആണ്.
   a) അനിമോ മീറ്റർ b) ബേരോ മീറ്റർ
   c) ഹൈഗ്രോ മീറ്റർ d) തെർമോ മീറ്റർ

II. പൂരിപ്പിക്കുക:

1. ഒരു പ്രത്യേക സ്ഥലത്ത് കുറഞ്ഞ സമയത്തിനുള്ളിൽ അനുഭവപ്പെടുന്ന വായു മണ്ഡലത്തിന്റെ അവസ്ഥ_____.

2. അന്തരീക്ഷ സ്ഥിതിയെ കുറിച്ച് പഠിക്കുന്നതിന് _____ എന്ന് വിളിക്കുന്നു.

3. ഭൂമിയിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന താപനില _____.

4. വായുവിൽ അടങ്ങിയിരിക്കുന്ന യഥാർത്ഥ നീരാവിയുടെ അളവും ഏറ്റവും അധികം നീരാവിയുടെ അളവും_____ അനുപാതത്തിലാണ്.

5. _____ നേയും_____നേയും അളക്കുന്നത് അനിമോ മീറ്ററും വിന്റ് വെയിനുമാണ്.

6. _____ സാങ്കൽപ്പിക രേഖകൾ വ്യത്യസ്ഥ സ്ഥലങ്ങളിലെ ഒരേ താപനിലയുമായി യോജിപ്പിക്കുന്നു.

III. യോജിപ്പിക്കുക:

1.	കാലാവസ്ഥ	കൊടുങ്കാറ്റിന്റെ അവസ്ഥയും തീവ്രതയും
2.	ഐസോനിഫ്	ചുഴലിക്കാറ്റ്
3.	ഹൈഡ്രോമീറ്റർ	തുല്യ മഞ്ഞു വീഴ്ച
4.	റേഡാർ	ദീർഘകാല മാറ്റം
5.	കുറഞ്ഞ മർദ്ദം	ഈർപ്പം

IV. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ നിന്നും ശരിയും തെറ്റും എഴുതുക:

1. ഗ്രഹത്തെ ആവരണം ചെയ്തിരിക്കുന്ന വാതകങ്ങളാണ് അന്തരീക്ഷം.
2. അന്തരീക്ഷസ്ഥിതിയെ കുറിച്ച് പഠിക്കുന്ന പഠനത്തെ ക്ലൈമറ്റോളജി എന്നു പറയുന്നു.
3. തുല്യ സൂര്യോദയത്തെ കുറിക്കുന്നത് ഐസോഹെൽ.
4. അനിറോയിഡ് ബാരോമീറ്റർ കൊണ്ട് ഈർപ്പത്തെ അളക്കുന്നു.

V. ചുരുക്കി ഉത്തരമെഴുതുക:

1. കാലാവസ്ഥ നിർവ്വചിക്കുക.
2. എന്താണ് റേഡിയേഷൻ?
3. അന്തരീക്ഷ മർദ്ദം എന്താകുന്നു?
4. ഗ്രഹപരമായ കാറ്റിനെക്കുറിച്ച് ചുരുക്കി എഴുതുക?
5. സമമർദ്ദരേഖാ എന്നാലെന്ത്?

VI. വേർതിരിച്ചെഴുതുക:

1. അന്തരീക്ഷ സ്ഥിതിയും കാലാവസ്ഥയും.
2. കൃത്യവും അനുബന്ധമായ ഈർപ്പം.
3. സ്ഥിരമായ കാറ്റും കാലമാറ്റവും.

VII. കാരണം പറയുക:

1. അന്തരീക്ഷ സ്ഥിതിയ്ക്കും കാലാവസ്ഥയ്ക്കും വ്യത്യസ്ത മേഖലയിലെ മാറ്റം.
2. താപം കുറയുന്നതു കൊണ്ട് ഉയർന്ന പ്രദേശങ്ങളിൽ താപം കൂടുന്നു.
3. മലകയറുമ്പോൾ ഓക്സിജൻ സിലിണ്ടറുമായി കൊടുമുടിയുടെ മുകളിൽ കയറുന്നത്.

VIII Std - Geography Malayalam Chapter 2.indd 102 31-03-2022 16:35:11

VIII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക:

1. താപത്തെ എങ്ങനെ അളക്കാം?
2. കാറ്റും അതിന്റെ തരങ്ങളെക്കുറിച്ചും എഴുതുക.
3. അന്തരീക്ഷ ഘടകങ്ങളും അത് അളക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളേയും തിട്ടപ്പെടുത്തുക.

IX. (1) ആഗോള താപത്തെ കുറയ്ക്കാനുള്ള മൂന്ന് നിർദ്ദേശങ്ങൾ എഴുതുക:

1. _____.
2. _____.
3. _____.

(2) ഭൂപടപരിശീലനം

ലോകഭൂപടത്തിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക

1. ലോകത്തിലെ താപമേഖലകൾ
2. സമ്മർദ്ദ രേഖകളും ഗ്രഹപരമായ കാറ്റുകളും

X. പ്രവൃർത്തനങ്ങൾ:

1. അന്തരീക്ഷത്തിലെ കാറ്റിനേയും അളക്കുന്നതിനുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനെ കുറിച്ച് വെബ് റിസോഴ്സസ് ഉപയോഗിക്കുക.
2. നിങ്ങളുടെ സ്കൂളിൽ കാലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിന്റെ മാതൃക തയ്യാറാക്കുക.
3. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ അന്തരീക്ഷ സ്ഥിതിയെ കുറിക്കുന്ന രേഖകളും നിരീക്ഷണവും കുറിക്കുക.

നാൾ			
സ്ഥലവും സമയവും			
താപം			
ബാറോമെട്രിക് മർദ്ദം			
ഭൗമജലതരവും അളവും			
കാറ്റിന്റെ ദിശ			
കാറ്റിന്റെ വേഗം			
മുന്നറിയിപ്പ് മാർഗ്ഗങ്ങൾ			

REFERENCE BOOKS

1. *Climatology an atmospheric science* John E. Oliver, John J. HIdore, 2003, Person Education (Singapore) Pte., Ltd. India Branch, Delhi.
2. Goh Cheng Lelong, *Certificate Physical and Human Geography,* Goh Cheng Lelong, oxford publication (india).
3. *Climatology,* Savindra Singh, 2005, Prayag pustak bhawan, Allahabad, India.

INTERNET LINKS

1. https://www.nationalgeographic.com/
2. https://climatekids.nasa.gov/menu/atmosphere/

ICT കോർണർ

അന്തരീക്ഷവും കാലാവസ്ഥയും

നടപടിക്രമം

ഘട്ടം – 1 ബ്രൗസർ തുറന്ന് URL ടൈപ്പ് ചെയ്യുക QR Code Scan ചെയ്യുക.

ഘട്ടം – 2 സെർച്ച് ബോക്സിൽ നിങ്ങളുടെ ലൊക്കേഷൻ രേഖപ്പെടുത്തുക

ഘട്ടം – 3 ട്രേഗ് ഫ്ളാഗ് ഉപയോഗിച്ച് നിങ്ങളുടെ പ്രദേശത്തെ വലുതാക്കുക.

ഘട്ടം – 4 മെനുവിന്റെ വലതു വശത്തേയ്ക്ക് പോവുകയും നിങ്ങളുടെ പ്രദേശത്തിന്റെ അന്തരീക്ഷത്തെ അറിയാനുള്ള ലിസ്റ്റിനെ തെരെഞ്ഞെടുക്കുക (ഉദാ : താപം)

URL:

https://www.windy.com

Mobile: https://play.google.com/store/apps/details?id=com.windyty.android

*Pictures are indicatives only.

*If browser requires, allow Flash Player or Java Script to load the page

VIII Std - Geography Malayalam Chapter 2.indd 103 31-03-2022 16:35:11

യൂണിറ്റ് 3

ജലചക്രം



പഠനലക്ഷ്യങ്ങൾ

- ഭൂമിയിലെ ജലത്തിന്റെ നില മനസ്സിലാക്കൽ.
- ജലചക്രത്തിന്റെ അടിസ്ഥാന ധാരണകൾ പഠിക്കാൻ.
- ജലചക്രത്തിന്റെ വ്യത്യസ്തമായ ചേരുവകൾ പഠിക്കാൻ.

FDZWC

ആമുഖം

ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് വെള്ളം. ജീവിക്കുവാൻ വേണ്ടി എല്ലാ സസ്യങ്ങൾക്കും മൃഗങ്ങൾക്കും ജലം ആവശ്യമാണ്. കുടിക്കുന്നതിന് മാത്രമല്ല വീടിനും, കൃഷിക്കും തൊഴിൽ ശാലകളുടെ പ്രവർത്തനങ്ങൾക്കും വെള്ളം ആവശ്യമാണ്. ധനപരമായ എല്ലാ പ്രവർത്തനങ്ങൾക്കും വെള്ളം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് വെള്ളമില്ലാതെ ഒരു ജീവജാലങ്ങൾക്കും ഭൂമിയിൽ ജീവിക്കുവാൻ സാധ്യമല്ല.

ഭൂമിയിലെ ജലം

ഭൂപ്രതലത്തിന്റെ ഏകദേശം 71% വെള്ളത്താൽ മൂടപ്പെട്ടിരിക്കുന്നു. ഏകദേശം 32% മില്യൻ ക്യൂബിക് മൈൽ ആണ് ഇപ്പോഴത്തെ ഭൂമിയിലെ വെള്ളത്തിന്റെ അളവ് ഈ വെള്ളത്തിന്റെ അളവിനെ കണ്ടുപിടിക്കുന്നത് ശ്രമകരമാണ്. ഭൂമിയിലെ അധികജലവും ഉപ്പ്ചേർന്നതാകുന്നു. ഇത് കടലിലും സമുദ്രത്തിലും കാണാം. ഏകദേശം 97.2% ലവണജലവും ഏകദേശം 2.8% മാത്രമാണ് ശുദ്ധജലവും. ഈ ശുദ്ധജലത്തിൽ ഏകദേശം 2.2% ഭൂമിയുടെ ഉപരിതലത്തിലും ബാക്കിയുള്ള 0.6% ഭൗമജലവും ആണ്. ഭൂപ്രതലത്തിലെ 2.2% ജലത്തിൽ നിന്ന് 2.15% ഹിമപാളിയുടെയും മഞ്ഞുമലയുടെയും രൂപത്തിലും 0.01% തടാകങ്ങളായും അരുവികളായും ബാക്കിയുള്ള 0.04% മറ്റ് രൂപത്തിലും കാണപ്പെടുന്നു. ഭൗമജലത്തിലെ ഏകദേശം 0.25% ൽ നിന്ന് 0.6% സാങ്കേതിക തുളക്കുന്ന വിദ്യ ഉപയോഗിച്ച് ഇപ്പോൾ വേർതിരിച്ചെടുക്കുന്നു.

ജലസമ്പത്ത് മനുഷ്യർക്ക് വളരെയധികം ഉപയോഗപ്രദമാണ്. മൂന്ന് മാർഗ്ഗങ്ങളിൽ കൂടി ഇന്ത്യയിൽ വെള്ളം ലഭിക്കുന്നു. അവ ഉപരിതലം, ഭൂഗർഭജലം, ഭൗമജലം.



ജലം ഭൂമിയിൽ

VIII Std - Geography Malayalam Chapter 3.indd 104 31-03-2022 16:38:00

പട്ടിക 1 : ഭൂപ്രതലത്തിലുള്ള ജലത്തിന്റെ വ്യാപ്ത അളവ്

ഇല ഉറവിടം	ജലവ്യാപ്തി (ക്യൂബിക് മൈൽസ്)	മൊത്ത വെള്ളത്തിന്റെ നിരക്ക്
സമുദ്രങ്ങൾ ഉൾക്കടലുകൾ	321,000,000	96.54
ഹിമപാളികൾ മഞ്ഞുമലകൾ സ്ഥിരമഞ്ഞ്	5,773,000	1.74
ഭൂഗർഭജലം	5,614,000	1.69
ഈറമണ്ണ്	3,959	0.001
നിലത്തെ മഞ്ഞ് മഞ്ഞുകട്ടയും	71,970	0.022
തടാകങ്ങൾ	42,320	0.013
അന്തരീക്ഷം	3,095	0.001
പ്രളയജലം	2,752	0.0008
നദികൾ	509	0.0002
ജീവജലം	269	0.0001

(ഉറവിടം : ഷിക്‌ലോമാനോ 1993)

ജലചക്രം (ഹൈഡ്രോളജിക്കൽ ചക്രം)

ഹൈഡ്രോളജി എന്നത് വെള്ളത്തിന്റെ വിവിധ ഉപയോഗങ്ങളെ കുറിച്ചുള്ള വിജ്ഞാനം അതായത് വെള്ളത്തിന്റെ വിനിയോഗം ഭൂമിയിലെ അതിന്റെ ചലനാത്മകമായ ഗുണങ്ങളും ഉറവിടങ്ങളും അടങ്ങിയതാണ്. ഭൂമിയിൽ ലഭിക്കുന്ന ജലത്തിന്റെ അളവ് ഒരേ പോലെ അല്ല. ചില സ്ഥലങ്ങളിൽ വെള്ളത്തിന്റെ അളവ് വളരെ ഉയർന്നതും മറ്റ് ചില സ്ഥലങ്ങളിൽ വെള്ളത്തിന്റെ ഉറവിടങ്ങൾ വളരെ കുറവാണ്.

ജലചക്രം എന്നത് ഒരു ആഗോള സൂര്യ സഞ്ചാര പ്രക്രിയ ആകുന്നു. ഇവിടെ വെള്ളം സമുദ്രത്തിൽ നിന്ന് അന്തരീക്ഷത്തിലേക്കും, അന്തരീക്ഷത്തിൽ നിന്ന് നിലത്തിലേക്കും, നിലത്തിൽ നിന്ന് തിരികെ സമുദ്രത്തിലേക്കും ഉള്ള ഒരു സഞ്ചാര ചക്രത്തെ കണക്കാക്കാം. അതുപോലെ തന്നെ ജലചക്രത്തിലെ വെള്ളത്തിന്റെ അളവ് മാറ്റമില്ലാത്തതും എന്നാൽ അതിന്റെ വിതരണം കാലത്തിനും ഇടത്തിനും അനുസൃതമായി മാറ്റം ഏർപ്പെടുത്താം.

ബാഷ്പീകരണം ഉപരിതല ജലത്തിൽ നിന്ന് സംഭവിക്കുന്നു. സസ്യസ്വേദനം ചെടികളിൽ നിന്നും നടക്കുന്നു. നീരാവി ഉയർന്ന ദൂരത്തിൽ സാന്ദ്രീകരണത്താൽ സാന്ദ്രീകരിക്കപ്പെട്ട് മേഘങ്ങളായി മാറുന്നു മേഘങ്ങൾ ഉരുകുകയും ചിലപ്പോൾ കത്തുകയും ചെയ്യുന്നതിന്റെ ഫലമായി വ്യത്യസ്ത രീതിയിലുള്ള ഭൗമ ജലം ഉണ്ടാകുന്നു. ഭൗമജലത്തിലെ ഒരു ഭാഗം ജലം നിലത്തിൽകൂടി ഒഴുകുന്നതിന് കവിഞ്ഞൊഴുകൽ എന്നും മറ്റൊരു ഭാഗം മണ്ണിലേക്ക് ആഴ്ന്നിറങ്ങി ഭൂഗർഭ ജലവിതാനം ഉയർത്തുകയും ചെയ്യുന്നു.

ജലചക്രം എന്നത് വെള്ളത്തിന്റെ ഒരു ചുറ്റിതിരിയൽ ആണ്. പ്രകൃതി നടക്കുന്നതും തുടർച്ചയായതുമായ ഒരു രീതിയാണ് അത്. മൂന്ന് പ്രധാന തരത്തിലുള്ള ജലചക്രങ്ങൾ ഉണ്ട്. **1. ബാഷ്പീകരണ സസ്യസ്വേദനം 2. ഭൗമ ജലം 3. ഒഴുക്ക്.**



ഹൈഡ്രോലോളിക് ചക്രം

ജലചക്രത്തിന്റെ ഭാഗങ്ങൾ

ജലചക്രത്തിന് 6 പ്രധാന ഘടകങ്ങൾ ഉണ്ട് അവ ബാഷ്പീകരണ സസ്യ സ്വേദനം, സാന്ദ്രീകരണം, ഭൗമജലം, ശുദ്ധീകരണമല്ലാത്തത്, ശുദ്ധീകരണം, ഒഴുകൽ.

സസ്യസ്വേദനം



സസ്യങ്ങളിൽ നിന്ന് സസ്യസ്വേദനം മൂലം ഭൂമിയുടെ ഉപരിതലത്തിലുള്ള മുഴുവൻ ജലവും ബാഷ്പീകരണമാകുന്നതിന് സസ്യസ്വേദനം എന്ന് നിർവചിക്കാം. ബാഷ്പീകരണവും സസ്യസ്വേദനവും വിളകൾ ഉള്ള സ്ഥലത്ത് തീരുമാനിക്കുക. എന്നുള്ളത് പ്രയാസമേറിയ ഒന്നാകുന്നു. അതുകൊണ്ട് അതിനെ സസ്യസ്വേദനം എന്ന് ശേഖരണ രീതിയിൽ വിളിക്കാം.

(a) ബാഷ്പീകരണം

ദ്രവരൂപത്തിലുള്ള വെള്ളം വാതകരൂപത്തിലേക്ക് മാറുന്ന പ്രക്രിയയാണ് ബാഷ്പീകരണം. ജലം തിളയ്ക്കുമ്പോൾ (താപനിലയിൽ) യഥാർത്ഥത്തിൽ തന്നെ ബാഷ്പീകരണ പ്രക്രിയ തുടങ്ങുകയും സാവധാന ആ പ്രക്രിയ നടക്കുകയും ചെയ്യുന്നു. ബാഷ്പീകരണത്തിന്റെ നിരക്കിനെ ബാധിക്കുന്ന അടിസ്ഥാന ഘടകം താപനിലയാ

VIII Std - Geography Malayalam Chapter 3.indd 105 31-03-2022 16:38:00

കുന്നു. ഈ രണ്ട് ഘടകങ്ങൾക്കും ഇടയിൽ ക്രിയാത്മകമായ ഒരു ബന്ധം ഉണ്ട്. ഉപരിതല ജലത്തിന്റെ പരപ്പളവും കാറ്റും അന്തരീക്ഷത്തിലെ ഈർപ്പം എന്നീ ഘടകങ്ങൾ ബാഷ്പീകരണത്തിന്റെ നിരക്കിനെ ബാധിക്കുന്നു.



ബാഷ്പീകരണ സസ്യസ്വേദനം

അന്തരീക്ഷത്തിലെ ഈർപ്പത്തിൽ ഏകദേശം 90% വും സമുദ്രങ്ങൾ, തടാകങ്ങൾ, നദികൾ എന്നി വയിൽ നിന്നും ബാഷ് പീകരണത്തിലൂടെ ലഭിക്കു ന്നതായി ധാരാളം പഠനങ്ങൾ തെളിയിക്കുന്നു ക്കുന്നു. ബാക്കിയുള്ള 10% സസ്യസ്വേദനത്തിലൂടെയുംലഭിക്കുന്നു.

ആഗോളതോത് അനുസരിച്ച് ബാഷ്പീകരണം നടക്കുന്ന വെള്ളത്തിന്റെ അതേ അളവ് ഭൗമ ജലമായി ലഭിക്കുന്നു. ഭൂമിശാസ്ത്രപരമായ ഈ പ്രക്രിയക്ക് വ്യത്യാസം ഉണ്ട്. ഭൂമിയിലെ നിലത്തിലെ ബാഷ്പീകരണത്തെക്കാൾ സമുദ്രത്തിൽ കെട്ടി കിടക്കുന്ന ജലത്തിലെ ബാഷ്പീകരണം അധികമാണ്. കാറുള്ള സമയത്ത് നടക്കുന്ന ബാഷ്പീകരണത്തെക്കാൾ കാറ്റ് കുറഞ്ഞ സമയത്ത് നടക്കുന്ന ബാഷ്പീകരണം കുറഞ്ഞ തോതിൽ ആയിരിക്കും. വായു ശാന്തമായിരിക്കുമ്പോൾ ബാഷ്പീകരിക്കപ്പെട്ട ജലം ജലാശയങ്ങൾക്ക് വളരെ അടുത്ത് തങ്ങുന്നു. കാറടിക്കുമ്പോൾ നീരാവി വരണ്ട കാറായി മാറുകയും അത് കൂടുതൽ ബാഷ്പീ കരണത്തിന് കാരണമാകുകയും ചെയ്യുന്നു.

നിങ്ങൾക്ക് അറിയാമോ?

ബാഷ്പീകരണ വർദ്ധനവിന്റെ നിരക്ക്

- കാറിന്റെ വേഗത അധികരിക്കുമ്പോൾ
- താപനില അധികരിക്കുമ്പോൾ
- ഈർപ്പം കുറയുമ്പോൾ
- ഉപരിതല ജലാശയങ്ങളുടെ പരപ്പളവ് കൂടുമ്പോൾ.

(b) സസ്യസ്വേദനം

സസ്യങ്ങളിലെ ജലാംശം നീരാവിയായി അന്തരീക്ഷത്തിലേക്ക് മാറുന്ന പ്രക്രിയയാണ് സസ്യസ്വേദനം. സസ്യസ്വേദനം വഴി സസ്യങ്ങൾ ധാരാളം ജലത്തെ പുറന്തള്ളുന്നു. താപനില, കാറ്റ്, ഈർപ്പം എന്നിവയാൽ കൃഷിയിൽ ധാന്യങ്ങളുടെ സ്വഭാവം, കൃഷിരീതിയും സസ്വസ്വേദന പ്രക്രിയയെ ബാധിക്കുന്നു.

സാന്ദ്രീകരണം

വാതകരൂപത്തിലുള്ള ജലം ദ്രാവക രൂപത്തിലേക്ക് മാറുന്ന പ്രക്രിയയാണ് സാന്ദ്രീകരണം അന്തരീക്ഷത്തിലെ ഉഷ്ണ വായു ഉയരുമ്പോൾ നീരാവിയായി തുടരാനുള്ള കഴിവ് നഷ്ടമാകുകയും തണുക്കുകയും ചെയ്യുന്ന പ്രക്രിയയിൽ സാധാരണയായി സാന്ദ്രീകരണം നടക്കുന്നു. അതിന്റെ ഫലമായി അധികമാവുന്ന നീരാവി സാന്ദ്രീകരിച്ച് മേഘരൂപത്തിൽ മാറുന്നു. മേഘരൂപീകരണത്തിന് കാരണം സാന്ദ്രീകരണമാണ്. ഈ മേഘങ്ങൾ ഭൗമജലത്തെ ഉൽപാദിപ്പിച്ച് ഭൂമിയുടെ ഉപരിതല ജലചക്രത്തിന് പ്രാഥമിക വഴിത്തളമാകുന്നു. ബാഷ്പീകരണത്തിന്റെ എതിരാകുന്നു സാന്ദ്രീകരണം.

സാന്ദ്രീകരണ രൂപങ്ങൾ

മഞ്ഞുതുള്ളി, ഐസ് പരലുകൾ മൂടൽമഞ്ഞ്, മേഘങ്ങൾ എന്നിവയാണ് സാന്ദ്രീകരണത്തിന്റെ 3 പ്രധാന രൂപങ്ങൾ.

a) **മഞ്ഞ് തുള്ളി :** നീരാവിയുടെ സാന്ദ്രീകരണത്താൽ ഒരു വസ്തുവിന്റെറ തണുത്ത പ്രതലത്തിൽ രൂപം കൊള്ളുന്ന ജലകണികകൾ ആണ് മഞ്ഞ് തുള്ളികൾ. ഒരു വസ്തുവിന്റെ താപനില മഞ്ഞ്തുള്ളിയുടെ താപനിലയെക്കാൾ താഴുമ്പോൾ മഞ്ഞ് തുള്ളി രൂപം കൊള്ളുന്നു.

b) **ഐസ് പരലുകൾ :** മൂടൽ മഞ്ഞ് എന്നത് ഒരു വസ്തുവിന്റെ തണുത്ത പ്രതലത്തിൽ അടിഞ്ഞുകൂടുന്ന ഐസ് പരലുകളുടെ രൂപീകരണമാണ്. ഒരു വസ്തുവിന്റെ താപനില ഖനീഭവനങ്കത്തിന്റെ താപനിലയെക്കാൾ താഴുമ്പോൾ ഇത് ഏർപ്പെടുന്നു.

c) **മൂടൽ മഞ്ഞ് :** മൂടൽ മഞ്ഞ് എന്നത് ഭൂമിയുടെ ഉപരിതലത്തിന്റെ സമീപ അടുക്കിൽ ഏർപ്പെടുന്ന. ചെറിയ ജലകണികകളോ ഐസ് വരലുകളോ ആകുന്നു. അത് ദൃശ്യതയെ 1000 മോ അതിന്റെ താഴെയിലേക്കോ കുറയ്ക്കുന്നു. വ്യോമ ആവശ്യങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന മൂടൽ മഞ്ഞിന്റെ പരിധി 10 ഓ അതിൽ കുറവോ ആയിരിക്കണം.

VIII Std - Geography Malayalam Chapter 3.indd 106 31-03-2022 16:38:02

d) കോടമഞ്ഞ് : വായുവിൽ തങ്ങി നിൽക്കുന്ന ജലത്തിന്റെ ചെറിയ കണികകളാണ് കോട മഞ്ഞ്. വായുവിലെ നീരാവി ഒരുമിച്ച് തണുക്കുന്നതിന്റെ ഫലമായി കണ്ണിൽ പറ്റാത്ത വാതകത്തിൽ നിന്ന് കാണാൻ പറ്റുന്ന ചെറിയ ജലകണികകളായി മാറുന്നു. മൂടൽമഞ്ഞിനെക്കാൾ കുറഞ്ഞ നിബിഡത ഉള്ളതാണ് കോടമഞ്ഞ്.

e) മേഘങ്ങൾ : മേഘങ്ങൾ എന്നത് ചെറിയ ജല കണികകളോ ഐസ് വരലുകളോ ഉൾക്കൊണ്ടതാണ്. അത് വളരെ ചെറുതും ഭാരം കുറഞ്ഞതുമാണ് ജലത്തിന്റെ സൂക്ഷ് മകണികളെ കൊണ്ടോ ഐസ്പരലുകളെ കൊണ്ടോ മേഘങ്ങൾ രൂപപ്പെടുന്നു. സാധാരണ ജലകണികകളുടെ ദൈർഘ്യം ഒരു ജോഡി മൈക്രോണിൽ നിന്ന് 100 മൈക്രോൺസ് ആണ്. ജലകണികകളുടെ വലുപ്പം 100 മൈക്രോൺസിനു മുകളിലായാൽ അത് മഴത്തുള്ളികളായി മാറുന്നു.

നിങ്ങൾക്ക് അറിയാമോ?

- വായു പൂരിതമാകുമ്പോൾ സാന്ദ്രീകരണം നടക്കുന്നു.
- തണുത്ത വായുവിനെക്കാൾ ചൂടുള്ള വായു കൂടുതൽ നീരാവിയെ നില നിർത്തും.
- താപനില താഴുമ്പോൾ പൂരിതം നടക്കുന്നു.

ഭൗമജലം

ഭൂപ്രതലത്തിൽ എത്തിച്ചേരുന്നതും മേഘത്തിൽ നിന്ന് വീഴുന്നതുമായ എല്ലാ തരത്തിലുമുള്ള വെള്ളത്തെ ഭൗമജലം എന്ന് പറയുന്നു. ഭൗമജലത്തിന്റെ സാന്നിദ്ധ്യത്തിനു വേണ്ടി വായു വഴി മേഘകണികകളും ഐസ് പരലുകളും ഘനമായി പൊഴിയുന്നു. ഈ പെഴിച്ചിൽ അധികമായി വരുമ്പോൾ അവ വീഴാൻ തുടങ്ങുന്നു. താഴോട്ട് വീഴുന്ന ചെറിയ ജലകണികകളായി മാറി മഴയായി പൊഴിയുന്നു.

ഭൗമജലത്തിന്റെ രൂപങ്ങൾ

ഒരു പ്രദേശത്തിന്റെ കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു ഭൗമജലത്തിന്റെ രൂപീകരണം ലോകത്തിന്റെ ചൂട് കൂടിയ ഭാഗങ്ങളിൽ ഭൗമജലം എപ്പോഴും മഴയുടേയോ ചാറ്റൽ മഴയുടേയോ രൂപത്തിലായിരിക്കും. തണുത്ത മേഖലകളിൽ ഭൗമജലം മഞ്ഞോ ഐസോ ആയി പൊഴിയാം. ഭൗമജലത്തിന്റെ സാധാരണ തരങ്ങൾ മഴ, മങ്ങിയ മഴ, ഉറഞ്ഞ മഴ, ആലിപ്പഴം, മഞ്ഞ് എന്നിവയാണ്.

മഴ :

ഏറ്റവും പ്രധാനപ്പെട്ട ഭൗമജലം മഴ ആകുന്നു. ജലതുള്ളിയുടെ രീതിയിലുള്ള ഭൗമജലത്തെ മഴ എന്ന് പറയാം. ഭൗമജലത്തിലെ മഴത്തുള്ളിയുടെ വലുപ്പം <0.5 mm വ്യാസം ഉള്ളതിനെ ചാറ്റൽ മഴയും മഴത്തുള്ളി >0.5 mm വ്യാസം ഉള്ളതിനെ മഴ എന്നും വിളിക്കാം. സാധാരണ സ്റ്റാട്രസ്റ്റ് മേഘങ്ങളിൽ നിന്ന് ചാറ്റൽ മഴ ഉണ്ടാകുന്നു.

മങ്ങിയ മഴ :

ഐസിന്റെ ചെറിയ (5 മി മീ വ്യാസം) കണികകളും ജലകണികകളുടെ മിശ്രിതരൂപവും ഭൗമജലമയി മാറുന്നതിന് മങ്ങിയ മഴ എന്ന് പറയുന്നു. ചില സമയങ്ങളിലെ അന്തീക്ഷത്തിലെ താപനില 0°C താഴെ ഒരു അടുക്കായി വീഴുമ്പോൾ വെള്ളത്തിന്റെ ഖനീഭവനാങ്കം നടക്കുന്നു. അങ്ങനെ വീഴുന്നതു കൊണ്ട് മഴവെള്ളം ഖനീഭവിച്ച് ഖരപദാർത്ഥമായും ഐസ്കണികകളായും മാറുന്നു. അതുകൊണ്ട് വെള്ളത്തുള്ളികളുടെ മിശ്രിതവും ഐസ് കണികകളും ഭൂമിയുടെ പ്രതലത്തിൽ പതിക്കും.

ഖനീഭവന മഴ :

ചില അവസരങ്ങളിൽ നിലത്തിന്റെ അടുത്ത് തണുത്ത വായുവിൽ കൂടി വീഴുന്ന മഴത്തുള്ളികൾ വായുവിൽ വച്ച് ഖനീഭവിക്കുന്നില്ല. പകരം മഴത്തുള്ളികൾ ശീതള പ്രതലത്തിൽ പതിക്കുമ്പോൾ ഖനീ ഭവിക്കുന്നു. ഇതിനെ ഖനീഭവന മഴ എന്നും ഇതിലെ മഴത്തുള്ളിയുടെ വലുപ്പം വ്യാസം ആകുന്നു.

ആലിപ്പഴം :

5 മി മീ വ്യാസത്തെക്കാൾ വലുതായ ഭൗമ ജലത്തിലെ ഐസിന്റെ ചെറിയ വൃത്ത ത്തിലുള്ള രൂപത്തെ ആലിപ്പഴം അല്ലെങ്കിൽ ആലിപ്പഴ കല്ല് എന്ന് പറയാം. ഇടിമിന്നലോടു കൂടിയ ശക്തമായ മഴ പെയ്യുമ്പോൾ കുമി ലോനിംബസ് മേഘങ്ങളിൽ ആലിപ്പഴം രൂപം കൊള്ളുന്നു. ഒരു ഐസിന്റെ ചെറിയ വൃത്ത രൂപമായി മേഘത്തിന്റെ തണുത്തമേഖലയിൽ ആലിപ്പഴ മഴ തുടങ്ങുന്നു. ആലിപ്പഴം മുകളി ലേക്കും താഴേക്കും തണുത്ത മേഖലകൾ വഴി ധാരാളം പ്രാവശ്യം ശക്തമായി മേഘത്തിന്റെ ഉള്ളിലേക്ക് ഉയർത്തപ്പെടുന്നു.

മഞ്ഞ് :

മേഘത്തിലെ നീരാവി അടിക്കടി താഴ്ന്ന താപനില കാരണം നേരിട്ട് മഞ്ഞു കട്ടയായി മാറ്റപ്പെടുന്നു. അത് കാണുന്നത് ഐസിന്റെ പൊടി രൂപത്തെ പോലെയാണ്. ഭൗമജലത്തിലെ പൊടിരൂപത്തിലുള്ള ഐസ്. കൂട്ടത്തെ മഞ്ഞ് പൊഴിയൽ എന്ന് പറയാം. ധ്രുവപ്രദേശങ്ങളിലും ഉയർന്ന മലമ്പ്രദേശങ്ങളിലും ഇത് സാധാരണമാണ്.

VIII Std - Geography Malayalam Chapter 3.indd 107 31-03-2022 16:38:02



മഴ



മങ്ങിയ മഴ



ഖനീഭവന മഴ



ആലിപ്പഴം



മഞ്ഞ്

ഭൗമജലത്തിന്റെ വ്യത്യസ്ത രൂപങ്ങൾ

ശുദ്ധീകരിക്കാത്തത്

ശുദ്ധീകരിക്കാത്ത ജലം താൽക്കാലികമായി മണ്ണിലേക്ക് ശേഖരിക്ക പ്പെടുകയും സസ്യങ്ങൾക്കും ജീവജാലങ്ങൾക്കും ലഭ്യമാവുന്നതിനു വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. മണ്ണ് വഴി ശുദ്ധീകരിക്കാത്ത മഴവെള്ളം പാറയുടെ അടിത്തട്ടിലേക്ക് ഇറങ്ങി നിലത്ത് ശേഖരിക്കപ്പെടുന്നു. ഇങ്ങനെ ശേഖരിക്കപ്പെടുന്ന വെള്ളം മലയിടുക്കുകളിൽ കൂടിയോ കുന്നിന്റെ താഴ്ന്ന പ്രദേശങ്ങളിൽ കൂടിയോ ഭൂപ്രതലത്തിൽ പതിക്കുന്നു.കുറച്ച് ജലം ഭൂമിക്കടിയിൽ തങ്ങി നിൽക്കുകയും, അതിനെ ഭൂഗർഭ ജലം എന്ന് റയുന്നു. മണ്ണിന്റെ യാന്ത്രിക സ്വഭാവങ്ങൾ, സസ്യ സമൃദ്ധമായ പ്രദേശം, മണ്ണിന്റെ ഈർപ്പ അളവ്, മണ്ണിന്റെ താപം മഴയുടെ തീവ്രത എന്നിവയാൽ ശുദ്ധീകരിക്കപ്പെടാത്തതിന്റെ നിരക്ക് സ്വാധീനിക്ക പ്പെടുന്നു ശുദ്ധീകരിക്കാത്തതും ശുദ്ധീകരിക്കുന്ന തുമായ പദങ്ങൾ മാറ്റി മാറ്റി ഇടക്ക് ഉപയോഗി ക്കാവുന്നതാണ്.

ശുദ്ധീകരിക്കാൻ കഴിയുന്നത്

ഉറവജലം പാറകളുടെയും മണ്ണിന്റെയും അടുക്കുകൾ വഴി അധോമുഖ ചലനം നടത്തു ന്നതിന് ശുദ്ധീകരിക്കൽ എന്ന് പറയുന്നു. മണ്ണിന്റെ ഉപരിതലത്തിൽ കൂടി ശുദ്ധീകരിക്കാത്തത്



ശുദ്ധീകരിക്കാൻ കഴിയാത്ത രീതി



ശുദ്ധീകരണ രീതി

നടക്കുകയും മണ്ണിന്റെ ഉപരിതലത്തിൽ നിന്ന് ചെടികളുടെ വേരുകളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. മണ്ണ് വഴിയും പാറയുടെ അടുക്കുകൾ വഴിയും ശുദ്ധീകരിക്കാത്ത ജലം മണ്ണിലേക്ക് പ്രവേശിക്കുകയും ഭൂഗർഭജലം രൂപം കൊള്ളുകയും ഉപരിതലത്തിന്റെ കവിഞ്ഞൊഴുകൽ രീതിയുടെ ഒരു ഭാഗമായി തീരുകയും ചെയ്യുന്നു. ഇങ്ങനെ ശുദ്ധീകരിക്കാത്ത രീതി സൂചിപ്പിക്കുന്നത് പൂരിത മേഖലയിലേക്ക് അപൂരിത മേഖലയിൽ നിന്ന് വെള്ളത്തിന്റെ ഒഴുക്കിനെയാണ്.

ഒഴുക്ക്

ഭൂപ്രതലത്തിന്റെ ആകർഷണത്താൽ തള്ള പ്പെടുന്ന ജലത്തെ ഒഴുക്ക് എന്ന് പറയുന്നു. അത് ഭൂഗർഭജലം ഉപരിതല ജലം എന്നിവയെ ശുദ്ധീകരിച്ച് പാറയുടെ അടിയിലെ അടു ക്കുകളിൽ വെള്ളം നിറയ്ക്കുകയോ നദികളി ലേക്കോ അരുവികളിലേക്കോ വാട്ടർ ഷെഡ്ഡു കളിലേക്കോ ചലിക്കുന്നു. മഴ, മഞ്ഞ് ഉരുകൽ, നീരൊഴുക്ക് മറ്റു സ്രോ തസ്സുകളിൽ നിന്നും വരുന്ന വലിച്ചെടുക്കാൻ സാധിക്കാത്ത വെള്ള ത്തിന്റെ വരവ് എന്നിവ ഒഴുക്ക് ഉണ്ടാകുന്നു. ജല വിനിയോഗം പോലെ ജലചക്രത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന പദാർത്ഥങ്ങൾ പടിപടിയായി വാട്ടർഷെഡ്ഡിലേക്ക് ഒഴുകുന്നു.

VIII Std - Geography Malayalam Chapter 3.indd 108 31-03-2022 16:38:03

അരിപ്പിന്റെ പ്രധാന പങ്കാളി ഒഴുക്ക് ആകുന്നു. അത് താഴ്വരകളെയും അതുമായി ബന്ധപ്പെട്ട നിലങ്ങളെ യും രൂപപ്പെടുത്തുന്നു. ഒഴുക്കിന്റെ ശക്തി മഴവെള്ളത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു. അതുമാത്രമല്ല സസ്യനി ബിഡത, സ്ഥലത്തിന്റെ ചരിവ്, മണ്ണിന്റെ ആഗിരണം എന്നിവയെയും ഒഴുക്ക് ആശ്രയിച്ചിരിക്കുന്നു. ഭൗമജലത്തിന്റെ ഏകദേശം 35% കടലിലോ സമുദ്രത്തിലോ അവസാനിക്കുകയും ബാക്കി 65% മണ്ണിലേക്ക് ആഗിരണം ചെയ്യപ്പെടുകയും ചെയ്യുന്നു.



ഒഴുക്കിന്റെ രീതികൾ

ഒഴുക്കിന്റെ തരങ്ങൾ

ഒഴുക്കിന്റെ ഉത്ഭവത്തിനും മഴവെള്ളത്തിന്റെ സാന്നിധ്യത്തിനും ഇടയിൽ ഏർപ്പെടുന്ന ഇടവേള അടിസ്ഥാനമാക്കി ഒഴുക്കിനെ 3 ആയി തിരിക്കാം.

i) **പ്രതല ഒഴുക്ക് :** മഴവെള്ളത്തിന്റെ ഭാഗമാകുന്നു ഇത്. മഴയ്ക്കുശേഷം വേഗത്തിൽ അരുവിയിലേക്ക് പ്രവേശിക്കുന്നതാണ് ഇത് മഴ നീണ്ട് പോകുന്നമ്പോഴും കഠിനമാകുമ്പോഴും ശുദ്ധീകരണമല്ലാത്തതിന്റെ നിരക്ക് കൂടുന്നു. ഈ വ്യവസ്ഥയിൽ ഭൂമി യുടെ പ്രതലത്തിൽ അധിക വെള്ളം ഒരു പ്രതലത്തെ ഏർപ്പെടുത്തുന്നു. ഈ വെള്ളം ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് നിലത്തിന്റെ അവസ്ഥ അനുസരിച്ച് ചലിക്കുമ്പോൾ അതിനെ കരകവിഞ്ഞുള്ള ഒഴുക്ക് എന്ന് പറയാം. കരകവിഞ്ഞുള്ള ഒഴുക്ക് അരുവികൾ, ചാനലുകൾ, സമുദ്രങ്ങൾ, എന്നിവയിലേക്ക് ചേരുന്നതിനെ ഉപരിതല ഒഴുക്ക് എന്ന് പറയുന്നു.

ii) ഉപരിതല ഒഴുക്ക് : ഭൂമിക്കടിയിൽ പ്രവേശിക്കുന്നതും ജലസ്തരത്തിൽ ചേരാത്തതുമായ ജലം അരുവികൾ സമുദ്രങ്ങൾ, നദികൾ എന്നിവയിലേക്കുള്ള പ്രവാഹത്തെ ഉപരിതല ഒഴുക്ക് എന്ന് പറയുന്നു. ഉപരിതല ഒഴുക്കിനെ സാധാരണയായി ആന്തരിക ഒഴുക്ക് എന്ന് പറയാം.

iii) **അടിയൊഴുക്ക് :** വെള്ള ചാനലുകളിലേക്ക് പൂരിത നിലത്തിലെ ജല മേഖലകളിൽ നിന്നു ള്ള ഭൂഗർഭജലത്തിന്റെ ഒഴുക്ക് ആകുന്നു ഇത്.ഇത് സാധാരണയായി പ്രദേശത്തെ താഴ്ന്ന അരുവികളിൽ ഏർപ്പെടുന്നു. ഭൂഗർഭജല സ്തരത്തെക്കാൾ ചാനൽ ജലം താഴ്ന്നിരി ക്കുമ്പോൾ ഇത് സംഭവിക്കുന്നു. ഭൗമജലം ഇല്ലാത്ത കാലങ്ങളിൽ ഭൂഗർഭ ജലം അരുവികളായി ഒഴുകുന്നു.

നിങ്ങൾക്ക് അറിയാമോ?

ജലചക്രത്തിന്റെ അളവു കോലിന്റെ മാത്രകൾ

- ബാഷ്പീകരണം / ഇൻറർസെപ്ഷൻ ഇൻഞ്ചസ് / സെ.മീ
- ഉറവ ജലം - inches (or) cm / hour
- ഭൗമജലം - inches (or) mm (or) cm
- ഒഴുക്ക് - inches (or) mm (or) cm
- ഒഴുക്കിന്റെ നിരക്ക് - cubic feet per second
- ഒഴുക്കിന്റെ വ്യാപ്തം - acre feet (or) cubic feet
- ശേഖരണം - cubic feet (or) acre feet

പാഠസംഗ്രഹം

- വെള്ളം ഭൂമിയിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ് എല്ലാ ചെടികൾക്കും മൃഗങ്ങൾക്കും വാഴുന്ന തിന് വെള്ളം ആവശ്യമാണ്.
- ഭൂമിയുടെ ഉപരിതലത്തിന്റെ ഏകദേശം 71% വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. ഏകദേശം 2.8% മാത്രമാണ് ശുദ്ധജലം ബാക്കിയുള്ള 97.2% ഉപ്പ് വെള്ളമായി കടലിലും സമുദ്രത്തിലും കാണാം.
- വെള്ളം സമുദ്രത്തിൽ നിന്ന് അന്തരീക്ഷത്തിലേക്കും, അന്തരീക്ഷത്തിൽ നിന്ന് നിലത്തിലേക്കും, നിലത്തിൽ നിന്ന് സമുദ്രത്തിലേക്കുമുള്ള ആഗോള സൂര്യസഞ്ചാര പ്രക്രിയയാണ് ജലചക്രം.
- ജലചക്രത്തിന് ആറ് പ്രധാനഘടകങ്ങൾ ഉണ്ട്. അവ ബാഷ്പീകരണ സസ്വസ്വേദനം, സാന്ദ്രീകരണം, ഭൗമജലം, ശുദ്ധീകരണമല്ലാത്തത്, ഒഴുക്കൽ, ശുദ്ധീകരണം എന്നിവയാണ്.
- ലോകത്തിന്റെ ചൂടുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന ഭൗമജലം മഴയുടെയോ ചാറ്റൽ മഴയുടെയോ രൂപത്തിലാണ് ഭൗമജലത്തിന്റെ സാധാരണ തരങ്ങൾ മഴ, മങ്ങിയമഴ, ഉറഞ്ഞ മഴ, ആലിപ്പഴം, മഞ്ഞ് ഇവയാണ്.
- ശുദ്ധീകരണമല്ലാത്ത ജലം മണ്ണിന്റെ പ്രതലത്തിൽ നിന്ന് മണ്ണിലേക്ക് ഇറങ്ങുകയും സസ്യങ്ങളുടെ വേരുകളിലേക്ക് ചെന്നെത്തുകയും ചെയ്യുന്നു. മണ്ണ് വഴി ശുദ്ധീകരണം നടന്ന് പാറയുടെ അടിത്തട്ടിൽ ഭൂഗർഭ ജലം രൂപം കൊള്ളുന്നു.

VIII Std - Geography Malayalam Chapter 3.indd 109 31-03-2022 16:38:03

പദപരിചയം		
Aquifer	It is an underground layer of water - bearing permeable rocks, rock fractures or unconsolidated materials (gravel, sand or silt)	ജലപാറ
Evapotranspiration	It refers to the water lost through evaporation from the water bodies and transpiration from vegetation	ബാഷ്പീകരണ സസ്യസ്വേദനം
Infiltration	the seepage of water into soil or rock	ഉറവ
Percolation	the slow movement of water through the pores in soil	മണ്ണിലെ സുക്ഷിരങ്ങൾ വഴിവെള്ളത്തിന്റെ സാവകാശ ചലനം
Precipitation	falling products of condensation in the atmosphere, as rain, snow, or hail	ഭൗമജലം
Runoff	overflow	ഒഴുക്ക്

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

1. സമുദ്രങ്ങൾ, അന്തരീക്ഷം നിലം എന്നിവയിൽ കൂടെയുള്ള ജലത്തിന്റെ ചലനരീതിയെ – വിളി ക്കുന്നത്
   a) നദിചക്രം
   b) ജലചക്രം
   c) പാറചക്രം
   d) ജീവ ചക്രം

2SQOJ

2. ഭൂമിയിലെ ശുദ്ധജലത്തിന്റെ അളവ്
   a) 71 b) 97
   c) 2.8 d) 0.6

3. വാതകരൂപത്തിൽ നിന്ന് ദ്രവരൂപത്തിലേക്ക് വെള്ളം മാറുന്നതിന് എന്ന് വിളിക്കുന്നു.
   a) സാന്ദ്രീകരണം b) ബാഷ്പീകരണം
   c) മഴ d) ഉൽപദനം

4. ഭൂഗർഭജലം, ഉപരിതലജലം എന്നിവയെ ശുദ്ധീകരിച്ച് പാറയുടെ അടിയിലെ അടുക്കുകളിൽ വെള്ളം നിറയ്ക്കുകയോ നദികളിലേക്കോ അരുവികളിലേക്കോപോകുന്നതിനെ – എന്നു പറയുന്നു
   a) സാന്ദ്രീകരണം b) ബാഷ്പീകരണം
   c) സസ്യസ്വേദനം d) ഒഴുക്ക്

5. സസ്യങ്ങളുടെ ഇലകളിൽ നിന്ന് ബാഷ്പീകരണമാകുന്നതിനെ വിളിക്കുന്നത്
   a) സസ്യസ്വേദനം b) സാന്ദ്രീകരണം
   c) നീരാവി d) ഭൗമജലം

6. മതിയാവോളം കുടിക്കാനുള്ള വെള്ളത്തെ എന്ന് വിളിക്കാം
   a) ഭൂഗർഭജലം b) ഉപരിതലജലം
   c) കുടിവെള്ളം d) ആടീഷ്യൻ ജലം

II. വിട്ടഭാഗം പൂരിപ്പിക്കുക:

1. അന്തരീക്ഷത്തിലെ നീരാവിയുടെ സാന്നിദ്ധ്യത്തിന്റെ അളവിനെ വിളിക്കുന്നത് _____.
2. ജലചക്രത്തിൽ _____ ഘട്ടങ്ങൾ ഉണ്ട്.
3. അന്തരീക്ഷത്തിൽ നിന്ന് ഭൂമിയുടെ പ്രതലത്തിലേക്ക് പതിക്കുന്ന ജലത്തിന്റെ ഏതൊരു രൂപത്തെയും വിളിക്കുന്നത് _____.
4. ഭൗമജലത്തിലെ മഴവെള്ളത്തിന്റെ വലുപ്പം <0.5mm വ്യാസത്തെ വിളിക്കുന്നത് _____.
5. _____ നേക്കാൾ നിബിഡത ഉള്ളതാണ് മൂടൽ മഞ്ഞ്.

III. യോജിപ്പിക്കുക:

1.	സസ്യജാലകം	മേഘങ്ങൾ
2.	സാന്ദ്രീകരണം	മങ്ങിയ മഴ
3.	മഞ്ഞുതുള്ളിയും മഴതുള്ളിയും	ഉപരിതലം
4.	ഉറവ	സസ്യസ്വേദനം

IV. ശരിയായ പ്രസ്താവന തിരഞ്ഞെടുത്തെഴുതുക:

1. ബാഷ്പീകരണം കുറിക്കുന്നത്
   I. വാതകരൂപത്തിലുള്ള വെള്ളം ദ്രവരൂപമായി മാറുന്ന രീതി.
   II. ദ്രവരൂപത്തിൽ നിന്ന് വാതകരൂപത്തിലേക്ക് മാറുന്ന രീതി.
   III. 100°C ൽ വെള്ളം തിളക്കുന്നു എന്നിരുന്നാലും അത് ൽ ബാഷ്പീകരണം നടക്കുന്നു.

VIII Std - Geography Malayalam Chapter 3.indd 110 31-03-2022 16:38:03

IV. മേഘരൂപീകരണത്തിന് ഉത്തരവാദികൾ.
a) I, IV, V ശരി
b) II മാത്രം ശരി
c) II ഉം III ഉം ശരി
d) എല്ലാം ശരി

V. പ്രസ്താവന ശരിയോ തെറ്റോ എന്ന് കുറിക്കുക:

1. വെള്ളം 212°F ൽ തിളക്കുകയും 32°F ൽ ബാഷ്പീകരണം തുടങ്ങുകയും ചെയ്യുന്നു.
2. വായുവിൽ തങ്ങിനിൽക്കുന്ന വെള്ളത്തിന്റെ ചെറിയ കണികളല്ല മൂടൽ മഞ്ഞ്.
3. ഉപ പ്രതലത്തിലെ ഒഴുക്ക് ആന്തര ഒഴുക്കിനെ കുറിക്കുന്നു.

VI. ചുരുക്കി ഉത്തരമെഴുതുക:

1. ജലപാറകളെ കുറിച്ച് എഴുതുക?
2. ജലചക്രത്തെ വിവരിക്കുക?
3. സാന്ദ്രീകരണത്തെ കുറിച്ച് എഴുതുക?
4. പ്രതലഒഴുക്കിനെകുറിച്ച്ചെറുകുറിപ്പെഴുതുക?

VII. കാരണം നൽകുക:

1. വെള്ളത്തെ ആഗിരണം ചെയ്യാൻ കഴിവില്ലാത്ത പ്രദേശങ്ങളിൽ ശുദ്ധീകരണം സാവകാശം നടക്കുന്നു.
2. ഭൂമിയിലെ ശുദ്ധ വെള്ളത്തിന്റെ അളവ് കുറവാകുന്നു.
3. ധ്രുവപ്രദേശങ്ങളിലും മലമ്പ്രദേശങ്ങളിലും മഞ്ഞുവീഴ്ച സാധാരണമാണ്.

VIII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക:

1. ജലചക്രത്തിന്റെ വിവിധ ഘട്ടങ്ങളെ കുറിച്ച് വിവരിക്കുക?
2. സസ്യസ്വേദനത്തിനും ബാഷ്പീകരണത്തിനും തമ്മിലുള്ള വ്യത്യാസങ്ങളെ കുറിച്ചെഴുതുക?
3. ഭൗമജലത്തിന്റെ വിവിധ നിലകളെ കുറിച്ച് വിവരിക്കുക?
4. ഒഴുക്കും അതിന്റെ തരങ്ങളെ കുറിച്ചും എഴുതുക?

പ്രവർത്തി

പടത്തിൽ നിന്നും ജലചക്രത്തിന്റെ വിട്ടുപോയ ഘടകങ്ങളെ കണ്ടെത്തുകയും ശരിയായ സ്ഥലത്ത് പൂരിപ്പിക്കുകയും ചെയ്യുക.



BOOK REFERENCES:

1. Davie, T. (2008). *Fundamentals of Hydrology* (Second Edition – Routledge Fundamentals of Physical Geography Series). Routledge - Taylor & Francis Group, New York.
2. Musy, A. and Higy, C. (2011). *Hydrology: A Science of Nature Science* Publishers, Enfield.
3. Raghunath, H.M. (2006). *Hydrology – Principles, Analysis and Design* (Revised Second Edition). New Age International (P) Limited, Publishers, New Delhi.
4. Rakhecha, P.R. and Singh, V.P. (2009). *Applied Hydrometeorology,* Springer Publishing Company, Dordrecht and Capital Publishing Company, New Delhi.
5. Viessman, W. (Jr), Lewis, G.L. (2003). *Introduction to Hydrology* (Fifth Edition). Prentice-Hall of India Private Limited, New Delhi.

INTERNET RESOURCES

1. http://www.fao.org/docrep/X0490E/x0490e04.htm.
2. https://www.sciencelearn.org.nz (University of Waikato).
3. https://cals.arizona.edu/azmet/etowhat1.pdf.
4. https://pmm.nasa.gov/education/sites/default/files/lesson_plan_files/evaporation_investigation_lesson_plan.pdf.
5. https://www.watereducation.org/aquapedia-background/runoff.

VIII Std - Geography Malayalam Chapter 3.indd 111 31-03-2022 16:38:04

യൂണിറ്റ് - 4

കുടിയേറ്റവും നഗരവത്കരണവും



പഠന ലക്ഷ്യങ്ങൾ

- കുടിയേറ്റത്തിന്റെ അർത്ഥം, കാരണങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുക.
- കുടിയേറ്റത്തിന്റെ തരങ്ങൾ അറിയുക.
- നഗരവത്കരണത്തിന്റെ ആശയം വിവരിക്കുക.
- നഗരവത്കരണത്തിന്റെ ഉത്ഭവവും വളർച്ചയും മനസ്സിലാക്കുക.
- നഗരവത്കരണത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുക.

HQFEJ

ആമുഖം

രാജേഷും സുരേഷും ഒരു സ്കൂളിൽ ചേർന്ന പുതിയ വിദ്യാർത്ഥികളായിരുന്നു.എട്ടാം ക്ലാസ്സിലെ സെക്ഷൻ A യിലേക്ക് അവരെ അനുവദിച്ചു. ക്ലാസ് ടീച്ചറും ക്ലാസ്സിലെ മറ്റു വിദ്യാർത്ഥികളും അവരെ സ്വാഗതം ചെയ്തു. ടീച്ചർ പറഞ്ഞു, നിങ്ങൾക്ക് ഇന്ന് രണ്ട് പുതിയ ചങ്ങാതിമാരെ ലഭിക്കാൻ പോകുന്നു. അതിനാൽ നിങ്ങൾ എല്ലാവരും മറ്റുള്ള വരെ പരിചയപ്പെടുന്ന അവസരത്തിൽ നിങ്ങളുടെ പേരും സ്ഥലവും പറയുക. ആദ്യത്തെ ബെഞ്ചിൽ നിന്നാണ് അവർ ആരംഭിച്ചത്. രാജേഷും സുരേഷും രണ്ടാം ബെഞ്ചിൽ ഇരിക്കുകയായിരുന്നു. സ്വയം പരിചയപ്പെടുത്താൻ രാജേഷിന്റെ ഊഴം സമാഗതമായി. ഞാൻ രാജേഷാണ്. എന്റെ അമ്മയെ ഈ സ്കൂളിലേക്ക് മാറിയതിനാൽ ഞങ്ങൾ ചെന്നൈയിൽ നിന്ന് കൃഷ്ണഗിരിയിലേക്ക് കുടിയേറി. അടുത്ത ഊഴം സുരേഷിന്റേതായിരുന്നു. ഞാൻ സുരേഷ്, പുതുപട്ടി എന്ന ഗ്രാമത്തിൽ നിന്ന് വരുന്നു, അത് സ്കൂളിൽ നിന്ന് 5 കിലോമീറ്റർ അകലെയാണ്. മാഡം രാജേഷ് ഉപയോഗിച്ച മൈഗ്രേഷൻ എന്നതിന്റെ അർത്ഥം ദയവായി പറയുക. ടീച്ചർ പറഞ്ഞു, അതെ ഈ പാഠത്തിൽ നിന്ന് നിങ്ങൾ അതിനെക്കുറിച്ച് വിശദമായി പഠിക്കാൻ പോകുന്നു.

കുടിയേറ്റം

കുടിയേറ്റത്തെക്കുറിച്ച് വ്യത്യസ്ത വിദഗ്ധർ വ്യത്യസ്തമായി നിർവചിച്ചിരിക്കുന്നു. പൊതുവെ, കുടിയേറ്റത്തെ സ്ഥിരമായ അല്ലെങ്കിൽ അർദ്ധസ്ഥിരമായ ഒരു വ്യക്തിയുടെയോ ഒരു കൂട്ടം ആളുകളുടെയോ താമസസ്ഥലം ഗണ്യമായ ദൂരത്തിലായിരിക്കും. അതിനാൽ കുടിയേറ്റം എന്ന പദം ഒരു സ്ഥലത്ത് നിന്ന് മറ്റൊരിടത്തേക്ക് ജനങ്ങൾ മാറുന്നതിനെ സൂചിപ്പിക്കുന്നു.



കുടിയേറ്റം

ഐക്യരാഷ്ട്ര സംഘടനയുടെ നിർവചനം: കുടിയേറ്റം എന്നത് ഒരു സ്ഥലത്തിനും മറ്റൊരു സ്ഥലത്തിനും ഇടയിലുള്ള ജനസംഖ്യയുടെ ഭൂമിശാസ്ത്രപരമായ ചലനാത്മകതയുടെ ഒരു രൂപമാണ്.

സാമൂഹ്യശാസ്ത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശങ്ങളിലൊന്നാണ് ഹ്യൂമൻ മൈഗ്രേഷൻ. അത് മനുഷ്യരാശിയുമായി അതിന്റെ ആദ്യഘട്ടം മുതൽതന്നെ അടുത്ത ബന്ധം പുലർത്തിയിട്ടുണ്ട്.മനുഷ്യജീവിതത്തിന്റെ തുടക്കം മുതൽ പ്രധാനപ്പെട്ട ചലനാത്മക മനുഷ്യ

VIII Std - Geography Malayalam Chapter 4.indd 112 31-03-2022 16:46:25



പ്രവർത്തനങ്ങൾ കുടിയേറ്റത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ആരംഭകാലത്തിൽ ആളുകൾ ഭക്ഷണം തേടി ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് മാറി. ഭൂരിഭാഗം ആളുകളും വനത്തിൽ താമസിക്കുന്നത് അവസാനിപ്പിക്കുകയും നാഗരികത സ്വീകരിക്കുകയും ചെയ്തപ്പോൾ അവർ വളർത്തു മൃഗങ്ങളുമായും ഫലഭൂയിഷ്ഠ ഭൂമിയിമായും ബന്ധം വളർത്തി. തത്ഫലമായി ജനങ്ങൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കുടിയേറി കാർഷിക തൊഴിലിൽ വ്യാപൃതതായി.

കുടിയേറ്റത്തിനുള്ള ഘടകങ്ങൾ

മനുഷ്യരുടെ കുടിയേറ്റത്തിന് കാരണമാകുന്ന നിരവധി ഘടകങ്ങളുണ്ട് ഈ ഘടകങ്ങളെ. അനുകൂലവും പ്രതികൂലവുമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം. (1) ഒരു സ്ഥലലത്തേക്ക് ജനങ്ങളെ ആകർഷിക്കുന്ന അനുകൂലഘടകങ്ങളെ നിർബന്ധിത ഘടകങ്ങൾ എന്ന് വിളിക്കുന്നു. (2) ആളുകളെ ഒരു സ്ഥലത്തു നിന്ന് പുറത്തേക്ക് മാറ്റാൻ കാരണമാകുന്ന പ്രതികൂലമായ ഘടകങ്ങളെ പ്രേരകഘടകങ്ങൾ എന്ന് വിളിക്കുന്നു.

മനുഷ്യ കുടിയേറ്റത്തിന് കാരണമായ വിവിധ കാരണങ്ങൾ അഞ്ച് ഗ്രൂപ്പുകളായി താഴെപറയുന്ന രീതിയിൽ തരംതിരിച്ചിരിക്കുന്നു.

a) കുടിയേറ്റത്തിന്റ പാരിസ്ഥിതിക അല്ലെങ്കിൽ സ്വാഭാവിക കാരണങ്ങൾ

ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന കാരണങ്ങൾ സ്വാഭാവികമാണ്.അവയിൽ അഗ്നിപർവ്വത സ്ഫോടനം,ഭൂകമ്പം,വെള്ളപ്പൊക്കം വരൾച്ച എന്നിവ ഉൾപ്പെടുന്നു.ഈ സംഭവങ്ങൾ മനുഷ്യരെ അവരുടെ സ്വന്തം സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്ക് മാറിതാമസിക്കുന്നതിന് പ്രേരിപ്പിക്കുന്നു. ജലസ്രോതസ്സുകളുടെ ലഭ്യത, അപകടങ്ങളില്ലാത്ത പ്രദേശങ്ങൾ, മലിനീകരണം തുടങ്ങിയ അവസ്ഥകൾ കുടിയേറ്റക്കാരെ ആകർഷിക്കുന്നു.

b) കുടിയേറ്റത്തിന്റ സാമ്പത്തിക കാരണങ്ങൾ

ഒരു പ്രദേശത്ത് നിന്ന് മറ്റൊരിടത്തേക്കുള്ള മനുഷ്യ കുടിയേറ്റത്തിന്റ പ്രധാന കാരണങ്ങളിലൊന്നാണ് സമ്പത്ത്വ്യവസ്ഥ. വിവിധ സാമ്പത്തിക കാരണങ്ങൾ കുടിയേറ്റത്തിന്റ നിലയും ദിശയും നിർണ്ണയിക്കുന്നു. ഫലഭൂയിഷ്ഠമായ കാർഷിക ഭൂമിയുടെ ലഭ്യത, തൊഴിലവസരങ്ങൾ സാങ്കേതിക വിദ്യയുടെ വികസനം, തുടങ്ങിയവ കുടിയേറ്റത്തെ ആകർഷിക്കുന്ന ചില സാമ്പത്തിക കാരണങ്ങളാണ്.കൊടിയ ദാരിദ്ര്യവും തൊഴിലില്ലായ്മയും ജനങ്ങളെ അവരുടെ ജന്മസ്ഥലങ്ങളിൽ നിന്ന് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്ന സ്ഥലങ്ങളിലേക്ക് മാറാൻ പ്രേരിപ്പിക്കുന്നു.

VIII Std - Geography Malayalam Chapter 4.indd 113 31-03-2022 16:46:25

നിർബന്ധിത ഘടകങ്ങൾ	പ്രേരകഘടകങ്ങൾ
പ്രകൃതിദത്തകാരണങ്ങൾ	
കുറഞ്ഞ അപകടസാധ്യതയുള്ള മേഖലകൾ	അപകടസാധ്യതയുള്ള മേഖലകൾ
അനുകൂലമായ കാലാവസ്ഥ	കാലാവസ്ഥ വ്യതിയാനം (including extreme weather events)
പ്രകൃതി വിഭങ്ങളുടെയും ധാതുക്കളുടെയും സമൃദ്ധി. (ഉദാ: ജലം, ഇന്ധനം, യൂറേനിയം)	കൃഷി പരാജയവും ക്ഷാമവും
സാമ്പത്തികകാരണങ്ങൾ	
തൊഴിൽ സാധ്യത	തൊഴിലില്ലായ്മ
സാമൂഹ്യ–സാംസ്കാരിക കാരണങ്ങൾ	
സാമൂഹിക ഏകീകരണം	സാമൂഹിക വിവേചനം
ജനസംഖ്യാ കാരണങ്ങൾ	
ആനുപാതീക ജനസംഖ്യ	ജനസംഖ്യ വിസ്ഫാടനം
രാഷ്ട്രീയ കാരണങ്ങൾ	
രാഷ്ട്രീയ സുരക്ഷ	യുദ്ധം, സിവിൽ, അശാന്തി
സ്വാതന്ത്ര്യം	സുരക്ഷ (വംശീയമോ സാംസ്കാരിയയമോആയ)
താങ്ങുന്നതും ആക്സസ് ചെയ്യാവുന്നതുമായ നഗര സേവനങ്ങൾ (ഉദാ: ആരോഗ്യസംരക്ഷണം വിദ്യാഭ്യാസം, യൂട്ടിലിറ്റികൾ, ഗതാഗതം, വിനോദം എന്നിവ).	അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അല്ലെങ്കിൽ പരിമതമായ നഗര സേവനങ്ങൾ (ഉദാ: ആരോഗ്യസംരക്ഷണം വിദ്യാഭ്യാസം, യൂട്ടിലിറ്റികൾ, ഗതാഗതം, ജലം, വിനോദം ഉൾപ്പെടെ).

ലോകജനസംഖ്യയിലെ മേഖലകളുടെയും അന്തർദേശീയകുടിയേറ്റക്കാരുടെയും ഉത്ഭവം 2017

ക്രമ നമ്പർ	മേഖലയുടെ പേര്	മൊത്ത ജനസംഖ്യ	ആഗോള ജനസംഖ്യാ ശതമാനം	അന്തർദേശീയ കുടിയേറ്റക്കാരുടെ ഉത്ഭവം	അന്തർദേശീയ കുടിയേറ്റക്കാരുടെ ശതമാനം
1	ആഫ്രിക്ക	1,256,268	16.6	36,266	14.1
2	ഏഷ്യ	4,504,428	59.7	105,684	41.0
3	യൂറോപ്പ്	742,074	9.8	61,191	23.7
4	ലാറ്റിൻ അമേരിക്കയും കരീബയനും	645,593	8.6	37,720	14.6
5	വടക്കേ അമേരിക്ക	361,208	4.8	4,413	1.7
6	ഓഷ്യാനിയ	40,691	0.5	1,880	0.7
7	അജ്ഞാതം (അറിയപ്പടാത്തത്)	ഇല്ല	ഇല്ല	10,560	4.1
8	**ലോകം**	**7,550,262**	**100.0**	**257,715**	**100.0**

ഉറവിടം: അന്തർദേശീയകുടിയേറ്റ റിപ്പോർട്ട് 2017**, ഐക്യരാഷ്ട്ര സഭ.**

VIII Std - Geography Malayalam Chapter 4.indd 114 31-03-2022 16:46:25

c) കുടിയോറ്റത്തിന്റെ സാമൂഹിക സാംസ്കാരിക കാരണങ്ങൾ

കുടിയോറ്റപ്രക്രിയയിൽ സാമൂഹിക സാംസ്കാരിക കാരണങ്ങളും പങ്ക് വഹിക്കുന്നു. വിവാഹത്തിനുശേഷമിള്ള സ്ത്രികളുടെ കുടി യേറ്റവും തീർത്ഥാടന കാലവുമായി ബന്ധപ്പെട്ട കുടിയേറ്റവും സാമൂഹിക സാംസ്കാരിക ആചാര ങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.



കുടിയോറ്റത്തിന്റെ സാമൂഹികസാംസ്കാരിക കാരണങ്ങൾ

d) കുടിയോറ്റത്തിന്റെ സാമൂഹിക സാംസ്കാരിക കാരണങ്ങൾ

കുടിയേറ്റത്തിന്റെ ജനസംഖ്യാപരമായ കാര ണങ്ങൾ. ജനസംഖ്യാപരമായ അർത്ഥത്തിൽ പ്രായം, ലിംഗം, ജനസംഖ്യാഘടന, ജനസംഖ്യാ വർദ്ധനവ് തുടങ്ങിയവ കുടിയേറ്റത്തിന്റെ മുഖ്യ കാരണങ്ങളാകുന്നു. മറ്റുപ്രായപരിധിയിലുള്ളവരെ ക്കാൾ മുതിർന്നവരാണ് കൂടുതൽ കുടിയേറ്റക്കാർ എന്നത് എല്ലാവർക്കും അിറയാവുന്ന വസ്തുതയാ ണ്. വിവാഹശോഷം സ്ത്രീകൾ കൂടുതലും കുടി യേറുന്നു. പൊതുവായി ജനസംഖ്യ കൂടുതലാ ണെങ്കിൽ നിർബന്ധിതഘടങ്ങളായും ജനസംഖ്യ കുറവാണെങ്കിൽ പ്രേരകഘടകങ്ങളായും കുടിയേ റ്റത്തിന്റെ പശ്ചാതലത്തിൽ പരിഗണിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

യുറോപ്പ്, വടക്കേ അമേരിക്ക, ഓഷ്യാനിയ, ലാറ്റിൻ അമേരിക്ക, കരീബിയൻ എന്നിവിടങ്ങളിലെ പുരുഷ കുടിയേറ്റക്കാരെക്കാൾ കുടുതലാണ് സ്ത്രീ കുടിയേറ്റക്കാർ. ആഫ്രിക്ക ഏഷ്യ പ്രത്യേകിച്ച് പടിഞ്ഞാറൻ ഏഷ്യ എന്നിവിടങ്ങളിൽ കുടിയേറ്റക്കാർ പ്രധാന മായുംപുരുഷന്മാരാണ്.

e) കുടിയേറ്റത്തിന്റെ രാഷ്ട്രീയ കാരണങ്ങൾ

വ്യത്യസ്ത രാഷ്ട്രീയ കാരണങ്ങളായ കോളനി വൽക്കരണം, യുദ്ധം,സർക്കാർ നയങ്ങൾ, മുതലായവ എല്ലായ്പ്പോഴും മനുഷ്യരുടെ കാലാനു സൃതമായ കുടിയേറ്റത്തിന് പങ്ക് വഹിക്കുന്നു. പണ്ടുകാലം മുതലുള്ള കുടിയേറ്റത്തിന്റെ എടുത്തു പറയത്തക്ക കാരണങ്ങളിലൊന്നാണ് യുദ്ധം.

കുടിയേറ്റത്തിന്റെ തരങ്ങൾ

കുടിയേറ്റം പല മാർഗ്ഗങ്ങളിലൂടെ വേർതിരി ക്കാൻ കഴിയും. കുടിയേറ്റം താഴെ പ്പറയുന്ന രീതി യിൽ തരം തിരിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ ഉൽഭവത്തിൽ 2017ൽ ഇന്ത്യ വലിയ രാജ്യമായി കരുതപ്പെടു ന്നു. (17 മില്ല്യൻ) തൊട്ടടുത്തായി മെക്സികോ (13 മില്ല്യൻ) (അന്താരാഷ്ട്ര കുടി യേറ്റ റിപ്പോർട്ട്, 2017).

a) ഭരണപരമായ പരിധികളുമായി ബന്ധ പ്പെട്ട പ്രസ്ഥാനത്തെ അടിസ്ഥാനമാക്കി.

(i) ആന്തരിക കുടിയേറ്റം: ഒരു രാജ്യത്തിനു ള്ളിലെ ആളുകളുടെ സഞ്ചാരത്തെ ആന്തരിക കുടിയേറ്റം എന്നു വിളിക്കുന്നു.

കുടിയേറ്റക്കാരുടെ ഉത്ഭവസ്ഥലത്തിന്റെയും ലക്ഷ്യസ്ഥാനത്തിന്റെയും അടിസ്ഥാനത്തിൽ ആന്തരിക കുടിയേറ്റത്തെ നാല് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഗ്രാമീണ നഗരകുടിയേറ്റം. പ്രധാനമായും തൊഴിൽ, വിദ്യാഭ്യാസം, വിനോദ സൗകര്യങ്ങൾ എന്നിവ അന്വേ ഷിച്ച് ഗ്രാമപ്രദേശങ്ങളിൽ നിന്ന് വളരുന്ന പട്ടണങ്ങളിലേക്കും നഗരങ്ങളിലേക്കുമുള്ള ജനങ്ങളുടെ കുടിയേറ്റമാണ് 2.നഗരത്തിൽ നിന്ന് നഗരത്തിലേക്കുള്ള കുടിയേറ്റം. നഗര കേന്ദ്രങ്ങളിൽ കൂടുതൽ തൊഴിൽ വരുമാനം അന്വേഷിച്ച് ആളുകൾ ഒരു നഗരം വിട്ട് മറ്റൊരു നഗരത്തിലേക്ക് കുടിയേറുന്നത് നഗരത്തിൽ നിന്ന് നഗരത്തിലേക്കുള്ള കുടിയേറ്റം എന്നു അറി യപ്പെടുന്നു. 3. ഗ്രാമം വിട്ട് ഗ്രാമത്തിലേക്കുള്ള കുടിയേറ്റം. കൃഷിക്ക് അനുയോജ്യമായ ഫലഭൂ യിഷ്ഠമായ മണ്ണ്, വിവാഹം പോലുള്ള സാമൂഹ്യ ശാസ്ത്രപരമായ ഘടകങ്ങൾ മനുഷ്യരെ ഗ്രാമ ത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേക്ക് നയിക്കു ന്നു. ഇത്തരത്തിലുള്ള കുടിയേറ്റം ഗ്രാമം വിട്ട് ഗ്രാമത്തിലേക്കുള്ള കുടിയേറ്റം എന്നറിയപ്പെടുന്നു. 4. നഗരത്തിലുള്ള ഗ്രാമീണ കുടിയേറ്റം. നഗര പ്രശ്നങ്ങളിൽ നിന്ന് മുക്തി നേടുന്നതിനും ജോലിയിൽ നിന്ന് വിരമിച്ച ശേഷം സ്വദേശ ങ്ങളിലേക്ക് മടങ്ങുന്നതിനുമായി ആളുകൾ നഗരം വിട്ട് ഗ്രാമങ്ങളിലേക്ക് മാറുന്നു. ഇത്തരത്തി ലുള്ളകുടിയേറ്റം നഗരത്തിലുള്ള ഗ്രാമീണ കുടി യേറ്റം എന്നറിയപ്പെടുന്നു. ഇത് സാധാരണമായ ഒരു കുടിയേറ്റം ആകുന്നു.

VIII Std - Geography Malayalam Chapter 4.indd 115 31-03-2022 16:46:27

(ii) അന്താരാഷ്ട്ര കുടിയേറ്റം: ദേശീയ അതിർത്തി കടന്നുള്ള കുടിയേറ്റത്തെ അന്താരാഷ്ട്ര കുടിയേറ്റം എന്ന് വിളിക്കുന്നു.

b) കുടിയേറ്റത്തിനായുള്ള കുടിയേറ്റക്കാരുടെ സന്നദ്ധതയെ അടിസ്ഥാനമാക്കി.

(i) സ്വമേധയായുള്ള കുടിയേറ്റം: മെച്ചപ്പെട്ട സ്ഥലത്ത് താമസിക്കാനും അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സാധ്യമാവുകയാണെങ്കിൽ ആ സ്ഥലത്ത് ആളുകൾ കുടിയേറ്റം നടത്തപ്പെടുന്നു. ഇത്തരത്തിലുള്ള കുടിയേറ്റം സ്വമേധയാ ഉള്ള കുടിയേറ്റം ആകുന്നു.

(ii) സ്വമേധയാ അല്ലാതെ അല്ലങ്കിൽ നിർബന്ധിത കുടിയേറ്റം: കുടിയേറ്റക്കാരുടെ ഇഷ്ടത്തിന് വിരുദ്ധമായി അനിയന്ത്രിതമായ കുടിയേറ്റം നടക്കുകയാണെങ്കിൽ അത് അനിയന്ത്രിതമായ കുടിയേറ്റം എന്നു വിളിക്കുന്നു.യുദ്ധം പോലുള്ള പ്രേരകഘടകങ്ങൾ ആളുകളെ ഒരു സ്ഥലത്ത് നിന്ന് സ്വമേധയാ മറ്റൊരു സ്ഥലത്തേക്ക് കുടിയേറാൻ പ്രേരിപ്പിച്ചേക്കാം.

c) ലക്ഷ്യ സ്ഥാനത്ത് കുടിയേറുന്നവരുടെ കാലാവധിയെ അടിസ്ഥാനമാക്കി.

(i) ഹ്രസ്വകാല കുടിയേറ്റം: ഇത്തരത്തിലുള്ള കുടിയേറ്റക്കാർ ഉത്ഭവസ്ഥലത്തേക്ക് മടങ്ങുന്നതിന് മുൻമ്പ് ഒരു ഹ്രസ്വകാലത്തേക്ക് മാത്രമായി മാറി താമസിക്കുന്നു. കാലാവധി കുറച്ച് ദിവസം ദിവസം മുതൽ കുറച്ച് മാസം വരെയാകാം.

(ii) ദീർഘകാല കുടിയേറ്റം : ഇത് ഒരു തരം കുടിയേറ്റമാണ്. കുടിയേറ്റക്കാർ കുറച്ച് വർഷം സ്വന്തം സ്ഥലം വിട്ട് പുറമെ താമസം തുടരുകയാണെങ്കിൽ അത് ദീർഘകാല കുടിയേറ്റം ആകുന്നു.

(iii) കാലാനുസൃതമായ കുടിയേറ്റം : ഇത്തരത്തിലുള്ള കുടിയേറ്റത്തിൽ സാധാരണയായി ഒരുകൂട്ടം ആളുകൾ ഒരു പ്രത്യേക സീസണിൽ സ്വന്തം സ്ഥലങ്ങളിൽ നിന്ന് കുടിയേറുകയും. ആ സീസൺ അവസാനിച്ചതിനു ശേഷം സ്വന്തം സ്ഥലത്തേക്ക് തിരിച്ചു വരുകയും ചെയ്യുന്നു. വേനൽക്കാലത്ത് മലമ്പ്രദേശങ്ങളിലേക്ക് കുടിയേറുന്നവരും കാർഷിക മേഖലയിലേക്കുള്ള കാർഷിക തൊഴിലാളികളുടെ കുടിയേറ്റവും ഈ വിഭാഗത്തിലുൾപ്പെടുന്നു. കാലാനുസൃതമായ കുടിയേറ്റത്തിന്റെ മറ്റൊരു ഉദാഹരണമാണ് ട്രാൻസ്ഹ്യൂമർ.



ലോകമെമ്പാടുമുള്ള അന്തർദേശീയ കുടിയേറ്റക്കാരുടെ എണ്ണത്തിൽ സമീപ കാലത്തായി അതിവേഗത്തിലുള്ളവളർച്ചകാണപ്പെടുന്നു. 2017ൽ 258ദശലക്ഷവും, 2000ൽ 173 ദശലക്ഷവും ആയിരുന്നു. (അന്തർദേശീയ കുടിയേറ്റ റിപ്പോർട്ട് 2017)

കുടിയേറ്റത്തിന്റെ പരിണിത ഫലങ്ങൾ

കുടിയേറ്റത്തിന്റെ ഉത്ഭവ മേഖലയും ലക്ഷ്യ സ്ഥാനത്തെയും ഇത് ബാധിക്കുന്നു. കുടിയേറ്റത്തിന്റെ പ്രധാന ഫലങ്ങൾ താഴെ പറയുന്നവയാണ്.

a) ജനസംഖ്യാപരമായ പ്രത്യാഘാതങ്ങൾ : ഇത് ജനസംഖ്യയുടെ പ്രായവും ലിംഗഭേദവും മാറ്റുന്നു.വിവാഹശേഷമുള്ള സ്ത്രീകളുടെ കുടിയേറ്റം ഉറവിട പ്രദേശങ്ങളിലെ ലിംഗാനുപാതം വർദ്ധിപ്പിക്കാനും ലക്ഷ്യ സ്ഥാനങ്ങളിലെ ലിംഗാനുപാതം വർദ്ധിപ്പിക്കനും ഇടയാകുന്നു. ജോലിതേടിയുള്ള പുരുഷ തൊഴിലാളികളുടെ കുടിയേറ്റം ഉറവിട പ്രദേശങ്ങളിലെ ആശ്രിത അനുപാതം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

b) സാമൂഹിക പ്രത്യാഘാതങ്ങൾ : വിവിധ പ്രദേശങ്ങളിൽ നിന്ന് ഒരു നഗരപ്രദേശത്തേക്ക് ആളുകൾ കുടിയേറുന്നത് ബഹുജന സമൂഹത്തിന്റെ രൂപീകരണത്തിലേക്ക് നയിക്കുന്നു. ഇത് ഇടുങ്ങിയ ചിന്താഗതിയിൽ നിന്ന് ആളുകളെ മുക്തരാക്കാനും മാനുഷികത നിലനിർത്താനും പ്രേരകമാകുന്നു.

c) സാമ്പത്തീക പ്രത്യാഘാതങ്ങൾ : കൂടുതൽ ആളുകളുള്ള പ്രദേശങ്ങളിൽ നിന്ന് ജനസംഖ്യ കുറവുള്ള പ്രദേശങ്ങളിലേക്ക് കുടിയേറുന്നത് റിസോഴ്സ് പോപ്പുലേഷൻ അനുപാതത്തിന്റെ അസന്തുലിതാവസ്ഥക്ക് കാരണമാകുന്നു.ചില സാഹചര്യങ്ങളിൽ ജനസംഖ്യയിൽ കുടുതലും കുറവുമുള്ള പ്രദേശങ്ങൾ ഒപ്റ്റിമൽ ജനസംഖ്യയുടെപ്രദേശത്തെ ജനസംഖ്യയുടെ തൊഴിൽഘടനയെ സ്വാധീനിച്ചേക്കാം. ഇതിലൂടെ ഇത് പ്രദേശങ്ങളുടെ സമ്പദ് വ്യവസ്ഥയെയും ബാധിക്കും. കുടിയേറ്റത്തിന്റെ ആന്തരഫലമാണ് ബ്രയിൻ ഡ്രെയിൻ. മെച്ചപ്പെട്ട അവസരങ്ങൾ തേടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ വികസിത രാജ്യങ്ങളിലേക്ക് മാറുന്ന കുടിയേറ്റത്തെയാണ് ബ്രയിൻ ഡ്രെയിൻ എന്നു പറയുന്നത്. ഒടുവിൽ ഇത് ഉറവിട പ്രദേശങ്ങളിലെ പിന്നോക്കാവസ്ഥയിലേക്ക് നയിക്കുന്നു.ഇതിനെ ബാക്ക്വാഷ് ഇഫക്റ്റ് എന്ന് വിളിക്കുന്നു.

VIII Std - Geography Malayalam Chapter 4.indd 116 31-03-2022 16:46:27

d) പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ : ഗ്രാമങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേക്കുള്ള ആളുകളുടെ വർദ്ധിച്ച തോതിലുള്ള കുടിയേറ്റം നഗരങ്ങളിൽ ജനപ്പെരുപ്പത്തിന് കാരണമാകുന്നു. മാത്രമല്ല വിഭവങ്ങളിൽ കനത്ത സ്വാധീനം ചെലുത്തുന്നു. ഇത് നഗരങ്ങളിലെ ധ്രുത ഗതിയിലുള്ള വളർച്ചയിലേക്ക് നയിക്കുന്നു. നഗരപ്രദേശങ്ങളിലെ ജനസംഖ്യ വർദ്ധനവ് വായു,ജലം,മണ്ണ് എന്നിവയുടെ മലിനികരണത്തിലേക്ക് നയിക്കന്നു. കുടിവെള്ള പ്രശ്നം, പാർപ്പിടത്തിനുള്ള സ്ഥലക്കുറവ്, ഗതാഗതക്കുരുക്ക്, വ്യത്തിഹീനമായ അഴുക്കുചാൽ എന്നിവയാണ് നഗര പ്രദേശങ്ങളിൽ നിലനിൽക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ. പാർപ്പിടത്തിനുള്ള സ്ഥലത്തിന്റെ അഭാവവും സ്ഥല ക്രയവിക്രയങ്ങളുടെ ചെലവ് വർദ്ധിക്കുന്നതും ചേരികളും രൂപികരണത്തിലേക്ക് നയിക്കുന്നു.

നഗരവൽക്കരണം

പട്ടണങ്ങളിലും നഗരങ്ങളിലും ജനസംഖ്യയുടെ അനുപാതത്തിൽ വർദ്ധനവുണ്ടാകുന്ന പ്രക്രിയയെ നഗരവൽക്കരണം സൂചിപ്പിക്കുന്നു.



നഗരവൽക്കരണം

നഗരവൽക്കരണത്തിന്റെ കാരണങ്ങൾ



നഗരവൽക്കരണം മൂന്ന് ഘടകങ്ങളാൽ നയിക്കപ്പെടുന്നു. പ്രകൃതിദത്ത ജനസംഖ്യാവർദ്ധനവ്,ഗ്രാമീണ നഗരകുടിയേറ്റം, ഗ്രാമപ്രദേശങ്ങളെ നഗരപ്രദേശങ്ങളിലേക്ക് പുനർവിന്യസിക്കൽ. നഗരവൽക്കരണത്തിൽ ജനസംഖ്യാശാസ്ത്രം, ഭൂപടലം, സാമ്പത്തിക പ്രക്രിയകൾ,ഭൂമിശാസ്ത്രപരമായ പ്രദേശത്തിന്റെ സവിശേഷതകൾ എന്നിവ ഉൾപ്പെടുന്നു.



2017ൽ ചരിത്രത്തിലാദ്യമായി ആഗോള നഗര ജനസംഖ്യ ആഗോളഗ്രാമീണ ജനസംഖ്യയെ മറികടക്കുന്നു. അതിനുശേഷം ലോക ജനസംഖ്യ പ്രധാനമായും നഗരങ്ങളിൽ കൂടുതലായി തുടരുന്നു. (ലോക നഗരവൽക്കരണ സാധ്യതകൾ, 2014 പുനരവലോകനം, പ്രസക്ത ഭാഗങ്ങൾ)

ലോക നഗരവൽക്കരണത്തിന്റെ ഉത്ഭവവും വളർച്ചയും

ലോകത്തിലെ നഗരവൽക്കരണപ്രക്രിയ്ക്ക് ഒരു നീണ്ട ചരിത്രമുണ്ട്.

പുരാതന കാലഘട്ടം : ചരിത്രാതീത കാലഘട്ടത്തിന്റെ വികസനസമയത്ത് (10000 വർഷങ്ങൾക്ക് മുമ്പ്) നഗരകേന്ദ്രങ്ങളാരംഭിച്ചു. ഈ കാലയളവിൽ പ്രാകൃത മനുഷ്യർ സസ്യങ്ങളെയും മൃഗങ്ങളെയും പരിപാലിക്കുവാൻ തുടങ്ങി. സ്ഥിരമായ വാസസ്ഥലങ്ങളുടെ വികസന കാലഘട്ടമായിരുന്നു അത്. ഈജിപ്ത്, ഗ്രീസ്, എന്നിവിടങ്ങളിൽ നദീ തട പ്രദേശങ്ങൾ കാർഷിക സമൂഹങ്ങളായി മാറി. ഇത് ഒടുവിൽ നഗര സമൂഹങ്ങൾ രൂപികൃതമാകുന്നതിന് കാരണമായി. ഭക്ഷ്യധാന്യങ്ങളുടെ അമിത ഉല്പ്പാദനമാണ് നഗരവൽക്കരണത്തിന് പ്രധാന കാരണം. മെസപ്പൊട്ടേമിയയിലെ ഉർ,ബാബിലോൺ, ഈജിപ്തിലെ തീബ്സ്, അലക്സാൻട്രിയ, ഗ്രീസിലെ ഏഥൻസ്, ഇന്ത്യയിലെ ഹരപ്പ, മൊഹൻജെദാരോ എന്നിവ ചരിത്രാതീത കാലത്തെ നഗരങ്ങളാണ്.

പുരാതന കാലഘട്ടത്തിൽ ഗ്രീക്കുകാരുടെയും റോമാക്കാരുടെയും മഹത്തായ കോള നിവത്ക്കരണത്താൽ നഗര കേന്ദ്രങ്ങളുടെ എണ്ണത്തിലും വർദ്ധനവുണ്ടായി. ഏഴാം നുറ്റണ്ടിന്റെ തുടക്കത്തിൽ തന്നെ ഈജിയൻ കടലിനടുത്ത് നിരവധി നഗരങ്ങൾ കണ്ടെത്തി. ഗ്രീക്ക് കോള നിവത്ക്കരണ കാലഘട്ടത്തൽ വ്യാപാരത്തിന്റെ വ്യാപനം പട്ടണങ്ങളുടെയും നഗരങ്ങളുടെയും വളർച്ചയെ പ്രോൽസാഹിപ്പിച്ചു.



2018നും 2050നും ഇടയിൽ ലോക നഗരങ്ങളിലെ വളർച്ചയുടെ 35% ഇന്ത്യയും ചൈനയും നൈജീരിയയും നേടുമെന്ന് പ്രതീക്ഷിക്കുന്നു.ഇന്ത്യയിലെ നഗരവാസികൾ 416 ദശലക്ഷം, നൈജീന189 ദശലക്ഷം, (ലോക നഗരവൽക്കരണസാധ്യതകൾ 2018 മുഖ്യ വസ്തുതകൾ).

VIII Std - Geography Malayalam Chapter 4.indd 117 31-03-2022 16:46:27



ഹരപ്പായിലെ ഒരു നഗരം

മധ്യകാലഘട്ടം: പതിനൊന്നാം നൂറ്റാണ്ടിനു ശേഷമുള്ള കാലഘട്ടത്തെ ഇത് സൂചിപ്പിക്കുന്നു. ഈ കാലയളവിൽ യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ വിദേശവ്യാപാരം വർധിപ്പിച്ചു. താഴ്ന്ന നിലവാരത്തിൽ വികസനത്തിന് ശേഷം പട്ടണങ്ങളുടെയും നഗരങ്ങളുടെയും പുനരുജ്ജീവനത്തിൽ പ്രധാന പങ്കുവഹിക്കുന്നു. പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പാരീസ്, ലണ്ടൻ, ജനീവ, മിലാൻ, വെനീസ് എന്നിവയാണ് യൂറോപ്പിൽ കണ്ടെത്തിയ പ്രധാന നഗരങ്ങൾ.



ആധുനിക കാലഘട്ടം : ഈ കാലഘട്ടം 17 -ാം നൂറ്റാണ്ടിൽ ആരംഭിക്കുന്നു. ഇത് നഗരവൽക്കരണത്തിന്റെ മൂന്നാം ഘട്ട വികസനത്തെക്കുറിക്കുന്നു. 19-ാം നൂറ്റാണ്ടിലെ വ്യവസായിക വിപ്ലവം പട്ടണങ്ങളുടെയും നഗരങ്ങളുടെയും വളർച്ചയെ ത്വരിതപ്പെടുത്തുന്നു. നഗര നാഗരികതയുള്ള യൂറോപ്യൻ വടക്കേ അമേരിക്ക, സോവിയറ്റ് യൂണിയൻ എന്നിവടങ്ങളിൽ പട്ടണങ്ങളുടെ ഉദയത്തിന് കകാരണമായി. ആധുനിക കാലഘട്ടത്തിലെ ഗതാഗതവും വാർത്താവിനിമയവും 19-ാം നൂറ്റാണ്ടിലെ പുതിയ വാണിജ്യ റൂട്ടുകളുടെ വികസനവും വ്യാപാരകേന്ദ്രങ്ങളെയും നഗര പ്രദേശങ്ങളെയും ശക്തിപ്പെടുത്തി. നഗരവൽക്കരണത്തിന്റെ ഏറ്റവും പുതിയ വികസനം ആഫ്രിക്ക ഭൂഖണ്ഡത്തിൽ കാണപ്പെടുന്നു. 1930 ന് മുമ്പ് ആഫ്രിക്കയിലെ തീരപ്രദേശങ്ങളിൽ പട്ടണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ നിലവിലുള്ള 50 പട്ടണങ്ങളിൽ ജനസംഖ്യ 10,00,000-ൽ കൂടുതലാണ്. കെയ്റോ, തെയ്റോബി,മൊംബാസാ, ബുലവായോ, ഡുവാലാ, അബിഡിയൻ, ലോഗോകൾ,അക്ര, അഡിസ് അബ്ല, ലിയോപോൾഡ്വില്ലെ, ലുവാണ്ട, കേപ് ടൗൺ, നതാൽ, പ്രിട്ടോറിയ എന്നിവ ആഫ്രിക്കയിലെ പ്രധാന നഗരങ്ങൾ ആകുന്നു. അങ്ങനെ ആധുനിക യുഗത്തിൽ ത്വരിതപ്പെടുത്തുന്ന നഗരവൽക്കരണം ലോകമെമ്പാടുമുള്ള ജനസംഖ്യയുടെ പുനർവിതരണത്തിന് കാരണമാകുന്നു.



ആധുനിക നഗരവൽക്കരണം

നിങ്ങൾക്ക് അറിയാമോ?

1950ൽ ലോക ജനസംഖ്യയുടെ 30% നഗരവാസികളായിരുന്നു. 2050 ആകുമ്പോഴേക്കും ലോക ജനസംഖ്യയുടെ 60% നഗരവാസികളായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു (ലോക നഗരവൽക്കരണ സാധ്യതകൾ 2018 പ്രധാന വസ്തുതകൾ).

ലോക നഗരവൽക്കരണം

ക്രമ നമ്പർ	പ്രദേശത്തിന്റെ പേര്	നഗര ജനസംഖ്യ %ൽ
1	വടക്കേഅമേരിക്ക	82
2	ലാറ്റിൻ അമേരിക്കയും കരീബിയനും	81
3	യൂറോപ്പ്	74
4	ഓഷ്യാനിയ	68
5	ഏഷ്യ	50
6	ആഫ്രിക്ക	43
ലോക ശരാശരി		**55**

ഉറവിടം : ലോക നഗരവൽക്കരണ സാധ്യതകൾ, 2018, പുനരവലോകനം, പ്രധാന വസ്തുതകൾ

ലോകത്തിലെ മികച്ച അഞ്ച് നഗരങ്ങൾ

ക്രമ നമ്പർ	നഗരത്തിന്റെ പേര്	ജനസംഖ്യ മാല്യനിൻ
1	ടോക്കിയോ *(ജപ്പാൻ)*	37
2	ഡെൽഹി *(ഇന്ത്യ)*	29
3	ഷാൻഗായ് *(ചൈന)*	26
4	മെക്സിക്കോ നഗരം *(മെക്സിക്കോ)*	22
5	സാവോപോളോ *(ബ്രസീൽ)*	22

ഉറവിടം : ലോക നഗരവൽക്കരണ സാധ്യതകൾ, 2018, പുനരലോകനം,പ്രധാന വസ്തുതകൾ)

നഗവൽക്കരണത്തിന്റെ അനന്തര ഫലങ്ങൾ

VIII Std - Geography Malayalam Chapter 4.indd 118 31-03-2022 16:46:28

നഗരവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ

a) പാർപ്പിടവും ചേരികളും : പാർപ്പിടത്തിനുള്ള സ്ഥലക്കുറവും നഗര പ്രദേശങ്ങളിലെ ഗുണനിലവാരമുള്ള ഭവനങ്ങളുടെ അപര്യാപ്തതയും ജനസംഖ്യാവർദ്ധനവ് മൂലം നഗരങ്ങളിൽ ഏർപ്പെടുന്നു. വരുംകാലങ്ങളിൽ ഈ പ്രശ്നം വർദ്ധിച്ചേക്കാം. നഗരവൽക്കരണത്തിന്റെ ദ്രുതഗതിയിലുള്ളനിരക്ക് ചേരികളുടെ വികാസത്തിന് കാരണമായി.



ചേരികൾ

b) അമിതമായ ജനക്കൂട്ടം: അമിതമായ ജനക്കൂട്ടം നഗരപ്രദേശങ്ങളിൽ അനാരോഗ്യകരമായ അന്തരീക്ഷത്തിലേക്ക് നയിക്കുന്നു. പല രോഗങ്ങൾക്കും കലാപങ്ങൾക്കും ഇത് കാരണമാകുന്നു.

c) ജല വിതരണം, ഡ്രെയിനേജ്, ശുചിത്വം: ലോകത്ത് ഒരു നഗരത്തിലും ഒരേ രീതിയിലുള്ള ജലവിതരണം ഇല്ല. ഡ്രെയിനേജ് സ്ഥിതിയും ഒരു പോലെ മോശമാണ്. മാലിന്യം നീക്കം ചെയ്യുന്നത് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭാരിച്ച ഒരു ജോലിയാണ്.

d) ഗതാഗതവും ട്രാഫിക്കും: നഗരകേന്ദ്രങ്ങളിലെ മറ്റൊരു പ്രശ്നമാണ് ഗതാഗതത്തിനും ട്രാഫിക്കിനും വേണ്ടത്ര ആസൂത്രിതവും മതിയായതുമായ ക്രമീകരണങ്ങളുടെ അഭാവം; ഇരുചക്രവാഹനങ്ങളുടെയും കാറുകളുടെയും എണ്ണത്തിലുള്ള വർദ്ധനവ് ട്രാഫിക് പ്രശ്നം കൂടുതൽ വഷളാക്കുന്നു. അവ വായുമലിനീകരണത്തിനും കാരണമാകുന്നു.

e) മലിനീകരണം: പരിസ്ഥിതിയുടെ പ്രധാന മലിനീകരണം നടക്കുന്നത് പട്ടണങ്ങളിലും നഗരങ്ങളിലുമാണ്. നിരവധി നഗരങ്ങൾ മലിന ജലവും വ്യാവസായിക മാലിന്യങ്ങളും സമീപത്തെ നദികളിലേക്ക് പുറന്തള്ളുന്നു. നഗരകേന്ദ്രങ്ങളിലെയും പരിസരങ്ങളിലെയും വ്യവസായ സ്ഥാപനങ്ങൾ പുറന്തള്ളുന്ന പുകയും വിഷവാതകങ്ങളും അന്തരീക്ഷത്തെ മലിനമാക്കുന്നു.

പുനർവിചിന്തനം

- ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കുള്ള സാധാരണകുടിയേറ്റ രീതി.
- കുടിയേറ്റം നടക്കുന്നത് സ്വാഭാവികവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ജനസംഖ്യാശാസ്ത്രവും രാഷ്ട്രീയവുമായ കാരണങ്ങളാലാണ്.
- ഗ്രാമീണ നഗരകുടിയേറ്റം, ജനസംഖ്യയുടെ സ്വാഭാവിക വളർച്ച, ഗ്രാമപ്രദേശങ്ങളെ നഗരപ്രദേശങ്ങളിലേക്ക് പുനർവിന്യസിക്കൽ എന്നിവയെല്ലാം നഗരവൽക്കരണത്തിന് കാരണമാകുന്നു.
- നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പ്രധാനമായും ജനസംഖ്യാവർദ്ധനവ്, അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ, വ്യാവസായിക പുരോഗതി എന്നിവയാണ്. ഒപ്പം വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും.

പദപരിചയം

Migrant	The person who migrates from one place to another.	**പ്രവാസി**
Emigration	A migration in which an individual or a group move out from home country.	**കുടിയേറിപ്പാർപ്പ്**
Emigrant	An international migrant departing to another country by crossing the international boundary	**അന്യദേശവാസി**
Immigration	A migration in which a person or group of people move into a new country	**(കുടിയേറ്റം)**
Immigrant	An international migrant who enters into an area from a place outside the country	**വൈദേശികൻ**
Push factors	The factors which force the people to move out from their native places.	**നിർബന്ധിത ഘടകങ്ങൾ**
Pull factors	The factors which attract people from outside into a place.	**പ്രേരക ഘടകങ്ങൾ**
Transhumance	It is also called Seasonal Migration, where pastoral farmers move with their herds seasonally or periodically between plains and mountains.	**കാലാനുസൃത കുടിയേറ്റം**

VIII Std - Geography Malayalam Chapter 4.indd 119 31-03-2022 16:46:29

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

1. ആളുകൾ പ്രധാനമായും മെച്ചപ്പെട്ട ജോലികൾ തേടി _____ൽ നിന്ന് _____ലേക്ക് പോകുന്നു.
   a) ഗ്രാമം മുതൽ നഗരം
   b) നഗരം വിട്ട് ഗ്രാമം
   c) മലമ്പ്രദേശം വിട്ട് സമതലം
   d) സമതലം വിട്ട് മലമ്പ്രദേശം

2. ഒരു വ്യക്തി സ്വന്തം രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് കുടിയേറുന്നത്_____.
   a) കുടിയേറ്റക്കാരൻ b) അഭയാർത്ഥി
   c) വൈദേശികൻ d) അന്യദേശവാസി

3. ഫലഭൂയിഷ്ഠമായ കാർഷിക മേഖല അന്വേഷിച്ചുള്ള കുടിയേറ്റം_____.
   a) ഗ്രാമം വിട്ട് ഗ്രാമം b) ഗ്രാമം വിട്ട് നഗരം
   d) നഗരം വിട്ട് ഗ്രാമം d) നഗരം വിട്ട് നഗരം

4. മനുഷിക കുടിയേറ്റത്തിന്റെ കാരണങ്ങളിലൊന്നായ യുദ്ധം_____എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു.
   a) ജനസംഖ്യാശാസ്ത്രം
   b) സാമൂഹിക-സാംസ്കാരിക
   c) രാഷ്ട്രീയപരമായ
   d) സാമ്പത്തികപരമായ



5. ചരിത്രാതീത കാലഘട്ടത്തിലെ നഗരവത് കരണത്തിന്റെ വികസനത്തിനുള്ള പ്രധാന കാരണം _____.
   a) ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം
   b) കന്നുകാലി വളർത്തൽ
   c) മത്സ്യ ബന്ധനം
   d) വേട്ടയാടൽ

II. വിട്ടഭാഗം പൂരിപ്പിക്കുക:

1. നഗരവൽക്കരണം നിർണ്ണയിക്കുന്നത് _____ ഘടകങ്ങളുടെ എണ്ണം അനുസരിച്ചാണ്.
2. ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന പ്രധാന നിർബന്ധിത ഘടകം _____.
3. ലോകത്തിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ നഗര ജനസംഖ്യ _____മെട്രോപൊളിറ്റൻ നഗരത്തിലാണുള്ളത്.
4. ഒരു വ്യക്തിയുടെ സ്വതന്ത്ര ഇച്ഛാശക്തിയും മെച്ചപ്പെട്ട സ്ഥലത്ത് ജീവിക്കാനുള്ള ആഗ്രഹവും അടിസ്ഥാനമാക്കിയുള്ള കുടിയേറ്റം _____.
5. ആധുനിക കാലത്ത് നഗരവികസനം _____ന്റെ വികസനം ത്വരിതപ്പെടുത്തി.

III. യോജിപ്പിക്കുക:

1. കുടിയേറിതാമസം	-	ആഭ്യന്തര കുടിയേറ്റം
2. കുടിയേറ്റം	-	പ്രവാസി കുടിയേറ്റം
3. പ്രേരക ഘടകം	-	തൊഴിലില്ലായ്മ
4. നിർബന്ധിത ഘടകം	-	സാമൂഹ്യ-സാംസ്കാരിക കുടിയേറ്റം
5. വിവാഹം	-	തൊഴിലവസരം

IV. താഴെ പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് പറയുക:

1. ചേരികൾ സാധാരണയായി നഗരങ്ങളിൽ കാണപ്പെടുന്നു.
2. സമൂഹ കുടിയേറ്റം ആധുനിക കാലഘട്ടത്തിൽ കാണപ്പെടുന്നില്ല
3. നഗരവൽക്കരണ പ്രക്രിയയ്ക്ക് ഒരു ഹ്രസ്വചരിത്രമുണ്ട്
4. പരിസ്ഥിതി മലിനീകരണം പ്രധാനമായും നഗരങ്ങളിലും പട്ടണങ്ങളിലുമാണ് നടക്കുന്നത്.
5. ട്രാൻസ്ഹ്യൂമൻസിനെ കാലാനുസൃത കുടിയേറ്റം എന്നു വിളിക്കുന്നു.

V. തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് തന്നിരിക്കുന്നവയിൽ നിന്ന് ശരിയായത് തിരഞ്ഞെടുക്കുക:

1. **പ്രസ്താവന (A)** : നഗരവൽക്കരണം എന്നത് പ്രധാനമായും ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള ആളുകളുടെ സഞ്ചാരമാകുന്നു.

   കാരണം (R) : ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കുള്ള കുടിയേറ്റം അത്ര പ്രബലമല്ല.

   a) A ശരിയാണ് പക്ഷേ R തെറ്റാണ്.
   b) Aയും R ഉം തെറ്റാണ്.
   c) Aഉം R ഉം ശരിയാണ്.
   d) A തെറ്റ് R ശരി

VI. താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് സംക്ഷിപ്തമായി ഉത്തരം നൽകുക:

1. 'കുടിയേറ്റം' നിർവചിക്കുക.
2. ഗ്രാമീണ നഗര കുടിയേറ്റത്തിന്റെ കാരണങ്ങൾ എന്തെക്കെയാണ്?
3. പാരിസ്ഥിതിക അല്ലെങ്കിൽ പ്രകൃതി കുടിയേറ്റത്തിന്റെ കാരണങ്ങൾ എഴുതുക.
4. കുടിയേറ്റത്തിന്റെ രണ്ട് പ്രേരകഘടകങ്ങൾ ഏതെല്ലാം?
5. നഗരവൽക്കരണം എന്നാൽ എന്താണ്?
6. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നാല് നഗരങ്ങൾ ഏതെല്ലാം?

VIII Std - Geography Malayalam Chapter 4.indd 120 31-03-2022 16:46:29

VII. താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക

1. വിവിധ തരം കുടിയേറ്റങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.
2. കുടിയേറ്റത്തിന്റെ വിവിധ കാരണങ്ങളെ കുറിച്ച് വിവരിക്കുക
3. നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ എന്തെല്ലാം? വിശദീകരിക്കുക

VIII. ഭൂപട പഠനം:

ലോക ഭൂപടത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക

1. ടോക്കിയോ
2. ന്യൂഡൽഹി
3. മെക്സിക്കോ നഗരം
4. ഷാൻഗായ്
5. സാവോപോളോ
6. ഓഷ്യാനിയ
7. ലാറ്റിൻഅമേരിക്ക
8. പാരിസ്
9. ലണ്ടൻ
10. കെയ്റോ

IX. പ്രവർത്തനങ്ങൾ:

1. നിങ്ങളുടെ പ്രദേശത്തിലെ ആളുകളുടെ കുടിയേറ്റത്തിനുള്ള കാരണങ്ങളെ കുറിച്ച് വിശകലനം ചെയ്യുക.
2. നഗരവൽക്കരണത്തിന്റെ ഫലങ്ങൾ സംബന്ധിച്ച് ചിത്രങ്ങളും വിവരണങ്ങളും ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

REFERENCE BOOKS

1. Maurya, S.D. – 2012, *Human Geography,* Allahabad, Prayag Pustak Bhawan.
2. Husain, M. – 2012, *Human Geography*, Jaipur, Rawat Publications.
3. United Nations – 2014, *World Urbanisation Prospects 2014 Revision*, Highlights, Department of Economic & Social Affairs, Population Division.
4. United Nations – 2017, *International Migration Report 2017,* Highlights, Department of Economic & Social Affairs.
5. United Nations – 2018, *World Urbanisation Prospects 2018 Revision*, Key facts, Department of Economic & Social Affairs, Population Division.



ICT കോർണർ

കുടിയേറ്റവും നഗരവത്കരണവും

ഈ പ്രവർത്തനത്തിലൂടെ അന്താരാഷ്ട്ര കുടിയേറ്റത്തിന്റെ മൊത്തം സംഖ്യയെ കുറിച്ച് നിങ്ങൾക്ക് അറിയാം.



വഴി – 1 ബ്രൗസർ തുറന്ന് താഴെ കൊടുത്തിട്ടുള്ള URL ടൈപ്പ് ചെയ്യുക(അല്ലെങ്കിൽ) QR കോഡ് സ്കാൻ ചെയ്യുക.

വഴി – 2 ഇടതുവശത്തെ മെതു വഴി ഏതെങ്കിലും ഒരു രാജ്യം തിരഞ്ഞടുക്കുക (ഉദാ: ഇന്ത്യ)

വഴി – 3 ഇന്ത്യയിലെ കുടിയേറ്റത്തിന്റെ അവസ്ഥയെകുറിച്ച് അറിയുന്നതിന് ഇടതുവശത്തെ മെനുവിൽ കാലരേഖ വലിച്ചിടുക.

Web URL: https://migrationdataportal.org/latest

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം.,

*ബ്രൗസർ ആവശ്യമാണെങ്കിൽ ഫ്ളാഷ് പ്ലാർ അല്ലെങ്കിൽ ജാവ സ്ക്രിപ്റ്റ് അനുവദിക്കുക പാഗ് ലോഡ് ചെയ്യുന്നതിന്.

VIII Std - Geography Malayalam Chapter 4.indd 121 31-03-2022 16:46:29

യൂണിറ്റ് - 5

ദുരന്തങ്ങൾ





പഠനലക്ഷ്യങ്ങൾ

- അപകടം, ദുരന്തം, മഹാദുരന്തം എന്നിവയുടെ അർത്ഥം മനസിലാക്കുക.
- വിവിധതരം അപകടങ്ങളെപ്പറ്റിയും അവയുടെ കാരണങ്ങളും ഫലങ്ങളും വിവരിക്കുക.
- അപകടങ്ങളെക്കുറിച്ചും അനുബന്ധപ്രതിരോധ നടപടികളെക്കുറിച്ചുള്ള അവബോധം വളർത്തുക.

ആമുഖം

ടീച്ചർ : ഗുഡ് മോർണിങ്ങ് വിദ്യാർത്ഥികളെ.

വിദ്യാർത്ഥികൾ : ഗുഡ് മോർണിങ് ടീച്ചർ.

ടീച്ചർ : ഇന്ന് എല്ലാവരും ക്ലാസ്സിൽ ഹാജരാണോ?

കൃതിക : ഇല്ല, ടീച്ചർ, ശ്രുതി ഇന്നു വന്നിട്ടില്ല.

ടീച്ചർ : എന്തുകൊണ്ടാണ് അവൾ ഇന്ന് വരാത്തത്?

പവിത്ര : ടീച്ചർ,അവൾക്ക് എന്തു സംഭവിച്ചുവെന്ന് അറിയില്ലേ?

ടീച്ചർ : ഇല്ല പ്രിയകുട്ടികളെ, അവൾക്ക് എന്തുപറ്റി?

തെഷ്മിത : ടീച്ചർ, ഇന്നലെ വീട്ടിലേക്കു മടങ്ങുമ്പോൾ കനത്തമഴയെ തുടർന്നു മരത്തിന്റെ ശാഖയിൽ തട്ടി അവൾക്ക് പരിക്കേറ്റു

ടീച്ചർ : ഓ എന്റെ ദൈവമേ.... എന്തൊരു ദയനീയത കുട്ടികളെ, അപകടങ്ങളിൽ നിന്നുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ നിങ്ങളെല്ലാവരും വളരെ ശ്രദ്ധാലുക്കളായിരിക്കണം

കമലേഷ് : ടീച്ചർ,ഹസാർഡ്സ്എന്നതുകൊണ്ട് നീ എന്താണ് അർത്ഥമാക്കുന്നത്. ബെൽജിയത്തിന്റെ ഫുഡ്ബോൾ കളിക്കാരൻ ഹസാർഡ് ആണോ?

ടീച്ചർ : ഇല്ലാ...ഇല്ലാ - ജീവനുള്ളതും ജീവനില്ലാത്തതുമായ ഭൂമിയിലെ വസ്തു വകകൾക്ക് ബാധിക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ച് പഠിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ ദിവസം ഇന്നാണെന്ന് ഞാൻ മനസിലാക്കുന്നു

ദുരന്തങ്ങൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഭൂമിയിലെ ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുകയും ഈ വർദ്ധനവ് മുമ്പത്തേതിനെക്കാൾ ആരോഗ്യപരമായ പല മാറ്റങ്ങൾക്ക് കാരണമാവുകയും ചെയ്തു. അതേ സമയം ജനങ്ങൾ നേരിടുന്ന അപകടങ്ങളെക്കുറിച്ചുള്ള അവബോധത്തിന്റെ അഭാവവും ഉണ്ടായിരുന്നു.ഇത് മനസ്സിൽ വെച്ചുകൊണ്ട് അപകടങ്ങളെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനായി വിവിധതരത്തിലുള്ള അപകടങ്ങളെ പരിചയപ്പെടുത്താനാണ് ദുരന്തങ്ങൾ എന്നുള്ള ഈ പാഠഭാഗം.

വസ്തുക്കൾക്കോ, വ്യക്തികൾക്കോ ആളുകൾക്കോ സാമ്പത്തിക ആസ്തികൾക്കോ ഭീഷണി ഉയർത്തുന്നതിനും അപകടത്തിനും കാരണമാകുന്നതുമായ പ്രതിഭാസത്തിനെ ദുരന്തം എന്ന് നിർവ്വചിക്കാം.ദുരന്തത്തിനു കാരണമാകുന്ന

VIII Std - Geography Malayalam Chapter 5.indd 122 06/04/2024 16:25:26

ഘടകങ്ങൾ മനുഷ്യനിർമ്മിതമോ പരിസ്ഥിതിയിൽ സ്വാഭാവികമായി സംഭവിക്കുന്നതോ ആകാം. ഹസാർഡ്(ദുരന്തം) എന്ന വാക്കിന്റെ ഉത്ഭവം പഴയ ഫ്രഞ്ചു ഭാഷയിൽ ഹസാർട്ട് എന്ന വാക്കിനോടു കടപ്പെട്ടിരിക്കുന്നു. അതിനർത്ഥം ഡൈസ് ഗെയിം എന്നാണ് (അറബിയിൽ-അസ്-സഹർ എന്നും, സ്പാനിഷിൽ അസർ).

സമൂഹം പലതരം അപകടങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും ഒരു പ്രദേശത്തെ സമൂഹത്തെ ഏറ്റവും ഗുരുതരമായി ബാധിക്കുന്ന ഭീഷണികളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

നിങ്ങൾക്ക് അറിയാമോ?

പ്രകൃതിയാലുണ്ടാകുന്ന ആപത്ത് ഒരു സ്വാഭാവിക പ്രക്രീയയും സംഭവവുമാണ്. അത് മനുഷ്യജീവനും സ്വത്തിനും ഭീഷണിയാണ്. പ്രകൃതിക്ഷോഭങ്ങൾ സ്വയം ഉണ്ടാകുന്നതല്ല. മനുഷ്യർ ഭൂമിയിൽ ഉണ്ടാക്കുന്ന പ്രവർത്തനങ്ങളുടെ ഫലങ്ങളാണ്.

ഒരു നിർദ്ദിഷ്ട പ്രദേശത്ത് പരിമിതമായ സമയപരിധിക്കുള്ളിൽ സംഭവിക്കുന്നതും സ്വത്ത് നഷ്ടപ്പെടുന്നതും വലിയനാശ നഷ്ടമുണ്ടാക്കുന്നതുമായ അപകടകരമായ സംഭവമാണ് ദുരന്തം.

ദുരന്തങ്ങളോ മഹാദുരന്തങ്ങളോ ഉണ്ടായാൽ അതിനെ അതിജീവിക്കുവാൻ ഗണ്യമായ പണച്ചെലവും വീണ്ടെടുക്കലിനായി വളരെക്കാലവും ആവശ്യമായി വരുന്നു.

ദുരന്തങ്ങളുടെ തരങ്ങൾ

ചില അപകടങ്ങൾ പതിവായി സംഭവിക്കുന്നതും ജനങ്ങൾക്ക് ഭീഷണിയാകുന്നതുമാണ്. അപകടങ്ങളെ വ്യത്യസ്ത രീതിയിൽ തരം തിരിക്കാം.

I. കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഭവങ്ങൾ.

II. ഉത്ഭവത്തെ അടിസ്ഥാനമാക്കി.

I. കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഭവങ്ങൾ

ദുരന്തങ്ങളുടെ തീവ്രത അനുസരിച്ച് ഇവയെ മൂന്നായി തരം തിരിച്ചിരിക്കുന്നു. പ്രകൃതി ദുരന്തങ്ങൾ, മനുഷ്യനിർമ്മിത ദുരന്തങ്ങൾ,സമൂഹികപ്രകൃതി അപകടങ്ങൾ.

1. പ്രകൃതി ദുരന്തങ്ങൾ: പ്രകൃതിദുരന്തങ്ങൾ സ്വാഭാവികപ്രക്രിയയുടെ ഫലങ്ങളാണ്. അത്തരം അപകടങ്ങളിൽ മനുഷ്യനു പങ്കില്ല. ഭൂകമ്പം, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, വരൾച്ച, മണ്ണിടിച്ചിൽ,സുനാമി, അഗ്നിപർവതസ്ഫോടനങ്ങൾ എന്നിവ പ്രകൃതി ദുരന്തങ്ങൾക്ക് ഉത്തമ ഉദാഹരണങ്ങളാണ്.



പ്രകൃതി ദുരന്തങ്ങൾ

2. മനുഷ്യനിർമ്മിത അപകടങ്ങൾ: മനുഷ്യന്റെ അഭികാമ്യമല്ലാത്ത പ്രവർത്തനങ്ങൾ മൂലമാണ് ഇവ സംഭവിക്കുന്നത്.വ്യാവസായിക രാസചോർച്ച അല്ലെങ്കിൽ എണ്ണചോർച്ച അതുമല്ലെങ്കിൽ മനപൂർവ്വമുള്ള പ്രവർത്തികൾ മൂലവും അപകടത്തിന് കാരണമാകാറുണ്ട്. ഇത്തരം അപകടങ്ങൾ സുരക്ഷയെ തടസ്സപ്പെടുത്തുകയും ആരോഗ്യം, ജനങ്ങളുടെ ക്ഷേമം, സ്വത്തിന് നാശമുണ്ടാക്കൽ, എന്നിവയ്ക്കും കാരണമാകുന്നു. മനുഷ്യ നിർമ്മിത അപകടങ്ങൾക്ക് ഉദാഹരണം ഇനിപറയുന്നവയാണ്. സ്ഫോടനങ്ങൾ, അപകടകരങ്ങളായ മാലിന്യങ്ങൾ വായുമലിനീകരണം, ജലം, ഭൂമി എന്നിവയിലെ മലിനീകരണം,അണക്കെട്ടുകളുടെ തകർച്ച, യുദ്ധങ്ങൾ, ആഭ്യന്തരകലഹങ്ങൾ ഭീകരവാദം മുതലായവ.



മനുഷ്യനിർമ്മിത അപകടങ്ങൾ

3. സാമൂഹിക പ്രകൃതി ദുരന്തങ്ങൾ: പ്രകൃതി ശക്തികളുടെയും മനുഷ്യന്റെ തെറ്റായ പ്രവർത്തനങ്ങളുടെയും സംയോജിതഫലങ്ങളാണ് സാമൂഹിക പ്രകൃതി ദുരന്തങ്ങൾ. ചില ഉദാഹരണങ്ങൾ ഇവയാണ്.

- വിവേചനരഹിതമായി മരങ്ങൾ വെട്ടിമാറ്റുന്നതുമൂലം വെള്ളപ്പൊക്കത്തിന്റെയും

VIII Std - Geography Malayalam Chapter 5.indd 123 06/04/2024 16:25:28

വരൾച്ചയുടെയും ആവൃത്തിയും തീവ്രതയും വർദ്ധിച്ചേക്കാം. നദീതീരങ്ങളിൽ മണ്ണിടിച്ചലിനു കാരണമാകുന്ന പ്രകൃതിദത്ത ശക്തികളും പ്രത്യേകിച്ച് നദിയുടെ നീരൊഴുക്കൽ പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ കാരണം അഘാതം വർദ്ധിപ്പിക്കുന്നു.

- പർവ്വത പ്രദേശങ്ങളിൽ റോഡുകൾ, വീടുകൾ എന്നിവയുടെ നിർമ്മാണം തുരങ്കം ഖനനം പാറപ്പൊട്ടിക്കൽ എന്നിവയും മണ്ണിടിച്ചലിനു കാരണമാകാറുണ്ട്.
- കണ്ടൽക്കാടുകളുടെ നശീകരണം കൊടുങ്കാറ്റിന്റെ അഹാരം വർദ്ധിപ്പിച്ചു.
- മിക്ക വലിയ നഗര പ്രദേശങ്ങളിലും പുക മഞ്ഞ് ഗുരുതരമായ പ്രശ്നമാണ് വാഹനങ്ങളുടെ പുക, വ്യവസായശാലകളിൽ നിന്നുള്ള പുക മരം കൽക്കരി എന്നിവയുടെ ജ്വലനം മൂലം ഉണ്ടാകുന്നു. മൂടൽമഞ്ഞ് എന്നിവ മൂടൽ മഞ്ഞിലേയ്ക്ക് നയിക്കുന്നു.

II. ഉത്ഭവങ്ങളുടെ അടിസ്ഥാനത്തിൽ

അപകടങ്ങളെ എട്ടു വിഭാഗങ്ങളായി തരംതിരിക്കാം

1. **അന്തരീക്ഷ ദുരന്തം** – ഉഷ്ണ മേഖലകൊടുങ്കാറ്റ്, ഇടിമിന്നൽ, മിന്നൽ ചുഴലിക്കാറ്റ്, ഹിമപാതം, ഉഷ്ണതരംഗങ്ങൾ, മൂടൽമഞ്ഞും കാട്ടുതീയും
2. **ഭൂതത്വശാസ്ത്ര സംബന്ധമായ** – ഭൂകമ്പം, സുനാമികൾ, മണ്ണിടിച്ചൽ, ഭൂമി ഇടിഞ്ഞു താഴൽ.
3. **ജലസംബന്ധമായ അപകടങ്ങൾ** – വെള്ളപ്പൊക്കം വരൾച്ച, തീരദേശമണ്ണൊലിപ്പ്, കൊടുങ്കാറ്റ് എന്നിവ.
4. **അഗ്നി പർവ്വത സ്പോടനം മൂലമുണ്ടാകുന്ന അപകടങ്ങൾ** – വിസ്പോടനം മൂലം ലാവ ഒഴുകുന്നു.
5. **പാരിസ്ഥിതിക ദുരന്തം** – മണ്ണ് മലിനീകരണം വായു, ജല മലിനീകരണം മരുഭൂമികരണം ആഗോളതാപനം, വനനശീകരണം തുടങ്ങിയവ.
6. **ജൈവീക അപകടം** – ചൂടു പനി, വസൂരി, എയ്ഡ്സ് (എച്ച് ഐ വി) കൊലയാളി തേനീച്ച.
7. **സാങ്കേതിക അപകടം** – അപകടകരമായ വസ്തുക്കൾ മൂലമുണ്ടാകുന്ന സംഭവങ്ങൾ, അഗ്നി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത (പാലങ്ങൾ, തുരങ്കങ്ങൾ, അണക്കെട്ടുകൾ) അണുസ്പോടനം, വികിരണം മുതലായവ മൂലമുണ്ടാകുന്ന അപകടങ്ങൾ.
8. **മനുഷ്യപ്രേരിത അപകടങ്ങൾ** – തിവ്രവാദം, കൂട്ടവെടിവെപ്പ്, യുദ്ധം, ഗതാഗത അപകടങ്ങൾ ബോംബുസ്പോടനം, ക്രമസമാധാനലംഘനം.

ഇന്ത്യയിലുണ്ടാകുന്ന പ്രധാന ദുരന്തങ്ങൾ

ഭൂകമ്പങ്ങൾ

ഭൂകമ്പം ഭൂമിയുടെ ഉപരിതലത്തിലുണ്ടാകുന്ന അക്രമാസക്തമായ തരംഗങ്ങൾ മൂലമുണ്ടാകുന്ന ചലനമാണ് ഇത് അതിന്റെ ഉത്ഭവ സ്ഥലത്തു നിന്ന് എല്ലാ ദിശകളിലേയ്ക്കും നിരവധി അഹാത തരംഗങ്ങൾ അയയ്ക്കുന്നു.

ഭൂകമ്പസാധ്യതയുള്ള പ്രദേശങ്ങൾ ഭൂകമ്പവുമായി ബന്ധപ്പെട്ട ശാസ്ത്രീയ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. ഭൂകമ്പത്തിന്റെ പ്രഭവസ്ഥാനത്തുനിന്ന് എല്ലാ ദിശകളിലേയ്ക്കും നിരവധി അഹാത തരംഗങ്ങൾ അയയ്ക്കുന്നു. പണ്ട് കാലങ്ങളിൽ ഭൂകമ്പം സംഭവിച്ചിട്ടുള്ള പ്രദേശങ്ങളിലെ പ്രത്യേകതകൾ മന സ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് രാജ്യത്തെ ന ാലു ഭൂകമ്പമേഖലകളായി തരം തിരിച്ചിരിക്കുന്നു. മേഖല മേഖല മേഖല മേഖല (ഇന്ത്യയുടെ ഒരു പ്രദേശത്തെയും മേഖല എന്ന് തരംതിരിച്ചിട്ടില്ല.

ഇന്ത്യയിലെ ഭൂകമ്പസാധ്യതയുള്ള മേഖലകൾ



(ഉറവിടം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് ന്യൂഡൽഹി)



ഭൂകമ്പങ്ങൾ

VIII Std - Geography Malayalam Chapter 5.indd 124 06/04/2024 16:25:29

ഇന്ത്യയിലെ ഭൂകമ്പ മേഖലകൾ

ഭൂകമ്പ മേഖല	അപകട മേഖല	ഭൂകമ്പ സാധ്യതയുള്ള മേഖലകൾ
അഞ്ചാം മേഖല	വളരെ ഉയർന്ന	വടക്കു കിഴക്കൻ ഇന്ത്യയിലെ ജമ്മു കാശ്മീർ ഹിമാചൽ പ്രദശ്, ഉത്തരാഖണ്ഡ്, ഗുജറാത്തിലെ റാൻ ഓഫ് കാച്ച്, വടക്കൻ ബീഹാറിന്റെ ഒരു ഭാഗം ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവ ഉശക്കൊള്ളുന്നു.
നാലാം മേഖല	ഉയർന്ന	ജമ്മു കാശ്മീർ ഹിമാചൽ പ്രദേശ് ദേശീയ തലസ്ഥാന മായ ഡൽഹി സിക്കിം ഉത്തർപ്രദേശിന്റെ വടക്കൻ ഭാഗങ്ങൾ ബീഹാർ, പടിഞ്ഞാറൻ ബംഗാൾ എന്നിവയും ഗുജറാത്തിന്റെ ഭാഗങ്ങളും പടിഞ്ഞാറൻ തീരത്തിനടുത്തുള്ള മഹാരാഷ്ട്രയുടെ ചെറിയ ഭാഗവും രാജസ്ഥാനും ഉൾപ്പെടുന്നു.
മൂന്നാം മേഖല	മിതമായ	കേരളം, ഗോവ ലക്ഷദ്വീപ് ഉത്തർപ്രദേശിന്റെ ശേഷിക്കുന്ന ഭാഗങ്ങൾ ഗുജറാത്ത് പശ്ചിമ ബംഗാൾ പഞ്ചാവിന്റെ ഭാഗങ്ങൾ രാജസ്ഥാൻ മദ്ധ്യപ്രദേശ്, ബീഹാർ ജാർഖണ്ഡ് ഛത്തീസ്ഗഡ്,മഹാരാഷ്ട്ര ഒൗീഷ, അന്ത്രാപ്രദേശ്, തമിഴ്നാടും കർണ്ണാടകവും ഉൾപ്പെടുന്നു.
രണ്ടാം മേഖല	കുറഞ്ഞ	രാജ്യത്തിന്റെ അവിശേഷിക്കുന്ന ഭാഗങ്ങൾ ഉൾക്കൊള്ളുന്നു.

2) വെള്ളപൊക്കം

ഭൂമിയുടെ ഉപരിതലത്തിന്റെ ഒരു ഭാഗം വെള്ളത്തിൽ മുങ്ങുന്നതിനാണ് വെള്ളപൊക്കം എന്നു പറയുന്നത്. കനഞ്ഞമഴയും വലിയ തിരകളുമാണ് വെള്ളപ്പൊക്കമുണ്ടാകുന്നതിനുള്ള സാധാരണ കാരണങ്ങൾ.



വെള്ളപൊക്കം

വെള്ളപൊക്കത്തിനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്.

A. കാലാവസ്ഥഘടകങ്ങൾ

i) അതിശക്തമായ മഴ

ii) ഉഷ്ണ മേഖല ചുഴലിക്കാറ്റുകൾ

iii) മേഘ സ്പോടനം

B. ഭൗതീക കാരണങ്ങൾ

i) വലിയ മീൻപിടുത്ത പ്രദേശം

ii) അപര്യാപ്തമായ ഡ്രെയിനേജ് ക്രമീകരണം

C. മാനുഷിക ഘടകങ്ങൾ

i) വനനശീകരണം

ii) മലിനീകരണം

iii) തെറ്റായ കാർഷീക രീതി

iv) തെറ്റായ ജലസേചന രീതി

v) അണക്കെട്ടുകളുടെ തകർച്ച

vi) പെട്ടന്നുള്ള നഗരവൽക്കരണം

പ്രവർത്തനം

വെള്ളപൊക്കസമയത്തും അതിനു ശേഷവും സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സ് മുറിയിൽ ചർച്ച ചെയ്യുക.

ഇന്ത്യയിലെ പ്രധാന വെള്ളപ്പൊക്കസാധ്യതയുള്ള പ്രദേശങ്ങളെയാണ് താഴെ കൊടുത്തിരിക്കുന്ന ഭൂപടം സൂചിപ്പിക്കുന്നത്. വടക്ക് വടക്കുകിഴക്കൻ പ്രദേശങ്ങളായ ഹരിയാന ഉത്തർപ്രദേശ് ഉത്തര ബീഹാർ പഞ്ചാബ് പശ്ചിമബംഗാൾ ബ്രഹ്മപിത്രാ താഴ്വര തുടങ്ങിയവയാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട വെള്ളപ്പൊക്കസാധ്യതയുള്ള പ്രദേശങ്ങൾ. കൂടാതെ തീരദേശ ആന്ധ്രാപ്രദേശ് ഒൗീഷ തെക്കാൻ ഗുജറാത്ത് എന്നിവയും പലപ്പോഴും വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളാണ്.



(ഉറവിടം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, ന്യൂഡൽഹി)

VIII Std - Geography Malayalam Chapter 5.indd 125 06/04/2024 16:25:29

3) ചുഴലിക്കാറ്റ്

അന്തരീക്ഷത്തിതെ താഴ്ന്ന മർദ്ദമുള്ള പ്രദേശത്ത് ചുറ്റിത്തിരിയുന്ന ശക്തമായ കാറ്റിനെ ചുഴലിക്കാറ്റ് എന്നു പറയുന്നത്. ഇത് ഉത്തരാർദ്ധഗോളത്തിൽ എതിർ ഘടികാരദിശയിലും ദക്ഷിണാർദ്ധഗോളത്തിൽ ഇത് ഘടികാരദിശയിലും കറങ്ങുന്നു.

കൊടുങ്കാറ്റ് വിനാശകരമായ കാറ്റ്, വെള്ളപ്പൊക്കത്തിന് കാരണമാകുന്ന അസാധാരണമായ മഴ എന്നിവ ഉഷ്ണമേഖല ചുഴലി കാറ്റു മൂലം ഉണ്ടാകുന്നതാണ്. കാറ്റിന്റെ വേഗത മണിക്കൂറിൽ 200 കീ.മി വരെ എത്തുകയും തുടർച്ചയായി ദിവസങ്ങളോളം 50 സെ.മീ മഴ ആവർത്തിച്ചു രേഖപ്പെടുത്തുകയും ചെയ്യാം.

ഉഷ്ണമേഖല ചുഴലിക്കാറ്റുമൂലം കടൽ വെള്ളത്തിന്റെ പെട്ടന്നുള്ള ഉയർച്ചയെ കൊടുങ്കാറ്റ് എന്ന് വിളിക്കുന്നു. ഇത് ആഴം കുറഞ്ഞ തീരദേശ പ്രദേശങ്ങളിൽ സാധാരണമാണ്.

കൊടുങ്കാറ്റിനും ഇരയാകുന്ന കിഴക്കൻ തീരപ്രദേശങ്ങൾ

i) വടക്കൻ ഒഡീഷ, പശ്ചിമബംഗാൾ തീരങ്ങൾ.

ii) ഓങ്കോളിനും മച്ചിലി പട്ടണത്തിനും ഇടയിലുള്ള ആന്ധ്രാപ്രദേശ് തീരം.

iii) തമിഴ്നാട് തീരം (14 തീരദേശ ജില്ലകളിൽ കടലൂരും നാഗപട്ടണവും പതിവായി ബാധിക്കപ്പെടുന്നു).

കൊടുങ്കാറ്റിനു ഇരയാകുന്ന പടിഞ്ഞാറൻ തീരപ്രദേശങ്ങൾ

കിഴക്കൻ തീരത്തേക്കാൾ ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് കൊടുങ്കാറ്റ് വീശാൻ സാധ്യത കുറവാണ്.

i) അഹാരാഷ്ട്രാ തീരം ഹർണായിയുടെ വടക്ക്, തെക്ക് ഗുജറാത്ത് തീരവും കമ്പേ ഉൾക്കടലിനു ചുറ്റുമുള്ള തീരപ്രദേശവും.

ii) കച്ച് ഉൾക്കടതിനു ചുറ്റുമുള്ള തീരപ്രദേശം ബെൽറ്റ്

ഇന്ത്യയിലെ ചുഴലിക്കാറ്റ് അപകട സാധ്യതയുള്ള പ്രദേശങ്ങൾ



(ഉറവിടം ; മോഹപത്ര 2015)

4) വരൾച്ച

കൃഷി, കന്നു കാലി വ്യവസായം മനുഷ്യ ജന സംഖ്യ എന്നിയവുടെ സാധാരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ജലത്തിന്റെ അഭാവമാണ് വരൾച്ച. വരൾച്ചയെ മൂന്നു പ്രധാന തരങ്ങളായി തിരിക്കാം.

i) **കാലാവസ്ഥ വരൾച്ച:** ഒരു പ്രത്യേക കാല ഘട്ടത്തിൽ ഒരു നിശ്ചിത കാലയളവിൽ മഴ കുറയുന്ന സാഹചര്യമാണ്.

ii) **ജലശാസ്ത്രപരമായ വരൾച്ച:** അരുവികളിലും നദികളിലും ജലാശയങ്ങളിലും വെള്ളം കുറയുന്നതുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഇത് രണ്ട് തരത്തിലുണ്ട്. 1) ഉപരിതല ജല വരൾച്ച 2) ഭൂഗർഭജല വരൾച്ച.

iii) **കാർഷീക വരൾച്ച:** മഴയുടെ അഭാവം മൂലം കാർഷീക വിളകളെ ബാധിക്കുന്ന അവസ്ഥയെ ഇത് സൂചിപ്പിക്കുന്നു.



വരൾച്ച

കാലവർഷം കുറയുമ്പോഴാണ് ഇന്ത്യയിൽ വരൾച്ച ഉണ്ടാകുന്നത് സാധാരണമായി കാല വർഷം ഇന്ത്യയിൽ സമചിത്തതയില്ലാത്തതാണ്. ചില പ്രദേശങ്ങളിൽ കനത്തമഴ ലഭിക്കുമ്പോൾ മറ്റു പ്രദേശങ്ങളിൽ മിതമായതും കുറഞ്ഞതുമായ മഴയാണ് ലഭിക്കുന്നത്. താഴ്ന്നതും കുറഞ്ഞതുമായ മഴ ലഭിക്കുന്ന പ്രദേശങ്ങൾ വരൾച്ചയാൽ ബാധിക്കപ്പെടുന്നു.



(ഉറവിടം ഗുള്ളർ, 2014)

VIII Std - Geography Malayalam Chapter 5.indd 126 06/04/2024 16:25:31

വസ്തുത

രാജ്യത്തിന്റെ മൂന്നിലൊന്ന് പ്രദേശങ്ങളും വരൾച്ചയാൽ ബാധിക്കപ്പെടുന്നു. ഇത് 16% ഭൂ വിസ്തൃതിയേയും ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 12% ത്തെയും സാരമായി ബാധിക്കുന്നു. 60 സെ.മീ കുറഞ്ഞ വാർഷിക മഴ ലഭിക്കുന്ന പ്രദേശങ്ങളെ ഇന്ത്യയിലെ വരൾച്ചാ ബാധിത പ്രദേശങ്ങൾ എന്ന വിശേഷിപ്പിക്കാം.

വരൾച്ചയ്ക്കു സാധ്യതയുള്ള പ്രധാന മേഖലകൾ

1) വശങ്ങളും അർദ്ധവരണ്ടതുമായ പ്രദേശം ഒരു വശത്ത് അഹമ്മദാബാദ് മുതൽ കാൺപൂർ വരെയും മറുവശത്ത് കാൺപൂർ മുതൽ ജലന്ധർ വരെയും.
2) പശ്ചിമ ഘട്ടത്തിന്റെ എതിർവശത്ത് സ്ഥിതി ചെയ്യുന്ന വരണ്ട പ്രദേശം.

5) മണ്ണിടിച്ചൽ

ഗുരുത്വാകർഷണത്തിന്റെ സ്വാധീനത്തിൽ പാറ, മണ്ണ്, സസ്യങ്ങൾ എന്നിവ താഴേയ്ക്ക് നീങ്ങുന്ന പ്രക്രീയയാണ് മണ്ണിടിച്ചൽ. പെട്ടന്നുള്ളതും അപൂർവ്വവുമായ പ്രക്രീയയാണ് മണ്ണിടിച്ചൽ. കുത്തനെയുള്ള ചരിത്രവും കനത്ത മഴയുമാണ് മണ്ണിടിച്ചലിനുള്ള പ്രധാനകാരണം. ദുർബലമായ ഭൂഗർഭഘടന വനനശീകരണം ഭൂകമ്പങ്ങൾ അഗ്നി പർവ്വത സ്പോടനങ്ങൾ ഖനനം റോഡുകളുടെ നിർമ്മാണം പർവ്വതങ്ങൾക്ക് മുകളിലുള്ള റെയിൽവേ എന്നിവ മണ്ണിടിച്ചിലിനു കാരണമാകുന്നു.

ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 15% മണ്ണിടിച്ചലിനു സാധ്യതയുണ്ട്. ഹിമാലയത്തിന്റെ കുത്തനെയുള്ള ചരിവുകളിലും പശ്ചിമഘട്ടത്തിലും നദീതടങ്ങളിലും മണ്ണിടിച്ചൽ വളരെ സാധാരണമാണ്. തമിഴ്നാട്ടിൽ കൊടൈക്കനാൽ (ദിണ്ഡിക്ക ജില്ല) ഊട്ടി (നിലഗിരി ജില്ല) എന്നീ സ്ഥലങ്ങൾ പതിവായി മണ്ണിടിച്ചിലാൽ ബാധിക്കപ്പെടുന്നു.

6) സുനാമി

ഭൂകമ്പം, മണ്ണിടിച്ചിൽ അല്ലെങ്കിൽ അഗ്നി പർവ്വത സ്പോടനം എന്നിവ മൂലമുണ്ടാക്കുന്ന കൂറ്റൻ സമുദ്ര തരംഗങ്ങളെ സുനാമി എന്നു പറയുന്നു. തീരപ്രദേശങ്ങളിൽ ഇത് കൂടുതൽ ബാധിക്കപ്പെടുകയും മണിക്കൂറിൽ 640 മുതൽ 960 കിലോ മീറ്റർ വേഗതയിൽ വരെ സഞ്ചരിക്കുകയും ചെയ്യുന്നു. തീരപ്രദേശ നിവാസികൾക്ക് സുനാമി ഗുരുതര അപകടങ്ങളുണ്ടാക്കുന്നു.



സുനാമി എന്ന വാക്ക് ജാപ്പനീസ് പദമായ സു തുറമുഖം നമി അർത്ഥം തരംഗം (തുറമുഖ തരംഗം).

2004 -ൽ ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ സുനാമി

- 2004 ഡിസംബർ 26ന് പ്രദേശിക സമയം രാവിലെ 7.59 ന് ഇന്തോനേഷ്യൻ ദ്വീപായസുമാത്രയുടെ തീരത്ത് റിക്ടർ സ്കെയിലിൽ 9.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായി.
- ഇന്ത്യ ശ്രീലങ്ക ഇന്തോനേഷ്യ തായ്ലാൻഡ് സ്വമാലിക മാലിദ്വീപ് എന്നിവിടങ്ങളിൽ സുനാമിയിൽ മരിച്ചവയുടെ എണ്ണം ഏകദേശം 2,25000 ആയിരുന്നു.

7) അപകടകരമായ മാലിന്യങ്ങൾ

ആവാസവ്യവസ്ഥയെയും മനുഷ്യരാശിയേയും ഭോഷകരമായി ബാധിക്കുന്ന മാലിന്യങ്ങൾ എന്നു വിളിക്കുന്നു.

അപകടകരമായ പ്രധാന മാലിന്യങ്ങൾ താഴെ പറയുന്നവയാണ്.

i) **റേഡിയോ ആക്ടീവ് പദാർത്ഥം:** ആണവോർജ്ജ നിലയങ്ങളുടെ ഉപകരണങ്ങളും ഉപയോഗിക്കാത്ത ഇന്ധന കമ്പികളും.

ii) **രാസ വസ്തുക്കൾ:** അജൈവ ലോഹങ്ങൾ, ലവണങ്ങൾ, ആസിഡുകളും ബേസുകളും കത്തുന്ന വസ്തുക്കളും സ്ഫോടകവസ്തുക്കളും.

iii) **ബയോമെഡിക്കൽ മാലിന്യങ്ങൾ:** ഹൈപ്പോഡെർമിക് സൂചികൾ ബാൻഡേജുകൾ കാലഹരണപ്പെട്ട മരുന്നുകൾ മുതലായവ.

iv) **കത്തുന്ന മാലിന്യങ്ങൾ:** ജൈവലായകങ്ങൾ എണ്ണകൾ, പ്ലാസ്റ്റിസൈസറുകൾ, ജൈവ സ്ലഡ്ജുകൾ മുതലായവ.

v) **സ്പോടക വസ്തുക്കൾ:** യുദ്ധയന്ത്ര സാമഗ്രികളുടെ നിർമ്മാണത്തിന്റെയും ചില വ്യവസായിക വാതകങ്ങളുടെയും ഫലമായുണ്ടാകുന്ന മാലിന്യങ്ങൾ.

vi) **ഗാർഹിക അപകടകരമായ മാലിന്യങ്ങൾ:** കീടനാശിനികൾ, മാലിന്യ എണ്ണ, വാഹനങ്ങളുടെ ബാറ്ററി, ഗാർഹിക ബാറ്ററി മുതലായവ.



അപകടകരമായ മാലിന്യങ്ങൾ

VIII Std - Geography Malayalam Chapter 5.indd 127 06/04/2024 16:25:32

ചെർണോബിൽ അണു കേന്ദ്ര ആസ്ഥാനം (പ്രിപ്യാറ്റിന് സമീപം) ഒരു ഔദ്യോഗിക ടൂറിസ്റ്റ് കേന്ദ്രമായി മാറുന്നു.

മുമ്പ്:

- 1986 ഏപ്രിൽ 26-നാണ് ചെർണോബിൽ (അന്നത്തെ സോവിയറ്റ് യൂണിയൻ) ആണവ അപകടമുണ്ടായത്.
- 1945 - ൽ ജപ്പാനിലെ ഹിരോഷിമയിൽ പതിച്ചക്കാൾ 400 മടങ്ങിൽ കൂടുതൽ ഇവിടെ വികിരണമുണ്ടായിരുന്നു. ഈ അപകടം ചരിത്രത്തിലെ ഏറ്റവും വലിയ ആണവ അപകടമായി തുടരുന്നു.
- 3,50000 - ത്തിലധികം ആളുകളെ ഈ പ്രദേശത്തു നിന്ന് ഒഴിപ്പിച്ചു. സ്ഥിരമായ മനുഷ്യവാസത്തിനു കടുത്ത നിയന്ത്രണങ്ങൾ ഇപ്പോഴും ആ സ്ഥലത്തുണ്ട്.

ഇപ്പോൾ:

- അപകടം നടന്ന് 33 വർഷത്തിനുശേഷം ഉക്രെയ്നിലും ബെലാറസിലും ഉൾകൊള്ളുന്ന ഒഴിവാക്കിയ ഒരു മേഖലയിൽ നിരവധി മൃഗങ്ങളും 200 - ൽ അധികം പക്ഷി മൃഗാദികളും വസിക്കുന്നു.
- 2016 ൽ ഈ മേഖലയുടെ ഉക്രെയിൻ ഭാഗം സർക്കാർ റേഡിയോളജിക്കൽ പാരിസ്ഥിതിക ബയോസ്ഫിയർ റിസർവ് ആയി പ്രഖ്യാപിച്ചു.

8) വായു മലിനീകരണം

വായു നിരവധി വാതകങ്ങളുടെ മിശ്രിതമാണ്. വായുവിൽ അടങ്ങിയിരിക്കുന്ന പ്രധാന വാതകമായ നൈട്രജൻ (78.09%) സസ്യങ്ങൾക്കു വളങ്ങൾ പോലുള്ള ഉൽപ്പന്നങ്ങൾ രൂപികരിക്കുന്നതിനും വായു അകത്തളങ്ങൾ നിർമ്മിക്കുന്നതിനും ഓക്സിജൻ (20.95%) ശ്വസനത്തിനും ഫോട്ടോ സിന്തസിസുനായി കാർബൺഡൈ ഓക്സൈഡും സഹായിക്കുന്നു. ഇതു കൂടാതെ ആർഗോൺ,നിയോൺ, ഹീലിയം, ക്രിപ്റ്റോൺ ഹൈഡ്രജൻ ഓക്സോൺ, സെനോൺ മീഥേൻ തുടങ്ങിയ വാതകങ്ങളും ഉണ്ട്. കൂടാതെ ജലബാഷ്പങ്ങളുടെയും പൊടി പടലങ്ങളുടെയും മറ്റും സാന്നിധ്യം ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ അനുഭവപ്പെടുന്നു.

വായുമലിനീകരണം എന്നത് അകത്തും പുറത്തുമുള്ള അന്തരീക്ഷവായുവിന്റെ മലിനീകരണ്. മറ്റു ഖരപദാർത്ഥങ്ങളുടെയും സ്വഭാവിക ശതമാനത്തിലുള്ള മാറ്റങ്ങൾ മൂലം സംഭവിക്കുന്നതാണ് വായു മലിനീകരണത്തെ പ്രാഥമീക ദ്വീതിയ മലിനീകരണങ്ങളായി തിരിക്കാം.

പ്രാഥമിക മലിനീകരണം എന്നത് ഒരു ഉറവിടത്തിൽ നിന്ന് നേരിട്ട് പുറന്തള്ളുന്ന വായുവിന്റെ മലിനീകരണമാണ്. ദ്വിതീയ മലിനീകരണം നേരിട്ട് പുറത്തു വിടുന്നില്ല. മറിച്ച് മറ്റു മലിനീകരണ വസ്തുക്കൾ (പ്രാഥമിക മലിനീകരണം) അന്തരീക്ഷത്തിൽ പ്രതി പ്രവർത്തിക്കുമ്പോൾ രൂപം കൊള്ളുന്നു.

പ്രാഥമിക മലിനീകരണം

i) സൾഫറിന്റെ ഓക്സൈഡുകൾ

ii) നൈട്രജന്റെ ഓക്സൈഡുകൾ

iii) പദാർത്ഥങ്ങളുടെ കണികൾ

iv) പ്രാഥമീക മലിനീകരണങ്ങൾ

v) ദ്വിതീയ മലിനീകരണം

ദ്വിതീയ മലിനീകരണം

i) ഭൂനിരപ്പ് ഓസോൺ

ii) മൂടൽമഞ്ഞ്

9) ജല മലിനീകരണം

ജലത്തിന്റെ ഭൗതിക രാസ ജൈവ സ്വഭാവ സവിശേഷതകളിൽ മാറ്റം വരുത്തുന്നതിനെ ജല മലിനീകരണം എന്ന് നിർവ്വചിക്കാം. ഇത് മനുഷ്യനും ജല ജീവികൾക്കും ദോഷകരമായ ഫലങ്ങൾ ഉണ്ടാകുന്നു.



ജല മലിനീകരണം

ഇന്ത്യയിൽ ജല മലിനീകരണം വലിയ തോതിൽ നടക്കുന്നുണ്ട്. ഉപരിതല ജലവും ഭൂഗർഭജലവും വലിയ അളവിൽ മലിനമാക്കപ്പെടുന്നു. ഇന്ത്യയിൽ ജല മലിനീകരണമുണ്ടാകാനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്.

i) നഗരവൽക്കരണം

ii) വ്യവസായിക മാലിന്യങ്ങൾ

iii) ഓടയിലൂടെ ഒഴുക്കുന്ന മലിന വസ്തുക്കൾ

iv) അനുചിതമായ കാർഷിക രീതികളും കാർഷീക ഒഴുക്കും

v) കടൽ വെള്ളം കടന്നു കയറൽ

vi) ഖര മാലിന്യങ്ങൾ

VIII Std - Geography Malayalam Chapter 5.indd 128 06/04/2024 16:25:32

പ്രതിരോധ നടപടികളുടെ ആവശ്യകത

ഒരു പ്രകൃതി ദുരന്തമോ അപകടമോ ഉണ്ടാകുമ്പോൾ ആളുകൾക്കോ സാമ്പത്തിക ആസ്തികൾക്കോ ദോഷകരമായ ഫലങ്ങൾ ഉണ്ടാക്കുന്നത് തടയാൻ സ്വീകരിച്ച നടപടികളെ പ്രതിരോധം എന്ന് നിർവ്വഹിക്കാം.

- പ്രതിരോധ ആസൂത്രണം കൈകൊള്ളൽ i) അപകടസാധ്യത തിരിച്ചറിയൽ ii) ദുർബലത വിലയിരുത്തൽ.
- കാല താമസം വരുത്തിയ പ്രവർത്തനങ്ങൾ സാമ്പത്തിക നഷ്ടം വർദ്ധിപ്പിക്കും.
- ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിലെ ഏറ്റവും നിർണായക ഘടകമാണ് പ്രതിരോധം.

പ്രകൃതി വൻസാശത്തിന്റെ പുതിയ ആയുധമായി ഉയർന്നു വരുന്നു. നിങ്ങൾ സമ്മതിക്കുന്നുണ്ടോ?

വലിയ പാരിസ്ഥിതിക ദുരന്തങ്ങൾ കാരണം 2017 വരെ 10 വർഷത്തിനിടയിൽ ഇന്ത്യയിൽ ഏകദേശം 22000 ആളുകൾ മരിച്ചിരിക്കാമെന്ന് ഇന്ത്യൻ കാലാവസ്ഥവകുപ്പ് കണക്കാക്കുന്നു. ഈ കഴിഞ്ഞ രണ്ടു ദശകങ്ങളിൽ (1998-2017) ലോകമെമ്പാടുമുള്ള കടുത്ത കാലാവസ്ഥയെത്തുടർന്ന് 5,00,000 -ൽ അധികം ആളുകൾ മരിച്ചു വെന്ന് ജർമ്മൻ വച്ച് ആസ്ഥാനമായുള്ള ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടന) പ്രസിദ്ധീകരിച്ച ആഗോള കാലാവസ്ഥ റിസ്ക് സൂചിക റിപ്പോർട്ട് ചെയ്യുന്നു.

പുനരവലോകനം

- വസ്തുക്കൾക്കോ വ്യക്തികൾക്കോ ആളുകൾക്കോ സാമ്പത്തിക ആസ്തികൾക്കോ ഭീഷണി ഉയർത്തുന്നതും അപകടത്തിനു കാരണമാകുന്നതുമായ പ്രതിഭാസത്തിന് ദുരന്തം എന്ന് നിർവ്വചിക്കാം.
- അപകടങ്ങളെ മൂന്നായി തരം തിരിക്കാം. പ്രകൃതി ദുരന്തങ്ങൾ മനുഷ്യ നിർമ്മിത അപകടങ്ങൾ സമൂഹിക - പ്രകൃതി ദുരന്തങ്ങൾ മുതലായവ.
- ഭൂകമ്പങ്ങൾ വെള്ളപ്പൊക്കം ചുഴലിക്കാറ്റ് കൊടുങ്കാറ്റുകൾ വരൾച്ച മണ്ണിടിച്ചൽ സുനാമി അഗ്നി പർവ്വത സ്ഫോടനങ്ങൾ മുതലായവ പ്രകൃതി ദുരന്തങ്ങളാണ്.
- സ്ഫോടനങ്ങൾ അപകടകരമായ മാലിന്യങ്ങൾ വായു കര ജലമലിനീകരണം അണക്കെട്ട് തകർച്ച യുദ്ധങ്ങൾ അഭ്യന്തരകലങ്ങൾ ഭീകരത തുടങ്ങിയവ മനുഷ്യ നിർമ്മിത അപകടങ്ങളാണ്.
- പ്രകൃതി ശക്തികളുടെയും മനുഷ്യന്റെ തെറ്റായ പ്രവർത്തനങ്ങളുടെയും സംയോജിത ഫലങ്ങളാണ് സാമൂഹിക- പ്രകൃതി ദുരന്തങ്ങൾ.

പദപരിചയം	
ഭൂകമ്പം	It is a violent tremor in the earth's crust.
വെള്ളപ്പൊക്കം	It is a state of high water level along a river channel or on coast that leads to inundation of land.
വരൾച്ച	Any lack of water to satisfy the normal needs of agriculture, livestock, industry or human population may be termed as a drought.
സുനാമി (കടലിൽ വരുന്ന ഭൂകമ്പം)	It is a series of waves caused by the earth movements under the sea.

മൂല്യ നിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. വായുവിൽ നൈട്രജന്റെ ശതമാനം _____ ആണ്?

   a) 78.09% b) 74.08%

   c) 80.07% d) 76.63%

2. ഇന്ത്യൻ മഹാസമുദ്രത്തിൽ സുനാമി ഉണ്ടായ വർഷം _____ ആണ്?

   a) 1990 b) 2004

   c) 2005 d) 2008

VIII Std - Geography Malayalam Chapter 5.indd 129 06/04/2024 16:25:32

3. സുനാമി എന്ന പദം _____ ഭാഷയിൽ നിന്നാണ്.
   a) ഹിന്ദി b) ഫ്രഞ്ച്
   c) ജപ്പാൻ d) ജർമ്മൻ
4. ഉപരിതല ജലത്തിന് ഉദാഹരണം
   a) ആർട്ടിസിയൻ കിണർ b) ഭൂഗർഭജലം
   c) ഉപരിതല ജലം d) തടാകം
5. കാലവർഷത്തിന്റെ അഭാവം മൂലം ഇവയിൽ _____ ആണ് ഉണ്ടാകുന്നത്
   a) ഘനീഭവനം b) വരൾച്ച
   c) ബാഷ്പീകരണം d) മഴ

II. വിട്ടഭാഗം പൂരിപ്പിക്കുക

1. അപകടങ്ങൾ _____ ലേയ്ക്ക് നയിച്ചേക്കാം.
2. _____ അപകടത്തിന് ഉദാഹരണമാണ് മണ്ണിടിച്ചൽ.
3. ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ അപകടങ്ങളെ _____ വിഭാഗങ്ങളായി തിരിക്കാം.
4. തീവ്ര വാതം _____ അപകടത്തിന് ഒരു ഉദാഹരണമാണ്.
5. മനുഷ്യനെ ബാധിക്കുന്ന മലിനീകരണ ഘടകങ്ങളിൽ നൈട്രജന്റെ ഓക്സൈഡുകൾ _____ മലിനീകരണ വിഭാഗത്തിൽപ്പെടുന്നു.
6. ചെർണോബിൽ ആണവ അപകടം സംഭവിച്ചത് _____ ൽ ആണ്.

III. ചേരും പടി ചേർക്കുക

ഭാഗം I		ഭാഗം II
1) പ്രാഥമിക മലിനീകരണം	-	തീവ്രവാദം
2) അപകടകരമായ മാലിന്യങ്ങൾ	-	സുനാമി
3) ഭൂകമ്പം	-	കാലഹരണപ്പെട്ട മരുന്നുകൾ
4) കാലാവസ്ഥ വരൾച്ച	-	സൾഫറിന്റെ ഓക്സൈഡുകൾ
5) മനുഷ്യ നിർമ്മിത അപകടങ്ങൾ	-	മഴയുടെ അഭാവം

IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ദുരന്തം നിർവ്വചിക്കുക.
2. അപകടങ്ങളെ എത്രയായി തരം തിരിച്ചിരിക്കുന്നു അവ ഏതെല്ലാം
3. അപകടങ്ങളായ മാലിന്യങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
4. നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങൾ ഏതെല്ലാം.
5. വരൾച്ചയുടെ തരങ്ങളെ കുറിച്ചെഴുതുക.
6. മലയടിവാരത്ത് വീടുകൾ നിർമ്മിക്കരുതെന്ന് പറയാനുള്ള കാരണങ്ങളേവ?

V. വേർതിരിച്ചെഴുതുക

1. അപകടങ്ങളും ദുരന്തങ്ങളും.
2. പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിത അപകടങ്ങളും.
3. വെള്ളപ്പൊക്കവും വരൾച്ചയും.
4. ഭൂകമ്പും സുനാമിയും.

VI. ഒരു ഖണ്ഡികയിൽ എഴുതുക

1. വായു മലിനീകരണത്തെക്കുറിച്ച് വിവരിക്കുക?
2. ഭൂകമ്പം എന്നാൽ എന്ത്? അതിന്റെ ഫലങ്ങൾ വിവരിക്കുക
3. മണ്ണിടിച്ചലിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ വിശദീകരണം നൽകുക?
4. ജല മലിനീകരണത്തിന്റെ ഫലങ്ങൾ വിശദമായി ചർച്ചചെയ്യുക.

VII. പ്രവർത്തനം

1. നിങ്ങൾ കണ്ടു തിരിച്ചറിഞ്ഞിട്ടുള്ള അപകടങ്ങൾ ഏതെല്ലാം.

വിഭാഗം		നിങ്ങളുടെ സ്കൂളും പരിസരവും	നിങ്ങളുടെ വീടിന്റെ ചുറ്റുപാട്	വീട്ടിൽ നിന്ന് സ്ക്കൂളിലേയ്ക്കുള്ള വഴികൾ
1.	അപകടകരമായ ഫാക്ടറി (വ്യവസായ ശാല)			
2.	കനത്ത ട്രാഫിക്കുള്ള റോഡുകൾ			
3.	ഉയരമുള്ള കെട്ടിടങ്ങൾ			
4.	എളുപ്പത്തിൽ കത്തുന്ന വസ്തുക്കൾ			
5.	തുറന്ന അഴുക്കു ചാൽ/ സെപ്റ്റിക് ടാങ്ക്			
6.	മറ്റുള്ളവ			

VIII Std - Geography Malayalam Chapter 5.indd 130 06/04/2024 16:25:32

2. നിങ്ങളുടെ സ്ഥലത്ത് ഇടയ്ക്കിടെ സംഭവിക്കുന്ന അപകടങ്ങൾ പട്ടികപ്പെടുത്തുക

പതിവ് അപകടങ്ങൾ		ഇടയ്ക്കിടെയുള്ള അപകടങ്ങൾ	
1		1	
2		2	
3		3	
4		4	
5		5	

3. 13 തീരദേശജില്ലകളെ വ്യത്യസ്ത നിറങ്ങളിൽ തമിഴ്നാടിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തുക.

REFERENCE BOOKS

1. Central Board of Secondary Education – *A Supplementary Text Book in Geography for Class XI* (2006). Natural Hazards and Disasters (Unit 11). Natural Hazards and Disaster Management, The Secretary, Central Board of Secondary Education, Delhi.
2. Keller, E.A. and DeVecchio, D.E. (2012). *Natural Hazards: Earth's Processes as Hazards, Disasters and Catastrophes* (3rd Edition), Pearson Prentice Hall, New Jersey.
3. Khullar, D.R. (2014). *India: A Comprehensive Geography*, Kalyani Publishers, New Delhi.
4. *Manual on Natural Disasters Management in India* (2001). National Centre for Disaster Management, Ministry of Home Affairs, Government of India, New Delhi.
5. Mohapatra, M., Mandal, G.S., Bandyopadhyay, B.K., Tyagi, A. and Mohanty, U.C. (2012). *Classification of Cyclone Hazard Prone Districts of India.* Natural Hazards, 63(3): 1601-1620.
6. Paul, B.K. (2011). *Environmental Hazards and Disasters: Contexts, Perspectives and Management,* John Wiley & Sons, Oxford.
7. Reed, S.B. (1997). *Introduction to Hazards (3rd Edition). Disaster Management Training Programme,* National Institute of Disaster Management, New Delhi.
8. Smith, K. and Petley, D.N. (2008). *Environmental Hazards: Assessing Risk and Reducing Disaster* (5th Edition), Taylor & Francis Group, London.
9. *The Report of High Powered Committee on Disaster Management* (2002). National Centre for Disaster Management, Indian Institute of Public Administration, New Delhi.

INTERNET RESOURCES

1. http://www.amssdelhi.gov.in/tropicle_cyclones.htm
2. http://www.searo.who.int/topics/air_pollution/what-is-air-pollution.pdf?ua=1
3. https://germanwatch.org/en/cri
4. https://ndma.gov.in/en/landslides-zone-map.html
5. https://nidm.gov.in/safety_earthquake.asp
6. https://nptel.ac.in/courses/120108005/module9/lecture9.pdf
7. https://theconversation.com
8. https://www.downtoearth.org.in
9. https://www.thehindubusinessline.com/news/national/over-12-of-landmass-in-india-prone-to-landslides/article9728811.ece

VIII Std - Geography Malayalam Chapter 5.indd 131 06/04/2024 16:25:32

യൂണിറ്റ് - 6

വ്യവസായങ്ങൾ



പഠനലക്ഷ്യങ്ങൾ

- വ്യവസായങ്ങളുടെ സ്വഭാവത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും അറിയുന്നതിന്.
- വിവിധ സാമ്പത്തിക പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- വ്യവസായ ശാലകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനാവശ്യമായ ഘടകങ്ങളെക്കുറിച്ച് അറിയുന്നതിന്.
- വ്യവസായശാലകളുടെ തരങ്ങളെക്കുറിച്ച് പഠിക്കുന്നതിന്.

2MNUP

ആമുഖം

അൻപും കപിലനും നിങ്ങളെപ്പോലെ എട്ടാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്. ഒരു ദിവസം സ്കൂൾ ഗ്രൗണ്ടിൽ കളിച്ചുകൊിരിക്കുമ്പോൾ മഴ പെയ്തു. അപ്പോൾ അവർ ക്ലാസ്സ് മുറിയിലേക്ക് ഓടാൻ തുടങ്ങി. എന്നാൽ കപിലൻ അടുത്തുള്ള മരത്തിനടിയിൽ നിൽക്കാനായി അൻപിനെ കൂട്ടുപിടിച്ചു. ഇടിമിന്നൽ മരത്തെ ബാധിക്കാൻ സാധ്യതയുണ്ട് എന്നുപറഞ്ഞ് അവൻ ഇത് നിരസിച്ചു. പിന്നീട് അവർ ക്ലാസ്സ് മുറിയിൽ എത്തി. അവിടെ അവർ ആകർഷകമായ കോട്ടൻ ടവ്വൽ കാണുകയും, അതെടുത്ത് തല തുടക്കുകയും ചെയ്തു. ഇതു കണ്ട് മറ്റു വിദ്യാർത്ഥികൾ ടവ്വൽ അദ്ധ്യാപകൻ കൊണ്ടു വന്നതാണെന്നും നിങ്ങളതു നനച്ചതിനാൽ അദ്ദേഹം നിങ്ങളെ ശകാരിക്കാൻ സാധ്യതയുണ്ട് എന്നും അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ നിന്നും ശ്രദ്ധ തിരിക്കാനായി കപിലൻ ചില ചോദ്യങ്ങൾ ടീച്ചറോട് ചോദിച്ചു. മാഡം, ഈ ടവ്വൽ വളരെ മനോഹരവും പലനിറങ്ങൾ ഉള്ളതുമാണ്. ഇതെവിടെ നിന്നാണ് വാങ്ങിയത്, ഇത് ഉണ്ടാക്കിയതെങ്ങനെയാണ്. ടീച്ചർ ഇതിനു മറുപടിയായി ഇതിന്റെ അസംസ്കൃത വസ്തുക്കൾ, ഉല്പാദനം, വിപണനം എന്നിവയെക്കുറിച്ച് സസന്തോഷം വിശദീകരിച്ചുകൊടുത്തു.

വ്യവസായശാലകൾ

അസംസ്കൃത വസ്തുക്കളെ വിവിധ പ്രവർത്തനങ്ങളിലൂടെ ഉപയോഗപ്രദമായ ഉൽപന്നങ്ങളാക്കിക്കളാക്കി മാറ്റുന്ന പ്രക്രിയയാണ് വ്യവസായം. പല അസംസ്കൃത വസ്തുക്കളും മനുഷ്യന് നേരിട്ട് ഉപയോഗിക്കാൻ കഴിയുകയില്ല. അതിനാൽ അതിനാൽ അവയെ ഉപയോഗപ്രദമായ രീതിയിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെ വസ്തുക്കളെ ഒരു രൂപത്തിൽ നിന്നും മറ്റൊരു രൂപത്തിലേക്കു മാറ്റുന്ന പ്രവർത്തനങ്ങളാണ് വ്യാവസായ ശാലകളിൽ നടക്കുന്നത്. ഇതിനെ ദ്വിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നുപറയുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ വരവ്, അസംസ്കൃത വസ്തുക്കളെ ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റുന്നതിന് മനുഷ്യനെ സഹായിച്ചു. ഒരു രാജ്യത്തിന്റെ ഉൽപാദന വ്യവസായങ്ങളുടെ വളർച്ച അടിസ്ഥാനമാക്കിയാണ്, ആ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച നിർണ്ണയിക്കുന്നത്. അതിനാൽ ലോകത്തിലെ ഏതു രാജ്യവും അതിന്റെ സാമ്പത്തിക വളർച്ചക്കായി വ്യവസായിക വളർച്ചയെ ആശ്രയിക്കുന്നു.

സാമ്പത്തിക പ്രവർത്തനങ്ങൾ

ഉൽപാദനം, വിതരണം, ഉപഭോഗം എന്നിവ ഉൾപ്പെടുന്ന എല്ലാ മേഖലകളും സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

അടിസ്ഥാന സാമ്പത്തിക പ്രവർത്തനങ്ങൾ

താഴെ കാണുന്നവയാണ് പ്രധാനപ്പെട്ടതും, അടിസ്ഥാനപരവുമായ സാമ്പത്തിക പ്രവർത്തനങ്ങൾ.

1. പ്രാഥമിക സാമ്പത്തിക പ്രവർത്തനങ്ങൾ .(Primary Economic Activities) (ഉദാഹരണം- അസംസ്കൃത പരുത്തി ഉൽപാദനം)
2. ദ്വിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ. (Secondary Economic Activities) (ഉദാഹരണം. നൂൽനൂൽക്കൽ)
3. ത്രിതീയസാമ്പത്തിക പ്രവർത്തനങ്ങൾ. (Tertiary Economic Activities) (ഉദാഹരണം. വാണിജ്യം, ഗതാഗതം).

VIII Std - Geography Malayalam Chapter 6.indd 132 06/04/2024 16:24:28

4. ചതുർഘട്ട സാമ്പത്തിക പ്രവർത്തനങ്ങൾ. (Quaternary Economic Activities) (ഉദാഹരണം ബാങ്കിംഗ് മേഖല)
5. പഞ്ചമഘട്ട സാമ്പത്തിക പ്രവർത്തനങ്ങൾ. (Quinary Economic Activities) (ഉദാഹരണം. നീതിന്യായ വ്യവസ്ഥാ മേഖല)



1. പ്രാഥമിക സാമ്പത്തിക പ്രവർത്തനങ്ങൾ: പ്രാരംഭകാലം മുതലുള്ള സാമ്പത്തികപ്രവർത്തന മാണിത്. വന പരിപാലനം, കന്നുകാലിവളർത്തൽ, വേട്ടയാടൽ, ഭക്ഷണശേഖരണം, കൃഷി, ഖനനം, പാറ ഖനനം എന്നിവ പ്രാഥമിക സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.



പ്രാഥമിക സാമ്പത്തിക പ്രവർത്തനങ്ങൾ

2. ദ്വിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ: വിവിധ പ്രവർത്തനങ്ങളിലൂടെ അസംസ്കൃത വസ്തുക്കളെ ഉപയോഗപ്രദമായ ഉല്പന്നങ്ങളാക്കി മാറ്റുന്ന പ്രവർത്തനത്തെയാണ് ദ്വിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നു പറയുന്നത്. ബേക്കറികളിൽ മാവ് ഉപയോഗിച്ച് ബ്രഡ് ഉണ്ടാക്കുന്നതും, ലോഹവും പ്ലാസ്റ്റിക്കും ഉപയോഗിച്ച് വാഹന ഭാഗങ്ങൾ ഉണ്ടാക്കുന്നതും ദ്വിതീയ ഘട്ട പ്രവർത്തനങ്ങളാണ്.

ദ്വിതീയ സാമ്പത്തിക പ്രവർത്തനം

കൃഷി പോലെ, ഏതൊരു ദ്വിതീയ സാമ്പത്തീക പ്രവർത്തനവും കമ്പ്യൂട്ടർ സിസ്റ്റത്തിൽ കൊണ്ടുവരിക. *Output*

Processes

Inputs



3. ത്രിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ: ആവശ്യ സേവനങ്ങൾ നൽകുന്നതും, വ്യവസായ പ്രവർത്തനങ്ങളെ സഹായിക്കുന്നതുമാണ് ത്രിതീയസാമ്പത്തീക പ്രവർത്തനങ്ങൾ. സാധാരണയായി ഇതിനെ സേവന വ്യവസായങ്ങൾ എന്നു പറയുന്നു. ഇതിൽ ഗതാഗതം, ധനകാര്യം, ആവശ്യ വസ്തുക്കളുടെ ഉപഭോഗം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം എന്നിവ ഉൾപ്പെടുന്നു. വിദ്യാഭ്യാസം സേവനമേഖലയിലായതിനാലാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.



4. ചതുർഘട്ട സാമ്പത്തിക പ്രവർത്തനങ്ങൾ. ഗവേഷണവും പരിശീലനവും ഉൾപ്പെടെയുള്ള വിവരങ്ങൾ സൃഷ്ടിക്കുന്നതും, കൈമാറ്റം ചെയ്യുന്നതും ഇതിൽ ഉൾപ്പെടുന്നു. വിവരസാങ്കേതിക വിദ്യയുടെ നാടകീയമായ വളർച്ചയുടെ ഫലമായി ഇലക്ട്രോണിക് സാങ്കേതികമാധ്യമങ്ങളിലൂടെ വിവരസംപ്രേഷണങ്ങൾ നടന്നുവരുന്നു. ഉദാ നമ്മൾ കാണുന്ന ടെലിവിഷൻ പരിപാടികൾ ദൂരദർശൻ സംപ്രേഷണ കേന്ദ്രങ്ങളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നു. ഇത് ചതുർഘട്ട പ്രവർത്തനങ്ങൾക്ക് ഒരുദാഹരണമാണ്.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഒരു മേഖലയാണ് സേവന മേഖല. ഇന്ത്യയുടെ സമ്പദ് ഘടനയുടെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ മേഖല ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനത്തിന്റെ 53 ശതമാനം സംഭാവന നൽകുന്നു.

5. പഞ്ചമഘട്ട സാമ്പത്തിക പ്രവർത്തനങ്ങൾ വ്യവസായങ്ങൾ, വ്യാപാരം, വിദ്യാഭ്യാസം, സർക്കാർ, എന്നിവകളിലെ തീരുമാനങ്ങളെടുക്കുന്ന ഭരണ നിർവ്വഹണ ചുമതലയുള്ളവർ ഉൾപ്പെടുന്നതാണ് പഞ്ചമഘട്ടപ്രവർത്തനങ്ങൾ. ഈ മേഖലയിൽ ശാസ്ത്രസാങ്കേതികവിദ്യാവിഭാഗം, സർവ്വകലാശാലകൾ, ആരോഗ്യസംരക്ഷണം എന്നിവയിലെ ഭരണനിർവ്വഹണച്ചുമതലയുള്ള

VIII Std - Geography Malayalam Chapter 6.indd 133 06/04/2024 16:24:31

ഉദ്യോഗസ്ഥ വിഭാഗം ഉൾപ്പെടുന്നു. ചില സാഹചര്യങ്ങളിൽ നിങ്ങളുടെ മാതാപിതാക്കൾ വീട്ടിലേക്കാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനുള്ള തീരുമാനം എടുക്കുന്നു. ഇതുപോലെ ജനക്ഷേമ പദ്ധതികളെക്കുറിച്ച് സംസ്ഥാന മന്ത്രിമാരും തീരിമാനങ്ങളെടുത്ത് പ്രഖ്യാപിക്കുന്നു. ഇതു രണ്ടും പഞ്ചമഘട്ട പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

പ്രവർത്തനം

ഏതെങ്കിലുമൊരു തൊഴിൽശാല സന്ദർശിച്ച് അത് അവിടെ സ്ഥാപിക്കാനിടയായ സാഹചര്യങ്ങൾ കണ്ടുപിടിക്കുക.

വ്യവസായശാലകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനാവശ്യമായ ഘടകങ്ങൾ.

വ്യവസായശാലകളുടെ സ്ഥാനം സങ്കീർണ്ണമാണ്. ഇതിനെ ധാരാളം ഘടകങ്ങൾ സ്വാധീനിക്കുന്നു. അസംസ്കൃത വസ്തുക്കൾ, ഭൂമി, ജലം, തൊഴിലാളികൾ, മൂലധനം, വൈദ്യുതി, ഗതാഗതം വിപണി എന്നിവ അവയിൽ ചിലതാണ്. വ്യവസായശാലകളുടെ സ്ഥാനം നിർണ്ണയ്ക്കുന്ന ഘടകങ്ങളെ രണ്ടായി തിരിച്ചിരിക്കുന്നു. ഭൂമിശാസ്ത്രഘടകങ്ങളും, ഭൂമിശാസ്ത്രപരമല്ലാത്ത ഘടകങ്ങളും.



വ്യവസായശാലകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനാവശ്യമായ ഘടകങ്ങൾ.

I. ഭൂമിശാസ്ത്രഘടകങ്ങൾ

1. അസംസ്കൃത വസ്തുക്കൾ: അതിബൃഹത്തായ വസ്തുക്കളും, ഭാരം നഷ്ടപ്പെടുന്ന വസ്തുക്കളും വളരെയധികം ദൂരത്തേക്ക് കൊണ്ടുപോകാൻ സാധ്യമല്ല. അതിനാൽ ഇരുമ്പുരുക്കുവ്യവസായ ശാലകളും, അസംസ്കൃതവസ്തു ലഭിക്കുന്ന സ്ഥലത്തിനു സമീപം തന്നെ സ്ഥാപിക്കുന്നു. ഇരുമ്പയിർ ലഭിക്കുന്ന കഞ്ചാമലക്കടുത്തുതന്നെ സേലം ഇരുമ്പുരുക്കുവ്യവസായശാല സ്ഥിതിചെയ്യുന്നു. ഇതുപോലെ കരിമ്പ് കൃഷിചെയ്യുന്ന സ്ഥലത്തിനടുത്തുതന്നെയാണ് പഞ്ചസാര വ്യവസായശാലകളും സ്ഥിതി ചെയ്യുന്നത്.

2. വൈദ്യുതി: വ്യവസായശാലയുടെ പ്രവർത്തനത്തിന് അടിസ്ഥാനപരവും, അത്യന്താപേക്ഷിതവുമായ ഒന്നാണ് വൈദ്യുതി. പരമ്പരാഗത ഊർജ്ജസ്രോതസ്സായ കൽക്കരി, ധാതുഎണ്ണ, വെള്ളം, എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഇതിനാൽ വ്യവസായശാലകളുടെ സമീപത്തുതന്നെ ഇതിനാവശ്യമായ വൈദ്യുതി ഉത്പാദന കേന്ദ്രങ്ങളും ഉണ്ടായിരിക്കേതാണ്.

3. തൊഴിലാളി: അധ്വാനം ആവശ്യമായ തൊഴിൽമേഖലകളിൽ കൂലികുറഞ്ഞതും കഴിവുള്ളവരുമായ തൊഴിലാളികളുടെ ലഭ്യത മറ്റൊരു പ്രധാനപ്പെട്ട ഘടകമാണ്. ഉദാ. (തേയില വ്യവസായശാല)

4. ഗതാഗതം: അസംസ്കൃത വസ്തുക്കൾ വ്യവസായശാലകളിലേക്കും, ഉൽപ്പന്നങ്ങൾ, വിപണികളിലേക്കും കൊണ്ടുപോകുന്നതിന് ഗതാഗതസൗകര്യം ആവശ്യമാണ്. വ്യവസായശാലകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിൽ ഗതാഗതത്തിന് പ്രധാന പങ്കുണ്ട്. അതിനാൽ ജലമാർഗ്ഗം, കരമാർഗ്ഗം, (റോഡ്, റെയിൽവേ) എന്നിവയുടെ സംഗമകേന്ദ്രങ്ങൾ വ്യവസായ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്.

5. സംഭരണവും, സംഭരണശാലയും: ഉത്പന്നങ്ങൾ ഉദ്പാദനകേന്ദ്രങ്ങളിൽ നിന്ന് വിപണികളിലേക്ക് എത്തിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഉല്പന്നങ്ങൾ ശേഖരിച്ച് സംഭരണശാലകളിൽ സൂക്ഷിക്കുന്നു. പിന്നീട് ആവശ്യാനുസരണം വിപണികളിലേക്ക് ഇവ കൊണ്ടുപോകുന്നു.

6. ഭൂപ്രകൃതി (Topography)**:** വ്യവസായശാലകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന ഭൂമി സമതല പ്രദേശമായിരിക്കണം. എന്തുകൊണ്ടെന്നാൽ വാഹനങ്ങൾ പോയ് വരുന്നതിന് ഇത് അനുയോജ്യമാണ്.

7. കാലാവസ്ഥ: വ്യവസായശാലകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിൽ കാലാവസ്ഥ പ്രധാന പങ്ക് വഹിക്കുന്നു. വ്യവസായശാലകളുടെ ശരിയായ വളർച്ചയ്ക്ക്തീവ്രമായകാലാവസ്ഥഅനുയോജ്യമല്ല. എന്നിരുന്നാലും ചില വ്യവസായങ്ങൾക്ക് പ്രത്യേകകാലാവസ്ഥ ആവശ്യമാണ്. ഉദാഹരണമായി തണുത്ത ഈർപ്പമുള്ള കാലാവസ്ഥയാണ് പരുത്തിവ്യവസായത്തിന് അനുയോജ്യം. കോയമ്പത്തൂരിലും, തിരുപ്പൂരിലും ഇത്തരത്തിലുള്ള കാലാവസ്ഥയുള്ളതിനാൽ ഈ മേഖലകളിൽ ധാരാളം പരുത്തി വസ്ത്രവ്യവസായശാലകൾ സ്തിതിചെയ്യുന്നുണ്ട്.

8. ജല സ്രോതസ്സുകൾ: വ്യവസായശാലകളുടെ സ്ഥനത്തെ നിർണ്ണയിക്കുന്നതിൽ സ്വാധീനിക്കുന്ന പ്രധാനഘടകമാണ് ജലലഭ്യത. ഇതിനാലാണ് നദികൾ, കനാലുകൾ, തടാകങ്ങൾ എന്നിവയുടെ സമീപങ്ങളിൽ വ്യവസായശാലകൾ സ്ഥാപി

VIII Std - Geography Malayalam Chapter 6.indd 134 06/04/2024 16:24:32

ക്കുന്നത്. ഇരുമ്പുരുക്കുവ്യവസായശാലകൾ, വസ്ത്രവ്യവസായശാലകൾ, രാസവ്യവസായസാലകൾ എന്നിവയുടെ ശരിയായ പ്രവർത്തനത്തിന് ധാരാളം വെള്ളം ആവശ്യമാണ്.

കണ്ടുപിടിക്കുക.

ഇന്ത്യയിലെ വ്യസായങ്ങൾ പല സ്ഥലങ്ങളി ലായി വ്യാപിച്ചു കിടക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുക.

II. ഭൂമിശാസ്ത്രപരമല്ലാത്ത ഘടകങ്ങൾ

1. മൂലധനം: മൂലധനമോ, വലിയനിക്ഷേപമോ വ്യവസായശാല സ്ഥാപിക്കുന്നതിന് ആവശ്യമാണ്. ഇതില്ലാതെ ഒരു വ്യവസായവും തുടങ്ങാൻ സാധ്യമല്ല.

2. വായ്പകളുടെ ലഭ്യത: ആവശ്യത്തിനു മൂലധന മില്ലാതെ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയില്ല. അതിനാൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാ യി നിക്ഷേപകർ വായ്പയെടുക്കുന്നു. അതിനാ ൽ വായ്പകളും, ഇൻഷുറൻസും ക്രമീകരിക്കുന്ന സംവിധാനങ്ങൾ ആവശ്യമാണ്.

3. സർക്കാർ നയങ്ങളും നിയന്ത്രണങ്ങളും വ്യവസായശാലകളുടെ സ്ഥാനത്തെ നിർ ണ്ണയിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. സർക്കാർ നയങ്ങൾ, പ്രാദേശിക അസമത്വം കുറക്കുന്നതിനും, അമിത മലിനീകരണം കുറക്കുന്നതിനും, വൻ നഗരങ്ങളിൽ വ്യവസായങ്ങളുടെ അമിത വർദ്ധന നിയന്ത്രിക്കുന്നതിനുമായി വ്യവസായങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ഈ നിയന്ത്രണങ്ങൾ വ്യവസായ ശാലകൾ നിർ മ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങളെയും ബാധിക്കുന്നു.

പ്രവർത്തനം

ബ്ലാക്ക് ബോർഡ്, ചോക്ക് പീസ് എന്നിവയെപ്പറ്റിചിന്തിക്കുക.

1. ഇതു നിർമ്മിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ പേരെഴുതുക.
2. ഇതു നിർമ്മിക്കുന്ന സ്ഥലങ്ങൾ കണ്ടുപി ടിക്കുക.
3. ചോക്ക് നിർമ്മാണ വ്യവസായശാലയുടെ തരം കണ്ടുപിടിക്കുക.

വ്യവസായശാലകളുടെ തരങ്ങൾ

വ്യവസായശാലകൾ താഴെ പറയുന്നവിധം തരംതി രിച്ചിരിക്കുന്നു

അസംസ്കൃതവസ്തുക്കളുടെ അടിസ്ഥാനത്തിൽ



കാർഷിക അധിഷ്ഠിതവ്യവസായങ്ങൾ

(i) കാർഷിക അധിഷ്ഠിതവ്യവസായങ്ങൾ: സസ്യങ്ങളിൽ നിന്നും, പക്ഷിമൃഗാദികളിൽ നിന്നും ലഭിക്കുന്ന വസ്തുക്കളെ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായശാലകളാണിത്. ഉദാഹരണം. ഭക്ഷ്യസംസ്കരണം, സസ്യഎണ്ണകൾ, പരുത്തി വസ്ത്രങ്ങൾ, പാലുൽപ്പന്നങ്ങൾ മുതലായവ.

(ii) ധാതു അധിഷ്ഠിത വ്യവസായങ്ങൾ: ധാതു അയിരുകൾ അസംസ്കൃതവസ്തുക്കളായി ഉപ യോഗിക്കുന്ന വ്യവസായ ശാലകളാണ് ഇവ. ഇരുമ്പയിരിൽ നിന്നും ഇരുമ്പ് ഉണ്ടാക്കുന്നതും, സിമന്റ്, യന്ത്രഭാഗങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും, ധാതു അധിഷ്ഠിത വ്യവസായങ്ങൾക്ക് ഉദാഹരണമാണ്.



ധാതുഅധിഷ്ഠിത വ്യവസായങ്ങൾ

(iii) സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ: കടലിൽനി ന്നും സമുദ്രങ്ങളിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായശാലകളാണ് ഇവ. ഉദാഹരണം- മത്സ്യം, മത്സ്യ എണ്ണ സംസ്കരണ കേന്ദ്രങ്ങൾ.



സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ

(iv) വനാധിഷ്ഠിത വ്യവസായശാലകൾ.: വനത്തിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായശാലകളാണിവ. ഉദാഹരണം- പേപ്പർ, പൾപ്പ് മരസാമാനങ്ങൾ, ചില മരുന്നുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയവ.

VIII Std - Geography Malayalam Chapter 6.indd 135 06/04/2024 16:24:33



വനാധിഷ്ഠിതവ്യവസായങ്ങൾ

വലുപ്പത്തിന്റെയും, മൂലധനത്തിന്റെയും അടിസ്ഥാനത്തിൽ ഉള്ള വിഭജനം

(i) വൻകിട വ്യവസായങ്ങൾ: ഒരുകോടി രൂപയിലധികം മൂലധനനിക്ഷേപമുള്ള വ്യവസായശാലകളാണ് വൻകിടവ്യവസായശാലകൾ. ഉദാഹരണം- ഇരുമ്പുരുക്ക് വ്യവസായശാലകൾ, എണ്ണശുദ്ധീകരണശാല, സിമന്റ്, വസ്ത്രവ്യവസായം

(ii) ചെറുകിട വ്യവസായങ്ങൾ: ഒരുകോടി രൂപയിൽ താഴെ നിക്ഷേപമുള്ള വ്യവസായശാലകളാണ് ചെറുകിടവ്യവസായശാലകൾ. പട്ടുവസ്ത്രനിർമ്മാണം ഈ വിഭാഗത്തിൽ പെടുന്നവയാണ്.



ചെറുകിട വ്യവസായങ്ങൾ

ഇതു കൂടാതെ കുടിൽ വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും ഉൾപ്പെടുന്നു. ഇവിടെ കുടുബാംഗങ്ങളുടെ സഹായത്തോടെ ഉൽപ്പന്നങ്ങൾ കൈകൊണ്ട് ഉല്പാദിപ്പിക്കുന്നു. ഇത്തരത്തിലുള്ള വ്യവസായശാലകൾ പലവക വ്യവസായങ്ങളിൽ ഉൾപ്പെടുന്നു. ഉദാഹരണം- കൂടനെയ്ത്ത്, മൺപാത്രനിർമ്മാണം, കരകൗശല വസ്തുക്കൾ മുതലായവ.



ഇന്ത്യയുടെ ഡെട്രോയിറ്റ്

അമേരിക്കൻ ഐക്യനാട്ടിലെ മിഷിഗൻ സംസ്ഥാനത്തിലെഡെട്രോയിറ്റ് നഗരം പരമ്പരാഗതമായി വാഹന വ്യവസായങ്ങളാൽ പ്രസിദ്ധമാണ്. "ചെന്നൈ" ഇന്ത്യയിലെ ഡെട്രോയിറ്റ് എന്നറിയപ്പെടുന്നു. ലോകപ്രസിദ്ധ വാഹനങ്ങളായ ജി. എം, ഫോർഡ്, ഹുണ്ടായ്, മഹേന്ദ്ര, എന്നിവയുടെ വ്യവസായശാലകൾ ഇവിടെ സ്ഥിതിചെയ്യുന്നു. രാജ്യത്തിലെ 60% വാഹന വിദഗ്ദ്ധരും ഈ പട്ടണത്തിലാണുള്ളത്..

ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ

(i) സ്വകാര്യമേഖലയിലുള്ള വ്യസായങ്ങൾ: വ്യക്തികളായോ സംഘമായോ ഉടമസ്ഥാവകാശമുള്ള വ്യവസായശാലകളാണിവ. ഉടമസ്ഥന്മാരുടെ നിയന്ത്രണത്തിലാണ് . ഇത്തരം വ്യവസായശാലകൾ പ്രവർത്തിക്കുന്നത് ഉദാഹരണം- ബജാജ്, റിലയൻസ്



MG83S

VIII Std - Geography Malayalam Chapter 6.indd 136 06/04/2024 16:24:33

(ii) പൊതുമേഖല വ്യവസായങ്ങൾ: ഇതിന്റെ ഉടമസ്ഥതയും മേൽ നോട്ടവും സർക്കാരിനാണ്. ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സ് ലിമിറ്റഡ് (HAL) ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് (BHEL), സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (SAIL) എന്നിവ പൊതുമേഖലാ വ്യവസായങ്ങൾക്ക് ഉദാഹരണങ്ങളാണ്.

പ്രവർത്തനം

നിങ്ങളുടെ പ്രദേശത്തുള്ള വ്യവസായശാലകളെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ വേർതിരിക്കുക.

(iii) സംയുക്തമേഖലാ വ്യവസായങ്ങൾ: ഇത്തരത്തിലുള്ള വ്യവസായശാലകളുടെ ഉടമസ്ഥർ സർക്കാരും, വ്യക്തികളോ, വ്യക്തികളുടെ സംഘങ്ങളോ ആയിരിക്കും. ഇതിന്റെ നടത്തിപ്പും ഇവർ തന്നെയാണ്. **ഉദാഹരണം:** ഇന്ത്യൻ ഓയിൽ സ്കൈ ടാങ്കിംഗ് ലിമിറ്റഡ്, ഇൻഡ്യൻ സിന്തറ്റിക് റബ്ബർ ലിമിറ്റഡ്, മഹാനഗർ ഗ്യാസ് ലിമിറ്റഡ്, മാരുതി ഉദ്യോഗ് തുടങ്ങിയവ.

(iv) സഹകരണമേഖലാ വ്യവസായങ്ങൾ: അസംസ്കൃതവസ്തുക്കൾ വിതരണം ചെയ്യുന്നവരോ, ജോലിക്കാരോ, ഉടമസ്ഥരും നടത്തിപ്പുകാരുമായ വ്യവസായശാലകളാണിവ. ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്(AMUL) സഹകരണമേഖലാ വ്യവസായങ്ങൾ മികച്ച ഉദാഹരണമാണ്.

സംഗ്രഹം

- വ്യവസായശാല: അസംസ്കൃത വസ്തുക്കൾ ഉൽപ്പന്നങ്ങളായി മാറ്റുന്ന സ്ഥലമാണ് വ്യവസായശാലകൾ.
- സാമ്പത്തിക പ്രവർത്തനങ്ങൾ: ഉൽപ്പാദനം, വിതരണം, ഉപഭോഗം, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളോ സേവനങ്ങളോ ആണിവ
- സാമ്പത്തിക പ്രവർത്തനത്തിന്റെ തരങ്ങൾ: പ്രാഥമീകസാമ്പത്തിക പ്രവർത്തനങ്ങൾ, ദ്വിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ, ത്രിതീയ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവ പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ സാമ്പത്തിക പ്രവർത്തനങ്ങളാണ്.
- വ്യവസായശാലകളുടെ സ്ഥാനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ: മൂലധനം, അസംസ്കൃത വസ്തു, സ്ഥലം, ജലം, ലഭ്യത, തൊഴിലാളികൾ, വൈദ്യുത വിതരണം, ഗതാഗതം, വിപണി എന്നിവയാണ് ഒരു വ്യവസായശാലയുടെ സ്ഥാനത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ

പദപരിചയം

Quaternary activities	Creation and transfer of information	ചതുഘട്ട പ്രവർത്തനങ്ങൾ
Quinary activities	Decision making processes by Executives associated with industries, government, etc	പഞ്ചമഘട്ട പ്രവർത്തനങ്ങൾ
Private Sector	This industry is owned and operated by individuals.	സ്വകാര്യമേഖല
Co-operative Sector	This industry is owned by the producer or suppliers of raw materials or workers or both.	സഹകരണമേഖല

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. പട്ടുനൂൽ നെയ്ത്തും കുടിൽ വ്യവസായങ്ങളും ഉൾപ്പെടുന്നത്_____ വിഭാഗത്തിലാണ്.
   a) ചെറുകിട വ്യവസായം
   b) വൻകിട വ്യവസായം
   c) സമുദ്രാധിഷ്ഠിത വ്യവസായം
   d) മൂലധനാധിഷ്ഠിതവ്യവസായം

TU2Q1

2. ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ വ്യവസായശാലകളെ ----------തരങ്ങളായി വിഭജിച്ചിരിക്കുന്നു.
   a) 2 b) 3 c) 4 d) 5
3. അമുൽ ഡയറി വ്യവസായശാല ----------മേഖലയിൽ ഉൾപ്പെടുന്നു.
   a) സ്വകാര്യമേഖല
   b) പൊതുമേഖല
   c) സഹകരണമേഖല
   d) സംയുക്ത മേഖല

VIII Std - Geography Malayalam Chapter 6.indd 137 06/04/2024 16:24:33

4. ഇരുമ്പുരുക്ക്, സിമന്റ് വ്യവസായശാലകൾ – --------വ്യവസായശാലകൾക്ക് ഉദാഹരണമാണ്.
   a) കാർഷികാധിഷ്ഠിതം
   b) ധാതു അധിഷ്ഠിതം
   c) വന അധിഷ്ഠിതം
   d) സമുദ്ര അധിഷ്ഠിതം
5. ത്രിതീയ പ്രവർത്തനങ്ങളെ ---------- വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
   a) 4 b) 3
   c) 2 d) 5

II. വിട്ടഭാഗം പൂരുപ്പിക്കുക

1. ബാങ്കിംഗ് ---------- സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.
2. ത്രിതീയ പ്രവർത്തനങ്ങൾ--------, -------- എന്ന് വിഭജിച്ചിരിക്കുന്നു.
3. സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ എടുക്കുന്നവർ --------സാമ്പത്തിക പ്രവർത്തന വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.
4. പരുത്തിവസ്ത്രവ്യവസായശാല ---------- വിഭാഗത്തിൽ ഉൾപ്പെടുന്നു.
5. വൻകിട വ്യവസായശാലകൾക്ക് ആവശ്യമായ മൂലധനം ---------ൽ അധികമായിരിക്കുന്നു.

III. ചേരുംപടി ചേർക്കുക.

1. നീതിന്യായ വ്യവസ്ഥ	–	സ്വകാര്യമേഖല
2. ദൂരദർശനം പ്രേക്ഷണം	–	ഭൂമിശാസ്ത്രപരമല്ലാത്ത ഘടകങ്ങൾ
3. ഭൂമിശാസ്ത്ര ഘടകങ്ങൾ	–	ചതുർഘട്ടപ്രവർത്തനം
4. മൂലധനം	–	അസംസ്കൃതവസ്തുക്കൾ
5. ബജാജ്	–	പഞ്ചമഘട്ടപ്രവർത്തനം

IV. വേർതിരിക്കുക

1. ദ്വിതീയ സാമ്പത്തീക പ്രവർത്തനങ്ങൾ—— ത്രിതീയസാമ്പത്തിക പ്രവർത്തനങ്ങൾ.
2. കാർഷികാധിഷ്ഠിത വ്യവസായശാല - സമുദ്രാധിഷ്ഠിത വ്യവസായശാല.
3. വൻകിട വ്യവസായശാല -ചെറുകിടവ്യവസായശാല

V. ചുരുക്കിഉത്തരമെഴുതുക.

1. വ്യവസായശാല നിർവ്വചിക്കുക
2. സാമ്പത്തിക പ്രവർത്തനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
3. പ്രധാന സാമ്പത്തീക പ്രവർത്തനങ്ങളുടെ പേരെഴുതുക.
4. പഞ്ചമഘട്ട പ്രവർത്തനങ്ങൾ എന്നാലെന്ത്. ഉദാഹരണസഹിതം വ്യക്തമാക്കുക.
5. വ്യവസായ ശാലകളുടെ സ്ഥാനം നിർണ്ണയിക്കുന്ന ഘടകങ്ങൾ ഏവ
6. കുറിപ്പെഴുതുക
   a) വൻകിടവ്യവസായങ്ങൾ
   b) ചെറുകിട വ്യവസായങ്ങൾ

VI. വിവരിച്ചുത്തരം എഴുതുക

1. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വ്യവസായശാലകളെ തരംതിരിച്ച് വിവരിക്കുക.
2. ഭൂമിശാസ്ത്രഘടകങ്ങൾ വ്യവസായശാലയുടെ സ്ഥാനം നിർണ്ണയിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.
3. വ്യവസായശാലകളുടെ വിഭാഗങ്ങൾ രേഖാചിത്രംമൂലം തരംതിരിക്കുക

REFERENCE BOOKS

1. *Economic Geography* by "Wood and Roberts, (2010)
2. *Economic Geography* by Jessie P.H. Poon (2016)
3. *Economic Geography* by K.K. Khanna and V.K.Gupta (1998)

INTERNET RESOURCES

1. http://ncert.nic.in
2. https://www.edu.gov.mb.ca
3. http://www.yourarticlelibrary.com/industries/industries-classification-of-industries
4. https://www.clearias.com/factors-responsible-for-the-location-of-primary-secondary-and-tertiary-sector-industries-in-various-parts-of-the-world-including-india/

VIII Std - Geography Malayalam Chapter 6.indd 138 06/04/2024 16:24:33

യൂണിറ്റ് - 7

ഭൂഖണ്ഡ പര്യവേക്ഷണം

(ആഫ്രിക്ക, ആസ്ത്രേലിയ, അന്റാർട്ടിക്ക)



പഠനലക്ഷ്യങ്ങൾ

- ആഫ്രിക്ക ആസ്ത്രേലിയ, അന്റാർട്ടിക്ക എന്നീ ഭൂഖണ്ഡങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനത്തെകുറിച്ച് പഠിക്കുന്നതിന്.
- ഭൂഖണ്ഡങ്ങളുടെ ഭൗതീകപശ്ചാത്തലം കാലാവസ്ഥ, നദികൾ എന്നിവയെപ്പറ്റി അറിയുന്നതിന്.
- ഭൂഖണ്ഡങ്ങളിലെ സസ്യജന്തുജാലങ്ങളുടെ സ്വഭാവം മനസ്സിലാക്കുന്നതിന്.
- പ്രധാന വിഭവങ്ങളെപ്പറ്റിയും സാമ്പത്തീക പ്രവർത്തനങ്ങളെപ്പറ്റിയും തിരിച്ചറിയുന്നതിന്.
- ഭൂപട വൈദഗ്ധ്യം വികസിപ്പിക്കുന്നതിന്.

240WY

ആമുഖം

എട്ടാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകൻ ക്ലാസിൽ കയറുമ്പോൾ വിദ്യാർത്ഥികൾ സംസാരിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. തങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത് ആസ്ത്രേലിയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള ഏകദിന ക്രിക്കറ്റ് കളിയെ കുറിച്ചാണെന്ന് ക്ലാസ്സ് ലീഡർ മറുപടി പറഞ്ഞു ഈ പാഠത്തിൽ മേൽപറഞ്ഞ ഭൂഖണ്ഡങ്ങളെപ്പറ്റി ധാരാളം കാര്യങ്ങൾ പഠിക്കാമെന്ന് ടീച്ചർ പറഞ്ഞു.

ആഫ്രിക്ക

സ്ഥാനവും വിസ്തൃതിയും

ഏഷ്യയ്ക്കുശേഷം രണ്ടാമത്തെ വിസ്തൃതവും ജനസംഖ്യാനിബിഡവുമായ ഭൂഖണ്ഡമാണ് ആഫ്രിക്ക. $37^0 21$ വടക്ക് അക്ഷാംശരേഖയ്ക്കും $34^0 51'$ തെക്ക് അക്ഷാംശ രേഖയ്ക്കും $17^0 33'$ പശ്ചിമദീർഘ $51^0 27'$ പൂർവ്വദീഘരേഖയ്ക്കും ഇടയിലാണ് ഈ ഭൂഖണ്ഡം സ്ഥിതി ചെയ്യുന്നത്. 30.36 മില്യൻ ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ഇത് വ്യാപിച്ചു കിടക്കുന്നു. (ലോകത്തിന്റെ മൊത്ത സ്ഥലവിസ്തൃതിയുടെ 20.2%) ഭൂമദ്ധ്യ രേഖ ഇതിന്റെ മദ്ധ്യത്തിലൂടെ കടന്നു പോകുന്നതിനാൽ ഈ ഭൂഖണ്ഡത്തെ രണ്ട് തുല്യ ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഉത്തരായനരേഖ, ഭൂമദ്ധ്യരേഖ, ദക്ഷിണായന രേഖ എന്നീ മൂന്നു പ്രധാന അക്ഷാംശരേഖകൾ കടന്നു പോകുന്ന ഭൂഖണ്ഡം ഇതുമാത്രമാണ്. വടക്കുതെക്കായി 7623 കി.മീ. കിഴക്കു പടിഞ്ഞാറായി 7260 കി.മീറ്ററുമാണ് ഇതിന്റെ വ്യാപനം. 0^0 ദീർഘരേഖ (Prime Meridian) ഘാനയുടെ തലസ്ഥാനമായ അക്രയ്ക്ക് സമീപമായി കടന്നു പോകുന്നു. ആഫ്രിക്ക നാലു അർദ്ധ ഗോളങ്ങളിലുമായി സ്ഥിതി ചെയ്യുന്നു.

മഹാൻമാരായ പര്യവേക്ഷകർ ഡേവിഡ് ലിവിങ്ങ്സ്റ്റണും. എച്ച്.എം. സ്റ്റാൻലിയുമാണ് ആഫ്രിക്കയുടെ ഉൾപ്രദേശങ്ങളിൽ ആദ്യമായി പര്യവേക്ഷണം നടത്തിയവർ. അഞ്ചുമില്യൻ വർഷങ്ങൾക്കുമുമ്പു തന്നെ ആദിമമനുഷ്യൻ ജീവിച്ചിരുന്നു എന്നതിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. ആഫ്രിക്ക ഏറ്റവും പഴക്കമേറിയതും ജനവാസമുള്ളതുമായ ഭൂഖണ്ഡമായതിനാൽ ഇതിനെ മാതൃഭൂഖണ്ഡം എന്ന് വിളിക്കുന്നു. ഇതിന്റെ വ്യത്യസ്തമായ ഭൂമിശാസ്ത്ര ഘടനയാണ് വൈവിധ്യമാർന്ന സംസ്ക്കാരത്തിനും നിരവധി ഗോത്ര വിഭാഗങ്ങളുടെ വാസത്തിനും കാരണമായത്.

നിങ്ങൾക്ക് അറിയാമോ?

ആഫ്രിക്കയെ ഇരുണ്ടഭൂഖണ്ഡം എന്നു വിളിക്കുന്നു. ആദ്യകാലങ്ങളിൽ ആഫ്രിക്കയുടെ ഉൾപ്രദേശങ്ങളെക്കുറിച്ച് ആർക്കും അറിവുണ്ടായിരുന്നില്ല. യൂറോപ്യൻ പര്യവേക്ഷകരായ ഹെൻട്രി എം.സ്റ്റാൻലിയാണ് 1878-ൽ ഇരുണ്ട ഭൂഖണ്ഡം എന്ന് അദ്യമായി പറഞ്ഞത്.

VIII Std - Geography Malayalam Chapter 7.indd 139 31-03-2022 16:56:49



രാഷ്ട്രീയ വിഭാഗങ്ങൾ

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ അൻപത്തിനാലു രാജ്യങ്ങളാണുള്ളത്. ഭൂമിശാസ്ത്ര സ്ഥാനമനുസരിച്ച് a)പടിഞ്ഞാറൻ ആഫ്രിക്ക, b)വടക്കൻ ആഫ്രിക്ക, c) മദ്ധ്യ ആഫ്രിക്ക, d)കിഴക്കൻ ആഫ്രിക്ക, e)തെക്കൻ ആഫ്രിക്ക എന്ന് തരം തിരിച്ചിരിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

വടക്കുപടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളായ മൊറോക്കോ, അൾജീരിയ ലിബിയ, മൗറിറ്റാനിയ, ടുണിഷ്യാ എന്നീ രാജ്യങ്ങളെയെല്ലാം മൊത്തമായി മാഗ്രെബ് എന്നു വിളിക്കുന്നു. അറബിയിൽ ഇതിനർത്ഥം പടിഞ്ഞാറെന്നാണ്.

ഭൂപ്രകൃതിവിഭാഗങ്ങൾ

പർവ്വത നിരകൾ പീഠഭൂമികൾ സമതലങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രദേശങ്ങൾ അടങ്ങിയ ഭൂഖണ്ഡമാണ് ആഫ്രിക്ക. പ്രധാനമായി എട്ടു ഭൂപ്രകൃതിവിഭാഗങ്ങളായി ആഫ്രിക്കയെ തിരിച്ചിരിക്കുന്നു. ആഫ്രിക്കയിലെ പ്രധാന ദ്വീപാണ് മഡഗാസ്ക്കർ.

1. സഹാറ

ലോകപ്രസിദ്ധമായ സഹാറ മരുഭൂമി സ്ഥിതി ചെയ്യുന്നത് ആഫ്രിക്കയുടെ വടക്കുഭാഗത്താണ്. ഇത് ലോകത്തിലെ ഏറ്റവും വലിയ ഉഷ്ണ മരുഭൂമികളിൽ ഒന്നാണ്. 9.2 മില്യൻ ചതുരശ്ര കിലോമീറ്ററാണ് ഇതിന്റെ വിസ്തീർണ്ണം. സഹാറയുടെ പടിഞ്ഞാറൻ അതിർത്തി അത്ലാന്റിക് സമുദ്രവും കിഴക്കൻ അതിർത്തി ചെങ്കടലും, വടക്കൻ അതിർത്തി മദ്ധ്യധരണിക്കടലും തെക്കുഭാഗത്ത് സാഹെലുമാണ്. ഈ മരുഭൂമി പതിനൊന്നു രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. അൾജീരിയ, ചാഡ്, ഈജിപ്ത്, ലിബിയ, മാലി, മൗറിട്ടാനിയ, മൊറോക്കോ, നൈജർ പടിഞ്ഞാറൻ സഹാറ, സുഡാൻ, ടുണീഷ്യ എന്നീ രാജ്യങ്ങളാണിവ.

പർവ്വതങ്ങൾ, സമതലങ്ങൾ, എർഗുകൾ, മരുപ്പച്ചകൾ, മണലും ചരലും നിറഞ്ഞ സമതലങ്ങൾ, ഉപ്പുസമതലങ്ങൾ, നദീതട പ്രദേശം, നിമ്നഭാഗം എന്നിങ്ങനെ നിരവധി സവിശേഷതകളാർന്ന ഭൂപ്രകൃതിയാണിത്.

VIII Std - Geography Malayalam Chapter 7.indd 140 31-03-2022 16:56:49

ആഫ്രിക്ക ഭൂപടം



3445 മീറ്റർ ഉയരമുള്ള സഹാറയിലെ ഉയർന്ന പ്രദേശമാണ് ചാദിലെ നിർജീവ അഗ്നിപർവ്വതമായ മൗണ്ട് കൗസി. ഈജിപ്തിലെ ഖട്ടാറ നിമ്നമാണ് സഹാറയിലെ ഏറ്റവും ആഴമേറിയ സ്ഥലം (സമുദ്രനിരപ്പിൽ നിന്നും 133 മീറ്റർ താഴ്ന്നു കിടക്കുന്നു) നൈൽ നദിയും നൈജർ നദിയും ഈ മരുഭൂമിയിലൂടെയാണ് ഒഴുകുന്നത്.

ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് അറ്റ്ലസ് പർവ്വതനിര സ്ഥിതി ചെയ്യുന്നു. ഇത് പ്രായം കുറഞ്ഞ മടക്കുമലകളാണ്. ഇത് മദ്ധ്യധരണികടലിനെയും അത്ലാന്റിക് സമുദ്രത്തെയും വേർതിരിക്കുന്നു. ഇതിലെ ഉയർന്ന ശിഖരമാണ് തൗബ്ക്കൽ(4167 മീ)

2. സാഹേൽ

സാഹേൽ എന്നതിന്റെ അർത്ഥം അതിർത്തി അല്ലെങ്കിൽ മാർജിൻ എന്നാണ് സാവന്ന പുൽപ്രദേശത്തിനു തെക്കായും സഹാറ മരുഭൂമിയ്ക്കു വടക്കായും സ്ഥിതി ചെയ്യുന്ന ഉഷ്ണമേഖല അർദ്ധ മരുഭൂമി പ്രദേശമാണ് സാഹേൽ. കിഴക്കുപടിഞ്ഞാറായി നാലായിരം കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന ഇത് 3.0 മില്യൻ ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. ഇതിലധികവും അർദ്ധമരുഭൂമി പ്രദേശമായ തരിശുനിലവും, മണലും പാറയും നിറഞ്ഞ ഭൂപ്രദേശവുമാണ്. വടക്കു ഭാഗത്തുള്ള മരുഭൂമിയും തെക്കുഭാഗത്തുള്ള സാംസ്ക്കാര സമ്പന്നമായ ഭൗതീകസംമൃദ്ധിയാർന്ന ഉഷ്ണമേഖല പ്രദേശവും തമ്മിൽ വളരെ അധികം അന്തരമാണുള്ളത്.

3. സാവന്ന

ഉഷ്ണമേഖല വരണ്ട പുൽ പ്രദേശങ്ങളും ചിതറിക്കിടക്കുന്ന വൃക്ഷങ്ങളും ഉള്ള പ്രദേശത്തെയാണ് സാവന്ന എന്നു വിളിക്കുന്നത്. ഭൂമദ്ധ്യരേഖക്ക് അടുത്തായി സ്ഥിതി ചെയ്യുന്ന ഇത് ആഫ്രിക്കയുടെ പകുതിയോളം ഭാഗത്ത് വ്യാപിച്ചു കിടക്കുന്നു. ഭൂമദ്ധ്യരേഖയോട് ചേർന്നുകിടക്കുന്ന മഴക്കാടുകളുടെ വടക്കു തെക്കു ഭാഗത്തോട് ചേർന്നുകിടക്കുന്നതാണ് സാവന്ന പുൽപ്രദേശങ്ങൾ. സാവന്നയുടെ ചില ഭാഗങ്ങളിലെ ഭൂപ്രകൃതിയുടെ പ്രധാന സവിശേഷതയാണ് മരങ്ങൾ. അതേ സമയം ഉയരമുള്ള പുല്ല് മറ്റു പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. വിവിധ ഇനം മൃഗങ്ങൾ

VIII Std - Geography Malayalam Chapter 7.indd 141 31-03-2022 16:56:50

ഈ പുൽപ്രദേശത്ത് മേയുന്നു. സെറിൻഗതി സമതലമാണ് സാവന്നയിലെ വലിയ സമതലം. ഇതിനെ തുറന്ന മൃഗശാല എന്ന് വിളിക്കുന്നു.

4. ആഫ്രിക്കയിലെ വലിയ തടാകവും ഗ്രേറ്റ് റിഫ്റ്റ്വാലിയും (മഹാ വിള്ളൽ താഴ്വര)

ടെക്ടോണിക് പാളികൾ മാറുന്നതിനാൽ ഭൂമിയുടെ മേൽപ്പരപ്പിൽ രൂപം കൊണ്ട വലിയ വിള്ളലാണ് റിഫ്റ്റ്വാലി. ആഫ്രിക്കയിലെ പ്രധാന ഭൂമിശാസ്ത്ര സവിശേഷതകളിലൊന്നാണ് ഗ്രേറ്റ് റിഫ്റ്റ് വാലി. ഇത് ഏഷ്യയിലെ വടക്കൻ സിറിയ മുതൽ ആഫ്രിക്കയിലെ മൊസാമ്പിക് വരെ 6400 കി.മീ. ദൂരത്തിൽ വ്യാപിച്ചു കിടക്കുന്നു. ആഫ്രിക്കയുടെ കിഴക്കൻ പ്രദേശത്തുകൂടി പോകുന്ന ഇതിൽ ധാരാളം തടാകങ്ങളും ഉണ്ട്.

പ്രവർത്തനം

ആഫ്രിക്കയുടെ ഭൂപടത്തിൽ ഗ്രേറ്റ്റിഫ്റ്റ് വാലിയും അതുമായി ബന്ധപ്പെട്ടിരിക്കുന്ന തടാകങ്ങളും അടയാളപ്പെടുത്തുക.

റിഫ്റ്റ് വാലിയിൽ കാണപ്പെടുന്ന തടാകങ്ങളുടെ ശൃംഖലയാണ് ആഫ്രിക്കൻ ഗ്രേറ്റ് തടാകം. ആഫ്രിക്കയിലെ ഗ്രേറ്റ് തടാകത്തിലെ ജലം ഭൂമിയിലെ ശീതീകരിക്കാത്തശുദ്ധജലത്തിന്റെ 25 ശതമാനമാണ്. ഈ പ്രദേശത്ത് ഏഴ് പ്രധാന തടാകങ്ങളുണ്ട്.

വിക്ടോറിയ തടാകം ആഫ്രിക്കയിലെ ഏറ്റവും വലിയ ശുദ്ധജലതടാകവും ലോകത്തിലെ രണ്ടാമത്തെ ശുദ്ധജലതടാകവുമാണ്. അമേരിക്കൻ ഐക്യനാട്ടിലെ സുപ്പീരിയർ തടാകമാണ് ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകം. വിക്ടോറിയതടാകമാണ് നൈൽ നദിയുടെ ഉത്ഭവസ്ഥാനം. ലോകത്തിലെ ആഴം കൂടിയതും നീളമേറിയതുമായ ശുദ്ധജല തടാകമാണ് റിഫ്റ്റ് വാലിയിലെ ടാൻഗൻയിഗ. ആൽബർട്ട് തടാകം, എഡ്വേർഡ് തടാകം, കിവു തടാകം, മലാവി തടാകം, തുർക്കാണതടാകം എന്നിവയാണ് ആഫ്രിക്കയിലെ മറ്റു പ്രധാന തടാകങ്ങൾ.

നിങ്ങൾക്ക് അറിയാമോ?

20-ാം നൂറ്റാണ്ടു മുതൽ കിളിമഞ്ചാരോ പർവ്വതത്തിന്റെ മുകളിലുള്ള ഹിമപാളികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ സ്ഥിതി തുടർന്നാൽ 2025-ആകുമ്പോഴേയ്ക്കും കിളിമഞ്ചാരോ ഹിമപാളികളില്ലാത്ത പർവ്വതമായി മാറാൻ സാധ്യതയുണ്ട്.

5. കിഴക്കൻ ആഫ്രിക്കൻ ഉന്നതനിലം

ആഫ്രിക്കൻ പർവ്വതനിരകളിൽ മിക്കതും ഈ ഉന്നത നിലത്തിലാണ് കാണപ്പെടുന്നത്. ഇത് എത്യോപ്യാ മുതൽ സുപ്രതീക്ഷ മുനമ്പുവരെ വ്യാപിച്ചു കാണപ്പെടുന്നു. ഈ ഉന്നതനിലത്തിലെ ഉയർന്ന കൊടുമുടിയാണ് കിളിമഞ്ചാരോ പർവ്വതനിര(5895 മീറ്റർ). കെനിയ പർവ്വതം, റൂവൻസോറി പർവ്വതം എന്നിവ ഇവിടെയുള്ള മറ്റു പ്രധാന പർവ്വതങ്ങളാണ്. പ്രകൃതിരമണീയമായ പുൽമേടുകളും വനങ്ങളും, അരുവികളും വെള്ളച്ചാട്ടങ്ങളും നിറഞ്ഞ ഈ പ്രദേശത്ത് വളരെ കുറഞ്ഞജനവാസമാണുള്ളത്. മഞ്ഞുമൂടിയ പ്രഭാതവും മലകളെ തഴുകി വരുന്ന ശുദ്ധമായ ഇളം കാറ്റും ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു.

6. സ്വാഹിലി തീരപ്രദേശം

കിഴക്കൻ ആഫ്രിക്കയുടെ തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്നതാണ് സ്വാഹിലിതീരം. ഇന്ത്യൻ മഹാസമുദ്രതീരത്ത് സൊമാലിയ മുതൽ മൊസാംബിക് വരെ 1610 കിലോമീറ്റർ നീളത്തിൽ ഇത് വ്യാപിച്ചു കിടക്കുന്നു. ആഫ്രിക്കൻ, അറബ് സംസ്ക്കാരങ്ങൾ ഇടകലർന്നുകാണപ്പെടുന്ന ഈ പ്രദേശത്ത് സവിശേഷമായ സ്വാഹിലി സംസ്ക്കാരമാണുള്ളത്. ഈ തീരപ്രദേശത്തുള്ള ജനങ്ങളെ സ്വാഹിലികൾ എന്നാണ് അറിയപ്പെടുന്നത്.

7. കോംഗോ തടവും സയർ തടവും

മദ്ധ്യ പടിഞ്ഞാറൻ ആഫ്രിക്കയിൽ ഭൂമദ്ധ്യരേഖയ്ക്ക് ഇരുവശത്തുമായി കോംഗോ തടം സ്ഥിതി ചെയ്യുന്നു. നിബിഡമായ നിത്യഹരിതവനങ്ങൾ നിറഞ്ഞ ഈ പ്രദേശം 3.4 ദശലക്ഷം ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്നു. ഇത് 7 ദശലക്ഷം ജനങ്ങൾക്ക് ഭക്ഷണം, പാർപ്പിടം, ഔഷധം, ജലം, മറ്റു വസ്തുക്കൾ എന്നിവ നൽകുന്നു. ആമസോൺ നദീതടത്തിനുശേഷം ലോകത്തിലെ രണ്ടാമത്തെ വലിയ നദിതടമാണ് ഇത്.

8. ദക്ഷിണാഫ്രിക്ക

ദക്ഷിണാഫ്രിക്കയുടെ മിക്കവാറും പ്രദേശങ്ങൾ പീഠഭൂമിപ്രദേശങ്ങളാണ്. ഡ്രാക്കൻസ്ബർഗ് പർവ്വതത്തിന്റെ കിഴക്കുഭാഗം കിഴക്കാംതൂക്കായമലഞ്ചരിവാണ്. ഇത് 1125 കി.മീ വടക്കു കിഴക്കു നിന്നും തെക്കു പടിഞ്ഞാറുഭാഗത്തേയ്ക്ക് വ്യാപിച്ചു കിടക്കുന്നു. 3482 മീറ്ററുള്ള തബാന ലെനിയാന (Thabana Ntlenyana) ഇതിലെ ഉയർന്നകൊടുമുടിയാണ്. ഈ പ്രദേശത്തുള്ള പുൽമേടുകളെ വെൽഡ് എന്നു പറയുന്നു. കലഹാരി മരുഭൂമി തെക്കുഭാഗത്തും നമീബ് മരുഭൂമി ആഫ്രിക്കയുടെ തെക്കുപടിഞ്ഞാറൻ തീരപ്രദേശത്തും കാണപ്പെടുന്നു. ഓറഞ്ച്, സംബേസി നദികൾക്കിടയിലുള്ള കുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശമായ കലഹാരി യഥാർത്ഥത്തിൽ ഒരു മരുഭൂമിയല്ല.

നിങ്ങൾക്ക് അറിയാമോ?

ദക്ഷിണാഫ്രിക്കയിലെ ആടുമേയ്ക്കുന്ന അർദ്ധ മരുഭൂമി പ്രദേശത്തെ കരൂസ എന്നു വിളിക്കുന്നു.

VIII Std - Geography Malayalam Chapter 7.indd 142 31-03-2022 16:56:50

ആഫ്രിക്കയിലെ നദികൾ

1. നൈൽ നദി

6650. കി.മീറ്റർ നീളമുള്ള നൈൽ നദി ലോകത്തിലെ ഏറ്റവും കൂടുതൽ നീളമുള്ള നദിയാണ്. ഇതിന്റെ രണ്ടു പ്രധാന പോഷകനദികളുണ്ട്. ഇത് ബറുണ്ടിയിൽ നിന്ന് ഉത്ഭവിക്കുന്ന വെള്ള നൈലും എത്യോപ്യയിൽ നിന്നും ഉത്ഭവിക്കുന്ന നീല നൈലുമാണ്. ഈ രണ്ടു നദിയും ഒന്നിച്ചുചേർന്ന് നൈൽ നദി സുഡാനിലെ കാർത്തുമിൽ രൂപപ്പെടുന്നു. ഇതു വടക്കുഭാഗത്തേയ്ക്ക് ഒഴുകി മെഡിറ്ററേനിയർ കടലിൽ പതിക്കുന്നു. നൈൽ നദിയെ ആഫ്രിക്കൻ നദികളുടെ പിതാവ് എന്നുവിളിക്കുന്നു.



നൈൽ നദി ഈജിപ തിന്റെ ജീവനാഡി ആയതിനാൽ ഈജിപ്തിനെ നൈൽ നദിയുടെ ദാനം എന്നുപറയുന്നു.

പ്രവർത്തനം

ആഫ്രിക്കൻ ഭൂപടത്തിൽ നദികൾ വരഞ്ഞ് അവയുടെ പേരെഴുതുക

2. കോംഗോ നദി അല്ലെങ്കിൽ സയർ

നൈൽ നദി കഴിഞ്ഞാൽ ആഫ്രിക്കയുടെ രണ്ടാമത്തെ വലിയ നദിയാണ് കോംഗോ. ഇതിന്റെ നീളം 4700 കി.മീ ആണ്. വടക്കുകിഴക്കൻ സാമ്പിയയിലെ ഉന്നതനിലത്തിൽ നിന്നും ആരംഭിക്കുന്ന കോംഗോ നദി ടാൻഗൻനിക, ന്യാസ തടാകങ്ങളുടെ ഇടയിലാണുള്ളത്. ഇത് മദ്ധ്യ പടിഞ്ഞാറൻ ആഫ്രിക്കയിലൂടെ ഒഴുകി അറ്റ്ലാന്റിക് സമുദ്രത്തിൽ പതിക്കുന്നു.

3. നൈജർ നദി

പടിഞ്ഞാറൻ ആഫ്രിക്കയിലെ ഗിനിയ ഉന്നതനിലത്തു നിന്നും ആരംഭിക്കുന്ന പ്രധാന ന ദിയാണ് നൈജർ. 4184 കി.മീ. ഒഴുകി അറ്റ്ലാന്റിക് സമുദ്രത്തിലെ ഗിനിയ ഉൾക്കടലിൽ പതിക്കുന്നു.

4. സാംബസി നദി

ആഫ്രിക്കയിലെ നാലാമത്തെ നദിയാണ് സാംബസി നദി. ഇത് വടക്കു പടിഞ്ഞാറൻ സാംബിയയിൽ നിന്നും ആരംഭിക്കുന്നു. 2574-കി.മി. ഒഴുകി ഇത് ഇന്ത്യൻ മഹാസമുദ്രത്തിൽ പതിക്കുന്നു. 108 മീറ്റർ ഉയരമുള്ള ലോകപ്രസിദ്ധമായ വിക്ടോറിയ വെള്ളച്ചാട്ടം ഈ നദിയിലാണുള്ളത്. ഇതിനെ ആഫ്രിക്കയിലെ ജീവനദി എന്നറിയപ്പെടുന്നു.

ലിംബോബോ നദിയും ഓറഞ്ച് നദിയും ആഫ്രിക്കയിലെ മറ്റു പ്രധാന നദികളാണ്.

കാലാവസ്ഥ

ആഫ്രിക്കയെ 6 പ്രധാന കാലാവസ്ഥാ മേഖലകളായി തരം തിരിച്ചിരിക്കുന്നു. അവ

1. **വരണ്ടതും മിതമായി വരണ്ടതുമായ കാലാവസ്ഥ:** വടക്കൻ ആഫ്രിക്കയിലും, ദക്ഷിണാഫ്രിക്കയിലും ഈ കാലാവസ്ഥ അനുഭവപ്പെടുന്നു. ഈ ഭാഗത്ത് മഴ വളരെ കുറവാണ്.
2. **ഉഷ്ണ മേഖലാ സാവന്നാ കാലാവസ്ഥ:** ഭൂമദ്ധ്യരേഖയുടെ ഇരുവശത്തുമുള്ള 10^0-20^0 അക്ഷാംശങ്ങളിൽ ഇത് അനുഭവപ്പെടുന്നു. ഉഷ്ണമേഖലാ നനവുള്ളതും വരണ്ടതുമായ കാലാവസ്ഥയാണ്.
3. **ഭൂമധ്യരേഖകാലാവസ്ഥ:** കോംഗോ നദിതടത്തേയും കിഴക്കൻ ആഫ്രിക്കയിലെ ഉയർന്ന പ്രദേശങ്ങളേയും ഉൾക്കൊള്ളുന്ന ഭൂമധ്യരേഖാപ്രദേശത്താണ് ഈ കാലാവസ്ഥ അനുഭവപ്പെടുന്നത്. ഈ പ്രദേശങ്ങളിൽ വർഷം മുഴുവനും താപനിലയും മഴയും കൂടുതലാണ്
4. **മിത ശീതോഷ്ണ കാലാവസ്ഥ:** ഭക്ഷിണാഫ്രിക്കയുടെ തെക്കെ അറ്റത്ത് ഈ കാലാവസ്ഥ അനുഭവപ്പെടുന്നു. ഈ ഭാഗം തീരാപ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ സമമായ കാലാവസ്ഥ അനുഭവപ്പെടുന്നു
5. **മധ്യധരണി കാലാവസ്ഥ:** ഈ കാലാവസ്ഥ ആഫ്രിക്കയുടെ വടക്കു പടിഞ്ഞാറുഭാഗത്തും തെക്കു പടിഞ്ഞാറൻ മുനമ്പുകളിലും അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ ശൈത്യകാലങ്ങളിൽ മഴയും വേനൽകാലത്ത് വരണ്ട ചൂടും അനുഭവപ്പെടുന്നു
6. **ഉഷ്ണമേഖലാ കാലവർഷകാറ്റ് കാലാവസ്ഥ:** ഈ കാലാവസ്ഥ ആഫ്രിക്കയുടെ കിഴക്കൻ തീരത്ത് അനുഭവപ്പെടുന്നു. ശൈത്യകാലം വരണ്ടതും തണുത്തതുമാണ് കാലവർഷകാറ്റ് കൂടുതൽ മഴ കൊണ്ടുവരുന്നു. വേനൽക്കാലത്ത് നല്ല ചൂടും അനുഭവപ്പെടുന്നു.

യാഥാർത്ഥ്യം

ഭൂഖണ്ഡങ്ങളുടെ പടിഞ്ഞാറൻ അതിർത്തിയിൽ ഭൂമധ്യരേഖയുടെ 20^0 വടക്കും 30^0 തെക്കിനുമിടയിലാണ്. ഉഷ്ണമേഖല മരുഭൂമികൾ സ്ഥിതി ചെയ്യുന്നത്. വടക്കൻ അർദ്ധഗോളത്തിൽ വടക്കുകിഴക്കൻ ഭാഗത്തും നിന്നും തെക്കൻ അർദ്ധഗോളത്തിൽ തെക്കുകിഴക്കൻ ഭാഗത്തു നിന്നും വ്യാപാരക്കാറ്റു വീശുന്ന പ്രദേശങ്ങളിലാണ് മരുഭൂമികൾ സ്ഥിതി ചെയ്യുന്നത്. അതിനാൽ വ്യാപാരക്കാറ്റിന്റെ ദിശ കിഴക്കു നിന്നും പടിഞ്ഞാറോട്ടാണ്. ഈ കാറ്റ് ഭൂഖണ്ഡങ്ങളുടെ കിഴക്കൻ അതിർത്തികളിൽ ഈർപ്പം കൊണ്ടു വരുകയും പടിഞ്ഞാറ് ദിശയിൽ എത്തുമ്പോഴേക്കും ഈർപ്പം നഷ്ടപ്പെടുകയും ചെയ്യുന്നു.

VIII Std - Geography Malayalam Chapter 7.indd 143 31-03-2022 16:56:50

സസ്യജന്തുജാലങ്ങൾ

മഴ, താപനില, ഭൂപ്രകൃതി, മണ്ണിന്റെ തരം എന്നിവയുടെ നേരിട്ടുള്ള പ്രവർത്തന ഫലമായി ആഫ്രിക്കൻ സസ്യങ്ങൾ സമൃദ്ധിയായി വളരുന്നു. ഈ ഭൂഖണ്ഡത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ 20% വനമാണ്. ഈ ഭൂവിഭാഗം ഒരിക്കൽ ഒന്നിച്ചുകിടന്ന ഗോണ്ഡ്വാന ഭൂവിഭാഗത്തിൽ ഉണ്ടായിരുന്നെന്ന് കരുതപ്പെടുന്ന സസ്യജാല ജന്തുക്കളുടെ പരമ്പരയാണ് ഇന്ന് കാണപ്പെടുന്ന സസ്യജന്തുജാലങ്ങൾ.

ബയോബാബ്, ഫീവർട്രീ (പനിമരം), ശികകുന്തളം എന്നിവയാണ് ആഫ്രിക്കയിലെ പ്രധാനവൃക്ഷങ്ങൾ. ഒരുദശലക്ഷത്തിലധികം ഇനം മൃഗങ്ങൾ ആഫ്രിക്കയിലുണ്ട്. അവയിൽ കരയിലെ ഏറ്റവും ഭാരമുള്ളതും (ആനകൾ) ഏറ്റവും ഉയരമുള്ളതു (ജിറാഫുകൾ)മായ കര മൃഗങ്ങൾ ആഫ്രിക്കയിലുണ്ട്. വെള്ളകണ്ടാമൃഗം, പശ്ചിമഗ്രീൻമാംമ്പ, സീബ്ര, ആഫ്രിക്കൻ ആനകൾ, ചിമ്പാൻസി. ഗൊറില്ല, കാട്ടുകാള, നീർക്കുതിര, ജിറാഫ് എന്നിവയാണ് ആഫ്രിക്കയിലെ പ്രധാനമൃഗങ്ങൾ. ബോണോബൊ, കാട്ടുനായ, കഴുതപ്പുലി, ലെമൂർ എന്നിവ ആഫ്രിക്കയിലെ മറ്റു മൃഗങ്ങളാണ്.



ലെമൂർ
(ഒരിനം കുരങ്ങ്)



സെ-സെ-ഫ്ളൈ
(ഒരിനം ഈച്ച)



ഒക്കാപ്പി
(ഒരിനം ജിറാഫ്)



ബോണോബൊ
(ഒരിനം കുരങ്ങ്)



ഒട്ടകപക്ഷി



സഹാറയിലുള്ള
ഒരുതരം കുറുക്കൻ



കാട്ടുകാള

- സഹാറ മരുഭൂമിയിൽ നിന്ന് ഗിനിയ തീരത്തേക്ക് വീശുന്ന കാറ്റ് ചൂടുള്ളതും, പൊടിനിറഞ്ഞതുമായ വരണ്ടപ്രദേശിക കാറ്റാണ്. ഇതിനെ ഹർമട്ടൻ എന്നു വിളിക്കുന്നു.
- സഹാറയിൽ നിന്നും മധ്യധരണികടലിലേക്ക് വീശുന്ന പ്രദേശിക കാറ്റിനെ സിറോക്കൊ എന്നുവിളിക്കുന്നു.
- ഉഷ്ണമേഖലാ മഴക്കാടുകളെ ഭൂമിയുടെ രത്നം എന്നും ലോകത്തിലെ ഏറ്റവും വലിയ ഔഷധശാല എന്നും വിളിക്കുന്നു.



ബയോബാബ് മരം



മഴക്കാടുകൾ

ആഫ്രിക്കൻ സാവന്ന പുൽപ്രദേശത്തിൽ
കാണപ്പെടുന്ന മൃഗങ്ങൾ



VIII Std - Geography Malayalam Chapter 7.indd 144 31-03-2022 16:56:54

കൃഷി

ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ പ്രധാന സാമ്പത്തീക പ്രവർത്തനമാണ് കൃഷി. നൈൽ നദി താഴ്വരയിലും മദ്ധ്യധരണി പ്രദേശത്തും മിതോഷ്ണ മേഖല പുൽപ്രദേശത്തും ഗോതമ്പ് കൃഷി ചെയ്യുന്നു. ചോളം തിന വർഗ്ഗങ്ങൾ എന്നിവ പീഠഭൂമി പ്രദേശത്ത് കൃഷി ചെയ്യുന്നു. നൈൽ നദീ താഴ്വരയിലും ഗിനിയാതീരത്തും മൊസാംബിക്കലും മഡഗാസ്ക്കറിലും നെല്ല് കൃഷി ചെയ്യുന്നു.ആഫ്രിക്കയിലെ പ്രധാന നാണ്യവിളയാണ് പരുത്തി.ലോകത്തിലെ ഏറ്റവും ഗുണമേൻമയാർന്നതും നീളമുള്ളതുമായ പരുത്തി കൃഷി ചെയ്യുന്നത് ഈജിപ്തിലും, സുഡാനിലുമാണ്. എത്യോപ്യയിൽ കാപ്പി കൃഷി ചെയ്യുന്നു.കൊക്കോയുടെ പ്രധാന ഉൽപ്പാദകരാണ് ഘാന. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങൾ എണ്ണപ്പന കൃഷി ചെയ്യുന്നു. കരിമ്പ്, റബർ, സിസൽ (നാരുകൾ ഉള്ള ഒരിനം ചെടി) പുകയില എന്നിവ കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിലെ പ്രധാന കൃഷിയാണ്.

ധാതുക്കൾ

ചില ധാതുക്കളുടെ നിക്ഷേപത്താൽ സമ്പുഷ്ടമാണ് ആഫ്രിക്ക. സഹാറയ്ക്ക് തെക്കുഭാഗവും ആഫ്രിക്കയിലെ പീഠഭൂമി പ്രദേശങ്ങളുമാണ്.ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ധാതുക്കൾ ലഭിക്കുന്ന സ്ഥലങ്ങൾ. ദക്ഷിണാഫ്രിക്ക കോംഗോ, ബോഡ്സ്വാന, സൈറ ലിയോൺ, അംഗോള എന്നീ പ്രദേശങ്ങളിലാണ് വജ്രം കണ്ടുവരുന്നത്. ദക്ഷിണാഫ്രിക്കയിലെ കിംബർലിയാണ് പ്രധാന വജ്ര ഉൽപ്പാദകർ. അംഗോള, നൈജീരിയ, ഗാബൻ, കോംഗോ എന്നിവിടങ്ങളിൽ ധാരാളം എണ്ണ നിക്ഷേപങ്ങൾ ഉണ്ട്. ദക്ഷിണാഫ്രിക്ക , നമീബിയ ,പടിഞ്ഞാറൻ ആഫ്രിക്ക, ഘാന, എന്നിവിടങ്ങളിൽ സ്വർണ്ണം കണ്ടുവരുന്നു. ക്രോമിയം, കോബാൾട്ട്, ചെമ്പ്, ഇരുമ്പയിർ, മാംഗനീസ്, സിങ്ക്, നിക്കൽ എന്നിവ ഈ ഭൂഖണ്ഡത്തിൽ അങ്ങോളമിങ്ങോളം ചിതറി കാണപ്പെടുന്നു.

ഗതാഗതം

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിന് പ്രധാന പങ്കു വഹിക്കുന്നത് ഗതാഗതമാണ്. ഭൗതീക സവിശേഷതകളും മിതമായ സാമ്പത്തീക വളർച്ചയും നിരവധി ആഫ്രിക്കൻ രാജ്യങ്ങളിൽ ഗതാഗത സമ്പ്രദായത്തിന് വിഘ്നം വരുത്തിയിട്ടുണ്ട്.

1. കരമാർഗ്ഗങ്ങൾ

നിരവധി തടസ്സങ്ങൾ ഉള്ളതിനാൽ ആഫ്രിക്കയിൽ റോഡുമാർഗ്ഗവും റെയിൽ മാർഗ്ഗവും വികസിച്ചിട്ടില്ല. നിബിഡവനത്തിനും മരുഭൂമിയ്ക്കും ഇടയിലൂടെ റോഡുമാർഗ്ഗമോ റെയിൽമാർഗ്ഗമോ വികസിപ്പിക്കാൻ പ്രയാസമാണ്. ദക്ഷിണാഫ്രിക്ക , കെനിയ, ഈജിപ്ത്, ലിബിയ, മൊറോക്കോ, നൈജീരിയ എന്നിവിടങ്ങളിൽ റോഡു മാർഗ്ഗവും റെയിൽമാർഗ്ഗവും കുറഞ്ഞ തോതിൽ വികസിച്ചിട്ടുണ്ട് .

2. ജലമാർഗ്ഗം

കിഴക്ക് ഏഷ്യയ്ക്കും, ആസ്ത്രേലിയ്ക്കും, വടക്ക് യൂറോപ്പിനും, പടിഞ്ഞാറ് അമേരിയ്ക്കയ്ക്കും ഇടയിൽ ആഫ്രിയ്ക്കക്ക് വ്യാപാര പാതകൾ ഉണ്ട്. ഇന്ത്യൻ സമുദ്രത്തിലെ ഡർബൻ, ഡാർഎസ്ലാം, മൊഗാദിഷു എന്നിവയും മദ്ധ്യധരണിക്കടലിലെ പോർട്ട് സെഡ് അലക്സാഡ്രിയ എന്നിവയും അത്ലാന്റിക് സമുദ്രത്തിലെ കേപ്പ് ടൗൺ, അൾജിയേഴ്സ്, അബിദ്ജാൻ എന്നിവയും ആഫ്രിക്കയിലെ മുഖ്യതുറമുഖങ്ങളാണ്.

3. ആകാശമാർഗ്ഗം

ആഫ്രിക്കൻ നഗരങ്ങളെ ലോകത്തിലെ മറ്റു ഭാഗങ്ങളുമായി ഇതു ബന്ധിപ്പിക്കുന്നു. കെയ്റോ, ജൊഹന്നാസ് ബർഗ്, നെയ്റോബി, ഡാഗർ, അഡിസ്-അബാബ, കാസാബ്ലാൻസാ, ഡർബൻ, ദൗള, ലോഗോസ് എന്നിവ പ്രധാനപ്പെട്ട അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ്.

ജനസംഖ്യ

ലോകത്തിൽ കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ ഭൂഖണ്ഡമാണ് ആഫ്രിക്ക. 2019-ൽ ആഫ്രിക്കയിലെ ജനസംഖ്യ 131-കോടി ആകുമെന്ന് ഐക്യരാഷ്ട്ര സഭ കണക്കാക്കിയിരിക്കുന്നു. ഭൗതീകമായ തടസ്സങ്ങളാൽ ജനസംഖ്യാവ്യാപനം സംതുലിതമല്ല. ആഫ്രിക്കയിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 45 പേരാണ്. 41% ജനങ്ങൾ നഗരങ്ങളിലും 59% ജനങ്ങൾ ഗ്രാമങ്ങളിലുമാണ് താമസിക്കുന്നത്. നൈൽ നദിയുടെ ഡെൽറ്റാ പ്രദേശങ്ങളും ദക്ഷിണാഫ്രിക്കയുമാണ് അധിക ജനസാന്ദ്രതയുള്ള ആഫ്രിക്കയിലെ പ്രദേശങ്ങൾ. ഏറ്റവും ജനസംഖ്യയുള്ള ആഫ്രിക്കയിലെ രാജ്യം നൈജീരിയയും അതിനെ തുടർന്ന് എത്യോപ്യയുമാണ്.



ലോകത്തിലെ ആദ്യ സ്വദേശികളായ ജനങ്ങളാണ് പ്രധാന ഗോത്ര വർഗ്ഗക്കാർ. ഈ ജനങ്ങൾക്ക് സ്വന്തമായ സ്വത്വത്തെക്കുറിച്ചുള്ള ശക്തമായ ബോധം, സ്വന്തം ഭൂമി, ഭാഷ, സംസ്കാരം എന്നിവ ഉണ്ടായിരുന്നു. അഫർ, ഫത്വാ, ബുഷ്മാൻ, ഡിങ്കമസായ്, പിഗ്മീസ്, സുളു, സ്വാൻ, എഫേ എന്നിവരാണ് ആഫ്രിക്കയിലെ പ്രധാന ഗോത്രവർഗ്ഗക്കാർ.

ആസ്ത്രേലിയ

അവസാനമായി കണ്ടുപിടിച്ച ഭൂഖണ്ഡമാണ് ആസ്ത്രേലിയ. ഇതു മറ്റുള്ളവയിൽ നിന്നും ഒറ്റപ്പെട്ടു കാണപ്പെടുന്നു.

ആസ്ത്രേലിയ ലോകത്തിലെ വലിയ ദ്വീപും ചെറിയ ഭൂഖണ്ഡവുമാണ്. ഒരു രാജ്യം മാത്രമുള്ള ഭൂഖണ്ഡവും ഇതു മാത്രമാണ്. സവിശേഷതയാർന്നതും വൈവിധ്യമുള്ളതുമായ സസ്യജന്തുജാലങ്ങളാണ് ഇവിടെയുള്ളത്. ഇപ്പോൾ ഈ ഭൂഖണ്ഡത്തെക്കുറിച്ച് സമഗ്രമായി പഠിക്കാം.

VIII Std - Geography Malayalam Chapter 7.indd 145 31-03-2022 16:56:54

ആസ്ത്രേലിയ കണ്ടുപിടിച്ചത് 1770-ൽ ഇംഗ്ലീഷ് സമുദ്ര സഞ്ചാരിയായ ക്യാപ്റ്റൻ ജയിംസ് കുക്കാണ്.

സ്ഥാനവും വിസ്തൃയും

10˚4' തെക്ക് മുതൽ 39˚ 08' തെക്ക് അക്ഷാംശരേഖമുതൽ 113˚ 09' കിഴക്കു മുതൽ 153˚39' കിഴക്കൻ ദീർഘാംശരേഖവരെ ആസ്ത്രേലിയ വ്യാപിച്ചു കിടക്കുന്നു. ദക്ഷിണായന രേഖ ഈ ഭൂഖണ്ഡത്തെ എശദേശം രണ്ടു തുല്യ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 7.68 ദശലക്ഷം ചതുരശ്ര കിലോമീറ്ററാണ് ഈ രാജ്യത്തിന്റെ വിസ്തൃതി

രാഷ്ട്രീയ വിഭജനം

ആറു സംസ്ഥാനങ്ങളും രണ്ടു യൂണിയൻ പ്രദേശങ്ങളുമാണ് ആസ്ത്രേലിയയിൽ ഉള്ളത് 1) ന്യു സൗത്ത് വേൽസ്, 2) ക്യൂൻസ്ലാന്റ്, 3) ദക്ഷിണ ആസ്ത്രേലിയ, 4) ടാസ്മാനിയ, 5) വിക്ടോറിയ, 6) പശ്ചിമ ആസ്ത്രേലിയ, 7) വടക്കൻ പ്രവിശ്യ, 8) തലസ്ഥാന പ്രവിശ്യ (കാൻബറ) എന്നിവയാണവ. ഓരോ സംസ്ഥാനത്തിനും സ്വന്തമായ ഭരണ ഘടന യുണ്ട്. കാൻബറ ആസ്ത്രേലിയയുടെ തലസ്ഥാന മാണ്. സിഡ്നി, ബ്രിസ്ബെയിൻ, അഡിലൈഡ് ഹോബർട്ട്, മെൽബൻ, പെർത്ത്, ഡാർവിൻ എന്നിവയാണ് ആസ്ത്രേലിയയിലെ മറ്റ്പ്രധാനന ഗരങ്ങൾ.

ആസ്ത്രേലിയയിൽ 8222 ദ്വീപുകളാണുള്ളത് റോട്ട്നെസ്റ്റ് ദ്വീപ്, മാഗ്നെറ്റിക് ദ്വീപ്, ഫിറ്റ്സ്റോയ് ദ്വീപ്, ഫിലിപ്പ് ദ്വീപ്, ലോർഡ് ഹൗവേ ദ്വീപ്, കങ്കാരു ദ്വീപ്, വിറ്റ്സൺഡേ ദ്വീപ് എന്നിവയാണ് പ്രധാന ദ്വീപുകൾ.



ഭൂപ്രകൃതി വിഭജനങ്ങൾ

ഭൂപ്രകൃതി അനുസരിച്ച് ഈ ഭൂഖണ്ഡത്തിൽ വളരെ കുറഞ്ഞ ക്രമക്കേടുകളാണുള്ളത്.

ആസ്ത്രേലിയയുടെ ഭൂവിഭാഗങ്ങൾ



VIII Std - Geography Malayalam Chapter 7.indd 146 31-03-2022 16:56:54

ഭൂഘടന അനുസരിച്ച് ഇതിനെ മൂന്നു ഭൂപ്രകൃതി വിഭാഗമായി തിരിച്ചിട്ടുണ്ട്

1. പശ്ചിമ പീഠഭൂമി
2. മദ്ധ്യതാഴ്വാര പ്രദേശം
3. കിഴക്കൻ ഉന്നത നിലം

പശ്ചിമ പീഠഭൂമി

ആസ്ത്രേലിയയിലെ ഏറ്റവും വലിയ ഭൂ വിഭാഗമാണ് പശ്ചിമ പീഠഭൂമി. മൂന്നിലൊന്നു ഭൂഖണ്ഡത്തെയും ഇത് സംയോജിപ്പിക്കുന്നു. ഇതിന്റെ വിസ്തൃതി 27,00,000 ചതുരശ്ര കിലോ മീറ്ററാണ്. പശ്ചിമ ആസ്ത്രേലിയ, ദക്ഷിണ ആസ്ത്രേലിയ, ഉത്തര ആസ്ത്രേലിയ എന്നിവയിലെ ഭൂരിഭാഗം ഭൂമിയും വരണ്ട നിലമാണ്. മണലും പാറകളും നിറഞ്ഞ ഭൂപ്രകൃതിയാണ് പരന്ന ഭൂപ്ര തലത്തിൽ കാണപ്പെടുന്നത്.

അയേർസ് പാറ അല്ലെങ്കിൽ ഉളുരു ആണ് ലോകത്തിലെ ഏറ്റവും വലിയ ഏകശില (Monlith Rock). മദ്ധ്യഭാഗത്തുള്ള വരണ്ട പ്രദേശത്താണ് ഇത് കാണപ്പെടുന്നത്. സമുദ്രനിരപ്പിൽ നിന്നും 863 മീറ്റർ ഉയരത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ആസ്ത്രേലിയയുടെ പ്രാകൃതീക അത്ഭുതങ്ങളിൽ ഒന്നാണിത്. പിനാക്കിൾസ് എന്നു പേരുള്ള കൂർത്ത തൂണുപോലുള്ള ചുണ്ണാമ്പുപാറ ഈ പ്രദേശങ്ങളിൽ സാധാരണയായി കാണപ്പെടുന്നു.



അയേർസ് പാറ



പിനാക്കിൾസ്

മാഗ്ഡോണലും മസ്ഗ്രേവ് നിരകളും ഈ പീഠഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പീഠഭൂമിയുടെ തെക്ക് ഭാഗത്ത് വൃക്ഷങ്ങളില്ലാത്ത നല്ലർബോർ സമതലപ്രദേശം സ്ഥിതി ചെയ്യുന്നു ആസ്ത്രേലിയയിലെ ഏറ്റവും വലിയ മരുഭൂമിയായ ഗ്രേറ്റ് വിക്ടോറിയ മരുഭൂമി സ്ഥിതി ചെയ്യുന്നത് പശ്ചിമ ആസ്ത്രേലിയയിലും ദക്ഷിണ ആസ്ത്രേലിയയിലും കൂടിയാണ്.

മദ്ധ്യതാഴ്വാര പ്രദേശം

തെക്ക് ഇന്ത്യൻ മഹാ സമുദ്രം വരെയും വടക്ക് കാർപ്പന്റേറിയ ഉൾക്കടൽ വരെയും മദ്ധ്യതാഴ്വാര പ്രദേശം വ്യാപിച്ചു കിടക്കുന്നു. ഈതാഴ്വാര പ്രദേശത്തിന്റെ മദ്ധ്യഭാഗം ആസ്ത്രേലിയിലെ ഉൾനാടൻ നദീതടത്തിൽ വ്യാപിച്ചിരിക്കുന്നു. ഈ പ്രദേശത്താണ് വലിയ ഉപ്പു തടാകമായ അയർ തടാകം സ്ഥിതിചെയ്യുന്നത്. മദ്ധ്യതാഴ്വാര പ്രദേശത്തിന്റെ തെക്കു കിഴക്കു ഭാഗത്താണ് മുറൈ ഡാർലിങ്ങ് നദിയുള്ളത്. ഇതിനു താഴ്ഭാഗത്തായി വലിയ ആർട്ടീസിയൻ തടങ്ങൾ കണ്ടു വരുന്നു.

കിഴക്കൻ ഉന്നത നിലം

ആസ്ത്രേലിയയുടെ കിഴക്കൻ അതിർത്തിയിൽ 3860 കി.മീ. നീളത്തിൽ കിഴക്കൻ ഉന്നത നിലം വ്യാപിച്ചു കിടക്കുന്നു. വടക്ക് കേപ്പിയോർക്കുമുതൽ തെക്ക് ടാസ്മാനിയ വരെ ഇതു വ്യാപിച്ചുകിടക്കുന്നു. ഇത് കിഴക്കും പടിഞ്ഞാറുമായി ഒഴുകുന്ന നദികളെ വേർതിരി ക്കുന്നതിനാൽ ഇത് ഗ്രേറ്റ് ഡിവൈഡിംഗ് റേഞ്ച് എന്നും പറയുന്നു.

ആസ്ത്രേലിയയുടെ ഉയർന്ന മലനിര യാണ് ആൽപ്സ് പർവ്വതനിര. ഇത് മഞ്ഞ് മൂടിക്കിടക്കുന്നു. ന്യൂസൗത്ത് വെയിൽസിൽ സ്ഥിതിചെയ്യുന്ന കൗസിയസ്കൊ (2230മീ) പർവ്വതനിരയിലാണ് ഏറ്റവും ഉയർന്ന കൊടുമുടി.

രാജ്യത്തെ സമൃദ്ധമാക്കുന്ന രണ്ടുപ്രാകൃത സവിശേഷതയാണ് ആസ്ത്രേലിയയിൽ ഉള്ളത്. അവ

1. ആർട്ടീഷ്യൻ തടം
2. ഗ്രേറ്റ് ബാറിയർ റീഫ്.

ആർട്ടീഷ്യൻ തടം

ഭൂമിയുടെ ഉപരിതലത്തിൽ ജലധാരപോലെ ശക്തമായി വെള്ളമൊഴുകുന്ന പ്രദേശമാണ് ആർട്ടീഷൻ തടങ്ങൾ. ആസ്ട്രേലിയയിലെ വലുതും ആഴമേറിയതുമായ തടം ഗ്രേറ്റ് ആർട്ടീ ഷ്യൻ തടം ആണ്. ഗ്രേറ്റ് ഡിവൈഡിംഗ് റേഞ്ചിന്റെ പടിഞ്ഞാറൻ ഭാഗത്താണ് ആർട്ടീഷ്യൻ തടം സ്ഥിതിചെയ്യുന്നത്. വരണ്ടതും, പകുതി വരണ്ടതു മായ പ്രദേശങ്ങളായ ക്യൂൻസ്ലാൻഡ്, ന്യൂസൗത്ത് വേൽസ്, തെക്കൻ ആസ്ത്രേലിയ, വടക്കൻ പ്രവിശ്യഎന്നിവിടങ്ങളിൽ ഇതു കാണപ്പെടുന്നു. 1.7 ദശലക്ഷം ചതുരശ്ര കി.മീ വ്യാപിച്ചുകിടക്കുന്ന ഇതാണ് ഈ പ്രദേശത്തിലെ പ്രധാന ജലസ്രോതസ്സ്.



ആർട്ടീഷ്യൻ കിണർ (ക്യൂൻസ് ലാൻഡ്)

VIII Std - Geography Malayalam Chapter 7.indd 147 31-03-2022 16:56:54

ഗ്രേറ്റ് ബാറിയർ റീഫ്

വടക്കുകിഴക്കൻ ആസ്ത്രേലിയ മുതൽ പസഫിക് സമുദ്രത്തിലെ കിഴക്കൻ തീരമായ ക്യൂൻസ് ലാന്റ് വരെ വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് ബാറിയർ റീഫ്. ചെറിയ പവിഴപുറ്റുകളായാണ് ഇത് രൂപപ്പെട്ടിരിക്കുന്നത്. ഇതിന് 2300 കി. മീ നീളമുണ്ട്. ലോകത്തിലെ പ്രാകൃതിക അത്ഭുതമായി ഇതിനെ കണക്കാക്കുന്നു.



ഗ്രേറ്റ് ബാറിയർ റീഫ്



പവിഴപ്പുറ്റുകൾ

നദികൾ

ആസ്ത്രേലിയയിൽ ലഭിക്കുന്ന മഴയുടെ അളവ് ശരാശരിയിൽ താഴെയാണ്. ചൂടുള്ളതും, വരണ്ടതുമായ രാജ്യമായതിനാൽ ബാഷ്പീകരണനിരക്ക് വളരെ ഉയർന്നതാണ്. അതിനാൽ കടലിലേക്ക് ഒഴുകിച്ചെല്ലുന്ന നദീജലത്തിന്റെ അളവ്. വളരെകുറവാണ്. മുറേ നദിയും അതിന്റെ പോഷകനദികളുമാണ് ആസ്ത്രേലിയയിലെ പ്രധാന നദികൾ. ഈ നദീതടമാണ് പ്രധാന നദീതടം. ആസ്ത്രേലിയയുടെ ഉൾഭാഗത്തിലാണ് ഈ നദീ തടം കാണപ്പെടുന്നത്. ഒരു ദശലക്ഷം ചതുരശ്രകി. മീറ്റർ വ്യാപിച്ചു കിടക്കുന്ന ഈ നദീതടം ആസ്ത്രേലിയയുടെ വിസ്തൃതിയുടെ 14 ശതമാനം ആണ്.

മുറേ നദിയാണ് ആസ്ത്രേലിയയിലെ നീളം കൂടിയ നദി. 2508 കി.മി. നീളമുള്ള ഈ നദി ആസ്ത്രേലിയൻ ആല്പ്സിൽ നിന്ന് ആരംഭിച്ച് ഇൻഡ്യൻമഹാസമുദ്രത്തിൽ ചെന്നു ചേരുന്നു. ഡാർലിംഗ്, അലക്സാൻഡ്രിയ മുറുംബിഡ്ജി, ലാക്ലാൻ, സ്വാൻ, എന്നിവയാണ് ഈ ഭൂഖണ്ഡത്തിലെ മറ്റു പ്രധാന നദികൾ.

> **നിങ്ങൾക്ക് അറിയാമോ?**
>
> ആസ്ത്രേലിയയിൽ ഏറ്റവും കൂടുതൽ താപനില (53^{0}c) രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം ബൗർക്ക് ആണ്. ഇത് സ്ഥിതിചെയ്യുന്നത് മദ്ധ്യതാഴ്വാര പ്രദേശത്തിലാണ്. ആസ്ത്രേലിയയിലെ ഏറ്റവും കുറഞ്ഞ താപനില (-22^{0}c) രേഖപ്പെടുത്തുയിരുക്കുന്നത് ആസ്ത്രേലിയയുടെ തലസ്ഥാനമായ കൻബറയിലാണ്.

കാലാവസ്ഥ

ലോകത്തിലെ രണ്ടാമത്തെ വരണ്ടഭൂഖണ്ഡമാണ് ആസ്ത്രേലിയ. ദക്ഷിണായനരേഖ ആസ്ത്രേലിയയെ രണ്ട് തുല്യഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വടക്കൻ അർദ്ധഭാഗം ഇളം ചൂടുള്ള ഉഷ്ണമേഖലയും, തെക്കൻ അർദ്ധഭാഗം തണുത്ത മിതോഷ്ണമേഖലയുമാണ്. വടക്കൻ സമുദ്രതീരം അനുഭവിക്കുന്നത് കാലവർഷക്കാറ്റ് കാലാവസ്ഥയും, വേനൽക്കാലത്തുള്ള ശക്തമായ മഴയുമാണ്. കിഴക്കൻ സമുദ്രതീരത്തിൽ തെക്കുകിഴക്കൻ വാണിജ്യക്കാറ്റുമൂലം നല്ല മഴ ലഭിക്കുന്നുണ്ട്. മദ്ധ്യ താഴ്വാരം മുതൽ പടിഞ്ഞാറൻ തീരം വരെ ചൂടുള്ള മരുഭൂമി കാലാവസ്ഥയാണ്. ഈ പ്രദേശത്ത് ലഭിക്കുന്ന വാർഷിക വർഷപാതം 25 സെ. മീ-ൽ കുറവാണ്. ആസ്ത്രേലിയയുടെ തെക്കൻ മുനമ്പായ പെർത്തിനും, അഡിലൈഡിനും ചുറ്റുമുള്ള പ്രദേശങ്ങളിൽ മദ്ധ്യധരണികാലാവസ്ഥയാണുള്ളത്. പടിഞ്ഞാറൻ കാറ്റുമൂലം ടാസ്മാനിയയിൽ വർഷം മുഴുവൻ മഴലഭിക്കുന്നു.

സസ്യങ്ങളും, ജന്തുക്കളും

ആസ്ത്രേലിയ ഒരു അർദ്ധ-വരണ്ട പ്രദേശമാണ്. വ്യാപകമായി മരങ്ങളില്ലാത്ത ഈ പ്രദേശത്ത് കുറ്റിച്ചെടികളും, ഔഷധസസ്യങ്ങളും, ചിതറിക്കാണപ്പെടുന്നു. ആസ്ത്രേലിയയുടെ വിഹഗവീക്ഷണമനുസരിച്ച് വളരെ കുറഞ്ഞ സസ്യജാലങ്ങൾ മാത്രമാണ് ഇവിടെയുള്ളത് എന്ന് മനസ്സിലാകും. വരണ്ട കാലാവസ്ഥക്ക് അനുയോജ്യമായ സസ്യങ്ങളും, വൃക്ഷങ്ങളും, വളരെക്കാലം വെള്ളമില്ലാതെ നിലനിൽക്കുന്നതാണ്. ഇവയെ സെറോഫൈറ്റുകൾ എന്നു വിളിക്കുന്നു. വരണ്ട അവസ്ഥയെ അതിജീവിക്കുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ ഇവിടെ സാധാരണയായി കാണപ്പെടുന്നു. ആസ്ത്രേലിയൻ ഭൂഖണ്ഡത്തിന്റെ വിസ്തൃതിയിൽ 16 ശതമാനം മാത്രമാണ് വനങ്ങളും മരത്തോപ്പുകളും ഉള്ളത്.

ഈ ഭൂഖണ്ഡത്തിൽ കാണപ്പെടുന്ന 80% മൃഗങ്ങളും ലോകത്തിന്റെ മറ്റൊരുഭാഗത്തും കാണപ്പെടുന്നില്ല. ആസ്ത്രേലിയയിൽ നാനൂറിലധികം സസ്തനി ഇനങ്ങളും 140 സഞ്ചിമൃഗയിനങ്ങളുമുണ്ട്. ഇത്തരത്തിൽപ്പെട്ട മൃഗങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളെ സഞ്ചിയിൽ വഹിക്കുന്നു. ആസ്ത്രേലിയയുടെ ദേശീയ മൃഗം കങ്കാരുവാണ്. കോളാ, പ്ലാറ്റിപ്പസ്, വല്ലാബി, ഡിങ്കോ എന്നിവയാണ് ആസ്ത്രേലിയയിലെ മറ്റു പ്രധാന

VIII Std - Geography Malayalam Chapter 7.indd 148 31-03-2022 16:56:55



കങ്കാരു



കോള



കുക്കാബുറ



പ്ലാറ്റിപസ്



കുപ്പി മരം



റെയിൻബോ ലോറികീറ്റ്



എമു



മെറിനോചെമ്മരിയാട്

മൃഗങ്ങൾ. വിവിധ ഇനങ്ങളിൽപ്പെട്ട പക്ഷികളായ ചിരിക്കുന്ന കുക്കാബുറ, എമു, റെയിൻബോ, ലോറികീറ്റ് എന്നിവയാണ് ആസ്ത്രേലിയയിലെ പ്രധാന പക്ഷികൾ.

നിങ്ങൾക്ക് അറിയാമോ?

ആസ്ത്രേലിയയിൽ ചെമ്മരിയാടുകൾ വളർത്തുന്നവരെ ജാക്ക്റൂസ് എന്നും അവിടത്തെ തദ്ദേശവാസികളെ ആദിവാസികൾ എന്നും വിളിക്കുന്നു.

സാമ്പത്തിക പ്രവർത്തനങ്ങൾ

കൃഷി, വനം, മത്സ്യബന്ധനം, ഖനനം, നിർമ്മാണം, വ്യാപാരം, സേവനങ്ങൾ എന്നിവയാണ് ആസ്ത്രേലിയയുടെ പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ. ആസ്ത്രേലിയയിൽ ഗോതമ്പ് മുഖ്യ ധാന്യവിളയാണ്. നെല്ല്, കരിമ്പ്, മധ്യധരണി ഫലങ്ങളായ മുന്തിരി, ഓറഞ്ച്, ആപ്രികോട്ട് എന്നിവ പെർത്ത്, അഡിലെയ്ഡ്, മെൽബൺ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കുന്നു. ടാസ്മാനിയ ആപ്പിൾ ദ്വീപ് എന്ന് അറിയപ്പെടുന്നു. അരി, പുകയില, പരുത്തി എന്നിവ ടാസ്മാനിയയുടെ വടക്കൻ പ്രദേശത്ത് കൃഷി ചെയ്യുന്നു. ഉഷ്ണമേഖലാ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ കൃഷിക്കൊപ്പം ചെമ്മരിയാടുകളെ വളർത്തുന്നു. ഓട്സ്, ചോളം, ബാർലി എന്നിവയും ചില പ്രദേശങ്ങളിൽ കൃഷിചെയ്യുന്നു. മുന്തിരിത്തോട്ടങ്ങൾക്കും പഴത്തോട്ടങ്ങൾക്കും ആസ്ത്രേലിയ പ്രശസ്തിയാർജിച്ചതാണ്. മിതശീതോഷ്ണ പുൽമേടുകളിലും ഉഷ്ണ മേഖല പുൽപ്രദേശങ്ങളിലും ചെമ്മരിയാടുകളും കന്നുകാലികളും വളർത്തുന്നു. ദക്ഷിണ ആസ്ത്രേലിയ, ടാസ്മാനിയ, വിക്ടോറിയ, ന്യൂ സൗത്ത് വെയിൽസ് എന്നിവിടങ്ങളിൽ മെറിനോ ചെമ്മരിയാടുകളെ വളർത്തുന്നു. തെക്ക്,കിഴക്ക് തീരപ്രദേശങ്ങളിലെ നഗരത്തോട് ചേർന്നാണ് കറവപശുക്കളെ വളർത്തുന്ന ഫാമുകൾ ഉള്ളത്. കറവപശുക്കളിൽ ഇല്ലവാര,ജെഴ്സി, അയർഷെയർ എന്നിവ ഏറ്റവും പ്രചാരത്തിലുള്ളവയാണ്.

ആസ്ത്രേലിയയിൽ മത്സ്യബന്ധനം ഏറ്റവും പ്രധാനപ്പെട്ട ഒരു സാമ്പത്തിക പ്രവർത്തനമാണ്. തീരപ്രദേശങ്ങളിലും സമുദ്രങ്ങളിലും മത്സ്യബന്ധനം സർവ്വസാധാരണമാണ്. ഉൾനാടൻ മത്സ്യബന്ധനം വളരെ പരിമിതമാണ്. വനവിഭവങ്ങളും രാജ്യത്ത് വളരെ കുറവാണ്.

നിങ്ങൾക്ക് അറിയാമോ?

ആട് വ്യവസായം ആസ്ത്രേലിയയിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. ആസ്ത്രേലിയ കമ്പിളിയെ നാണ്യവിളവ് എന്ന് വിശേഷിപ്പിക്കുന്നു.

ധാതു വിഭവങ്ങൾ

ആസ്ത്രേലിയയിലെ ഏറ്റവും വലിയ കയറ്റുമതി ഇനമാണ് ധാതുക്കൾ.രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ 10% വും ധാതുക്കൾ സംഭാവന ചെയ്യുന്നു. ബോക്സൈറ്റ്, ലിമോണൈറ്റ്, റുട്ടൈൽ, സിർക്കോൺ എന്നിവയുടെ ഉൽപാദനത്തിൽ ആസ്ത്രേലിയ ലോകത്തിൽ ഒന്നാം സ്ഥാനവും, സ്വർണ്ണം, ഈയം, ലിഥീയം, മാംഗനീസ് ഐയിർ, സിങ്ക് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിൽ രണ്ടാം സ്ഥാനത്തും, ഇരുമ്പ് അയിരും യുറേനിയവും ഉൽപ്പാദിപ്പിക്കുന്നതിൽ മൂന്നാം സ്ഥാനവും വഹിക്കുന്നു. കറുത്ത കൽക്കരി ഉൽപ്പാദിപ്പിക്കുന്നതിൽ നാലാം സ്ഥാനം വഹിക്കുന്ന വലിയ രാജ്യമാണ് ആസ്ട്രേലിയ. രാജ്യത്തിന്റെ കൽക്കരി മേഖലകൾ ന്യൂ കാസിൽ മുതൽ തെക്കു കിഴക്കൻ തീരത്തുള്ള സിഡ്നി വരെ വ്യാപിച്ചു കിടക്കുന്നു. ഇരുമ്പ് അയിരുകൾ തെക്കു പടിഞ്ഞാറൻ ആസ്ത്രേലിയ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.

VIII Std - Geography Malayalam Chapter 7.indd 149 31-03-2022 16:56:55

കാർപെന്റേറിയ, പെർത്ത്, ടാസ്മാനിയ എന്നീ ഉൾക്കടലുകളിൽ ബോക്സൈറ്റ് ഖനനം ചെയ്യുന്നു. പെട്രോളിയവും പ്രകൃതിവാതകവും ബാസ് കടലിടുക്കിൽ നിന്നും ബ്രിസ്ബേനിന്റെ പടിഞ്ഞാറു ഭാഗത്തുനിന്നും ലഭിക്കുന്നു. വടക്ക് പ്രദേശത്ത് റാംജംഗിൾ, കീൻസ് ലാന്റ് എന്നിവിടങ്ങളിൽ യുറേനിയം ഖനനം ചെയ്യുന്നു. പടിഞ്ഞാറൻ മരുഭൂമിയിൽ ഭാൽഗൂർലിയിലും, കൂൾഗാർലിയിലും സ്വർണം ഖനനം ചെയ്യുന്നു. ഈയം, സിങ്ക്, വെള്ളി, മാംഗനീസ്, ടങ്സ്റ്റൺ, നിക്കൽ, ചെമ്പ് എന്നിവയും ആസ്ട്രേലിയയുടെ ചില ഭാഗങ്ങളിൽ ഖനനം ചെയ്യുന്നു.

വ്യവസായശാലകൾ

ഭക്ഷ്യ, പാനീയനിർമ്മാണ വ്യവസായശാല ആസ്ത്രേലിയയിലെ പ്രാഥമിക വ്യവസായ ശാലയാണ്. ധനകാര്യം, കപ്പൽനിർമ്മാണം, വിവരസാങ്കേതികവിദ്യ,ഖനനം, ഇൻഷുറൻസ്, വ്യോമയാനം, വാർത്താവിതരണം എന്നിവ മറ്റു പ്രധാന വ്യവസായ ശാലകളാണ്.

പ്രവർത്തനം

ആസ്ത്രേലിയയിൽ എട്ട് മരുഭൂമികളുണ്ട് അവ അറ്റ്ലസിന്റെ സഹായത്തോടെ പട്ടികപ്പെടുത്തുക.

നിങ്ങൾക്ക് അറിയാമോ?

ആസ്ത്രേലിയയിലെ മിതശീതോഷ്ണമേഖല പുൽമേടുകളെ 'ഡൗൺസ്' എന്ന് വിളിക്കുന്നു.

ഗതാഗതം

വിവിധ രീതിയിലുള്ള ഗതാഗത സൗകര്യങ്ങൾ ആസ്ത്രേലിയയിൽ ലഭ്യമാണ്. ഈ രാജ്യം റോഡ് ഗതാഗതത്തെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. ഇവിടെ 30-ൽ അധികം റൺവേകളുള്ള വിമാനത്താവളങ്ങളുണ്ട്. പാസഞ്ചർ റയിൽ ഗതാഗതത്തിൽ വ്യാപകമായി സ്ഥിരയാത്രക്കാരുടെ ശൃംഖലയുണ്ട്. ഇവ പ്രധാന നഗരങ്ങൾ തമ്മിലും സംസ്ഥാനങ്ങൾ തമ്മിലും ബന്ധിപ്പിക്കുന്ന നിശ്ചിതമായ യാത്രാ ശൃംഖലയുണ്ട്.

ജനസംഖ്യ

2019-ലെ കണക്കനുസരിച്ച് ആസ്ത്രേലിയയുടെ ജനസംഖ്യ 25.2 ദശലക്ഷമാണ് (മില്ല്യൻ). മൊത്തം ലോക ജനസംഖ്യയുടെ 0.33 ശതമാനം മാത്രമാണ് ഇത്. ഒരു ചതുരശ്ര കിലോ മീറ്ററിന് 3 പേർ എന്ന നിലയിലാണ് ആസ്ത്രേലിയയിലെ ജനസാന്ദ്രത രാജ്യത്തിലെ നഗര ജനസംഖ്യ 85.7 ശതമാനമാണ്. ആസ്ത്രേലിയയുടെ തെക്കുക്കിഴക്കൻ ഭാഗം ജനസാന്ദ്രതയുള്ള പ്രദേശമാണ്.

അന്റാർട്ടിക്ക

സ്ഥാനവും വിസ്തൃതിയും

സവിശേഷതയാർന്ന ഈ ഭൂഖണ്ഡത്തിൽ സ്വദേശികളായ ജനങ്ങൾ ഇല്ല. ഇവിടെ ഒരു രാജ്യവുമില്ല. തെക്കുഭാഗത്തുകാണപ്പെടുന്ന ഇത് ലോകത്തിലെ അഞ്ചാമത്തെ ഭൂഖണ്ഡമാണ്. ധ്രുവപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഇത് ഏറ്റവും തണുപ്പേറിയതും സ്ഥിരമായി മഞ്ഞുമൂടികിടക്കുന്ന ഭൂഖണ്ഡവുമാണ്. പസിഫിക് സമുദ്രം, അറ്റ്ലാന്റിക് സമുദ്രം, ഇന്ത്യൻ സമുദ്രം എന്നിവയുടെ തെക്കുഭാഗത്തുള്ള ഈ ഭൂഖണ്ഡം മഞ്ഞുമൂടിയ വെള്ളത്തിനാൽ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വേർതിരിഞ്ഞു നിൽക്കുന്നു. ഭൂമിയുടെ 9.3% പ്രതലമുള്ള ഇതിന്റെ വിസ്തീർണ്ണം 14 മില്യൻ ചതുരശ്ര കിലോമീറ്ററാണ്. മലനിരകൾ, കൊടുമുടികൾ, താഴ്വരകൾ, മഞ്ഞുപാളികൾ നിറഞ്ഞ പീഠഭൂമികൾ, ഹിമക്കട്ടകൾ, തടാകം, അഗ്നിപർവ്വതം എന്നീ ഭാഗങ്ങൾ നിറഞ്ഞതാണ് ഈ ഭൂഖണ്ഡം. 3200 കി.മീ. നീളമുള്ള ട്രാൻസ് അന്റാർട്ടിക് പർവ്വതനിര ഈ ഭൂഖണ്ഡത്തെ രണ്ട് അർദ്ധ ഭാഗങ്ങളായി വിഭജിക്കുന്നു.

1. പടിഞ്ഞാറൻ അന്റാർട്ടിക്ക
2. കിഴക്കൻ അന്റാർട്ടിക്ക

പടിഞ്ഞാറൻ അന്റാർട്ടിക്ക പസഫിക് സമുദ്രത്തിന് അഭിമുഖമായി നിൽക്കുന്നു. തെക്കേ അമേരിക്കയിലേയ്ക്ക് നീണ്ടു കിടക്കുന്ന അന്റാർട്ടിക്ക ഉപദ്വീപ് ആൻഡീസ് പർവ്വത നിരയുടെ തുടർച്ചയാണ്. ഈ പ്രദേശത്തുള്ള എർബസ് പർവ്വതം സജീവ അഗ്നിപർവ്വതമാണ്. ഇതു സ്ഥിതി ചെയ്യുന്നത് റോസ് ദ്വീപിലാണ്.

ഇതിന്റെ ചില ഭാഗങ്ങളിൽ 4000 മീറ്റർ ആഴത്തിൽ മഞ്ഞുമൂടികിടക്കുന്നു. അതിനാൽ ഈ ഭൂഖണ്ഡത്തെ വെളുത്തഭൂഖണ്ഡം എന്നറിയപ്പെടുന്നു.

നിങ്ങൾക്ക് അറിയാമോ?

ഏതൊരു രാജ്യത്തിലെ ശാസ്ത്രജ്ഞൻമാർക്കും സൗജന്യമായി പരീക്ഷണങ്ങൾ നടത്താനും വിവരങ്ങൾ ശേഖരിക്കാനും കഴിയും അതിനാൽ അന്റാർട്ടിക്കയെ ശാസ്ത്ര ഭൂഖണ്ഡം എന്നുവിളിക്കുന്നു.

കാലാവസ്ഥ

ഭൂമദ്ധ്യരേഖയിൽ നിന്നും വളരെ അധികം ദൂരത്തായതിനാൽ ഇതിന്റെ കാലാവസ്ഥ തണുത്തുറഞ്ഞതാണ്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ (അന്റാർട്ടിക്കയിലെ ശൈത്യകാലം) ഈ പ്രദേശത്ത് സൂര്യൻ ഉദിക്കില്ല. അതിനാൽ ദക്ഷിണ ധ്രുവത്തിലെ താപനില -90^0c ആണ്. വേനൽക്കാലമാസങ്ങളായ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സൂര്യൻ

VIII Std - Geography Malayalam Chapter 7.indd 150 31-03-2022 16:56:55



അസ്തമിക്കാറില്ല. അതിനാൽ തുടർച്ചയായി പകൽ മാത്രമായിരിക്കും. വേനൽക്കാലതാപനില 0^0c ആണ്. കഠിനമായ തണുപ്പും മഞ്ഞുകാറ്റും വർഷം മുഴുവനും ഈ പ്രദേശത്തുണ്ട്.

നിങ്ങൾക്ക് അറിയാമോ?

ഭൂമിയുടെ ഉപരിതലത്തിലെ ഏറ്റവും വലിയ ഹിമപാതമാണ് അന്റാർട്ടിക്ക. ഭൂമിയിലെ ശുദ്ധജലത്തിന്റെ 70% അന്റാർട്ടിക് ഹിമപാതത്തിലാണ്.

സസ്യജന്തുജാലങ്ങൾ

വർഷം മുഴുവനും താപനില ഉറയൽനിലയ്ക്കു താഴെ ആയതിനാൽ വലിയ സസ്യങ്ങളൊന്നും ഈ ഭൂഖണ്ഡത്തിൽ കണ്ടെത്തിയിട്ടില്ല. ആൽഗ, മോസ്, ലിവർവോർട്സ്, ലൈക്കൻ, മൈക്രോസ്കോപ്പിക് ഫംഗസ് തുടങ്ങിയ ലളിതമായ സസ്യങ്ങൾക്ക് അന്റാർട്ടിക്കയിൽ അതിജീവിക്കാനും വളരാനും കഴിയും. ചില ആൽഗകൾ മഞ്ഞുവീഴ്ച്ചയിൽ ജീവിക്കുന്നു. മറ്റ് സസ്യങ്ങൾ ഐസ് വിമുക്തമായ തീരപ്രദേശത്തെ പാറപ്രദേശത്ത് വളരുന്നു. അന്റാർട്ടിക്കയിലെ ശുദ്ധജലമുള്ളതോ ഉപ്പുവെള്ളമുള്ളതോ ആയ തടാകങ്ങളിലും പരിസരങ്ങളിലും പ്ലാങ്ടൻ, ആൽമോസ് എന്നിവ പോലുള്ള ചിലയിനം സസ്യങ്ങൾ കാണപ്പെടുന്നു.

ക്രിൽ എന്ന ചെറിയ ചുവന്ന മത്സ്യം വലിയ ചാകരകളിൽ കാണപ്പെടുന്നു. ഇത് ഉഷ്ണരക്തമുള്ള കടൽമൃഗങ്ങളുടെ ഭക്ഷണമാണ്. തിമിംഗിലങ്ങൾ, സീലുകൾ, നീർക്കുതിര എന്നിവ ഈ പ്രദേശത്തെ ജീവജാലങ്ങളിൽ ഉൾപ്പെടുന്നു. നീലതിമിംഗലം ഏറ്റവും വലിയ മൃഗമാണ്. അവയുടെ ഭക്ഷണം പ്ലാങ്ടൺ ആണ്. ഈ മൃഗങ്ങൾക്കും പക്ഷികൾക്കും കൊഴുപ്പിന്റെ കട്ടിയുള്ള ബ്ലബർ എന്ന പാളിയുണ്ട്. ഇതിന്റെ സഹായത്തോടെ തണുപ്പിനെ അതിജീവിക്കുന്നു. അന്റാർട്ടിക്കയിലെ പെൻഗ്വിൻ പക്ഷികൾക്ക് പറക്കാൻ കഴിയില്ല. ചിറകുകൾക്ക് പകരം വെബ്-ബെഡ് കാലുകളും ഫ്ലിപ്പറും ഉണ്ട്. ചെറിയ അകശേരുകികളായ ചെറിയ കരമൃഗങ്ങൾ മാത്രമാണ് ഈ ഭൂഖണ്ഡത്തിൽ ഉള്ളത്.

നിങ്ങൾക്ക് അറിയാമോ?

അന്റാർട്ടിക്കയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ് വിൻസൺ മാസിഫ് (5140 മീ) സെന്റിനൽ ശ്രേണിയുടെ തെക്കുഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ഈ ഭൂഖണ്ഡത്തിലെ ലാംബർട്ട് ഹിമാനിയാണ് ലോകത്തിലെ ഏറ്റവും വലിയ ഹിമാനി.

VIII Std - Geography Malayalam Chapter 7.indd 151 31-03-2022 16:56:56



പെൻഗ്വിൻ



സീൽ



കടൽക്കുതിര



ആൽബട്രോസ്



പോളാർ സുഗ



നീലതിമിംഗലം

ധാതുക്കൾ

അന്റാർട്ടിക് ഭൂഖണ്ഡം സ്വർണ്ണം, പ്ലാറ്റിനം, നിക്കൽ, ചെമ്പ്, പെട്രോളിയം എന്നിവയാൽ സമ്പന്നമാണെന്ന് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നു. ക്രോമിയം, ഈയം, മോളിബ്ഡിനം, യൂറേനിയം, സിങ്ക്, ടിൻ എന്നിവയും കാണുന്നു. വെള്ളി, പ്ലാറ്റിനം, ഇരുമ്പയിര്, കോബാൾട്ട്, മാംഗനീസ്, ടൈറ്റാനിയം എന്നിവയും ഈ പ്രദേശത്തിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളാണ്. കൽക്കരിയും ഹൈഡ്രോകാർബണുകളും കുറഞ്ഞ അളവിൽ വാണിജ്യേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സമഗ്ര പഠനം നടത്തി വരുന്നു.

നിങ്ങൾക്ക് അറിയാമോ?

1.അന്റാർട്ടികക്കയിലെ ഏറ്റവും വലിയ ഗവേഷണ കേന്ദ്രമാണ് മക്മുർഡോ. ഇത് സജ്ജീകരിച്ചത് യു.എസ്.എ ആണ്.
2.അന്റാർട്ടിക്കയിലെ ആദ്യത്തെ ഇന്ത്യൻ ശാസ്ത്ര ഗവേഷണ കേന്ദ്രമായിരുന്നു ദക്ഷിണ ഗംഗോത്രി.

ഭൂഖണ്ഡത്തിലെ അന്താരാഷ്ട്ര കരാർ ധാതുക്കൾ വേർതിരിച്ചെടുക്കാൻ അനുവദിക്കുന്നില്ല. അതിനാൽ ധാതുക്കൾ വേർതിരിച്ചെടുക്കുന്നത് നടക്കുന്നില്ല

അന്റാർട്ടിക്കയിലേക്കുള്ള യാത്ര



മൈത്രി ഗവേഷണ കേന്ദ്രം (അന്റാർട്ടിക)

1912 ൽ ബ്രിട്ടീഷ് നോർവീജിയൻ പര്യവേഷണസംഘം ദക്ഷിണ ധ്രുവത്തിൽ എത്തി. അന്റാർട്ടിക്കയിലേക്കുള്ള ഇന്ത്യൻ പര്യവേഷണ സംഘത്തിൽ 21 അംഗങ്ങൾ ഉണ്ടായിരുന്നു. ഡോ.കാസിം അതിന്റെ നേതാവായിരുന്നു. 1981 ഡിസംബർ 6 ന് സംഘം ഗോവയിൽ നിന്ന് പുറപ്പെട്ട് 1982 ജനുവരി 9 ന് അന്റാർട്ടികയിൽ എത്തി. ഈ ഭൂഖണ്ഡത്തിൽ ആദ്യത്തെ ഇന്ത്യൻ ശാസ്ത്ര ഗവേഷണ കേന്ദ്രമായ ദക്ഷിണ ഗംഗോത്രി സ്ഥാപിച്ചു. മൈത്രിയും ഭാരതിയും അന്റാർട്ടികയിലെ ഇന്ത്യയുടെ മറ്റ് ഗവേഷണ കേന്ദ്രങ്ങളാണ്.

VIII Std - Geography Malayalam Chapter 7.indd 152 31-03-2022 16:56:56

പ്രഭാപടലം



അലാസ്ക (ഉത്തര ധ്രുവ ദീപ്തി)

വടക്കും തെക്കും കാന്തിക ധ്രുവങ്ങൾക്ക് സമീപം ആകാശത്ത് ദൃശ്യമാകുന്ന ശോഭയുള്ള പിങ്ക്, ചുവപ്പ്, പച്ച നിറങ്ങളുടെസംയോജനത്തിന്റെ തിരശീലയെ അറോറ (പ്രഭാപടലം) എന്ന് വിളിക്കുന്നു. സൂര്യനിൽ നിന്നുള്ള ചാർജ് കണങ്ങളുടെ മുകളിലെ അന്തരീക്ഷത്തിലെ ആറ്റങ്ങളുമായുള്ള പ്രവർത്തനമാണ് ഈ പ്രഭാവത്തിന് കാരണം. ഇതിനെ ദക്ഷിണധ്രുവത്തിലെ പ്രഭാപടലം ആസ്ത്രേലിയ അല്ലെങ്കിൽ സതേൺലൈറ്റ്സ് എന്നും പ്രഭാപടല ഉത്തരധ്രുവ ദീപ്തി അല്ലെങ്കിൽ ഉത്തരധ്രുവത്തിലെ നോർത്തേൺ ലൈറ്റ്സ് എന്നും വിളിക്കുന്നു. അതിശയകരമായ ഈ നിറങ്ങൾ ആകാശത്ത് കാണപ്പെടുന്നു. പ്രത്യേകിച്ച് ഉയർന്ന അക്ഷാംശരാജ്യങ്ങളായ വടക്ക് അലാസ്ക തെക്ക് ന്യൂസിലാൻഡ്, ഫോക്ക്ലാൻഡ് എന്നിവിടങ്ങളിൽ ദൃശ്യമാകുന്നു.



ന്യൂസിലാൻഡ് (പ്രഭാപടലം ആസ്ത്രേലിയ)

പുനഃപരിശോധന

- പർവതങ്ങൾ, പീഠഭൂമികൾ, സമതലങ്ങൾ എന്നീ ഭൂസ്ഥിതി സവിശേഷതകൾ നിറഞ്ഞതാണ് ആഫ്രിക്ക.
- ലോകത്തിലെ ഏറ്റവും വലിയ ദ്വീപും ഏറ്റവും ചെറിയ ഭൂഖണ്ഡവും ആണ് ആസ്ത്രേലിയ
- ലോകത്തിലെ ഏറ്റവും തെക്കുഭാഗത്തുള്ളതു അഞ്ചാമത്തെ ഭൂഖണ്ഡവുമാണ് അന്റാർട്ടിക്ക
- മുകളിലെ അന്തരീക്ഷത്തിലെ ആറ്റങ്ങളുമായി സൂര്യനിൽ നിന്നുള്ള ചാർജുള്ള കണങ്ങളുടെ പ്രതിപ്രവർത്തനത്തെ പ്രഭാപടലം എന്ന് വിളിക്കുന്നു.

പദപരിചയം		
Continent	A large land mass	ഭൂഖണ്ഡം
Strait	A narrow water channel which connect two large water bodies	കടലിടുക്ക്
Isthmus	A narrow strip of land that connects two large land masses and separate two water bodies.	സ്ഥലസന്ധി
Gulf	A deep inlet of the sea, surrounded by a narrow mouth.	ഉൾക്കടൽ
Rift Valley	A linear shaped low land between the mountains.	പിളർപ്പുതാഴ്വര
Reef	A thin layer of calcium carbonate	പവിഴപ്പുറ്റ്
Cataracts	A fast flowing water falls over a cliff	മലഅരുവി
Pinnacles	Pointed limestone pillars found in Australian desert	ചുണ്ണാമ്പ് പാറ
Regs	These are plains of sand and gravel in the arid regions	വരണ്ടപ്രദേശത്തെ മണലിന്റെയും ചരലിന്റെയും സമതലം
Hamada	Elevated plateaus of rock and stones.	പാറയുടെയും കല്ലിന്റെയും ഉയർന്ന പീഠഭൂമി
Oases	A hub of water in the desert region.	മരുപ്പച്ച

VIII Std - Geography Malayalam Chapter 7.indd 153 31-03-2022 16:56:56

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. ആഫ്രിക്കയുടെ തെക്കേ അറ്റത്ത് _____ ആകുന്നു
   a) ബ്ലാൻകാ മുനമ്പ്
   b) അഗുൾഹാസ് മുനമ്പ്
   c) സുപ്രതീക്ഷാ മുനമ്പ്
   d) നഗരമുനമ്പ്

PV6AE

2. ഈജിപ്തിനും സിനായ് ഉപദ്വീപിനും ഇടയിലുള്ള ഒരു കരയിടുക്കിലൂടെ മനുഷ്യൻ നിർമ്മിച്ച കനാൽ
   a) പനാമ കനാൽ
   b) അസ്വാൻ കനാൽ
   c) സൂയസ് കനാൽ
   d) ആൽബർട്ട് കനാൽ
3. മെഡിറ്ററേനിയൻ കാലാവസ്ഥയുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പ്രസ്താവനകളെ പരിഗണിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
   1) ശരാശരി മഴ 15 സെ.മീ ആകുന്നു
   2) വേനൽ ചൂടു വരണ്ടതുമാണ്. ശൈത്യകാലം മഴയുമാണ്.
   3) ശീതകാലം തണുത്തതും വരണ്ടതുമാണ് വേനൽ കാലം ചൂടും നനവുമാണ്.
   4) സിട്രസ് പഴങ്ങൾ വളർത്തുന്നു

   a) 1 ശരിയാണ്
   b) 2 ഉം 4 ഉം ശരിയാണ്
   c) 3 ഉം 4 ഉം ശരിയാണ്
   d) എല്ലാ ശരിയാണ്
4. ആസ്ത്രേലിയയിലെ പടിഞ്ഞാറ്, കിഴക്ക് ഒഴുകുന്ന നദികളെ വേർതിരിക്കുന്ന ശ്രേണി(റേഞ്ച്)
   a) ഗ്രേറ്റ് ഡിവൈഡിങ്ങ് റേഞ്ച്
   b) ഹിമാലായൻ ശ്രേണി
   c) ഫ്ളിൻഴ്സ് ശ്രേണി
   d) മക്ഡോണൽ ശ്രേണി
5. _____ ഖനനത്തിന് കൽഗൂർളിൽ പ്രശ്സ്തമാണ്
   a) ഡയമണ്ട് b) പ്ലാറ്റിനം
   c) വെള്ളി d) സ്വർണ്ണം

II. വിട്ടഭാഗം പൂരിപ്പിക്കുക

1. _____ ഭൂഖണ്ഡത്തിൽ അറ്റ്ലസ് പർവ്വതം സ്ഥിതിചെയ്യുന്നു.
2. _____ ആകുന്നു ആഫ്രിക്കയിലെ ഉയർന്ന കൊടുമുടി.
3. _____ ആണ് ആസ്ത്രേയിലെ സാധരണമായ വൃക്ഷം
4. ആസ്ത്രേലിയയിലെ മിതോഷ്ണമേഖല പുൽമേടുകളെ _____ എന്ന് വിളിക്കുന്നു.
5. _____ ആണ് അന്റാർട്ടിക്കയിലെ ആദ്യത്തെ ഇന്ത്യൻ ഗവേഷണകേന്ദ്രം.

III. യോജിപ്പിക്കുക

1. പിനാക്കിൾ	-	ഭൂമധ്യരേഖാവനം
2. ക്രിൽ	-	ഉപ്പുതടാകം
3. ഒട്ടകപക്ഷി	-	ചെറിയ ചുവന്ന മൽസ്യം
4. അയർതടാകം	-	പറക്കാൻ കഴിയാത്ത പക്ഷി
5. ഭൂമിയുടെ രത്നം	-	കൂർത്ത ചുണ്ണാമ്പ്കല്ല്

IV. നമുക്ക് പഠിക്കാം

1. **അവകാശവാദം: (A)** ആകാശത്ത് ദൃശ്യമാകുന്ന വർണ്ണപ്രകാശത്തിന്റെ തിരശ്ശീലയാണ് പ്രഭാപടലം
   കാരണം : (R) മുകളിലെ അന്തരീക്ഷത്തിലെ കാന്തിക കൊടുങ്കാറ്റുകളാണ് ഇവയ്ക്ക് കാരണം.
   a) A ഉം R ഉം വ്യക്തിഗതമായി ശരിയാണ് A എന്നതിനുള്ള ശരിയായ വീശദികരണമാണ് R
   b) A ഉം R ഉം വ്യക്തിഗതമായി ശരിയാണ് A യുടെ ശരിയായ വീശദികരണമല്ല R.
   c) A ശരി R തെറ്റ്.
   d) A തെറ്റ് R ശരി.
2. **അവകാശവാദം : (A)** ആഫ്രിക്കയുടെ ഒരു ഭൗമ ശാസ്ത്ര സവിശേഷത വലിയ പിളർപ്പു താഴ്വര എന്നതാണ്.
   കാരണം : (R) ടെക്റ്റോണിക്ക് പ്രവർത്തനത്താൽ രൂപം കൊണ്ട ഭൂമിയുടെ ഉപരിതലത്തിലെ വലിയ വിള്ളലാണ് പിളർപ്പു താഴ്വര
   a) A ഉം R ഉം വ്യക്തിഗതമായി ശരിയാണ് A എന്നതിനുള്ള ശരിയായ വീശദികരണമാണ് R
   b) A ഉം R ഉം വ്യക്തിഗതമായി ശരിയാണ് A യുടെ ശരിയായ വീശദികരണമല്ല R.
   c) A ശരി R തെറ്റ്.
   d) A തെറ്റ് R ശരി.

V. സംക്ഷിപ്തമായ ഉത്തരമെഴുതുക

1. ആഫ്രിക്കയെ മാത്യഭൂഖണ്ഡം എന്ന് വിളിക്കാൻ കാരണമെന്ത്?
2. ആഫ്രിക്കയിലെ പ്രധാന നദികൾ ഏതെല്ലാമാണ്?
3. ആസ്ത്രേലിയുടെ ഭൗമശാസ്ത്രപരമായ വിഭാഗങ്ങളുടെ പേര് നൽകുക?
4. അന്റാർട്ടിക്ക ഭൂഖണ്ഡത്തിന്റെ സ്വഭാവത്തെക്കുറിച്ച് എഴുതുക?

VIII Std - Geography Malayalam Chapter 7.indd 154 31-03-2022 16:56:57

5. ആസ്ത്രേലിയുടെ ഏതെങ്കിലും നാല് സാമ്പത്തിക പ്രവർത്തനങ്ങളെക്കുറിച്ച് പരാമർശിക്കുക?

VI. വേർതിരിക്കുക

1. സഹേലും സഹാറയും.
2. പടിഞ്ഞാറൻ അന്റാർട്ടിക്കയും കിഴക്കൻ അന്റാർട്ടിക്കയും.
3. വലിയ പവിഴപ്പുറ്റും ആർട്ടീഷ്യൽ തടവും.

VII. കാരണം നൽകുക

1. നൈൽനദിയുടെ ദാനമാണ് ഈജിപ്ത്.
2. ഭൂഖണ്ഡങ്ങളുടെ പടിഞ്ഞാറൻ അതിർത്തികളിൽ മരുഭൂമി കാണപ്പെടുന്നു.
3. അന്റാർട്ടിക്കയെ ശാസ്ത്രജ്ഞരുടെ ഭൂഖണ്ഡം എന്ന് വിളിക്കുന്നു.

VIII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക

1. ആസ്ത്രേലിയയിലെ ധാതുസമ്പത്തിനെക്കുറിച്ച് ഒരു ചെറുകുറിപ്പെഴുതുക.
2. അന്റാർട്ടിക്കയിലെ സസ്യ ജന്തു ജാലത്തെക്കുറിച്ച് വിവരിക്കുക.
3. ആഫ്രിക്കയുടെ ഭൗതികവിഭാഗങ്ങളുടെ പേരുകൾ എഴുതി ഏതെങ്കിലും ഒന്നിനെ കുറിച്ച് വിവരിക്കുക.

IX. ഭൂപടം

ആഫ്രിക്കയുടെയും ആസ്ട്രേലിയയുടെയും ഭൂപടത്തിൽ താഴെപറയുന്നവ കുറിയ്ക്കുക.

ആഫ്രിക്ക: ഭൂമദ്ധ്യരേഖ,അറ്റ്ലസ് പർവ്വതം സഹാറ, കിഴക്കൻ ഉന്നതനിലം ,മധ്യധരണിക്കടൽ, അറ്റ്ലാന്റിക് മഹാസമുദ്രം, ഇന്ത്യൻ മഹാസമുദ്രം സൂയസ് കനാൽ, മൗണ്ട് കിളിമഞ്ചരൊ.

ആസ്ത്രേലിയ: ഗ്രേറ്റ് ഡിവൈഡിങ്ങ് റേഞ്ച്, വലിയ പവിഴപ്പുറ്റ്, ടാസ്മാനിയ, ദക്ഷിണായന രേഖ പസഫിക് മഹാസമുദ്രം, മികച്ച ആസ്ത്രേലിയൻ മണൽ നിബിഡ മരുഭൂമി, ഇന്ത്യൻ മഹാസമുദ്രം, സിഡ്നി, കാൻബറ.

X. പ്രവർത്തനം

1. താഴെ പറയുന്ന രാജ്യങ്ങളുടെ അർദ്ധഗോളവും ഡിസംബർ മാസത്തിലെ സീസണും കണ്ടെത്തുക.

രാജ്യം	അർദ്ധഗോളം	സീസൺ
സൗത്ത് ആഫ്രിക്ക		
മൊറോക്കോ		
ആസ്ത്രേലിയ		
നൈജർ		
ഈജിപ്ത്		
ടാസ്മാനിയ		
ഇന്ത്യ		

2. താഴെ കൊടുത്തിരിക്കുന്ന ആസ്ത്രേലിയ ഭൂപടത്തിൽ വിവിധ സംസ്ഥാനങ്ങളുടെ പേരുകൾ കുറിക്കുക



REFERENCE BOOKS

1. Richard G. Boehm (2002), *World Geography*, Texas Edition McGraw Hill/Glencoe, USA.
2. Jojo Mathew (2017), *India and World Geography*, Wizard India private limited, New Delhi.
3. Majid Husain (2017) *India and World Geography*, McGraw Hill education series private India limited, New Delhi.

INTERNET RESOURCES

1. https//www.gph.gov.an.pups
2. https//www.worldatlas.com
3. https//www.blogs.nasa.gov
4. https//www.worldwildlife.org
5. https//books.google.com.in.
6. www.waterencyclopedia.com
7. www.worldometers.info
8. www.agriculture.gov.aub.national
9. https://www.queensland.com
10. www.dk.com concise atlas of the world
11. https://www.earthobservatory .nasa.gov.

VIII Std - Geography Malayalam Chapter 7.indd 155 31-03-2022 16:56:57

യൂണിറ്റ് - 8

ഭൂപട വായന



പഠന ലക്ഷ്യങ്ങൾ

- ഭൂപടങ്ങളും ഭൂഗോളവും താരതമ്യം ചെയ്യുക
- ഭൂപടങ്ങളുടെ ഘടകങ്ങൾ തിരിച്ചറിയുക
- തോതിന്റെ പ്രാതിനിധ്യരീതികൾ തിരിച്ചറിയുക
- തോതിനെ പ്രതിനിധീകരിക്കുന്ന രീതികൾ തിരിച്ചറിയുക
- ഭൂപടങ്ങളിൽ അടയാളങ്ങളും, പ്രതീകങ്ങളും ഉപയോഗിച്ചിരിക്കുന്ന തെങ്ങനെയെന്ന് മനസ്സിലാക്കുക.
- വിവിധതരം ഭൂപടങ്ങളെക്കുറിച്ച് മനസ്സിലാക്കുക

4HDGU

ആമുഖം

ഭൗമശാസ്ത്രജ്ഞന്മാരുടെ പ്രധാനപ്പെട്ട ഉപകരണങ്ങളാണ് ഭൂപടങ്ങളും ഭൂഗോളവും. സ്ഥലങ്ങൾ താരതമ്യം ചെയ്യാനും ആളുകളുടെ പ്രവർത്തനങ്ങൾ അവർ താമസിക്കുന്ന സ്ഥലവുമായി ബന്ധപ്പെടുത്താനും ഭൂപടങ്ങൾ സഹായിക്കുന്നു. ഭൂപടങ്ങൾ കഴിയുന്നത്ര കൃത്യമാക്കാൻ കാർട്ടോഗ്രാഫർമാർ വിവിധ രീതികൾ ഉപയോഗിക്കുന്നു. ലോകമെമ്പാടുമുള്ള ആളുകൾക്ക് വായിക്കാനും മനസ്സിനലാക്കാനും കഴിയുന്ന വിധത്തിലാണ് അവർ ഭൂപടങ്ങൾ തയ്യാറാക്കുന്നത്.

ഭൂപടം എന്നാൽ എന്ത്

ഒരു പരന്ന പ്രതലത്തിൽ ചിത്രീകരിച്ചിരിക്കുന്ന ഒരു പ്രദേശത്തിന്റെ മുഴുവൻ അല്ലെങ്കിൽ ഒരു ഭാഗത്തിന്റെ രൂപരേഖയാണ് ഭൂപടം. ഒരു പ്രത്യേക പ്രദേശത്തിന്റെ നിർദ്ദിഷ്ടവും വിശദവുമായ സവിശേഷതകൾ ചിത്രീകരിക്കുക എന്നതാണ് ഭൂപടത്തിന്റെ പ്രവർത്തനം. ഭൂമിശാസ്ത്ര പഠനത്തിനായി ഭൂപടങ്ങൾ പൊതുവായി ഉപയോഗിക്കുന്നു.

ഭൂപടവായന

ഭൂപടവായന എന്നത് ഭൂപടത്തിൽ ചിത്രീകരിക്കുന്ന ഭൂമിശാസ്ത്രപരമായ വിവരങ്ങൾ മനസ്സിലാക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്ന പ്രവർത്തനമാണ്. ഭൂപടവായനയിലൂടെ ഭൂപടത്തിൽ കാണുന്ന പ്രതീകാത്മകമായ വിവരങ്ങളിലൂടെ യഥാർത്ഥ ലോകവിവരങ്ങളുടെ ചിത്രം വായനക്കാരന്റെ മനസ്സിൽ വികസിപ്പിച്ചെടുക്കാൻ കഴിയുന്നു.

ഭൂപടത്തിനും ഭൂഗോളത്തിനും തമ്മിലുള്ള വ്യത്യാസം

ഭൂപടം ഭൂഗോളത്തിൽ നിന്ന് വ്യത്യസ്തമാണ്. ഭൂപടങ്ങൾ ചില പ്രദേശങ്ങളുടെയോ ലോകത്തിന്റെയോ ദ്വിമാന പ്രാതിനിധ്യം നൽകുന്നു. എന്നാൽ ഒരു ഭൂഗോളം ലോകത്തിന്റെ മുഴുവൻ ത്രിമാന പ്രാതിനിധ്യം നൽകുന്ന ഭൂമിയുടെ ഒരു ചെറിയ രൂപമാണ് (ഭൂമിയുടെ മാതൃക).



ഗ്ലോബ്

VIII Std - Geography Malayalam Chapter 8.indd 156 31-03-2022 17:06:23


ലോകഭൂപടം
ആർട്ടിക് മഹാസമുദ്രം
N
W
E
S
അലാസ്ക (USA)
കാനഡ
ഗ്രീൻലാന്റ് (ഡെൻമാർക്ക്)
ഐസ്‌ലാന്റ്
റഷ്യ
ഉത്തര പസഫിക് സമുദ്രം
അമേരിക്കൻ ഐക്യനാടുകൾ
ഉത്തര അറ്റ്‌ലാന്റിക് സമുദ്രം
കസാക്കിസ്ഥാൻ
മംഗോളിയ
ചൈന
ഉത്തരായന രേഖ
ഇന്ത്യ
ഭൂമധ്യരേഖ
ഇന്ത്യൻ മഹാ സമുദ്രം
ശ്രീലങ്ക
ഇന്തോനേഷ്യ
ബ്രസിൽ
ദക്ഷിണായന രേഖ
ദക്ഷിണ പസഫിക് സമുദ്രം
ദക്ഷിണ അറ്റ്‌ലാന്റിക് സമുദ്രം
മഡഗാസ്കർ
ആസ്ട്രേലിയ
ദക്ഷിണ പസഫിക് സമുദ്രം
ദക്ഷിണാഫ്രിക്ക
ന്യൂസിലാന്റ്
Not to Scale
ദക്ഷിണ സമുദ്രം



ഭൂപടനിർമ്മാണം, ഭൂപടങ്ങളുടെ വിവിധ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനവും പ്രയോഗവുമാണ് ഭൂപട ശാസ്ത്രം (കാർട്ടോഗ്രഫി). ഭൂപട നിർമ്മാണത്തിന്റെ കലയും ശാസ്ത്രവും എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്

ഭൂപടത്തിന്റെ ഘടകങ്ങൾ

1. തലക്കെട്ട് **2.** തോത് **3.** സൂചിക **4.** ദിശ **5.** ഉറവിടം (സ്രോതസ്സ്) **6.** പ്രക്ഷേപണവും പ്രാദേശികവിവരങ്ങളും **7.** അംഗീകൃത അടയാളങ്ങളും ചിഹ്നങ്ങളും

a. തലക്കെട്ട്

ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന പ്രദേശങ്ങൾ ഏതെന്നും ഭൂപടത്തിന്റെ ഉള്ളടക്കമെന്തെന്നും തലക്കെട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. ഇവ പൊതുവെ ഭൂപടങ്ങളുടെ മുകൾഭാഗത്തോ കീഴ്ഭാഗത്തോ സൂചിപ്പിച്ചിരിക്കും.

b. തോത്

ഭൂമിയുടെ യഥാർത്ഥ ദൂരവും ഭൂപടത്തിലെ ദൂരവും തമ്മിലുള്ള അനുപാതമാണ് തോത്. ഭൂപട നിർമ്മാതാക്കൾക്ക് അതേ വലിപ്പത്തിൽ ഭൂപടം തയ്യാറാക്കാൻ സാധിക്കുകയില്ല. അതിനാൽ അവർ ഭൂമിയുടെ വലിപ്പമോ സവിശേഷതകളോ ആനുപാതികമായി കുറയ്ക്കുന്നു. ഇതിനുവേണ്ടി ഭൂപടങ്ങൾ തോതനുസരിച്ച് വരയ്ക്കുന്നു ഓരോ ഭൂപടത്തിനും അതിന്റെതായ അളവുകളുണ്ട് അത് ഭൂപടങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. മിക്കപ്പോഴും അളവുകൾ സ്കെയിൽ ബാർ അല്ലെങ്കിൽ ഒരു രേഖയോ സംഖ്യകളോ ഉപയോഗിച്ച് ശീർഷകത്തിനു തൊട്ടുതാഴെയോ ഭൂപടത്തിന്റെ ചുവടെയോ കാണിച്ചിരിക്കുന്നു

ഭൂഖണ്ഡങ്ങൾ അല്ലെങ്കിൽ രാജ്യങ്ങൾ പോലുള്ള വിസ്തൃതമായ പ്രദേശങ്ങൾ കാണിക്കുന്നതിന് ചെറിയ തോതിലുള്ള ഭൂപടങ്ങൾ ഉപയോഗിക്കുന്നു. സ്ഥലപരിമിതി കാരണം ചെറിയ തോതിലുള്ള ഭൂപടത്തിൽ പ്രധാനപ്പെട്ട സവിശേഷതകൾ മാത്രം രേഖപ്പെടുത്താനേ സാധിക്കുകയുള്ളൂ. ഉദാഹരണമായി ലോക ഭൗതീക ഭൂപടത്തിൽ പ്രധാനപ്പെട്ട ഭൂസ്ഥിതി സവിശേഷതകൾ മാത്രം ചിത്രീകരിക്കുന്നുള്ളൂ ഇത് ഭൂമിയുടെ ഭൂരിഭാഗം വിസ്തൃതിയെ പ്രതിനിധീകരിക്കുന്നുവെങ്കിലും വളരെക്കുറച്ചു വിവരങ്ങൾ മാത്രമേ നമുക്കു നൽകുന്നുള്ളൂ

ജില്ല അല്ലെങ്കിൽ താലൂക്ക് പോലുള്ള ഒരു ചെറിയ പ്രദേശം കാണിക്കുന്നതിന് വലിയ തോതിലുള്ള ഭൂപടങ്ങൾ ഉപയോഗിക്കുന്നു.

ചെറിയ തോതിലുള്ള ഭൂപടങ്ങളെക്കാൾ വലിയ തോതിലുള്ള ഭൂപടങ്ങൾ .വിവരങ്ങൾ വിശദമായി ചിത്രീകരിക്കുന്നു. ഉദാഹരണമായി ഇന്ത്യയുടെ ഭൗതിക ഭൂപടത്തിൽ ഭൂമിയുടെ ഒരു ചെറിയ ഭാഗത്തെ പ്രതിനിധീകരിക്കുന്നുവെങ്കിലും കൂടുതൽ വിവരങ്ങൾ നൽകുന്നു. എന്നിരുന്നാലും തോതിനെ അടിസ്ഥാനമാക്കിയുള്ള ഭൂപട വർഗ്ഗീകരണത്തിന് മാനദണ്ഡങ്ങളൊന്നുമില്ല

പ്രവർത്തനം

ലോക ഭൗതീകഭൂപടവും ഇന്ത്യയുടെ ഭൗതികഭൂപടവും താരതമ്യം ചെയ്ത് ലോകഭൂപടത്തിൽ ഇന്ത്യയിലെ ഭൂസ്ഥിതി സവിശേഷതകളിൽ ഏതെല്ലാം ഒഴിവാക്കിയിരിക്കുന്നു എന്ന് കണ്ടെത്തുക

ഭൂപടങ്ങളിലെ തോതുകൾ മൂന്നു വ്യത്യസ്ത രീതികളിൽ പ്രതിനിധീകരിച്ചിരിക്കുന്നു

1. പ്രസ്താവന രീതി
2. പ്രാതിനിധ്യ ഭിന്നകരീതി അല്ലെങ്കിൽ ആനുപാതിക തോത്
3. രേഖീയ രീതി അഥവാ ഗ്രാഫ്രീതി

1. പ്രസ്താവന രീതി

ഈ രീതിയിൽ ഭൂപടത്തിന്റെ തോത് 1 സെ.മീറ്ററിന് 1 കി.മീറ്റർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനർത്ഥം ഭൂപടത്തിലെ 1 സെ.മീറ്റർ ഭൂമിയിലെ 1 കി.മീറ്റിന് തുല്യമാണ് എന്നതാണ്. ഇത് ഭൂപടത്തിൽ 1 സെ.മീറ്ററിന് 1 കിലോമീറ്റർ 1 ഇഞ്ചിന് 1 മൈൽ എന്നിങ്ങനെ എഴുതിയിരിക്കുന്നു

പ്രസ്താവനരീതിക്ക് താഴെ പറയുന്ന സവിശേഷതകളുണ്ട്.

a. അംശം സെന്റി. മീറ്ററിലാണെങ്കിൽ ഛേദം മീറ്ററിലോ കിലോമീറ്ററിലോ ആയിരിക്കും
b. അംശം ഇഞ്ചിലാണെങ്കിൽ ഛേദം മൈലുകളിലായിരിക്കും

2. പ്രാതിനിധ്യ ഭിന്നക രീതി **(R.F)**

ഈ രീതിയിൽ ഭൂപട ദൂരവും ഭൂതല ഭൂരവും തമ്മിലുള്ള ബന്ധം നീളത്തിന്റെ ഒരേ മാത്രയിൽ സൂചിപ്പിക്കുന്നു ഇതിനെ സാധാരണയായി ഒരു ഭിന്നസംഖ്യയായി കാണിക്കുന്നു.

ഉദാഹരണമായി 1:5000 എന്ന ഭിന്നസംഖ്യ സംഖ്യ സൂചിപ്പിക്കുന്നത് ഭൂപടത്തിലെ 1 മാത്ര നീളം എന്നത് ഭൂതലത്തിലെ 50000 മാത്രകൾക്ക് തുല്യമാണ്. അതായത് ഭൂപടത്തിലെ 1 സെ.മീറ്റർ അല്ലെങ്കിൽ 1 ഇഞ്ച് എന്നത് യഥാക്രമം ഭൂതലത്തിലെ 50000 സെ.മീ അല്ലെങ്കിൽ 50000 ഇഞ്ച് എന്നതിനെ പ്രതിനിധാനം ചെയ്യുന്നു.

R.F നെ 1/ 5000 അല്ലെങ്കിൽ 1.5000 എന്നു സൂചിപ്പിക്കുന്നു

VIII Std - Geography Malayalam Chapter 8.indd 158 31-03-2022 17:06:24

തമിഴ് നാട് - രാഷ്ട്രീയ ഭൂപടം


ആന്ധ്ര പ്രദേശ്
ഇ ന്ത്യ
കർണാടക
കേരളം
ശ്രീലങ്ക
ബംഗാൾ ഉൾക്കടൽ
പാക് കടലിടുക്ക്
പാക് ഉൾക്കടൽ
മന്നാർ ഉൾക്കടൽ
അറേബിയൻ കടൽ
ഇന്ത്യൻ മഹാസമുദ്രം
ത മി ഴ് നാ ട്
ബെങ്കലൂരു (ബാംഗ്ലൂർ)
മൈസൂർ
ടംകർ
കോലാർ
ചിറ്റൂർ
ബങ്ങാരപട്ട
ഹോസ്സൂർ (ഒസ്സൂർ)
കൃഷ്ണഗിരി
ഡെൻകനിക്കോട്ട
മൈസൂരു (മൈസൂർ)
അഞ്ചെട്ടി
പാലക്കോട്
ധർമ്മപുരി
ചാംരാജ്നഗർ
താളവാടി
ബിന്നാഹനഹള്ളി
മുതുമലൈ
ഗൂഡലൂർ
നീലഗിരി
ഉദഗമണ്ഡലം
കുന്നൂർ
മേട്ടുപാളയം
അവിനാശി
ചെന്നിമലൈ
മരുതമലൈ
തിരുപ്പൂർ
കോയമ്പത്തൂർ
പാലക്കാട്
പൊള്ളാച്ചി
ആനമലൈ
ടോപ് സ്ലിപ്പ്
പഴനി
ദിണ്ടുക്കൽ
കൊടൈക്കനാൽ
പെരിയകുളം
ഏറണാകുളം
ബോഡിനായകനൂർ
തേനി
പൈൻനാവ്
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
മുണ്ടൻതുറൈ
തിരുവനന്തപുരം
കുഴിത്തുറ
കന്യാകുമാരി
ശുചീന്ദ്രം
നാഗർകോവിൽ
രാധാപുരം
തിരുനെൽവേലി
പേച്ചിപ്പാറ
നാഗർകോവിൽ
കുലശേഖരപട്ടണം
തിരുചെന്തൂർ
തിരുവനന്തപുരം
തിസയാൻവിള
മുണ്ടൻതുറൈ
പാളയംകോട്ട
തൂത്തുക്കുടി
വാൻ ദീപ്
കോവിൽപ്പട്ടി
വിളാത്തിക്കുളം
ശങ്കരൻകോവിൽ
തെങ്കാശി
കുറ്റാലം
അമ്പാസമുദ്രം
ഇട്ടയപുരം
രാജപാളയം
ശിവകാശി
വിരുതുനഗർ
ശിവഗിരി
സാത്തൂർ
ശ്രീവില്ലിപുത്തൂർ
സുരുളി വെള്ളച്ചാട്ടം
പെരിയകുളം
തേനി
മധുര
തിരുമംഗലം
നാഗമധുരൈ
ശിവഗംഗ
തിരുവടനൈ
തോണ്ടി
ദേവകോട്ടൈ
ആട്ടയാർകോവിൽ
കാരൈക്കുടി
തിരുപ്പത്തൂർ
പഴമുതിർച്ചോലൈ
മണപ്പാറൈ
ഉടുമലൈപ്പേട്ടൈ
ദാരാപുരം
പഴനി
നട്ടം
ദിണ്ടുക്കൽ
ഒട്ടൻഛത്രം
അയ്യലൂർമെട്ട്
കരൂർ
തിരുച്ചിറാപ്പള്ളി
ശ്രീരംഗം
മുസിരി
പരമതി
ഗംഗയം
പല്ലാടം
നാമക്കൽ
തിരുച്ചൻകോഡ്
ഭവാനി
ഗങ്കൻധർഗ്
രാസിപുരം
സേലം
ഈറോഡ്
സത്തിയമംഗലം
ബന്നാരി
മേട്ടൂർ
തുറയൂർ
പെരുംബല്ലൂർ
തിരുച്ചിറാപ്പള്ളി
തഞ്ചാവൂർ
അരിയല്ലൂർ
കുംബകോണം
തിരുവൈയാറ്റ്
തിരുവാരൂർ
നാഗപട്ടണം
വേളാങ്കണ്ണി
വേദാരണ്യം
കൊടിയക്കരൈ
പോയിന്റ് കാളിമെറേ
പുതുക്കോട്ടൈ
പട്ടുക്കോട്ടൈ
തിരുത്തുറൈപ്പൂണ്ടി
കാരൈക്കാൽ (പുതുച്ചേരി)
നാഗോർ
പൂംപുകാർ
തിരുക്കടിയൂർ
തിരുനല്ലാറു
ശ്രീകാഴി
പിച്ചാവരം
ചിദംബരം
കടലൂർ
വടലൂർ
നെയ്വേലി
വിരുതാചലം
വിഴുപ്പുറം
പുതുച്ചേരി (പോണ്ടിച്ചേരി)
ആരോവില്ലി
മൈലം
തിരുവക്കരൈ
തിരുവണ്ണാമലൈ
ചെങ്കം
ഹൊസൂർ
ഹരൂർ
അതിയമാൻകോട്ട
തേൻപെണ്ണൈ
തടങ്കരൈ
ഹൊഗെനക്കൽ വെള്ളച്ചാട്ടം
കള്ളക്കുറിച്ചി
വിഴുപ്പുറം
തിരുവണ്ണാമലൈ
ചെയ്യാർ
വന്തവാസി
തിരുവെണ്ണൈനല്ലൂർ
ചെങ്കൽപ്പട്ട്
മാമല്ലപുരം
തിരുക്കളുക്കുന്റം
തിരുവെറ്റിപുരം
ചെയ്യൂർ
തിരുമുരുത്തുറൈ
ചിഞ്ചി
ദിണ്ടിവനം
ഗിംഗി
ഏലഗിരി മല
മട്ടൂർ
ഊത്തങ്കരൈ
ധർമ്മപുരി
പാലക്കോട്
അതിയമാൻകോട്ട
തടങ്കരൈ
തോപ്പൂർ
ഹരൂർ
ഹൊഗെനക്കൽ വെള്ളച്ചാട്ടം
കാവേരി
ഭവാനി
സേലം
ഈറോഡ്
ഗങ്കൻധർഗ്
രാസിപുരം
തിരുച്ചൻകോഡ്
തമ്മാപ്പട്ടി
വളപ്പാട്ടി
ആത്തൂർ
ഗംഗയം
പരമതി
നാമക്കൽ
തുറയൂർ
പെരുംബല്ലൂർ
തിരുച്ചിറാപ്പള്ളി
മുസിരി
കരൂർ
അയ്യലൂർമെട്ട്
തിരുവൈയാറ്റ്
ശ്രീരംഗം
കുംബകോണം
തഞ്ചാവൂർ
അരിയല്ലൂർ
മണിലാടുതുറൈ
സെന്തുറൈ
പുതുക്കോട്ടൈ
പട്ടുക്കോട്ടൈ
തിരുത്തുറൈപ്പൂണ്ടി
തിരുവാരൂർ
നാഗപട്ടണം
വേളാങ്കണ്ണി
വേദാരണ്യം
കൊടിയക്കരൈ
പോയിന്റ് കാളിമെറേ
കാരൈക്കാൽ (പുതുച്ചേരി)
നാഗോർ
പൂംപുകാർ
തിരുക്കടിയൂർ
തിരുനല്ലാറു
ശ്രീകാഴി
പിച്ചാവരം
ചിദംബരം
കടലൂർ
വടലൂർ
നെയ്വേലി
വിരുതാചലം
വിഴുപ്പുറം
പുതുച്ചേരി (പോണ്ടിച്ചേരി)
ആരോവില്ലി
മൈലം
തിരുവക്കരൈ
തിരുവണ്ണാമലൈ
ചെങ്കം
ചെയ്യാർ
വന്തവാസി
തിരുവെണ്ണൈനല്ലൂർ
ചെങ്കൽപ്പട്ട്
മാമല്ലപുരം
തിരുക്കളുക്കുന്റം
തിരുവെറ്റിപുരം
ചെയ്യൂർ
തിരുമുരുത്തുറൈ
ചിഞ്ചി
ദിണ്ടിവനം
ഗിംഗി
ഏലഗിരി മല
മട്ടൂർ
ഊത്തങ്കരൈ
ചെങ്കം



3. രേഖീയ രീതി

ഭൂപടത്തിന്റെ ചുവടെ വരച്ചിരിക്കുന്ന ഒരു ചെറിയ സ്കെയിലിൽ തോത് രേഖപ്പെടുത്തുന്നതാണ് രേഖീയരീതി. യഥാർത്ഥ ഭൂതല അളവിനെ ഒരു നേർരേഖയിൽ തുല്യ അളവുകളായി വിഭജിച്ചിരിക്കുന്നു. അവ ഓരോന്നും ഭൂതലത്തിലെ ഒരു നിശ്ചിത ദൂരത്തെ പ്രതിനിധീകരിക്കുന്നു. ഈ രീതിയിൽ ഭൂതലത്തിലുള്ള ദൂരം കണക്കാക്കാൻ കഴിയുന്നു. അളവുകൾ മാറാത്തതിനാൽ ഭൂപടങ്ങളുടെ പകർപ്പുകൾ എടുക്കാൻ സാധിക്കുന്നു.

രേഖീയ രീതി



c. സൂചിക

ഭൂപടത്തിലുള്ള വിശദാംശങ്ങൾ മനസ്സിലാക്കാനുള്ള മാർഗ്ഗമാണ് സൂചിക. ഭൂപടങ്ങളിലെ നിറങ്ങളും ചിഹ്നങ്ങളും എന്തിനെ സൂചിപ്പിക്കുന്നു എന്ന് വിവരിക്കുന്നതാണ് സൂചിക. സൂചികയിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളും രൂപങ്ങളും ഭൂപടത്തിലെ വിവിധ വസ്തുക്കളെ പ്രതിനിധീകരിക്കുന്നു.

ഭൂപട സൂചിക

- അടിയന്തര ടെലിഫോൺ
- ക്യാമ്പ് ഗ്രൗണ്ട്
- പിക്നിക് ഏരിയ
- ചരൽ റോഡ്
- ദ്വിതീയ ഹൈവേ
- പ്രാഥമിക ഹൈവേ
- ജലം
- വനം

VIII Std - Geography Malayalam Chapter 8.indd 160 31-03-2022 17:06:26

d. ദിശ

ഭൂപടത്തിൽ ദിശ നിർബന്ധമായും സൂചിപ്പിച്ചിരിക്കണം. വടക്കു ദിശയിലെ അമ്പ് കുറിയെ കേന്ദ്രീകരിച്ചാണ് സാധാരണയായി ,ഭൂപടങ്ങൾ വരയ്ക്കുന്നത്. വടക്കിന്റെ സ്ഥാനം മനസ്സിലാക്കിയാൽ മറ്റു ദിശകളെ എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കും. ഭൂപടത്തിലുള്ള കോമ്പസ് റോസ് എന്നറിയപ്പെടുന്ന ദിശാ സൂചക ചിഹ്നം എല്ലായ്പ്പോഴും വടക്കു ദിശയെ കാണിക്കുന്നു. ചില സമയങ്ങളിൽ വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ പ്രധാന ദിശകളെയും കാണിക്കുന്നു. കൂടാതെ വടക്കുകിഴക്ക്, തെക്കു കിഴക്ക്, തെക്കുപടിഞ്ഞാറ് വടക്കുപടിഞ്ഞാറ് എന്നീ ഉപദിശകളെയും കൊടുത്തിരിക്കുന്നു.



e. ആധാരം ഉറവിടം (സ്രോതസ്സ്)

എല്ലാ ഭൂപടങ്ങളിലും അതിൽ രേഖപ്പെടുത്തിട്ടുള്ള വിവരണങ്ങളുടെ ഉറവിടത്തെക്കുറിച്ച് കൊടുത്തിട്ടുണ്ടായിരിക്കും. സാധാരണയായി ആധാരങ്ങളെക്കുറിച്ച് ഭൂപടത്തിനു താഴെ വലതു ഭാഗത്തായി കൊടുത്തിരിക്കുന്നു. ഇടതു ഭാഗത്തായി ലേഖകന്റെ പേര്, പ്രസാധകർ, പ്രസിദ്ധീകരിച്ച സ്ഥലവും വർഷവും കൊടുത്തിരിക്കുന്നു.

f. ഭൂപട പ്രക്ഷേപണവും പ്രാദേശിക വിവരങ്ങളും

ഭൂപടത്തിന്റെ പരന്ന പ്രതലത്തിന്റെ ഗോളാകൃതിയിലുള്ള ഭൂമിയെ പ്രതിനിധീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഭൂപടപ്രക്ഷേപണം. ഭൂമിയുടെ വക്രപ്രതലത്തെ ഒരു ഭൂപടത്തിൽ കൃത്യമായി കാണിക്കാൻ കഴിയുകയില്ല. അതിനാൽ ഭൂപടങ്ങൾ തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന മാറ്റം പരമാവധി കുറയ്ക്കുന്നതിനായി കാർട്ടോ ഗ്രാഫർമാർ ഭൂപടപ്രക്ഷേപണം ഉപയോഗിക്കുന്നു. ഭൂപടത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന അക്ഷാംശങ്ങളും രേഖാംശങ്ങളും ഭൂപടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിന്റെ പ്രാദേശിക വിവരങ്ങൾ നൽകുന്നു. ഒരു സ്ഥലത്തിന്റെ സ്ഥാനനിർണ്ണയം നടത്തുന്നത് അക്ഷാംശ, രേഖാംശരേഖകളെ അടിസ്ഥാനമാക്കിയാണ്.

g. അംഗീകൃത അടയാളങ്ങളും ചിഹ്നങ്ങളും

ഭൗമോപരിതലത്തിലെ വിവിധ സവിശേഷതകൾ ചിത്രീകരിക്കുന്നതിന് അംഗീകൃത അടയാളങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നു. ഭൂപടത്തിന്റെ സൂചികയിൽ ചിഹ്നങ്ങളുടെ വിവരങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഈ ചിഹ്നങ്ങൾ പരിമിതമായ സ്ഥലത്ത് ധാരാളം വിവരങ്ങൾ നൽകുന്നു. ഇത്തരം ചിഹ്നങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഭൂപടങ്ങൾ എളുപ്പത്തിൽ വരയ്ക്കാനും ഭൂപടങ്ങളുടെ ആശയം നന്നായി മനസ്സിലാക്കാനും കഴിയും. ചില ചിഹ്നങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഒരു അന്താരാഷ്ട്ര കരാറുണ്ട്. അംഗീകൃത അടയാളങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. മറ്റുള്ള ചിഹ്നങ്ങളെ സന്ദർഭോചിത ചിഹ്നങ്ങൾ എന്നു വിളിക്കുന്നു. അവ കാർട്ടോഗ്രാഫർമാർ തീരുമാനിക്കുന്നു

	യുദ്ധഭൂമി		മോട്ടോർവേ ജങ്ഷൻ
	ബസ് സ്റ്റാൻഡ്		റെയിൽപ്പാത
	പാലം	PH	പൊതിസ്ഥാപനം
	പട്ടാളത്താവളം		പൊതു ടെലഫോൺ
50	കോണ്ടൂർ രേഖകൾ		റേഡിയോ ടെലിവിഷൻ നിലയം
	നടപ്പാത		വൈദ്യുത ലൈൻ
	ലൈറ്റ് ഹൗസ്	B 5132	ദ്വിതീയ പാതകൾ
H	മുന്നറിയിപ്പു കേന്ദ്രം		ദൃശ്യ മേഖല
	ഹെലിപോർട്ട്		കാറ്റാടി മില്ല്
A 41 (T)	പ്രധാന റോഡ് (പ്രധാന പാത)	P	പാർക്കിങ്

ഭൂപടങ്ങളുടെ തരങ്ങൾ

ഭൂപടങ്ങളെ പല അടിസ്ഥാനത്തിൽ തരം തിരിച്ചിരിക്കുന്നു. ഓരോ അടിസ്ഥാനത്തിലും വിവിധതരം ഭൂപടങ്ങളുണ്ട്. ഈ പാഠത്തിൽ ഭൂപ്രകൃതി, ഭൂപടങ്ങൾ, കാഡസ്ട്രൽ ഭൂപടങ്ങൾ, ആശയ ഭൂപടങ്ങൾ, എന്നിവയെക്കുറിച്ച് നമുക്ക് പഠിക്കാം.

VIII Std - Geography Malayalam Chapter 8.indd 161 31-03-2022 17:06:26

1. ഭൂപ്രകൃതി ഭൂപടം അല്ലെങ്കിൽ ഭൗതീക ഭൂപടം

ഒരു പ്രദേശത്തിന്റെ ഭൂസ്ഥിതി സവിശേഷത കളെ കുറിക്കുന്ന ഭൂപടങ്ങളെ ഭൂപ്രകൃതിഭൂപടം അഥവാ ഭൗതീകഭൂപടം എന്നു പറയുന്നു. മരുഭൂമികൾ, നദികൾ, പർവ്വതങ്ങൾ, സമതലങ്ങൾ, പീഠഭൂമികൾ തുടങ്ങിയവയെ ചിത്രീകരിക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. ഈ ഭൂപടങ്ങൾ പ്രാദേശിക നിലങ്ങളുടെ മൊത്തത്തി ലുള്ള ചിത്രങ്ങളെ അവതരിപ്പിക്കുന്നു. വ്യത്യസ്ത അളവിലുള്ള ഉയരങ്ങളും ആഴവും ഈ ഭൂപടങ്ങൾ കാണിക്കുന്നു. സാധാരണയായി കടൽ നീലനിറ ത്തിലും ആഴമില്ലാത്ത ജലാശയങ്ങൾ ഇളം നിറ ത്തിലും കാണിക്കുന്നു. ഉയരം കാണിക്കുന്നതിന് താഴ്ന്നതിൽ നിന്നും ഉയർന്നതിലേയ്ക്കു താഴെ പറയുന്ന ക്രമത്തിൽ നിറങ്ങൾ കൊടുത്തിരിക്കുന്നു. ഇളംപച്ച, ഇളം തവിട്ട്, കടും തവിട്ട്, കടും ചുവപ്പ്, ചുവപ്പ് എന്നിവയും വളരെ ഉയർന്ന പ്രദേശങ്ങൾക്ക് (മഞ്ഞുമൂടിയ) വെള്ള നിറവും കൊടുക്കുന്നു

2. കാഡസ്ട്രൽ ഭൂപടം (പദ്ധതി രേഖാ ഭൂപടം)

ഒരു നിർദ്ദിഷ്ട പ്രദേശത്തിനുള്ളിലെ അതി രുകളും ഉടമസ്ഥാവകാശവും കാണിക്കുന്ന ഭൂപടത്തെ കാഡസ്ട്രൽ ഭൂപടം എന്നു പറയുന്നു. ഇത്തരം ഭൂപടങ്ങളെ ചിലപ്പോൾ പ്ലാൻ എന്നും പറയുന്നു. അവ വലിയ തോതിൽ ഉള്ളതിനാൽ അതിരുകളുടേയും കെട്ടിടങ്ങളുടേയും മുഴുവൻ വിശദാംശങ്ങളും കാണിക്കുന്നു. നഗരവ്യാപ്തി നിർണ്ണയം,നികുതിചുമത്തൽ,എസ്റ്റേറ്റ് പരിപാലനം, നിയമപരമായ രേഖകളിലെ സ്വത്ത് നിർവചി ക്കൽ എന്നീ പ്രാദേശിക ഭരണ നിർവ്വഹണത്തിന് അവ ഉപയോഗപ്രദമാണ്.അവ പൊതുരേഖകളാ യതിനാൽ സാധാരണയായി ഇത്തരം ഭൂപടങ്ങൾ സർക്കാർ പരിപാലിക്കുന്നു.



കാഡസ്ട്രെ എന്ന ഫ്രഞ്ചു പദത്തിൽ നിന്നാണ് കാഡസ്ട്രെ എന്ന പദത്തിന്റെ ഉത്ഭവം. അതിന്റെ അർത്ഥം പ്രാദേശിക സ്വത്തിന്റെ രജിസ്റ്റർ എന്നാണ്.

പദ്ധതിരേഖാഭൂപടത്തിന്റെ പ്രാധാന്യം (കാഡസ്ട്രൽ ഭൂപടം)

രേഖകൾ,ചിത്രങ്ങൾ, രേഖാചിത്രങ്ങൾ, പ്ലാനുകൾ, ചാർട്ടുകൾ, ഭൂപടങ്ങൾ എന്നിവയുടെ നിർമ്മാണത്തിലൂടെ കാഡസ്ട്രൽ സർവ്വേകൾ ഭൂവു ടമസ്ഥതയുടെ അതിരുകൾ രേഖപ്പെടുത്തുന്നു. ഭൂമിയുടെ മൂല്യനിർണ്ണയത്തിനും നികുതി ചുമ ത്തുന്നതിനും വിശ്വസനീയ വസ്തുതകൾ ഉറപ്പാ ക്കാനാണ് അവ ആദ്യം ഉപയോഗിച്ചത്.

പദ്ധതി രേഖാ ഭൂപടത്തിന്റെ തോത്

പദ്ധതിരേഖാ ഭൂപടത്തിന്റെ തോതിന്റെ നിരക്ക് സാധാരണയായി 1:500 മുതൽ 1:10,000 വരെ യാണ്. കാഡസ്ട്രൽ വർവ്വേകൾ തയ്യാറാക്കുന്ന വലിയ തോതിലുള്ള ചിത്രങ്ങൾ അല്ലെങ്കിൽ ഭൂപട ങ്ങൾ വളരെ കൃത്യമായി അളവുകൾ കാണിക്കുന്നു. (കെട്ടിടങ്ങൾ,ജലസേചന പദ്ധതികൾ തുടങ്ങിയവ)



കാഡസ്ട്രൽ ഭൂപടം

പ്രവർത്തനം

നിങ്ങളുടെ സ്കൂൾ കെട്ടിടവും പരിസ രവും കാണിക്കുന്ന ഒരു പദ്ധതി രേഖാ ഭൂപടം (കാഡസ്ട്രൽ ഭൂപടം) അദ്ധ്യാപകന്റെ സഹാ യത്തോടെ തയ്യാറാക്കുക.

3.ആശയ ഭൂപടം

ഒരു പ്രദേശത്തെ ഭൗതിക പ്രതിഭാസങ്ങളായ ഉഷ്ണനില വ്യതിയാനം, മഴയുടെ വിതരണം, ജനസാന്ദ്രത എന്നിവ പോലുള്ള ഒരു നിർദ്ദിഷ്ട ആശയത്തെ അല്ലെങ്കിൽ വിഷയത്തെ കേന്ദ്രീ കരിക്കുന്ന ഭൂപടമാണ് ആശയ ഭൂപടം. ജനസാന്ദ്രത രോഗങ്ങളുടെ വ്യാപനം പോലെയുള്ള മനുഷ്യ പ്രശ്നങ്ങളുടെ പ്രത്യേക വ്യതിയാനത്തെ ആശ യഭൂപടങ്ങൾ ഊന്നിപ്പറയുന്നു. പ്രകൃതി സവി ശേഷതകളായ ഭൂഘടന, ഗതാഗതമാർഗ്ഗങ്ങൾ, നദികൾ, മനുഷ്യവാസകേന്ദ്രങ്ങൾ, രാഷ്ട്രീയം, ഭരണ പ്രവിശ്യാ അതിർത്തികൾ എന്നിവ പോലുള്ള പൊതുവായ വിഷയാനുബന്ധ ഭൂപട ങ്ങളിൽനിന്നുംവ്യത്യസ്തമാണ്ആശയഭൂപടങ്ങൾ. പൊതു വിഷയാനുബന്ധ ഭൂപടങ്ങൾ ഏതെങ്കി ലുമൊരു നിർദ്ദിഷ്ട ആശയത്തെ കേന്ദ്രീകരിക്കു ന്നില്ല

VIII Std - Geography Malayalam Chapter 8.indd 162 31-03-2022 17:06:27

ഇന്ത്യ - ഭൂപ്രകൃതി വിഭാഗങ്ങൾ



VIII Std - Geography Malayalam Chapter 8.indd 163 31-03-2022 17:06:28

ആശയ ഭൂപടങ്ങളുടെ തരങ്ങൾ

ആശയഭൂപടങ്ങളെ ഗുണപരമായ ആശയഭൂപടം, അളവുപരമായ ആശയ ഭൂപടം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഗുണപരമായ ഭൂപടത്തിൽ ഒരു പ്രദേശത്തിൽ നിലവിലുള്ള സസ്യങ്ങൾ പോലെ ഒരു വിഷയത്തിന്റെ സാന്നിദ്ധ്യമോ അഭാവമോ പ്രകടിപ്പിക്കുന്നു

മൺതരങ്ങളുടെ വിതരണം കാണിക്കുന്ന ഭൂപടവും ഗുണപരമായ ഭൂപടമാണ്. ഉയരം മീറ്ററിലും താപനില ഡിഗ്രി സെൽഷ്യസിലും രേഖപ്പെടുത്തുന്ന സംഖ്യാമൂല്യങ്ങളുടെ വിവരങ്ങൾ അളവുപരമായ ഭൂപടത്തിൽ പ്രകടിപ്പിക്കുന്നു. ക്ലോറോപ്ലത്ത്, ഐസോപ്ലത്ത്, ഡോട്ട് ഡെൻസിറ്റി മാപ്പ് എന്നിവ അളവുപരമായ ആശയ ഭൂപടത്തിന്റെ തരങ്ങളാണ്.

ക്ലോറോപ്ലത്ത് ഭൂപടം

ജനസാന്ദ്രത അല്ലെങ്കിൽ ആളോഹരി വരുമാനം പോലുള്ളവയുടെ സ്ഥിതിവിവരകണക്കിന്റെ വ്യത്യാസങ്ങളുടെ അളവിന് ആനുപാതികമായി പ്രദേശങ്ങളെ നിഴലിടുന്നതോ തരംതിരിക്കുന്നതോ ആയ ആശയ ഭൂപടങ്ങളാണ് ക്ലോറോപ്ലത്ത് ഭൂപടം



ഐസോലൈൻ ഭൂപടം

പൊതുവായ മൂല്യം പങ്കിടുന്ന വ്യത്യസ്ത സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന രേഖകൾ വരച്ചിട്ടുള്ള ഭൂപടമാണ് ഐസോലൈൻ ഭൂപടങ്ങൾ. ഐസോ എന്ന ഗ്രീക്ക് പദത്തിന് 'തുല്യം' എന്നാണർത്ഥം. ഒരേ അളവിലുള്ള ബിന്ദുക്കളെ യോജിപ്പിക്കുന്ന വരകളാണ് ഐസോലൈൻ. അന്തരീക്ഷ മർദ്ദവിതരണം കാണിക്കുന്ന ഐസോബാർ, താപനില വിതരണം കാണിക്കുന്ന ഐസോതേം എന്നിവ ഐസോലൈൻ ഭൂപടങ്ങൾക്ക് ഉദാഹരണങ്ങളാണ്.



ഡോട്ട് ഡെൻസിറ്റി ഭൂപടം



ഒന്നോ അതിലധികമോ സംഖ്യാവിവരങ്ങളുടെ മൂല്യങ്ങൾ കാണിക്കുന്നതിന് ഡോട്ടുകൾ ഉപയോഗിച്ച് ചിത്രീകരിക്കുന്ന ഒരു തരം ആശയഭൂപടമാണ് ഡോട്ട് ഡെൻസിറ്റി ഭൂപടം. ഇതിലെ ഓരോ ഡോട്ടും കുറച്ചു വിവരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഒരു ഡോട്ട് ഡെൻസിറ്റി ഭൂപടത്തിൽ നിരവധി

VIII Std - Geography Malayalam Chapter 8.indd 164 31-03-2022 17:06:29

ഡോട്ടുകളുള്ള പ്രദേശങ്ങൾ ഉയർന്ന മൂല്യങ്ങളുടെ സാന്ദ്രതയും, കുറച്ചു ഡോട്ടുകൾ കുറഞ്ഞ സാന്ദ്രതയും സൂചിപ്പിക്കുന്നു.

ഭൂപടങ്ങളുടെ ഉപയോഗങ്ങൾ

- വസ്തുക്കളുടെയും സ്ഥലങ്ങളുടെയും സ്ഥാനം കണ്ടെത്താൻ സഹായിക്കുന്നു
- ഗതാഗത മാർഗ്ഗം കണ്ടെത്താൻ സഹായിക്കുന്നു
- തന്ത്രപ്രധാനമായ സ്ഥലങ്ങൾ കാണിക്കുന്ന ഭൂപടങ്ങൾ സൈന്യത്തിന് ഉപയോഗപ്രദമാണ്.
- വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗൈയിഡിനെ സഹായിക്കുന്നു
- വ്യത്യസ്ത പ്രതിഭാസങ്ങളുടെ സ്ഥലവിതരണത്തെക്കുറിച്ച് അറിയുവാൻ സഹായിക്കുന്നു
- അന്തരീക്ഷസ്ഥിതിയെ പ്രദർശിപ്പിക്കുന്നു
- ഭൂമിശാസ്ത്ര പഠനത്തിന് വളരെയധികം സഹായിക്കുന്നു
- യഥാർത്ഥ ലോകത്തെ ചെറിയ തോതിൽ പ്രതിനിധീകരിക്കുന്നു

സംഗ്രഹം

- ഭൂപടന വായന എന്നത് ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന ഭൂമിശാസ്ത്രപരമായ വിവരങ്ങൾ മനസ്സിലാക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്ന പ്രവർത്തനമാണ്
- ഒരു നിർദ്ദിഷ്ട പ്രദേശത്തിനുള്ളിലെ അതിരുകളും ഉടമസ്ഥാവകാശവും കാണിക്കുന്ന ഭൂപടത്തെ കാഡസ്ട്രൽ ഭൂപടം എന്നു പറയുന്നു
- ഒരു നിർദ്ദിഷ്ട ആശയത്തെ അല്ലെങ്കിൽ വിഷയത്തെ കേന്ദ്രീകരിക്കുന്ന ഭൂപടമാണ് ആശയ ഭൂപടം

പദപരിചയം		
Map	ഭൂപടം	ഒരു പരന്ന പ്രതലത്തിൽ നിർദ്ദിഷ്ട തോത് ഉപയോഗിച്ച് വരച്ച ഭൂമിയുടെ മൊത്തത്തിലുള്ള അല്ലെങ്കിൽ ഒരു ഭാഗത്തിന്റെ ദ്വിമാന ചിത്രീകരണമാണ് ഭൂപടം.
Cartography	കാർട്ടോഗ്രഫി	ഭൂപട നിർമ്മാണത്തിന്റെ ശാസ്ത്രവും കലയുമാണ് കാർട്ടോഗ്രഫി
Map Scale	ഭൂപടത്തിന്റെ തോത്	ഭൂമിയിലെ രണ്ട് സ്ഥലങ്ങൾ തമ്മിലുള്ള അകലം ഭൂപടത്തിൽ ചിത്രീകരിക്കാനുപയോഗിക്കുന്ന ആനുപാതിക അകലമാണ് തോത്
Cadastre	'കാഡസ്ട്ര'	പ്രാദേശിക സ്വത്തിന്റെ രജിസ്റ്റർ

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

1. ഭൂപട നിർമ്മാണ പ്രക്രിയയെ കുറിക്കുന്ന വിഷയം _____.
   a) ഡെമോഗ്രാഫി
   b) കാർട്ടോഗ്രാഫി
   c) ഫിസിയോഗ്രാഫി
   d) ടോപോഗ്രഫി
2. ഒരു പ്രദേശത്തിന്റെ ഭൂസ്ഥിതി സവിശേഷതകളെ കാണിക്കുന്ന ഭൂപടം _____ എന്ന് അറിയപ്പെടുന്നു
   a) കഡാസ്ട്രൽ ഭൂപടം b) ഭൂപ്രകൃതി ഭൂപടം
   c) കാലാവസ്ഥ ഭൂപടം d) വിഭവ ഭൂപടം
3. ആഴം കുറഞ്ഞ ജലാശയങ്ങളെ _____ നിറത്തിൽ പ്രതിനിധീകരിക്കുന്നു
   a) മഞ്ഞ b) തവിട്ട്
   c) ഇളംനീല d) കടും നീല
4. പ്ലാനുകൾ എന്നറിയപ്പെടുന്ന ഭൂപടങ്ങൾ
   a) കഡാസ്ട്രൽ ഭൂപടം
   b) ടോപോഗ്രഫിക്കൽ ഭൂപടം
   c) ഐസോലൈൻ ഭൂപടം
   d) ഗതാഗത ഭൂപടം
5. യഥാർത്ഥ ജനസംഖ്യാവിതരണത്തെ പ്രതിനിധാനം ചെയ്യുന്നത് _____ .
   a) രേഖകൾ b) നിഴലുകൾ
   c) ഡോട്ടുകൾ d) നിറങ്ങൾ

II. പൂരിപ്പിക്കുക

1. _____ ന്റെ യഥാർത്ഥ പ്രാതിനിധ്യമാണ് ഗ്ലോബ്
2. പരന്ന പ്രതലത്തിൽ ഗോളാകൃതിയിലുള്ള ഭൂമിയെ പ്രതിനിധീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് _____.

VIII Std - Geography Malayalam Chapter 8.indd 165 31-03-2022 17:06:29

3. തുല്യ ഉയരത്തിലുള്ള ബിന്ദുക്കളെ യോജിപ്പിക്കുന്ന രേഖ _____ ആണ്

4. കാഡസ്ട്രൽ ഭൂപടങ്ങളെ _____ പരിപാലിക്കുന്നു.

5. ഒരു നിർദ്ദിഷ്ട ആശയത്തെ കേന്ദ്രീകരിച്ചിരിക്കുന്ന ഭൂപടം _____

III. ചേരും പടി ചേർക്കുക

a. സൂചിക	-	1.45°
b. വടക്ക് കിഴക്ക്	-	2. തവിട്ടുനിറം
c. കോണ്ടൂർ രേഖ	-	3. ആശയഭൂപടം
d. കഡാസ്ട്രൽ ഭൂപടം	-	4. ഭൂപടത്തിലെ വിവരങ്ങൾ മനസ്സിലാക്കാനുള്ള മാർഗ്ഗം
e. ക്ലോറോപ്ലത്ത്	-	5. നികുതി ചുമത്തൽ

a) 3,5,1,4,2 b) 4,1,2,5,3

c) 2,5,1,3,4 d) 5,2,4,1,3

IV. പ്രസ്താവനയെ കാരണവുമായി ബന്ധപ്പെടുത്തി ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. **പ്രസ്താവന:** ചെറിയ തോതിലുള്ള ഭൂപടങ്ങളിൽ പ്രധാന സവിശേഷതകൾ മാത്രം കാണിക്കുന്നു

   കാരണം: സ്ഥലത്തിന്റെ പരിമിതി കാരണം ഭൂഖണ്ഡങ്ങളും രാജ്യങ്ങളും പോലുള്ള വലിയ പ്രദേശങ്ങൾ കാണിക്കുന്നു

a . പ്രസ്താവന ശരിയാണ്. എന്നാൽ കാരണം തെറ്റ്

b. പ്രസ്താവന തെറ്റും കാരണം ശരിയുമാണ്

ര. പ്രസ്താവനയും കാരണവും ശരിയാണ്

റ. പ്രസ്താവനയും കാരണവും തെറ്റാണ

2. **പ്രസ്താവന:** ഭൂപട വായനയ്ക്കുള്ള ഒരു മാർഗ്ഗമാണ് അംഗീകൃത ചിഹ്നങ്ങളും അടയാളങ്ങളും

   കാരണം: ചിഹ്നങ്ങൾ പരിമിതമായ പ്രദേശത്ത് ധാരാളം വിവരങ്ങൾ നൽകുന്നു

a. പ്രസ്താവനയും കാരണവും ശരിയാണ്

b. പ്രസ്താവന തെറ്റാണ് കാരണം ശരിയാണ്

c. പ്രസ്താവന ശരിയും കാരണം തെറ്റുമാണ്

d. പ്രസ്താവനയും കാരണവും തെറ്റാണ്

V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക

1. 'ഭൂപടത്തിന്റെ തോത്' നിർവചിക്കുക
2. ഭൗതീക ഭൂപടം എന്നാൽ എന്ത്?
3. ഭൂപടപ്രക്ഷേപണം അല്ലെങ്കിൽ മാപ്പ് പ്രോജക്ഷൻ-ചെറുകുറിപ്പെഴുതുക
4. ഉപദിശകളുടെ പേരുകൾ എഴുതുക
5. കാഡസ്ട്രൽ ഭൂപടത്തിന്റെ ഉപയോഗങ്ങൾ എന്തെല്ലാം?

VI. വേർതിരിച്ചെഴുതുക

1. ഭൂപ്രകൃതിഭൂപടം, ആശയഭൂപടം
2. ചെറിയതോതിലുള്ള ഭൂപടം, വലിയതോതിലുള്ള ഭൂപടം
3. ഭൂഗോളം, ഭൂപടം

VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

1. തോതിന്റെ തരങ്ങളെക്കുറിച്ച് വിവരിക്കുക
2.. കാഡസ്ട്രൽ ഭൂപടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുക
3. അംഗീകൃത അടയാളങ്ങളെയും ചിഹ്നങ്ങളെയും കുറിച്ചെഴുതുക

VIII. വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ



a) ഭൂപടത്തിന്റെ തലക്കെട്ട് അടിവരയിടുക

b) കോമ്പസ് റോസിൽ വടക്ക്, തെക്ക്,കിഴക്ക് പടിഞ്ഞാറ് എന്നിവ എഴുതുക

c) റെയിൽപ്പാത തെക്കുപടിഞ്ഞാറ് നിന്നും _____ ലേയ്ക്കു പോകുന്നു.

d) തീവണ്ടിപ്പാതയുടെ ഏതു ദിക്കിലാണ് പാർക്ക് സ്ഥിതി ചെയ്യുന്നു.

e) വിദ്യാലയത്തിന് ചുവപ്പു നിറം കൊടുക്കുക.

f) സൂപ്പർ മാർക്കറ്റിന് തവിട്ടു നിറം കൊടുക്കുക.

g) റെസ്റ്റോറന്റിന് മഞ്ഞനിറം കൊടുക്കുക.

h) റെയിൽപ്പാതയ്ക്ക് കിഴക്കുള്ള വീടിന് ഓറഞ്ച് നിറം കൊടുക്കുക.

REFERENCE BOOKS

1. T.P. Kanetkar and S.V.Kulkarni , *Surveying and leveling Part-I,* AVG Ptakashan –Poona-2.
2. GRP Lawrence, *Cartographic methods,* Methuen and Co- Ltd. 1971.
3. *Ministry of Information and Broadcasting Govt of India,* Refrence Annual -1976.

VIII Std - Geography Malayalam Chapter 8.indd 166 31-03-2022 17:06:29

ICT CORNER

ഭൂപട വായന

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾക്ക് ഭൂപടനൈപുണ്യം നേടാൻ സാധിക്കും.



ഘട്ടം – 1 ബ്രൗസർ തുറന്ന് തന്നിരിക്കുന്ന URL ലിങ്ക് ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ QR Code സ്കാൻ ചെയ്യുക.

ഘട്ടം – 2 "Map skills" ക്ലിക്ക് ചെയ്ത് ഏതെങ്കിലും ഒരു ശീർഷകം തെരഞ്ഞെടുക്കുക (ഉദാ:തോത്).

ഘട്ടം – 3 ഭൂപടതോതിനെക്കുറിച്ചറിയാൻ അടുത്ത ബട്ടൺ ക്ലിക്ക് ചെയ്യുക.



ഘട്ടം – 1



ഘട്ടം – 2



ഘട്ടംഭ – 3

Web URL: http://www.ordnancesurvey.co.uk/mapzone

***Pictures are indicatives only.**

***If browser requires, allow Flash Player or Java Script to load the pag**

VIII Std - Geography Malayalam Chapter 8.indd 167 31-03-2022 17:06:29

പൗരധർമ്മം

യൂണിറ്റ് - 1

സംസ്ഥാന ഗവൺമെൻറിൻെറ പ്രവർത്തനരീതി



പഠന ലക്ഷ്യങ്ങൾ

കുട്ടികൾ നേടുന്ന അറിവ്

- സംസ്ഥാന പ്രതിനിധികൾ.
- ഗവർണറുടെ അധികാരങ്ങളും പ്രവർത്തനങ്ങളും.
- മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും.
- നിയമസഭയും സമിതിയും.
- സംസ്ഥാന നീതിന്യായം.

PJEDC

ആമുഖം

നമ്മുടെ രാജ്യത്തിൽ രണ്ട് തരത്തിലുള്ള ഗവൺമെൻറുകൾഉണ്ട്. സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും. നമ്മുടെ രാജ്യത്തിൽ 28 സംസ്ഥാന ഗവൺമെൻറുകൾ ഉണ്ട്. ഓരോ സംസ്ഥാന ഗവൺമെൻറിനും തനതായ ഭരണ രീതി ഉണ്ട്. സംസ്ഥാന ഗവൺമെൻറുകൾക്ക് സ്വന്തം പ്രതിനിധികളും നിയമസഭാ സമാജികരും നീതിന്യായവും ഉണ്ട്. സംസ്ഥാന പ്രതിനിധികളിൽ ഗവർണറും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മന്ത്രിസഭ അംഗങ്ങളും ഉണ്ട്. സംസ്ഥാന നിയമസഭയുടെ ഒരു അഭിവാജ്യഘടകമാണ് ഗവർണർ.

സംസ്ഥാന പ്രതിനിധി

ഗവർണർ

സംസ്ഥാന ഗവൺമെൻറിൻെറ നാമമാത്ര ഭരണനിർവ്വാഹകൻ ഗവർണർ ആണ്. ഇന്ത്യൻ രാഷ്ട്രപതിയാണ് അദ്ദേഹത്തെ നിയമിക്കുന്നത. അദ്ദേഹമാണ് നിയമ സഭാ അധ്യക്ഷൻ. അദ്ദേഹത്തിൻെറ ഭരണ കാലാവധി 5 വർഷമാണ്. ഗവർണറുടെ കാലാവധി കഴിയുന്നതിനു മുൻപ് അദ്ദേഹത്തെ ഔദ്യോഗിക പദവിയിൽ നിന്നും മാറ്റാനുള്ള അധികാരം രാഷ്ട്രപതിക്ക് ഉണ്ട്. ഗവർണറിന് സ്വന്തം പദവിയിൽനിന്ന് സ്വമേധയാ രാജിവെക്കുന്നതാണ്. അദ്ദേഹത്തിൻെറ പദവി കാലം നീട്ടാവുന്നതും മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റാവുന്നതുമാണ്. എന്നിരുന്നാലും സംസ്ഥാന ഗവൺമെൻറിന് അദ്ദേഹത്തെ പദവിയിലിരുന്ന് മാറ്റാൻ സാധ്യമല്ല. 35 വയസ്സ് പൂർത്തിയായ ഒരു ഇന്ത്യൻ പൗരൻ ആയിരിക്കണം ഗവർണർ. ഗവർണർ കേന്ദ്ര ഗവൺമെൻറിൻേറയോ സംസ്ഥാന ഗവൺമെൻറിൻേറെയോ അംഗം ആയിരിക്കരുത്. ഒരു സ്ഥാപനത്തിൻേറെയോ പുരോഗതിയെ പിടിച്ചു വയ്ക്കരുത്.

T8UVI

നിങ്ങൾക്ക് അറിയാമോ?

കേന്ദ്ര മന്ത്രി സഭയുടെ ഉപദേശപ്രകാരം രാഷ്ട്രപതി ഗവർണറെ നിയമിക്കുന്നു. സംസ്ഥാന ഗവൺമെൻറിൻെറ കൂടിയാലോചന പ്രകാരം അദ്ദേഹത്തിൻെറ നിയമനം ശരിവയ്ക്കുന്നു. പൊതുവെ ഒരു വ്യക്തി സ്വന്തം സംസ്ഥാനത്ത് ഗവർണറായി നിയമിതനാകുന്നില്ല.

VIII Std - Civics Malayalam Chapter 1.indd 168 06/04/2024 16:23:43

അധികാരങ്ങളും പ്രവർത്തനങ്ങളും

- ഗവർണർ സംസ്ഥാനത്തിലെ ഒരു മുഖ്യ പ്രതിനിധി ആണ്. സംസ്ഥാനത്തിൻറെ മുഖ്യ അധികാരങ്ങളും തീരുമാനങ്ങളും അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. അദ്ദേഹം മുഖ്യമന്ത്രിയെയും മന്ത്രിസഭാംഗങ്ങളേയും നിയമിക്കുന്നു.
- സംസ്ഥാനങ്ങളിലെ അഡ്വക്കേറ്റ് ജനറൽ, ചെയർമാൻ, സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ, തുടങ്ങിയ മുഖ്യ നിയമനങ്ങൾ അദ്ദേഹത്താൽ നടത്തപ്പെടുന്നു.
- ഗവർണറുടെ ഉപദേശപ്രകാരം 356 വകുപ്പ് പ്രസിഡൻറ് സംസ്ഥാനങ്ങളുടെമേൽ ഏർപ്പെടുത്തുന്നു. സംസ്ഥാന സർവകലാശാലകളുടെ ചാൻസലറായി ഗവർണർ പ്രവർത്തിക്കുന്നു.
- നിയമസഭാ സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിനും നിയമസഭയെ പിരിച്ചുവിടുന്നതിനും അദ്ദേഹത്തിന് അധികാരമുണ്ട്.
- നിയമസഭയിൽ ധനപരമായ ബില്ലുകൾ ഗവർണറുടെ അനുമതിയോടുകൂടി മാത്രമേ അവതരിപ്പിക്കാവൂ.
- നിയമസഭാ സമ്മേളനം നടക്കാത്ത അവസരങ്ങളിലും ഗവർണർക്ക് ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരമുണ്ട്.
- ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽ നിന്ന് ഒരു അംഗത്തെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ഗവർണർക്ക് ഉണ്ട്. പ്രതിനിധി നിയമസഭാ അംഗമായിരിക്കരുത്. ശാസ്ത്രം, സാഹിത്യം, കല, സാമൂഹ്യ സേവനം, സഹകരണ പ്രസ്ഥാനം, എന്നീ നിലകളിൽ പ്രഗൽഭരായ വ്യക്തികളിൽ 1/6 ഭാഗം പ്രതിനിധികളെ നിയമസഭാ സമിതിയിലേക്ക് ഗവർണർക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
- ഗവർണറുടെ അനുമതിയോടുകൂടി മാത്രമേ സംസ്ഥാന ഗവൺമെൻറിൻറെ വാർഷിക വരവുചെലവുകൾ നിയമസഭയിൽ അവതരിപ്പിക്കാവൂ. പണസംബന്ധമായ എല്ലാവിധ ബില്ലുകളും ഗവർണറുടെ അനുമതിയോടുകൂടി മാത്രമേ പാസാക്കാവൂ. അടിയന്തരഘട്ടങ്ങളിൽ സംസ്ഥാനങ്ങളിൽ ധന പരമായ കാര്യങ്ങളിൽ ഗവർണർക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ഗവർണ്ണറുടെ സ്ഥാനം

തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായ ഇന്ത്യൻ രാഷ്ട്രപതിക്ക് തുല്യമായ ഒരു സ്ഥാനമാണ് സംസ്ഥാന ഗവർണർക്ക് ഉള്ളത്. എന്നാൽ ഗവർണർ എല്ലായ്പോഴും ഒരു തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ആയിരിക്കണമെന്നില്ല. ചില സാഹചര്യങ്ങളിൽ അദ്ദേഹത്തിന് യാഥാർഥ്യബോധത്തോടു കൂടി തൻറെ അധികാരം വിനിയോഗിക്കാവുന്നതാണ്. കേന്ദ്ര ഗവൺമെൻറിൻറെ സംസ്ഥാന പ്രതിനിധിയായി ഗവർണർ പ്രവർത്തിക്കുന്നു. കേന്ദ്ര ഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും ഇടയിൽ നല്ല ബന്ധം നിലനിർത്തേണ്ടത് ഗവർണറുടെ ഉത്തരവാദിത്വമാണ്. പ്രയാസമേറിയ സാഹചര്യങ്ങൾ അഭിമുഖീകരിക്കുമ്പോൾ മന്ത്രിസഭാംഗങ്ങൾക്ക് ഗവർണർ ഉപദേശം നൽകേണ്ടതാണ്. ഗവർണറുടെ സംസ്ഥാനങ്ങളിലെ ക്രമസമാധാനനിലയെ കുറിച്ചുള്ള റിപ്പോർട്ട് അടിസ്ഥാനത്തിൽ രാഷ്ട്രപതിക്ക് സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാം. ഗവർണർ വിവേചനാധികാരം ഉപയോഗിച്ച് കൊണ്ട് സ്വതന്ത്രമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നു. മന്ത്രിസഭാംഗങ്ങളിൽ നിന്ന് ഗവൺമെൻറിൻറെ വ്യത്യസ്ത പരമായ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാം.

മുഖ്യമന്ത്രി



നിയമസഭാ കക്ഷി നേതാവിന് മുഖ്യമന്ത്രിയായി അവരോധിക്കുന്നു. സംസ്ഥാനത്തെ മന്ത്രി സഭ സമിതിയുടെ തലവനാണ് അദ്ദേഹം. ഇദ്ദേഹത്തിന് ഒരു കുറിപ്പിട്ട പദവി കാലം ഇല്ല. നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയോടു കൂടി മാത്രമേ പദവിയിൽ തുടരാൻ സാധിക്കുകയുള്ളൂ. നിയമസഭയിൽ ഭൂരിപക്ഷം നഷ്ടമാകുമ്പോൾ അദ്ദേഹം രാജി വെക്കേണ്ടതാണ്. മുഖ്യമന്ത്രിയുടെ രാജി എന്നത് സംസ്ഥാനത്തെ മുഴുവൻ മന്ത്രിസഭാംഗങ്ങളുടെയും രാജി ആണ്.

സംസ്ഥാന നിയമസഭയിലെ ഒരു അംഗമായിരിക്കണം മുഖ്യമന്ത്രി. സംസ്ഥാന നിയമസഭ പ്രതിനിധി അല്ലാത്തപക്ഷം മുഖ്യമന്ത്രി ആറുമാസ കാലാവധിക്കുള്ളിൽ നിയമസഭാ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടേണ്ടതാണ്.

അധികാരങ്ങളും പ്രവർത്തനങ്ങളും

- സംസ്ഥാനത്തിലെ ഭരണനിർവ്വാഹകൻ മുഖ്യമന്ത്രിയാകുന്നു. അദ്ദേഹത്തിൻറെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ തീരുമാനങ്ങളും എടുക്കപ്പെടുന്നു.
- മന്ത്രിസഭാംഗങ്ങളുടെ രൂപീകരണത്തിന് മുഖ്യമന്ത്രിയുടെ പങ്ക് വിലയേറിയതാണ്. മുഖ്യമന്ത്രിയുടെ ഉപദേശ പ്രകാരം മറ്റ് മന്ത്രിമാരെ ഗവർണർ നിയമിക്കുന്നു.

VIII Std - Civics Malayalam Chapter 1.indd 169 06/04/2024 16:23:43

- മുഖ്യമന്ത്രി മന്ത്രിമാരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും ഉപദേശം നൽകുകയും ചെയ്യുന്നു. മന്ത്രിമാരുടെ വ്യത്യസ്ത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു.

- സംസ്ഥാന ഗവൺമെൻറിൻറെ നയങ്ങൾക്ക് മുഖ്യമന്ത്രി പ്രധാന പങ്ക് വഹിക്കുന്നു. ഈ നയങ്ങൾ പൊതുജന താൽപര്യത്തിന് എതിരല്ലെന്ന് അദ്ദേഹം ഉറപ്പു വരുത്തണം. സംസ്ഥാന ഗവൺമെൻറിൻറെ നയരൂപീകരണത്തിൽ അദ്ദേഹത്തിൻറെ തീരുമാനം അന്തിമമായിരിക്കും.

- സംസ്ഥാന ഗവൺമെൻറിൻറെ ഉന്നത അധികാരികളെ നിയമിക്കുന്നതിൽ അദ്ദേഹത്തിൻറെ പങ്ക് വളരെ പ്രധാനമാണ്. സംസ്ഥാനത്തെ മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും ഉപദേശിക്കുന്നതിന് അധികാരികളെ ഗവർണർ നിയമിക്കുന്നു.

നിയമനിർമ്മാണസഭ

ഇന്ത്യയിലെ സംസ്ഥാന നിയമസഭ എന്നത് ഗവർണറും ഒന്നോ രണ്ടോ സഭകളും അടങ്ങിയതാണ്. മേൽ സഭ എന്നത് നിയമനിർമ്മാണ സമിതിയും കീഴ് സഭ എന്നത് നിയമനിർമാണ സഭയും ആകുന്നു.



നിയമനിർമ്മാണ സമിതി

നിയമ നിർമാണ സമിതിയുടെ മൊത്തം അംഗങ്ങളുടെ എണ്ണത്തിൽ നാൽപതിൽ കുറയാതെയും 1/3-ൽ കൂടാതെയും സംസ്ഥാന നിയമസഭ അംഗങ്ങളുടെ എണ്ണം ഉണ്ടായിരിക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നു. നിയമനിർമ്മാണ സമിതിയിലെ അംഗങ്ങളെ പരോക്ഷമായി തെരഞ്ഞെടുക്കുന്നു.

1/3-ൽ അംഗങ്ങളെ പ്രാദേശിക ഗവൺമെൻറ് സ്ഥാപനങ്ങളായ ജില്ലാ പഞ്ചായത്ത് നഗരസഭയും ചേർന്ന് തെരഞ്ഞെടുക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

ഇപ്പോൾ ഇന്ത്യയിൽ 6 സംസ്ഥാനങ്ങളിൽ നിയമനിർമ്മാണ സമിതി ഉണ്ട്. അവ ബീഹാർ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, കർണാടക, ജമ്മു കാശ്മീർ, ആന്ധ്ര പ്രദേശ്, തെലുങ്കാന

മറ്റ് 1/3 അംഗങ്ങളെ നിയമസഭ അംഗങ്ങളാൽ തെരഞ്ഞെടുക്കുന്നു. 1/12 അംഗങ്ങളെ ബിരുദധാരികളാൽ തിരഞ്ഞെടുക്കപ്പെടുന്നു.

മറ്റ് 1/12 അംഗങ്ങളെ സെക്കൻഡറി വിദ്യാലയം ആദ്യം കോളേജുകൾ സർവകലാശാലകൾ എന്നിവിടങ്ങളിൽ അധ്യാപകർ തെരഞ്ഞെടുക്കപ്പെടുന്നു.

നിയമസഭാ സമിതിയുടെ 1/6 അംഗങ്ങളെ സംസ്ഥാനത്തിലെ ഗവർണറാൽൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നു.

നിയമസഭാ സമിതി എന്നത് ഒരു സ്ഥിര സഭയാണ്. ഓരോ രണ്ടു വർഷങ്ങളിലും 1/3 അംഗങ്ങൾ വിരമിക്കുന്നു.ഒഴിവുള്ള സ്ഥലങ്ങളിലേക്ക് തിരഞ്ഞെടുപ്പ് മൂലം ആളുകളെ നികത്തുന്നതാണ്. അംഗങ്ങളെ ആറുവർഷത്തെ കാലങ്ങളിലേക്ക് തിരഞ്ഞെടുക്കുന്നത്. നിയമസഭാ സമിതിയുടെ അംഗങ്ങൾ നിർബന്ധമായും ഇന്ത്യൻ പൗരനായും 30 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. നിയമനിർമാണസഭയിലോ പാർലമെൻറ് സഭകളിലോ അവർക്ക് അംഗങ്ങളാകാൻ സാധിക്കുകയില്ല. നിയമസഭാ സമിതിയുടെ അധ്യക്ഷനായ ഉദ്യോഗസ്ഥൻ ചെയർമാനാകുന്നു. അസാന്നിധ്യത്തിൽ ഡെപ്യൂട്ടി ചെയർമാൻ യോഗത്തിൻറെ അധ്യക്ഷനായിരിക്കും. പാർലമെൻറ് സഭയിലെ അംഗങ്ങളുടെ ഇടയിൽ നിന്ന് ഇവരെ തിരഞ്ഞെടുക്കുന്നു.

നിയമനിർമ്മാണസഭ

സംസ്ഥാന ഗവൺമെൻറിൻറെ നിയമങ്ങൾ നിർമ്മിക്കുന്ന ആളുകളെ നിയമ സഭയുടെ അംഗങ്ങൾ (M.L.A) എന്ന് വിളിക്കുന്നു. വ്യത്യസ്തനിയമസഭാ മണ്ഡലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് M.L.A മാർ. സംസ്ഥാനത്തെ പല നിയമസഭാനിയോജക മണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു. ഈ മണ്ഡലങ്ങളെ നിയമസഭാമണ്ഡലങ്ങൾ എന്ന് പറയുന്നു. ഈ നിയമസഭാമണ്ഡലങ്ങളിൽ ഒരു ലക്ഷമോ അതിൽ കൂടുതലോ ആളുകൾ ഉണ്ടായിരിക്കുന്നതാണ്. ഓരോ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും ഓരോ M.L.A വീതം നിയമസഭയിലേക്ക് തിരഞ്ഞെടുക്കുന്നു.

VIII Std - Civics Malayalam Chapter 1.indd 170 06/04/2024 16:23:44

നിയമസഭാ തിരഞ്ഞെടുപ്പ്

വ്യത്യസ്ത രാഷ്ട്രീയപാർട്ടികൾ നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് മത്സരിക്കുന്നു. ഓരോ നിയോജക മണ്ഡലങ്ങളിൽ നിന്നും കക്ഷികൾ അവരുടെ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്നു. തിരഞ്ഞെടുപ്പിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ ജനങ്ങളോട് വോട്ട് അഭ്യർത്ഥന നടത്തുന്നു. നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് ഒരു വ്യക്തിക്ക് മത്സരിക്കാനുള്ള പ്രായപരിധി 25 വയസ്സ് ആകുന്നു. ഒരേ സമയത്ത് ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ നിയോജകമണ്ഡലങ്ങളിൽ മത്സരിക്കാവുന്നതാണ്. ഒരു കക്ഷിയിലും ഉൾപ്പെടാത്ത വ്യക്തികൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതാണ്. ഇങ്ങനെയുള്ള സ്ഥാനാർഥികളെ സ്വതന്ത്ര സ്ഥാനാർഥികൾ എന്ന് പറയുന്നു. ഓരോ കക്ഷിക്കും അവരുടേതായ സ്വന്തം ചിഹ്നങ്ങൾ ഉണ്ട്. സ്വതന്ത്ര സ്ഥാനാർഥികൾക്കും തിരഞ്ഞെടുപ്പിൽ ചിഹ്നം നൽകിയിട്ടുണ്ട്. ജനങ്ങളാൽ നിയമസഭാ അംഗങ്ങളെ നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നു. (M.L.A) നിയമസഭാ നിയോജക മണ്ഡലങ്ങളിൽ വസിക്കുന്ന 18 വയസ്സ് പൂർത്തിയായ എല്ലാ പൗരന്മാർക്കും നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാവുന്നതാണ്.

ഭരണഘടന അനുസരിച്ച് ഒരു നിയമസഭയിൽ 500 അംഗങ്ങളിൽ കവിയാതെ യും 60 അംഗങ്ങളിൽ കുറയാതെയും ഉണ്ടായിരിക്കേണ്ടതാണ്. പട്ടിക ജാതി പട്ടിക വർഗ്ഗക്കാരായി (SCST) നിയമസഭയിൽ കുറച്ചു സീറ്റ് സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ആംഗ്ലോഇന്ത്യൻ സമുദായത്തിൽ നിന്ന് ഗവർണർക്ക് ഒരു അംഗത്തെ നാമനിർദേശം ചെയ്യാവുന്നതാണ്. നിയമസഭാ അംഗങ്ങളെ 5 വർഷ കാലയളവിലേക്കാണ് തിരഞ്ഞെടുക്കുന്നത്. അത് കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് ഗവർണർക്ക് നിയമസഭ പിരിച്ചു വിടാനും പുതിയ തിരഞ്ഞെടുപ്പ് ആഹ്വാനം ചെയ്യാനും കഴിയും. നിയമസഭ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന സ്പീക്കർ നിയമസഭാ യോഗങ്ങളുടെ അധ്യക്ഷനാണ്. അദ്ദേഹത്തിൻറെ അസാന്നിധ്യത്തിൽ ഡെപ്യൂട്ടി സ്പീക്കർ യോഗത്തിൽ അധ്യക്ഷനായിരിക്കും.

സംസ്ഥാന മന്ത്രിസഭാ സമിതി

ഭൂരിപക്ഷകക്ഷിയുടെ നേതാവിന് മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെടുന്നു. തമിഴ് നാട്ടിൽ 234 നിയമസഭാ നിയോജക മണ്ഡലങ്ങൾ ഉണ്ട്. 118 ലോ അതിൽകൂടുതലോ തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർഥികളുടെ കക്ഷിയെ ഗവൺമെൻറ് രൂപീകരണത്തിന് ഗവർണർ ക്ഷണിക്കുന്നു. മുഖ്യമന്ത്രി തൻെറ കക്ഷിയിലെ M.L.A മാരിൽ നിന്നും മന്ത്രിസഭാ അംഗങ്ങളെ തിരഞ്ഞെടുക്കപ്പെടുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മറ്റ് വിഭാഗങ്ങളിലുള്ള മന്ത്രിമാർ അടങ്ങിയതാണ് സംസ്ഥാന ഗവൺമെൻറ്. അതുകൊണ്ടാണ് തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടുന്ന കക്ഷിയെ ഗവൺമെൻറ് രൂപീകരണത്തിന് ക്ഷണിക്കുന്നത്.

സംസ്ഥാന ഗവൺമെൻറിൻറെ ജോലികൾ.

നിയമസഭ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം M.L.A മാർ നിയമസഭാ സമ്മേളനങ്ങളിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്. ഒരു വർഷത്തിൽ നിയമസഭ യോഗം രണ്ടോ മൂന്നോ പ്രാവശ്യം നടക്കുന്നു. സംസ്ഥാനത്തിനു വേണ്ടിയുള്ള നിയമനിർമാണമാണ് നിയമ സഭയുടെ പ്രധാന ഉത്തരവാദിത്വം. സംസ്ഥാന പട്ടികയിലും സംയുക്ത പട്ടികയിലും ഉള്ള വിഷയങ്ങളെക്കുറിച്ച് നിയമനിർമാണം നടത്തേണ്ടതാണ്. സംസ്ഥാനം നേരിടുന്ന അടിയന്തരഘട്ടങ്ങളിൽ നിയമനിർമാണ അധികാരം പ്രായോഗികമല്ല.

സംസ്ഥാന മന്ത്രിസഭാ സമിതിയുടെ മേൽ നിയമസഭയ്ക്ക് നിയന്ത്രണമുണ്ട്. നിയമസഭയിലും അതിൻെറ പ്രവർത്തനങ്ങളിലും മറുപടി പറയുക എന്നുള്ളത് സംസ്ഥാന മന്ത്രിസഭയുടെ ഉത്തരവാദിത്വമാണ്. നിയമസഭാസമിതിയിലെ മന്ത്രിമാരുടെ പ്രവർത്തനങ്ങളിൽ അസംതൃപ്തി ഏർപ്പെടുന്ന പക്ഷം മന്ത്രിസഭാസമിതിയുടെ മേൽ അവിശ്വാസപ്രമേയം ഏർപ്പെടുത്താവുന്നതാണ്. സംസ്ഥാനത്തിൻറെ ധന കാര്യത്തിൽ നിയമസഭയ്ക്ക് നിയന്ത്രണമുണ്ട്. നിയമസഭയിൽ മാത്രമേ ധനകാര്യ ബിൽ അവതരിപ്പിക്കാൻ കഴിയൂ. നിയമസഭയുടെ അനുമതിയില്ലാതെ ഗവൺമെൻറ് യാതൊരുവിധ നികുതിയും വർദ്ധിപ്പിക്കുവാനോ പിൻവലിക്കാനോ അടിച്ചേൽപ്പിക്കുവാനോ സാധ്യമല്ല. സംസ്ഥാനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളും സംസ്ഥാനങ്ങളിൽ നിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും ചേർന്ന് ഇന്ത്യൻ രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നു. നിയമ നിർമ്മാണം, നിയമ നടത്തിപ്പ്, നീതിഉറപ്പാക്കൽ, എന്നീമൂന്ന് ഘടകങ്ങൾ ഗവൺമെൻറിൻെറ ഉത്തരവാദിത്വമാണ്.

സംസ്ഥാന ഗവൺമെൻറിൽ നിയമ നിർമാണം എങ്ങനെ നടത്താം?

നമ്മുടെ രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും വേണ്ടി വിവിധ തരത്തിലുള്ള ബന്ധങ്ങളും നിയമങ്ങളും ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി ലൈസൻസ് ഇല്ലാതെ ഒരു വ്യക്തിക്ക് തോക്ക് കൈവശം വയ്ക്കാൻ പാടില്ല എന്ന് ഒരു നിയമമുണ്ട്. പെൺകുട്ടികൾക്ക് 18 വയസ് പൂർത്തിയാകുന്നതിന് മുൻപോ ആൺകുട്ടികൾക്ക് 21 വയസ്സ് പൂർത്തിയാകുന്നതിനു മുൻപോ വിവാഹം അനുവദനീയമല്ല. ഈ നിയമങ്ങൾ അതേപടി നടത്തപ്പെടുന്നില്ല. ജനങ്ങൾ തെരഞ്ഞെടുക്കുന്ന അവരുടെ ഗവൺമെൻറ് ഇത്തരത്തിലുള്ള നിയമനിർമാണം ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള ധാരാളം നിയമങ്ങൾ സംസ്ഥാന ഗവൺമെൻറിനാലും കേന്ദ്ര ഗവൺമെൻറിനാലും എടുക്കപ്പെട്ടിട്ടുണ്ട്.

VIII Std - Civics Malayalam Chapter 1.indd 171 06/04/2024 16:23:44



നിയമസഭാ യോഗങ്ങളിൽ സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങളും വിദ്യാഭ്യാസം, പൊതു ജോലി, നിയമ നടത്തിപ്പ് തുടങ്ങിയ വിഷയങ്ങളെകുറിച്ചും M.L.A മാർ ചർച്ചചെയ്യപ്പെടുന്നു. മന്ത്രിമാരുടെ പ്രവർത്തനങ്ങളെ കുറിച്ച് അറിയാൻ M.L.A മാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് സംബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയേണ്ടതാണ്.നിയമസഭാ ഒരു കുറിപ്പിട്ട വിഷയത്തെക്കുറിച്ച് നിയമനിർമ്മാണം നടത്തുന്നു. നിയമനിർമാണ പ്രക്രിയയെ താഴെ കൊടുത്തിരിക്കുന്നു.

സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ

ഇന്ത്യയിൽ സ്ത്രീകളുടെ മുന്നേറ്റത്തിനും പുരോഗതിക്കും വേണ്ടി വിവിധ സാമൂഹിക പ്രസ്ഥാനങ്ങൾ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി പുരുഷന്മാർക്ക് തുല്യമായി സ്ത്രീകളെയും നിയമപരമായി അംഗീകരിക്കുന്ന വിധത്തിൽ നിരവധി നിയമങ്ങൾ നിർമ്മിച്ചു വരികയാണ്. സ്ത്രീകൾക്ക് നിയമപരമായ ഏതെങ്കിലും അവകാശം നിഷേധിക്കപ്പെടുമ്പോൾ, അവർക്ക് കോടതിയിൽ കേസ് ഫയൽ ചെയ്യാം. അതിനാൽ സ്ത്രീകളുടെ അവകാശങ്ങളിൽ നിയമനിർമാണത്തിന്റെ പങ്ക് വളരെ പ്രാധാന്യ മേറിയതാണ്.

ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ നിയമങ്ങൾ സ്ത്രീകൾക്കുള്ള അവകാശങ്ങളും സംരക്ഷണവും നൽകുന്നു. ഭർത്താവ് മരിച്ച ഉടനെ ഭാര്യ ചിതയിൽ ചാടി മരിക്കുന്ന സതി എന്ന ദുരാചാരം സതി നിർത്തലാക്കൽ നിയമം 1829 പ്രകാരവും, ശൈശവ വിവാഹ നിരോധന നിയമം (ശാരദാ നിയമം) 1929 പ്രകാരം ശൈശവ വിവാഹവും നിയമപരമായി നിരോധിച്ചിരിക്കുന്നു. വിധവാപുനർവിവാഹ നിയമം 1856 പ്രകാരം ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീകൾക്ക് പുനർവിവാഹം ചെയ്യാൻ നിയമപരമായി അനുവാദം നൽകി.

1956 ലെ ഹിന്ദു പിന്തുടർച്ചാവകാശനിയമം, മാതാപിതാക്കളുടെ സ്വത്തിൽ പെൺമക്കൾക്ക് സ്വത്തവകാശം ഉറപ്പാക്കി. എങ്കിലും ഈ നിയമം നിലവിൽ വന്നപ്പോൾ കൂട്ടുകുടുംബ സ്വത്തിൽ സ്ത്രീ അവകാശികൾക്ക് അവകാശം ഉറപ്പാക്കിയിരുന്നില്ല. ഇത് സ്ത്രീധനം എന്ന മാരകാവസ്ഥ തുടരുന്നതിനും സ്ത്രീകൾ വൻതോതിൽ ഇരയാക്കപ്പെടുന്നതിന് കാരണമാ വുകയും ചെയ്തിരുന്നു.

ഇത് കണക്കിലെടുത്ത്, കൂട്ടുകുടുംബ സ്വത്തിൽ സ്ത്രീകൾക്ക് സ്വത്തവകാശം നൽകുന്നതിനായി 1956 ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ തമിഴ്നാട് നിയമസഭയിൽ 1989ൽ അവതരിപ്പിച്ച് പാസാക്കി. ഈ നിയമഭേദഗതി ഹിന്ദു പിന്തുടർച്ചാവകാശ (തമിഴ്നാട് നിയമ

VIII Std - Civics Malayalam Chapter 1.indd 172 06/04/2024 16:23:44



ഭേദഗതി) നിയമം 1989 എന്ന പേരിൽ അറിയപ്പെടുന്നു. ഇതുമൂലം തമിഴ്നാട്ടിലെ ഹിന്ദു കൂട്ടുകുടുംബ സ്വത്തിൽ സ്ത്രീകൾക്കും തുല്യ അവകാശം ലഭിക്കുന്നതിന് നിയമം വഴി വ്യവസ്ഥ ചെയ്യപ്പെട്ടു.



സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിലും തമിഴ്നാട് സജീവമായി പ്രവർത്തിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് 1989ൽ അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. കലൈജ്ഞർ മു.കരുണാനിധി കൊണ്ടുവന്ന നിയമ ഭേദഗതി. തുടർന്ന് ദേശീയതലത്തിൽ ഇത്തരം ഒരു ഭേദഗതി നടപ്പിലാക്കിയത് 2005ൽ ആണ് എന്നതും ശ്രദ്ധേയമാണ്.

1. **ഉച്ചഭക്ഷണ പദ്ധതി**
2. **ആത്മാഭിമാന വിവാഹ നിയമം**
3. **കൈറിക്ഷാവണ്ടി നിർത്തലാക്കൽ പദ്ധതി**
4. **പോഷകാഹാര പദ്ധതി**
5. **കണ്ണൊളി കാപ്പോം (നേത്ര ചികിത്സ) പദ്ധതി**
6. **സൗജന്യ സൈക്കിൾ പദ്ധതി**
7. **പുതുമൈപ്പെൺ (വനിതാ ശാക്തീകരണം) പദ്ധതി**

തുടങ്ങിയ തമിഴ്നാട് സർക്കാറിന്റെ പദ്ധതികളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും ഇന്റർനെറ്റിൽ നിന്നും വാർത്തകൾ സമാഹരിച്ച് ക്ലാസ്മുറിയിൽ ചർച്ച ചെയ്യുക.

നിയമ നടത്തിപ്പ്

സംസ്ഥാന മന്ത്രിസഭാ സമിതിയുടെ ജോലിയാണ് നിയമ നടത്തിപ്പ്. തമിഴ്നാടിന്റെ നിയമസഭാ ആസ്ഥാനം ചെന്നൈ ആകുന്നു. സംസ്ഥാന നിയമ സഭയുടെ ആസ്ഥാനവും മന്ത്രിസഭാസമിതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നതുമായ സ്ഥലമാണ് സംസ്ഥാനത്തിൻറെ തലസ്ഥാനം.

VIII Std - Civics Malayalam Chapter 1.indd 173 06/04/2024 16:23:47

സംസ്ഥാന നിയമസഭയാൽ അംഗീകരിക്കപ്പെട്ട നിയമങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെൻറ് ധാരാളം സർക്കാർ ജീവനക്കാരെ ഏർപ്പെടുത്തിയിട്ടുണ്ട്. കളക്ടർമാർ, തഹസിൽദാർമാർ, BDO, റവന്യൂ ഉദ്യോഗസ്ഥർ, VAO, പോലീസ്, അധ്യാപകർ, ഡോക്ടർമാർ തുടങ്ങിയവർ സംസ്ഥാന ഗവൺമെൻറിനാൽ എല്ലാവർക്കും ശമ്പളം നൽകപ്പെടുന്നു. എല്ലാവരും സംസ്ഥാന ഗവൺമെൻറിൻെറ നിയമങ്ങൾ പിന്തുടരണം.

നിങ്ങൾക്ക് അറിയാമോ?

ധനബില്ലോ സാധാരണ ബില്ലോ പാർലമെൻറിൽ പാസാക്കുന്നത് പോലെ സംസ്ഥാന നിയമസഭയിലും ഇതേ രീതിയിൽ തുടരുന്നു. സംസ്ഥാനത്തെ കീഴ്സഭക്ക് നിയമസഭ, മേൽസഭ എന്നറിയപ്പെടുന്ന നിയമനിർമ്മാണ സമിതിയെക്കാൾ കൂടുതൽ അധികാരങ്ങൾ ഉണ്ട്.

സംസ്ഥാന നീതിന്യായം

ഹൈക്കോടതി

സംസ്ഥാനത്തിൻറെ നീതിന്യായ വ്യവസ്ഥയിൽ ഹൈക്കോടതി ഉയർന്ന സ്ഥാനത്ത് നിലകൊള്ളുന്നു. ഓരോ സംസ്ഥാനത്തും ഓരോ ഉന്നത കോടതി ഉണ്ടായിരിക്കണമെന്ന് ഭരണ ഘടന അനുശാസിക്കുന്നു. രണ്ടോ അതിൽ കൂടുതലോ സംസ്ഥാനങ്ങൾക്കും യൂണിയൻ പ്രദേശങ്ങൾക്കും കൂടി പൊതുവായി ഒരു ഉന്നത കോടതി ഉണ്ടായിരിക്കാം. ഹൈക്കോടതിയിൽ ഒരു മുഖ്യ ന്യായാധിപനും മറ്റ് ന്യായാധിപന്മാരും ഉണ്ട്. ഇവരെ രാഷ്ട്രപതി സമയാസമയങ്ങളിൽ ആവശ്യാനുസരണം നിയമിക്കപ്പെടുന്നു. ഹൈക്കോടതികളിലെ ന്യായാധിപന്മാരുടെ എണ്ണം ഒരേ പോലെയോ സ്ഥിരമോ അല്ല. സുപ്രീം കോടതി മുഖ്യന്യായാധിപനൻറെയും സംസ്ഥാന ഗവർണറുടെയും ആലോചന പ്രകാരം രാഷ്ട്രപതി ഹൈക്കോടതികളിൽ മുഖ്യ ന്യായാധിപന്മാരെ നിയമിക്കുന്നു.

ഹൈക്കോടതികളിലെ ന്യായാധിപന്മാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ

- അദ്ദേഹം ഒരു ഇന്ത്യൻ പൗരനായിരിക്കണം.
- ഇന്ത്യൻ പ്രവിശ്യകളിലെ നീതിന്യായ കാര്യാലയത്തിൽ കുറഞ്ഞത് 10 വർഷമെങ്കിലും സേവന പരിചയം ആവശ്യം.
- ഒന്നോ അതിൽ കൂടുതലോ ഹൈക്കോടതികളിൽ കുറഞ്ഞത് പത്തു വർഷമെങ്കിലും അനുഭവം ഉണ്ടായിരിക്കണം.
- ഹൈക്കോടതികളിലെ ന്യായാധിപന്മാർക്ക് 62 വയസ്സ് തികയുന്നതുവരെ സേവനം അനുഷ്ഠിക്കാം. പെരുമാറ്റദൂഷ്യമോ കഴിവില്ലായ്മയോ ഉണ്ടെങ്കിൽ മാത്രമേ ഹൈക്കോടതികളിലെ ജഡ്ജിമാരെ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിന് സുപ്രീം കോടതി ന്യായാധിപന് അധികാരം ഉണ്ട്.

ഹൈക്കോടതികളിലെ അധികാരങ്ങളും പ്രവർത്തനങ്ങളും

- ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊബിവിഷൻ, സെർറിയോറാറി, കാവാറൺടോ തുടങ്ങിയ അടിസ്ഥാന അവകാശങ്ങളും മറ്റു ലക്ഷ്യങ്ങളും നേടുന്നതിന് റിട്ടുകൾ പരിഗണിക്കാൻ ഹൈക്കോടതിക്ക് അധികാരമുണ്ട്.
- സൈനിക കോടതിയും ട്രിബൂണലിനും ഒഴികെ ഈ കോടതിയുടെ മേൽ നിയമ സംഹിത ഏർപ്പെടുത്താനുള്ള അധികാരം ഓരോ ഹൈക്കോടതിക്കും ഉണ്ട്.
- കീഴ് കോടതികളിൽ പരിഗണിക്കാത്ത കേസുകൾ ഭരണഘടന നിയമങ്ങൾക്ക് അനുസരിച്ച് ഹൈക്കോടതിക്ക് തൃപ്തികരമെങ്കിൽ അത് പരിഗണനക്ക് എടുക്കാം.
- സംസ്ഥാനങ്ങളിലെ എല്ലാ കീഴ് കോടതികളെയും ഹൈക്കോടതി നിയന്ത്രിക്കുന്നു.
- സുപ്രീംകോടതിയെ പോലെ ഹൈക്കോടതിയും കോർട്ട് ഓഫ് റെക്കോർഡ് ആയി പ്രവർത്തിക്കുന്നു.

നീതിന്യായ ഭരണ നിർവ്വഹണത്തിന് വേണ്ടി ഓരോ സംസ്ഥാനവും ധാരാളം ജില്ലകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ ജുഡീഷ്യറിയും ഒരു ജില്ലാ ജഡ്ജിയുടെ കീഴിലാണ്. ജില്ലാ കോടതിയിലെ ജഡ്ജിമാരെ ഗവർണർ നിയമിക്കുന്നു. മേൽസൂചിപ്പിച്ച അധികാരങ്ങളുടെ നടത്തിപ്പിന് ഉന്നത കോടതിയുടെ പൂർണ്ണ അധികാരവും സ്വാതന്ത്ര്യവും ഉണ്ട്. സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ പ്രവർത്തനത്തിന് ഭരണഘടനയുടെ സംരക്ഷകൻ എന്ന നിലയിൽ കോടതി പ്രവർത്തിക്കുന്നു.

VIII Std - Civics Malayalam Chapter 1.indd 174 06/04/2024 16:23:47

ജനങ്ങളുടെ ക്ഷേമം ആഗ്രഹിക്കുന്ന ഗവൺമെന്റുകൾ, അവരുടെ പൗരന്മാരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി നിയമങ്ങൾ നിർമ്മിക്കുകയും വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു. നിയമങ്ങളും പദ്ധതികളും തമ്മിലുള്ള വ്യത്യാസങ്ങൾ കാണാം.

നിയമങ്ങൾ

1. സംസ്ഥാനങ്ങളുടെ കാര്യമെടുത്താൽ, നിയമസഭയിലെ ഭൂരിപക്ഷ അംഗങ്ങളുടെ പിന്തുണയോടെ പാസാക്കപ്പെടുന്ന കരട് നിയമം, ഗവർണറുടെ ഒപ്പോടെ നിയമമാകും. നിയമനിർമ്മാണ സഭയിൽ അവതരിപ്പിക്കുമ്പോൾ കരട് നിയമങ്ങൾ ചർച്ച ചെയ്യപ്പെടുന്നു. ചർച്ചകളുടെ ഫലമായി കരട് നിയമത്തിൽ ഭേദഗതികൾ വരുത്തിയേക്കും. ഭൂരിഭാഗം അംഗങ്ങളും കരട് നിയമത്തിന് വോട്ട് ചെയ്താൽ അത് നിയമമാകും.
2. ജനാധിപത്യരീതി നടപ്പിലാക്കപ്പെടുന്ന രാജ്യങ്ങളിൽ ഏതു നിയമവും, നിയമസഭയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യപ്പെടുകയും ഭൂരിപക്ഷത്തോടെ പാസാക്കപ്പെടുകയും വേണം എന്നതാണ് രീതി.
3. നിയമസഭകളിൽ പാസാക്കപ്പെടുന്ന നിയമങ്ങളുടെ പ്രയോജനം ലഭിക്കാതെ വരുമ്പോൾ, കോടതികളിൽ കേസ് ഫയൽ ചെയ്ത് പ്രതിവിധി നേടാൻ സാധിക്കും.

പദ്ധതികൾ

1. പദ്ധതികൾ എന്നത് ഗവൺമെന്റ് കാലാകാലങ്ങളിൽ എടുക്കുന്ന പ്രമേയപ്രകാരം എല്ലാവിധ ജന വിഭാഗങ്ങൾക്കുമോ അല്ലെങ്കിൽ കുറിപ്പിട്ട ഒരു ചില വിഭാഗങ്ങൾക്കോ പ്രയോജന പ്പെടുന്ന വിധത്തിൽ രൂപകൽപ്പന ചെയ്യപ്പെടുന്നവയാണ്. ഹ്രസ്വകാല ലക്ഷ്യത്തിലും ദീർഘകാല ലക്ഷ്യത്തിലും ഈ പദ്ധതികൾ രൂപകല്പന ചെയ്യപ്പെടാം. എല്ലാവർഷവും നിയമസഭ പാസാക്കുന്ന സാമ്പത്തിക വകയിരുത്തലുകളിൽ ഈ പദ്ധതികൾക്ക് വേണ്ടിയുള്ള പദ്ധതിതുക വകയിരുത്തുന്നു.
2. ഭരിക്കുന്ന സർക്കാരുകൾ കാലാകാലങ്ങളിൽ മന്ത്രിസഭാ പ്രമേയങ്ങളിലൂടെ പുതിയ പദ്ധതികൾ അവതരിപ്പിക്കുന്നു.
3. പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾ മൂലം അപേക്ഷ നൽകണം.

പദപരിചയം

Constituency	the body of voters who elect a representative for their area	നിയോജകമണ്ഡലം
Jurisdiction	power or authority to interpret and apply the law	അധികാര പരിധി
Legislature	an organized body having the authority to make laws for a political unit	നിയമസഭ
Promulgate	announce widely known	പ്രകടനം
Prorogues	to suspend or end a legislative session	മാറ്റിവെക്കുക

പാഠസംഗ്രഹം

- നമ്മുടെ രാജ്യത്ത് 28 സംസ്ഥാനങ്ങൾ ഉണ്ട്. ഓരോ സംസ്ഥാനങ്ങളിലും ഭരണ നിർവഹണത്തിനായി ഒരു ഗവൺമെൻറ് ഉണ്ട്.
- സംസ്ഥാനങ്ങളുടെ തലവനായി ഇന്ത്യൻ ഭരണഘടന ഗവർണർമാരെ നിയമിക്കുന്നു.
- സംസ്ഥാനങ്ങളിലെ മുഖ്യ അധികാരികളുടെ നിയമനത്തിൽ മുഖ്യമന്ത്രിയുടെ പങ്ക് വിലയേറിയതാണ്.
- സംസ്ഥാനങ്ങളിലെ നിയമ നിർമ്മാണം ഏർപ്പെടുത്തുന്നവരെ MLAമാർ എന്നു പറയുന്നു.
- സംസ്ഥാനത്തിന്റെ നീതിന്യായ വ്യവസ്ഥയിൽ ഹൈക്കോടതി ഉന്നതസ്ഥാനത്ത് നിലകൊള്ളുന്നു. ഭരണഘടനാ നിയമപ്രകാരം ഓരോ സംസ്ഥാനത്തിനും ഒരു ഉന്നത കോടതി വേണം.

VIII Std - Civics Malayalam Chapter 1.indd 175 06/04/2024 16:23:47

മൂല്യനിർണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. സംസ്ഥാന ഗവർണറെ നിയമിക്കുന്നത്?
   a) രാഷ്ട്രപതി
   b) വൈസ് പ്രസിഡൻറ്
   c) പ്രധാനമന്ത്രി
   d) മുഖ്യമന്ത്രി

2. സംസ്ഥാന മന്ത്രിസഭാ സമിതിയുടെ തലവൻ?
   a) ഗവർണർ b) മുഖ്യമന്ത്രി
   c) സ്പീക്കർ d) ആഭ്യന്തരമന്ത്രി

3. നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടാനും മാറ്റിവയ്ക്കാനും ആർക്ക് കഴിയും?
   a) ആഭ്യന്തരമന്ത്രി b) പ്രസിഡൻറ്
   c) സ്പീക്കർ d) ഗവർണർ

4. ഹൈക്കോടതി ജഡ്ജി നിയമനത്തിൽ പങ്ക് വഹിക്കാത്തവർ?
   a) ഗവർണർ
   b) മുഖ്യമന്ത്രി
   c) ഹൈക്കോടതി ഉന്നത ജഡ്ജി
   d) പ്രസിഡൻറ്

5. ഹൈക്കോടതി ജഡ്ജിയുടെ വിരമിക്കൽ പ്രായം?
   a) 62 b) 64
   c) 65 d) 58

II. വിട്ട ഭാഗം പൂരിപ്പിക്കുക.

1. ഇന്ത്യയിൽ ഇപ്പോൾ..... സംസ്ഥാനങ്ങൾ ഉണ്ട് ?
2. സാധാരണയായി ഗവർണറുടെ പദവി കാലം..... വർഷമാകുന്നു
3. ജില്ലാ ജഡ്ജിമാരെ.....ൽനിയമിക്കപ്പെടുന്നു.
4. ഗവർണർ..... ഭരണതലവനാകുന്നു.
5. തെരഞ്ഞെടുപ്പിലേക്ക് മത്സരിക്കേണ്ട MLA മാരുടെ കുറഞ്ഞ പ്രായപരിധി..... വർഷമാകുന്നു.

III. യോജിപ്പിക്കുക.

1.	ഗവർണർ	കീഴ് സഭ
2.	മുഖ്യമന്ത്രി	നാമനിർദ്ദേശ തലവൻ
3.	നിയമസഭ	മേൽസഭ
4.	നിയമ സമിതി	യഥാർത്ഥ തലവൻ

IV. ശരിയോ തെറ്റോ.

1. സംസ്ഥാനത്തിൻറെ മുഖ്യ ഭരണാധികാരി മന്ത്രി ആകുന്നു.
2. ആംഗ്ലോഇന്ത്യൻ സമുദായത്തിൽ നിന്നും നിയമസഭയിലേക്ക് രണ്ട് അംഗങ്ങളെ ഗവർണർ നാമനിർദ്ദേശം ചെയ്യുന്നു.
3. ഹൈക്കോടതിയിലെ ന്യായാധിപന്മാരുടെ എണ്ണത്തിൽ ക്രമമോ, സ്ഥിരതയോ ഇല്ല.

V. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

1. നിയമസഭാ പങ്കെടുക്കുന്ന തിരഞ്ഞെടുപ്പ്.
   I. പ്രസിഡൻറ്
   II. വൈസ് പ്രസിഡൻറ്
   III. രാജ്യസഭാ അംഗങ്ങൾ
   IV. സംസ്ഥാനത്തെ നിയമസഭാ സമിതി അംഗങ്ങൾ
   a) i, ii & iii ശരി
   b) i & iii ശരി
   c) i, iii & iv ശരി
   d) i, ii, iii & iv ശരി

VI. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.

1. സംസ്ഥാന നിയമസഭയുടെ 2 സഭകൾ ഏതെല്ലാം ?
2. നിയമസഭ അംഗങ്ങളുടെ യോഗ്യതകളെ കുറിച്ച് എഴുതുക?
3. മുഖ്യമന്ത്രിയുടെ നിയമനം എപ്രകാരമാണ്?
4. മന്ത്രിസഭാ രൂപീകരണം എങ്ങനെയാണ്?

VII. വിശദമായി ഉത്തരമെഴുതുക.

1. മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുക.

VIII Std - Civics Malayalam Chapter 1.indd 176 06/04/2024 16:23:47

2. നിയമസഭയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുക.
3. ഹൈക്കോടതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും എഴുതുക.

VIII. പ്രൊജക്ടും അനുബന്ധ പ്രവർത്തനങ്ങളും.

1. തമിഴ്നാട് മുഖ്യമന്ത്രിയുടെയും ഗവർണറുടെയും മന്ത്രിമാരുടെയും അയൽ സംസ്ഥാനത്തെ മന്ത്രിമാരുടെയും ഗവർണറുടെയും മുഖ്യമന്ത്രിമാരുടെയും പേരുകൾ നൽകുക.
2. തമിഴ് നാട്ടിലെ മന്ത്രിമാരുടെ പേരുകളും അവരുടെ വകുപ്പുകളും പട്ടികയിലാക്കുക

REFERENCE BOOKS

- The Constitution of India, Government of India, Ministry of Law and Justice, 2011
- Om Prakash Aggarawala, S.K. Aiyar The Constitution of India, Metropolitan Book Company Ltd., Delhi 1950

INTERNET RESOURCES

- www.tnrajbhavan.gov.in/
- www.tn.gov.in/
- indiancourts.nic.in/

ICT കോർണർ

സംസ്ഥാന ഗവൺമെൻറിന്റെ ജോലികൾ എങ്ങിനെ

ഈ പ്രവർത്തനങ്ങൾ വഴി കുട്ടികൾക്ക് ഇന്ത്യൻ പാർലമെൻറിനെ കുറിച്ച് ദൃശ്യമായ കാഴ്ചപ്പാട് ലഭിക്കുന്നു.



പടികൾ

- ലോക സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് തന്നിട്ടുള്ള URL പതിവ് ചെയ്യുകയും QR Code സ്കാൻ ചെയ്യുകയും ചെയ്യുക. പാർലമെൻറ് & സിറ്റിംഗ് അംഗങ്ങളിൽനിന്ന് അംഗങ്ങളെ തിരഞ്ഞെടുക്കുക.
- ഇന്ത്യ ഭരിക്കുന്ന വ്യത്യസ്ത മതവിഭാഗങ്ങളുടെ മന്ത്രിമാരുടെ അംഗങ്ങളെ അറിയാൻ പേജിൻെറ മധ്യഭാഗത്ത് സ്ക്രോൾ ചെയ്യുക.
- കേന്ദ്ര ഗവൺമെൻറിൻെറ വ്യത്യസ്ഥ കക്ഷികളുടെ അംഗസംഖ്യ അറിയാൻ പൈ ചാർട്ട് നോക്കുക.
- പാർലിമെൻറ് ഘടന അറിയാൻ പേജിൻെറ താഴെ വിഭാഗത്തിൽനിന്ന് ദൃശ്യ സഞ്ചാരം ക്ലിക്ക് ചെയ്യുക.

Website URL:

https://indiancitizenshiponline.nic.in/Home.aspx

VIII Std - Civics Malayalam Chapter 1.indd 177 06/04/2024 16:23:47

യൂണിറ്റ് - 2

പൗരന്മാരും പൗരത്വവും



പഠന ലക്ഷ്യങ്ങൾ

കുട്ടികൾ നേടുന്ന അറിവ്

- പൗരൻ, പൗരത്വം - അർത്ഥം, നിർവചനം.
- ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥകൾ.
- ഇന്ത്യൻ പൗരത്വത്തിന്റെ സ്വീകാര്യതയും കാലാവധിയും.
- ഇന്ത്യൻ പൗരത്വം വിദേശ പ്രകൃതം
- പൗരന്റെ അവകാശങ്ങളും ഉത്തരവാദിത്വവും.

EVGMY

ആമുഖം

ഗവൺമെൻറിനെ കുറിച്ചുള്ള പഠനമാണ് പൗരധർമ്മം'CIVICS' എന്ന ലാറ്റിൻ പദത്തിൽ നിന്ന് 'Citizen' എന്ന പദം ഉണ്ടായി. 'Civics' എന്ന വാക്കിന്റെ അർത്ഥം പുരാതന റോമാ സംസ്ഥാനത്തിന്റെ നഗരത്തിൽ വസിക്കുന്ന എന്നാണ് അർത്ഥം. ഈ നഗര സമ്പ്രദായം അപ്രത്യക്ഷമായതിനുശേഷം സംസ്ഥാനത്തിലെ ഒരു അംഗത്തെ വേർതിരിക്കാൻ അത് ഉപയോഗിച്ചു. നഗരത്തിലെ പൗരന്മാർ തങ്ങളുടെ രാഷ്ട്രീയവും പൗരത്വവുമായ അവകാശങ്ങൾ നേടുന്നു.

പൗരനും പൗരധർമ്മവും

രാജ്യത്തിലെ ഒരു വ്യക്തിയാണ് പൗരൻ. സംസ്ഥാനങ്ങളാൽ അനുവദനീയമായ എല്ലാ നിയമപരമായ അവകാശങ്ങളും നേട്ടങ്ങളും അനുഭവിക്കുന്നു. നിയമങ്ങൾക്ക് വിധേയമായി തന്റെ കടമകൾ നിർവഹിക്കുന്നു.

പൗരന് നൽകപ്പെട്ടിട്ടുള്ള ഒരു അന്തസ്സാണ് പൗരത്വം. പൗരന് അവൻ ആഗ്രഹിക്കുന്ന വിധത്തിൽ നമ്മുടെ രാജ്യത്ത് നിയമപരമായി ജീവിക്കാനുള്ള അവകാശം അനുവദിക്കുന്നു.

പൗരന്റെ തരങ്ങൾ

പൗരന്മാർ രണ്ട് തരത്തിലുണ്ട്. സ്വാഭാവിക പൗരനും. പൗരത്വം സ്വീകരിച്ച പൗരനും.

1 സ്വാഭാവിക പൗരന്മാർ: ജന്മനാൽ പൗരത്വം നേടിയവർ.

2 പൗരത്വം സ്വീകരിച്ച പൗരൻ: ഒരു രാജ്യത്ത് പൗരത്വം നേടിയവർ.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യൻ പൗരത്വനിയമം 1955 ഈ നിയമം അനുശാസിക്കുന്നത് ഇന്ത്യൻ പൗരത്വത്തിന് സ്വീകാര്യതയും കാലാവധിയും ആണ്.

ഇന്ത്യൻ പൗരത്വത്തിന്റെ സ്വീകാര്യത

1955-ൽ ഇന്ത്യൻ പൗരത്വ നിയമം അനുസരിച്ച് 5 തരത്തിൽ ഇന്ത്യൻ പൗരത്വം നേടാം. അവ ജന്മനാൽ, രേഖാമൂലം, പൗരത്വ സ്വീകരണം മൂലം, പ്രാദേശിക മാറ്റം, പ്രവിശ്യാ സംയോജനം

1) ജന്മനാൽ

HKGAP

- 1950 ജനുവരി 26 നോ അതിനുശേഷമോ 1987 ജൂലായ് ഒന്നിനു മുൻപോ ഇന്ത്യയിൽ പിറന്ന ഒരു വ്യക്തി അവരുടെ രക്ഷിതാക്കളുടെ ദേശീയത നോക്കാതെ അവരെ ജന്മനാൽ ഇന്ത്യൻ പൗരന്മാരായി കരുതാം.

VIII Std - Civics Malayalam Chapter 2.indd 178 02/04/2024 18:02:50

- 1987 ജൂലായ് ഒന്നിനോ അതിനുശേഷമോ ഇന്ത്യയിൽ ജനിച്ച ഒരു വ്യക്തി ഇന്ത്യൻ പൗരനായി കണക്കാക്കണമെങ്കിൽ മാതാപിതാക്കൾ ഇന്ത്യൻ പൗരത്വമുള്ളവരായിരിക്കണം.
- 2004 ഡിസംബർ മൂന്നോ അതിനുശേഷമോ ഇന്ത്യയിൽ ജനിച്ച വ്യക്തികൾ പൗരന്മാരായി കണക്കാക്കണമെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്ക് ഇന്ത്യൻ പൗരത്വം ഉണ്ടായിരിക്കുകയും മറ്റേ ആൾക്ക് നിയമവിരുദ്ധമല്ലാത്ത കുടിയേറ്റക്കാരനും ആയിരിക്കണം.

2) പ്രാദേശിക മാറ്റത്താൽ

- 1950 ജനുവരി 26 നോ അതിനുശേഷമോ, 1992 ഡിസംബർ 10 ന് മുൻപ് ഇന്ത്യയ്ക്ക് പുറത്ത് പിറന്ന ഒരു വ്യക്തിയുടെ പിതാവിന്റെ പൗരത്വം അവന്റെ ജനനസമയത്ത് ഇന്ത്യ ആയിരിക്കുകയും ആണെങ്കിൽ പ്രാദേശിക മാറ്റം മൂലം ഇന്ത്യൻ പൗരത്വം സ്വീകരിക്കാം.
- 1992 ഡിസംബർ 10 നോ അതിനുശേഷമോ ഒരു വ്യക്തി ഇന്ത്യയ്ക്ക് പുറത്ത് ജനിച്ച ഇന്ത്യൻ പൗരനായി പരിഗണിക്കണമെങ്കിൽ അവന്റെ ജനനസമയത്ത് മാതാപിതാക്കളിൽ ഒരാൾ ഇന്ത്യൻ പൗരൻ ആയിരിക്കണം.
- 2004 ഡിസംബർ 3 മുതൽ ഇന്ത്യയുടെ പുറത്ത് ജനിച്ച ഒരു വ്യക്തി പ്രാദേശിക മാറ്റത്താൽ ഇന്ത്യൻ പൗരനായി കണക്കാക്കപ്പെടുന്നില്ല. അല്ലാത്തപക്ഷം അവന്റെ ജനനം ഒരു വർഷത്തിനുള്ളിൽ ഇന്ത്യൻ കോൺസുലേറ്റിൽ രേഖപ്പെടുത്തണം.

3) രേഖാമൂലം.

- അഭിവാജ്യ ഇന്ത്യയുടെ പുറത്തോ മറ്റേതെങ്കിലും നാടുകളിലോ സാധാരണ താമസമാക്കിയ ഇന്ത്യൻ ജന്മദേശമുള്ള ഒരു വ്യക്തിക്ക് രേഖാമൂലം പൗരത്വം നേടാം.
- ഏഴ് വർഷമായി ഇന്ത്യയിൽ താമസമാക്കിയ ഒരു വ്യക്തിക്ക് രേഖാമൂലം പൗരത്വം നേടാൻ അപേക്ഷ സമർപ്പിക്കാം.
- ഒരു ഇന്ത്യൻ പൗരനെ വിവാഹം കഴിക്കുന്ന ഒരു വ്യക്തി ഇന്ത്യയിൽ ഒരു വർഷം താമസം ആക്കിയാൽ രേഖാമൂലം പൗരത്വം സ്വീകരിക്കുന്നതിനുള്ള അപേക്ഷ നൽകാവുന്നതാണ്.

4) പൗരത്വ സ്വീകരണം മൂലം

- ഏതൊരു വ്യക്തിക്കും പൗരത്വ സ്വീകരണ സാക്ഷി പത്രം അനുവദിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന് അപേക്ഷ നൽകണം.
- ഒരു രാജ്യത്തിലും പൗരൻ അല്ലാതെ ആയിരിക്കുകയും മറ്റ് തടസ്സങ്ങൾ ഉണ്ടെങ്കിലും ഈ രീതിയിൽ ഇന്ത്യൻ പൗരത്വം നൽകാം.
- ഏതൊരു രാജ്യത്തിലെ പൗരനും ആ രാജ്യത്തിന്റെ പൗരത്വം അവകാശപ്പെടാം.
- 12 വർഷക്കാലം ഇന്ത്യൻ ഗവൺമെന്റിൽ സേവനമനുഷ്ഠിക്കുകയോ താസിക്കുകയോ ചെയ്ത ഒരു വ്യക്തിക്ക് പൗരത്വ സ്വീകരണം മൂലം പൗരത്വം സ്വീകരിക്കാം.
- നല്ല സ്വാഭാവവും വ്യക്തമായ ഭാഷാപരിജ്ഞാനവും മുഖ്യമായി ഭരണഘടന വിഭാജന ചെയ്ത ഇംഗ്ലീഷ് ഭാഷയിൽ പ്രാഗൽഭ്യം ഉള്ള ഒരാൾക്ക് പൗരത്വാവകാശം പ്രകാരം പൗരത്വം നേടാം.

5) പ്രവശ്യാ സംയോജനം

ഏതെങ്കിലും വിദേശ പ്രദേശം ഇന്ത്യയുടെ ഭാഗമായി തീരണമെങ്കിൽ ആ പ്രദേശത്ത് ജീവിക്കുന്ന ജനങ്ങൾ ഇന്ത്യൻ പൗരന്മാരായി തീരും. ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ച നാൾമുതൽ ആ പ്രദേശവാസികൾ ഇന്ത്യൻ പൗരന്മാരായി തീരും. ഉദാഹരണമായി പോണ്ടിച്ചേരി ഇന്ത്യയുടെ ഭാഗമായി തീർന്നപ്പോൾ ഇന്ത്യാ ഗവൺമെന്റ് 1962 ൽ പൗരാവകാശ നിയമം പുറപ്പെടുവിച്ചു.

ഇന്ത്യൻ പൗരത്വം നഷ്ടപ്പെടൽ

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 2 പ്രകാരം മൂന്ന് വഴികളിൽ കൂടി പൗരത്വം നഷ്ടമാകുന്നു.

(article 511) **നിരസിക്കൽ:** വോളണ്ടറി ആക്ട് volantary act ഒരു വ്യക്തി മറ്റൊരു രാജ്യത്തിന്റെ പൗരത്വം ആർജിക്കുമ്പോൾ ഇന്ത്യൻ പൗരത്വം നഷ്ടപ്പെടാം.

നീക്കം ചെയ്യൽ : (നിയമനടപടി സ്വീകരിക്കൽ) ഒരു ഇന്ത്യൻ പൗരൻ മറ്റൊരു രാജ്യത്തിന്റെ പൗരത്വം സ്വമേധയാ ആർജ്ജിക്കുമ്പോൾ അവനോ അവൾക്കോ ഇന്ത്യൻ പൗരത്വം നഷ്ടമാകാം.

നിർബന്ധിത നീക്കം ചെയ്യൽ : ഒരു വ്യക്തി ഭരണഘടനാവിരുദ്ധമായ കാര്യങ്ങളായ വഞ്ചന, തെറ്റായ പ്രചാരണം എന്നീ കുറ്റങ്ങളിൽ പങ്കാളികളായ പൗരൻമാർക്ക് ഇന്ത്യൻ ഗവൺമെന്റ് കുറ്റത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നഷ്ടമാകുന്നു.



ദേശീയതയും പൗരത്വവും

സാംസ്കാരികവും പൈതൃകവുമായ അടിസ്ഥാനപരമായ ഒരു കുറിപ്പിട്ട ദേശത്തിന്റെ ഉത്ഭവം അടിസ്ഥാനത്തിൽ കണക്കാക്കുന്ന അന്തസ്സ്സാണ് ദേശീയത. ഒരു വ്യക്തിയുടെ ദേശീയത മാറ്റാൻ സാധ്യമല്ല. ഒരു വ്യക്തിക്ക് ഒരു രാജ്യത്തിന്റെ പൗരത്വം സ്വീകരിക്കണമെങ്കിൽ ആ രാജ്യത്തിന്റെ നിയമപരമായ കാര്യങ്ങൾ ആ വ്യക്തി പൂർത്തീകരിക്കുമ്പോൾ പൗരത്വം നേടാവുന്നതാണ്. പൗരത്വം മാറ്റാവുന്നതാണ്.

VIII Std - Civics Malayalam Chapter 2.indd 179 02/04/2024 18:02:50

ഏക പൗരത്വം

ഇന്ത്യൻ പൗരത്വമെന്ന ഏക പൗരത്വം മാത്രമാണ് നമ്മുടെ ഇന്ത്യൻ ഭരണഘടന നൽകുന്നത്. യു എസ് എ(USA), സ്വിസർലാൻഡ് തുടങ്ങിയ സംസ്ഥാനങ്ങൾ ഇരട്ടപൗരത്വം നൽകുന്നു. (ദേശീയ പൗരത്വവും സംസ്ഥാന പൗരത്വവും) ഇന്ത്യയിൽ പിറന്നതോ സ്ഥിരതാമസമാക്കിയതോ ആയ എല്ലാ പൗരന്മാർക്കും രാഷ്ട്രീയവും സിവിൽ അവകാശങ്ങളും ഒരേപോലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവിക്കാം.



നമ്മുടെ രാജ്യത്തിലെ പ്രഥമപൗരൻ രാഷ്ട്രപതി ആകുന്നു.

ഇന്ത്യയുടെ വിദേശ പൗരത്വം



പൗരന്റെ അവകാശങ്ങളും കടമകളും

നമ്മുടെ ഭരണഘടന ഇന്ത്യൻ പൗരന്മാർക്ക് താഴെപ്പറയുന്ന അവകാശങ്ങൾ ഉറപ്പുവരുത്തുന്നു.

- അടിസ്ഥാന അവകാശങ്ങൾ.
- ലോക്സഭ, നിയമസഭ തെരഞ്ഞെടുപ്പിലേക്ക് വോട്ട് രേഖപ്പെടുത്താനുള്ള അവകാശം.
- പൊതു സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള അവകാശങ്ങൾ.
- ലോകസഭ നിയമസഭ അംഗങ്ങളായി തീരാനുള്ള അവകാശം.

നമ്മുടെ ഭരണഘടനയുടെ നാൽപ്പത്തിരണ്ടാം ഭേദഗതി അനുസരിച്ച് എല്ലാ ഇന്ത്യൻ പൗരൻമാർക്കും വേണ്ടി അടിസ്ഥാന ചുമതലകൾ ഏർപ്പെടുത്തിയിട്ടുണ്ട്. (ഉദാഹരണമായി സത്യസന്ധമായി നികുതി അടയ്ക്കൽ, അവകാശങ്ങൾക്ക് ബഹുമാനം കൊടുക്കൽ, മറ്റുള്ളവരുടെ വിശ്വാസങ്ങളും അഭിപ്രായങ്ങളും, രാജ പ്രതിരോധം, സംസ്ഥാന പ്രാദേശിക നിയമങ്ങൾ അനുസരണം, ബഹുമാനം തുടങ്ങിയവ) ഒരു രാജ്യത്തിന്റെ ദേശീയത അല്ലാത്തതിനെ കുറിക്കുവാൻ ഏലിയൻ, എമിഗ്രന്റ് എന്നീ രണ്ട് പദങ്ങൾ ഉണ്ട്.

ഏലിയൻ എന്നത് ഒരു രാജ്യത്തിന്റെ പൗരത്വമോ ദേശീയതയോ ഇല്ലാത്തവർ(ഉദാഹരണം വിനോദസഞ്ചാരികൾ, വിദേശ കുട്ടികൾ) എമിഗ്രന്റ് എന്നത് ഒരു കുറിപ്പിട്ട രാജ്യത്ത് സ്ഥിരമായി താമസിച്ചു കൊണ്ട് യാതൊരുവിധ നിയന്ത്രണവും കൂടാതെ ജോലി ചെയ്യുവാനുള്ള അനുവാദം.

ഒരു നല്ല പൗരന്റെ ഗുണങ്ങൾ

- ഭരണഘടനയോടുള്ള സത്യസന്ധത.
- നിയമങ്ങൾ അനുസരിക്കൽ.
- സമൂഹത്തിനും സമുദായത്തിനും സേവനം ചെയ്യുന്നതിനുള്ള കടമ.
- നീതിയും സത്യസന്ധതയും.
- നാനാത്വത്തെ ബഹുമാനിക്കൽ.

ആഗോള പൗരത്വം

ഒരു കുറിപ്പിട്ട ദേശത്തെ പൗരനെപോലെ ആകുന്നതിന് പുറമേ ലോകോത്തര സമുദായത്തിന്റെ ഒരു ഭാഗമായി ജീവിക്കുവാനുള്ള ഓരോരുത്തരുടെയും തടസ്സമില്ലാത്ത അവസ്ഥയാണ് ആഗോള പൗരത്വ ബന്ധമെന്നത്.



VIII Std - Civics Malayalam Chapter 2.indd 180 02/04/2024 18:02:51



വിദേശ ഇന്ത്യക്കാരുടെ ദിനം

ഇന്ത്യാ ഗവൺമെൻറിൻെറ വിദേശമന്ത്രാലയത്താൽ പ്രവാസി ഭാരതീയർക്ക് വേണ്ടി രണ്ടു വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന ആഘോഷം. ഇന്ത്യയുടെ പുരോഗതിയിൽ പ്രവാസി ഭാരതീയരുടെ സംഭാവന കുറുപ്പിടത്തക്കതാണ്. മഹാത്മ ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്ക് വന്ന ജനുവരി 9 ആണ് ദിനമായി ആചരിക്കുന്നത്.

ഉപസംഹാരം

ഇന്ത്യൻ ജനതയുടെ ഇടയിൽ ഐക്യവും അഖണ്ഡതയും ഏർപ്പെടുത്തി ഒരു ഐക്യ ഇന്ത്യയെ ഉരുവാക്കാൻ ഏക പൗരത്വവും തുല്യ അവകാശവും എല്ലാ ഇന്ത്യൻ പൗരൻമാർക്കും നമ്മുടെ ഭരണഘടന ഉറപ്പു നൽകിയിട്ടുണ്ട്.

പാഠസംഗ്രഹം

- സംസ്ഥാനങ്ങളാൽ അനുവദിക്കപ്പെട്ട നിയമാവകാശങ്ങളും നേട്ടങ്ങളും മുഴുവനായി അനുഭവിക്കുന്ന ഒരു രാജ്യത്തിൻെറ വ്യക്തിയാണ് പൗരൻ.
- ഇന്ത്യൻ പൗരത്വ ബന്ധത്തെക്കുറിച്ചുള്ള ആർട്ടിക്കിൾസ് 5-11 കയ്യാളുന്നു. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 2
- 1955 ലെ ഇന്ത്യൻ പൗരത്വബന്ധം അനുശാസിക്കുന്നത് കുറ്റവിചാരണവും ഇന്ത്യൻ പൗരത്വത്തിൻെറ നീക്കം ചെയ്യലും.
- ഏക പൗരത്വബന്ധം നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നു.

പദപരിചയം

acquisition	act of acquiring	പരിശ്രമിച്ച് നേടുക
amendment	a minor change	ഭേദഗതി
Constitutional Law	Law determining the fundamental political principles of a government	ഭരണഘടനാനിമം
fraternity	brotherhood	സാഹോദര്യം
Resident	inhabitant	താമസം



മൂല്യനിർണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

1 ഇന്ത്യൻ പൗരൻ ആയിരിക്കാൻ താഴെകൊടുത്തിരിക്കുന്ന വ്യവസ്ഥയിൽ ഏതാണ് അനുയോജ്യമല്ലാത്തത്?

a) ജനനം b) സ്വത്ത് നേടുന്നത്

c) പ്രാദേശിക മാറ്റം d) പൗരത്വ സ്വീകരണം

2 ഇന്ത്യൻ ഭരണഘടനയുടെ പൗരത്വ ബന്ധം അടങ്ങിയത് _____

a) ഭാഗം 2
b) ഭാഗം2 ആർട്ടിക്കിൾ 5-11
c) ഭാഗം2 ആർട്ടിക്കിൾ 5-6
d) ഭാഗം1 ആർട്ടിക്കിൾ 5-11

3 ആരാണ് ഇന്ത്യയുടെ പ്രഥമ പൗരൻ?

a) പ്രധാനമന്ത്രി
b) രാഷ്ട്രപതി
c) മുഖ്യമന്ത്രി
d) ഇന്ത്യയുടെ മുഖ്യന്യായാധിപൻ

II. വിട്ട ഭാഗം പൂരിപ്പിക്കുക

1. _____ നിലയിൽ രാഷ്ട്രീയവും സിവിലുമായ മുഴുവൻ അവകാശങ്ങൾ അനുഭവിക്കുന്നു.
2. നമ്മുടെ ഇന്ത്യൻ ഭരണഘടന നൽകുന്നത് _____ പൗരത്വ ബന്ധം
3. ഒരു ഇന്ത്യൻ പാസ്പോർട്ടോടുകൂടെ വിദേശത്ത് ജീവിക്കുന്ന ഒരു ഇന്ത്യൻ പൗരനെ _____ എന്ന് വിളിക്കുന്നു.
4. എല്ലാവർക്കും അവകാശവും _____ പൗരനാകാനുള്ള ഉത്തരവാദിത്വവും
5. പുതിയ സമൂഹത്തെ വാർത്തെടുക്കാൻ യുവജനങ്ങളെ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗം _____ആകുന്നു.

VIII Std - Civics Malayalam Chapter 2.indd 181 02/04/2024 18:02:51

III. ശരിയോ തെറ്റോ

1. USA ഏക പൗരത്വ ബന്ധം ഉണ്ട്
2. OCT കാർഡ് ഉടമകൾക്ക് ഇന്ത്യയിൽ വോട്ടവകാശമുണ്ട്.
3. ഇന്ത്യൻ ഭരണഘടനയാൽ അനുശാസിക്കുന്ന അടിസ്ഥാന അവകാശങ്ങൾ ഇന്ത്യൻ പൗരൻ അനുഭവിക്കുന്നു.
4. ദേശീയത മാറ്റാൻ പറ്റുന്നതും പൗരത്വ ബന്ധം മാറ്റാൻ പറ്റാത്തതുമാണ്.

IV. താഴെ തന്ന പ്രസ്താവനകളിൽ ശരിയായത് (✓) ചെയ്യുക.

1 ഒരു വ്യക്തിക്ക് ഇന്ത്യൻ പൗരത്വം നീക്കം ചെയ്യപ്പെടുന്നത്

a) മറ്റ് രാജ്യത്തിലെ പൗരത്വം ഒരു വ്യക്തി സ്വമേധയാ തേടുക.

b) രേഖാമൂലം ഒരു വ്യക്തി ഒരു പൗരനായി തീരുന്നു.

c) വഞ്ചനയാൽ പൗരത്വ ബന്ധം നേടുന്നത് ഇന്ത്യൻ ഗവൺമെൻറിന് തൃപ്തിയാണ്.

d) യുദ്ധം നടക്കുമ്പോൾ ശത്രു രാജ്യത്തിൻറെ കൂടെ നിൽക്കുന്ന ഒരു ഇന്ത്യൻ പൗരൻ.

a) ഒന്നും രണ്ടും ശരി

b) ഒന്നും മൂന്നും ശരി

c) ഒന്നും മൂന്നും നാലും ശരി

d) ഒന്നും രണ്ടും മൂന്നും ശരി.

2 **പ്രസ്താവന:** (A) 1962 പോണ്ടിച്ചേരി ഇന്ത്യയുടെ ഭാഗമായപ്പോൾ അവിടുത്തെ ജനങ്ങൾ ഇന്ത്യൻ പൗരന്മാരായി തീർന്നു.

കാരണം: (R) 1955 ലെ വിജ്ഞാപനം മുഖേനയാണ് ലയനം നടന്നത്. അത് സംയോജനത്തിനു വേണ്ടി

a) R, A യുടെ ശരിയായ വിശദീകരണം.

b) R, A യുടെ തെറ്റായ വിശദീകരണം.

c) A ശരിയും R തെറ്റുമാണ്.

d) A യും R യും തെറ്റാണ്.

V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

1. പൗരൻറെ തരങ്ങൾ ഏതെല്ലാം?
2. നമ്മുടെ രാജ്യത്തിലെ പൗരൻറെ അവകാശങ്ങളെ കുറിച്ച് എഴുതുക?
3. ഒരു നല്ല പൗരൻറെ ഏതെങ്കിലും മൂന്ന് ഗുണങ്ങൾ കുറിക്കുക?
4. പൗരത്വ ബന്ധം നേടാനുള്ള 5 വഴികൾ എഴുതുക?
5. 1955ലെ പൗരത്വനിയമത്തെ കുറിച്ച് നിങ്ങൾക്കെന്തറിയാം?

VI. ഉത്തരമെഴുതുക

1. ഒരു വ്യക്തിയുടെ പൗരത്വം ഏതെല്ലാം തരത്തിൽ നഷ്ടമാകും?

VII. വിദ്യാർഥികളുടെ പ്രവർത്തനം

a. പട്ടിക: class room നുള്ളിലും പുറത്തും ഒരു നല്ല പൗരനായി ഇരിക്കുന്നത് എങ്ങനെ?

b. ഒരു നല്ല പൗരനായി ഇരിക്കാനുള്ള എൻറെ ഉത്തരവാദിത്വം(ഏതെങ്കിലും മൂന്ന് കുറിപ്പുകൾ)

വീട്ടിൽ	വിദ്യാലയത്തിൽ
എന്നിൽ	പരിസരത്തിൽ



ICT കോർണർ

പൗരനും പൗര ബന്ധവും

പടികൾ

- താഴെ തന്നിട്ടുള്ള URL കുറിക്കുക. Q R Code സ്കാൻ ചെയ്യുക. ആഭ്യന്തരമന്ത്രാലയത്തിന് വെബ്സൈറ്റ് പരിശോധിക്കുക.
- ഒരു ഇന്ത്യൻ പൗരനായിത്തീരാനുള്ള ഭരണപരമായ രീതികൾ 'tab' ചെയ്യുക. അതിൽ Act/ Rules/Regulations select ചെയ്യുക.
- പ്രധാന ആചാരങ്ങളെ കുറിച്ച് അറിയാൻ ആവശ്യമായ ആധാരങ്ങൾ അടിയിലെ വിഭാഗത്തിൽനിന്ന് തിരഞ്ഞെടുക്കുക
- പൗരത്വ ബന്ധം നേടാനുള്ള അപേക്ഷ രീതി സാമ്പിൾ ഫോം ക്ലിക്ക് ചെയ്യുക.

Website URL:

https://indiancitizenshiponline.nic.in/Home.aspx

EW8TG

VIII Std - Civics Malayalam Chapter 2.indd 182 02/04/2024 18:02:51

യൂണിറ്റ് - 3

മതേതരത്വം മനസ്സിലാക്കുക / ഇന്ത്യൻ മതേതരത്വം



പഠന ലക്ഷ്യങ്ങൾ

- മതേതരത്വത്തിന്റെ അർത്ഥം മനസ്സിലാക്കുക
- മതേതരത്വത്തിന്റെ പ്രാധാന്യം അറിയുക
- ഭരണഘടനയിൽ ഉറപ്പുനൽകുന്ന അവകാശങ്ങളുടെ വിലമതിപ്പ് വികസിപ്പിക്കുക
- മതേതര വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക
- മതേതരത്വവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകൾ ചർച്ച ചെയ്യുക

H1NQ9

ഇന്ത്യ പല വിശ്വാസങ്ങളുടേയും തുല്യതയെ മാനിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നാടാണ്. എന്നാൽ ഒരു ദേശീയ വീക്ഷണത്തിന്റെ നാടായിരിക്കും.

-ജവഹർലാൽ നെഹ്റു

ആമുഖം

ബഹുമത വിശ്വാസത്തിന്റെയും വിവിധ സാംസ്കാരിക വിശ്വാസത്തിന്റെയും നാടാണ് ഇന്ത്യ. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം സിഖ് മതം എന്നീ നാല് പ്രധാന മതങ്ങളുടെ ജന്മസ്ഥല മാണിത്. നമ്മുടെ രാജ്യത്ത് വ്യത്യസ്ത മതങ്ങളും വിശ്വാസങ്ങളും ഉള്ള ആളുകൾ വളരെക്കാല മായി സമാധാനപരമായി ജീവിക്കുന്നു. ആധുനിക രാഷ്ട്ര സംസ്ഥാനങ്ങൾ ബഹു-മത സംസ്ഥാന ങ്ങളാണ്. അതിനാൽ എല്ലാ മതങ്ങളോടും സഹി ഷ്ണുത കാണിക്കേണ്ടതുണ്ട്. മത വിശ്വാസി കൾക്കോ ഏതെങ്കിലും മതത്തിൽപ്പെടാത്ത ആളു കൾക്കോ ഒത്തൊരുമയോടെയും സമാധാനത്തോ ടെയും ജീവിക്കാൻ കഴിയുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുകയെന്നതാണ് മതേതരത്വം എന്ന ആശയം ലക്ഷ്യമിടുന്നത്.

രാജാറാം മോഹൻറായ്, സർ. സയ്യിദ് അഹ മ്മദ് ഖാൻ, രവീന്ദ്രനാഥ് ടാഗൂർ, മഹാത്മഗാന്ധി, ബി. ആർ. അംബേദ്കർ എന്നിവരാണ് ഇന്ത്യൻ സമൂഹത്തിന്റെ വിവിധ മേഖലകളിൽ മതേത രത്വത്തിന്റെ വ്യാപനത്തിന് സംഭാവന നൽകിയ പൊതുജനങ്ങളിൽ ശ്രദ്ധേയരായ വ്യക്തികൾ. മതപരമായ വൈവിധ്യത്തിന്റെ സവിശേഷതക ളുള്ള ഇന്ത്യയെപ്പോലുള്ള ഒരു സമൂഹത്തിന് മതേതരത്വം വിലമതിക്കാനാവാത്തതാണ്.



നിങ്ങൾക്ക് അറിയാമോ?

- മതേതരത്വം എന്ന പദം ലാറ്റിൻ പദമായ സെക്യുല ത്തിൽ നിന്നാണ് ഉത്ഭവിച്ചത്. ഒരു കാലം അല്ലെങ്കിൽ ഒരു യുഗത്തിന്റെ ആത്മാവ് എന്നാണ് ഇതിനർത്ഥം.
- ബ്രിട്ടീഷ് പത്രത്തിന്റെ എഡിറ്റർ ജോർജ്ജ് ജാകോബ് ഹോയ്ലേക്ക് മതേതരത്വം എന്ന പദം ഉപയോഗിച്ചു.

VIII Std - Civics Malayalam Chapter 3.indd 183 02/04/2024 18:01:56

മതേതരത്വം എന്താണ് അർത്ഥമാക്കുന്നത്

മതേതരത്വം എന്നാൽ മറ്റ് മതങ്ങളോടുള്ള സഹിഷ്ണുത, വിവിധ മതങ്ങളിൽപ്പെട്ട പൗരാരുടെ സമാധാനപരമായ സഹവർത്തിത്വം എന്നിവയാണ്. എല്ലാ മതസമൂഹങ്ങളുടേയും സമത്വത്തിന്റെയും നിഷ്പക്ഷതയുടെയും നയമാണിത്.

മതേതരത്വം എന്നത് ഭരണക്കൂടത്തെയും മതത്തേയും വേർതിരിക്കുന്നതിനുള്ള ഒരു തത്വമാണ് അല്ലെങ്കിൽ കൂടുതൽ വിശാലമായി മതത്തിന്റെ കാര്യങ്ങളിൽ ഭരണകൂടത്തിന്റെ ഇടപെടൽ ഇല്ല, തിരിച്ചും. ഇതിനർത്ഥം ഓരോ പൗരനും അവരുടെ മനഃസാക്ഷി അനുസരിച്ച് പ്രചാരണം നടത്താനും പ്രയോഗിക്കാനും അവരുടെ വിശ്വാസം പ്രകടിപ്പിക്കാനും മാറ്റം വരുത്താനും വരുത്താതിരിക്കാനും ഉള്ള സ്വാതന്ത്ര്യമുണ്ട് എന്നാണ്.

നിരീശ്വരവാദം – ദൈവത്തിലും ദേവന്മാരിലും വിശ്വസിക്കാത്തതാണ്.
മതേതരത്വം – മതകാര്യങ്ങളിൽ ഭരണകൂടത്തിന്റെ ഇടപെടലില്ല, തിരിച്ചും.

മതേതരത്വത്തിന്റെ ലക്ഷ്യങ്ങൾ

- ഒരു മത വിഭാഗം മറ്റൊന്നിൽ ആധിപത്യം സ്ഥാപിക്കുന്നില്ല
- ചില അംഗങ്ങൾ ഒരേ മതസമുദായത്തിലെ മറ്റ് അംഗങ്ങളിൽ ആധിപത്യം പുലർത്തുന്നില്ല.
- ഭരണകൂടം ഏതെങ്കിലും പ്രത്യേക മതം നടപ്പിലാക്കുകയോ വ്യക്തികളുടെ മതസ്വാതന്ത്ര്യം കവർന്നെടുക്കുകയോ ചെയ്യുന്നില്ല.

കവി ഇക്ബാലിന്റെ ലളിതമായ ഒരു പ്രസ്താവന മതേതര വീക്ഷണത്തെ വ്യക്തമാക്കുന്നു. മതം നമ്മോട് ശത്രുത പഠിപ്പിക്കുന്നില്ല, നമ്മൾ ഇന്ത്യാക്കാരാണ്, ഇന്ത്യ നമ്മുടെ വീടാണ്

അശോകന്റെ പന്ത്രണ്ടാമത്തെ ശിലാശാസനം



മതപരമായ ഒരു വിഭാഗത്തെയും ഭരണകൂടം വിചാരണ ചെയ്യില്ലെന്ന് ബിസി (ബിസിഇ) മൂന്നാം നൂറ്റാണ്ടിൽ പ്രഖ്യാപിച്ച ആദ്യത്തെ മഹാനായ ചക്രവർത്തിയായിരുന്നു അശോക ചക്രവർത്തി. തന്റെ പന്ത്രണ്ടാമത്തെ ശിലാശാസനത്തിൽ, എല്ലാ മതവിഭാഗങ്ങളോടും സഹിഷ്ണുത പുലർത്തുക മാത്രമല്ല, അവരോട് വലിയ ബഹുമാനത്തിന്റെ മനോഭാവം വളർത്തുകയും ചെയ്യണമെന്ന് അശോകൻ അഭ്യർത്ഥിച്ചു.

മതേതര രാഷ്ട്രത്തിന്റെ സ്വഭാവ സവിശേഷതകൾ

സ്വാതന്ത്ര്യത്തിന്റെ തത്വം – ഏതെങ്കിലും മതത്തിന്റെ ആചാരം ഭരണകൂടം അനുവദിക്കുന്നു
സമത്വത്തിന്റെ തത്വം – ഒരു മതത്തിനും മറ്റൊരു മതത്തേക്കാൾ മുൻഗണന നൽകുന്നില്ല.
നിഷ്പക്ഷയുടെതത്വം – മതപരമായ കാര്യങ്ങളിൽ സംസ്ഥാനം നിഷ്പക്ഷത പാലിക്കുന്നു.

രാജ്യം എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുന്നു. ഒരു മതത്തെയും ഔദ്യോഗിക മതമായി പ്രോത്സാഹിപ്പിക്കുന്നില്ല. ഒരു മതത്തെയും രാജ്യത്തിന്റെ ഔദ്യോഗിക മതമായി പരിഗണിക്കുന്നതുമില്ല. ഇതാണ് മതേതര രാഷ്ട്രം. ഇത് ഓരോ പൗരനും മനസ്സാക്ഷി സ്വാതന്ത്രത്തിന് തുല്രമായ അവകാശം മാത്രമല്ല. സ്വന്തം ഇഷ്ടപ്രകാരം ഏതെങ്കിലും വിശ്വാസം പ്രകടിപ്പിക്കാനും പ്രയോഗിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം നൽകുന്നു. എല്ലാ മതങ്ങളുടെയും നിഷ്പക്ഷതയും നിർദ്ദാക്ഷിണ്യവും പുലർത്തുന്ന മനോഭാവമാണ് ഭരണകൂടം നിരീക്ഷിക്കുന്നത്. ഒരു മതേതര അവസ്ഥയിൽ ആർക്കും മുൻഗണന നല്കപ്പെടുന്നില്ല. മതപരമായ ആചാരങ്ങളുടെയും വിശ്വാസങ്ങളെയും അടിസ്ഥാനത്തിൽ ഭരണകൂടം ഒരു വ്യക്തിയെയും വിവേചനം കാണിക്കുന്നില്ല. എല്ലാ പൗരൻമാർക്കും അവരുടെ വിശ്വാസം പരിഗണിക്കാതെ സർക്കാർ സേവനത്തിൽ പ്രവേശിക്കാൻ അർഹതയുണ്ട്.വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ നിർദ്ദേശങ്ങളോ ഏതെങ്കിലും പ്രത്യേക മതത്തെ പിൻതുണയ്ക്കുന്നതിന് നികുതികളോ ഉണ്ടാവരുത്.

മതേതരത്വത്തിന്റെ പ്രാധാന്യം

മത നിരപേക്ഷത എന്ന ആശയം ഇന്ത്യയിൽ എല്ലാ മതങ്ങൾക്കും തുല്യമായ പരിഗണനയായി പരിണമിച്ചു. വിവിധ പ്രത്യയ ശാസ്ത്രങ്ങളിലെ ആളുകൾക്കിടയിൽ സമാധാനവും ഐക്യവും നിലനിർത്താൻ നമ്മുക്ക് മതേതര രാഷ്ട്രം ആവശ്യമാണ്. തുല്യ അവകാശങ്ങൾ നൽകുന്ന ജനാധിപത്യത്തിന്റെ ഭാഗമാണിത്.



മുഗൾ ചക്രവർത്തി അക്ബർ മതപരമായ സഹിഷ്ണുതയുടെ നയം പിന്തുടർന്നു. മതപരമായ സഹിഷ്ണുതയിക്കായി ദിൻ-ഇ-ഇലാഹി (ആത്മീയ വിശ്വാസം). സുൽ-ഇ-കുൽ(മതങ്ങൾക്കിടയിൽ സമാധാനവും ഐക്യവും) എന്നിവയും അദ്ദേഹം പ്രചരിപ്പിച്ചു.

ഭരണഘടനയും മതേതരത്വവും

മതേതരത്വവും ഇന്ത്യൻ ഭരണഘടനയുടെ ഭാഗമാണ്. എല്ലാ വിഭാഗക്കാർക്കും തങ്ങളുടെ

VIII Std - Civics Malayalam Chapter 3.indd 184 02/04/2024 18:01:56

മതം ആചരിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുമ്പോൾ മാത്രമേ ശക്തവും ,ഐക്യവും കെട്ടിപ്പടുക്കുവാൻ കഴിയുകയുള്ളൂവെന്ന് ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാതാക്കൾക്ക് അറിയാമായിരുന്നു. അതി നാലാണ് ഇന്ത്യയിലെ ജനാധിപത്യത്തിന്റെ വികസനത്തിനുള്ള അടിസ്ഥാന തത്വങ്ങളിലൊ ന്നായി മതേതരത്വം സ്വീകരിച്ചത്.

മതേതരത്വം എന്ന വാക്ക് 1950 ൽ നമ്മുടെ ഭരണഘടന അംഗീകരിച്ചപ്പോൾ പരാമർശിച്ചിട്ടില്ല. 1976 ൽ ഇന്ത്യൻ ഭരണഘടനയുടെ 42 -അം ഭേദഗ തിയിൽ മതേതരപദം ആമുഖത്തിൽ ഉൾപ്പെടുത്തി. (ഇന്ത്യ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക്കാണ്) വ്യക്തിപ രമായ അന്തസ്സിനൊപ്പം രാജ്യത്തിന്റെ ഐക്യവും സമഗ്രതയും പ്രോത്സാഹിപ്പിക്കുക എന്നതാണ് നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യം.

ഇന്ത്യയിൽ ഒരു സംസ്ഥാന മതവുമില്ല. ഭരണകൂടം സ്വന്തമായി ഒരു മതം സ്ഥാപിക്കു കയോ ഏതെങ്കിലും പ്രത്യേക മതത്തിന് പ്രത്യേക സംരക്ഷണം നൽകുകയോ ചെയ്യുന്നില്ല. ഇന്ത്യൻ ഭരണഘടന പ്രകാരം ഉറപ്പു നൽകുന്ന മതസ്വാ തന്ത്ര്യം പൗരനിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച് പരദേശിയിനെയും വ്യാപിപ്പിക്കുന്നു. 1654ൽ ബോംബെ സംസ്ഥാനത്തിലെ പാൻഷാംഗർ നൽകിയ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇത് ചൂണ്ടിക്കാട്ടി.



പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ഖജുരാഹോയിലെ ഒരു ഹിന്ദു ക്ഷേത്രം ഒരു ഹിന്ദു സ്പയർ, ജൈന കപ്പേള, ബുദ്ധസ്തൂപം, മുസ്ലിം ശൈലി, താഴികക്കുടം എന്നിവ ഉൾക്കൊ ള്ളുന്നതാണ് സാധാരണശിക്കാര.

ഇന്ത്യയുടെ ഭരണഘടനയ്ക്ക് താഴെ പറയുന്ന സവിശേഷതകൾ ഉണ്ട്.

a. ഭരണകൂടം ഏതെങ്കിലും മതത്താൽ തിരിച്ചറി യപ്പെടുകയൊ നിയന്ത്രിക്കപ്പെടുകയോ ഇല്ല.

b. ഓരോരുത്തർക്കും സ്വന്തമായി ഏതെങ്കിലും മതം അവകാശപ്പെടാനുള്ള അവകാശം സംസ്ഥാനം ഉറപ്പുനൽകുന്നു.

c. അവയിലേതെങ്കിലും മുൻഗണനയോ പരി ഗണനയോ സംസ്ഥാനം അംഗീകരിക്കില്ല.

d. ഒരു വ്യക്തിയുടെയും മതവിശ്വാസം കാരണമാക്കി ഒരു വിവേചനവും ഭരണകൂടം കാണിക്കില്ല.

e. ഇത് ഇന്ത്യൻ ജനതയുടെ സാഹോദര്യത്തെ സൃഷ്ടി ക്കുകയും വ്യക്തിയുടെ അന്തസ്സും രാജ്യത്തിന്റെ ഐക്യതയും ഉറപ്പ് നൽകുകയും ചെയ്യുന്നു.

5F1IQ

മത നിരപേക്ഷ ഇന്ത്യൻ സംസ്ഥാനം എല്ലാ മതങ്ങ ളുടെയും ഉത്സവങ്ങൾ ആഘോഷിക്കുന്നതിനായി പൊതു അവധി ദിനങ്ങൾ പ്രഖ്യാപിക്കുന്നു.

ഭരണഘടനാ വ്യവസ്ഥയുടെ ന്യായ പ്രമാണത്തെ സംബന്ധിച്ചവ

ആർട്ടിക്കിൾ 15 - മതം,ജാതി,ലിംഗം, അല്ലെങ്കിൽ ജനനസ്ഥലം തുടങ്ങിയ സ്ഥലങ്ങളിൽ വിവേചനം തടയൽ

ആർട്ടിക്കിൾ 16 - പൊതുതൊഴിൽ അവസര ത്തിന്റെ തുല്യത.

ആർട്ടിക്കിൾ 25(1) -മനഃസാക്ഷിയുടെ സ്വാത ന്ത്ര്യവും വ്യക്തിപരമായി മതം പ്രകടിപ്പിക്കുന്ന തിനും പ്രയോഗിക്കുന്നതിനും പ്രചരിപ്പിക്കുന്നതി നുമുള്ള അവകാശം ഉറപ്പുനൽകുന്നു.

ആർട്ടിക്കൾ 26 - മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യം.

ആർട്ടിക്കൾ 27 - ഏതെങ്കിലും പ്രത്യേക മത ത്തിന്റെ ഉന്നമനത്തിനായി നികുതി അടയ്ക്കാൻ ഒരു പൗരനെയും ഭരണകൂടം നിർബന്ധിക്കുകയില്ല.

ആർട്ടിക്കൾ 28 - ചില വിദ്യാഭ്യാസ സ്ഥപന ങ്ങളിലെ മതപരമായ നിർദ്ദേശങ്ങൾ അല്ലെങ്കിൽ മതാരാധന എന്നിവയെക്കുറിച്ച്

ആർട്ടിക്കൾ 29(2) - സംസ്ഥാന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ വിവേചനം തടയുന്ന തിനുള്ള നിരോധനം.

എന്തുകൊണ്ടാണ് നമ്മുക്ക് മതേതര വിദ്യാ ഭ്യസം വേണ്ടത്.

വിദ്യാഭ്യത്തിലെ മതേതരത്വം എന്നാൽ പൊതു വിദ്യാഭ്യാസത്തെ ഏതെങ്കിലും മത ആധി പത്യത്തിൽ നിന്ന് മുക്തമാക്കുക എന്നതാണ്. ഭാവിയിലെ പൗരന്മാരായ കുട്ടികൾക്ക് വിദ്യാഭ്യസം ലഭിക്കണം. അത് മതപരമായ ബന്ധം കണക്കിലെ ടുക്കാതെ അവരുടെ സ്വഭാവവും ധാർമ്മികപെരു മാറ്റവും വികസിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു.

VIII Std - Civics Malayalam Chapter 3.indd 185 02/04/2024 18:01:57

മതേതര വിദ്യാഭ്യാസം ആവശ്യമാണ്.

- ഇടുങ്ങിയ മനോഭാവം നീക്കം ചെയ്യാനും ചലനാത്മകവും പ്രബുദ്ധവുമായ കാഴ്ചപ്പാടുണ്ടാവാനും.
- ധാർമ്മികവും മാനുഷികവുമായ വീക്ഷണം വികസിപ്പിക്കുന്നതിന്.
- നല്ല പൗരന്മാരാകാൻ യുവാക്കളെ പരിശീലിപ്പിക്കുക.
- സ്വാതന്ത്ര്യം ,സമത്വം, സാഹോദര്യം,സഹകരണ ജീവിതം തുടങ്ങിയ ജനാധിപത്യ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന്.
- ജീവിതത്തെക്കുറിച്ച് വിശാലമായ കാഴ്ച്ചപ്പാടു നൽകുന്നതിന്
- മറ്റുള്ളവരുടെ കാഴ്ച്ചപ്പാടുകളെ വിലമതിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന മനോഭാവം വളർത്തിയെടുക്കുക.
- സ്നേഹം, സഹിഷ്ണുത, സഹകരണം, സമത്വം,സഹതാപം, എന്നിവ വളർത്തുന്നതിന്.
- ആത്മീയതയും ഭൗതികവാദവും സമന്വയിപ്പിക്കുന്നതിന്.

ഉപസംഹാരം

ഇന്ത്യൻ ഭരണകൂടം മതേതരവും മതപരവുമായ ആധിപത്യവും തടയുന്നതിന് വിവിധ രീതികളിൽ പ്രവർത്തിക്കുന്നു. ജീവിതവും സ്വാതന്ത്ര്യവും സന്തോഷവും പൂർണ്ണമായി ആസ്വാദിക്കാൻ ഓരോ പൗരനെയും പ്രാപ്തരാക്കാൻ മതേതരത്വം നിസ്സംശയമായും സഹായിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. മതേതരത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള മൗലികാവശ്യങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ തിളക്കമാർന്ന നേട്ടമാണിത്. മതേതരത്വം നമ്മെ നാഗരീകതയിൽ ജീവിക്കാൻ അനുവദിക്കുന്നു.

ഇന്ത്യയിലെ ആഗ്രയ്ക്കടുത്തുള്ള സിക്കന്ദ്രയിൽ അക്ബറിന്റെ ശവകുടീരം



ഇസ്ലാമും ഹിന്ദുമതവും ഉൾപ്പെടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ആശയങ്ങൾ ഉൾപ്പെടുത്തുമെന്നായിരുന്നു അക്ബറിന്റെ ശവകുടീരത്തിലെ നിർദ്ദേശം. ഇത്, മറ്റ് മതങ്ങളെ ബഹുമാനിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നു. ഇത് ജനങ്ങൾക്ക് അവരുടെ മതവിശ്വാസത്തിന് തുല്യ അവകാശങ്ങൾ നൽകുന്നു. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് ഇത് അഭികാമ്യമാണ്.



VIII Std - Civics Malayalam Chapter 3.indd 186 02/04/2024 18:01:57

പുനരവലോകനം

- ഒന്നിലധികം മതരാജ്യങ്ങളുടെ നാടാണ് ഇന്ത്യ. അതിനാൽ എല്ലാ മതങ്ങളോടും സഹിഷ്ണുത കാണിക്കേണ്ടതുണ്ട്.
- മതത്തിന്റെ അടിസ്ഥാനത്തിൽ ആരും വിവേചനം കാണിക്കരുത് എന്ന വിശ്വാസമാണ് മതേതരത്വം
- ജനാധിപത്യ രാജ്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് മതേതരത്വം വളരെ അത്യാവശ്യമാണ്.
- ഒരു മതത്തേയും സംസ്ഥാനമതമായി ഔദ്യോഗികമായി പ്രോത്സാഹിപ്പിക്കാത്ത ഒന്നാണ് മതേതര രാഷ്ട്രം
- ഇന്ത്യൻ ഭരണഘടന വ്യക്തികൾക്ക് മതവിശ്വാസങ്ങളും ആചാരങ്ങളും അനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെ അനുവദിക്കുന്നു.
- മതപരമായ ആധിപത്യം തടയാൻ ഇന്ത്യൻ സംസ്ഥാനം പലവിധത്തിൽ പ്രവർത്തിക്കുന്നു.

പദപരിചയം		
diversity	the state of being diverse	വൈവിധ്യം
propagate	spread and promote widely	പ്രചരിപ്പിക്കുക
liberty	freedom	സ്വാതന്ത്ര്യം
equality	fairness	സമത്വം
neutrality	impartially	നിഷ്പക്ഷമായി
ideology	doctrine	പ്രത്യയ ശാസ്ത്രം

മൂല്യ നിർണ്ണയം

CDLSF

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. മതേതരത്വം എന്നാൽ അർത്ഥമാക്കുന്നത്
   a) ഭരണകൂടം എല്ലാ മതങ്ങൾക്കും എതിരാണ്
   b) സംസ്ഥാനം ഒരു മതം മാത്രമേ സ്വീകരിക്കുകയുള്ളൂ
   c) സഹിഷ്ണുതയുടെ മനോഭാവവും ഏതെങ്കിലും മതത്തിൽപ്പെട്ട പൗരന്മാരുടെ സമാധാനപരമായ സഹവർത്തിത്വവും
   d) ഇതൊന്നുമല്ല
2. ഇന്ത്യ ഒരു _____ നാടാണ്
   a) ഒന്നിലധികം മതവിശ്വാസം
   b) ഒന്നിലധികം സാംസ്കാരിക വിശ്വാസങ്ങൾ
   c) 1 ഉം 2 ഉം
   d) ഇതൊന്നുമല്ല
3. ഭരണഘടനയുടെ ആമുഖം ഭേദഗതി ചെയ്തത്
   a) 1951 b) 1976
   c) 1974 d) 1967
4. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യയെ മതേതര രാഷ്ട്രമെന്ന് വിശേഷിപ്പിക്കുന്നത്
   a) മൗലിവകാവകാശങ്ങൾ
   b) അടിസ്ഥാന കടമ
   c) സംസ്ഥാന നയത്തിന്റെ നിർദ്ദേശപരമായ തത്വങ്ങൾ
   d) ഭരണഘടനയുടെ ആമുഖം
5. മത സ്വാതന്ത്ര്യത്തിനുള്ള അവകാശവുമായി ബന്ധപ്പെട്ടതാണ്
   a) നീതിന്യായം
   b) പാർലമെന്റ്
   c) സംസ്ഥാന നയത്തിന്റെ നിർദ്ദേശപരമായ തത്വങ്ങൾ
   d) മൗലിവകാവകാശങ്ങൾ
6. ആർട്ടിക്കിൾ 28 അനുസരിച്ച് സംസ്ഥാന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏത് തരം വിദ്യാഭ്യാസമാണ് നിയന്ത്രിച്ചിരിക്കുന്നത്
   a) മതപരമായ പ്രബോധനം
   b) ധാർമ്മിക വിദ്യാഭ്യാസം

VIII Std - Civics Malayalam Chapter 3.indd 187 02/04/2024 18:01:57

c) കായിക വിദ്യാഭ്യാസം

d) ഇവയൊന്നുമല്ല

7. അങ്ങനെയാണെങ്കിൽ രാജ്യം ഒരു മതേതര രാജ്യമായി കണക്കാക്കും

a) ഒരു പ്രത്യേക മതത്തിന് പ്രാധാന്യം നൽകുന്നു

b) സംസ്ഥാന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ നിർദ്ദേശങ്ങൾ നിരോധിക്കുന്നു

c) ഒരു പ്രത്യേക മതത്തിന് പ്രാധാന്യം നൽകുന്നില്ല

d) ഏതെങ്കിലും മതവിശ്വാസത്തിന്റെ പ്രചാരണം നിരോധിക്കുന്നു

II. വിട്ട ഭാഗം പൂരിപ്പിക്കുക

1. മതം നമ്മെ _____ പഠിപ്പിക്കുന്നില്ല
2. മതേതരത്വം ജനാധിപത്യത്തിന്റെ _____ ഭാഗമാണ്
3. _____ ദൈവത്തിലും ദേവതയിലുമുള്ള വിശ്വാസക്കുറവാണ്
4. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യം _____ ഉം _____ ഉം പ്രോത്സാഹിപ്പിക്കുക എന്നതാണ്
5. ആർട്ടിക്കിൾ 16 ജാതി, മത, ലിംഗഭേദം അല്ലെങ്കിൽ ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ _____ നിരോധിച്ചിരിക്കുന്നു

III. യോജിപ്പിക്കുക

1. നിരീശ്വരവാദം - മതേതരത്വം എന്ന വാക്ക് ഉപയോഗിച്ചു
2. കുട്ടികൾ - സാമൂഹ്യ പരിഷ്കർത്താവ്
3. ദിൻ-ഇ-ഇലാഹി - ദൈവത്തിലുള്ള വിശ്വാസത്തിന്റെ അഭാവം
4. ഭരണഘടന - ഭാവി പൗരൻ
5. ഹോളിയോക്ക് - ദൈവീക വിശ്വാസം
6. രാജാറാം മോഹൻ റായ് - 1950

IV. ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക

1. ഇന്ത്യയിൽ സംസ്ഥാന മതമുണ്ട്
2. മതേതരത്വം എന്ന പദം ഗ്രീക്ക് പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്
3. മുഗൾ ചക്രവർത്തി അക്ബർ മതപരമായ സഹിഷ്ണുതയുടെ നയം പിന്തുടർന്നു
4. ജൈനമതം ചൈനയിൽ നിന്നാണ് ഉത്ഭവിച്ചത്
5. എല്ലാ മതോത്സവങ്ങൾക്കും ഇന്ത്യാസർക്കാർ അവധി പ്രഖ്യാപിച്ചു

V. താഴെപ്പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ഉചിതമായ ഉത്തരം ടിക്ക് ചെയ്യുക

1. i) മതപരമായ വൈവിധ്യത്തിന്റെ സവിശേഷതകളുള്ള ഇന്ത്യയെപ്പോലുള്ള ഒരു സമൂഹത്തിന് മതേതരത്വം വിലമതിക്കാനാവാത്തതാണ്.

ii) 1950-ൽ ഭരണഘടനയിൽ മതേതരത്വം എന്ന പദം പരാമർശിച്ചിട്ടില്ല.

iii) ആർട്ടിക്കിൾ 26 ഏതെങ്കിലും പ്രത്യേക മതത്തിന്റെ ഉന്നമനത്തിനായി നികുതി അടയ്ക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നു.

iv) ആഗ്രയുടെ സമീപമുള്ള സിക്കന്ദ്രയിലാണ് അക്ബറിന്റെ ശവകുടീരം

a) i, ii മാത്രം

b) ii, iii മാത്രം

c) iv മാത്രം

d) i, ii ഉം iv മാത്രം

2. **പ്രസ്താവന (A):** ഒരു വിദേശിക്ക് ഇന്ത്യയിൽ സ്വന്തം മതവിശ്വാസം പ്രചരിപ്പിക്കാൻ കഴിയും

കാരണം (R): മതസ്വാതന്ത്ര്യം ഇന്ത്യക്കാർക്ക് മാത്രമല്ല വിദേശികൾക്കും ഭരണഘടന ഉറപ്പു നൽകുന്നു

a) 'A'ശരിയാണെങ്കിലും 'R' തെറ്റാണ്

b) 'A', 'R' എന്നിവ രണ്ടും ശരിയാണ്, 'R' എന്നത് 'A' യുടെ ശരിയായ വിശദീകരണമാണ്

c) 'A' തെറ്റാണെങ്കിലും 'R' ശരിയാണ്

d) 'A'യും'R'ഉം ശരിയാണ്. 'R'എന്നത് 'A' യുടെ ശരിയായ വിശദീകരണമല്ല

3. **പ്രസ്താവന (A):** മതേതരത്വം ഇന്ത്യയിൽ അമൂല്യമാണ്.

കാരണം(R): ഇന്ത്യ ഒരു ബഹു-മത സാംസ്കാരിക രാജ്യമാണ്.

a) 'A'ശരിയാണ്. 'R' എന്നത് 'A'യുടെ ശരിയായ വിശദീകരണമാണ്

b) A ശരിയാണ് R എന്നത് A യുടെ ശരിയായ വിശദീകരണമല്ല

c) A എന്നത് തെറ്റും R എന്നത് ശരിയുമാണ്

d) A യും R യും തെറ്റാണ്

VIII Std - Civics Malayalam Chapter 3.indd 188 02/04/2024 18:01:57

4. **തെറ്റായ ജോഡി കണ്ടെത്തുക**

a) ദിൻ -ഇ-ഇലാഹി - ഒരു പുസ്തകം

b) ഖജുരാഹോ - ഹിന്ദു ക്ഷേത്രം

c) അശോകൻ - ശിലാ ശാസനം

d) ഇക്ക്ബാൽ - കവി

VI. ഒന്നോ രണ്ടോ വാക്യങ്ങളിൽ താഴെപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക

1. മതേതരത്വം പ്രചരിപ്പിക്കാൻ സംഭാവന നൽകിയ ചില ഇന്ത്യക്കാരുടെ പേരുകൾ എഴുതുക
2. മതേതരത്വം എന്താണ് അർത്ഥമാക്കുന്നത്?
3. മതേതരത്തിന്റെ ലക്ഷ്യങ്ങൾ പ്രസ്താവിക്കുക
4. മതത്തെ ഭരണ കൂടത്തിൽ നിന്ന് വേർതിരിക്കുന്നത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?
5. മതേതര രാഷ്ട്രത്തിന്റെ സ്വഭാവ സവിശേഷതകൾ എന്തൊക്കെയാണ്?
6. മതേതരത്വവുമായി ബന്ധപ്പെട്ട ഏതെങ്കിലും മൂന്ന് ഭരണഘടനാ വ്യവസ്ഥകൾ പരാമർശിക്കുക

VII. താഴെപ്പറയുന്നവയ്ക്ക് വിശദമായി ഉത്തരം നൽകുക

1. എന്തുകൊണ്ടാണ് നമ്മൾക്ക് മതേതര വിദ്യാഭ്യാസം വേണ്ടത്?
2. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് മതേതരത്വം അനിവാര്യമാണ്. ന്യായീകരിക്കുക

VIII. ഉയർചിന്താശേഷിയുള്ള ചോദ്യങ്ങൾ

1. മാനുഷിക ത്യാഗം ചെയ്യാൻ തങ്ങളുടെ മതം അനുവദിക്കുന്നുവെന്ന് ചില മതവിഭാഗങ്ങൾ പറഞ്ഞാൽ സർക്കാർ ഇടപെടുമോ?

IX. പ്രോജക്റ്റും പ്രവർത്തനവും

1. നിങ്ങളുടെ സ്കൂൾ കലണ്ടറിന്റെ അവധി ദിനങ്ങൾ നോക്കുക. അവയിൽ എത്രയെണ്ണം വിവിധ പ്രദേശങ്ങളുമായി ബന്ധപ്പെട്ടതാണ് മതങ്ങളെ അടിസ്ഥാനമാക്കി പട്ടികപ്പെടുത്തുക. ഇത് എന്താണ് സൂചിപ്പിക്കുന്നത്
2. നിങ്ങൾക്ക് മതപരമായ സഹിഷ്ണുത വളർത്താൻ കഴിയുന്നത് എങ്ങനെ?

വീട്ടിൽ	സ്കൂളിൽ
നിങ്ങളുടെ പ്രദേശത്ത്	ദേശീയ തലത്തിൽ

REFERENCE BOOK

1. The Consitution of India, Government of India, Ministry of Law and Justice, NewDelhi.
2. Sekhar Bandyopadhyay., and Aloka Parasher Sen., Religion and Modernity in India, Oxford Publication, 2017

INTERNET RESOURCES

1. http:// legislative.gov.in contitution-of-india
2. http://legislative.gov.in/ sites/ default/files/ part1.pdf

VIII Std - Civics Malayalam Chapter 3.indd 189 02/04/2024 18:01:58

യൂണിറ്റ് - 4

മനുഷ്യാവകാശങ്ങളും ഐക്യരാഷ്ട്രസംഘടനയും



പഠന ലക്ഷ്യങ്ങൾ

- മനുഷ്യാവകാശങ്ങൾ എന്താണെന്ന് മനസ്സിലാക്കൽ
- അവകാശങ്ങളും ഉത്തരവാദിത്വങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കൽ
- മനുഷ്യാവകാശത്തിന്റെ പ്രാധാന്യം അറിയുക.
- മനുഷ്യാവകാശം എല്ലാവർക്കുമുള്ളതാണെന്ന് മനസ്സിലാക്കൽ
- 1948 സാർവത്രിക മനുഷ്യാവകാശത്തിന്റെ അർത്ഥവും പ്രാധാന്യവും വിലയിരുത്തൽ

OBP5S

ആമുഖം

എല്ലാവരും തുല്യരായി ജനിക്കുന്നു. ലോകത്തിലെ ഓരോ വ്യക്തിക്കും സ്വന്തം ഇഷ്ടപ്രകാരം മാന്യമായ ജീവിതം നയിക്കാൻ അവകാശമുണ്ട്. മനുഷ്യാവകാശങ്ങൾ വ്യക്തികളുമായും സമൂഹവുമായും ബന്ധപ്പെട്ടിരിക്കുന്നു. യഥേഷ്ടം ജോലി ചെയ്ത് സ്വതന്ത്രമായി ജീവിക്കുവാനുള്ള അവകാശം മനുഷ്യാവകാശത്തിൽ ഉൾപ്പെടുന്നു. ജനങ്ങൾക്ക് തുല്യ അവകാശമുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ് സംസ്ഥാനത്തിന്റെ പങ്ക്.

എന്താണ് മനുഷ്യാവകാശം

വംശം, ലിംഗം, ദേശീയത, മതം എന്നിവ പരിഗണിക്കാതെ എല്ലാ മനുഷ്യർക്കും അർഹതയുള്ള അവകാശങ്ങളാണ് മനുഷ്യാവകാശം. മനുഷ്യാവകാശങ്ങളിൽ അടിമത്തം, പീഡനം, എന്നിവയിൽ നിന്നുള്ള സ്വാതന്ത്ര്യവും, അഭിപ്രായ സ്വാതന്ത്ര്യവും നീതിയായ വിചാരണയും അവകാശവും വിദ്യാഭ്യാസവും ഉൾപ്പെടുന്നു.

മനുഷ്യാവകാശങ്ങൾ എവിടെ നിന്ന് വരുന്നു

യൂറോപ്പ്യൻ, അമേരിക്കൻ രാജ്യങ്ങളിൽ ഒരു കൂട്ടം അടിസ്ഥാന അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും ആഴത്തിലുള്ള വേരുകളുണ്ട്.

a. എഴുതപ്പെട്ട മനുഷ്യാവകാശ രേഖകൾ

1215 **ലെ (ഇംഗ്ലണ്ട്) മാഗ്നകാർട്ട-** ആളുകൾക്ക് പുതിയ അവകാശങ്ങൾ നൽകുകയും രാജാവിനെ നിയമത്തിന് വിധേയമാക്കുകയും ചെയ്തു

നിവേദനങ്ങൾ നൽകാനുള്ള അവകാശം 1628 **(ഇംഗ്ലണ്ട്)** – ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക

1679 **ലെ ഹേബിയസ് കോർപ്പസ് ആക്റ്റ് (ഇംഗ്ലണ്ട്)** – വിഷയത്തിന്റെ മികച്ച സ്വാതന്ത്ര്യമായുള്ള ഒരു പ്രവൃത്തി

1689 **ലെ ചില അടിസ്ഥാന പൗരാവകാശങ്ങളുടെ ഇംഗ്ലീഷ് ബിൽ** - പൗരൻമാരുടെ പ്രത്യേക അടിസ്ഥാന അവകാശങ്ങൾ.

പൗരാവകാശങ്ങൾ സംബന്ധിച്ച ഫ്രഞ്ച് പ്രഖ്യാപനം 1789 – ഫ്രാൻസിന്റെ ഒരു രേഖ, നിയമത്തിന്റെ മുന്നിൽ എല്ലാ പൗരൻമാരും തുല്യരാണ് എന്ന് വിലയിരുത്തുന്നു.

അമേരിക്കൻ ഭരണഘടനയും അവകാശബില്ലും 1791 – പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു.

b. ഐക്യരാഷ്ട്രസംഘടനയുടെ ഉദയം

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം മനുഷ്യാവകാശം എന്ന ആശയം ശക്തമായി. ഈ യുദ്ധം നയിച്ചത് സങ്കൽപ്പിക്കാനാവാത്തവിധം മനുഷ്യാവകാശലംഘനം. യുദ്ധകാലത്ത് മനുഷ്യ ജീവിതത്തിന് അതിന്റെ മൂല്യം നഷ്ടപ്പെടുകയും

VIII Std - Civics Malayalam Chapter 4.indd 190 02/04/2024 18:01:27

യുദ്ധം ബാധിച്ചവർക്ക് അവരുടെ ജീവിതാവസാനം വരെ സമരം ചെയ്യേണ്ടതായും വന്നു. സർക്കാർ നിയമ ലംഘനങ്ങളിൽ നിന്ന് വ്യക്തിഗത അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള മുൻ ശ്രമങ്ങൾ അപര്യാപ്തമാണെന്ന് രണ്ടാം ലോക മഹായുദ്ധ അതിക്രമങ്ങൾ വ്യക്തമാക്കി. പല ഘടകങ്ങളാൽ മനുഷ്യന്റെ അവകാശങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും തടയപ്പെടുകയോ ഇല്ലാതാക്കപ്പെടുകയോ ചെയ്തു. ചില രാജ്യങ്ങളിലെ സർക്കാരിന് മാത്രം മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ജീവിതം, സ്വാതന്ത്ര്യം, ഭക്ഷണം, പാർപ്പിടം, ദേശീയത എന്നിവ അന്യായമായി ആർക്കും നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പാക്കാൻ ജനങ്ങൾ ആഗ്രഹിച്ചു. 1945 ൽ ഐക്യരാഷ്ട്ര സഭയുടെ ചാർട്ടർ തയ്യാറാക്കിയ സാൻ ഫ്രാൻസിസ്കോ യോഗത്തിൽ ഈ ആശയങ്ങൾ നിർണ്ണായക പങ്ക് വഹിച്ചു. ഈ ഘട്ടത്തിൽ ഒരു അന്താരാഷ്ട്ര സംഘടനയായ ഐക്യരാഷ്ട്ര സംഘടന 1945 ഒക്ടോബർ 24 ന് സ്ഥാപിതമായി ഈ വിഷയങ്ങൾ ഏറ്റെടുത്തു. സമാധാനം, സുരക്ഷ, വികസനം, മാനുഷിക സഹായം, സാമ്പത്തിക, സാമൂഹിക കാര്യങ്ങൾ എന്നീ മേഖലകളിൽ മനുഷ്യാവകാശം സംരക്ഷിക്കുന്നതിന് യു. എൻ നയങ്ങളും പരിപാടികളും ആവിഷ്കരിച്ചു.

c. സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം

മനുഷ്യാവകാശ നിയമം സൃഷ്ടിക്കുന്നതാണ് ഐക്യരാഷ്ട്ര സഭയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്. ഈ ലക്ഷ്യം മുന്നോട്ട് കൊണ്ടുപോകാൻ യു. എൻ മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചു. എലനോൾ റൂസ്വെൽറ്റിന്റെ (മുൻ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡി റൂസ്വെൽറ്റിന്റെ ഭാര്യ) നേതൃത്വത്തിലുള്ള കമ്മീഷൻ ലോകശ്രദ്ധ പിടിച്ചുപറ്റി. അവസാനമായി, സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം 1948 ൽ പൊതുസഭ അംഗീകരിച്ചു. മനുഷ്യാവകാശ ചരിത്രത്തിലെ ഒരു നാഴിക കല്ലാണ് ഇത്. 1948 ഡിസംബർ 10 ന് ഫ്രാൻസിലെ പാരീസിൽ നടന്ന പൊതുസഭയാണ് ഈ പ്രഖ്യാപനം നടത്തിയത്. (പൊതു അസംബ്ലി പ്രമേയം 217 എ) എല്ലാവർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായും ആചരിക്കുന്നു.

ഈ പതിവ് ആചരണം 1950 മുതൽ ആരംഭിച്ചു. ഇത് ആധുനിക മനുഷ്യാവകാശ ഇന്റർനാഷണൽ മാഗ്ന കാർട്ട എന്നും അറിയപ്പെടുന്നു. അതിന്റെ തത്വങ്ങൾ മിക്ക രാജ്യങ്ങളുടേയും (185 ലധികം) ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുഡിഎച്ച്ആർ 500 ലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്തു. ലോകത്തിലെ വിവർത്തനം ചെയ്യപ്പെട്ട ഏറ്റവും വലിയ പ്രമാണമാണിത്.

സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ആമുഖം

എല്ലാ പുരുഷൻമാരും സ്വതന്ത്രരായി ജനിക്കുന്നു. എല്ലാവരും പദവിയിലും അവകാശങ്ങളിലും തുല്യരാണ്. അവർക്ക് ബുദ്ധിയും മന:സാക്ഷിയും ഉണ്ട്. എല്ലാ പുരുഷൻമാരിലും പൊതു സാഹോദര്യത്തിന്റെ മനോഭാവം വളർത്താൻ അവർ ബാധ്യസ്ഥരാണ്.

സൈറസ് സിലിണ്ടർ 539 BC (BCE)



പുരാതന പേർഷ്യയിലെ ആദ്യത്തെ രാജാവായ സൈറസ് അടിമകളെ മോചിപ്പിക്കുകയും എല്ലാ മനുഷ്യർക്കും സ്വന്തം മതം തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ടെന്നും വംശീയ സമത്വം സ്ഥാപിക്കുകയും ചെയ്തു. ഇവയും മറ്റ് ഉത്തരവുകളും അക്കേഡിയൻ ഭാഷയിൽ ചുട്ടുപഴുത്ത കളിമൺ സിലിണ്ടറിൽ ക്യൂനിഫോം ലിപിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഐക്യരാഷ്ട്രസഭയുടെ ആറ് ഔദ്യോഗിക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുന്നു, കൂടാതെ അതിന്റെ വ്യവസ്ഥകൾ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ആദ്യത്തെ നാല് ലേഖനങ്ങൾക്ക് സമാന്തരമാണ്.

മനുഷ്യാവകാശങ്ങൾ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

a. അന്തസ്സ് - ജീവിതത്തിനുള്ള അവകാശം, സമഗ്രതയ്ക്കുള്ള അവകാശം, നിർബന്ധിത തൊഴിൽ നിരോധനം, അടിമത്തവും ശിക്ഷാ നയങ്ങളും

b. ജസ്റ്റിസ് (ന്യായം) - ന്യായമായ വിചാരണയ്ക്കുള്ള അവകാശം, കുറ്റകൃത്യത്തിന് ആനുപാതികമായി ശിക്ഷ, ഒരേ കുറ്റത്തിന് ഒന്നിലധികം തവണ വിചാരണ ചെയ്യപ്പെടാതിരിക്കാനുള്ള അവകാശം.

c. തുല്യത - നിയമത്തിന് മുമ്പുള്ള തുല്യത, വംശം, മതം, ലിംഗഭേദം, പ്രായം, കഴിവ്/വൈകല്യം മുതലായവയിൽ വിവേചനം ഇല്ല.

മനുഷ്യന്റെ അടിസ്ഥാന സ്വഭാവ ഗുണങ്ങൾ

ഇൻഹെറന്റ് (അന്തർലീനം) - ഒരു അധികാരവും അനുവദിക്കുന്നില്ല. അവ മൗലികാവകാശങ്ങളാണ്.

അടിസ്ഥാനപരം - അടിസ്ഥാന അവകാശങ്ങൾ ഇല്ലാതെ മനുഷ്യന്റെ അടിസ്ഥാന ജീവിതവും അന്തസ്സും അർത്ഥശൂന്യമായിരിക്കും.

VIII Std - Civics Malayalam Chapter 4.indd 191 02/04/2024 18:01:27

അദൃശ്യമായത് – വ്യക്തിയിൽ നിന്ന് അവ എടുക്കാൻ കഴിയില്ല.

ഇൻഡിസിബിൾ – മറ്റ് അവകാശങ്ങൾ ഇതിനകം ആസ്വദിക്കുമ്പോഴും അവ നിരസിക്കാൻ കഴിയില്ല.

യൂനിവേഴ്സൽ – സാർവത്രികമാണ്. അവയുടെ ഉത്ഭവ സ്ഥാനമോ പദവിയോ പരിഗണിക്കാതെ അവ പ്രയോഗിക്കുന്നു. ദേശീയ അതിർത്തിയില്ലാതെ അവ നടപ്പിലാക്കാൻ കഴിയും

പരസ്പരാശ്രിതം – പരസ്പരാശ്രിതത്വം ഇല്ലാത്ത മനുഷ്യാവകാശങ്ങൾ നിറവേറ്റാൻ കഴിയില്ല.

എല്ലാവർഷവും ഡിസംബർ 10-ാം തിയതി മനുഷ്യാവകാശ ദിനമായി ആചരിക്കുന്നു. ഐക്യരാഷ്ട്ര സഭ മനുഷ്യാവകാശങ്ങൾ സാർവത്രികമായി പ്രഖ്യാപിക്കുന്നു.

മനുഷ്യാവകാശങ്ങളുടെ തരങ്ങൾ

മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിൽ 30 ലേഖനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അവകാശങ്ങളെ 5 പ്രാഥമിക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവ താഴെപറയുന്നവയാണ്.

a. പൗരാവകാശം

സിവിൽ റൈറ്റ്സ് എന്ന പദം സർക്കാരിന്റെ നിയമങ്ങൾ ഓരോരുത്തർക്കും നല്കുന്ന അടിസ്ഥാന അവകാശങ്ങളെ സൂചിപ്പിക്കുന്നു. മറ്റുള്ളവരെയും തുല്യമായി കണക്കാക്കാനുള്ള അവകാശമാണിത്. ജീവിതത്തിനുള്ള അവകാശങ്ങൾ, അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, ഏകപക്ഷീയമായ അറസ്റ്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

b. രാഷ്ട്രീയാവകാശങ്ങൾ

ഒരു സർക്കാരിന്റെ രൂപീകരണത്തിലും ഭരണത്തിലും രാഷ്ട്രീയ അവകാശങ്ങൾ വിനിയോഗിക്കുന്നു. സിവിൽ രാഷ്ട്രീയ അവകാശങ്ങൾ ആധുനിക ജനാധിപത്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ അധികാര ദുർവിനിയോഗത്തിൽ നിന്ന് അവർ വ്യക്തിയെ സംരക്ഷിക്കുന്നു. അവരുടെ രാജ്യത്തിന്റെ രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുക്കാനുള്ള ഓരോ വ്യക്തിയുടെയും അവകാശം അംഗീകരിക്കുകയും ചെയ്യുന്നു. അഭിപ്രായ സ്വാതന്ത്ര്യം, സമാധാനപരമായ സമ്മേളനം, വോട്ടവകാശം, സംസാരിക്കാനുള്ള സ്വാതന്ത്ര്യം വിവരങ്ങൾ നേടൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

c. സമൂദായിക അവകാശം

സമൂഹത്തിൽ ഒരു വ്യക്തിക്ക് പൂർണ്ണമായി സമ്പർക്കം പുലർത്തുന്നതിന് ഈ അവകാശം അത്യാവശ്യമാണ്. വിദ്യാഭ്യാസത്തിനുള്ള അവകാശം, ആരോഗ്യപരിരക്ഷ, ഭക്ഷണം, വസ്ത്രം, പാർപ്പിടം, സാമൂഹിക സുരക്ഷ എന്നിവയുൾപ്പെടെ മതിയായ ജീവിത നിലവാരത്തിന് ആവശ്യമായ അവകാശങ്ങളാണ് സാമൂഹിക അവകാശങ്ങൾ.

d. സാമ്പത്തിക അവകാശങ്ങൾ.

എല്ലാവർക്കും പ്രയോജനകരവും അഭിലഷണീയവുമായ ജോലിയിൽ ഏർപ്പെടുന്ന ഒരു സമ്പദ്വ്യവസ്ഥയിൽ പങ്കെടുക്കാനുള്ള അവകാശം. ഓരോ വ്യക്തിക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന അവസ്ഥയുണ്ടെന്ന് സാമ്പത്തിക അവകാശങ്ങൾ ഉറപ്പ് നല്കുന്നു. ഇതിൽ തൊഴിൽ, ന്യായമായ വേതനം എന്നിവയ്ക്കുള്ള അവകാശങ്ങൾ, ജോലി സമയത്തിന്റെ ന്യായമായ പരിമിതി, പാർപ്പിടം, വിദ്യാഭ്യാസം, മതിയായ ജീവിത നിലവാരം, സ്വത്തവകാശം എന്നിവ ഉൾപ്പെടുന്നു.

e. സാംസ്കാരിക അവകാശങ്ങൾ.

സ്വാതന്ത്ര്യത്തിനും ഭാഷ സംസാരിക്കാനും സമൂഹത്തിന്റെ സാംസ്കാരിക ജീവിതം പരിശീലിപ്പിക്കാനുമുള്ള അവകാശം, ശാസ്ത്രീയ മുന്നേ

മനുഷ്യാവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കും തമ്മിലുള്ള വ്യത്യാസങ്ങൾ

മനുഷ്യാവകാശങ്ങൾ	പൗരാവകാശങ്ങൾ
ദേശീയത, ലിംഗം, വംശം, മതം, പ്രായഭേദമില്ലാതെ എല്ലായിടത്തും എല്ലാവർക്കുമുള്ളതാണ് മനുഷ്യാവകാശം.	പൗരാവകാശങ്ങൾ ഒരു പ്രത്യേക രാജ്യത്തിലോ സംസ്ഥാനത്തിലോ പൗരത്വം നേടുന്നതിലൂടെ ഒരാൾ ആസ്വദിക്കുന്ന അവകാശങ്ങളാണ് പൗരാവകാശങ്ങൾ
മനുഷ്യാവകാശം എല്ലാവർക്കുമായി സാർവത്രികമായി കണക്കാക്കപ്പെടുന്നു	പൗരാവകാശങ്ങൾ ഓരോ രാജ്യത്തിനും ഓരോ സർക്കാറിനും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് ഭരണഘടനയുമായി ബന്ധപ്പെട്ടതാണ്.
ഒരു രാജ്യവും വ്യക്തിയുടെ വ്യത്യസ്തമായ മനുഷ്യാവകാശങ്ങൾ കവർന്നെടുക്കുന്നില്ല.	വിവിധ രാജ്യങ്ങൾക്ക് വ്യത്യസ്ത പൗരാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നൽകാനോ നിരസിക്കാനോ കഴിയും
മനുഷ്യാവകാശങ്ങൾ ജനനവുമായി ബന്ധപ്പെട്ട അടിസ്ഥാന അവകാശങ്ങളാണ്.	സമൂഹ സൃഷ്ടിയുടെ ഉദയത്തിന് കാരണമാകുന്നു പൗരാവകാശങ്ങൾ

VIII Std - Civics Malayalam Chapter 4.indd 192 02/04/2024 18:01:28

റ്റത്തിൽ പങ്കുചേരാനുള്ള അവകാശം, ധാർമ്മികവും ഭൗതീകവുമായ താൽപ്പര്യം സംരക്ഷിക്കാനുള്ള അവകാശം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

മനുഷ്യാവകാശ കമ്മീഷൻ

ഐക്യരാഷ്ട്രസഭയുടെ പ്രധാന അവയവമായ ഇക്കണോമിക് ആന്റ് സോഷ്യൽ കൗൺസിൽ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കാൻ അധികാരപ്പെടുത്തി. മനുഷ്യാവകാക സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും മനുഷ്യാവകാശ കമ്മീഷനുകൾ സ്ഥാപിച്ചു.

a. ദേശീയ മനുഷ്യാവകാശ കമ്മീഷൻ



ഇന്ത്യയിലെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ 1993 ഒക്ടോബർ 12-ാം തിയതി സ്ഥാപിതമായി. ഇത് ഒരു സ്വതന്ത്ര നിയമ സംവിധാനവും ഭരണഘടനാവിരുദ്ധവുമായ സ്ഥാപനമാണ്. ഇതിന്റെ ആസ്ഥാനം ന്യൂഡെൽഹിയിലാണ്. ഒരു ചെയർപേഴ്സൺ അടങ്ങുന്ന ഏഴാമത്തെ അംഗബോഡിയാണ് ഇത്. രാഷ്ട്രപതി ചെയർപേഴ്സണേയും മറ്റ് അംഗങ്ങളേയും നിയമിക്കുന്നു. 5 വർഷത്തേക്കോ അല്ലെങ്കിൽ 70 വയസ്സുവരെയോ ആണ് ഇവരുടെ നിയമന കാലാവധി. ഇതിൽ 5 ഡിവിഷനുകളുണ്ട്. ലോ ഡിവിഷൻ, ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, പോളിസി റിസർച്ച് പ്രോഗ്രാംസ് ഡിവിഷൻ, ട്രെയിനിംഗ് ഡിവിഷൻ, അഡ്മിനി സ്ട്രേറ്റീവ് ഡിവിഷൻ എന്നിവയാണ്. ഇന്ത്യയിലെ മനുഷ്യാവകാശ സംരക്ഷണത്തിനും ഉന്നമനത്തിനും ദേശീയ മനുഷ്യാവകാശ കമ്മീഷന് ഉത്തരവാദിത്വമുണ്ട്.

b. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

തമിഴ്നാട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 1997 ഏപ്രിൽ 17-ാം തിയതി രൂപീകൃതമായി. ഇത് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു. ഒരു ചെയർപേഴ്സൺ ഉൾപ്പെടെ 3 അംഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൽ സംസ്ഥാന പട്ടികയ്ക്കും കൺകറന്റ് ലിസ്റ്റിനും കീഴിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട മനുഷ്യാവകാശ ലംഘനത്തെക്കുറിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് അന്വേഷിക്കാൻ കഴിയും. (ഇതിനകം അന്വേഷണ വിധേയമല്ലെങ്കിൽ)



VIII Std - Civics Malayalam Chapter 4.indd 193 02/04/2024 18:01:28

മനുഷ്യാവകാശ സംഘടനകൾ

ലോകമെമ്പാടുമുള്ള പല സംഘടനകളും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ അവസാനിപ്പിക്കുന്നതിനുമുള്ള ശരമങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ സംഘടനകൾ സർക്കാരുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും മനുഷ്യാവകാശ തത്വങ്ങൾക്കനുസൃതമായി പ്രവർത്തിക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു. ആംനസ്റ്റി ഇന്റർനാഷണൽ, ചിൽഡ്രൻസ് ഡിഫൻസ് ഫണ്ട്, ഹ്യൂമൻ റൈറ്റ്സ് വാച്ച് എന്നിവയാണ് ഇവയിൽ ചിലത്.

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ

24 - ബാലവേലയെ നിരോധിക്കുന്നു

39(f) കുട്ടികൾക്ക് ആരോഗ്യകരമായ രീതിയിൽ പുരോഗതി അനുവദിക്കുന്നു.

45 - എല്ലാ കുട്ടികൾക്കും ആറ് വയസ്സ് പൂർത്തിയാകുന്നതുവരെ കുട്ടിക്കാലത്തെ പരിചരണവും വിദ്യാഭ്യാസവും നൽകാൻ സംസ്ഥാനം ശ്രമിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു.

കുട്ടികളുടെ അവകാശങ്ങൾ



ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷന്റെ ആർട്ടിക്കിൾ 1 അനുസരിച്ച് 1989 ലെ കുട്ടികളുടെ അവകാശ സംരക്ഷണം ഒരു കുട്ടി എന്നാൽ 18 വയസ്സിന് താഴെയുള്ള എല്ലാവരേയും അർത്ഥമാക്കുന്നു. കുട്ടികളുടെ അവകാശങ്ങൾക്കായുള്ള കൺവെൻഷൻ 1989 നവംബർ20 ന് പ്രഖ്യാപിച്ചു

കുട്ടിയെ ഒരു പ്രധാന ദേശീയ സ്വത്തായി കണക്കാക്കുന്നു. ഒരു രാജ്യത്തിന്റെ ഭാവി കുട്ടികൾ എങ്ങനെ പകത പ്രാപിക്കുകയും വികസിക്കുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ എല്ലാത്തരം ചൂഷണങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും കുട്ടികളുടെ സംരക്ഷണം നമ്മുടെ സമൂഹത്തിന്റെ പ്രധാന ലക്ഷ്യമായി മാറിയിരിക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിയമങ്ങൾ ഇന്ത്യയിൽ ഉണ്ട്.

ഐക്യരാഷ്ട്ര സഭ പ്രഖ്യാപനം

1978 - അന്താരാഷ്ട്ര വനിതാ വർഷം

1979 - അന്താരാഷ്ട്ര ശിശു വർഷം

a. വിദ്യാഭ്യാസ അവകാശ നിയമം



ആർട്ടിക്കിൾ 21 അനുസരിച്ച് സംസ്ഥാനത്തിലെ 6 വയസ്സ് മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്നു

b. ബാല വേല നിയമം (നിരോധന നിയന്ത്രണ നിയമം 1986)

15 വയസ്സ് പൂർത്തിയാകാത്ത ഒരു കുട്ടിക്കും ജോലി നൽകാനാവില്ലെന്ന് നിയമം അനുശാസിക്കുന്നു.

c. ജുവനൈൽ ജസ്റ്റിസ് ആക്ട് 2000 (കുട്ടികളുടെ പരിചരണവും സംരക്ഷണവും)

മതിയായ പരിചരണം ലഭിക്കാത്ത കുട്ടികളെ സംരക്ഷിക്കാനും ശിശുസൗഹാർദപരമായ സമീപനം സ്വീകരിച്ച് കുട്ടികളെ പരിഷ്കരിക്കാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

d. പോക്സോ ആക്റ്റ് 2012

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള നിയമം. ഇത് കുട്ടിയുടെ ഏറ്റവും മികച്ച താൽപര്യത്തെ പരിഗണിക്കുന്നു.



1098 **ചൈൽഡ് ലൈൻ** ഇന്ത്യയിലെ ആദ്യത്തെ 24 മണിക്കൂർ സൗജന്യ എമർജൻസി ഫോൺ സേവനം. ഇത് കുട്ടികളുടെ അത്യാവശ്യ സഹായത്തിന് ഉപകരിക്കുന്നു. ബാലവേല, ബാല്യവിവാഹം, പീഡനം എന്നിവയ്ക്ക് ഇരയായ കുട്ടികൾക്ക് ഈ സേവനം പ്രത്യേക സംരക്ഷണം നൽകുന്നു.

സ്ത്രീകളുടെ അവകാശങ്ങൾ

സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവകാശങ്ങൾ മനുഷ്യാവകാശങ്ങളാണ്. സ്ത്രീകൾക്ക് അവരുടെ എല്ലാ മനുഷ്യാവകാശങ്ങളും പൂർണമായും തുല്യമായി ആസ്വദിക്കാനും എല്ലാത്തരം വിവേചനങ്ങളിൽ നിന്നും മുക്തരാ

VIII Std - Civics Malayalam Chapter 4.indd 194 02/04/2024 18:01:29

കാനും അർഹതയുണ്ട്. മനുഷ്യാവകാശങ്ങൾ, സമാധാനം, സുരക്ഷ, സുസ്ഥിര വികസനം എന്നിവ നേടുന്ന ചാർട്ടർ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ അവകാശം ഉറപ്പുനൽകുന്നു.

1979 ലെ ജനറൽ അസംബ്ലി സ്ത്രീകൾക്ക് എതിരായ എല്ലാ തരത്തിലുള്ള വിവേചനങ്ങളും ഇല്ലാതാക്കുന്നതിനായി പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഇതിനെ സ്ത്രീകളുടെ അന്താരാഷ്ട്ര അവകാശ ബില്ലായി വിശേഷിപ്പിക്കുന്നു.

1995 ൽ ബീജിംഗിൽ നടന്ന നാലാം ലോക വനിത സമ്മേളനം സ്ത്രീകളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും ലോകമെമ്പാടുമുള്ള സ്ത്രീകളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുന്നതിനുമായി ഒരു പ്ലാറ്റ്ഫോം ആക്ഷൻ വികസിപ്പിച്ചെടുത്തു. തുടർന്നുള്ള യോഗങ്ങളിൽ മികച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പുരോഗതി നിരീക്ഷിച്ചു. ഐക്യരാഷ്ട്ര വികസന ഡെവലപ്മെന്റ് ഫോർ വുമൺ 1995 ബീജിങ് പ്ലാറ്റ്ഫോം ആക്ഷൻ നടപ്പിലാക്കി. സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ അവകാശങ്ങളിലേക്ക് പൂർണ പ്രവേശനം ലഭിക്കുമ്പോൾ മാത്രമേ യഥാർത്ഥ സമത്വം നിലനിൽക്കൂ.

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും പരിപാലനവും ക്ഷേമവും 2007



മുതിർന്നവരുടെയും മാതാപിതാക്കളുടെയുംപരിപാലനവും ക്ഷേമവും ഉറപ്പുവരുത്തുക എന്നത് കുട്ടികൾക്കും അവകാശികൾക്കും നിയമപരമായ ബാധ്യതയാണ്. വാർദ്ധ്യകാലത്തെ സംരക്ഷണവും പിന്തുണയും മനുഷ്യാവകാശമായി വിഭാവനം ചെയ്യുന്നു.

ഉപസംഹാരം

മനുഷ്യാവകാശങ്ങൾ എല്ലാവർക്കും തുല്യത, നീതി എന്നിവ ഉറപ്പുനൽകുന്നു. മാത്രമല്ല എല്ലാവരോടും അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു. മനുഷ്യാവകാശ സംരക്ഷണം എല്ലാവരുടെയും ഉത്തരവാദിത്തമാണ്. മനുഷ്യാവകാശത്തോടുള്ള ധാരണയും ബഹുമാനവും നമ്മുടെ സമൂഹത്തിൽ സമാധാനത്തിനും സുരക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും അടിത്തറ നൽകുന്നു.

നിയമനിർമ്മാണങ്ങൾ	വ്യവസ്ഥകൾ
ഹിന്ദുവിധവ പുനർവിവാഹ നിയമം 1856	വിധവ പുനർവിവാഹനിയമ വിധേയം.
ഹിന്ദു വിവാഹനിയമം 1955	സ്ത്രികളുടെ വിവാഹപ്രായം 21
ഹിന്ദു പിൻതുടർച്ച നിയമം 1956	സ്ത്രീകൾക്ക് അവരുടെ രക്ഷാകർതൃ സ്വത്തവകാശം ഉറപ്പാക്കുന്നു.
സ്ത്രീധന നിരോധന നിയമം 1961	സ്ത്രീധനത്തിന്റെ പേരിൽ വധുവിനോട് മോശമായി പെരുമാറുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നു.
ഈവ് ടീസിംഗ് ആക്ട് 1997	സ്ത്രീകൾക്ക് ആശ്വാസം നൽകുന്നു.
നീചമായ പ്രാതിനിധ്യ നിയമം 1999	മാഗസിൻ, പത്രങ്ങൾ മുതലായവയിൽ സ്ത്രീകളുടെ നീചമായ പ്രാതിനിധ്യം നിരോധിക്കുന്നു.
പുതിയ ഫാക്ടറി ആക്ട് 1948, പ്ലാന്റേഷൻ ലേബർ ആക്റ്റ് 1951, മൈൻസ് ആക്ട് 1952, പ്രസവാനുകൂല്യ നിയമം 1961	സ്ത്രീ തൊഴിലാളികളുടെ സംരക്ഷണം
ഗാർഹിക പീഡനങ്ങളിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005	ഭർത്താവും കുടുംബാംഗങ്ങളും ഉപദ്രവിക്കുന്നതിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നു.

പുനർവിചിന്തനം

- എല്ലാ മനുഷ്യർക്കും അർഹതയുള്ള അവകാശമാണ് മനുഷ്യാവകാശങ്ങൾ. അവയിൽ സിവിൽ, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങൾ ഉൾപ്പെടുന്നു.
- മനുഷ്യാവകാശങ്ങൾ അന്തർലീനവും അദൃശ്യവും പരസ്പരാശ്രിതവും അവിഭാജ്യവുമാണ്.
- ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് സമഗ്ര മനുഷ്യാവകാശനിമത്തിന്റെ സൃഷ്ടി.
- സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം 1948 ൽ പൊതുസഭ അംഗീകരിച്ചു.
- അന്തസ്സ്, നീതി, സമത്വം എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ് മനുഷ്യാവകാശം.

VIII Std - Civics Malayalam Chapter 4.indd 195 02/04/2024 18:01:29

- ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള മനുഷ്യാവകാശ കമ്മീഷനുകൾ മനുഷ്യാവകാശ സംരക്ഷണത്തിന് ഉറപ്പുനൽകുന്നു.
- മനുഷ്യാവകാശ സംരക്ഷണം എല്ലാവരുടെയും ഉത്തരവാദിത്തമാണ്

പദപരിചയം		
Nationality	People having common origin	ദേശീയത
humanitarian	seeking to promote human welfare	മനുഷ്യക്ഷേമം
brotherhood	state of being brothers	സാഹോദര്യം
fair trial	justify with legal	ന്യായമായ വിചാരണ
harmony	agreement of opinions	യോജിപ്പ്
heir	a person legally entitled to the property	അവകാശി



മൂല്യനിർണ്ണയം

OD9UK

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം മനുഷ്യാവകാശ സംരക്ഷണത്തിന് നിരവധി നടപടികൾ സ്വീകരിച്ചത്.
   a) ഐക്യരാഷ്ട്രസഭ
   b) സുപ്രീം കോടതി
   c) അന്താരാഷ്ട്ര നീതിന്യായ കോടതി
   d) ഇവയിലൊന്നുമല്ല.

2. 1995-ൽ ലോക വനിത പ്രതിനിധികൾ സമ്മേളിച്ച സ്ഥലം
   a) ബീജിംഗ് b) ന്യൂയോർക്ക
   c) ഡൽഹി d) ഇവയിലൊന്നുമല്ല

3. ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിതമായത് _____.
   a) 1990 b) 1993 c) 1978 d) 1979

4. 1979 നെ അന്തർദേശീയ _____ വർഷമായി പ്രഖ്യാപിച്ചു.
   a) പെൺകുട്ടികൾ b) ശിശു
   c) വനിത d) ഇവയിലൊന്നുമല്ല

5. മനുഷ്യാവകാശദിനമായി ആചരിക്കുന്നത്
   a) ഡിസംബർ 9 b)) ഡിസംബർ 10
   c) ഡിസംബർ 11 d) ഡിസംബർ 12

6. മനുഷ്യാവകാശങ്ങളുടെ പുതിയ അന്താരാഷ്ട്ര മാഗ്നകാർട്ട എന്ന് അറിയപ്പെടുന്നത്
   a) UDHRC b) NHRC
   c) SHRC d) അന്താരാഷ്ട്ര വനിതവർഷം

7. ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ ചെയർപേഴ്സൺ ആയി ആരെയാണ് നിയമിക്കപ്പെടുന്നത്
   a) വിരമിച്ച ഹൈക്കോടതി ജഡ്ജി
   b) സ്പ്രീംകോടതിയിലെ വിരമിച്ച ഏതെങ്കിലും മുഖ്യ ന്യായാധിപൻ
   c) രാഷ്ട്രപതിയാൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും ഒരു വ്യക്തി
   d) ഏതെങ്കിലും ഒരു കോടതിയിൽ നിന്ന് വിരമിച്ച മുഖ്യ ജഡ്ജി

8. മനുഷ്യാവകാശങ്ങളെ സംബന്ധിച്ചുള്ള സാർവത്രിക പ്രഖ്യാപനത്തിൽ എത്ര വകുപ്പുകൾ അടങ്ങിയിട്ടുണ്ട്.
   a) 20 b) 30 c) 40 d) 50

9. ദേശീയ മനനുഷ്യാവകാശ കമ്മീഷനിലെ ചെയർപേഴ്സണിന്റെ ഔദ്യോഗിക സേവന കാലാവധി
   a) 5 വർഷം അല്ലെങ്കിൽ 62 വയസ്സുവരെ
   b) 5 വർഷം അല്ലെങ്കിൽ 65 വയസ്സുവരെ
   c) 5 വർഷം അല്ലെങ്കിൽ 65 വയസ്സുവരെ
   d) 5 വർഷം അല്ലെങ്കിൽ 70 വയസ്സുവരെ

10. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം
    a) ഡൽഹി b) മുംബൈ
    c) അഹമ്മദാബാദ് d) കൊൽക്കത്ത

VIII Std - Civics Malayalam Chapter 4.indd 196 02/04/2024 18:01:30

II. വിട്ട ഭാഗം പൂരിപ്പിക്കുക

1. ഓരോ വ്യക്തിക്കും അന്തസ്സോടെ ജീവിതം നയിക്കുന്നതിന്_____ ഉണ്ട്
2. മനുഷ്യാവകാശങ്ങൾ _____അവകാശങ്ങളാകുന്നു.
3. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിക്കപ്പെട്ടത് _____
4. ഇന്ത്യൻ ഭരണഘടനയുടെ 24- ാം വകുപ്പ് പ്രകാരം നിവേദനം ഏർപ്പെടുത്തിയത്_____
5. ഐക്യരാഷ്ട്ര സംഘടന രൂപീകൃതമായ വർഷം _____

III. യോജിപ്പിക്കുക

1. എലനോർ റൂസ്വെൽറ്റ്	-	ലോകത്തിലെ ആദ്യത്തെ മനുഷ്യാവകാശ ചാർട്ടർ
2.ടസെറസ് സിലിണ്ടർ	-	1997
3.ഈവ് ടീസിംഗ് ആക്റ്റ്	-	അടിമത്തത്തിൽ നിന്നുള്ള മോചനം
4.ചൈൽഡ് ഹെൽപ്പ് ലൈൻ	-	മനുഷ്യാവകാശ കമ്മീഷൻ
5.പൗരാവകാശം	-	വോട്ടവകാശം
6.രാഷ്ട്രീയ അവകാശം	-	1098

IV. ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക

1. മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും ഒന്നാണ്.
2. പൗരന്റെ മനുഷ്യാവകാശങ്ങലുടെ പ്രഖ്യാപനം ഇന്ത്യയിൽ വ്യാപകമായി.
3. 1993-ലെ മനുഷ്യാവകാശ നിയമം ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണത്തിന് കാരണമായി.
4. ദേശീയ , സംസ്ഥാന തലത്തിൽ മനുഷ്യാവകാശങ്ങൾ ഉറപ്പിക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ശിക്ഷ നൽകുന്നതിനും ദേശീയ മനുഷ്യാവകാശ കമ്മീഷനെ അധികാരപ്പെടുത്തി.

V. താഴെപ്പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ഉചിതമായത് ടിക്ക്(✓) ചെയ്യുക.

1. തെറ്റായ പ്രസ്താവന കണ്ടുപിടിക്കുക

a) ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിയമാനുസൃത സ്ഥാപനമാണ്.

b) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഭരണഘടനാ സ്ഥാപനമാണ്

c) ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വാതന്ത്ര സ്ഥാപനമാണ്.

d) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഒരു വിവിധോദ്ദേശ്യ സ്ഥാപനമാണ്.

2. ദേശീയ മനുഷ്യാവകാശ കമ്മീഷനെക്കുറിച്ച് പറഞ്ഞിട്ടുള്ള പ്രസ്താവനകളിൽ ഏതാണ് തെറ്റ്

a) ഇത് 1993-ൽ സ്ഥാപിതമായി

b) ഭമനുഷ്യാവകാശ ലംഘന കുറ്റവാളികൾക്ക് ശിക്ഷ നൽകുന്നതിനുള്ള അധികാരം ഈ കമ്മീഷന് ഇല്ല.

c) ഈ കമ്മീഷനിലെ ചെയർപേഴ്സൺ മറ്റ് അംഗങ്ങൾ എന്നിവരെ ഇന്ത്യയിലെ സുപ്രീം കോടതിയിൽ നിയമിക്കപ്പെടുന്നു.

d) ദേശീയ മനുഷ്യാവകാശ കമ്മീഷൻ അതിന്റെ വാർഷിക റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും അയയ്ക്കുന്നു.

3. പ്രസ്താവന (A): മനുഷ്യാവകാശ ദിനമായി ഡിസംബർ 10 (അവകാശവാദം) ആചരിക്കുന്നു

കാരണം (R): എലതോർ റൂസ്വെൽറ്റിന്റെ ജന്മദിനം അനുസ്മരിപ്പിക്കുന്നു.

a) A ശരിയാണ്. R എന്നത് A യുടെ വിശദീകരണമല്ല

b) A ശരിയാണ്. R എന്നത് A യുടെ വിശദീകരണമാണ്

c) A യും R ഉം ശരി

d) A യും R ഉം തെറ്റ

4. താഴെ തന്നിട്ടുള്ള പ്രസ്താവനകൾ പരിഗണിക്കുക

1. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിരവധി അംഗങ്ങൾ അടങ്ങിയ ഒരു സ്ഥാപനമാണ്.
2. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഒരു ചെയർ പേഴ്സണും മൂന്ന് അംഗങ്ങളും അടങ്ങിയതാണ്.

മേൽ സൂചിപ്പിച്ച പ്രസ്താവനകളിൽ ഏതാണ് ശരി

1) 1 മാത്രം
2) 2 മാത്രം
3) 1 ഉം 2 ഉം
4) ഇവയിലൊന്നുമല്ല

VI. താഴെതന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യങ്ങളിൽഉത്തരമെഴുതുക

1. മനുഷ്യാവകാശങ്ങൾ എന്നാൽ എന്താണ്
2. സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പ്രാധാന്യം എഴുതുക
3. ഇന്ത്യൻ ഭരണഘടനയിലെ 45-ാം വകുപ്പ് വിഭാവനം ചെയ്യുന്നത് എന്താണ്?

VIII Std - Civics Malayalam Chapter 4.indd 197 02/04/2024 18:01:30

4. വിദ്യാഭ്യാസ അവകാശ നിയമത്തെക്കുറിച്ച് എഴുതുക
5. സ്ത്രീകളുടെ സുരക്ഷിതത്വം, ക്ഷേമം എന്നിവ നടപ്പിലാക്കുന്നതിനുവേണ്ടി പാസാക്കിയിട്ടുള്ള ഏതെങ്കിലും മൂന്ന് നിയമങ്ങളെ കുറിച്ച് എഴുതുക
6. രാഷ്ട്രീയപരമായ അവകാശങ്ങളിൽ ചിലത് കുറിപ്പിടുക
7. മനുഷ്യാവകാശത്തിലെ അഞ്ച് പ്രാഥമിക വിഭാഗങ്ങൾ ഏതെല്ലാം

VII. വിശദീകരിച്ച് ഉത്തരം എഴുതുക

1. മനുഷ്യാവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം
2. മനുഷ്യാവകാശങ്ങളുടെ ഏതെങ്കിലും 5 അടിസ്ഥാന സ്വഭാവഗുണങ്ങൾ വിവരിക്കുക
3. കുട്ടികളുടെ സംരക്ഷണത്തിന് സർക്കാർ തലത്തിൽ എടുത്തിട്ടുള്ള നടപടികളെ കുറിച്ച് എഴുതുക.

VIII. ഹോട്ടുകൾ

1. മനുഷ്യാവകാശത്തിന്റെ സാർവ്വത്രിക പ്രഖ്യാപനം ആർക്കാണ് പ്രയോജനപ്പെടുന്നത്? ഇത് നിങ്ങൾക്ക് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?

IX. പ്രോജക്റ്റും പ്രവർത്തനവും.

1. നിങ്ങൾ ആസാദിക്കുന്ന 10 അവകാശങ്ങളെക്കുറിച്ചും നിങ്ങളുടെ ഉത്തരവാദിത്തങ്ങളെ കുറിച്ചും ഒരു പട്ടിക തയ്യാറാക്കുക.

REFERENCE BOOKS

1. NCERT - *India and the World,* 2004
2. Arun Ray., *National Human Rights Commissionof India,* Khama Publisher, New Delhi,2004
3. Parikshith K. Naik., and Mehrabudin wakman., *Human Rights & International Organisations,* Trinity Publication, 2013

INTERNET RESOURCES

- www.shrc.tn.gov.in
- www.nhrc.nic.in
- www.un.org



ICT കോർണർ

മനുഷ്യാവകാശങ്ങളും ഐക്യരാഷ്ട്ര സഭയും.

ഈ പ്രവർത്തനത്തിലൂടെ ഐക്യരാഷ്ട്ര സംഘടനയുടെയും ഇന്ത്യയുടെയും ചിത്രപതമായകാലരേഖസംഭവങ്ങളെ ക്കുറിച്ച് നിങ്ങൾ മനസ്സിലാക്കും.



Step - 1 ബ്രൗസർ തുറന്ന് താഴെയുള്ള URL ടൈപ്പ് ചെയ്യുക അല്ലെങ്കിൽ (or) സ്കാൻ ചെയ്യുക. QR Code.

Step - 2 താഴോട്ട് സ്കാൻ ചെയ്ത് **'IN FOCUS'** ക്ലിക്ക് ചെയ്യുക.

Step - 3 3. താഴെ കൊടുത്തിട്ടുള്ള കാല രേഖയിൽ നിന്ന് ഏതെങ്കിലും ഒരു വർഷം തിരഞ്ഞെടുക്കുക (ഉദാ.1948) പിന്നീട് UNO കുറിച്ച് കൂടുതൽ പഠിക്കുന്നതിനു തിരഞ്ഞെടുക്കുക

Web URL: https://in.one.un.org/

*Pictures are indicative only

*If browser requires, allow Flash Player or Java Script to load the page

VIII Std - Civics Malayalam Chapter 4.indd 198 02/04/2024 18:01:30

യൂണിറ്റ് - 5

റോഡ് സുരക്ഷാ നിയമങ്ങളും നിയന്ത്രണങ്ങളും



നിയമങ്ങൾ അറിഞ്ഞാൽ വേദനയില്ല.
നിയമങ്ങൾ ഇല്ലെങ്കിൽ വേദന അറിയും.

പഠന ലക്ഷ്യങ്ങൾ

- റോഡ് സുരക്ഷയുടെ പ്രാധാന്യം മനസ്സിലാക്കുക.
- റോഡ് അപകടങ്ങളുടെ കാരണങ്ങൾ അപഗ്രഥിക്കുക.
- വാഹനം ഓടിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങൾ തിരിച്ചറിയുക.
- ട്രാഫിക്ക് അപകടങ്ങൾ തിരിച്ചറിയുന്നതിനും പ്രതികരിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കുക.
- റോഡിൽ ആത്മവിശ്വാസത്തോടേയും സുരക്ഷിതമായും നീങ്ങാൻ കഴിയുക.

Y6J57

ആമുഖം

വേഗതയും കണക്റ്റിവിറ്റിയും നൽകുന്ന ചില അസാധാരണമായ ഇൻഫ്രാസ്ട്രെക്ച്ചറിൻ മേൽ അടിസ്ഥാനമാക്കി ഉള്ളതാണ് നമ്മുടെ മുഴുവൻ നാഗരികതയും.

മനുഷ്യന്റെ ഏറ്റവും നിർണായകമായ കണ്ടു പിടിത്തങ്ങളിലൊന്നാണ് റോഡുകൾ. ഇന്നത്തെ ലോക ഗതാഗതം ഓരോ മനുഷ്യന്റെയും അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.റോഡുകൾ ദൂരം കുറയ്ക്കുന്നു. മറുവശത്ത് റോഡപകടങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾക്ക് പരിക്കേൽക്കുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു.റോഡ് സുരക്ഷ എന്നത് പ്രാഥമികമായി ഉദ്ദേശിക്കുന്നത് റോഡുകളിൽ യാത്രചെയ്യുന്ന എല്ലാവർക്കും സുരക്ഷയും സംരക്ഷണവും നൽകുന്നതാണ്.

റോഡ് സുരക്ഷയുടെ പ്രാധാന്യം

ഓരോ ദിവസവും റോഡപകടങ്ങളും പതിവായു സംഭവിക്കുന്ന അപകടങ്ങളും ദിനപത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.റോഡപകടങ്ങൾ അഭികാമ്യമല്ലാത്ത സംഭവങ്ങളാണ്, പരിക്ക് അല്ലെങ്കിൽ മരണത്തിലേക്ക് നയിക്കുന്ന സംഭവങ്ങളാണ്. ഈ മരണങ്ങളും പരിക്കുകളും ഗണ്യമായ സാമൂഹികവും സാമ്പത്തികവുമായ ചെലവുകൾക്ക് കാരണമാകുന്നു. പ്രശ്നം റോഡുകളുമായി ബന്ധപ്പെട്ടതല്ല, നമ്മുടെ അശ്രദ്ധയാണ് അത്തരം നിർഭാഗ്യത്തിന് കാരണമാക്കുന്നത്. ജീവൻ നഷ്ടപ്പെടുന്നതിലൂടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടും.നമ്മുടെ ട്രാഫിക് ഒരു വേഗത കുറഞ്ഞതും അതിവേഗത്തിലുള്ളതുമായ വാഹനങ്ങളുടെ വൈവിധ്യമാർന്ന മിശ്രിതമാണ് പ്രശ്നത്തിന് കാരണം.



അപകടങ്ങളുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ: മാരകമായ(മരണം), പരിക്ക്, സ്വത്ത് കേടുപാടുകൾ.

റോഡപകടങ്ങളുടെ കാരണങ്ങൾ

അമിതവേഗം – അമിത വേഗത അപകടസാധ്യത വർദ്ധിപ്പിക്കുന്നു. അമിത വേഗത മൂലമാണ് മാരകമായ അപകടങ്ങളിൽ ഭൂരിഭാഗവും സംഭവിക്കുന്നത്. വേഗതയിലെ വർദ്ധന അപ കടസാധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം അപ കടത്തിന്റെ കാഠിന്യവും പരിക്കും വർദ്ധിപ്പിക്കുന്നു. ടെയിൽഗേറ്റിംഗ് (ഒരു വാഹനത്തിന്റ വളരെ അടുത്ത് പുറകിൽ ഡ്രൈവിംഗ്) നിയമവിരുദ്ധവും അപകടകരവുമായ ശീലമാണ്.



VIII Std - Civics Malayalam Chapter 5.indd 199 02/04/2024 17:59:41

മദ്യപിച്ച് വാഹനമോടിക്കൽ : – മദ്യപാനം ഏകാഗ്രത കുറയ്ക്കുന്നു. തലകറക്കം കാരണം ഇത് കാഴ്ചയെ തടസ്സപ്പെടുത്തുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു. (മദ്യത്തിന്റെ ഉപയോഗം കണ്ടെത്തുന്നതിന് ക്രമരഹിതമായ ശ്വസന പരിശോധന നടത്തുന്നു)



ഡ്രൈവർക്കുണ്ടാകുന്ന അശ്രദ്ധ – ശ്രദ്ധ വ്യതിചലിക്കുന്നത് വാഹനത്തിന് പുറത്തോ അകത്തോ ആകാം. വാഹനം ഓടിക്കുമ്പോൾ മൊബൈൽഫോണിൽ സംസാരിക്കുക എന്നതാണ് ഇന്നത്തെ പ്രധാന അശ്രദ്ധ. ഫോണിൽ സംസാരിക്കുന്നത് തലച്ചോറിന്റെ ഒരു പ്രധാനഭാഗം ഉൾക്കൊള്ളുകയും ചെറിയഭാഗം ഡ്രൈവിംഗ് കഴിവുകൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. മറ്റുചില അശ്രദ്ധകളാണ് ചിന്തകളിൽ മുഴുകിയിരിക്കുന്നത് (പകൽ സ്വപ്നം) ഡ്രൈവിംഗ് സമയത്ത് കണ്ണാടികൾ ക്രമീകരിക്കൽ, വാഹനത്തിൽ സ്റ്റീരിയോ, റോഡിലെ മൃഗങ്ങൾ, ബാനറുകൾ, പരസ്യബോർഡുകൾ എന്നിവ മറ്റുചില അശ്രദ്ധകളാണ്.



റെഡ്‌ലൈറ്റ് ജമ്പിംഗ് – റെഡ്‌ലൈറ്റ് ജമ്പിംഗിന് പിന്നിലെ പ്രധാന ലക്ഷ്യം സമയം ലാഭിക്കുക എന്നതാണ്. എല്ലാ ഡ്രൈ വർമാരും കൃത്യമായി പിന്തുടരുന്ന ട്രാഫിക് സിഗ്നലുകൾ സമയം ലാഭിക്കുന്നുവെന്നും, യാത്രക്കാർ സുരക്ഷിതമായും കൃത്യസമയത്തും ലക്ഷ്യസ്ഥാനത്ത് എത്തുമെന്നും പ ഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.



സുരക്ഷാഗിയറുകൾ ഒഴിവാക്കുന്നു നാലുചക്രവാഹനങ്ങളിൽ സീറ്റ് ബെൽറ്റും, ഇരുചക്രവാഹനങ്ങൾക്ക് ഹെൽമെറ്റും ഉപയോഗിക്കുന്നത് നിയമപ്രകാരം കൊണ്ടുവന്നു. ഈ രണ്ട് കാര്യങ്ങളും അപകട ങ്ങളിൽ പരിക്കിന്റെ കാഠിന്യം കുറയ്ക്കുന്നു.

മറ്റ് വ്യത്യസ്ത ഘടകങ്ങൾ

a. ഡ്രൈവർ – അമിതവേഗത, തിരക്ക്, ഡ്രൈവിംഗ്, നിയമങ്ങളുടെ ലംഘനം , അടയാളങ്ങൾ മന സ്സിലാക്കുന്നതിലെ പരാജയം , അമിത ക്ഷീണം, മദ്യപാനം, തുടങ്ങിയവ.

b. കാൽനടയാത്രികർ – അശ്രദ്ധ, നിരക്ഷരത, തെറ്റായ സ്ഥങ്ങളിൽ റോഡ് മുറിച്ച് കടക്കൽ, റോഡിൽ കൂടെയുള്ള നടത്തം, ജയ്വാൽക്കേഴ്സ്.

c. യാത്രക്കാർ – വാഹനത്തിന് പുറത്ത് ശരീരഭാഗങ്ങൾ ഇടുക, ഡ്രൈവർമാരുമായി സംസാരിക്കുക, ഫുട്ബോർഡുകളിൽ യാത്ര ചെയ്യുക, ഓടുന്ന ബസ് പിടിക്കുക തുടങ്ങിയവ.

d. വാഹനങ്ങൾ – ബ്രേക്കിന്റേയോ, സ്റ്റിയറിംഗിന്റേയോ പരാജയം, ടയർ പൊട്ടൽ, അപര്യാപ്തമായ ഹെഡ്‌ലൈറ്റുകൾ, അമിതഭാരവും, പുറത്തേക്ക് കാണിക്കുന്ന ഭാരങ്ങളും.

e. റോഡിന്റെ അവസ്ഥ – കേടുപാടുകൾ സംഭവിച്ച റോഡ്, കുഴികൾ, ഗ്രാമീണറോഡിനെ ദേശീയ പാതകളുമായി ലയിപ്പിച്ച റോഡ്, വഴിതിരിച്ചുവിടലും നിയമവിരുദ്ധമായ സ്പീഡ് ബ്രേക്കറുകളും.

f. കാലാവസ്ഥ – മൂടൽമഞ്ഞ്, കനത്ത മഴ, കാറ്റ്, കാടുങ്കാറ്റും, ആലിപ്പഴകൊടുങ്കാറ്റും.

സുരക്ഷാനടപടികൾ

- ഇടതുവശത്തുകൂടി ഡ്രൈവിംഗ് ചെയ്യുക. എതിർ ദിശയിൽ നിന്ന് വാഹനങ്ങൾ കടന്നു പോകാൻ അനുവദിക്കുക.
- വളവുകളിലും തിരിവുകളിലും വേഗത കുറയ്ക്കുക. മനസ്സിൽ സൂക്ഷിക്കേണ്ട ഒരു പ്രധാന കാര്യം വളവുകളിൽ വേഗത കുറയ്ക്കുക എന്ന നിർദ്ദേശമാണ്.
- ഹെൽമെറ്റ് ഉപയോഗിക്കുക–ബൈക്കിൽ കയറന്നതിന് മുമ്പ് ഹെൽമെറ്റ് ധരിക്കുന്നത് ഒരു ശീലമാക്കുക.



- ഒരിക്കലും വേഗത പരിധി കവിയരുത്. പ്രദേശത്തിന്റെ ട്രാഫിക് അവസ്ഥയുമായി വേഗത പരിധി ബന്ധപ്പെട്ടിരിക്കുന്നു. അതിന ാൽ വേഗത പരിധി നിലനിർത്തുക.

VIII Std - Civics Malayalam Chapter 5.indd 200 02/04/2024 17:59:42

- കൃത്യമായ അകലം നിലനിർത്തുക – മുൻവശത്തുള്ള വാഹനത്തിൽ നിന്ന് വേണ്ടത്ര അകലം പാലിക്കാത്തതിനാൽ കൂട്ടിയിടികൾ സംഭവിക്കുന്നു. അതിനാൽ വലിയ വാഹനങ്ങളിൽ നിന്ന് സുരക്ഷിതമായ അകലം പാലിക്കുക. അവർക്ക് കാണാൻ സാധിക്കാത്ത സ്ഥലങ്ങളിൽ നിന്ന് വിട്ട് നിൽക്കുക. (പിൻ കാഴ്ചയിലൂടേയും വിംഗ് മിററിലൂടെയും കാണാത്ത ഒരു പ്രദേശം)
- നിയുക്ത മേഖലകളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുക. ദേശീയ പാതകളുടെ വശങ്ങളിലല്ല വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടത്. ബ്രേക്ക്ഡൗൺ സംഭവിക്കുമ്പോൾ പാർക്കിംഗ് ലൈറ്റുകളും ജാഗ്രത ത്രികോണവും ഉപയോഗിക്കുക.
- റോഡ് അടയാളങ്ങൾ പിന്തുടരുക – റോഡ് അടയാളങ്ങൾ കൂടുതലും ചിത്രരീതിയിൽ ആയതിനാൽ മനസ്സിലാക്കാൻ പ്രയാസമില്ല.
- മറ്റു ചില സുരക്ഷാ ടിപ്പുകൾ – മദ്യപിച്ചുകൊണ്ട് ഒരിക്കലും വാഹനം ഓടിക്കരുത്, വാഹന മോടിക്കുമ്പോൾ ഒരിക്കലും സെൽഫോൺ ഉപയോഗിക്കരുത്, ഡ്രൈവിംഗ് സമയത്ത് വളരെ ഉച്ചത്തിലുള്ള സംഗീതം കേൾക്കുന്നത് ഒഴിവാക്കുക, ലൈനുകൾ മാറ്റുന്നതിന് മുമ്പ് നിങ്ങളുടെ വാഹനത്തിലെ കണ്ണാടികൾ പരിശോധിക്കുക., എല്ലായ്പ്പോഴും സീറ്റ് ബെൽറ്റുകൾ ധരിക്കുക, ഡ്രൈവ് ചെയ്യുമ്പോൾ എല്ലായ്പ്പോഴും ശാന്തത പാലിക്കുക, കാൽനട യാത്രക്കാരോടോ, മറ്റ് ഡ്രൈവർമാരോടോ ഒരിക്കലും വഴക്കിടരുത്.
- കാൽനടയാത്രക്കാർക്ക് – സീബ്ര ക്രോസിംഗിൽ മാത്രം ക്രോസ് ചെയ്യുക. സിഗ്നലുകൾക്കായി നിങ്ങൾ പാഴാക്കുന്ന രണ്ട് മിനിറ്റ് സമയം നിങ്ങളുടെ ജീവിത മൂല്യത്തിന് സമമാണ്. ചുവപ്പും മഞ്ഞയും വെളിച്ചത്തിൽ ഒരിക്കലും കടക്കരുത്. വശങ്ങളിൽ കൂടെ നടക്കുകയും റോഡിൽ കൂടെ നടക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.

108 അടിയന്തര പ്രതികരണ സേവനം

ഇത് മെഡിക്കൽ (ആംബുലൻസ്) പോലീസ്, അഗ്നിശമന സേവനങ്ങൾ എന്നിവ നൽകുന്ന സംയോജിത സൗജന്യ അടിയന്തര സേവനമാണ്. റോഡിൽ ഇരകളായ ആരെയെങ്കിലും കണ്ടാൽ പരിഭ്രാന്തരാകരുത് . സഹായത്തിന് 108 ഉം ട്രാഫിക് അപകടങ്ങൾക്ക് 103 ഉം വിളിക്കുക..



ഇടവിട്ട വെളുത്ത വര – റോഡുകളിൽ അടിസ്ഥാന അടയാളപ്പെടുത്തൽ. നിങ്ങൾക്ക് പാതകൾ മാറ്റാം, ഒരു വാഹനത്തെ മറികടക്കാൻ അനുവദിക്കുകയോ യു ടേൺ എടുക്കുകയോ ചെയ്യുന്നത് സുരക്ഷിതമാണ്.



കട്ടിയായ വെളുത്ത രേഖ – തന്ത്രപരമായ പ്രാധാന്യമുള്ള മേഖലകളിൽ കാണുന്നു. മറികടക്കുന്നതിനും പാതയ്ക്കുള്ളിൽ തുടരുന്നതിനും നിങ്ങളെ അനുവദിച്ചിട്ടില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്.



ഒറ്റ കട്ടിയുള്ള മഞ്ഞ വരകൾ – ദൃശ്യപരത കുറവുള്ള പ്രദേശങ്ങളിൽ ഉപയോഗിക്കുന്നു. നിങ്ങൾക്ക് മറികടക്കാൻ കഴിയുമെന്നും നിങ്ങളുടെ ഭാഗത്ത് ഡ്രൈവ് ചെയ്യണമെന്നും ഇത് സൂചിപ്പിക്കുന്നു.



ഇരട്ട കടും മഞ്ഞ വരകൾ – അപകടകരമായ റോഡുകളിൽ അല്ലെങ്കിൽ രണ്ട് വഴികളിലൂടെ ഉപയോഗിക്കുന്നു. ആരെങ്കിലും പാതയിലേക്ക് കടക്കുന്നതിനെ ഇത് കർശനമായി വിലക്കുന്നു. നിങ്ങളുടെ സ്വന്തം പാതയ്ക്കുള്ളിൽ നിങ്ങൾക്ക് മറികടക്കാൻ കഴിയും.



വിരാമ രേഖ – കാൽനട യാത്രക്കാർക്ക് കുറുകെ കടക്കുന്നതിന് മുമ്പായി ഇത് അടയാളപ്പെടുത്തുകയും ട്രാഫിക് സിഗ്നലിന് മുമ്പായി കാറിന്റെ സമയ പരിധി നിർത്തുകയും ചെയ്യുന്നു.



ഇടവിട്ടതും കട്ടികൂടിയതുമായ രേഖ – ഇടവിട്ട രേഖകൾ ഉള്ള വശത്ത് വാഹനമോടിക്കുന്നവർക്ക് മറികടക്കാവുന്നതാണ്. എന്നാൽ കട്ടികൂടിയ രേഖകൾ ഉള്ള വശത്ത് മറകടക്കാൻ പാടില്ല.

VIII Std - Civics Malayalam Chapter 5.indd 201 02/04/2024 17:59:43

നിർബന്ധിത അടയാളങ്ങൾ

ട്രാഫിക് ചിഹ്നത്തിന്റെ ആദ്യ വിഭാഗം നിർബന്ധിത അടയാളങ്ങളാണ്. ഏതെങ്കിലും നിർബന്ധിത ട്രാഫിക് ചിഹ്നത്തിന്റെ ലംഘനം റോഡു ഗതാഗതവകുപ്പ് നിയമപ്രകാരം ശിക്ഷിക്കാവുന്ന കുറ്റമാണ്.



നിർത്തുക | പോകാൻ അനുവദിക്കുക | ഒരു വഴി | പ്രവേശനമില്ല | ഒരു വഴി | ഭാരവാഹന നിരോധനം
വലത് തിരിവ് നിരോധിച്ചിരിക്കുന്നു | ഇടത് തിരിവ് നിരോധിച്ചിരിക്കുന്നു | U-തിരിവ് നിരോധിച്ചിരിക്കുന്നു | മറികടക്കൽ നിരോധിച്ചിരിക്കുന്നു | ഹോൺ നിരോധനം | വേഗത പരിധി
ബസ്സ് നിർത്തുക | നിർബന്ധിതമായി ഇടത് പോവുക | നിർബന്ധിത മുന്നിലുള്ളത് മാത്രം | നിർബന്ധിത വലത് തിരിവ് | നിർബന്ധിത മുന്നിലുള്ളത്/വലത് തിരിവ് | നിർബന്ധിത മുന്നിലുള്ളത്/ഇടത് പോവുക



നിർബന്ധിതമായിഇടത് പോവുക | നിർബന്ധിത ശബ്ദഹോൺ

T9YNE

മുൻകരുതൽ അടയാളങ്ങൾ

റോഡുമാർഗ്ഗങ്ങളും ഗതാഗത വകുപ്പും 40 ജാഗ്രത ട്രാഫിക് ചിഹ്നങ്ങൾ ചേർത്തിട്ടുണ്ട്. സാഹചര്യം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കാൻ ഡ്രൈവർക്ക് മുന്നറിയിപ്പ് നൽകുക. എന്നതാണ് മുൻകരുതൽ അടയാളങ്ങളുടെ പ്രധാന പ്രവർത്തനം.



വലത് കൈവളവ് | ഇടത് കൈവളവ് | കൊടും വളവ് വലത്ത് | ഇടത് വിവരീത വളവ് | വലത് വിവരീത വളവ് | കൊടും വളവ് ഇടത്
കുത്തനെയുള്ള കയറ്റം | ഇടുങ്ങിയ റോഡ് മുന്നോട്ട് | വീതികൂടിയ റോഡ്മുന്നോട്ട് | പാലം | വഴുവഴുപ്പായ റോഡ് | സൈക്കിൾ ക്രോസിംഗ്
കാൽ നടയാത്രികൻ | മുന്നിൽ സ്കൂൾ | ആളുകൾ പണിയെടുക്കുന്നു | ടി-ജംഗ്ഷൻ | വീഴുന്ന പാറകൾ | ലെവൽ ക്രോസിംഗ്

വിവര ചിഹ്നങ്ങൾ

ഈ അടയാളങ്ങളൾ ഡ്രൈവർമാർക്ക് ബോർഡുകൾ വഴി വിവരങ്ങൾ നൽകുന്നു.



പബ്ലിക് ടെലിഫോൺ | ഇന്ധനം | ആശുപത്രി | റെയിൽവേ സ്റ്റേഷൻ | ഭക്ഷണ സ്ഥലങ്ങൾ
ലൈറ്റ് റിഫ്രഷ്മെന്റ് | വിശ്രമ സ്ഥലം | റോഡ് അടച്ചു | ഈ വശത്ത് പാർക്ക് ചെയ്യുക | പാർക്കിംഗ് സ്കൂട്ടറും മോട്ടോർ സൈക്കിളും

VIII Std - Civics Malayalam Chapter 5.indd 202 02/04/2024 17:59:44

ഗതാഗതചിഹ്നങ്ങൾ

ട്രാഫിക് നിയന്ത്രിക്കുന്നതിനും അപകടങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽക്കുന്നതിനും റോഡ് ഉപയോക്താക്കളെ നയിക്കുന്നതിനും ട്രാഫിക് അടയാളങ്ങൾ ഉണ്ട്. ട്രാഫിക് അടയാളങ്ങൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ട്രാഫിക് അടയാളങ്ങളെക്കുറിച്ച് നമുക്ക് ശരിയായ അറിവ് ഉണ്ടായിരിക്കണം. ഡ്രൈവിംഗ് ലൈസൻസ് നേടാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് ട്രാഫിക് ചിഹ്നങ്ങളെക്കുറിച്ച് നന്നായി അറിയേണ്ടത് സർക്കാർ നിർബന്ധമാക്കി .ട്രാഫിക് ചിഹ്നങ്ങൾ, ഡ്രൈവർമാർക്കും യാത്രക്കാർക്കും റോഡിൽ ഉണ്ടാകുന്ന അഭികാമ്യമല്ലാത്ത അപകടങ്ങളെ തടയുന്നു.

മൂന്ന് തരം ഗതാഗത അടയാളങ്ങളുണ്ട്

നിർബന്ധിത അടയാളങ്ങൾ – ഇത് നൽകുന്ന ഓർഡർ കർശനമായി പാലിക്കേണ്ടതുണ്ട്. അവ സാധാരണയായി വൃത്താകൃതിയിലാണ്

മുൻകരുതൽ അടയാളങ്ങൾ – മുന്നിലുള്ള റോഡ് അവസ്ഥയെക്കുറിച്ച് ഉപയോക്താവിന് മുന്നറിയിപ്പ് നൽകുന്നു. അവ സാധാരണയായി ത്രികോണാകൃതിയിലാണ്

വിവര ചിഹ്നങ്ങൾ – ദിശകൾ, ലക്ഷ്യസ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. അവ സാധാരണയായി ചതുരാകൃതിയിലാണ്.

ഗതാഗത അടയാളങ്ങൾ

ട്രാഫിക് ലൈറ്റുകൾ ഒരു കവലയിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ഉപകരണമാണ് . അത് സാർവ്വത്രിക കളർകോഡ് ഉപയോഗിച്ചുകൊണ്ട് റോഡ് കവലയിലും കാൽനട ക്രോസിംഗിലും നടക്കുന്നതും വാഹനമോടിക്കുന്നതും എപ്പോഴെല്ലാം സുരക്ഷിതമാണെന്ന് സൂചിപ്പിക്കുന്നു.

മഞ്ഞ – ഈ അടയാളം നിർത്തുന്നതിനെ സൂചിപ്പിക്കുന്നു. പച്ച കാണിക്കുന്നതുവരെ കടന്നു പോവുകയോ, കടക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. അബദ്ധവശാൽ, ഒരു വലിയറോഡ് മുറിച്ചുകടക്കുമ്പോൾ നമ്മൾ മഞ്ഞ സിഗ്നലിനിടയിൽ കുടുങ്ങുകയാണെങ്കിൽ ശ്രദ്ധയോടെ തുടരുക ഒപ്പം പരിഭ്രാന്തിയിലാകരുത്.

പച്ച – വഴി വ്യക്തമാണെങ്കിൽ നിങ്ങൾക്ക് പോകാമെന്ന് ഈ സിഗ്നൽ സൂചിപ്പിക്കുന്നു.

മിന്നുന്ന മഞ്ഞ സിഗ്നൽ – ഇത് വേഗത കുറയ്ക്കാനും ജാഗ്രതയോടെ മുന്നോട്ട് പോകാനും സൂചിപ്പിക്കുന്നു.

രാത്രി വെളിച്ചം:



നിർത്തുക, നോക്കുക തുടരുക **സാവധാനം, നോക്കുക തുടരുക**

രാത്രിയിൽ ഗതാഗതം കുറയുമ്പോൾ പോലീസ് പല കവലകളിലും സിഗ്നൽ ഓഫ് ചെയ്തേക്കാം. അതിനർത്ഥം ജാഗ്രതയോടെ തുടരുക .എന്നാൽ നിർത്തേണ്ടതില്ല എന്നാണ്.

ഇന്ത്യയിലെ ഗതാഗത നിയമങ്ങൾ

1989-ൽ പ്രാബല്യത്തിൽ വന്ന പാർലമെന്റ് പാസാക്കിയ 1988-ലെ മോട്ടോർ വാഹനനിയമ ഇന്ത്യക്ക് മുഴുവൻ ബാധകമാണ്.

- വൺവേ റോഡിൽ ഡ്രൈവർ മറികടക്കുന്ന വാഹനത്തെ വലതുവശത്തേക്ക് അനുവദിക്കണം വൺവേ സ്ട്രീറ്റിൽ വാഹനം ഒരിക്കലും റിവേഴ്സ് ചെയ്യരുത്.
- ടു വേ റോഡിൽ ,ഡ്രൈവർ റോഡിന്റെ ഇടതുവശത്ത് ഡ്രൈവ് ചെയ്യണം.
- എല്ലാ ജംഗ്ഷനുകളിലും കാൽനട ക്രോസിംഗിലും ഡ്രൈവർ വേഗത കുറയ്ക്കേണ്ടത് നിർബന്ധമാണ്
- ഹോസ്പിറ്റൽ സോണുകൾ, സ്കൂൾ സോണുകൾ, മുതലായ നിരോധിത പ്രദേശങ്ങളിൽ ഡ്രൈവർമാർ ഹോണുകൾ ഉപയോഗിക്കരുത്.
- ഫയർ എഞ്ചിൻ, ആംബുലൻസ്, കരസേന പോലുള്ള അടിയന്തിര വാഹനങ്ങൾക്ക് വഴിമാറേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.
- എതിരെ വാഹനങ്ങൾ വരുമ്പോഴും തൊട്ടുപിന്നിൽ വാഹനങ്ങൾ വന്നു കൊണ്ടിരിക്കുമ്പോഴും പ്രകാശം കുറയ്ക്കണം.
- ഡ്രൈവർ വാഹനം മന്ദഗതിയിലാക്കുമ്പോൾ വലതുകൈ ഉയർത്തി മുകളിലേക്കും താഴേക്കും കൈവീശീ കാണിക്കുക
- ഡ്രൈവർ തന്റെ വാഹനം നിർത്തുമ്പേൾ പിന്നിലെ മറ്റ് വാഹനങ്ങളെ സൂചിപ്പിക്കുന്നതിന് കൈ ലംബമായി ഉയർത്തണം.
- ഡ്രൈവർ വലത്തേക്ക് തിരിയുകയാണെങ്കിൽ, കൈപ്പത്തി മുൻവശത്ത് നേരെ കൈ നീട്ടണം
- ഡ്രൈവർ ഇടത്തേക്ക് തിരിയുകയാണെങ്കിൽ അയാൾ എതിർ ഘടികാരദിശയിൽ കൈതിരിക്കണം.

VIII Std - Civics Malayalam Chapter 5.indd 203 02/04/2024 17:59:45

- അടിയന്തിര സാഹചര്യങ്ങളിൽ, അപകട സാധ്യത സൂചകം ഉപയോഗിക്കണം, അത് രണ്ട് സൂചകങ്ങളിലും കാണിക്കുകയും ചെയ്യും.
- ഇരുചക്ര വാഹനത്തിൽ ഒരു പില്യൻ സവാരി മാത്രമേ അനുവദിക്കൂ.
- ഹോൺ ശരിക്കും ശല്യപ്പെടുത്തുന്നതോ, ഉച്ചത്തിലുള്ളതോ ആയിരിക്കരുത്. ഇലക്ട്രോണിക് ഹോൺ അനുവദനീയമാണ്
- ആംബുലൻസ് ഫയർ എഞ്ചിൻ അല്ലെങ്കിൽ പോലീസ് വാഹനം പോലുള്ള രക്ഷാവാഹനത്തിന് മുന്നിൽ പാർക്കിംഗ് വാഹനം നിയമപ്രകാരം ശിക്ഷാർഹമാണ്. അങ്ങനെ ചെയ്യുന്ന വ്യക്തി പിഴ നൽകണം.

ഇന്ത്യൻ പീനൽ കോഡിന്റെ 304

ഡ്രൈവർമാരുടെ അശ്രദ്ധയും അലംഭാവവും മൂലം മരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന ക്രിമിനൽ കേസ് ഈ വകുപ്പ് പ്രകാരം പോലീസ് ഫയൽ ചെയ്യും

വ്യത്യസ്ത വർണ്ണ നമ്പർ പ്ലേറ്റുകൾ

ചുവന്ന നമ്പർ പ്ലേറ്റ് – ഇന്ത്യൻ രാഷ്ട്രപതിക്കും സംസ്ഥാന ഗവർണർക്കും വാഹനത്തിൽ ഇത് ഉപയോഗിക്കുന്നു.

നീല നമ്പർ പ്ലേറ്റ് – വിദേശ പ്രതിനിധികൾ, അംബാസഡർ ഉപയോഗിക്കുന്ന വാഹനത്തിന് ഇത് നൽകിയിരുന്നു.

വെള്ള നമ്പർ പ്ലേറ്റ് – കാർ ഒരു സാധാരണ പൗരന്റേതാണ് എന്നാണ് ഇതിനർത്ഥം.

മഞ്ഞ നമ്പർ പ്ലേറ്റ് – ഇത് വാണിജ്യ വാഹനത്തിനുള്ളതാണ്.

ആവശ്യരേഖകൾ – വാഹനം ഓടിക്കുമ്പോൾ ഒരു ഡ്രൈവർ താഴെ പറയുന്ന രേഖകൾ കൈവശം വയ്ക്കണം. വാഹന നികുതി സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

റോഡപകടങ്ങൾ തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ

റോഡപകടങ്ങളും റോഡപകടമരണങ്ങളും തടയാൻ റോഡ് ഗതാഗത ദേശീയ പാത മന്ത്രാലയം നിരവധി നടപടികൾ സ്വീകരിച്ചു.

ഇതിൽ ഉൾപ്പെടുന്നവ

ഒരു മൾട്ടി-പ്രോംഗ്ഡ് സ്ട്രാറ്റജി (ബഹുമുഖതന്ത്രം) അടിസ്ഥാനമാക്കി നാല് 'E'കൾ Engineering (എഞ്ചിനീയറിംഗ്), Enforcement (എൻഫോഴ്സ്മെന്റ്), Education (വിദ്യാഭ്യാസം), Emergency Care (അടിയന്തിര പരിചരണം) എന്നിവയിൽ റോഡ് സുരക്ഷ ഉറപ്പാക്കുന്നു. മികച്ചതും സുരക്ഷിതവുമായ റോഡ് എഞ്ചിയറിംഗ്, മെച്ചപ്പെട്ട വാഹന സുരക്ഷാ മാനദണ്ഡങ്ങൾ, ഡ്രൈവർമാരുടെ പരിശീലനം, മെച്ചപ്പെട്ട ട്രോമാ കെയർ, പൊതു അവബോധം സൃഷ്ടിക്കൽ, എന്നിവ അർത്ഥമാക്കുന്നു.

വാഹന സുരക്ഷാ മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തുന്നു. നീണ്ടുനിൽക്കുന്ന വടി വഹിക്കുന്നതിൽനിന്ന് ട്രക്കുകൾ നിരോധിച്ചിരിക്കുന്നു.

ആന്റി-ലോക്കിംഗ് ബ്രേക്ക് സിസ്റ്റം (എ ബി എസ്) കനത്ത വാഹനങ്ങളിൽ നിർബന്ധമാക്കി. ഇരുചക്രവാഹനങ്ങളിൽ എ ബി എസ് / സി ബി എസ് ഇൻഡക്ഷൻ നിർബന്ധമാക്കി. ഇരുചക്രവാഹനങ്ങൾ കൂടുതൽ വ്യക്തമാക്കുന്നതിന് AHO (ഓട്ടോമാറ്റിക് ഹെഡ്ലൈറ്റ് ഓൺ) നിർബന്ധമാക്കി.

റോഡ് അപകടത്തിൽപ്പെടുന്നവർക്ക് പണമില്ലാതെ ചികിത്സിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ടുകൾ-

ഈ പ്രോജക്റ്റ് ഇതിനകം തന്നെ ദേശീയ പാത8,ദേശീയപാത33 ഇവിടങ്ങളിൽചെയ്തിട്ടുണ്ട്. സുവർണ്ണ ചതുർഭുജം, വടക്ക് തെക്ക്, കിഴക്ക് പടിഞ്ഞാറൻ ഇടനാഴികളിലൂടെ ഈ പദ്ധതി നടപ്പാക്കാൻ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു. ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ദേശീയപാതകളിൽ ഓരോ 50 കിലോമീറ്ററിലും ദ്രുതപ്രതികരണ ആംബുലൻസ് പാർക്ക് ചെയ്യുന്നു.

ആംബുലൻസുകൾക്കായി കോളുകൾ സ്വീകരിക്കുന്നതിനുള്ള 24x7 കോൾ സെന്റർ സൃഷ്ടിക്കുകയും പരിശീലനം നൽകുകയും റോഡ് സുരക്ഷാ വോളന്റിയർമാർക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിന് പരിശീലനം നൽകുകയും ചെയ്തു.

സേതു ഭാരതം - ദേശീയ പാതകളിൽ സുരക്ഷിതവും തടസ്സമില്ലാത്തതുമായ യാത്രകൾക്കായി പാലങ്ങൾ പണിയുന്നതിനായി 2016 ൽ ഒരു പരിപാടി ആരംഭിച്ചു. 2019- ൽ എല്ലാ ദേശീയ ഹൈവേകളും റെയിൽവേ ലെവൽ ക്രോസിംഗിൽ നിന്നും മുക്തമാക്കാനാണ് ഇത് ലക്ഷ്യമിടുന്നത്.

സ്പീഡ് ഗവർണർ- ഈ ഉപകരണത്തിന് ഒരു വാഹനം എത്ര വേഗത്തിൽ പോകുന്നുവെന്ന് തിരിച്ചറിയാൻ കഴിയുന്ന സെൻസറുകളുടെ ഒരു ശ്രേണി ഉണ്ട്. ഇത് നിശ്ചയിച്ചിരിക്കുന്ന പരിധി മറികടക്കുകയാണെങ്കിൽ അത് വായുവിന്റെയും ഇന്ധനത്തിന്റെയും എഞ്ചിനിലേക്കുള്ള ഒഴുക്ക് നിയന്ത്രിക്കുന്നു. ഇത് യാന്ത്രികമായി വാഹനത്തെ മന്ദഗതിയിലാക്കുകയും മുൻകൂട്ടി നിശ്ചയിച്ച വേഗത മറികടക്കുന്നതിൽ നിന്ന് വാഹനം തടയുകയും ചെയ്യുന്നു

VIII Std - Civics Malayalam Chapter 5.indd 204 02/04/2024 17:59:45

വ്യത്യസ്ത സന്ദേശ ചിഹ്നങ്ങൾ
യാത്രക്കാർക്ക് ആശയവിനിമയം നടത്തേണ്ട പ്രധാന വിവരങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുന്ന എൽ.ഇ.ഡി. ബോർഡുകളാണ് ഇവ. വലിയ തകരാറുകൾ ഉണ്ടായാൽ ട്രാഫിക് അവസ്ഥ റോഡ് ഉപയോക്താക്കളെ അപ്ഡേറ്റ് ചെയ്യുന്നതിന് ഇവ ഉപയോഗിക്കാം.



റോഡ് സുരക്ഷയെ കുറിച്ചുള്ള ബ്രസീലിയ പ്രഖ്യാപനം

റോഡ് സുരക്ഷയെക്കുറിച്ചുള്ള രണ്ടാമത്തെ ആഗോള ഉന്നതതല സമ്മേളനമാണിത്. റോഡ് സുരക്ഷയെ ഒരു ഗുരുതരമായ പ്രശ്നമായി കണക്കാക്കുന്നു. റോഡ് സുരക്ഷയും ഈ ദശകത്തിന്റെ അവസാനത്തോടെ ട്രാഫിക് മരണങ്ങൾ കുറയ്ക്കുന്നതിനുള്ള വഴികളും മെച്ചപ്പെടുത്തുന്നതിന് ലോകമെമ്പാടുമുള്ള പങ്കാളികൾ പ്രതിജ്ഞാബദ്ധരായ ബ്രസീലിയ പ്രഖ്യാപനത്തിൽ ഇന്ത്യ 2015 ൽ ഒപ്പു വച്ചു. കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ റോഡ് സുരക്ഷയെ കുറിച്ചുള്ള ഒരു കൂട്ടം കോമിക് പുസ്തകങ്ങൾ സ്വച്ഛാ സുരക്ഷിതവും സുവർഷിത് യാർഡും പുറത്തിറക്കി.

സേവ് ലൈഫ് ഫൗണ്ടേഷൻ

റോഡ് സുരക്ഷയും ഇന്ത്യയിലുടനീളം അടിയന്തിര വൈദ്യ സഹായവും മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര, ലാഭരഹിത, സർക്കാരിതര പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റാണ്, സേഫ് ലൈഫ് ഫൗണ്ടേഷൻ.

റോഡ് സുരക്ഷാ വാരം

ട്രാഫിക് നിയമങ്ങളെക്കുറിച്ചു പൊതുജന അവബോധം വളർത്തുന്നതിനും ആത്യന്തികമായി റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു ദേശീയ സംഗതിയാണ് റോഡ് സുരക്ഷാ വാരം. റോഡ് ഉപയോക്താക്കൾക്കിടയിൽ റോഡ് സുരക്ഷാ സ്വഭാവം ശക്തിപ്പെടുത്താനും ഇത് ഉദ്ദേശിക്കുന്നു. റോഡ് ഗതാഗത ദേശീയ പാത മന്ത്രാലയം റോഡ് സുരക്ഷ സംഘടിത പ്രവർത്തനം ആഘോഷിക്കുന്നത് ആരംഭിച്ചു. ദേശീയ സുരക്ഷാ കൗൺസിൽ എൻ. എസ്. സി. ഓഫ് ഇന്ത്യയാണ് ദേശീയ റോഡ് സുരക്ഷാവാരം സംഘടിപ്പിക്കുന്നത്. സുരക്ഷ, ആരോഗ്യം പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയിൽ പൊതു ജനങ്ങളെ ഉൾപ്പെടുത്തുന്നതിന് ഇന്ത്യൻ സർക്കാർ രൂപീകരിച്ച സ്വയം ഭരണ സ്ഥാപന മാണിത്. എല്ലാ വർഷവും ജനുവരി മാസത്തിൽ ദേശീയ റോഡ് സുരക്ഷാ വാരം ആചരിക്കുന്നു.

റോഡ് സുരക്ഷയ്ക്കുള്ള ദശാബ്ദ നടപടി 2011-2020

റോഡ് സുരക്ഷയ്ക്കായി 2011 മുതൽ 2020 വരെ യു എൻ പൊതുസഭ ഔദ്യോഗികമായി പ്രഖ്യാപിച്ചു. റോഡുകളുടെയും വാഹനങ്ങളുടെയും സുരക്ഷ മെച്ചപ്പെടുത്തുന്നതിലൂടെയും റോഡ് ഉപയോക്താക്കളുടെ പെരുമാറ്റം വർദ്ധിപ്പിക്കുന്നതിലൂടെയും അടിയന്തിര സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും ദശലക്ഷക്കണക്കിന് ജീവൻ രക്ഷിക്കാൻ പത്തു കൊല്ലം കൊണ്ടു ശ്രമിച്ചു കൊണ്ടിരിക്കുന്നു.



ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് റെഡ് ക്രോസ് ആൻഡ് റെഡ് ക്രസന്റ് സൊസൈറ്റീസ് (IFRC)

താഴെ നിർദ്ദേശിച്ചിരിക്കുന്ന 10 ആശയങ്ങൾ:



VIII Std - Civics Malayalam Chapter 5.indd 205 02/04/2024 17:59:46

ഉപസംഹാരം

റോഡ് ട്രാഫിക് അപകടം പ്രവചിക്കാവുന്നതും അതിനാൽ തടയായുന്നതു മാണ്. അതിനാൽ എല്ലാവരും റോഡ് സുരക്ഷ നിയമങ്ങളും അടയാളങ്ങളും കർശനമായി പാലിക്കണം.

നേരത്തെ പുറപ്പെടുക! സാവധാനം ഡ്രൈവ് ചെയ്യുക! സുരക്ഷിതമായി എത്തിച്ചേരുക!

പുനർവിചിന്തം

- റോഡ് സുരക്ഷ പ്രധാനമായും എല്ലാ റോഡ് ഉപയോക്തക്കളുടെയും സുരക്ഷയെക്കുറിച്ചും ഉദ്ദേശിച്ചുള്ളതാണ്
- റോഡപകടങ്ങൾ അഭികാമ്യമല്ലാത്ത സംഭവങ്ങളാണ് ഗുരുതരമായ പരിക്കോ ജീവൻ നഷ്ടപ്പെടുന്നതോ ഉപജീവന മാർഗ്ഗത്തിന് കാരണമാകുന്നു
- ട്രാഫിക് ചിഹ്നങ്ങൾ, ട്രാഫിക് നിയന്ത്രിക്കുക, അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുക. റോഡ് ഉപയോക്താവിനെ നയിക്കുക എന്നിവയാണ്
- നിർബന്ധിത ചിഹ്നങ്ങൾ മുൻക്കരുതൽ അടയാളങ്ങൾ വിവര ചിഹ്നങ്ങൾ എന്നിങ്ങനെ മൂന്ന് തരം ട്രാഫിക് ചിഹ്നങ്ങളുണ്ട്.
- റോഡ് ചട്ടങ്ങളുടെ നിയമം 1989 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വന്നു.
- റോഡ് അപകടം തടയാൻ റോഡ് ഗതാഗത ദേശീയ പാത മന്ത്രാലയം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- റോഡ് സുരക്ഷാ സംവിധാന നിയമങ്ങളെ ക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുന്നതിന് എല്ലാ വർഷവും ഗതാഗത ദേശീയ പാത റോഡ് സുരക്ഷാ മന്ത്രാലയം റോഡ് സുരക്ഷാവാരം ആചരിക്കുന്നു.

പദപരിചയം

Commuters	Passengers	യാത്രക്കാർ
Billboard	A hoarding	വിളംബരം
Panic	Anxiety	ഉത്കണ്ഠ
Hazard	Danger/Risk	ആപത്ത് \ അപകടസാധ്യത
Mandatory	Compulsory	നിർബന്ധം
Pillion	A seat for a passenger behind a motorcyclist	ഇരുചക്ര വാഹനത്തിന്റെ പുറകിൽ ഇരിക്കുന്ന ആൾ
Congestion	Overcrowding	ഞെരുക്കം



മൂല്യ നിർണ്ണയം

C8UK3

I. മൂല്യ നിർണ്ണയം ശരിയായ ഉത്തരം തിരഞ്ഞടുക്കുക:

1. ചുവന്ന വെളിച്ചത്തിൽ.
   a) പാത വ്യക്തമായി തോന്നുകയാണെങ്കിൽ നിങ്ങൾക്ക് തുടരാം.
   b) നിങ്ങൾ പച്ചനിറമാകുന്നതു വരെ കാത്തിരിക്കണം.
   c) നിങ്ങളുടെ ചങ്ങാതിമാരുടെ വാചക സന്ദേശത്തിന് വേഗത്തിൽ മറുപടി നൽകാൻ നിങ്ങൾക്ക് കഴിയുക.
   d) നിങ്ങൾക്ക് കോളിൽ പങ്കെടുക്കാം.
2. കാൽ നടയാത്രക്കാർക്ക് ഇതു വഴി മാത്രമേ റോഡു മുറിച്ചു കടക്കാൻ കഴിയൂ.
   a) എവിടെയും
   b) സിഗ്നലുകൾക്ക് സമീപം
   c) സീബ്രാക്രോസിംഗ്
   d) ഒന്നുമില്ല
3. എല്ലാ വർഷവും_____മാസത്തിലാണ് റോഡ് സുരക്ഷാ വാരം ആഘോഷിക്കുന്നത്
   a) ഡിസംബർ b) ജനുവരി
   c) മാർച്ച് d) മേയ്
4. ആംബുലൻസ് സേവനത്തിനായി അടിയന്തരകോൾ_____.
   a) 108 b) 100
   c) 106 d) 101

VIII Std - Civics Malayalam Chapter 5.indd 206 02/04/2024 17:59:46

5. റോഡപകടങ്ങളുടെ കാരണങ്ങൾ എന്തൊക്കെയാണ്?
   a) അമിത വേഗത
   b) മദ്യപിച്ച വാഹനമോടിക്കൽ
   c) ഡ്രൈവർമാക്കുണ്ടാകുന്ന അശ്രദ്ധ
   d) ഇവയെല്ലാം
6. ട്രാഫിക് ചിഹ്നങ്ങളുടെ ആദ്യ വിഭാഗം _____ആണ്.
   a) നിർബന്ധിത അടയാളങ്ങൾ
   b) മുൻ കരുതൽ അടയാളങ്ങൾ
   c) വിവര ചിഹ്നങ്ങൾ
   d) ഇവയൊന്നുമല്ല
7. സേതു ഭാരതം ഒരു പ്രോഗ്രാം _____ സമാരംഭിച്ചു.
   a) 2014 b) 2015
   c) 2016 d) 2017
8. ഐ.ബി.എസ്-ന്റെ വികസിത രൂപം.
   a) ആന്റിബ്രേക്ക് സ്റ്റാർട്ട്
   b) വാർഷിക അടിസ്ഥാന സംവിധാനം
   c) ആന്റിലോക്കിം ബ്രേക്ക് സിസ്റ്റം
   d) ഇവയൊന്നുമല്ല
9. ഒരു വളവിലേയ്ക്ക് അടുക്കുമ്പോൾ മാറികടക്കുക എന്നത്.
   a) അനുവദനീയം
   b) അനുവദനീയമല്ല
   c) ശ്രദ്ധയോടെ അനുവദനീയമാണ്
   d) നമ്മുടെ ആഗ്രഹം
10. ആംബുലൻസ് അടുക്കുമ്പോൾ.
   a) മുൻവശത്ത് നിന്ന് വാഹനങ്ങളില്ലെങ്കിൽ കടന്നു പോകാൻ അനുവദിക്കുക.
   b) മുൻഗണന നൽകേണ്ടതില്ല.
   c) റോഡിന്റെ വശത്തേക്ക് വാഹനത്തെ അടുപ്പിച്ച് സൗജന്യ വഴി അനുവദിക്കുക.
   d) വളരെ വേഗത്തിൽ ആംബുലൻസിന് പുറകിൽ ഓടിക്കുക.

II. വിട്ടഭാഗം പൂരിപ്പിക്കുക:

1. ഡ്രൈവിംഗ് സമയത്ത് എല്ലായ്പ്പോഴും _____ സൂക്ഷിക്കുക.
2. നിർബന്ധിത ചിഹ്നങ്ങൾ _____ ആകൃതിയിൽ പ്രദർശിപ്പിക്കും.
3. _____വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്നു.
4. അമിത വേഗത _____അപകട സാധ്യത ഉണ്ടാക്കുന്നു.
5. നാലുചക്രവാഹനങ്ങൾ _____ ഉം ഇരുചക്രവാഹനങ്ങൾ _____ ഉം ഉപയോഗിക്കുന്നത് നിയമപ്രകാരം കൊണ്ടുവന്നു.

III. യോജിപ്പിക്കുക:

1. നിയന്ത്രണ സർട്ടിഫിക്കറ്റിന് കീഴിലുള്ള മലിനീകരണം	-	സീബ്രാ ക്രോസിംഗ്
2. പുതിയ കാറിനായി ഒറ്റത്തവണ നികുതി	-	റോഡ്സുരക്ഷയെക്കുറിച്ചുള്ള കോമിക് പുസ്തകം
3. കാൽനട യാത്രികൻ	-	6 മാസങ്ങൾ
4. ബ്രസീലിയ പ്രഖ്യാപനം	-	15 വർഷങ്ങൾ
5. സ്വച്ഛ സുരക്ഷിതമാണ്	-	ആഗോള സമ്മേളനം

IV. ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക:

1. അപകടങ്ങളുടെ പ്രശ്നം റോഡുകളിൽ മാത്രമാണ്.
2. വരികൾ മാറ്റുന്നതിന് മുമ്പ് കണ്ണാടികൾ പരിശോധിക്കുക.
3. മിന്നുന്ന മഞ്ഞസിഗ്നൽ വേഗത കുറയ്ക്കുന്നതിനും ജാഗ്രതയോടെ മുന്നോട്ട് പോകാനും സൂചിപ്പിക്കുന്നു.
4. ഇരു ചക്ര വാഹനത്തിൽ ഒരു പില്യൺ റൈഡർ മാത്രമേ അനുവദിക്കൂ.
5. മനുഷ്യരുടെ ഏറ്റവും മോശം കണ്ടുപിടുത്തമാണ് റോഡുകൾ.

V. താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ഉചിതമായ ഉത്തരം ടിക്ക് ചെയ്യുക:

1. താഴെപറയുന്നവയിൽ ഏതാണ് ശരി അല്ലെങ്കിൽ ശരിയല്ലാത്തത്
   ii) മുൻവശത്തുള്ള വാഹനത്തിൽനിന്ന് ശരിയായ അകലം നിലനിർത്തുക.
   ii) വേഗത പരിധി നിലനിർത്തുക. ഒരിക്കലും വേഗത പരിധി കവിയരുത്.
   iii) വാഹനമോടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കേണ്ട ആവശ്യമില്ല.
   iv) വളവുകളിൽ വേഗത കുറയ്ക്കാതെ തിരിയരുത് .
2. **പ്രസ്താവന (A) :** മദ്യപിച്ച് വാഹന മോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു.
   കാരണം (R): തലകറക്കം കാരണം ഇത് കാഴ്ച്ചയെ തടസ്സപ്പെടുത്തുന്നു
   a) A ശരിയാണ് (R) എന്നത് A യുടെ ശരിയായ വിശദീകരണമാണ്.
   b) A ശരിയാണ് (R) A യുടെ ശരിയായ വിശദീകരണമല്ല.
   c) A തെറ്റാണ് (R) ശരിയാണ്.
   d) A, R രണ്ടും തെറ്റാണ്.

VIII Std - Civics Malayalam Chapter 5.indd 207 02/04/2024 17:59:46

3. പ്രസ്താവന(A) : റോഡ് ചിഹ്നങ്ങൾ മനസ്സിലാക്കാൻ എളുപ്പമാണ്.
കാരണം (R): അവ കൂടുതലും പ്രായോഗികമാണ്.
   a) A ശരിയാണെങ്കിലും A തെറ്റാണ്.
   b) A, R എന്നിവ രണ്ടും ശരിയാണ് R എന്നത് A യുടെ ശരിയായ വിശദീകരണമാണ്.
   c) A തെറ്റാണ് പക്ഷേ R ശരിയാണ്.
   d) A യും A ഉം ശരിയാണ്. A യുടെ ശരിയായ വിശദീകരണമല്ല R.
4. ഒറ്റപ്പെട്ടത് കണ്ടെത്തുക (റോഡ് സുരക്ഷ നിയമങ്ങൾ)
   a) വളവുകളിൽ വേഗത കുറയ്ക്കുക.
   b) വാഹനമോടിക്കുമ്പോൾ സെൽഫോൺ ഉപയോഗിക്കുക.
   c) വേഗത പരിധി നിലനിർത്തുക.
   d) റോഡിൽ കൂടെ നടക്കുന്നത് ഒഴിവാക്കുക.
5. താഴെ പറയുന്ന ചിഹ്നങ്ങൾ പ്രതിനിധീകരിക്കുന്നത്.

	
	
	
	
	
	

VI. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക:

1. റോഡ് സുരക്ഷ എങ്ങനെ ഉറപ്പാക്കും?
2. എന്തുകൊണ്ടാണ് റോഡ് സുരക്ഷ നമ്മൾക്ക് വളരെ പ്രധാനമായിരിക്കുന്നത്?
3. റോഡപകടങ്ങളുടെ നേരിട്ടുള്ള അനന്തര ഫലങ്ങൾ എന്തൊക്കെയാണ്?
4. ട്രാഫിക് ലൈറ്റ് സിഗ്നലുകൾ വരച്ച് അർത്ഥം സൂചിപ്പിക്കുക.
5. റോഡ് സുരക്ഷയെക്കുറിച്ചുള്ള ബ്രസീലിയ പ്രഖ്യാപനത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
6. റോഡ് സുരക്ഷാ വാരം ആചരിക്കുന്നതിന്റെ ലക്ഷ്യം എന്താണ്?
7. ഏതെങ്കിലും നാല് ട്രാഫിക് നിയമങ്ങൾ എഴുതുക?
8. മദ്യപാനം ഡ്രൈവിംഗിനെ എങ്ങനെ ബാധിക്കുന്നു?

VII. വിശദീകരിച്ച് ഉത്തരം നൽകുക:

1. റോഡപകടങ്ങൾക്ക് കാരണമായ ഘടകങ്ങൾ വിശദീകരിക്കുക?
2. റോഡപകടങ്ങൾ തടയാൻ ഇന്ത്യൻ സർക്കാർ സ്വീകരിച്ച നടപടികൾ വിവരിക്കുക?
8. റോഡപകടങ്ങളുടെ പ്രതിരോധ നടപടികൾ എന്തൊക്കെയാണ്?

VIII. ഉയർചിന്തനാശേഷിയുള്ള ചോദ്യങ്ങൾ:

1. രാത്രിയിൽ ഇരുചക്ര വാഹന യാത്രികന്റെ ആവശ്യകത എന്താണ്.
2. ഡ്രൈവർ ക്ഷീണം ഒഴിവാക്കുന്നതിനുള്ള ടിപ്പുകൾ പട്ടികപ്പെടുത്തുക.

IX. പ്രോജക്റ്റും പ്രവർത്തനവും:

1. കുട്ടികൾക്കായി കുറച്ച് അടിസ്ഥാന റോഡ് സുരക്ഷാ നിയമങ്ങൾ പട്ടികപ്പെടുത്തുക.
2. റോഡ് സുരക്ഷാ തന്ത്രങ്ങൾ പ്രദർശിപ്പിക്കുക.
3. റോഡ് സുരക്ഷാ അവബോധ പോക്കറ്റ് ഗൈഡ് തയ്യാറാക്കി സ്കൂളിൽ പ്രചരിപ്പിക്കുക.

REFERENCE BOOKS

1. The Motor Vehicles Act, 1988
2. The Tamil Nadu Motor Vehicles Rules, 1989
3. Ministry of Road Transport & Highways, Government of India
4. **இருசக்கர வாகன ஓட்டிகளுக்கான சாலைப் பாதுகாப்பு விழிப்புணர்வு கையேடு, போக்குவரத்து துறை, தமிழ்நாடு அரசு**

INTERNET RESOURCES

1. http://tnsta.gov.in
2. http://parivahan.gov.in
3. www.tn.gov.in>tnmvr1989

VIII Std - Civics Malayalam Chapter 5.indd 208 02/04/2024 17:59:47

യൂണിറ്റ് - 6

പ്രതിരോധവും വിദേശനയവും



പഠനലക്ഷ്യങ്ങൾ

- ഇന്ത്യയുടെ സായുധ സേനയെക്കുറിച്ച് മനസിലാക്കുക.
- അർദ്ധസൈനിക പ്രതിരോധസേനയെക്കുറിച്ച് അറിയുക.
- ഇന്ത്യയുടെ വിദേശനയത്തെക്കുറിച്ച് മനസ്സിലാക്കുക.
- അയൽരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തെക്കുറിച്ച് മനസ്സിലാക്കുക.

28GSX

I. പ്രതിരോധം

ആമുഖം

ഇന്ത്യ സമാധാനം കാംക്ഷിക്കുന്ന ഒരു രാജ്യമാണ്. പൊതുവായി ഇന്ത്യ എല്ലായ്പ്പോഴും എല്ലാ രാജ്യങ്ങളുമായും പ്രത്യേകിച്ച് അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുലർത്തുന്നു. എന്നിരുന്നാലും വിദേശ ആക്രമണത്തിൽനിന്നും അതിർത്തി സംരക്ഷിക്കാൻ അതിന്റെ സുരക്ഷ ശക്തമാക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് പ്രതിരോധ മേഖലക്ക് വളരെ പ്രാധാന്യം നൽകുന്നു. നമ്മുടെ രാജ്യത്തിന്റെ വിവിധ പ്രതിരോധ സേനകളെക്കുറിച്ച് മനസ്സിലാക്കാം.

പ്രതിരോധ സമ്പ്രദായത്തിന്റെ ആവശ്യകത:

ഏതൊരു രാജ്യത്തിന്റെയും രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക വികസനത്തിന് ദേശീയ സുരക്ഷ അത്യാവശ്യമാണ്. ഒരു രാജ്യത്തിന്റെ സമാധാനത്തിന്റെയും സമൃദ്ധിയുടെയും അഭിവൃദ്ധിക്ക് ഇത് പ്രധാന പങ്കുവഹിക്കുന്നു.

ഇന്ത്യൻ പ്രതിരോധ സേവനങ്ങൾ

ഇന്ത്യയുടെ രാഷ്ട്രപതി രാഷ്ട്രത്തലവൻ എന്ന നിലയിൽ നമ്മുടെ പ്രതിരോധവകുപ്പിന്റെ ഉന്നത പദവി വഹിക്കുന്നു. ഇന്ത്യൻ സായുധ സേനയുടെ പരമാധികാരി അദ്ദേഹമാണ്.

ഇന്ത്യയിലെ സുരക്ഷാസേനാ വിഭാഗങ്ങൾ

ഇന്ത്യൻ സായുധസേന: പ്രാഥമികസേനയിൽ രാജ്യത്തിന്റെ കരസേന, നാവികസേന, വ്യോമസേന, തീരസംരക്ഷണസേന എന്നിവ ഉൾപ്പെടുന്നു. അവർ പ്രതിരോധ മന്ത്രാലയത്തിനു കീഴിലാണ് സേവനമനുഷ്ഠിക്കുന്നത്.

അർദ്ധസൈനിക സേന: ആസ്സാം റൈഫിൾസും പ്രത്യേക അതിർത്തിസേനയും ഇതിലുൾപ്പെടുന്നു.

കേന്ദ്രസായുധ പോലീസ് സേന: BSF, CRPF, ITBP, CISF, SSB എന്നിവ ഇതിലുൾപ്പെടുന്നു. ആഭ്യന്തര മന്ത്രാലയത്തിന്റെ അധികാരത്തിൻ കീഴിലാണ് അവർ സേവനം ചെയ്യുന്നത്.

ഇന്ത്യൻ സായുധസേന

കരസേന

ഇന്ത്യയുടെ ഭൂതലസൈനിക വിഭാഗമാണ് കരസേന. ഇത് ലോകത്തിലെ ഏറ്റവും മികച്ച സന്നദ്ധസേനയാണ്. ഫോർസ്റ്റാർ ജനറലായ ചീഫ് ഓഫ് ആർമി സ്റ്റാഫാണ് ഇതിനെ നിയന്ത്രിക്കുന്നത്. ദേശീയ സുരക്ഷ, ദേശീയ ഐക്യം, വിദേശ ആക്രമണങ്ങളെയും

4RBCP

VIII Std - Civics Malayalam Chapter 6.indd 209 02/04/2024 17:59:10

ഇന്ത്യൻ സായുധസേനയെ ആദരിക്കുന്നത്തിനായി ഇന്ത്യാ ഗവൺമെന്റ് നിർമ്മിച്ച സ്മാരകമാണ് ദേശീയ യുദ്ധ സ്മാരകം. 40 ഏക്കർ സ്ഥലത്ത് വ്യാപിച്ചുക്കിടക്കുന്ന ഈ സ്മാരകം ന്യൂഡൽഹിയിലെ ഇന്ത്യാ ഗേറ്റിന് സമീപം നിർമ്മിച്ചിരിക്കുന്നു. രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച സായുധ സേനാം ഗങ്ങളുടെ പേരുകൾ സ്മാരകമതിലുകളിൽ ആലേഖനം ചെയ്തിട്ടുണ്ട്.



ആഭ്യന്തര ഭീഷണികളെയും പ്രതിരോധിക്കുക, അതിർത്തിക്കുള്ളിൽ സമാധാനവും സുരക്ഷയും നിലനിർത്തുക എന്നിവയാണ് ഇന്ത്യൻ കരസേന യുടെ പ്രാഥമിക ദൗത്യം. പ്രകൃതിദുരന്തങ്ങൾ, വിപത്തുകൾ എന്നിവ ഉണ്ടാകുമ്പോൾ ഇത് രക്ഷാപ്രവർത്തനങ്ങൾ ചെയ്യുന്നു. ഇന്ത്യൻ സൈന്യത്തിന് ഒരു റെജിമെന്റൽ സംവിധാനമുണ്ട്. പ്രവർത്തനപരമായും ഭൂമിശാസ്ത്രപരമായും ഇതിനെ 7 കമാൻഡറുകളായി തിരിച്ചിരിക്കുന്നു.

നാവികസേന

നാവികസേനയുടെ പ്രാഥമിക ലക്ഷ്യം രാജ്യ ത്തിന്റെ സമുദ്രാർത്തികൾ സംരക്ഷിക്കുക എന്ന താണ്. കൂടാതെ മറ്റു സായുധസേനകളുമായി ചേർന്ന് ഇന്ത്യയുടെ പ്രദേശങ്ങൾ, ആളുകൾ അല്ലെങ്കിൽ സമുദ്ര താല്പര്യങ്ങൾക്കെതിരായ ഭീഷണികളോ ആക്രമണങ്ങളോ തടയാനും പരാ ജയപ്പെടുത്താനും പ്രവർത്തിക്കുന്നു. നാവികസേ നയുടെ മേധാവി ഒരു ഫോർസ്റ്റാർ അഡ്മിറൽ നാവികസേനയെ നിയന്ത്രിക്കുന്നു. ഇതിന് മൂന്ന് നേവൽ കമാൻഡറുകളുണ്ട്.

വ്യോമസേന

ഇന്ത്യൻ സായുധസേനയുടെ വായുസേന വിഭാഗമാണ് ഇന്ത്യൻ വ്യോമസേന. ഇന്ത്യയുടെ വ്യോമാതിർത്തി സംരക്ഷിക്കുക, സായുധ പോരാട്ട ത്തിൽ വ്യോമാക്രമണം നടത്തുക എന്നിവയാണ് ഇതിന്റെ പ്രാഥമിക ദൗത്യം. ഒരു ഫോർസ്റ്റാർ ഓഫീസർ എയർ ചീഫ് മാർഷൽ ആണ് വ്യോമ സേനാമേധാവി. വ്യോമസേനയുടെ ഭൂരിഭാഗം പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്വം അദ്ദേഹ ത്തിനാണ്. ഇതിന് 7 കമാൻഡറുകളുണ്ട്.



ഇന്ത്യൻ തീരസംരക്ഷണ സേന (ICG)

ഇന്ത്യയുടെ സ്വതന്ത്ര സായുധ സേനയായി 1978-ൽ ഇന്ത്യൻ പാർലമെന്റിന്റെ തീരസംരക്ഷണ നിയമപ്രകാരം ഇന്ത്യയിലെ തീരസംരക്ഷണ സേന സ്ഥാപിച്ചു. പ്രതിരോധ മന്ത്രാലയത്തിനു കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇന്ത്യൻ നാവികസേന, ഫിഷറീസ് വകുപ്പ്, റവന്യൂ വകുപ്പ്, കേന്ദ്ര സംസ്ഥാന പോലീസ് സേന എന്നിവയുടെ സഹകരണത്തോടെയാണ് തീരസംരക്ഷണസേന പ്രവർത്തിക്കുന്നത്.

അർദ്ധസൈനിക പ്രതിരോധസേന

ആഭ്യന്തരസുരക്ഷ നിലനിർത്തുക, തീര ദേശത്തെ സംരക്ഷിക്കുക, കരസേനയെ സഹായി ക്കുക എന്നീ കർത്തവ്യങ്ങൾക്കായി രൂപീകരിച്ച സേനാവിഭാഗത്തെ അർദ്ധസൈനീകസേന എന്ന റിയപ്പെടുന്നു. റെയിൽവേ സ്റ്റേഷനുകൾ, എണ്ണപ്പാട ങ്ങൾ, ശുദ്ധീകരണശാലകൾ, ജലസംഭരണികൾ എന്നിവയുടെ സുരക്ഷ ഇതിന്റെ ഉത്തരവാദിത്വ മാണ്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നിവാരണ

ഫീൽഡ് മാർഷൽ: ഒരു ഫൈവ് സ്റ്റാർ ജനറൽ ഓഫീസർ റാങ്കും ഇന്ത്യൻ ആർമിയിലെ ഏറ്റവും ഉയർന്ന റാങ്കും.



സാം മനെക്ഷ ഇന്ത്യയിലെ ആദ്യത്തെ ഫീൽഡ് മാർഷൽ ആയിരുന്നു. രണ്ടാമത്തെ ഫീൽഡ് മാർഷൽ കെ. എം. കരിയപ്പയും ആയിരുന്നു.





മാർഷലായി ഫൈവ് സ്റ്റാർ റാങ്കിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഇന്ത്യൻ വ്യോമസേനയുടെ ആദ്യത്തെ ഏക ഓഫീസറാണ് **അർജുൻ സിംഗ്.**

VIII Std - Civics Malayalam Chapter 6.indd 210 02/04/2024 17:59:11

1758-ൽ ആരംഭിച്ച ഇന്ത്യൻ സൈന്യത്തിലെ ഏറ്റവും പഴയ കാലാൾപ്പട റെജിമെന്റുകളിലൊന്നാണ് മദ്രാസ് റെജിമെന്റ്. തമിഴ്നാട്ടിലെ ഉദകമണ്ഡലത്തിലെ വെല്ലിങ്ടണിലാണ് ഈ റെജിമെന്റിന്റെ കേന്ദ്രം.



1962-ൽ ചൈന-ഇന്ത്യൻ യുദ്ധത്തിനു ശേഷം ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവന്നതിനാൽ പൂനെയിലും ചെന്നൈയിലും രണ്ടു ഓഫീസർസ് ട്രെയിനിംഗ് സ്ക്കൂളുകൾ ആരംഭിച്ചു. 1988 ജനുവരി ഒന്നിന് ഈ സ്ക്കൂൾ ഓഫീസർസ് ട്രെയിനിങ് അക്കാഡമി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.



പ്രവർത്തനങ്ങളിലും അവർ പങ്കെടുക്കുന്നു. അന്താരാഷ്ട്ര അതിർത്തികൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വവും അർദ്ധസൈനിക സേനയ്ക്കുണ്ട്.

a) ആസ്സാം റൈഫിൾസ്

b) പ്രത്യേക അതിർത്തി സംരക്ഷണസേന

ആസ്സാം റൈഫിൾസ്

1835-ൽ ആണ് ആസ്സാം റൈഫിൾസ് നിലവിൽ വന്നത്. ബ്രിട്ടീഷുകാർ ആസ്സാം മേഖലയിൽ സ്ഥാപിച്ച ഈ സേനയെ 'കാച്ചാർ ലെവി' എന്നു വിളിക്കുന്നു. നിലവിൽ 46 ബറ്റാലിയൻ ആസ്സാം റൈഫിൾസ് ഉണ്ട്. ആഭ്യന്തര മന്ത്രാലത്തിനു കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.

പ്രത്യേക അതിർത്തി സംരക്ഷണസേന

1962-ൽ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ഒരു അർദ്ധസൈനീക വിഭാഗമാണ് പ്രത്യേക അതിർത്തി സംരക്ഷണ സേന. ഈ സേനയെ ഇന്റലിജൻസ് ബ്യൂറോയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും പിന്നീട് ഗവേഷണ വിശകലന വിഭാഗത്തിലും ഇന്ത്യയുടെ ബാഹ്യ രഹസ്യാന്വേഷണ വിഭാഗത്തിലും ഉൾപ്പെടുത്തി.

കേന്ദ്രസായുധ പോലീസ് സേന

ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള അഞ്ച് സേനകളെ ആദ്യം അർദ്ധസൈനീക വിഭാഗമായി കണക്കാക്കിയിരുന്നു. എന്നാൽ 2011 മാർച്ച് മുതൽ അതിനെ കേന്ദ്ര സായുധ പോലീസ് സേനയായി പുനർവിന്യസിച്ചു.

1025-ൽ തമിഴ്നാട്ടിലെ ചോളരാജാവായ രാജേന്ദ്ര ചോളൻ ഒന്നാമൻ തെക്കു കിഴക്കൻ ഏഷ്യയിലെ ശ്രീവിജയയുടെ പര്യവേഷണമായ കടാരം (ആധുനിക കെഡ) കീഴടക്കുകയും ചെയ്തു. ശ്രീവിജയയ്ക്കെതിരായ രാജേന्द्रയുടെ ചരിത്രത്തിലെ സവിശേഷ സംഭവമായിരുന്നു.



i) സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ്

ii) ഇന്തോ-ടിബറ്റൻ അതിർത്തി പോലീസ്

iii) അതിർത്തി സംരക്ഷണ സേന

iv) കേന്ദ്ര വ്യവസായ സംരക്ഷണ സേന

v) സ്പെഷ്യൽ സർവ്വീസ് ബ്യൂറോ

സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (CRPF)

ഭരണഘടനയുടെ മേധാവിത്വം ഉയർത്തിപ്പിടിക്കുന്നതിലൂടെ നിയമവാഴ്ച, പൊതുക്രമം, ആഭ്യന്തര സുരക്ഷ എന്നിവ ഫലപ്രദമായും കാര്യക്ഷമമായും നിലനിർത്താനും ദേശീയ ഐക്യം കാത്തുസൂക്ഷിക്കാനും സാമൂഹിക ഐക്യവും വികസനവും പ്രോത്സാഹിപ്പിക്കാനും സർക്കാരിനെ പ്രാപ്തരാക്കുക എന്നതാണ് കേന്ദ്ര റിസർവ് പോലീസ് ഫോഴ്സിന്റെ ലക്ഷ്യം.

കലാപം, ജനക്കൂട്ടം നിയന്ത്രിക്കൽ, രക്ഷാപ്രവർത്തനം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ കൈകാര്യംചെയ്യുന്നതിനുള്ള സെൻട്രൽ റിസർവ് പോലീസ് ഫോഴ്സിന്റെ ഒരു പ്രത്യേക വിഭാഗമാണ് ത്വരിത സുരക്ഷാ പ്രവർത്തന സേന (റാപിഡ് ആക്ഷൻ ഫോഴ്സ്).

ഇന്തോ-ടിബറ്റൻ അതിർത്തി പോലീസ് (ITBP)

ഇത് ഒരു അതിർത്തി സംരക്ഷണ പോലീസ് സേനയാണ്. വളരെ ഉയരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു എന്നതാണ് ഈ സേനയുടെ പ്രത്യേകത. ലഡാക്ക് മുതൽ അരുണാചൽപ്രദേശ് (ഇന്ത്യ-ചൈന അതിർത്തി) വരെയുള്ള അതിർത്തിസംരക്ഷണച്ചുമതലയ്ക്കായി ഇത് വിന്യസിച്ചിട്ടുണ്ട്.

അതിർത്തി സംരക്ഷണ സേന (BSF)

ഇന്ത്യയുടെ അതിർത്തി സംരക്ഷിക്കുന്ന സേനയാണ് അതിർത്തി സുരക്ഷാസേന. സമാധാന കാലങ്ങളിൽ ഇന്ത്യയുടെ അതിർത്തി സംരക്ഷിക്കുക, അന്തർദ്ദേശീയ കുറ്റകൃത്യങ്ങൾ തടയുക എന്നിവയാണ് അതിർത്തി സുരക്ഷാ സേനയുടെ ചുമതലകൾ.

VIII Std - Civics Malayalam Chapter 6.indd 211 02/04/2024 17:59:12

നാഷണൽ കാഡറ്റ് കോർപ്സ് (NCC)

നാഷണൽ കാഡറ്റ് കോർപ്സ് കരസേന, നാവികസേന, വ്യോമസേന എന്നിവ ഉൾപ്പെടുന്ന ത്രിസേവന സംഘടനയാണ്. ഇത് രാജ്യത്തിലെ യുവാക്കളെ അച്ചടക്കമുള്ളവരും ദേശസ്നേഹികളുമായ പൗരന്മാരാക്കി മാറ്റുന്നതിനുവേണ്ടി പ്രവർത്തിക്കുന്നു. ഇന്ത്യയിലുടനീളമുള്ള ഹൈസ്ക്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്ന് സൈനീക പരിശീലനത്തിനായി വിദ്യാർത്ഥികളെ നിയമിക്കുന്ന ഒരു സന്നദ്ധ സംഘടനയാണ് നാഷണൽ കാഡറ്റ് കോർപ്സ്. വിദ്യാർത്ഥികൾക്ക് ചെറിയ ആയുധങ്ങൾ ഉപയോഗിക്കുന്നതിനും പരേഡുകളിലും അടിസ്ഥാന പരിശീലനം നൽകുന്നു.

കേന്ദ്ര വ്യാവസായിക സുരക്ഷാ സേന (CISF)

1969 മാർച്ച് 10 ന് ഇന്ത്യൻ പാർലമെന്റിന്റെ നിയമപ്രകാരം കേന്ദ്ര വ്യവസായ സുരക്ഷാ സേന രൂപീകരിച്ചു. സർക്കാർ കെട്ടിടങ്ങളായ ദില്ലി മെട്രോയ്ക്ക് കാവൽ നിൽക്കുക, വിമാനത്താവളത്തിന്റെ സുരക്ഷ എന്നിവ ഇതിന്റെ ചുമതലയിൽപ്പെടുന്നു.

സശാസ്ത്ര സീമ ബാൽ / സ്പെഷ്യൽ സർവീസ് ബ്യൂറോ (SSB)

ഇംഗ്ലീഷിൽ സശാസ്ത്ര സീമ ബാൽ (എസ്എസ്ബി) നേപ്പാൾ, ഭൂട്ടാൻ അതിർത്തിയിലെ അതിർത്തി സംരക്ഷണ സേനയാണ്.

ഒരു പരമാധികാര രാജ്യം ലോകത്തിലെ മറ്റു രാജ്യങ്ങളുമായി എപ്രകാരം സമ്പർക്കം പുലർത്തുന്നുവെന്ന് നിർവ്വചിക്കുന്ന രാഷ്ട്രീയ ലക്ഷ്യങ്ങളാണ് വിദേശനയം. രാജ്യത്തിലെ ജനകീയ താല്പര്യങ്ങളെയും പ്രദേശങ്ങങ്ങളെയും സമ്പദ് വ്യവസ്ഥയെയും സുരക്ഷിതമാക്കാൻ ഇത് ശ്രമിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ വിദേശബന്ധം ചില തത്വങ്ങളും നയങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ്. കോളനിയാധിപത്യത്തിന്റെ ഫലമായുണ്ടായ കഷ്ടപ്പാടുകളുടെ പശ്ചാലത്തലത്തിലാണ് ഇന്ത്യയുടെ വിദേശനയം ആവിഷ്ക്കരിച്ചത്.

വിദേശനയത്തിന്റെ അടിസ്ഥാനതത്വങ്ങൾ

- ദേശീയ താല്പര്യം സംരക്ഷിക്കുക
- ലോകസമാധാനം കൈവരിക്കുക
- നിരായുധീകരണം
- കോളനിയാധിപത്യം, വംശീയത, സാമ്രാജ്യം, എന്നിവ നിർത്തലാക്കുക
- സൗഹൃദ രാഷ്ട്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക
- സാമ്പത്തികവികസനം

ജനുവരി 15 - കരസേനാദിനം
ഫെബ്രുവരി 1 - തീരസംരക്ഷണ ദിനം
മാർച്ച് 10 - കേന്ദ്രവ്യവസായ സംരക്ഷണ സേനാദിനം
ഒക്ടോബർ 7 - ത്വരിത സുരക്ഷാ പ്രവർത്തന സേനാദിനം
ഒക്ടോബർ 8 - വ്യോമസേനാദിനം
ഡിസംബർ 4 - നാവികസേനാദിനം
ഡിസംബർ 7 - സായുധ സേന പതാകദിനം

ആഭ്യന്തര സംരക്ഷണം (Home Guard)

ഇന്ത്യൻ സിവിൽ സൊസൈറ്റിയുടെ വിവിധ ക്രോസ് സെക്ഷനുകളിലെ പ്രൊഫഷണലുകൾ കോളേജ് വിദ്യാർത്ഥികൾ, കാർഷിക വ്യവസായ മേഖകളിലെ തൊഴിലാളികൾ എന്നിവയിൽ നിന്ന് ആഭ്യന്തര സുരക്ഷാംഗങ്ങളെ നിയമിക്കുന്നു. 18-50 വയസ്സിടയിലുള്ള എല്ലാ പൗരന്മാർക്കും ആഭ്യന്തരസുരക്ഷാസേനയിൽ അംഗമാകാനുള്ള യോഗ്യതയുണ്ട്. ആഭ്യന്തര സുരക്ഷസേനാംഗത്വത്തിന്റെ സാധാരണ കാലാവധി 3 മുതൽ 5 വർഷം വരെയാണ്.

നമ്മുടെ രാജ്യത്തെ സംരക്ഷിക്കുന്നതിനായി സായുധസേന എല്ലായ്പ്പോഴും തയ്യാറാണ്. സായുധസേനയിൽ ചേർന്ന് രാജ്യത്തെ സേവിക്കാനും സംരക്ഷിക്കാനും യുവാക്കൾ മുന്നോട്ടു വരണം. പ്രതിരോധ സേവനങ്ങളിലേയ്ക്കുള്ള എല്ലാ ഇന്ത്യക്കാർക്കും ലഭ്യമാണ്. രാജ്യത്തെ സേവിക്കാൻ അവസരം ലഭിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്.

II. ഇന്ത്യയുടെ വിദേശനയം

പഞ്ചശീല തത്വം

ഇന്ത്യയുടെ വിദേശ നയത്തിന്റെ മുഖ്യശില്പി പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു ആയിരുന്നു. നെഹ്റു ലോകസമാധാനത്തെ പിൻതുണച്ചിരുന്നു. അതിനാൽ നയരൂപീകരണത്തിൽ ലോകസമാധാനത്തിന് വളരെ പ്രാധാന്യം നൽകി. സമാധാനം നിലനിർത്താൻ അദ്ദേഹം പ്രഖ്യാപിച്ച അഞ്ച് തത്വങ്ങളാണ് പഞ്ചശീലതത്വങ്ങൾ. അവ താഴെ പറയുന്നവയാണ്.

1. രാഷ്ട്രങ്ങളുടെ അതിരുകളെയും പരമാധികാരത്തെയും പരസ്പരം ബഹുമാനിക്കുക
2. പരസ്പരം ആക്രമിക്കാതിരിക്കുക
3. ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
4. സമത്വവും പരസ്പരനേട്ടവും ഉറപ്പു വരുത്തുക
5. സമാധാനപരമായ സഹവർത്തിത്വം

VIII Std - Civics Malayalam Chapter 6.indd 212 02/04/2024 17:59:12

ചേരിചേരാ പ്രസ്ഥാനം

ചേരിചേരാ പ്രസ്ഥാനം എന്ന പദം ആദ്യമായി രേഖപ്പെടുത്തിയത് വി.കെ.കൃഷ്ണമേനോൻ ആണ്. ചേരിചേരാപ്രസ്ഥാനം ഇന്ത്യയുടെ വിദേശനയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയായി കണക്കാക്കപ്പെടുന്നു. രണ്ടാം ലോക മഹായുദ്ധത്തിനു അമേരിക്കൻ ഐക്യനാടുകളോ സോവിയറ്റ് യൂണിയനോ രൂപീകരിച്ച ഒരു സൈനീക സഖ്യത്തിലും ചേരാതെ വിദേശ കാര്യങ്ങളിൽ ദേശീയ സ്വതന്ത്ര്യം നിലനിർത്തുക എന്നതാണ് ചേരിചേരാനനയത്തിന്റെ ലക്ഷ്യം. ചേരിചേരാനയം നിഷ്പക്ഷതയോ പങ്കാളിത്തമോ ഒറ്റപ്പെടലോ ആയിരുന്നില്ല. ഏതൊരു സൈനീക സഖ്യത്തോടും പ്രതിബദ്ധത കാണിക്കാതെ അന്താരാഷ്ട്ര വിഷയങ്ങളിൽ സ്വതന്ത്രമായ നിലപാട് സ്വീകരിക്കുക എന്നതാണ് ഇത് അർത്ഥമാക്കുന്നത്

ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപക പിതാക്കന്മാർ: ഇന്ത്യയിലെ ജവർഹർലാൽ നെഹ്റു യൂഗോസ്ലാവിയയിലെ ടിറ്റോ ഈജിപ്തിലെ നാസർ, ഇന്തോനേഷ്യയിലെ സുകർനോ, ഘാനയിലെ ക്വാമേകുമാര എന്നിവരാണ്



നെൽസൺ മണ്ഡേല – ദക്ഷിണാഫ്രിക്കയിലെ ആഫ്രിക്കൻ നാഷണൽ കൗൺസിലിന്റെ നേതാവാണ് വർണ്ണ വിവേചനത്തെ ശക്തമായി എതിർത്ത ധീരനായ പേരാളി. വംശീയ വിവേചനത്തിന്റെ ഏറ്റവും നീചമായ രൂപമാണ് വർണ്ണവിവേചനം അത് മനുഷ്യത്വത്തിനും ജനാധിപത്യത്തിനും എതിരാണ് ഇന്ത്യ വർണ്ണവിവേചനത്തിന് എതിരായി പോരാടുകയും എല്ലാവരും വംശീയ വിവേചനങ്ങളെ എതിർക്കുകയും ചെയ്തു. 1990 - ൽ ഭക്ഷിണാഫ്രിക്കയിലുണ്ടായ വംശീയതയുടെ അന്ത്യം ഇന്ത്യയുടെ നയത്തിന് വലിയ വിജയമായിരുന്നു.

അയൽ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം

അയൽ രാജ്യങ്ങളുമായുള്ള ബന്ധത്തിൽ ഇന്ത്യയുടെ സ്ഥാനം സവിശേഷമാണ്. ഇന്ത്യ എല്ലായ്പ്പോഴും അന്താരാഷ്ട്ര പ്രാദേശിക സഹകരണത്തെ അനുകൂലിക്കുന്നു.കാരണം സഹകരണത്തിലൂടെ രാജ്യങ്ങൾക്കിടയിലെ എല്ലാ തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനാകുമെന്ന് ഇന്ത്യ വിശ്വസിക്കുന്നു. സൗഹൃദ ബന്ധവും അയൽ രാജ്യങ്ങളുമായുള്ള സഹകരണവും വളർത്തിയെടുക്കുക എന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഇന്ത്യയുടെ വിദേശനയം

പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, നേപ്പാൾ, ചൈന, ഭൂട്ടാൻ, ബംഗ്ലാദേശ്, ബർമ്മ എന്നിവയുമായി ഇന്ത്യ പൊതു കര അതിർത്തി പങ്കിടുന്നു. ശ്രീലങ്കയുമായി ഒരു പൊതുസമുദ്ര അതിർത്തി പങ്കിടുന്നു.

ഇന്ത്യ വിസ്തൃതമായ ഒരു രാജ്യമാണ്.

- വടക്കുപടിഞ്ഞാറ് പാകിസ്ഥാനും അഫ്ഗാനിസ്ഥാനും
- വടക്ക് ചൈന, നേപ്പാൾ, ഭൂട്ടാൻ എന്നിവയും
- കിഴക്ക് ബംഗ്ലാദേശ്
- വിദൂര കിഴക്ക് മ്യാൻമർ
- തെക്കു കിഴക്ക് ശ്രീലങ്ക
- തെക്കു പടിഞ്ഞാറ് മാലിദ്വീപ്.



അയൽരാജ്യങ്ങളുമായുള്ള ബന്ധം- ആദ്യനയം

ഇന്ത്യ അയൽരാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിൽ അതീവ ശ്രദ്ധ കേന്ദ്രീകരിക്കുന്നു ഇന്ത്യയുടെ വിദേശനയത്തിന്റെ ഒരു ഭാഗമാണിത്. വിഭവങ്ങൾ, ഉപകരണങ്ങൾ പരിശീലനങ്ങൾ എന്നിവയിലൂടെ ഇന്ത്യ അയൽ രാജ്യങ്ങൾക്ക് പിന്തുണ നൽകുന്നു. അതുപോലെ ചരക്കുകൾ, ആളുകൾ, ഊർജ്ജം, മൂലധനം വിവരങ്ങൾ എന്നിവയുടെ ലഭ്യതയും മെച്ചപ്പെടുത്തി കൊണ്ട് ശകതമായ ബന്ധവും ഐക്യതയും നിലനിർത്തുന്നു.

ആക്ട് ഈസ്റ്റ് പോളിസി

തെക്കുകിഴക്ക് ഏഷ്യ വടക്ക്കിഴക്കൻ ഇന്ത്യയിൽ നിന്നാണ് ആരംഭിക്കുന്നത്. അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ് (ASEAN) രാജ്യങ്ങളിലേക്ക് പ്രവേശിക്കാനുള്ള പാലമാണ് മ്യാൻമർ. ഇന്തോ- പസഫിക്കിൽ സുസ്ഥിരവും ബഹുധ്രുവീയവുമായ ഊർജ്ജസംതുലിതാവസ്ഥ ഉറപ്പാക്കി ഏഷ്യയുടെ അവിഭാജ്യഘടകമായി മാറുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

മേൽപ്പറഞ്ഞതുപോലെ, ഇന്ത്യ അയൽ രാജ്യങ്ങളുമായി സാമ്പത്തിക നയതന്ത്രത്തിൽ സജീവമായി ഏർപ്പെട്ടിരുന്നു.

VIII Std - Civics Malayalam Chapter 6.indd 213 02/04/2024 17:59:12

താഴെക്കൊടുത്തിരിക്കുന്നതുപോലെ ഇന്ത്യ അയൽരാജ്യങ്ങളുമായി പൊതു സാമ്പത്തിക നയതന്ത്രത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നു.

സാർക്ക് (SAARC)

പ്രാദേശിക സഹകരണത്തിൽ ഇന്ത്യ വിശ്വസിക്കുന്നു. സാഹോദര്യ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനും സമാധാനപരമായ സഹവർത്തിത്വം നിലനിർത്തുന്നതിനുമായി സാർക്ക് (സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജിയണൽ കോപ്പറേഷൻ) സ്ഥാപിക്കപ്പെട്ടു. ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, മാലിദ്വീപുകൾ, അഫ്ഗാനിസ്ഥാൻ എന്നിവയാണ് സാർക്കിലെ എട്ട് അംഗങ്ങൾ.

ബി. സി. ഐ. എം (BCIM)

ഇത് വിദൂരവാർത്താവിനിമയം അതിർത്തി കടന്നുള്ള ഗതാഗതം, ഊർജ്ജം എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സാമ്പത്തികാഭിവൃദ്ധി മേഖലയെ രൂപീകരിക്കുന്നതിനായി ബംഗ്ലാദേശ്, ചൈന, ഇന്ത്യ, മ്യാൻമർ സാമ്പത്തിക ഇടനാഴി വിഭാവനം ചെയ്യുന്നു.

ബിംസ്ടെക് (BIMSTEC)

ബഹുവിധ സാങ്കേതിക സാമ്പത്തിക സഹകരണത്തിനു വേണ്ടിയുള്ള ബംഗാൾ ഉക്കടൽ സംരംഭത്തെ ഇത് സൂചിപ്പിക്കുന്നു. സാങ്കേതിക സാമ്പത്തിക സഹകരണം, അന്താരാഷ്ട്ര വാണിജ്യം, നേരിട്ടുള്ള വിദേശ നിക്ഷേപ സഹകരണം എന്നിവ ശക്തമാക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ബാഗ്ലാദേശ്, ഇന്ത്യ, മ്യാൻമാർ, ശ്രീലങ്ക, തായ്ലാന്റ്, ഭൂട്ടാൻ, നേപ്പാൾ, എന്നിവ ഇതിന്റെ അംഗരാജ്യങ്ങളാണ്.

ബി ബി ഐ എൻ (BBIN)

യാത്രക്കാരുടെയും ചരക്കുവാഹനങ്ങളുടെയും ഗതാഗതത്തിനും ഊർജ്ജ വികസനത്തിനും വേണ്ടി ബാഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, നേപ്പാൾ എന്നീ രാജ്യങ്ങൾ ചേർന്ന് ഒരു പദ്ധതിയിൽ ഒപ്പു വെച്ചു.

ചുരുക്കത്തിൽ നിരവധി സംസ്കാരങ്ങളുള്ള ഒരു വലിയ രാജ്യമാണ് ഇന്ത്യ. തെക്കുകിഴക്കൻ ഏഷ്യയിൽ ഇതിന് സ്ഥാനമുണ്ട്. രാജ്യങ്ങൾക്കിടയിൽ പരസ്പര സഹകരണവും സ്വാതന്ത്ര്യവും സമാധനവും നിലനിർത്തുക എന്നതാണ് ഇന്ത്യയുടെ വിദേശനയം ലക്ഷ്യമാക്കുന്നത്. ഇന്ത്യ ഏതെങ്കിലും ഒരു സൈനീക സഖ്യത്തിൽ ഇല്ലെങ്കിലും പ്രധാന ശക്തികളുമായി തന്ത്രപരമായ ബന്ധം നേടിയെടുത്തിട്ടുണ്ട്.

പാഠസംഗ്രഹം

- സമാധനത്തിനു മാത്രമല്ല സാമ്പത്തിക വികസനത്തിനും ദേശീയ സുരക്ഷ വളരെ അത്യാവശ്യമാണ്.
- ഇന്ത്യൻ പ്രതിരോധസേനയിൽ കരസേന, നാവികസേന, വ്യോമസേന, വിവിധ അർദ്ധസൈനീക സംഘടകൾ വിവിധ സേവന സ്ഥാപനങ്ങൾ ഉൾപ്പെടുന്നു.
- ഇന്ത്യൻ സായുധ സേനയുടെ പരമാധികാരി പ്രസിഡന്റാണ്.
- ഇന്ത്യ എല്ലാ രാജ്യങ്ങളുമായും സൗഹൃദപരമായ ബന്ധം പുലർത്തിയിരുന്നു.
- ഇന്ത്യ അയൽരാജ്യങ്ങൾക്ക് ഉയർന്ന മുൻഗണന നൽകുന്നു. ഇന്ത്യയുടെ വിവിധ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സമാധനപരമായ ചുറ്റുപാട് അനിവാര്യമാണ്.
- സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയുടെ വളർച്ചയ്ക്കും സുരക്ഷയ്ക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇടപെടൽ നയം നടപ്പാക്കുന്നു.

പദപരിചയം

National Security	Safety of nation	ദേശീയസുരക്ഷ
Defence forces	Force with arms for the safety of a country	പ്രതിരോധസേന
Neutrality	the state of not supporting or helping either side in a conflict	നിഷ്പക്ഷത
Racialism	A practice of discrimination on the basis of racial origin	വംശീയത
Frontier	a border separating two countries	അതിർത്തി

VIII Std - Civics Malayalam Chapter 6.indd 214 02/04/2024 17:59:13

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

1. ഇന്ത്യൻ സായുധസേനയുടെ പരമാധികാരി
   a) പ്രസിഡന്റ്
   b) പ്രധാനമന്ത്രി
   c) ഗവർണ്ണർ
   d) മുഖ്യമന്ത്രി



2. ഇന്ത്യൻ കരസേനയുടെ പ്രാഥമിക ദൗത്യം
   a) ദേശീയ സുരക്ഷ
   b) ദേശീയ ഐക്യം
   c) രാജ്യത്തെ വിദേശാക്രമണത്തിൽ നിന്നും പ്രതിരോധിക്കുക
   d) മേൽപ്പറഞ്ഞവയെല്ലാം

3. കരസേനാ ദിനം
   a) ജനുവരി 15b) ഫെബ്രുവരി 1
   c) മാർച്ച് 10 d) ഒക്ടോബർ 7

4. ആസ്സാം റൈഫിൾസിനെ നിയന്ത്രിക്കുന്നത്.
   a) പ്രതിരോധ മന്ത്രാലയം
   b) ദേശീയ സുരക്ഷ ഉപദേഷ്ടാവ്
   c) പി. എം. ഒ
   d) ആഭ്യന്തര മന്ത്രാലയം

5. ഇന്ത്യയിലെ തീരസംരക്ഷണസേന സ്ഥാപിച്ചത്
   a) 1976 b) 1977
   c) 1978 d) 1979

6. ഇന്ത്യയുടെ വിദേശനയം പല തത്വങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ്. അവയിലൊന്ന്.
   a) സത്യമേവ ജയതേ
   b) പഞ്ചശീല തത്വങ്ങൾ
   c) ഇവ രണ്ടും
   c) ഇവയിലൊന്നുമല്ല

7. താഴെ കൊടുത്തിരിക്കുന്നവയിൽ ഇന്ത്യയിൽ ഉൾപ്പെട്ട ദ്വീപുകൾ ഏതെല്ലാം.

a) ആന്റമാനും മാലിദ്വീപും
b) ആന്റമാനും ലക്ഷദ്വീപുകളും
c) ശ്രീലങ്കയും മാലിദ്വീപും
d) മാലിദ്വീപും ലക്ഷദ്വീപുകളും

II. പൂരിപ്പിക്കുക

1. മദ്രാസ് റെജിമെന്റൽ സേനയുടെ കേന്ദ്രം ———— ൽ ആകുന്നു.
2. ഇന്ത്യൻ നാവികസേനയുടെ മേധാവി ———— ആകുന്നു.
3. മാർഷലായി ഫൈവ്സ്റ്റാർ റാങ്കിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ആദ്യത്തെ ഏക സേനാനി————ആണ്.
4. ഇന്ത്യയുടെ വിദേശനയത്തിന്റെ മുഖ്യ ശിൽപ്പി————
5. ചേരിചേരാപ്രസ്ഥാനം എന്ന പദം ആദ്യമായി രേഖപ്പെടുത്തിയത് ———— ആണ്.

III. ചേരുംപടി ചേർക്കുക

1.	നെൽസൺ മണ്ടേല	-	എട്ട് അംഗങ്ങൾ
2.	ദേശീയ യുദ്ധ സ്മാരകം	-	ഫീൽഡ് മാർഷൽ
3.	മനെക്ഷ	-	ഊർജ്ജ വികസനം
4.	സാർക്ക് (SAARC)	-	വർണ്ണവിവേചനം
5.	ബി. സി ഐ. എം	-	ന്യൂഡെൽഹി

IV. ശരിയോ തെറ്റോ എന്നെഴുതുക.

1. കേന്ദ്ര സായുധ പോലീസ്സേന ആഭ്യന്തര മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്നു.
2. മദ്രാസ് റെജിമെന്റ് ഏറ്റവും പഴയ കാലാൾപ്പട റെജിമെന്റുകളിൽ ഒന്നാണ്.
3. CRPF ന്റെ ഒരു പ്രത്യേക വിഭാഗമാണ് റാപ്പിഡ് ആക്ഷൻ ഫോഴ്സ്.
4. വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൈനിക പരിശീലനം നൽകുന്നു.
5. ബംഗ്ലാദേശ് ഇൻഡ്യയുടെ ഒരു ഭാഗമാണ്.
6. രാജ്യങ്ങളിലേക്ക് പ്രവേശിക്കാനുള്ള പാലമാണ് മ്യാൻമാർ.

V. ശരിയായ പ്രസ്താവന തെരഞ്ഞെടുത്തെഴുതുക.

1. സായുധസേനയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിഗണിക്കുക.

i) ഇന്ത്യൻ കരസേന കര ഭാഗത്തെ അടിസ്ഥാനമാക്കിയുള്ള സായുധസേനയുടെ ഒരു ശാഖയാണ്.

VIII Std - Civics Malayalam Chapter 6.indd 215 02/04/2024 17:59:13

ii) ദേശീയസുരക്ഷ ഉറപ്പുവരുത്തുക മാത്രമല്ല മനുഷ്യവൽക്കരണരക്ഷാപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. എന്നതാണ് ഇന്ത്യൻ കരസേനയുടെ ദൗത്യം.

a) i മാത്രം. b) ii മാത്രം.

c) i ഉം ii ഉം ശരി. d) i ഉം ii ഉം തെറ്റ്.

2. **പ്രസ്താവന:** രാഷ്ട്രപതിയാണ് ഇന്ത്യയിലെ സായുധസേനയുടെ പരമോന്നത സൈന്യാധിപൻ.

കാരണം: രാഷ്ട്രപതി രാഷ്ട്രത്തിന്റെ ഉയർന്ന പദവി വഹിക്കുന്ന തലവനാണ്.

a) പ്രസ്താവന ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നു.

b) പ്രസ്താവന ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നില്ല.

c) പ്രസ്താവന ശരി, കാരണം തെറ്റ്.

d) പ്രസ്താവനയും, കാരണവും തെറ്റാണ്.

3. **പ്രസ്താവന:** ഇന്ത്യ അന്താരാഷ്ട്ര സഹകരണത്തെ അനുകൂലിക്കുന്നു

കാരണം: രാജ്യങ്ങൾ തമ്മിലുള്ള എല്ലാ തർക്കങ്ങളും സൗഹാർദ്ദപരമായ സഹകരണത്തിലൂടെ പരിഹരിക്കാനാകുമെന്ന് ഇന്ത്യ വിശ്വസിക്കുന്നു.

a) പ്രസ്താവന ശരി, കാരണം തെറ്റ്.

b) പ്രസ്താവനയും, കാരണവും തെറ്റാണ്.

c) പ്രസ്താവന ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നു.

d) പ്രസ്താവന ശരിയാണ്. കാരണം പ്രസ്താവനയെ വിശദമാക്കുന്നില്ല.

4. വർണ്ണവിവേചനത്തെക്കുറിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരിയല്ലാത്തത്.

i) വംശീയ വിവേചനത്തിന്റെ ഒരു നയമാണ് വർണ്ണവിവേചനം.

ii) ഇത് മനുഷ്യത്വത്തിന് എതിരാണ്.

iii) ഇന്ത്യയിൽ വംശീയ വിവേചനം നിലവിലുണ്ട്.

a) i ഉം ii ഉം b) ii ഉം iii ഉം

c) ii മാത്രം d) iii മാത്രം

5. യോജിക്കാത്തത് കണ്ടെത്തുക

a) മാലി ദ്വീപ് b) ശ്രീലങ്ക

c) മ്യാൻമാർ d) ലക്ഷദ്വീപ്

VI. ഒന്നോ, രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.

1. ദേശീയ സിരക്ഷ വളരെ അത്യാവശ്യമാണ്. എന്തുകൊണ്ട്.?

2. പൂർണ്ണരൂപം എഴുതുക.

a) SFF b) ICG

c) BSF d) NCC

3. കേന്ദ്രസായുധസേന പോലീസ് സേനയെക്കുറിച്ച് ചെറുകുറിപ്പെഴുതുക. (CRPF)

4. ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാക്കന്മാരുടെ പെരെഴുതുക.

5. ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാന തത്വങ്ങൾ എഴുതുക.

6. സാർക്കിലെ അംഗരാജ്യങ്ങളുടെ പേരെഴുതുക. (SAARC.)

VII. വിവരിച്ച് ഉത്തരം എഴുതുക.

1. ഇന്ത്യൻ കരസേനയുടെ ഘടനയും, ഭരണവും വിവരിക്കുക.

2. അർദ്ധസൈനീക പ്രതിരോധസേനയെക്കുറിച്ച് എഴുതുക.

3. പഞ്ചശീലതത്വങ്ങൾ എഴുതുക.

4. അയൽ രാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിൽ ഇന്ത്യ ശ്രദ്ധ ചെലുത്തുന്നു. എങ്ങനെ?

VIII. ചിന്തിച്ച് ഉത്തരം എഴുതുക.

1. രാജ്യത്തിന്റെ അഭിമാനവും ആദരവും വളർത്തുന്ന പ്രതിരോധസേന ഒരു തൊഴിൽ വാഗ്ദാനം ചെയ്യുന്നു. പ്രാധാന്യം പ്രസ്താവിക്കുക.

VIII Std - Civics Malayalam Chapter 6.indd 216 02/04/2024 17:59:13

IX. പ്രൊജക്ടും, പ്രവർത്തനവും.

1. പ്രതിരോധസമ്പ്രദായത്തിന്റെ ഒരു ആൽബം തയ്യാറാക്കുക.
2. ഇന്ത്യൻ കരസേനക്ക് നല്കുന്ന അവാർഡുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. (ഉദാ. പരംവീർചക്ര)
3. ക്ലാസ്സിലെ വിദ്യാർത്ഥികളെ എട്ടു ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പും ഒരു സാർക്ക് രാജ്യത്തെ തെരഞ്ഞെടുക്കുന്നു. ഓരോ ഗ്രൂപ്പും ആ രാജ്യത്തിന്റെ പേരും ദേശീയപതാകയും പ്രദർശിപ്പിക്കുക. താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും വിഷയത്തെ ആസ്പദമാക്കി ഗ്രൂപ്പായി തിരിഞ്ഞ് ചർച്ചയോ, ക്വിസ്സോ സംഘടിപ്പിക്കുക.

i) സ്ഥലപ്രകൃതിയും ജനങ്ങളും
ii) ഗവൺമെന്റിന്റെ തരം
iii) മൂലധനം
iv) കറൻസി
v) ഇന്ത്യയുമായുള്ള ഉടമ്പടികൾ

REFERENCE BOOKS

1. Annual Report (2017 – 2018), Ministry of External Affairs, New Delhi
2. Deshpande, Anirudh. , (Ed), The First Line of Defence Glorious 50 Years of the Border Security Force, Shipra Publications, Delhi, 2015.
3. Baatcheet (Monthly Magazine- An Indian Army Publication), Additional Directorate General, Public Information, IHQ of MoD, New Delhi.
4. Jawaharlal Nehru, India's Foreign Policy, Selected Speeches 1946-April 1961, Ministry of Information and Broadcasting, Government of India, New Delhi, 1961.
5. V. P. Dutt, India's Foreign Policy in a Changing World, Vikas Publishing House, New Delhi, 1999.
6. Robert Bradnock, India's Foreign Policy Since 1971, Council on Foreign Relations Press, New York, 1990.

INTERNET RESOURCES

- www. indianarmy. nic. in
- www. indiannavy. nic. in
- www. indianairforce. nic. in
- www. assamrifles. gov. in
- www. crpf. gov. in
- www. bsf. nic. in
- www. itbpolice. nic. in
- www. cisf. gov. in
- www. ssb. nic. in
- www. indiancoastguard. gov. in
- www. nccindia. nic. in
- www. dgfscdhg. gov. in
- www. mod. gov. in
- www. madrasregiment. org
- www. national war memorial .gov.in

ICT CORNER
പ്രതിരോധവും വിദേശനയവും

ഘട്ടം – 1 ബ്രൗസർ തുറന്ന് തന്നിരിക്കുന്ന URL ലിങ്ക് ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ QR Code സ്കാൻ ചെയ്യുക.

ഘട്ടം – 2 താഴോട്ട് സ്ക്രോൾ ചെയ്ത് കരസേനയുടെ പ്രധാന സംഘടനകൾ (Important organisations) ക്ലിക്ക് ചെയ്യുക.

ഘട്ടം – 3 കരസേന പര്യവേക്ഷണത്തിന്റെ പ്രധാനമെനുവിൽ (War Memorial) സെലക്ട് ചെയ്യുക.

Web URL: https://mod. gov. in/

*Pictures are indicatives only.

*If browser requires, allow Flash Player or Java Script to load the pag

VIII Std - Civics Malayalam Chapter 6.indd 217 02/04/2024 17:59:13

യൂണിറ്റ് - 7

നീതിന്യായ വകുപ്പ്



പഠനലക്ഷ്യങ്ങൾ

- നീത്യന്യായ വ്യവസ്ഥയുടെ പരിണാമം കണ്ടെത്തൽ
- ഇന്ത്യൻ നീതിന്യായത്തിന്റെ ശ്രേണി ഘടന മനസ്സിലാക്കൽ
- സുപ്രീം കോടതി, ഹൈക്കോടതി സബോർഡി നേറ്റ് കോടതികൾ എന്നിവയുടെ അധികാര പരിധി വീശദികരിക്കൽ
- സ്വതന്ത്ര നീതിന്യായത്തിന്റെ ആവശ്യം മനസ്സിലാക്കൽ
- സിവിൽ നിയമവും ക്രിമിനൽ നിയമവും തമ്മിലുള്ള വ്യത്യാസം അറിയാൻ

FHTZW

"നീതിന്യായത്തിന്റെ മികവ് സർക്കാരിന്റെ മികവിന്റെ അളവുകോലാണ"

ആമുഖം

എല്ലാവർക്കും ശരിയായ നീതി ഉറപ്പാക്കുന്നതിന് ഒരു രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥ കാര്യക്ഷമമായിരിക്കേണ്ടതുണ്ട്. ഏകീകൃതവും സംയോജിതവുമായ ഒരു നീതിന്യായ വ്യവസ്ഥ ഇന്ത്യയിലുണ്ട്. സർക്കാരിന്റെ ഒരു ഭാഗം എന്ന നിലയിൽ നീതിന്യായം ഒരു പ്രധാന പങ്ക് വഹിക്കുന്നു. തർക്കങ്ങൾ പരിഹരിക്കുന്നു. നിയമങ്ങൾ വ്യാഖ്യാനിക്കുന്നു. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നു. ഭരണഘടനയുടെ രക്ഷാധികാരിയായി പ്രവർത്തിക്കുന്നു.

നിയമം : ആളുകളെ ഭരിക്കുന്നതിനായി ഒരു സർക്കാരോ ഒരു സ്ഥാപനമോ ഏർപ്പെടുത്തിയ വ്യവസ്ഥയാണിത്.

നീതിന്യായ വകുപ്പ് : ജുഡിഷ്യൽ സിസ്റ്റം എന്നത് സംസ്ഥാനങ്ങളിൽ കോടതികൾ മുഖേന നിയമാനുസൃമായി നിതീ നടപ്പാക്കുന്ന സംവിധാനമാണ്.

ഇന്ത്യൻ നീതിന്യായത്തിന്റെ പരിണാമം

a. പുരാതന കാലഘട്ടത്തിൽ നിതിന്യായം

പുരാതനകാലത്ത്, നീതി എന്ന ആശയം മതവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാജാവിനെ നീതിന്യായ വ്യവസ്ഥയുടെ തലവനായി കണക്കാക്കി. രാജാക്കന്മാരുടെ കോടതികൾ മിക്കതും ധർമ്മം (നീതിയും, കടമയും) ഒരു കൂട്ടം പരമ്പരാഗത നിയമങ്ങൾക്കനുസൃതമായി ധർമ്മം (നീതിയും,കടമയും) നീതിന്യായംനടപ്പിലാക്കി.ധർമ്മനിയമങ്ങൾ വ്യക്തിയെ മാത്രമല്ല സമൂഹത്തെയും ഭരിക്കുന്നു.

സ്മൃതികൾ

മനുസ്മൃതി, നാരദ സ്മൃതി, യജ്ഞവൽക്യ സ്മൃതി മുതലായവ പുരാതന ഇന്ത്യയിൽ സ്മൃതികളിൽൾ ഉൾപ്പെടുന്നു.

ഘാന റിപ്പബ്ളിക്കുകൾക്ക് അവരുടേതായ നിയമ വ്യവസ്ഥ ഉണ്ടായിരുന്നു. കുലിക കോടതിയുടെ അസ്തിത്വം നിലവിലുണ്ടായിരുന്നു. ക്രിമിൽ കേസ്സുകളുടെ അന്വേഷണത്തിനായി എട്ട് കുലികളുടെ ഒരു ബോർഡ് വജ്ജികൾക്കിടയിൽ ഉണ്ടായിരുന്നു. കുല കോടതിയിൽ നിന്ന് ഘാന കോടതികളിലേക്ക് അപ്പീൽ തുടർന്നു.

b. മധ്യകാലഘട്ടത്തിലെ നിതീന്യായം

തുഗ്ലക്കിന്റെ കാലഘട്ടത്തിൽ സിവിൽ നടപടികളിലൂടെ കോഡ് (നിയമ ഗ്രന്ഥം) സമാഹരിച്ചു. ഫിഖ-ഇ ഫിറോസ് ഷാഹിഎന്നാണ് ഇതിനെ വിളിച്ചിരുന്നത്.നടപടി ക്രമത്തിന്റെ വിശദാംശങ്ങളും നിയമനവും നിയമ ഗ്രന്ഥവും നിരവധി കാര്യങ്ങളിൽ നിർദേശിച്ചിട്ടുണ്ട്. അറബിയിൽ എഴുതപ്പെട്ട ഇത് പേർഷ്യൻ ഭാഷയിൽ വിവർത്തനം ചെയ്തു. 1670 ൽ എഴുതിയ

VIII Std - Civics Malayalam Chapter 7.indd 218 02/04/2024 17:58:48

ഫതാവ-ഇ-അലംഗിരിക്ക് പകരമായി ഔറഗം സീബിന്റെ ഭരണം വരെ ഇത് തുടർന്നു.

c. നവീന കാലഘട്ടത്തിൽ നീതിന്യായം

കൊളോണിയിൽ ഭരണകാലത്ത് ബ്രീട്ടീഷുകാർ രൂപികരിച്ച ഇന്ത്യൻ നീതിന്യായ വ്യവസ്ഥയും നിയമങ്ങളും ഇന്ന് നമ്മുടെ പക്കൽ ഇന്ത്യൻ നിയമാവലിയുടെ പൊതുനിയമത്തിന്റെ തുടക്കം (1726 ലെ ചാർട്ടർ പ്രകാരം) മദ്രാസ്, ബോംബെ, കൊൽക്കത്ത, എന്നിവയടങ്ങളിലെ മേയറുടെ കോടതി സ്ഥാപിക്കപ്പെട്ടു. 1773 ലെ ഇന്ത്യാ കമ്പനി റെഗുലേറ്റിങ്ങ് ആക്ട് സുപ്രീം കോടതി രൂപികരിക്കുന്നതിന് വ്യവസ്ഥ ചെയ്തു. കൊൽക്കത്തയിലെ വില്യം കോട്ടയിൽ ആദ്യമായി ഒരു സുപ്രീം കോടതി സ്ഥാപിച്ചു. സർ ഏലിയാ ഇംഫയെ ചീഫ് ജസ്റ്റിറായി നിയമിച്ചു. 1801 ലും 1824 ലും മദ്രാസിലും ബോംബെയിലും സുപ്രീം കോടതികൾ 1862 വരെ പ്രവർത്തിച്ചിരുന്നു. അവ മൂന്ന് സ്ഥലങ്ങളിലും ഹൈകോടതികളായി മാറ്റി സ്ഥാപിക്കപ്പെട്ടു.

വാറൻ ഹേസ്റ്റിംഗ്സ് ആഭ്യന്തര തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഫുസിൽ ദിവാനി അദാലത്തും ക്രിമിനൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് മൊഫുസിൽ ഫൗദരി അദാലത്തും സ്ഥാപിച്ചു. ഈ കോടതികളിൽ നിന്നുള്ള അപ്പീലുകൾ ദിവാനി അദാലത്ത് (സിവിൽ കോടതി അപ്പീൽ) സർദാർ നിസാമത്ത് അദാലത്ത് (ക്രിമിനൽ കോടതി അപ്പീൽ) എന്നിവയിലേക്ക് കൊണ്ടുപോകാം. കോൺവാലിസ് പ്രഭു സിവിൽ ക്രിമിനൽ നീതി ന്യായ വ്യവസ്ഥ പുനസംഘടിപ്പിച്ചു. കോൺവാലിസിനു കീഴിൽ ജില്ലാ ഫൗദരി കോടതി നിറുത്തലാക്കുകയും കൊൽക്കത്ത, ധാക്ക, മുർഷിദാബാദ്, പാറ്റ്ന, എന്നിവടങ്ങളിൽ സർക്യൂട്ട് കോടതി സ്ഥാപി ക്കുകയും ചെയ്തു. വില്യം ബെൻഡിങ്ങിന്റെ കാലഘട്ടത്തിൽ നാല് സർക്യൂട്ട് കോടതികളും നിറുത്തലാക്കി.

1862 ൽ സ്ഥാപിതമായ രാജ്യത്തെ ഏറ്റവും പഴയ ഹൈകോടതിയാണ് കൊൽക്കത്ത ഹൈക്കോടതി. ഏറ്റവും വലിയ ഹൈക്കോടതിയാണ് അലഹാബാദ് കോടതി.

അലഹബാദിൽ സർദാർ ദിവാനി അദാലത്ത് സർദാർ നിസാമത്ത് അദാലത്ത് എന്നിവ സ്ഥാപിച്ചു. ഇന്ത്യൻ നിയമങ്ങളെ ക്രോഡീകരിച്ച മാക്കുലെ ഒരു നിയമ കമ്മീഷനെ സജ്ജമാക്കി. ഈ കമ്മീഷന്റെ അടിസ്ഥാനത്തിൽ 1859ൽ സിവിൽ പ്രൊസിജർ നിയമാവലിയും 1860ലെ ഇന്ത്യൻ പീനൽ നിയമാവലിയും ഒരു ക്രിമിനൽ പ്രൊസിജർ നിയമാവലിയും 1861ൽ തയ്യാറാക്കി. ഇന്ത്യാ ഗവൺമെന്റ് ആക്ട് 1935ലെ ഫെഡറൽ കോടതി രൂപികരിച്ചു. ഇത് ഇംഗ്ലണ്ടിലെ പ്രിവി കൗൺസിലിന് ചില സാഹചര്യങ്ങളിൽ അപ്പീൽ നൽകാമെന്നതിനാൽ ഇത് പരമോന്നത കോടതി ആയിരുന്നില്ല. 1949ലെ പ്രിവി കൗൺസിൽ ജ്യൂറിസിഡ്ക്ഷൻ ആക്ട് നിറുത്തലാക്കിയതിലൂടെ പ്രിവി കൗൺസിലിന്റെ അധികാര പരിധി നിറുത്തലാക്കി. 1950 ജനുവരി 28ന് സുപ്രീം കോടതി ഉദ്ഘാടനം ചെയ്യപ്പെട്ടു.

നീതിന്യായവും ഭരണഘടനയും

ഇന്ത്യ സ്വന്തം ഭരണഘടനയ്ക്ക് രൂപം നൽകി. ഭരണഘടനയുടെ ഉത്തമലക്ഷ്യങ്ങൾക്കും സവിശേഷതകൾക്കും ഇടയിൽ സ്ഥാപക പിതാക്കൻമാർ നീതിക്ക് ഏറ്റവും ഉയർന്ന സ്ഥാനം നൽകി. ബ്രീട്ടിഷ് കാലഘട്ടത്തിൽ ഇന്ത്യാക്കാരനെ സ്വന്തമായി നിയമമോ കോടികളോ ഇല്ലായിരുന്നു. കൊളോണിയിൽ അധികാരത്തിനായി നിയമവും കോടതികളും രൂപ കൽപ്പന ചെയ്തിരുന്നു. അതിനാൽ ഭരണഘടന അസംബ്ലി അംഗങ്ങൾ കോടതികളുടെ സ്വാതന്ത്ര്യം പൂർണ്ണ അധികാരത്തോടെ ജ്യൂഡിഷൽ അവലോകനത്തിലൂടെ ഉറപ്പാക്കാൻ ശ്രമിച്ചു. സുപ്രീം കോടതിയുടെ നടപടികളും നടപടി ക്രമങ്ങളും നിയന്ത്രിക്കുന്നതിനായി ഭരണഘടന യുടെ ആർട്ടിക്കിൾ 145 പ്രകാരമാണ് 1966ലെ സുപ്രീം കോടതി നിയമങ്ങൾ രൂപപ്പെടു ത്തിയിരിക്കുന്നത്.

(ഇന്ത്യൻ ഭരണഘടനയുടെ സബോർഡിനേറ്റ് കോടതികൾ) എന്ന ആറാം അദ്ധ്യായത്തിന് കീഴിൽ യൂണിയൻ ജ്യൂഡിഷറി, പാർട്ട് ആറ് (സംസ്ഥാനം) എന്നീ നാലാം അദ്ധ്യായത്തിനു കീഴിൽ (യൂണിയൻ) സ്ഥാപിച്ച ഭൂമിയുടെ പരമോന്നത കോടതിയാണ് സുപ്രീം കോടതി. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കൾ 124 സുപ്രീം കോടതിയുടെ ഘടനയും അധികാര പരിധിയും വ്യക്തമാക്കുന്നു.



ആ ദ്യ ത്തെ രാഷ്ട്രീയ തത്വചിന്തകൻ സ്വതന്ത്രമായ ഒരു ആശയം മുന്നോട്ട് വെച്ചു, ജ്യൂഡിഷറി ആയ മോണ്ടസ്ക്യൂ പ്രശ്സത ഫ്രഞ്ച് തത്വചിന്തകൻ. സർക്കാർ മന്ത്രിസഭ, എക്സിക്യൂട്ടിവ്, നീതി ന്യായം എന്നീ മൂന്ന് ശാഖകളുടെ അധികാരങ്ങൾ വേർതിരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു.

VIII Std - Civics Malayalam Chapter 7.indd 219 02/04/2024 17:58:48

ഇന്ത്യൻ കോടതികളുടെ ഘടന

നമ്മുടെ രാജ്യത്ത് മൂന്ന് വ്യത്യസ്ത തലത്തിലുള്ള കോടതികളുണ്ട്.



ജില്ലാ കോടതി: ജില്ലാ തലത്തിൽ സിവിൽ കേസ്സുകൾ വിചാരണ ചെയ്യുന്ന കോടതികളെ ജില്ലാ കോടതി, എന്നു വിളിക്കുന്നു.

സെഷൻസ് കോടതി: ക്രിമിനൽ കേസ്സുകൾ വിചാരണ ചെയ്യുന്ന കോടതികളെ സെഷൻസ് കോടതി എന്ന് വിളിക്കുന്നു.

പഞ്ചായത്ത് കോടതി: ഗ്രാമീണതലത്തിൽ സിവിൽ ക്രിമിനൽ കേസ്സുകൾ പഞ്ചായത്ത് കോടതികൾ കൈകാര്യം ചെയ്യുന്നു.

റവന്യൂ കോടതി: റവന്യൂ കോടതികൾ ഭൂസംബന്ധമായ രേഖകളുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നു. ഇത് ഭൂവുടമകളിൽ നിന്ന് ഭൂനികുതി വിലയിരുത്തുകയും ശേഖരിക്കുകയും ചെയ്യുന്നു.

ലോക് അദാലത്ത്: വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനാണ് ലോക് അദാലത്ത് സ്ഥാപിച്ചത്. ഇത് ജനങ്ങളുടെ പരാതികൾ പ്രാദേശിക ഭാഷയിൽ കേൾക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. ലോക് അദാലത്തിന്റെ അധ്യക്ഷതയിൽ വിരമിച്ച ജഡ്ജിയും അഭിഭാഷകനും സാമൂഹ്യ പ്രവർത്തകനും ഉണ്ട്. കേസ്സുകൾ അഭിഭാഷകരില്ലാതെ മുന്നോട്ട് വെയ്ക്കുന്നു. പരസ്പര സമ്മതത്തിലൂടെയാണ് ഈ കേസ്സുകൾ പരിഹരിക്കുന്നത്. 1982ൽ ഗുജാറത്തിലെ ജുനാഗാദിലാണ് ആദ്യത്തെ ലോക് അദാലത്ത് നടന്നത്.

ഫാസ്റ്റ് ട്രാക്ക് കോടതി: ദീർഘകാലമായി നിലനിൽക്കുന്ന സെഷനുകളും മറ്റ് ലോവർ ജുഡീഷ്യൽ കേസ്സുകളും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കോടതികൾ 2000ൽ സ്ഥാപിതമായത്.

ടെലിലോ ഇനീഷ്യറേറ്റീവ്: ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് നിയമസഹായവും സേവനവും നൽകുന്നതിനും ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവുമായി സഹകരിച്ച് ടെലിലോ ഓർഗനൈസേഷൻ നിയമ നീതി മന്ത്രാലയം ആരംഭിച്ചു. വീഡിയോ കോൺഫറൻസിങ്ങിലൂടെ ആളുകൾ അഭിഭാഷകരിൽ നിന്ന് നിയമോപദേശം തേടുന്നു. ടെലിലോ പോർട്ടൽ സാങ്കേതിക സേവന പ്രാപ്തമായ പ്ലാറ്റ് ഫോമിലെ പൊതുസേവന കേന്ദ്രം.

VIII Std - Civics Malayalam Chapter 7.indd 220 02/04/2024 17:58:48

കുടുംബ കോടതി: കുടുംബ നിയമങ്ങൾ, കുടുംബ കോടതികൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നു. കൂടാതെ വിവാഹമോചനം, ദത്തെടുക്കൽ, ജുവനൈൽ പ്രശ്നങ്ങൾ, തുടങ്ങിയവ കുടുംബകോടതികൾ കൈകാര്യം ചെയ്യുന്നു.

മൊബൈൽ കോടതി: മൊബൈൽ കോടതി ഗ്രാമീണ ജനതയ്ക്ക് വലിയ ആശ്വാസമേകുന്നു. ഇത് ഗ്രാമീണ ജനങ്ങളിൽ നീതിന്യായ വ്യവസ്ഥയെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുകയും കുറഞ്ഞ ചെലവിൽ നീതി നിർവ്വഹണം നടത്തുകയും ചെയ്യുന്നു.

ഇ-കോടതി: ഇ-കോടതി പദ്ധതി 2005 ലാണ് സ്ഥാപിതമായത്. പദ്ധതി പ്രകാരം എല്ലാം കോടതികളും കമ്പ്യൂട്ടർ വത്കരിക്കും. ജൂഡീഷ്യൽ സേവന കേന്ദ്രം ഈ കോടതിയുടെ ഭാഗമാണ്. പൊതുജനങ്ങൾക്കും അഭിഭാഷകർക്കും സൗജന്യ മായി കേസ്സ് നിലയും അടുത്ത ഹിയറിങ്ങ് തീയ്യതികളും നേരിട്ട് ചോദിക്കാൻ കഴിയും.

NALSA – സമൂഹത്തിലെ പ ിന്നോക്കവിഭാഗങ്ങൾക്ക് സൗജന്യ നിയമ സേവനങ്ങൾ നൽകുന്നതിനും സൗഹൃദപ രമായ തർക്കങ്ങൾക്കായി ലോക് അദാലത്ത് സംഘടിപ്പിക്കുന്നതിനും 1987ലെ ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ട് പ്രകാരം ദേശീയ നിയമ സേവന അതോറിറ്റി രൂപീകരിച്ചു.

ജുഡീഷ്യറിയുടെ പങ്ക്

ജുഡീഷ്യറിയുടെ പങ്ക് ഇങ്ങനെ തരംതിരിക്കാം.

ഇന്ത്യയിലെ സുപ്രീം കോടതി



സുപ്രീം കോടതി ന്യൂഡെൽഹി

ഇന്ത്യയുടെ പരമോന്നത നീതിന്യായകോടതിയായ സുപ്രീംകോടതി ന്യൂ ഡെൽഹിയിൽ സ്ഥിതി ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന അനു സരിച്ച് ഭരണഘടനയുടെ രക്ഷാധികാരിയും പരമോന്നത കോടതിയുമാണ് സുപ്രീം കോടതി.

സുപ്രീം കോടതിയുടെ അധികാര പരിധി

a. **യഥാർത്ഥ അധികാര പരിധി:** സുപ്രീം കോടതിക്ക് ആദ്യമായി ആ കോടതിയിൽ മാത്രമേ തർക്കം കേൾക്കാൻ കഴിയു. പ്രധാന മായും യൂണിയനും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങളാണ് പരിഹരിക്കേണ്ടി വരുക.

തർക്ക പരിഹാരം	പൗരൻമാരും സർക്കാറും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ജൂഡിഷ്യൽ സംവിധാനം ഒരു രീതി നൽകുന്നു. • പൗരൻ • പൗരൻമാരും, സർക്കാരും • രണ്ട് സംസ്ഥാന ഗവൺമെന്റുകൾ • കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ
നിയമപരമായ അവലോകനം	പാർലമെന്റ് പാസാക്കിയ നിയമം ഭരണഘടനയുടെ അടിസ്ഥാന ഘടനയെ ലംഘിക്കുന്നുവെന്ന് വിശ്വസിക്കുന്നുവെങ്കിൽ ഒരു നിയമത്തെ ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിക്കാൻ ജുഡീഷ്യൽ അധികാരം ഉണ്ട്.
നിയമം ഉയർത്തിപ്പിടിക്കുന്നതും മൗലികാവകാശങ്ങൾ ന ടപ്പിലാക്കുന്നതും	നിയമം ഉയർത്തിപ്പിടിക്കുന്നതും മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്നുവെങ്കിൽ ഇന്ത്യയിലെ ഓരോ പൗരനും സുപ്രീം കോടതിയേയോ, ഹൈക്കോടതിയേയൊ സമീപി ക്കുക.

VIII Std - Civics Malayalam Chapter 7.indd 221 02/04/2024 17:58:49

b. **അപ്പീൽ അധികാര പരിധി:** ഹൈക്കോടതി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി എടുത്ത തീരുമാനങ്ങൾക്കെതിരെ അപ്പീൽ കേൾക്കാൻ കഴിയും.

c. **ഉപദേശ അധികാര പരിധി:** രാഷ്ട്രപതി പരാമർശിക്കുന്ന പൊതു പ്രധാന്യത്തെക്കുറിച്ചുള്ള ചോദ്യത്തെക്കുറിച്ച് കോടതിക്ക് രാഷ്ട്രപതിയോട് അഭിപ്രായം റിപ്പോർട്ട് ചെയ്യുവാൻ കഴിയും.

d. **റിട്ട് അധികാരപരിധി:** ആർട്ടിക്കിൾ 32 പ്രകാരവും സുപ്രീം കോടതിയും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 226 പ്രകാരവുമുള്ള ഹൈക്കോടതികളും റിട്ട് പുറപ്പെടുവിക്കുന്നു.

e. **കോടതി സൂക്ഷിപ്പ് രേഖ:** കോടതി നടപടികളും അതിന്റെ തീരുമാനങ്ങളും കീഴ്കോടതികളിൽ കണ്ടെത്തുന്നു.

f. **പ്രത്യേക അധികാരങ്ങൾ:** കീഴ്ക്കോടതികളും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.

ഹൈക്കോടതി



മദ്രാസ് ഹൈക്കോടതി

സംസ്ഥാനങ്ങളിലെ പരമോന്നത കോടതി ആണ് ഇത്. ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളിലും ഹൈക്കോടതി ഉണ്ട്. രണ്ടോ മൂന്നോ സംസ്ഥാനൾക്ക് പൊതുവായ ഒരു ഹൈക്കോടതി ഉണ്ടായിരിക്കാം. ഉദാ - പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, എന്നിവയ്ക്ക് ഒരു ഹൈക്കോടതി ഉണ്ട്. ഇതിന് ഒറിജനൽ അപ്പീൽ അവകാശം, റിട്ട് അധികാരം, എന്നിവ ഉണ്ട്. ഹൈക്കോടതിക്ക് താഴെ സംസ്ഥാനങ്ങളിൽ ഒരു സബോർഡിനേറ്റ് കോടതി ഉണ്ട്.

ജുഡീഷ്യറുടെ നിഷ്പക്ഷമായ പ്രവർത്തനവും ഭരണഘടനയുടെ ചട്ടക്കൂടുകളും

ജുഡീഷ്യറുടെ നിഷ്പക്ഷമായ പ്രവർത്തനവും ഭരണഘടനയുടെ ചട്ടക്കൂടുകളും ഇന്ത്യയിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ ജുഡിഷ്യറി സ്ഥാപിച്ചു. ന്യായമായ നീതിയുടെ ആവശ്യത്തിനായി ജുഡിഷ്യറിയുടെ സ്വാതന്ത്ര്യം പ്രധാനമാണ്. ഇന്ത്യയെപ്പോലുള്ള ജനാധിപത്യരാജ്യമായ ജൂഡീഷ്യറിയാണ് പൗരൻമാരുടെ അവകാശ സംരക്ഷകൻ. അതിനാൽ നമ്മുടെ ഭരണഘടന രൂപപ്പെടുത്തുന്ന സമയം ഇന്ത്യൻ ഭരണഘടനയുടെ ചട്ടക്കൂടുകൾക്ക് നമ്മുടെ രാജ്യത്തിനുണ്ടായിരിക്കേണ്ട ജുഡിഷ്യറിയെക്കുറിച്ച് ആശങ്ക ഉണ്ടായിരുന്നു. ഘടകസഭയിലെ അംഗങ്ങളുടെ ഈ ആശങ്കയ്ക്ക് ഡോ. അംബേദ്കറുടെ വാക്കുകളിൽ നമ്മുടെ ജുഡിഷ്യറി എക്സിക്യൂട്ടീവിൽ നിന്ന് സ്വതന്ത്രമായിരിക്കണം, അതിൽ കഴിവുള്ളവരുമായിരിക്കണം എന്ന അഭിപ്രായത്തിൽ സഭയിൽ വ്യത്യാസമില്ല. ഈ രണ്ട് വസ്തുക്കളും എങ്ങനെ സുരക്ഷിതമാക്കാം എന്നതാണ് ചോദ്യം.

ഫലപ്രദമായ ജുഡിഷ്യറി ഒരു സ്വതന്ത്രവും ഉത്തരവാദിത്തമുള്ളതുമായിരിക്കണം. ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം ജഡ്ജിമാർ പക്ഷപാതപരമായി പ്രവർത്തിക്കുന്നതിന്റെ സ്വാതന്ത്ര്യമാണ്, അതായത് ഏതെങ്കിലും ബാഹ്യസ്വാതന്ത്ര്യത്തിൽ നിന്നും സ്വതന്ത്രമാക്കുക.

വ്യവഹാര പ്രക്രിയ

ഇന്ത്യയിൽ വ്യത്യസ്ത തരം നിയമവിഭാഗങ്ങളുണ്ട്. സിവിൽ, ക്രിമിനൽ

സിവിൽ നിയമം	ക്രിമിനൽ നിയമം
• സിവിൽ നിയമം പണ സ്വത്ത്, സാമൂഹിക കാര്യങ്ങളും സംബന്ധിച്ച തർക്കങ്ങൾ കൈകാര്യം ചെയ്യുന്നു. ഉദാ: ഭൂമി, വാടക, വിവാഹ തർക്കം തുടങ്ങിയവയുമായി ബന്ധ പ്പെട്ട തർക്കങ്ങൾ. • ബന്ധപ്പെട്ട കക്ഷികൾ ബന്ധപ്പെട്ട കോടതിയിൽ ഒരു അപേക്ഷ സമർപ്പിക്കണം. • പണമടച്ചുള്ള രൂപത്തിലും അപേക്ഷകന്റെ അവകാശവാദമനുസരിച്ചും നൽകിയ ശിക്ഷകൾ.	• കുറ്റകൃത്യങ്ങളായി നിയമം നിർവചിക്കുന്ന പെരുമാറ്റങ്ങളോ പ്രവർത്തികളോ ആണ് ഇത് കൈകാര്യം ചെയ്യുന്നത്. ഉദാ മോഷണം, കൊലപാതകം, സ്ത്രീകളെ ഉപദ്രവിക്കൽ എന്നിവ. • പോലീസ് അന്വേഷണവുമായി ഫസ്റ്റ്ഇൻ ഫർമേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിലൂടെ ആണ് ഇത് ആരംഭിക്കുന്നത്, അതിനു ശേഷം കോടതിയിൽ കേസ്സ് ഫയൽ ചെയ്യും. • കുറ്റം തെളിയിക്കപ്പെട്ടാൽ ശിക്ഷ നൽകും പ്രതിയെ ജയിലിലേക്ക് അയക്കുന്നു.

VIII Std - Civics Malayalam Chapter 7.indd 222 02/04/2024 17:58:49

പൊതുതാല്പര്യ വ്യവഹാരം: പൊതുതാല്പര്യ സംരക്ഷണത്തിനായി ഒരു കോടതിയിൽ സമർപ്പിച്ച ഒരു വ്യവഹാരമാണ്. PIL സുപ്രീംകോടതി ഈ സംവിധാനം അവതരിപ്പിച്ചു. അടിസ്ഥാന മനുഷ്യാവകാശലംഘനം, മതപരമായ അവകാശങ്ങൾ, മലിനീകരണം, റോഡ് സുരക്ഷ തുടങ്ങിയ ഈ പറയുന്ന കാരണങ്ങളാൽ PIL ഫയൽ ചെയ്യാൻ കഴിയും. കേസ്സ് വ്യക്തമാക്കുന്ന ഒരു രേഖാമൂലം ഇത് ചെയ്യാം. ഈ ആശയം ഇന്ത്യൻ ജുഡിഷ്യറിയ്ക്ക് സവിശേഷമാണ്.

ഉപസംഹാരം

ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജുഡിഷ്യറി നിർണ്ണായക പങ്ക് വഹിക്കുന്നു. ജുഡിഷ്യറി, ഭരണഘടനയും മൗലികാവകാശങ്ങളുടെ സംരക്ഷകനുമാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയ്ക്ക് സ്വതന്ത്രവും ഘടനാപരവുമായ ഒരു നീതിന്യായ വ്യവസ്ഥയുണ്ട്.

പുനർവിചിന്തനം

- സദാർ ദിവാനി അദാലത്തും സദാർ നിസാമത്ത് അദാലത്തും അലഹാബാദിൽ സ്ഥാപിക്കപ്പെട്ടു.
- ലോക് അദാലത്ത് 2005-ൽ സ്ഥാപിതമായതാണ് ഇ - കോടതി പദ്ധതി.
- ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഭരണഘടനയുടെ രക്ഷാധികാരിയാണ് സുപ്രീംകോടതി.
- വേഗത്തിൽ നീതി ലഭിക്കുന്നതിനുവേണ്ടി ലോക് അദാലത്ത് സ്ഥാപിതമായി.

പദപരിചയം		
Litigation	the process of taking legal action	വ്യവഹാരം
Writ	a form of written command in the name of legal authority	നിയമാനുസൃത പ്രമാണം
Lok Adalat	peoples court	ജനകീയ കോടതി
Judicial Review	receiving the laws by the court	നിയമപരമായ അവലോകനം

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1 ഇന്ത്യയിലെ പരമോന്നത ജുഡിഷ്യൽ ട്രിബ്യൂണൽ
   a) പ്രസിഡന്റ്
   b) പാർലിമെന്റ്
   c) സുപ്രീംകോടതി
   d) പ്രധാനമന്ത്രി

2 തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ജുഡിഷ്യൽ സിസ്റ്റം നൽകുന്നു.
   e) പൗരൻ
   f) പൗരനും സർക്കാരും
   g) രണ്ട് സംസ്ഥാന സർക്കാറുകൾ
   h) മുകളിൽ ഉള്ളവ എല്ലാം

3. ഇന്ത്യയിലെ സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കം സുപ്രീംകോടതിയിൽ വരുന്നു
   a) യഥാർത്ഥ അധികാരപരിധി
   b) അപ്പീൽ അധികാരപരിധി
   c) ഉപദേശക അധികാരപരിധി
   d) ഇവയൊന്നുമല്ല

4. ഈ പറയുന്നവയിൽ ഏത് സംസ്ഥാന കേന്ദ്ര ഭരണപ്രദേശത്തിന് പൊതുവായ ഒരു ഹൈക്കോടതി ഉണ്ട്?
   a) പഞ്ചാബും ജമ്മു കാഷ്മീരും
   b) ആസ്സാ- ബംഗാൾ
   c) പഞ്ചാബ്, ഹരിയാനയും ചണ്ഡിഗഡും
   d) ഉത്തരപ്രദേശ്- ബീഹാർ

VIII Std - Civics Malayalam Chapter 7.indd 223 02/04/2024 17:58:49

5. പൊതുതാല്പര്യ വ്യവഹാര സമ്പ്രദായം ഇന്ത്യയിൽ അവതരിപ്പിച്ചു

a) സുപ്രീംകോടതി

b) പാർലിമെന്റ്

c) രാഷ്ട്രീയകക്ഷികൾ

d) ഭരണഘടനഭേദഗതികൾ

6. ഇന്ത്യയിലെ അപെക്സ് തലത്തിൽ എത്ര കോടതികൾ ഉണ്ട്?

a) ഒന്ന് b) രണ്ട്

c) മൂന്ന് d) നാല്

7. സുപ്രീംകോടതി സ്ഥിതിചെയ്യുന്നത്

a) ചണ്ഡിഗഡ് b) മുംബൈ

c) കൊൽക്കത്ത d) ന്യൂഡൽഹി

8. FIR ന്റെ പൂർണ്ണരൂപം

a) ആദ്യവിവര റിപ്പോർട്ട്

b) ആദ്യവിവര ഫലം

c) ആദ്യ സംഭവ റിപ്പോർട്ട്

d) ഇവയൊന്നുമല്ല

9. ക്രിമിനൽ കേസ്സുകൾ കേൾക്കുന്ന കോടതിയെ വിളിക്കുന്നത്

a) ജില്ലാ കോടതി b) സെഷൻസ് കോടതി

c) കുടുംബ കോടതി d) റവന്യൂ കോടതി

II. വിട്ടഭാഗം പൂരിപ്പിയ്ക്കുക.

1. ഇന്ത്യയിലെ ഏറ്റവും പഴയ ഹൈക്കോടതി ————————ഹൈക്കോടതി ആകുന്നു.

2. ഭരണഘടനയുടെ ചട്ടക്കൂടുകൾ ഇന്ത്യയിൽ ————, ———— ജുഡിഷ്യറി സ്ഥാപിച്ചു

3. പ്രശസ്ത ഫ്രഞ്ച് തത്വചിന്തകനായ ———— ഒരു സ്വതന്ത്ര ജുഡിഷ്യറിയുടെ ആശയം മുന്നോട്ടു വെച്ചു.

4. ———— പണസ്വത്തും സാമൂഹിക കാര്യങ്ങൾ സംബന്ധിച്ചുള്ള തർക്കങ്ങളും കൈകാര്യം ചെയ്യുന്നു.

5. പുരാതനകാലത്ത് രാജാക്കൻമാരിൽ ഭൂരിഭാഗവും ———— അനുസരിച്ച് നീതി വിതരണം ചെയ്തു.

III. യോജിപ്പിക്കുക.

1.	സുപ്രീംകോടതി	-	സാമൂഹികചുമതലകൾ
2.	ഹൈക്കോടതി	-	വേഗത്തിലുള്ള നീതി
3.	ലോക് അദാലത്ത്	-	പരമോന്നത കോടതി
4.	സർ എലിജഇംമ്പേ	-	സംസ്ഥാനത്തെ പരമോന്നത കോടതി
5.	സ്മൃതിസ്	-	മുഖ്യന്യായാധിപൻ

IV. ശരിയോ തെറ്റോ എന്ന് പറയുക.

1. 1951 ജനുവരി 28 നാണ് സുപ്രീം കോടതി ഉദ്ഘാടനം ചെയ്തത്.
2. തുഗ്ലക്ക് കാലഘട്ടത്തിൽ നടപടിക്രമങ്ങളുടെ നിയമാവലി അറബിക് ഭാഷയിൽ എഴുതി.
3. 1773-ലെ റെഗുലേറ്റിങ്ങ് ആക്റ്റ് സുപ്രീംകോടതി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തു.
4. അപ്പീൽ കോടതി ആയിരുന്നു സദാർ ദിവാനി അദാലത്ത്
5. ഇന്ത്യയിലെ ഏറ്റവും വലിയ ഹൈക്കോടതി അലഹാബാദ് ഹൈക്കോടതി ആകുന്നു.
6. ഇന്ത്യയുടെ ഭരണഘടന അതിന്റെ എല്ലാ പൗരൻമാർക്കും നീതി നൽകുന്നു.

V. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

1. ഈ പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.

i) മാക്കലെ ഒരു ലോ കമ്മീഷൻ സജ്ജമാക്കി.

ii) അത് ഇന്ത്യൻ നിയമങ്ങളെ ക്രോഡീകരിച്ചു

മുകളിൽ കൊടുത്ത പ്രസ്താവനകളിൽ ഏതാണ് ശരി?

a) i മാത്രം b) ii മാത്രം

c) i ഉം ii ഉം d) i ഉം ii ഉം അല്ല

2. താഴെ കൊടുത്ത പ്രസ്താവനകൾ പരിഗണിക്കുക.

i) ഇന്ത്യൻ പീനൽകോഡ് 1860-ൽ തയ്യാറാക്കി.

ii) 1862-ൽ കൊൽക്കത്ത ഹൈക്കോടതി സ്ഥാപിതമായത്.

iii) ഇന്ത്യാ ഗവൺമെന്റ് ആക്റ്റ് 1935-ൽ ഫെഡറൽ കോടതി സൃഷ്ടിച്ചു.

മുകളിൽ കൊടുത്ത പ്രസ്താവനകളിൽ ഏതാണ് ശരി?

VIII Std - Civics Malayalam Chapter 7.indd 224 02/04/2024 17:58:49

a) i മാത്രം b) ii ഉം iii ഉം മാത്രം

c) i ഉം iii ഉം മാത്രം d) മുകളിലുള്ള എല്ലാം

3. ഈ പറയുന്നവയിൽ ഏതാണ് ഇന്ത്യയിലെ സുപ്രീം കോടതിയെക്കുറിച്ച് ശരിയല്ലാത്തത്

i) ഇന്ത്യയിലെ പരമോന്നത കോടതിയാണ് സുപ്രീം കോടതി.

ii) ഇന്ത്യൻ ഭരണഘടനയുടെ നാലാം അധ്യായത്തിനു കീഴിൽ അഞ്ചാം ഭാഗമാണ് ഇത് സ്ഥാപിച്ചത്.

iii) ഒരു ഹൈക്കോടതിയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് കേസ്സുകൾ മാറ്റാൻ സുപ്രീംകോടതിക്ക് കഴിയില്ല

iv) അതിന്റെ തീരുമാനങ്ങൾ എല്ലാ കോടതികളിലും ബന്ധപ്പെട്ടിരിക്കുന്നു

a) i b) ii c. iii d. iv

4. **പ്രസ്താവന (A):** സുപ്രീം കോടതി കോടതി സൂക്ഷിപ്പ് രേഖയാണ.

കാരണം (R): ഇത് കോടതി നടപടികളുടെ രേഖകൾ സൂക്ഷിക്കുകയും അതിന്റെ തീരുമാനങ്ങൾ കീഴ് കോടതികളിൽ കണ്ടെത്തുകയും ചെയ്യുന്നു.

a) A ശരി

b) A ഉം R ഉം തെറ്റാണ്

c) A ശരിയാണ് R എന്നത് A യെ വിശദീകരിക്കുന്നു

d) A ശരിയാണ് R എന്നത് A വിശദീകരിക്കുന്നില്ല

5. **സമ്മതിക്കുകയോ വിയോജിക്കുകയോ ചെയ്യുക**

a) ഇന്ത്യയിലെ ഓരേ പൗരനും പരമോന്നത കോടതിയെ സമീപിക്കാം.

b) ധനികരും ശക്തരുമായ ആളുകൾ നീതിന്യായ വ്യവസ്ഥയെ നിയന്ത്രിക്കുന്നു.

c) ഓരോ പൗരനും കോടതികളിലൂടെ നീതി ലഭിക്കാനുള്ള അവകാശമാണ്.

d) രാഷ്ട്രീയ മാറ്റങ്ങളെ നിയന്ത്രിക്കാൻ കഴിയില്ല.

VI. ഓന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.

1. എന്തു കൊണ്ടാണ് നമ്മൾക്ക് നീതിന്യായ വ്യവസ്ഥ വേണ്ടത്?
2. ഇന്ത്യയിലെ വിവിധ തലത്തിലുള്ള കോടതികൾ ഏതെല്ലാം?
3. നിയമത്തെയും നീതിന്യായ വ്യവസ്ഥയെയും വേർ തിരിക്കുക
4. ലോക് - അദാലത്തിനെക്കുറിച്ച് ഒരു ചെറുകുറിപ്പ് എഴുതുക
5. മൊബൈൽ കോടതികളുടെ ഗുണങ്ങൾ എന്തൊക്കെയാണ്?

VII. വിശദീകരിച്ച് ഉത്തരം നൽശുക.

1. ജുഡിഷ്യറിയുടെ പങ്കിനെകുറിച്ച് എഴുതുക
2. സിവിൽ ക്രിമിനൽ നിയമങ്ങൾ വേർതിരിക്കുക
3. സുപ്രീംകോടതിയുടെ അധികാര പരിധി വിവരിക്കുക

VIII. പദ്ധതിയും പ്രവർത്തനവും.

1. ചർച്ചചെയ്യുക ഒരു സ്വതന്ത്ര്യ നീതിന്യായ വ്യവസ്ഥ ആവശ്യമാണോ? രണ്ട് കാരണങ്ങൾ പട്ടികിലാക്കുക
2. ഒരു മോക്ക് അപ്പ് കോടതി മുറി സെഷനായി നിങ്ങളുടെ ക്ലാസ്സ് റൂം ഓർഗനൈസ് ചെയ്യുക (അധ്യാപകന്റെ സഹായത്തോടെ ഒരു കേസ്സ് എടുക്കുക)

റഫറൻസ് പുസ്തകങ്ങൾ

1. Durga Das Basu - Introduction to the Constitution of India, Wardhe and Company, Agra, 2004.
2. M. V. Pylee - An Introduction to the Constitution of India, Vikas Publishing House, Bombay, 2007.
3. Subash Kashyap - Our Constitution, National Book Trust, New Delhi, 2013.
4. J.C. Johari - Indian Polity, Lotus Press, New Delhi, 1998.

ഇന്റർനെറ്റ് ഉറവിടങ്ങൾ

1. https://sci.gov.in
2. www.hcmadras.tn.nic.in

VIII Std - Civics Malayalam Chapter 7.indd 225 02/04/2024 17:58:49

സാമ്പത്തിക ശാസ്ത്രം

യൂണിറ്റ് 1

പണം, സമ്പാദ്യങ്ങൾ മറ്റും നിക്ഷേപങ്ങൾ





"പഠനം സൃഷ്ടിപരമായ കഴിവു നൽകുന്നു, സൃഷ്ടിപരമായ കഴിവു സ്വർഗ്ഗാത്മക ചിന്തയിലേക്ക് നയിക്കുന്നു. ചിന്തകൾ അറിവ് നൽകുന്നു. അറിവ് നമ്മെ മികവുറ്റവരാക്കുന്നു".

– A.P.J. Abdul Kalam

പഠന ലക്ഷ്യങ്ങൾ

- പണത്തിന്റെ വിലയിരുത്തലെ കുറിച്ച് മനസ്സിലാക്കുക.
- പണത്തിന്റെ മൂല്യം, പ്രകൃതം, പ്രവർത്തനം, പണത്തിന്റെ പ്രാധാന്യം എന്നിവയെകുറിച്ച് മനസ്സിലാക്കുക.
- സമ്പാദ്യം, നിക്ഷേപം എന്നിവയെ കുറിച്ച് മനസ്സിലാക്കുക.
- കള്ളപ്പണത്തെകുറിച്ച് മനസ്സിലാക്കുക.

A4H53

ആമുഖം

പണം അത്ഭുതകരമായതും ജിജ്ഞാസ ഉണർത്തുന്നതുമായ ഒരു വിഷയമാകുന്നു. വിദ്യാർത്ഥികൾ പ്രധാനമായും ഇതിന്റെ ഘടകങ്ങളെകുറിച്ച് മനസ്സി ലാക്കേണ്ടതുണ്ട്. പണത്തിന്റെ ചരിത്രവും, വിവിധ കാലങ്ങളിൽ വ്യത്യാസ്തരീതികൾ ഉപയോഗിച്ചിരു ന്നതും ഒരു രസകരമായ കഥയാണ്. പണത്തിന്റെ ആധുനിക രീതി ബാങ്ക് സംവിധാനമായി ബന്ധപ്പെ ട്ടിരിക്കുന്നു.

പണം വിലമതിക്കുന്നതും ഭാവിയിൽ സമ്പത്തി ന്റെയും വ്യാപാരത്തിന്റെയും സംഭരണത്തിൽ നമ്മെസഹായിക്കുന്നതുമായ മൗലിക കണ്ടുപിടി ത്തമാണ്. പൊതു ജന അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ വസ്തുക്കൾ വാങ്ങുന്നതിനായി നൽകുന്ന തുകയായി എല്ലാവരും അംഗീകരിക്കുന്ന എന്തിനെയും പണം എന്നു പറയാം റോബർട്ട്സൺ.

പണത്തിന്റെ പരിണാമം

പണം എന്ന പദം റോമൻ പദമായ മൊനേട്ടോ ജൂനോ എന്ന വാക്കിൽ നിന്നുള്ളതാണ്. ഇത് റോമിലെ സ്ത്രീ ദൈവത്തിന്റെയും റോമാസാമ്രാജ്യത്തി ന്റെയും പണമാകുന്നു. ഇന്ത്യയിലെ രൂപ എന്ന പദം സംസ്കൃത പദത്തിൽ നിന്നുമുള്ളതാണ്. രൂപ എന്നാൽ വെള്ളി നാണയം എന്നർത്ഥം. ഇന്ന് നമ്മൾ കടലാസ് പണമായും, നാണയങ്ങളായും ഉപയോഗിക്കുന്നു. എന്നാൽ ഈ പരിണാമ സാഹചര്യങ്ങൾ ഒരു രാത്രി യിൽ സംഭവിച്ചതല്ല. ഈ അവസ്ഥയിലെത്താൻ ആയിര ക്കണക്കിന് വർഷങ്ങൾ വേണ്ടി വന്നു. പണത്തിന്റെ പരിണാമം പലഘട്ടങ്ങൾ കടന്നു. ആരംഭകാലത്തെയും, പഴയകാലഘട്ടത്തിലെയും സമ്പ്രദായമാണ് സാധത കൈമാറ്റ, സമ്പ്രദായം.

സാധനകൈമാറ്റ സമ്പ്രദായം

പണ്ട് കാലങ്ങളിൽ പണം ഉപയോഗിക്കാതെ സാധനങ്ങൾക്കു പകരം സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്നതിനെ സാധനകൈമാറ്റ സമ്പ്രദായം എന്നു പറയുന്നു. സാധനകൈമാറ്റ സമ്പ്രദായം ഒരു പഴയ കൈമാറ്റ രീതിയാണ്. പണം കണ്ടുപി ടിക്കുന്ന തിനു മുമ്പ് ഈ രീതി അനേകം നൂറ്റണ്ടുകളായി ഉപയോഗിച്ചിരുന്നു ജനങ്ങൾ സാധനങ്ങളെ മാറ്റുന്ന ജോലി മറ്റൊരു സാധനം മാറ്റുന്ന ജോലിക്ക് കൈമാറ്റം ചെയ്തിരുന്നു. കൈമാറ്റ സാധനങ്ങളുടെ മൂല്യത്തെ കുറിച്ച് മറ്റു

VIII Std - Economics Malayalam Chapter 1.indd 226 06/04/2024 16:23:01

കക്ഷികളോടും ചർച്ചകൾ ചെയ്തിരുന്നു. സാധന കൈമാറ്റ പ്രവർത്തിയിൽ പണ ത്തിന്റെ സാനിദ്ധ്യം ഇല്ലാത്തത് നേട്ടമായിരുന്നു.

സാധന കൈമാറ്റ സമ്പ്രദായത്തിന്റെ ചില പോരായ്മകൾ:

1. ആവശ്യത്തിന്റെ യാദൃശ്ചികതയുടെ അസമത്വം,
2. സാധാരണ മൂല്യ മാനദണ്ഡം
3. സാധനങ്ങളുടെ വേർതിരിവില്ലായ്മ
4. സമ്പത്ത് സംഭരിച്ചു സൂക്ഷിക്കുന്നതിനുള്ള പ്രയാസം

പണത്തിന്റെ പരിണാമത്തിന്റെ ചില പ്രധാന ഘട്ടങ്ങൾ

ചരക്കുപണം,ലോഹപണം, കടലാസ്സ് പണം, വായ്പാപണം, ബാങ്കുപണം, സമീപ പണം എന്നിവ അടുത്തിടെയുള്ള പണത്തിന്റെ പരിണാമഞ്ഞാൽ സമയം, സ്ഥലം, സാഹചര്യങ്ങൾ എന്നിവയുടെ അടിസ്ഥാന ത്തിൽ വിവിധ ഘട്ടങ്ങളിലൂടെ പണം രൂപം പ്രാപിച്ചു.

ചരക്കു പണം (സാധനകൈമാറ്റ പണം)

പൊതുവായി നാഗരീകതയുടെ ആരംഭ കാലയളവിൽ എല്ലാവരും അംഗീകരിക്കുന്ന ഏതു സാധനമാണോ പൊതുവായി ആവശ്യം വരുന്നത്. ആ സാധനം പൊതുവായി തെരഞ്ഞെടുക്കപ്പെട്ട് പണ മായി ഉപയോഗിച്ചിരുന്നു.

ലോഹപണം

മനുഷ്യനാഗരിഗതയുടെ പുരോഗതിയോടെ ചരക്കു പണം ലോഹപണമായി മാറി. സ്വർണ്ണം, വെള്ളി, ചെമ്പ് മുതലായ ലോഹങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാനായതിനാൽ അവയുടെ അളവ് വേഗത്തിൽ കണ്ടെത്താനാകും. ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പണത്തിന്റെ വിവിധരൂപങ്ങളാണ് മേൽപ്പറഞ്ഞവ.

പ്രചീന കാലഘട്ടത്തിൽ.....

സാധനകൈമാറ രീതി:

സാധനങ്ങളുടെയും, സേവനങ്ങളുടെയും വസ്തുക്കൾക്ക് പകരമായി കൈമാറം ചെയ്തു.



കൈമാറ്റ കച്ചവട സമ്പ്രദായം

VIII Std - Economics Malayalam Chapter 1.indd 227 06/04/2024 16:23:01

പണത്തിന്റെ പരിണാമ വളർച്ച



സമീപകാല പണ ഇടപാട് രീതികൾ



VIII Std - Economics Malayalam Chapter 1.indd 228 06/04/2024 16:23:19

ലോഹനാണയത്തിന്റെ ചരിത്രം

സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ വിലയേറിയ ലോഹങ്ങൾ ലോഹനാണയത്തിനായി ഉപയോഗിച്ചിരുന്നു. മുദ്രകളോടു കൂടിയ സ്വർണ്ണം, വെള്ളി എന്നീലോഹങ്ങളുടെ ഭാരം, അളവ് എന്നിവ അനുസരിച്ച് അവ കൈമാറ്റ ഉപകരണമായി ഉണ്ടാക്കിയിരുന്നു. അവയെല്ലാം വേവ്വെറെ പിരിവുകളാക്കി എളുപ്പത്തിൽ വേർതിരിക്കാനും എടുത്തു കൊണ്ടു പോകുവാനും സൗകര്യമുണ്ടായിരുന്നു.

ചരിത്ര പണ്ഡിതനായിരുന്ന ഹെറോഡോട്ടസ് ക്രി.പി. 8 ാം നൂറ്റാണ്ടിൽ ലിഡിയായുടെ ചക്രവർത്തിയായിരുന്ന മിടാസ് ലോഹനാണയം കണ്ടുപിടിച്ചിരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ലിസിയായ്ക്കു മുൻപു തന്നെ പല നൂറ്റാണ്ടുകളായി ഇന്ത്യയിൽ സ്വർണ്ണനാണയം ഉപയോഗിച്ചു തുടങ്ങിയിരുന്നു.

ലോകത്തിൽ ആദ്യമായി പുറത്തിറക്കിയവർ ചൈനക്കാരും, കിഴക്കൻ ലിഡിയാക്കാരും, പുരാതന ഇന്ത്യക്കാരുമാണ്. ആദ്യമായി ഇന്ത്യയിൽ അച്ചടിക്കപ്പെട്ട നാണയങ്ങൾ ക്രി.പി. 6 ാം നൂറ്റാണ്ടിൽ മഹാജനപഥങ്ങളാൽ പുറത്തിറക്കിയ പുരാണം, കർഷകപനസ് അല്ലെങ്കിൽ പൗസ് എന്നീ നാണയങ്ങളാണ്.

സ്വർണ്ണം, വെള്ളി, ചെമ്പ് മറ്റും ഈയം എന്നീ ലോഹങ്ങളിൽ തുളയോടു കൂടിയ നാണയങ്ങൾ മൗര്യൻമാർ പുറത്തിറക്കിയിരുന്നു. ഇന്ത്യ, ഗ്രീക്ക്, കുഷാൻ എന്നിവിടങ്ങളിലെ രാജാക്കൻമാർ ഗ്രീക്ക് സംസ്കാര രീതിയിലുള്ള ചിത്രങ്ങളോടു കൂടിയ നാണയങ്ങൾ പുറത്തിറക്കി 12 ാം നൂറ്റാണ്ടിൽ ഇസ്ലാമിയ ലിപികളോടൊപ്പം ഇന്ത്യൻ രാജാക്കൻമാരുടെ നാണയ സമ്പ്രദായത്തിലും തുർക്കി ഡൽഹി സുൽത്താൻമാർ മാറ്റം വരുത്തി. സ്വർണ്ണം, വെള്ളി, മറ്റും ചെമ്പിനാൽ നിർമ്മിക്കപ്പെട്ട നാണയങ്ങളെ ടാങ്കാ എന്നും, മൂല്യം കുറഞ്ഞ നാണയങ്ങളെ ജിട്ടാൻ എന്നും വിളിച്ചിരുന്നു.

1526 AD(CE)ൽ ഭരിച്ചിരുന്ന മുഗൾസാമ്രാജ്യം മുമു സാമ്രാജ്യത്തിലെ നാണയരീതികളെ മെച്ചപ്പെടുത്തി നാണയ പുരോഗതിയുടെ ഫലമായി ഷെർകാസുരി ഹുമയൂണിനെ തോല്പിച്ച് 178 ഗ്രാം ഭാരമുള്ള റുപ്പിയ എന്നു പേരുള്ള വെള്ളിനാണയം പുറത്തിറക്കി. 40 ചെമ്പുതകിടുകളും അഥവാ പൈസ മറ്റും വെള്ളിനാണയങ്ങളും മുഗളൻമാരുടെ കാലത്ത് തുടർച്ചയായി ഉപയോഗിച്ചിരുന്നു. 1600 ാം വർഷം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി മുഗളൻമാരുടെ നാണയത്തെ പ്രാബല്യത്തിൽ കൊണ്ടുവരുന്നു എന്നാൽ 1717AD(CE)ൽ ഈ നാണയത്തെ മുഗൾ ചക്രവർത്തിയായിരുന്ന ഫറൂഖ്ഷ്യർ ബോംബേ അച്ചടിശാലയിൽ മുഗളൻമാരുടെ നാണയമായി അച്ചടിക്കാൻ അനുവാദ നൽകി. ബ്രിട്ടീഷുകാർ സ്വർണ്ണനാണയങ്ങളെ കരോലിനെ എന്നും, വെള്ളിനാണ യങ്ങളെ എയ്ഞ്ചലീന എന്നും, ചെമ്പു നാണയങ്ങളെ കപ്ഗൂൻ എന്നും സില നാണയങ്ങളെ തകിടുനാ ണയങ്ങൾ എന്നും വിളിച്ചിരുന്നു .

ലോഹ നാണയം


മൗര്യ


മൗര്യ


കർഷപനാസ്


ഡൽഹി സുൽത്താൻ


ഡൽഹി സുൽത്താൻ


ടാങ്കാ ഷെർഷാസൂരി


ഷെർഷാസൂരി നാണയം


മൗര്യ

VIII Std - Economics Malayalam Chapter 1.indd 229 06/04/2024 16:23:20

കടലാസ്സ് പണം



കടലാസ്സ് പണം

റോമം, തോൽ, ഉപ്പ്, ഗോതമ്പ്, പാത്രങ്ങൾ, ആയുധങ്ങൾ പോലെയുള്ള സാധനങ്ങൾ നാണയമായി ഉപയോഗിച്ചിരുന്നു. അത്തരം സാധനങ്ങളെ കൊടുത്ത് പകരം മറ്റു സാധനങ്ങൾ വാങ്ങുന്നതിനെ സാധന കൈമാറ്റ സമ്പ്രദായം എന്നു വിളിച്ചിരുന്നു. മനുഷ്യ സംസ്കാരത്തിന്റെ പുരോഗതിയുടെ ഫല മായി, സാധനം പണമായി ഉപയോച്ചതിനു പകരമായി ലോഹം നാണയമായി ഉപയോഗിച്ചു തുടങ്ങി. സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങൾ ഉപയോഗ ത്തിലുള്ളതിനാൽ അവയുടെ അളവ് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു. ചരിത്രത്തിന്റെ ലിഖിത രേഖകളിൽ വലിയൊരു ഭാഗം ഇത്തരത്തിലുള്ള നാ ണയങ്ങൾക്ക് മുഖ്യപങ്കു നൽകിയിട്ടുണ്ട്. സ്വർണ്ണം മറ്റും വെള്ളി നാണയങ്ങൾ ഒരു സ്ഥലത്തു നി ന്നും മറ്റാരു സ്ഥലത്തേയ്ക്ക്കൊണ്ടു ചെയ്യുന്നത് ശ്രമകരവും, അപകടസാധ്യതയുള്ള തുമായിരുന്നു. ആയതിനാൽ കടലാസു പണത്തിന്റെ കണ്ടുപിടിത്തം പണം വികസിപ്പിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു സംഭവമായി മാറി.

പ്രവർത്തനം : 1

താഴെകാണുന്ന പട്ടിക പൂർത്തീകരിക്കുക:

ക്രമ നമ്പർ.	രാജ്യത്തിന്റെ പേര്	കറൻസിയുടെ പേര്
1	ഇന്ത്യ	
2	ജർമ്മനി	
3	ജപ്പാൻ	
4	സിംഗപ്പൂർ	
5	മലേഷ്യ	
6	സൗദി അറേബ്യ	
7	അമേരിക്കൻ ഐക്യനാടുകൾ	
8	ഇംഗ്ലണ്ട്	
9	ശ്രീലങ്ക	
10	പാക്കിസ്ഥാൻ	

സ്വർണ്ണശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച കടലാസ്സു പണത്തിന്റെ വികസനം ഈ സംഭരണത്തിനായി സ്വർണ്ണപണിക്കാരൻ വഴി രസീതുകൾ വിതരണം ചെയ്തു. സ്വർണ്ണ പണിക്കാരൻ ഈ രസീതുകൾ പണത്തിനു പകരമാക്കുകയും കടലാസ്, പണമായി മാറുകയും ചെയ്തു. കടലാസു പണത്തെ ക്രമീകരിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നത് ആ രാജ്യത്തിലെ സെൻട്രൽ ബാങ്ക് ആകുന്നു. ഇന്ത്യയിൽ അച്ചടി കടലാസ് പണത്തിന് നിയന്ത്രണം നടത്തുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI)ആണ്. ഇത് സ്ഥാപിച്ചത് 1935 ആണ്. നിലവിൽ വലിയൊരു ഭാഗം പണമിടപാടുകൾ നടത്തുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന കറൻസിനോട്ടുകളോ അല്ലെങ്കിൽ കടലാസുപണമോ ആണ്.



ഇന്ത്യൻ റിസർവ്വ് ബാങ്ക്

വായ്പ പണം അല്ലെങ്കിൽ ബാങ്ക് പണം

കടലാസു പണം അല്ലെങ്കിൽ കറൻസി നോട്ടുകൾ, വായ്പാ പണത്തിന്റെ അടിയന്തിര അത്യാ വശ്യ ഒരു ഭാഗമായി കണക്കാക്കി.ജനങ്ങൾ അവരുടെ പണത്തി ന്റെ ഒരു ഭാഗം ബാങ്കു കകളിൽ നിക്ഷേപി ക്കുണ്ട്. അത് അവരുടെ സ ൗ ക ര്യ ാ ർ ത്ഥ ം ചെക്കുകൾ വഴി പിൻവ ലിക്കാ വുന്നതാണ്. ചെക്ക് തന്നെ പണമല്ല. എങ്കിലും അത് പണത്തിന്റെ പ്രവർത്തനം ചെയ്യുന്നു.



സമീപ പണം

ബില്ല്, ട്രഷറി ബില്ലുകൾ, പത്രങ്ങൾ, വായ്പ്പാ പത്രങ്ങൾ, നിക്ഷേപ പത്രങ്ങൾ എന്നിവയുടെ ഉപ യോഗങ്ങൾ പരിണാമ വളർച്ചയുടെ അവസാനത്തെ രൂപങ്ങളാണ്.

പണത്തിന്റെ സമീപകാല രൂപങ്ങൾ

പ്ളാസ്റ്റിക് പണം

പണത്തിന്റെ സമീപകാല രൂപമാണ് പ്ളാസ്റ്റിക് പണം ഇതിന്റെ വകഭേദങ്ങളാണ് ക്രെഡിറ്റ് കാർഡും, ഡെബിറ്റ് കാർഡും, പണമില്ലാത്ത ഇടപാടുകളാണ് ഇതിന്റെ ഉദ്ദ്യേശം.



VIII Std - Economics Malayalam Chapter 1.indd 230 06/04/2024 16:23:21

ഇലക്ട്രോണിക് പണം

ഇലക്ട്രോണിക് പണം എന്നത് ധനകാര്യ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ സംവിധാനങ്ങൾ വഴി പണമിടപാടുകൾ നടത്തുന്നതാണ്.

ഓൺലൈൻ ബാങ്കിങ്ങ്



ഓൺലൈൻ ബാങ്കിങ്ങ് അല്ലെങ്കിൽ ഇന്റർനെറ്റ് ബാങ്കിങ്ങ് എന്നത് ഒരു ഉപഭോക്താവ് അല്ലെങ്കിൽ ഒരു ധനകാര്യ സ്ഥാപനം ഇന്റർനെറ്റിന്റെ സഹായത്തോടെ സാമ്പത്തിക ഇട പാടുകൾ നടത്തുന്നതാണ്.

ഇലക്ട്രോണിക് ബാങ്കിങ്ങ്



ഇലക്ട്രോണിക് ധനകാര്യസ്ഥാപനത്തെ ദേശീയ ഇലക്ട്രോണിക് പണമിടപാട് എന്നും വിളിക്കാം ഈ രീതിയിൽ ചെക്കായോ, പണമായോ ഒരു അക്കൗണ്ടിൽ നിന്നും മറ്റൊരു അക്കൗണ്ടി ലേക്ക് എളുപ്പത്തിൽ കൈമാറ്റം നടത്താൻ സാധിക്കും.

പ്രവർത്തനം : 2

- ലോഹനാണയം, പ്ലാഡിക് രൂപം, ഉല്പന്ന പണം, എന്നീ പണത്തിന്റെ വിവിധ ഘട്ടങ്ങളുടെ മാതൃക തയ്യാറാക്കുക (കൈമാറ്റക്കച്ചവടം ഉൾപ്പെടെ).
- ഓരോ സംഘം വിദ്യാർത്ഥികൾക്കും മാതൃക നൽകുക.
- അദ്ധ്യാപകനും വദ്യാർത്ഥികളും തമ്മിൽ പണത്തിന്റെ വിവിധ ഘട്ടങ്ങളെ ചർച്ച ചെയ്യുക.

പണത്തിന്റെ മൂല്യം

പണത്തിന്റെ മൂല്യം എന്നത് ഒരു രാജ്യത്തെ ചരക്കുകളുടെയും സേവനങ്ങളുടെയും വാങ്ങൽ ശേഷിയെ കുറിക്കുന്നതാണ് അതുകൊണ്ടു തന്നെ ചരക്കുകളുടെയും സേവനങ്ങളുടെയും വിലനിലവാരവുമായി ബന്ധപ്പെട്ടതാണ് എന്നാൽ പണത്തിന്റെ മൂല്യവും വിലയുടെ അളവും തമ്മിൽ വിപരീതബന്ധമാണുള്ളത്.



രൂപയുടെ ചിഹ്നം ₹ തമിഴ്നാട്ടിലെ വിഴുപ്പുറം ജില്ലയിലെ ശ്രീ ഉദയകുമാർ എന്ന വ്യക്തിയാൽ 2010 ജൂലൈ 15 ലാണ് രൂപീകരിച്ച് ഇന്ത്യാ ഗവൺമെന്റിനാൽ അംഗീകരിക്കപ്പെട്ടത്.

രൂപയുടെ മൂല്യം രണ്ടുതരത്തിലുണ്ട്

1. രൂപയുടെ ആന്തരിക മൂല്യം
2. രൂപയുടെ ബാഹ്യമൂല്യം

രൂപയുടെ ആന്തരിക മൂല്യം എന്നത് രാജ്യത്തിനുള്ളിലുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും വാങ്ങൽ ശേഷിയെ കുറിക്കുന്നു. രൂപയുടെ ബാഹ്യമൂല്യം എന്നത് വിദേശ രാജ്യങ്ങളിലെ ചരക്കുകളുടെയും സേവനങ്ങളുടെയും വാങ്ങൽ ശേഷിയെ കുറിക്കുന്നു.

പ്രവർത്തനം : 2

- വിദ്യാർത്ഥികൾ രൂപയുടെ മൂല്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു,
- ഒരു കട അല്ലെങ്കിൽ ചന്ത പോലെ ക്ലാസ് മുറിയെ സജ്ജമാക്കുക
- വിദ്യാർത്ഥികളോട് കടയിൽ നിന്നും ചില വസ്തുക്കൾ വാങ്ങാൻ നിർദ്ദേശിക്കുക
- വിപണി പ്രവർത്തനങ്ങൾ നടത്തുക
- വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് രൂപയുടെ മൂല്യത്തെ കുറിച്ച് ചർച്ച ചെയ്യുക

പണത്തിന്റെ സ്വഭാവം

പണത്തിന്റെ അർത്ഥവും, സ്വഭാവത്തെയും കുറിച്ച് അനേകം വിവാദങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ട്. സ്റ്റോവിസ്റ്റിയുടെ അഭിപ്രായ പ്രകാരം പണം എന്നത് നിർവ്വചിക്കാൻ ബുദ്ധിമുട്ടുള്ള ഒരു ആശയമാണ്. എന്തെന്നാൽ അത് വ്യത്യസ്ത മേഖലകളിൽ ഒന്നല്ല മൂന്ന് പ്രവർത്തികൾ നിർവ്വഹിക്കുന്നു അവ ഓരോന്നും കണക്കിന്റെ മാത്രാമൂല്യത്തിന്റെ മാനദണ്ഡം, വിനിമയ മാർഗ്ഗം, സംഭരണ മൂല്യം എന്നിവയെ കുറിക്കുന്നു. സർ ജോൺ ഹിഗ്സിന്റെ അഭിപ്രായപ്രകാരം പണം അതിന്റെ പ്രവർത്തനങ്ങളാൽ നിർവചിക്കപ്പെടുന്നു. ഏതൊക്കെ പണമായി കണക്കാക്കപ്പെടുന്നുവോ അവ നണമായി ഉപയോഗിക്കപ്പെടുന്നു. പ്രൊഫസർ വാക്കറിന്റെ അഭിപ്രായത്തിൽ പണം എന്നത് എന്തൊക്കെ ചെയ്യാൻ കഴിയുന്നുവോ ആരൊക്കെ പണം എന്നതാണ്.

പണത്തിന്റെ നിർവ്വഹണപരമായ വ്യാഖ്യാനങ്ങൾ എല്ലാം അതിന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചിട്ടുള്ളത്. ചില സാമ്പത്തിക ഉപദേഷ്ടാക്കൾ പണമായി പ്രസ്താവിക്കുന്ന ഏതൊന്നും പണമാണ് എന്ന് പണത്തെ നിയമപരമായ വാക്കുകളാൽ പ്രസ്താവിക്കുന്നു. പണം എല്ലാപേരിലും പൊതുവായ സ്വീകാര്യത കൈവരിച്ചിട്ടുണ്ട്. കൂടാതെ അവ വായ്പകൾ കൈവരിച്ചിട്ടുണ്ട്. കൂടാതെ അവ വായ്പകൾ തിരിച്ചടയ്ക്കാനുള്ള നിയമപരമായ അധികാരത്തോടു കൂടിയതാണ് എന്നാൽ നിക്ഷേധിക്കപ്പെടാനാകാത്ത നാണ്യമുപയോഗിച്ച് സേവനങ്ങൾ, ചരക്കുകളെ വിൽക്കാൻ നിരസിച്ചാൽ നിയമപ

VIII Std - Economics Malayalam Chapter 1.indd 231 06/04/2024 16:23:21

രമായ രൂപയെ ജനങ്ങൾ സ്വകാര്യമാക്കുകയില്ല. കൂടാതെ വായ്പകളെ തീർക്കുന്നതിന് പണം പോലെതന്നെ നിയമപരമായ നിർവ്വചിക്കപ്പെടാത്ത മറ്റു പലതിനെയും ജനങ്ങൾ പണമായി സ്വീകരിക്കുന്നു. എന്തെന്നാൽ പണം സ്വതന്ത്രമായി പ്രചാരണത്തിലുള്ള ഒന്നാണ്.

പണത്തിന്റെ പ്രവർത്തനങ്ങൾ

പണത്തിന്റെ പ്രവർത്തനങ്ങളെ പ്രാഥമിക അല്ലെങ്കിൽ പ്രധാന പ്രവർത്തനങ്ങൾ, ദ്വിതീയ പ്രവർത്തനങ്ങൾ യാദൃച്ഛിക പ്രവർത്തനങ്ങൾ എന്നിങ്ങനെ തരം തിരിക്കാം.

പ്രാഥമിക അല്ലെങ്കിൽ പ്രധാന പ്രവർത്തനം

പ്രാഥമിക അല്ലെങ്കിൽ പ്രധാന പ്രവർത്തനം സമ്പദ്‌വ്യവസ്ഥയിൽ ചെയ്യുന്ന പണത്തിന്റെ പ്രധാന പ്രവർത്തനങ്ങൾക്കനുസരിച്ച് വർഗ്ഗീകരിക്കാം:

***i)* വിനിമയ ഉപകരണം അല്ലെങ്കിൽ പണമടയ്ക്കൽ**

പണം, ചരക്കുകളെയും സേവനങ്ങളെയും വാങ്ങാൻ ഉപയോഗിക്കുന്നു.

***ii)* മൂല്യത്തിന്റെ അളവുകോൽ**

ചരക്കുകളുടെയും സേവനങ്ങളുടെയും എല്ലാ മൂല്യങ്ങളെയും പണത്താൽ നിർണ്ണയിക്കാം പലതരത്തിൽപ്പെട്ട ചരക്കുകൾക്കും സേവനങ്ങൾക്കു മിടയിൽ വിനിമയത്തെ തീരുമാനിക്കാൻ എളുപ്പമാണ്.

ദ്വിതീയ പ്രവർത്തനം

ദ്വിതീയ പ്രവർത്തനത്തിൽ പ്രധാനമായ മൂന്ന് പ്രവർത്തനങ്ങളാണുള്ളത്

***i)* ഭാവിക്കു വേണ്ടി മാറ്റിവയ്ക്കൽ**

ഭാവിക്കുവേണ്ടി ശേഖരിച്ചു വയ്ക്കുന്നതിൽ പണം ഒരു ഉപാധിയായി പ്രവർത്തിക്കുന്നു. ഇന്ന് ഒരാൾ പണം വായ്പ വാങ്ങുന്നു. നിശ്ചിത തുക പറഞ്ഞ പ്രകാരം നിശ്ചയിച്ച കാലപരിധിക്കുള്ളിൽ തിരി ച്ചടയ്ക്കുന്നത് അയാളുടെ കടമയാണ്.

***ii)* മൂല്യസംഭരണം അല്ലെങ്കിൽ സമ്പാദ്യസാമർത്ഥ്യ ഘട്ടങ്ങൾ**

ചില ചരക്കുകൾ നശിച്ചുപോകുന്നതിനാൽ കൈമാറ്റ ക്കച്ചവട രീതി പ്രോത്സാഹിപ്പിക്കുന്നില്ല. പണത്തിന്റെ പ്രചാരണത്തോടെ ഭാവിക്കുവേണ്ടി പണം ശേഖരിച്ചു ഇത് നശിച്ചുപോകുന്ന ഒന്നല്ല.

***iii)* മാറ്റത്തിന്റെ മൂല്യം അല്ലെങ്കിൽ മാറ്റി വാങ്ങുന്നതിന്റെ സാമർത്ഥ്യം**

പണമുപയോഗിച്ച് വിദൂരസ്ഥലങ്ങളിലേക്കും, വിദേശ രാജ്യങ്ങളിലേക്കും ചരക്കുകൾ ക്രയവിക്രയം ചെയ്യാൻ സാധിക്കും. ആയതിനാൽ വാങ്ങുന്നസാമർത്ഥ്യത്തെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് അത്യാവശ്യമാണ് എന്ന് തിരിച്ചറിയപ്പെട്ടു.

യാദൃശ്ചിക പ്രവർത്തനങ്ങൾ

1. വായ്പയുടെ അടിസ്ഥാനത്തിൽ
2. മൂലധനത്തിന്റെ ഉൽപ്പാദന വർദ്ധനവ്
3. രാജ്യ വരുമാനത്തിന്റെ അളവും വിനിയോഗവും

ചിന്തിക്കാൻ

പണം കണ്ടുപിടിക്കപ്പെട്ടിട്ടില്ലായിരുന്നു എങ്കിൽ - സങ്കല്പിക്കുക.



നാണയപ്പെരുപ്പവും നാണ്യച്ചുരുക്കവും.

നാണ്യപ്പെരുപ്പം എന്നത് വില ഉയർന്ന് പണത്തിന്റെ മൂല്യത്തിന് വീഴ്ച സംഭവിക്കുന്നതാണ്.

നാണ്യച്ചുരുക്കം എന്നത് വില കുറഞ്ഞ് പണത്തിന്റെ മൂല്യം ഉയരുന്നതിനെ കുറിക്കുന്നതാണ്

ധനകാര്യസ്ഥാപനങ്ങളിലെ സമ്പാദ്യവും നിക്ഷേപവും

സമ്പാദ്യം



വരുമാനത്തിൽ ഒരു ഭാഗം ഇപ്പോഴത്തെ ചിലവിന് ഉപയോഗപ്പെട്ടില്ലെങ്കിൽ അതിനെ സമ്പാദ്യം എന്നു പറയുന്നു. അതിനെ ഇപ്പോഴത്തെ ചെലവുകൾക്ക് ഉപയോഗിക്കാതെ ഭാവി ആവശ്യങ്ങൾക്കായി ശേഖരിച്ചു വയ്ക്കുന്നു. ഒരു വ്യക്തിക്ക് പണം ശേഖരിക്കാൻ പല മാർഗ്ഗങ്ങൾ ഉണ്ട് ധനകാര്യസ്ഥാപനങ്ങളിൽ പല തരത്തിൽപ്പെട്ട കണക്കുകൾ മുഖേന പണം ശേഖരിച്ച്.



VIII Std - Economics Malayalam Chapter 1.indd 232 06/04/2024 16:23:22

1. വിദ്യാർത്ഥികളുടെ സമ്പാദ്യ കണക്ക്

ചില ബാങ്കുകളിൽ വിദ്യാലയങ്ങളുടെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്കു വേണ്ടി മാത്രമായുള്ള പ്രത്യേക സമ്പാദ്യ കണക്ക് ആരംഭിച്ചിട്ടുണ്ട്. ഇവ എളിയ നിബന്ധനകളോടു കൂടിയതും, പൂജ്യം തുക ബാക്കിയിരിപ്പ് ഇതിന്റെ പ്രത്യേകതയുമാണ്.

2. സമ്പാദ്യ നിക്ഷേപം

ഉപഭോക്താവ് തന്റെ നിലവിലെ വരുമാനത്തിന്റെ ഒരു ഭാഗത്തെ നിക്ഷേപിക്കുന്നതിനായി ബാങ്കിൽ തുടങ്ങുന്ന കണക്കിനെ നിക്ഷേപ കണക്ക് എന്നു പറയുന്നു. ഉപഭോക്താവ്, പണം ആവശ്യം വരുമ്പോൾ തന്റെ കണക്കിൽ നിന്നും പിൻ വലിക്കാം ഇങ്ങനെയുള്ള നിക്ഷേപ തുകയ്ക്ക് ബാങ്ക് ചെറിയ തോതിൽ പലിശ നൽതുന്നു.

3. നിലവിലെ നിക്ഷേപ കണക്ക്

നിലവിലെ നിക്ഷേപകണക്കുകൾ എന്നു പറയുന്നത് വ്യവസായ സ്ഥാപനങ്ങൾ, വ്യാപാരികൾ, പൊതു സ്ഥാപന ഉദ്യോഗസ്ഥർ എന്നിവർ ആരംഭിക്കുന്നതാണ്. ഇത് ആവശ്യാനുസരണം ബാങ്ക് ഇടപാടുകൾ നടത്തുന്നതിന് പ്രയോജനപ്പെടുന്നു.

4. സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം എന്നു പറയുന്നത് നിക്ഷേപകർ അവരുടെ പണത്തിന് സുരക്ഷിതവും, സ്ഥിരവരുമാനത്തിനും വേണ്ടിയാണ്. സ്ഥിര നിക്ഷേപത്തെ കാലാവധി നിക്ഷേപം എന്നും പറയപ്പെടുന്നു. അത് നിശ്ചിത കാലത്തിന് സ്ഥിരമായി ബാങ്കിൽ നിക്ഷേപിക്കപ്പെടുന്നു.

നിക്ഷേപത്തിന്റെ നൻമകൾ

- നിങ്ങൾ വേഗത്തിൽ പണ സംബന്ധമായി സ്വതന്ത്രരായിരിക്കാം.
- നിങ്ങൾ ഏതു തരത്തിലുള്ള അപ്രതീക്ഷിത മായുള്ള ചിലവുകളെ കുറിച്ചും വിശമിക്കേണ്ട.
- നിങ്ങൾക്ക് നിങ്ങളുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഭാവിയിൽ നിങ്ങൾക്ക് ധന സഹായമായിരിക്കും.
- നിങ്ങളുടെ സാഹചര്യം മാറിയാലും, സാമ്പത്തികമായി നിങ്ങൾ തയ്യാറായിരിക്കും.
- നിങ്ങളുടെ വിശ്രമ കാലഘട്ടത്തിൽ വളരെ സൗഹര്യ പ്രഥമായിരിക്കാൻ കഴിയും.
- ഇന്നത്തെ നിക്ഷേപം നാളത്തെ സംരക്ഷണം.

വിദ്യാർത്ഥികൾക്കിടയിൽ നിക്ഷേപിക്കുന്നതിന്റെ തീവ്രത

- നികുതിയും കണക്കിടപാടുകളെ കുറിച്ചും കുട്ടികളെ പഠിപ്പിക്കുക.
- വളർന്നു വരുന്ന പഠനം സംബന്ധിച്ച് ആവശ്യങ്ങളിൽ പങ്കെടുപ്പിക്കൽ.
- ധനസഹായത്തിന് അപേക്ഷിക്കാൻ താല്പര്യപ്പെടുത്തൽ.
- വരവ്, ചെലവ് പദ്ധതി ഉണ്ടാക്കാനും, പഠന വായ്പയ്ക്ക് അപേക്ഷിക്കു വാനം സഹായിക്കുക.
- വ്യക്തിപരമായ നിക്ഷേപത്തിന് പരിശീലിപ്പിക്കൽ.

വിദ്യാർത്ഥികളെ സഞ്ചയിക പദ്ധതി ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുക.

നിക്ഷേപങ്ങൾ

പലതരത്തിൽ നിക്ഷേപം ചെയ്യുന്ന രീതിയെ നിക്ഷേപങ്ങൾ എന്നു പറയുന്നു. അതായത് പണം, സമയം, പ്രയത്നങ്ങൾ, അഥവ മറ്റു പ്രവർത്തി കളിലൂടെ നിക്ഷേപിച്ച് അതിനു പകരം ഭാവിയിൽ വരുമാനമായി ലഭിക്കുന്നതാണ്.



നിക്ഷേപങ്ങൾ താഴെപറയുന്ന വിവിധ നിക്ഷേപ ഉപകരണങ്ങളിൽ നിക്ഷേപിക്കാം അവ,

1. ഓഹരി (Stock)
2. കടപ്പത്രം (Bonds)
3. മ്യൂച്ചൽ ഫണ്ടുകൾ (Mutual funds)
4. ഇൻഷ്വറൻസ് (Insurance)
5. വാർഷിക തുക (Annuities)
6. നിക്ഷേപ കണക്ക് അഥവ മറ്റേതെങ്കിലും കടപ്പത്രങ്ങൾ അഥവ സ്വത്തുകൾ.

ഏതെങ്കിലും നിക്ഷേപ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച് ചില തടസ്സങ്ങളിലൂടെ നമ്മൾ നിക്ഷേപിച്ച പണം നഷ്ടപ്പെട്ടാലും, അതേ നിക്ഷേപ രീതിയിലൂടെ നഷ്ടപ്പെട്ട പണം വീണ്ടെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്നത് സത്യമാണ്. നിക്ഷേപം രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി ഏർപ്പെടുത്താൻ കഴിവുള്ളതാണ്.

VIII Std - Economics Malayalam Chapter 1.indd 233 06/04/2024 16:23:22

സമ്പാദ്യവും നിക്ഷേപവും താരതമ്യം ചെയ്യുക		
താരതമ്യത്തിന്റെ അടിസ്ഥാനം	**സമ്പാദ്യം**	**നിക്ഷേപം**
അർത്ഥം	സമ്പാദ്യം എന്നത് ഉപഭോഗത്തിനു ഉപയോഗിക്കാതെ വ്യക്തികളുടെ വരുമാനത്തിന്റെ ഒരു ഭാഗമായി വിളങ്ങുന്നു	നിക്ഷേപം എന്നത് നിക്ഷേപ സ്വത്തുക്കളുടെ നിധി നിക്ഷേപിക്കുന്ന പ്രവർത്തികളെ അടിസ്ഥാനമാക്കുന്നു
ലക്ഷ്യം	സമ്പാദ്യം കുറഞ്ഞകാലം അഥവ അത്യാവശ്യ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നു.	വരുമാനത്തിനും, മൂലധനത്തിനും നിക്ഷേപം സഹായിക്കുന്നു
അപകട സാധ്യത	കുറവ് അല്ലെങ്കിൽ ഉപേക്ഷിക്കുന്ന അളവ്	വളരെ അധികം
വരുമാനം	ഇല്ല അഥവാ കുറവ്	വളരെ അധികം
ദ്രവ്യത്വം	അധിക ദ്രവ്യത്വം	കുറഞ്ഞ ദ്രവ്യത്വം

കള്ളപ്പണം

കള്ളപ്പണം എന്നത് സർക്കാരിന് നൽകപ്പെടാത്ത എല്ലാ തരത്തിലുള്ള പണത്തിനെയും കുറിക്കുന്നു. രാജ്യ സുരക്ഷയ്ക്ക് അതീതമായി നിയമ വിരുദ്ധമായി സമ്പാദിക്കുന്ന എല്ലാ പണവും കള്ളപ്പണമാകുന്നു. കള്ളപ്പണ ഇടപാടുകളിലൂടെ പണമായി സ്വീകരിക്കുന്നതു കൊണ്ട് അതിന് നികുതിയില്ല.



കള്ളപ്പണം

കുറ്റവാളികൾ, കള്ളക്കടത്തുകാർ, പൂഴ്ത്തിവെപ്പുകാർ, നികുതി വെട്ടിപ്പുകാർ സമൂഹത്തിലെ മറ്റ് സാമൂഹിക വിരുദ്ധ ഘടകങ്ങൾ എന്നിവയാണ് കള്ളപ്പണം ശേഖരിക്കുന്നത് കരിഞ്ചന്തയിൽ നിന്നും നേടിയെടുത്ത പണത്തിനെ കള്ളപ്പണം എന്നു പറയുന്നു. അതിൽ വരുമാനവും മറ്റ് നികുതികളും അടയ്ക്കപ്പെടില്ല. വിദേശ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള മുഴുവൻ കള്ളപ്പണത്തിന്റെ മൂല്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. രാജ്യത്ത് കള്ളപ്പണത്തിന്റെ വർദ്ധനവിന് കാരണം തെറ്റു ചെയ്തവർക്ക് കഠിന ശിക്ഷ നൽകാത്തതു കൊണ്ടാണ്.

സമ്പദ്‌വ്യവസ്ഥയിൽ കള്ളപ്പണത്തിന്റെ സ്വാധീനം

1. ഇരട്ട സമ്പദ്‌വ്യവസ്ഥ.
2. നികുതി വെട്ടിപ്പു മൂലം സർക്കാരിന്റെ വരുമാന നഷ്ടം.
3. ഓഹരിയുടെ അടിത്തറ.
4. സമ്പന്നരുടെയും ദരിദ്രരുടെയും ഇടയിലുള്ള വിടവ് വർദ്ധിപ്പിക്കൽ.
5. ആഡംബര ഉപഭോഗ ചെലവുകൾ.
6. ഉല്പാദനത്തിന്റെ വ്യതിയാനം.
7. വിരളമായ വിഭവങ്ങളുടെ വിതരണം.
8. ഉല്പാദനത്തിൽ ബാധിക്കുക.



പണമൂല്യ നിരോധനം

2016 നവംബർ മാസം 8 ാം തിയതി ഇന്ത്യയിൽ ഇന്ത്യൻ സർക്കാർ കള്ളപ്പണം തടയുവാൻ 500 ന്റെയും 1000 ത്തിന്റെയും രൂപ നോട്ടുകൾ മൂല്യ നിരോധനം ചെയ്തു.

കള്ളപ്പണത്തിനെതിരായി സമീപകാല നടപടികൾ

1. ഇന്ത്യയും മറ്റുരാജ്യങ്ങളും ചെലുത്തുന്ന സമ്മർദ്ദത്താൽ സ്വിറ്റ്സർലാന്റിലെ പ്രാദേശിക നിയമങ്ങളിൽ പ്രധാന മാറ്റങ്ങളെ വരുത്തി സ്വിറ്റ്സർലാന്റിലെ ബാങ്കുകൾ മറ്റു രാജ്യങ്ങളെ സഹായിക്കുന്നു.
2. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കള്ളപ്പണത്തെ തടയാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടുണ്ട്.
3. മൂല്യനിർണ്ണയം (Demonetization).

കള്ളപ്പണത്തിന് എതിരായി ഇന്ത്യയിലെ ചില നിയമപരമായ നടപടിക്രമങ്ങൾ

1 കള്ളപ്പണം തടയൽ നിയമം 2002.
2 ലോക്പാലും, ലോകോയുക്ത നിയമവും.
3. അഴിമതി നിരോധന നിയമം 1988.
4. വെളിപ്പെടുത്താത്ത വിദേശ വരുമാനവും സ്വത്ത് മസോദാ (നികുതി ചെലുത്തൽ) 2015.
5. ബിനാമി ഇടപാടുകൾ നിരോധന നിയമം 2016.
6. റീയൽ എസ്റ്റേറ്റ് നിയമം 2016.

VIII Std - Economics Malayalam Chapter 1.indd 234 06/04/2024 16:23:22

അവലോകനം

- പണം എന്ന പദം റോമൻ പദമായ മൊനേട്ടോ ജൂനോ എന്ന വാക്കിൽ നിന്നുള്ളതാണ്.
- സാധന കൈമാറ്റ സമ്പ്രദായം പണം ഉപയോഗിക്കാതെ ജനങ്ങൾ സാധനങ്ങൾക്കു പകരം സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്ന രീതി.
- വിവിധ ഘട്ടങ്ങളിലൂടെ പണം രൂപം പ്രാപിച്ചു. ചരക്കുപണം, ലോഹപണം, കടലാസ്സ് പണം, വായ്പാ പണം, സമീപപണം, എന്നിവ പണത്തിന്റെ വിവിധ തരങ്ങളാകുന്നു.
- പണത്തിന്റെ മൂല്യം എന്നത് ഒരു രാജ്യത്തിനകത്ത് സാധനങ്ങളെ വാങ്ങുന്നതിന് ആവശ്യമുള്ള മൂല്യ നിർണ്ണയമാകുന്നു.
- പണത്തെ അതിന്റെ പ്രവൃർത്തനത്തെ അടിസ്ഥാനമാക്കി നിർവചിക്കാം. അതായത് പണം ചെയ്യുന്നത് പണം കൊണ്ട് മാത്രമേചെയ്യാൻ സാധിക്കൂ.
- സമ്പാദ്യം എന്നത് ഉപഭോക്താക്കൾക്ക് നിത്യചെലവിനങ്ങൾക്ക് ഉപയോഗിക്കാതെഅല്പം മാറ്റിവച്ച് ഭാവിയിലെ ഉപയോഗങ്ങൾക്കായി സൂക്ഷിക്കാവുന്നതാണ്.
- കള്ളപ്പണം എന്നത് നിയമാനുസൃതമല്ലാതെ സമ്പാദിക്കുന്നതാണ്. ഇത് നിയമാനുസൃതമായി നിയന്ത്രിച്ചിരിക്കുന്നു.

പദപരിചയം

Coincidence	accident	യാദൃശ്ചികത
Demonitization	to officially stop using particular	പണമൂല്യ നിരോധനം
Dual Economy	an economic system that consists of two very different parts	ഇരട്ട സമ്പദ്‌വ്യവസ്ഥ
Purchasing Power	the value of money considered as the amount of goods it will buy	വാങ്ങാനുള്ള ശേഷി
Unanimity	the state of being unanimous	ഏകപക്ഷീയമായി
Tax Evasion	ways of illegally paying less tax	നികുതി വെട്ടിപ്പ്
Deterioration	the process of becoming progressively worse	മോശമായി

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ലോഹ പണം ഉണ്ടാക്കാനായി ഏതു ലോഹമാണ് ഉപയോഗിക്കുന്നത്?
   a) സ്വർണ്ണം
   b) വെള്ളി
   c) വെങ്കലം
   d) ഇവ എല്ലാം



2. ഇന്ത്യൻ രൂപയുടെ ചിഹ്നം പരിചയപ്പെടുത്തിയതാര്?
   a) ഉദയകുമാർ b) അമർത്യസെൻ
   c) അഭിജിത്ത് ബാനർജി d) ഇവരാരുമല്ല

3. പണത്തിന്റെ മൂല്യം
   a) പണത്തിന്റെ ആന്തരിക മൂല്യം
   b) പണത്തിന്റെ ബാഹ്യമൂല്യം
   c) ഇവ രണ്ടും
   d) ഇവ രണ്ടും

4. ബാങ്ക് നാണയം എന്നത്?
   a) ചെക്കുകൾ
   b) ട്രാഫ്റ്റ്
   c) ക്രെഡിറ്റ് കാർഡും, ഡെബിറ്റ് കാർഡും
   d) ഇവയെല്ലാം

5. തെറ്റായ ഒന്നിനെ തെരഞ്ഞെടുത്തെഴുതുക നിക്ഷേപ ഉപകരണങ്ങൾ.
   a) ഓഹരി b) കടപ്പത്രം
   c) മ്യൂച്വൽ ഫണ്ടുകൾ d) നികുതി അടയ്ക്കൽ

VIII Std - Economics Malayalam Chapter 1.indd 235 06/04/2024 16:23:22

6. കള്ളപ്പണത്തിന്റെ ഉത്തരവാദി ആരാണ്?
   a) നികുതി വെട്ടിപ്പുകാർ
   b) പൂഴ്ത്തി വെപ്പുകാർ
   c) കള്ളക്കടത്തുകാർ
   d) ഇവരെല്ലാം

II. പൂരിപ്പിക്കുക:

1. ഓൺലൈൻ ബാങ്കിങ്ങിനെ _____ എന്നു വിളിക്കാം.
2. എന്തൊക്കെ ചെയ്യാൻ കഴിയുന്നുവോ അതൊക്കെയാണ്_____.
3. ഇലക്ട്രോണിക് ധനകാര്യ സ്ഥാപനത്തെ _____ എന്നറിയപ്പെടുന്നു .
4. വായ്പാപണവും ഡെബിറ്റ് പണവും _____ പണമാണ്.
5. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സ്ഥാപിച്ചത് _____ ലാണ്.

III. യോജിപ്പിക്കുക:

1.	സാധന കൈമാറ്റ സമ്പ്രദായം	നികുതി വെട്ടിപ്പുകാർ
2.	റിസർവ് ബാങ്ക് നിയം	പണം
3.	ഇലക്ട്രോണിക് പണം	ചിലവിന് ഉപയോഗിക്കാത്ത
4.	സമ്പാദ്യം	സാധനങ്ങൾക്കു പകരം സാധനം
5.	കള്ളപ്പണം	1935

IV. ഒറ്റ വാക്കിൽ ഉത്തരമെഴുതുക:

1. Money എന്ന പദം എടുത്തിട്ടുള്ളത്?
2. ഇന്ത്യയിൽ കടലാസുപണം അച്ചടിക്കുന്നതും വിതരണം ചെയ്യുന്നതും ആരാണ്?

V. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക:

1. സാധന കൈമാറ്റ സമ്പ്രദായത്തിന്റെ ചില പോരായ്മകൾ
   I. ആവശ്യത്തിന്റെ യാദൃശ്ചികതയുടെ അസമത്വം
   II. സമ്പത്ത് സംഭരിച്ച് സൂക്ഷിക്കാൻ പ്രയാസമില്ല
   III. സാധാരണ മൂല്യ മാനദണ്ഡം
   IV. സാധനങ്ങളുടെ വേർതിരിവില്ലായ്മ
   a) I ഉം II ഉം ശരി
   b) I ഉം IVഉം ശരി
   c) I, III, IV എന്നിവ ശരി
   d) എല്ലാം ശരി

VI. വ്യത്യസ്തമായത് കണ്ടെത്തുക (അസാധാരണമായത്):

1. സമീപകാല പണ ഇടപാട് രീതികൾ
   a) ക്രഡിറ്റ് കാർഡ്
   b) ടെബിറ്റ് കാർഡ്
   c) സാധന കൈമാറ്റ സമ്പ്രദായം
   d) ഓൻലൈൻ ബാങ്ക് ഇടപാട്

2. സമ്പദ്യവസ്ഥയിൽ കള്ളപ്പണത്തിന്റെ സ്വാധീനം
   a) ഇരട്ട സമ്പദ്വ്യവസ്ഥ
   b) ഓഹരി അടിത്തറ
   c) ഉത്പാദനത്തിൽ മാറ്റമില്ലായ്മ
   d) ആഡംബര ഉപഭോഗ ചിലവുകൾ

VII. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. സാധന കൈമാറ്റ സമ്പ്രദായം എന്നാൽ എന്ത്?
2. സമീപകാല പണത്തിന്റെ രൂപങ്ങൾ?
3. ഇലക്ട്രോണിക് പണം, ഇലക്ട്രോണിക് ബാങ്കിങ്ങ് എന്നിവയെ കുറിച്ചെഴുതുക?
4. നിന്റെ ജീവിതത്തിൽ പണത്തിന്റെ ആവശ്യങ്ങൾ എന്ത്?
5. എന്താണ് പണത്തിന്റ മൂല്യം?
6. എന്താണ് സമ്പാദ്യവും നിക്ഷേപവും?
7. കള്ളപ്പണം എന്ന് അർത്ഥമാക്കുന്നതെന്ത്?
8. സമ്പദ് വ്യവസ്ഥയിൽ കള്ളപ്പണത്തിന്റെ സ്വാധീനം?

VIII. ഉത്തരം എഴുതുക:

1. സാധന കൈമാറ്റ സമ്പ്രദായത്തിലെ പോരായ്മകൾ?
2. പണത്തിന്റെ പരിണാമം വിശദീകരിക്കുക?
3. പണത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം വിശദമാക്കുക.
4. സമ്പാദ്യവും നിക്ഷേപവും താരതമ്യം ചെയ്യുക.
5. സമ്പാദ്യ നിക്ഷേപങ്ങളുടെ തരങ്ങൾ വിശദമാക്കുക?
6. സമ്പദ് വ്യവസ്ഥയിൽ കള്ളപ്പണത്തിന്റെ സ്വാധീനം വിശദമാക്കുക?

IX. പദ്ധതിയും പ്രവർത്തനവും:

1. ഇന്ത്യയിലെയും വിദേശരാജ്യങ്ങളുടെയും പഴയതും പുതിയതുമായ നാണയങ്ങളുടെയും, നോട്ടുകളുടെയും ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കാൻ കുട്ടികളെ നിർദ്ദേശിക്കുക.

2. വിദ്യാലയത്തിന്റെ പരിസരത്തുള്ള പോസ്റ്റ് ഓഫീസിൽ ചെന്ന് സമ്പാദ്യ പദ്ധതികളെ കുറിച്ചു മനസ്സിലാക്കുക കുട്ടികളും അദ്ധ്യാപകനും ചർച്ചകൾ ചെയ്യുക.

VIII Std - Economics Malayalam Chapter 1.indd 236 06/04/2024 16:23:22

X. ജീവിത വൈദഗ്ധ്യം:

1. പണത്തിന്റെ മൂല്യം മനസ്സിലാക്കാൻ വിദ്യാർത്ഥികൾ ക്ലാസ്സ് മുറിയെ കട അഥവ അങ്ങാടിപോലെ സജ്ജീകരിക്കുക.
2. വിദ്യാർത്ഥികളെ അങ്ങാടിയിൽ നിന്നും സാധനങ്ങളെ വാങ്ങുവാൻ പറയുകയും, അങ്ങാടിയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ ആവശ്യപ്പെടുകയും ചെയ്യുക.
3. അദ്ധ്യാപകനും വിദ്യാർത്ഥികളും പണത്തിന്റെ മൂല്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

REFERENCE BOOKS

- *Jhingan - Monetary Economics*
- *JagdishHanda – Monetary economics*
- *Wynne A. H. Godley – Monetary economics*
- *Mervyn K. Lewis – Monetary Economics*

INTERNET RESOURCES

- *www.investopedia.com*
- *www.vikaspedia.com*
- *www.coinsindia.com*



ICT കോർണർ

പണം, സമ്പാദ്യങ്ങൾ മറ്റും നിക്ഷേപങ്ങൾ

നടപടിക്രമം

ഘട്ടം – 1 ബ്രൗസർ തുറന്ന് URL ടൈപ്പ് ചെയ്യുക QR Code Scan ചെയ്യുക.

ഘട്ടം – 2 കറൻസി കൻവേർട്ടറിൽ പോവുക.

ഘട്ടം – 3 ട്രോപ് ഡൗൺ മെനുവിൽ പോയി ഏതെങ്കിലും ഒരു രാജ്യത്തിന്റെ പേര് സെലക്ട് ചെയ്യുക (ഉദാ: ഇന്ത്യ-അമേരിക്ക).

Website URL:

https://fx-rate.net/

VIII Std - Economics Malayalam Chapter 1.indd 237 06/04/2024 16:23:23

യൂണിറ്റ് - 2

പൊതു സ്വകാര്യ മേഖലകൾ



പഠനലക്ഷ്യങ്ങൾ

- പൊതുമേഖലയുടെ ചരിത്രം അറിയുന്നതിന്
- സാമൂഹിക- സാമ്പത്തികത്തിന്റെ വിവിധ സൂചകങ്ങൾ അറിയുന്നതിന്
- പൊതുമേഖലയുടെ പ്രാധാന്യം മനസ്സിലാക്കാൻ
- പൊതുമേഖലയുടെയും സ്വകാര്യമേഖലയുടെയും വ്യത്യാസം മനസ്സിലാക്കാൻ
- പൊതുമേഖലയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ

TI9CV

ആമുഖം

ഇന്ത്യ അടിസ്ഥാനപരമായി സ്വാതന്ത്ര്യ സമയത്ത് ദുർബലമായ വ്യാവസായിക അടിത്തറയുള്ള ഒരു കാർഷിക സമ്പദ്‌വ്യവസ്ഥയിലായിരുന്നു. രാജ്യത്ത് കടുത്ത ദാരിദ്ര്യം, നിരക്ഷരത, തൊഴിലില്ലായ്മ എന്നിവ ഉണ്ടായിരുന്നു. ഇന്ത്യ വളരെ മോശമായ സാമ്പത്തിക സാമൂഹ്യ തലങ്ങളിലൂടെ കടന്ന് പോയിട്ടുണ്ട്. പ്രധാനമായും ഈ കാരണങ്ങളാൽ സംസ്ഥാനത്തിന് വിപുലമായ പങ്ക് വഹിക്കേണ്ടി വന്നത്. അതിനാൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ അനുവദിച്ച സോഷ്യലിസ്റ്റ് നിലയിലാണ് ഇന്ത്യ വിഭാവനം ചെയ്തത്. സ്വകാര്യമേഖലയും പൊതുമേഖലയും കൈകോർത്താൽ സാമ്പത്തിക വളർച്ച പരമാവധി നിരക്കിൽ നിലനിറുത്താം. ഇന്ത്യ സമ്മിശ്ര സാമ്പത്തിക സമ്പ്രദായമാണ് പിൻതുടരുന്നത്. ഇത് സ്വകാര്യ സംരഭങ്ങളും പൊതുസംരഭങ്ങളും നടത്തുന്നു.

പൊതുമേഖലയും സ്വകാര്യമേഖലയും

ചെറുതോ വലുതോ, വ്യവസായികമോ, വ്യാപാരമോ, സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളതോ സർക്കാർ ഉടമസ്ഥതയിൽ ഉള്ളതോ ആയ എല്ലാതരം വ്യാപാരസംഘടനകളും നമ്മുടെ രാജ്യത്തിലുണ്ട്. ഈ സംഘടനകൾ നമ്മുടെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായി മാറുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളതും സർക്കാർ ഉടമസ്ഥതയിൽ ഉള്ളതുമായ വ്യാപാരസംരംഭങ്ങൾ ഉൾക്കൊള്ളുന്നു. ഇത് ഒരു സമ്മിശ്ര സമ്പദ്‌വ്യവസ്ഥ എന്നറിയപ്പെടുന്നു. സ്വകാര്യ സർക്കാർ സംരംഭങ്ങൾക്ക് പ്രവർത്തിക്കാൻ അനുവാദമുള്ള ഒരു സമ്മിശ്ര സാമ്പത്തികം ഇന്ത്യൻ സർക്കാർ തിരഞ്ഞെടുത്തു. അതിനാൽ സമ്പദ്‌വ്യവസ്ഥയെ സ്വകാര്യമേഖല, പൊതുമേഖല എന്നിങ്ങനെ രണ്ട് മേഖലകളായി തിരിക്കാം. ദാരിദ്ര്യത്തിന്റെ പിരിമുറുക്കം, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സാമ്പത്തിക ക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും അവരുടെതായ ചുമതലകൾ നൽകിയിട്ടുണ്ട്.

പൊതുമേഖലാ വ്യവസായങ്ങൾ സർക്കാർ ഉടമസ്ഥതയിലാണ്. സ്വകാര്യ മേഖലയിലെ വ്യവസായങ്ങൾ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. ഒരു സമ്പദ്‌വ്യവസ്ഥയുടെ മുഴുവൻ വളർച്ചയും പൊതുമേഖല പ്രാപ്തമാക്കുന്നു. പൊതുമേഖല സേവന ലക്ഷ്യത്തിലും സ്വകാര്യമേഖല ലാഭലക്ഷ്യത്തിലും ആണ് ഊന്നൽ നൽകുന്നത്.

നിങ്ങൾക്ക് അറിയാമോ?

സമ്മിശ്ര സമ്പദ്‌വ്യവസ്ഥ എന്നത് മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും നേട്ടങ്ങളുടെ മിശ്രിതമാണ്.

VIII Std - Economics Malayalam Chapter 2.indd 238 31-03-2022 17:46:46



പൊതുമേഖലയുടെ നിർവചനം

പൊതുജനങ്ങൾക്ക് സർക്കാർ ചരക്കുകളും സേവനങ്ങളും നൽകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മേഖലയെ പൊതുമേഖല എന്ന് വിളിക്കുന്നു. എന്റർപ്രൈസസ്സ്, ഏജൻസികൾ, ബോഡികൾ എന്നിവ കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ പ്രാദേശിക സർക്കാരോ ആകട്ടെ ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ഉള്ളതും നിയന്ത്രിക്കാവുന്നതുമാണ്.

പൊതുമേഖലയുടെ ചരിത്രം

1947-ൽ ഇന്ത്യ സ്വാതന്ത്യം നേടിയപ്പോൾ അത് പ്രാഥമികമായി ദുർബലമായ വ്യവസായിക അടിത്തറയുള്ള ഒരു കാർഷിക രാജ്യമായിരുന്നു. രാജ്യത്തെ 18 ഇന്ത്യൻ ഓർഡിനൻസ് തൊഴിൽശാലകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബ്രിട്ടീഷുകാർ സ്വന്തം സാമ്പത്തിക താൽപ്പര്യത്തി നായി സ്ഥാപിക്കുകയും ഉപഭൂഖണ്ഡത്തെ ക്രൂരമായ ബലത്തോടെ ഭരിക്കുകയും ചെയ്തു. കോർപ്പറേറ്റ് രാജ്യം എന്റർകോക്സിസ് ദേശീയ സമവായം സമ്പദ്‌വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വ്യവസായികവൽക്കരണത്തിന് അനുകൂലമായിരുന്നു. അത് സാമ്പത്തിക വികസനത്തിന്റെ താക്കോൽ ആയി കാണപ്പെട്ടു. ജീവിത നിലവാരം സാമ്പത്തിക പരമാധികാരം എന്നിവ മെച്ചപ്പെടുത്തി.

ബിൽഡിംഗ് ഓൺ ബോംബെ പ്ലാൻ, (1940), 1948-ൽ പ്രഖ്യാപിച്ച ആദ്യത്തെ വ്യവസായിക നയ പ്രമേയം വ്യവസായിക വികസന തന്ത്രത്തിന്റെ വിശാലമായ രൂപരേഖ തയ്യാറാക്കി. തുടർന്ന് ആസൂത്രണ കമ്മീഷൻ 1950 മാർച്ചിൽ ഒരു കാബിനറ്റ് പ്രമേയവും വ്യവസായികവും രൂപീകരിച്ചു. സാർക്കാരിനെ സംബന്ധിച്ചിടത്തോളം വ്യാപാര വികസനം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ സർക്കാരിനെശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 1951-ൽ തൊഴിൽശാലാ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു.

പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഇറക്കുമതി വ്യവസായ വൽക്കരണത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാമ്പത്തിക നയം ഒഴിവാക്കി സമ്മിശ്ര സാമ്പത്തിക വ്യവസ്ഥയെ വാദിച്ചു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വികസനത്തിനും ഉന്മൂലനത്തിനും അടിസ്ഥാന വും ഭാരമേറിയതുമായ വ്യവസായ സ്ഥാപനം അടിസ്ഥാനപരമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്ത്യയുടെ രണ്ടാം പഞ്ചവത്സര പദ്ധതി നെഹ്റുവിന്റെ ദേശീയ വ്യവസായ വത്ക്കരണത്തിനായി പൊതു മേഖലാ സംരംഭങ്ങളുടെ വികസനത്തിന് പ്രാധാന്യം നൽകി. ഇന്ത്യയുടെ പൊതുമേഖലയുടെ പിതാവ് എന്നറിയപ്പെടുന്ന ഡോ.വി. കൃഷ്ണമൂർത്തിയാണ് നെഹ്റുവിന്റെ കാഴ്ചപ്പാടിനെ മുന്നോട്ട് കൊണ്ട് പോയത്. ഇന്ത്യയിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സ് പ്രൊ. മഹാലനോബിസ് അതിന്റെ രൂപ വൽക്കരണത്തിന് നിർണ്ണായക പങ്ക് വഹിച്ചു. അത് ഫ്രീഡ്മാനെ പിന്നീട് മഹലനോബിസ് മോഡൽ എന്ന് വിളിച്ചിരുന്നു.

VIII Std - Economics Malayalam Chapter 2.indd 239 31-03-2022 17:46:46

1991-ലെ വ്യവസായിക നയം സർക്കാർ പൊതുമേഖലയുടെ ഓഹരി വിറ്റഴിക്കാൻ ആലോചിക്കുകയും മുമ്പത്തെ എല്ലാ നയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. സ്വകാര്യ മേഖല അതേ സമയം, ഇന്ത്യയ്ക്ക് പുറത്തുള്ള വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് വിദേശ നിക്ഷേപം നേരിട്ട് ക്ഷണിച്ചു. അങ്ങനെ ഒന്നിലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കോർപ്പറേഷനുകൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ സഹവർത്തിക്കുന്ന പൊതുമേഖലാ യൂണിറ്റുകൾ, സ്വകാര്യ മേഖലാ സംരംഭങ്ങൾ, ബഹുരാഷ്ട്ര കോർപ്പറേഷനുകൾ എന്നിവ ഉണ്ട്.

പൊതുമേഖലയുടെ ലക്ഷ്യങ്ങൾ

- അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലൂടെ സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക.
- അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിലൂടെയും ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക.
- വരുമാനത്തിന്റെയും സമ്പത്തിന്റെയും പുനർവിതരണം പ്രോത്സാഹിപ്പിക്കുന്നതിന്
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്
- സംതുലിതമായ പ്രാദേശിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിന്
- ചെറുകിട, അനുബന്ധ വ്യവസായങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും
- കയറ്റുമതി പ്രോത്സാഹനവും ഇറക്കുമതി പകരക്കാരനും ത്വരിതപ്പെടുത്തുന്നതിനും

പൊതുമേഖല സംഘടനകൾ:

പൊതുമേഖല സംഘടനകൾ രണ്ട് തരത്തിലുണ്ട്. അതായത് ഒന്നുകിൽ സർക്കാർ ശേഖരിക്കുന്ന നികുതി, തീരുവ, ഫീസ് മുതലായവ വഴി അവർ സ്വരൂപിക്കുന്ന വരുമാനത്തിലൂടെ പൂർണ്ണമായും ധനസഹായം നൽകുന്നു. വിവിധ മന്ത്രാലയങ്ങളുടെ കീഴിലുള്ള കമ്പനിയുടെ മൊത്തം ഓഹരി മൂലധനത്തിന്റെ 51% ത്തിൽ അധികം സർക്കാരിന്റെ കൈവശം ഉണ്ട്. പെതുമേഖല സ്ഥാപനങ്ങൾ ജനങ്ങൾക്ക് ഇനി പറയുന്ന സേവനങ്ങൾ നൽകി കൊണ്ട് ജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഏറ്റവും വലിയ മേഖലയാണിത്.

തപാൽ സേവനങ്ങൾ, റെയിൽവെ സേവനങ്ങൾ, സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യ സംരംഭങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ കുറഞ്ഞ ചെലവിൽ ലക്ഷ്യമിടുന്നു.

പൊതുമേഖലയിലെ ഘടകങ്ങൾ:

1. ഒരു സർക്കാരിന്റെ ഭരണം

മിക്കവാറും എല്ലാ രാജ്യങ്ങളിലും ഇത് വളരെ സാധാരണമാണ്.

ഉദാ: തപാൽ, ടെലിഗ്രാഫ്, റെയിൽവെ, തുറമുഖം, ജലസേചന പദ്ധതികൾ തുടങ്ങിയവ



ചെന്നൈ തുറമുഖം

2. സംയുക്തമേഖലയിലെ കമ്പനികൾ::

ഇത് ഒരു കമ്പനി നിയമമാണ്. ഇത് നിയന്ത്രിക്കപ്പെടുന്നത് പ്രധാന ഓഹരി ഉടമകളായ സർക്കാരിന്റെ നിയന്ത്രണത്തിലാണ്.

ഉദാ: ഇന്ത്യൻ ഓയിൽ, പെട്രോനാസ് പ്രൈവറ്റ് ഐടിഡി, ഇന്ത്യൻ ഓയിൽ സ്കൈ ടാങ്കിംഗ് ലിമിറ്റഡ്, രത്നഗിരി ഗ്യാസ് ആൻഡ് പവർ പ്രൈവറ്റ് ലിമിറ്റഡ്, ഇന്ത്യൻ സിന്തറ്റിക് റബ്ബർ ലിമിറ്റഡ്.



ഇന്ത്യൻ ഓയിൽ, പെട്രോനാസ് പ്രൈവറ്റ് ലിമിറ്റഡ്

3. പൊതു സഹകരണ സ്ഥാപനം:

ഇത്തരത്തിലുള്ള പൊതുസഹകരണ സ്ഥാപനത്തിന്റെ രൂപീകരണം പാർലിമെന്റിലെ നിയമനിർമ്മാണസഭയുടെ നിയന്ത്രണത്തിലാണ്.

ഉദാ: എയൽ ഇൻഡ്യ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇലക്ട്രിസിറ്റി ബോർഡ്, LIC.



റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

VIII Std - Economics Malayalam Chapter 2.indd 240 31-03-2022 17:46:47

പൊതുമേഖലയുടെ 9 വിഭാഗങ്ങൾ



















വ്യവസായങ്ങളുടെ വർഗ്ഗീകരണം

- 1956-ലെഇന്ത്യാഗവൺമെന്റിന്റെവ്യവസായിക നയ പ്രമേയത്തിലാണ് ഇന്ത്യയിലെ പൊതുമേഖലയുടെ ഉത്ഭവം. 1956 ലെ ഈ പ്രമേയം വ്യവസായങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക ഉടമസ്ഥതയിലുള്ള വ്യവസായങ്ങളെ ഷെഡ്യൂൾ-A എന്ന് വിളിക്കുന്നു.
- സ്വകാര്യ മേഖലയ്ക്ക് സംസ്ഥാന മേഖലയുടെ ശ്രമങ്ങൾക്ക് അനുബന്ധമായി കഴിയുന്ന വ്യവസായങ്ങൾ, ഷെഡ്യൂളിൽ പ്രത്യേകമായി പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാനം ഷെഡ്യൂൾ-B പ്രകാരം ഏറ്റെടുക്കുന്നു.
- സ്വകാര്യ മേഖലയിലുണ്ടായിരുന്ന ശേഷിക്കുന്ന വ്യവസായങ്ങളെ ഷെഡ്യൂൾ-C പബ്ലിക് സെക്ടറിൽ പരാമർശിച്ചിരിക്കുന്നു

പൊതുമേഖലയെ 9 വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

1) പൊതുമേഖല സ്ഥാപനങ്ങൾ അവശ്യ വികസനം വിതരണം ചെയ്യുന്നു. അവ പ്രാഥമിക പബ്ലിക് യൂട്ടിലിറ്റികൾ എന്നറിയപ്പെടുന്നു. അതിൽ ഈ പറയുന്ന എയർലൈനുകൾ, ഷിപ്പിംങ്ങ്, റെയിൽവെ, ജനറേഷൻ, ടെലികമ്മ്യൂണിക്കേഷൻസ് മുതലായവ ഉൾപ്പെടുന്നു.

2) പൊതുമേഖല സംരംഭകർക്കും സമ്പദ് വ്യവസ്ഥയുടെ കമാൻഡിങ്ങ് ഉയരങ്ങളുടെ നിയന്ത്രണം ഉണ്ടായിരിക്കണം. ഉദാ: പ്രതിരോധം, ബാങ്കുകൾ, കൽക്കരിഖനനം, ഓയിൽ, സ്റ്റീൽ തുടങ്ങിയവ

3) അവർ ഒരു സംരഭക പങ്ക് വഹിക്കണം അതായത് മൂലധന തീവ്ര വ്യവസായങ്ങൾ എന്ന് മറ്റൊരു തരത്തിൽ വിളിക്കാം. ഉദാ: ഇരുമ്പയിര്, പെട്രോകെമിക്കൽസ്, രാസവളം, ഖനനം, കപ്പൽ നിർമ്മാണം, ഹെവി എൻജിനീയറിങ്ങ് മുതലായവ.

4) പൊതു സംരംഭകങ്ങൾ ഉൾപ്പെടുന്ന സർക്കാർ കുത്തക, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, പ്രതിരോധമേഖല ഉത്പാദനത്തിലുള്ള റെയിൽവെ, റോളിംഗ് സ്റ്റോക് മുതലായവ.

5) ഹൈ ടെക്നോളജി വ്യവസായങ്ങൾക്കായി മാത്രമുള്ള പൊതുമേഖലകൾ ഉദാ: ആറ്റോമിക് എനർജി

6) ഉപഭോക്ത കേന്ദ്രീകൃത പൊതുമേഖല സ്ഥാപനങ്ങൾ മുതലായവ. ഉദാ: പേപ്പർ, ഹോട്ടൽ.

7) കൺസൾട്ടൻസി എൻജീനീയറിംഗ് സേവനമായി പ്രവർത്തിക്കുന്ന പൊതുമേഖല സംരംഭങ്ങൾ ഉദാ: MECON

8) ദുർബലമായ സ്വകാര്യ യൂണിറ്റുകൾ ഏറ്റെടുക്കുന്നതിനായി രൂപീകരിച്ച പൊതുമേഖല സംരംഭങ്ങൾ ഉദാ: ടെക്സ്റ്റയുൽസ് എൻജിനീയറിംഗ്

9) ട്രേഡ് കോപ്പറേഷനായി സ്ഥാപിതമായ പൊതുമേഖല സ്ഥാപനങ്ങൾ ഉദാ: എഫ് സി ഐസിസിഐ തുടങ്ങിയവ (FCICCI)

VIII Std - Economics Malayalam Chapter 2.indd 241 31-03-2022 17:46:50

NITIആയോഗ് (നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ)



NITI ആയോഗ്

- NITI ആയോഗ് 65 വർഷം പഴക്കമുള്ള ആസൂത്രണ കമ്മീഷനെ മാറ്റി. ആസൂത്രണ കമ്മീഷനെNITIആയോഗ്മന്ത്രാലയങ്ങൾക്കും സംസ്ഥാനങ്ങൾക്കും ഫണ്ടുകൾ അനുവദിക്കുന്നതിന് അധികാരം ഉണ്ട്. ഈ പ്രവർത്തനം ഇപ്പോൾ ധനമന്ത്രാലയത്തിൽ ആയിരിക്കും.
- NITIആയോഗ് എന്നത് പോളിസി തിങ്ക് ടാങ്കും 2015 ജനുവരി 1 ന് രൂപീകരിച്ച ഒരു യഥാർത്ഥ ഉപദേശക സമിതിയുമാണ്.

സാമൂഹിക-സാമ്പത്തിക വികസനം



ഒരു സമൂഹത്തിലെ സാമ്പത്തിക വികസനമാണ് സാമൂഹ്യ സാമ്പത്തിക വികസനം, ആയൂർദൈർഘ്യം, സാക്ഷരത, തൊഴിൽ നിലവാരം തുടങ്ങിയ സൂചകങ്ങൾ ഉപയോഗിച്ചാണ് - സാമ്പത്തിക വികസനം അളക്കുന്നത്.

കേന്ദ്രം, സംസ്ഥാനം. തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സാമൂഹിക മേഖല സംരംഭങ്ങളെ സമന്വയിപ്പിക്കുന്നതിന് അനുയോജ്യമായ ഒരു വേദി രൂപീകരിക്കാൻ NITI ആയോഗിന് കഴിയു എന്നതാണ് പുതിയ തിങ്ക് ടാങ്ക്

സാമൂഹ്യ സാമ്പത്തിക വികസനത്തിന്റെ സൂചകങ്ങൾ

മൊത്ത ആഭ്യന്തര ഉത്പാദനം (GDP)

സാമൂഹിക സാമ്പത്തിക വികസനം വികസിപ്പിക്കുന്നതിന് GDP പിൻതുണയ്ക്കുന്നു. വ്യവസായിക മേഖല സ്വകാര്യ പൊതു മേഖലയുടെ GDP യുടെ അനുപാതം വർദ്ധിപ്പിച്ചു. ഇത് സർക്കാർ ഫണ്ടുകൾ വർദ്ധിപ്പിക്കുകയും പൊതു ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ആയുർദൈർഘ്യം

2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ആയുർദൈർഘ്യം പുരുഷൻമാർക്ക് 65.8 വർഷവും സ്ത്രീകൾക്ക് 68.33 വർഷവും ആണ്. വിവിധ പരിപാടികളിലൂടെ സർക്കാർ ഉയർന്ന ആരോഗ്യ നടപടികൾ നൽകുന്നു. ദുർബലമായ കുടുംബങ്ങൾക്കു വേണ്ടി സേവനം അനുഷ്ഠിക്കുന്നതിനായി കേന്ദ്ര ആരോഗ്യ ബഡ്ജറ്റ് 2018 മുതൽ 2019 വരെ ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി NHPS സർക്കാർ പ്രഖ്യാപിച്ചു.

സാക്ഷരത

സാമൂഹ്യ സാമ്പത്തിക വികസനത്തിൽ വിദ്യാഭ്യാസ നൈപുണ്യം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ മുൻനിര പരിപാടിയാണ് സർവ്വശിക്ഷാ അഭിയാൻ. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് ജീവിത നൈപുണ്യത്തോടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിനാണ് ഇത് നടപ്പിലാക്കുന്നത്. വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനായി സ്മാർട്ട് ക്ലാസ്സ്, ഇ-ലേണിംഗ്, സൗജന്യ കമ്പ്യൂട്ടർ ക്ലാസ്സുകൾ, ഇക്കോ-ഫ്രണ്ടിലി പംന പരിസ്ഥിതി, ഡിജിറ്റൽ ഇന്ത്യ എന്നിവയും സർക്കാർ അവതരിപ്പിച്ചു.

തൊഴിൽ

പ്രാഥമിക മേഖലയിൽ നിന്ന് ദ്വിതീയ ത്രിതീയ മേഖലയിലേയ്ക്ക് തൊഴിലിൽ വ്യക്തമായ മാറ്റം ഉണ്ട്. വർദ്ധിച്ച് വരുന്ന ആളുകൾ തൊഴിൽ തേടി നഗര പ്രദേശത്തിലേയ്ക്ക് മാറി. ഇത് നഗരവാസികളെ വർദ്ധിപ്പിച്ചു. അതിനാൽ സർക്കാർ സ്മാർട്ട് സിറ്റി പദ്ധതി ആരംഭിച്ചു. ഇത് നഗരത്തിന് ആശുപത്രികൾ, സ്കൂളുകൾ. പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് കേന്ദ്രങ്ങൾ തുടങ്ങി നിലവധി സൗകര്യങ്ങൾ നൽകുന്നു. കുറഞ്ഞ താരിഫിൽ നികുതി ആനുകുല്യ വൈദ്യുതി നൽകികൊണ്ട് സർക്കാർ സ്വകാര്യ മേഖലകൾ ആരംഭിക്കുന്നതിനും പിന്നോക്ക മേഖലകളിൽ വ്യവസായം ആരംഭിക്കുന്നതിനും ഗ്രാമീണ പിന്നോക്ക മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് പ്രാദേശിക അസമത്വം നീക്കം ചെയ്യുന്നു.

വീട്, ശുദ്ധമായ കുടിവെള്ളം, ശുചിത്വം മുതലായവ ഏർപ്പെടുത്തൽ:

സർക്കാർ മേഖല ഭവന സൗകര്യങ്ങൾ, ശുദ്ധമായ കുടിവെള്ള സൗകര്യങ്ങൾ, ശുചിത്വ സൗകര്യങ്ങൾ എന്നിവ ശുദ്ധമായ ഇന്ത്യ ആസൂത്രണത്തിനുകീഴിൽ നൽകുന്നു. വെള്ളവും ശുചിത്വ സൗകര്യങ്ങളും നൽകുന്നത്. രോഗങ്ങളെയും പോക്ഷക ആഹാര കുറവിനെയും മിറികടക്കുന്നു. ഈ സൗകര്യങ്ങൾ നൽകുന്നതിലൂടെ ജനങ്ങളുടെ ജീവിത ചക്രം വർദ്ധിക്കുന്നു.

പൊതുമേഖലയുടെ പ്രാധാന്യം:

ഏതൊരു സമ്പദ് വ്യവസ്ഥയുടെയും വികസനത്തിൽ പൊതുമേഖലയ്ക്ക് ഒരു പ്രധാന പങ്ക് ഉണ്ട്. ഇതിന് ഇനിപ്പറയുന്ന പ്രാധാന്യം ഉണ്ട്:

1. **പൊതുമേഖലയും മൂലധന രൂപീകരണവും:** ആസൂത്രണ കാലയളവിൽ അവ ശേഖരിക്കുന്നതിലും നിക്ഷേപിക്കുന്നതിലും പൊതുമേഖലയുടെ പങ്ക് വളരെ പ്രധാനമാണ്.

VIII Std - Economics Malayalam Chapter 2.indd 242 31-03-2022 17:46:50

സാമൂഹ്യ-സാമ്പത്തിക വികസനം

മൊത്ത ഗാർഹിക ഉത്പ്പന്നം **(2018 - 2019)**



ആയുർദൈർഘ്യം



സാക്ഷരത

സർവ്വ ശിക്ഷാ അഭിയാൻ എല്ലാവർക്കും വിദ്യാഭ്യാസം



തൊഴിൽ



VIII Std - Economics Malayalam Chapter 2.indd 243 31-03-2022 17:46:52

വീട്,ശുദ്ധമായകൂടിവെള്ളം. ശുചിത്വം











2. **നസാമ്പത്തിക വികസനം:** സാമ്പത്തിക വികസനം പ്രധാനമായും വ്യവസായിക വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ചെറിയ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിന് ഇരുമ്പ്, സ്റ്റീൽ ഷിപ്പിംഗ്, ഖനനം പോലുള്ള അധികവും അടിസ്ഥാനവ്യവസായങ്ങളും ആവശ്യമാണ്.

3. **പ്രാദേശിക വികസനത്തിന്റെ സംതുലനം;** പൊതുമേഖല സ്ഥാപനങ്ങൾ, അവരുടെ പ്ലാന്റുകൾ രാജ്യത്തിന്റെ പിന്നോക്കഭാഗങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ വൈദ്യുതി ജലവിതരണം, ടൗൺഷിപ്പ്, മാനുഷിക ശക്തി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായിരുന്നു. പൊതു സംരംഭങ്ങൾ ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക ജീവിതത്തിൽ പൂർണ്ണമായ മാറ്റം വരുത്തുകയും ചെയ്തു.

4. **തൊഴിലവസരങ്ങൾ:** രാജ്യത്തെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് പൊതുമേഖല ദശലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 2011-ൽ ജോലി ചെയ്യുന്നവരുടെ എണ്ണം 150 ലക്ഷമായിരുന്നു. മാതൃകാ തൊഴിലുടമയായി സേവനം അനുഷ്ഠിക്കുന്നതിലൂടെ തൊഴിൽ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുമേഖലയും വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്

5. **കയറ്റുമതി പ്രോത്സാഹനവും വിദേശനാണ്യ വരുമാനവും:** ഇന്ത്യയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ചില പൊതു സംരംഭങ്ങൾ വളരെയധികം സംഭാവന ചെയ്തിട്ടുണ്ട്. സംസ്ഥാന ട്രേഡിംഗ് കോർപ്പറേഷൻ, മിനറൽസ് ആന്റ് മെറ്റൽ ട്രേഡിംഗ് കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് തുടങ്ങിയവ കയറ്റുമതി പ്രോത്സാഹനത്തിൽ വളരെ മികച്ചതാണ്.

6. **ദുർബല വ്യവസായങ്ങളോടുള്ള മുൻതൂക്കം:** പൊതുമേഖല, ദുർബലയൂണിറ്റ് അടച്ച് പൂട്ടൽ അവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. കൂടാതെ നിരവധി ആളുകൾക്ക് തൊഴിൽ രഹിതരാകുന്നത് തടയുക മാത്രമല്ല ഇത് മൂലധനം, ഭൂമി, കെട്ടിടം, യന്ത്രങ്ങൾ എന്നിവ അനാവശ്യമായി പൂട്ടുന്നത് തടയുന്നു.

7. **ഇറക്കുമതി പകരം വെയ്ക്കൽ:** ചില പൊതുമേഖല സ്ഥാപനങ്ങൾ മുമ്പ് ഉത്പാദിപ്പിച്ച വസ്തുക്കൾക്ക് പകരമായി ഓയിൽ ആന്റ് നാച്ചുറൽ കമ്മീഷൻ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് തുടങ്ങിയവ വിദേശനാണ്യം ലാഭിക്കുന്നതിനുള്ള ഇറക്കുമതി പകരക്കാരനായി വിളങ്ങി.

VIII Std - Economics Malayalam Chapter 2.indd 244 31-03-2022 17:46:53

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖല തൊഴിലുടമ ഇന്ത്യൻ റെയിൽവേ ആണ്.

പൊതുമേഖലയും സ്വകാര്യ മേഖലയും തമ്മിലുള്ള വ്യത്യാസം

രാജ്യം വികസിക്കുന്നതിന് പൊതുമേഖലയും സ്വകാര്യമേഖലയും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്ക് വ്യത്യസ്ത ലക്ഷ്യങ്ങളും ഊന്നലുകളും ഉണ്ട്. ഇവയ്ക്കിടയിലെ പ്രധാന വ്യത്യാസങ്ങൾ ചുവടെകൊടുത്തിരിക്കുന്നു.

നമ്പർ	പൊതുമേഖല	സ്വകാര്യമേഖല
1	വ്യവസായങ്ങളുടെ ഉടമസ്ഥാവകാശം സർക്കാറിനൊപ്പമാണ്	വ്യവസായങ്ങളുടെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തികൾക്കൊപ്പമാണ്.
2	വരുമാനം, ചരക്കുകൾ, സേവനങ്ങൾ എന്നിവയ്ക്കുള്ള പൊതു റവന്യൂ നികുതികൾ	ഷെയറുകളും ഡിവെഞ്ചറുകളും ഇഷ്യൂ ചെയ്യുകയോ വായ്പ എടുക്കുകയോ ചെയ്യാം.
3	പൊതുമേഖല ശരിയായ വേതനം ഉറപ്പാക്കുന്നു	സ്വകാര്യ മേഖല തൊഴിലാളികളെ ചൂഷണം ചെയ്യുന്നു
4	കുറച്ച് വ്യക്തികളുടെ കൈകളിലോ സമ്പന്നരുടെ കൈകളിലോ വൻസ്വത്ത് കേന്ദ്രീകരിക്കുന്നത് തടയുന്നു	ഇത് സമ്പന്നരുടെ കൈകളിൽ വലിയ സ്വത്ത് കേന്ദ്രീകരിക്കാൻ അനുവദിക്കുന്നു
5	വ്യവസായങ്ങൾ. ഉദാ: NLC, SAIL, BSNL	സ്വകാര്യ മേഖല വ്യവസായങ്ങൾ. ഉദാ മോട്ടോർസ്, അശോക് ലൈലാൻഡ്, ടാറ്റാ സ്റ്റീൽ
6	നികുതി വെട്ടിപ്പ് ഇല്ല	നികുതി ഒഴിവാക്കൽ സാധ്യമാണ്
7	ഇത് സേവനാധിഷ്ഠിതമാണ്	പൂർണ്ണമായും ലാഭം അടിസ്ഥാനമാക്കിയുള്ള താണ്.
8	റിസർവേഷനുകൾ നടപ്പിലാക്കുന്നു. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വർക്ക് മുൻഗണന നൽകുന്നു	സാമൂഹ്യമായി പിന്നോക്ക വിഭാഗത്തെ പരിഗണിക്കുന്നില്ല. സംവരണം പാലിക്കുന്നില്ല.

സ്വകാര്യ മേഖലയുടെ നിർവചനം

സ്വകാര്യമേഖലയുടെ നിർവചനം സമ്പദ് വ്യവസ്ഥയുടെ ഉടമസ്ഥതയിലുള്ള ഒരു ദേശീയ വിഭാഗത്തെ നിയന്ത്രിക്കുകയും സ്വതന്ത്രമാക്കുകയും ചെയ്യുന്നു. സ്വകാര്യ വ്യക്തികൾ അല്ലെങ്കിൽ സംരംഭങ്ങൾ സ്വകാര്യ മേഖല എന്നറിയപ്പെടുന്നു. സ്വകാര്യ മേഖല കമ്പനികളെ സ്വകാര്യമായി അല്ലെങ്കിൽ പൊതുവിൽ വ്യാപാരം നടത്തുന്ന ഓർഗനൈസേഷനുകളുടെ വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നു. അവ രണ്ട് തരത്തിൽ സൃഷ്ടിക്കാൻ കഴിയും. അതായത് ഒരു പുതിയ എന്റർപ്രൈസ് രൂപീകരിക്കുന്നതിലൂടെ അല്ലെങ്കിൽ ഏതെങ്കിലും പൊതുമേഖല എന്റർപ്രൈസിന്റെ സ്വകാര്യവൽക്കരണത്തിലൂടെ.

വ്യക്തികൾ നടത്തുന്ന രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ ഭാഗമാണ് സ്വകാര്യമേഖല. അതായത് സർക്കാതിതര കമ്പനികളും വ്യക്തികളുമാണ് നിയന്ത്രിക്കുന്നത്. പൊതുമേഖലയുടെ വിശാലമായ വികാസം പോലും സ്വകാര്യമേഖലയുടെ സംഭാവന വളരെ വലുതായി തുടരുന്നു. ഇടത്തരം, ചെറുകിട വളരെ ചെറിയ അല്ലെങ്കിൽ മൈക്രോ വ്യവസായങ്ങളുടെ വികസനമാണ് ഇതിന് കാരണം.

മൊത്ത, ചില്ലറ വ്യാപാരത്തിന്റെ പ്രധാന ഭാഗമാണ് കുടിൽ, ഗ്രാമ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങളുടെ സംഭാവന. ദേശീയ ഉൽപ്പാദനത്തിൽ സ്വകാര്യ മേഖലകളുടെ സംഭാവന പൊതുമേഖലയെക്കാൾ കൂടുതലാണ്. റോഡ്, കപ്പൽ, എയർവേ ഗതാഗതം, ഉപഭോക്തൃ വ്യവസായങ്ങൾ എന്നിവയിലും സ്വകാര്യമേഖലയാണ് പ്രധാനം

VIII Std - Economics Malayalam Chapter 2.indd 245 31-03-2022 17:46:53

പ്രധാന സ്വകാര്യ കമ്പനികൾ

- ഇൻഫോസിസ്
- ആദിത്യ ബിർള കമ്പനി
- റിലയൻസ് ഇൻഡസ്ട്രിയൽ കമ്പനികൾ
- ടാറ്റാ ഗ്രൂപ്പ് ഓഫ് കമ്പനികൾ
- വിപ്രോ ലിമിറ്റഡ്
- ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ്
- ICICI ബാങ്ക് ലിമിറ്റഡ്



ഇൻഫോസിസ് സോഫ്റ്റ് വെയർ
ഐ റ്റി സേവനങ്ങൾ

- സ്വകാര്യ മേഖലയുടെ പ്രവർത്തനങ്ങൾ
- നവീകരണവും ആധുനിക വത്കരണവും സൃഷ്ടിക്കുക എന്നതാണ് സ്വകാര്യ മേഖലയുടെ പ്രധാന പ്രവർത്തനം. ലാഭത്തിന്റെ ഉദ്ദേശം പുതിയ ഉൽപ്പാദന സാങ്കേതിക വിദ്യകൾ കണ്ടുപിടിക്കുവാനും നൂതനമാക്കാനും ഉൽപ്പാദനപരമായ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാനും പ്രേരിപ്പിക്കുന്നു
- അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക
- നിലവിലുള്ള ബിസിനസ്സുകൾ പ്രോത്സാഹിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യുക
- മാനവ മൂലധന വികസനം പ്രോത്സാഹിപ്പിക്കുക, ദുർബല ഗ്രൂപ്പുകളെ പ്രത്യേകിച്ച് തൊഴിൽ വിപണിയിൽ പങ്കാളികളാകാനും കമ്മ്യൂണിറ്റി ബിസിനസ്സ്, സഹകരണ സ്ഥാപനങ്ങൾ, പ്രാദേശിക വിനിമയ സംവിധാനങ്ങൾ, അനൗപചാരികമായ വായ്പ തുടങ്ങിയവ
- പ്രോത്സാഹിപ്പിക്കുന്നതിലൂടെ വികസനം പ്രോത്സാഹിപ്പിക്കാനും സഹായിക്കുക സപ്ലൈസൈഡ് നടപടികളിലൂടെയും ഡിമാൻഡ് സൈഡ് നടപടികളിലൂടെയും നഗരത്തിൽ നിക്ഷേപം ആകർഷിക്കുന്നതിലൂടെയും ഒരു സമ്മിശ്ര സമ്പദ്വ്യവസ്ഥ എന്ന നിലയിൽ ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനം കൈവരിക്കുന്നതിന് രാജ്യത്തിന്റെ സ്വകാര്യ മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്.

വ്യവസായങ്ങൾ, വാണിജ്യ, സേവന മേഖലകളിൽ സ്വകാര്യ മേഖലയ്ക്ക് സർക്കാർ ഒരു പ്രത്യേക പങ്ക് നിശ്ചയിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും പ്രബലമായ മേഖല, അതായത് കൃഷി, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ, ക്ഷീരോൽപ്പാദനം, മൃഗസംരക്ഷണം, കോഴി മുതലായവ പൂർണ്ണമായ സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാണ്. അതായത് സ്വകാര്യ മേഖല മുഴുവൻ കാർഷിക മേഖലയും കൈകാര്യം ചെയ്യുന്നതിലൂടെയും ദശലക്ഷകണക്കിന് ആളുകൾക്ക് മുഴുവൻ ഭക്ഷ്യ വിതരണം നൽകുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു

വ്യവസായ മേഖലയിലെ പ്രധാന ഭാഗം തന്ത്രപരമല്ലാത്തതും നേരീയതുമായ മേഖലകളിൽ ഏർപ്പെട്ടിട്ടുണ്ട്. വിവിധ ഉപ ഭോക്തൃ വസ്തുക്കൾ ഡ്യൂറബിൾസ്, ഡ്യൂറബിൾസ് അല്ലാത്തത്, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ സാധനങ്ങൾ, ഓട്ടോ മൊബൈൽസ്, ടെക്സ്റ്റയിൽസ്, കെമിക്കൽസ്, ഭക്ഷണ ഉൽപ്പന്നങ്ങൾ, ലൈറ്റ് എൻജിനീയറിംഗ് വസ്തുക്കൾ എന്നിവയുടെ ഉൽപ്പാദനം സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാണ്. രാജ്യത്തിന് മുന്നിലുള്ള സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികൾ വളരെ വലുതാണ്. ഘടനാപരമായ പരിവർത്തനത്തിലെയും സാമ്പത്തിക വളർച്ചയിലെയും ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പൊതുമേഖലയും സ്വകാര്യമേഖലയും ഒരുമിച്ച് ചേരണം

പുനർ വിചിന്തനം

- സമുദായത്തിലെ എല്ലാ വിഭാഗങ്ങളുടെയും സാമ്പത്തിക ക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ പൊതുമേഖലയും സ്വകാര്യമേഖലയും അവയുടെ പങ്ക് നിർവഹിച്ചു
- പൊതുജനങ്ങൾക്ക് സർക്കാർ ചരക്കുകളും സേവനങ്ങളും നൽകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഈ മേഖല പൊതുമേഖല എന്നറിയപ്പെടുന്നു
- 1950 മാർച്ചിൽ മന്ത്രിസഭ പ്രമേയത്തിലൂടെ ആസൂത്രണ കമ്മീഷൻ രൂപീകരിക്കുകയും വ്യാവസായിക വികസനം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളാൻ സർക്കാരിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 1951 ൽ വ്യാവസായിക നിയമം നടപ്പിലാക്കുകയും ചെയ്തു.

VIII Std - Economics Malayalam Chapter 2.indd 246 31-03-2022 17:46:53

- ഒരു സമൂഹത്തിലെ സാമൂഹികവും സാമ്പത്തികവുമായ വികസന പ്രക്രിയയാണ് സാമൂഹിക സാമ്പത്തിക വികസനം
- കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിലെ സ്ഥിതി വിവരണകണക്കുകൾ കാണിക്കുന്നത് ഇന്ത്യയിലെ ആയുർദൈർഘ്യം പുരുഷന്മാർക്ക് 65.8 വർഷവും സ്ത്രീകൾക്ക് 68.33 വർഷവും ആണ്
- സ്വകാര്യ വ്യക്തികളുടെയോ സംരംഭങ്ങളുടെയോ ഉടമസ്ഥതയിലുള്ളതും നിയന്ത്രിക്കാവുന്നതുമായ ഒരു ദേശീയ സമ്പദ്‌വ്യവസ്ഥയുടെ വിഭാഗം സ്വകാര്യമേഖല എന്നറിയപ്പെടുന്നു

പദപരിചയം		
Emphasized	Intensity or forcefulness of expression	ഊന്നിപ്പറയുക
Accelerate	Cause to move faster	ദ്രുതഗതിയിലുള്ള
Disinvestment	To sell off certain assets such as a manufacturing plant, a division or subsidiary, or product line	നിക്ഷേപ പിൻബലിക്കൽ
Debenture	A certificate or voucher acknowledging a debt	കടപ്പത്രം
Ensure	Be careful or certain to do something; make certain of something	സ്ഥിരീകരിക്കുക
Vulnerable	Capable of being wounded or hurt	ബാധിപ്പ്

അഭ്യാസം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. ഇന്ത്യയിലെ പൊതുമേഖല അതിന്റെ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ _____ ആണ്ടിലെ ഇന്ത്യൻ വ്യാവസായിക നയ പ്രഖ്യാപനം ആകുന്നു

   a) 1957 b) 1958

   c)1966 d) 1956

2. സമ്മിശ്ര സമ്പദ്‌വ്യവസ്ഥ എന്നത് _____ നേട്ടങ്ങളുടെ മിശ്രിതം.

   a) മുതലാളിത്തം

   b) സോഷ്യലിസം

   c) aയും b യും ശരി

   d)aയും b യും ശരിയല്ല

3. _____ കമ്പനി നിയമപ്രകാരം പ്രവർത്തിക്കുകയും പ്രധാന ഓഹരി ഉടമകളായി സർക്കാർ നിയന്ത്രിക്കുകയും ചെയ്യുന്നു

   a) സ്വകാര്യ മേഖല b) സംയുക്ത മേഖല

   c) പൊതുമേഖല d) ഇവയൊന്നുമല്ല

4. പൊതുമേഖല _____ ന് ഊന്നൽ നൽകുന്നു.

   a) ലാഭമനോഭാവം

   b) സേവന മനോഭാവം

   c) ഊഹകച്ചവടം

   d) ഇവയെന്നുമല്ല

II. വിട്ടഭാഗം പൂരിപ്പിയ്ക്കുക

1. _____ ഉം _____ ഉം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സാമ്പത്തിക ക്ഷേമത്തെ പ്രേത്സാഹിപ്പിക്കുന്നതിൽ അതാത് പങ്ക് നൽകി.
2. സ്വകാര്യ മേഖല _____ ലക്ഷ്യത്തിലാണ്.
3. _____ ഒരു സമൂഹത്തിലെ സാമൂഹിക സാമ്പത്തിക വികസന പ്രക്രിയ ആണ്.
4. സ്വകാര്യ മേഖലയുടെ പ്രധാന പ്രവർത്തനം _____ നൊപ്പം _____ സൃഷ്ടിക്കുക എന്നതാണ്.
5. _____ പൗരൻമാർക്കിടയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

III. യോജിപ്പിക്കുക

1. തിങ്ക് ടാങ്ക് - പ്രാഥമിക മേഖല
2. കൃഷി - മൊത്തം ഗാർഹിക ഉൽപ്പന്നം
3. വ്യവസായങ്ങൾ - NITI ആയോഗ്
4. GDP - ദ്വിതീയ മേഖല

VIII Std - Economics Malayalam Chapter 2.indd 247 31-03-2022 17:46:53

IV. ഏതാണ് വിചിത്രമായത്?

1. ഈ പറയുന്നവയിൽ ഏതാണ് സാമൂഹിക സാമ്പത്തിക വികസനത്തിന്റെ സൂചകം അല്ലാത്തത്?
   a) കള്ളപ്പണം
   b) ആയൂർദൈർഘ്യം
   c) മൊത്തം ഗാർഹിക ഉൽപ്പന്നം(GDP)
   d) തൊഴിൽ

V. ഈ പറയുന്നവയിൽ ഏതാണ് ശരിയുത്തരം.

1. i) സംസ്ഥാനത്തിന്റെ പ്രത്യേക ഉടമസ്ഥതയിൽ ഉള്ള വ്യവസായങ്ങളെ ഷെഡ്യൂൾ - A
   ii) സ്വകാര്യ മേഖലയ്ക്ക് സംസ്ഥാന മേഖലയുടെ ശ്രമങ്ങൾക്ക് അനുബന്ധമായി നൽകാൻ കഴിയുന്ന വ്യവസായങ്ങൾ, പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാനം ഏറ്റെടുക്കുന്നു.
   iii) സ്വകാര്യ മേഖലയിൽ ഉണ്ടായിരുന്ന ബാക്കി വ്യവസായങ്ങളെ ഷെഡ്യൂളിൽ പരാമർശിച്ചിട്ടില്ല.
   a) എല്ലാം ശരി
   b) i ഉം iii ഉം ശരി
   c) i ഉം ii ഉം ശരി
   d) എല്ലാം തെറ്റ്

VI. ചുരുക്കി ഉത്തരമെഴുതുക:

1. പൊതുമേഖലയെകുറിച്ച് ചെറുകുറിപ്പ് എഴുതുക.
2. സമൂഹത്തിന് എന്താണ് വേണ്ടത്?
3. പൊതുമേഖലയുടെ ലക്ഷ്യങ്ങൾ എഴുതുക?
4. പൊതുമേഖലയുടെ മൂന്ന് ഘടകങ്ങൾ ഏതാണ്?
5. സാമൂഹിക സാമ്പത്തിക വികസനം അളക്കുന്ന ചില സൂചകങ്ങൾ ഏതെല്ലാം?
6. സ്വകാര്യ മേഖലയെകുറിച്ച് ചെറുകുറിപ്പ് എഴുതുക?
7. ഏതെങ്കിലും മൂന്ന് സ്വകാര്യവ്യവസായ മേഖലകളുടെ പേര് നൽകുക.

VII. ചുരുക്കി ഉത്തരം എഴുതുക:

1) പൊതു മേഖലയുടെ ഘടകങ്ങൾ വിശദീകരിക്കുക.
2) പൊതു മേഖലയുടെ ചരിത്രം സംക്ഷിപ്തമായി എഴുതുക.
3) സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ അഞ്ച് നടപടികളുടെ സൂചകങ്ങൾ വിശദീകരിക്കുക?
4) പൊതു മേഖലയുടെ പ്രധാന്യം എന്താണ്?
5) പൊതു മേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും തമ്മിലുള്ള വ്യത്യാസങ്ങൾ ഏതെല്ലാം?
6) സ്വകാര്യ മേഖലയുടെ പ്രവർത്തനം എഴുതുക?

VIII. പ്രവർത്തനം

ദീർഘവും ആരോഗ്യകരവുമായ ജീവിതം നയിക്കാനുള്ള ആയുർദൈഘ്യം.

S. No.	വ്യക്തിയുടെ പേര്	ചെയ്ത ജോലിയുടെ സ്വഭാവം	കാർഷിക/ വ്യവസായ സേവനം
1.			
2.			
3.			
4.			
5.			

വർഗീകരണത്തിനുള്ള നിങ്ങളുടെ കാരണങ്ങൾ വിശദീകരിക്കുക.

IX. ജീവിത നൈപുണ്യം:

1. ആ പ്രദേശത്തെ സാമൂഹിക സാമ്പത്തിക വികസനത്തെ കുറിച്ചും വ്യവസായിക വളർച്ചയെകുറിച്ചും വികസനത്തെ കുറിച്ചും അധ്യാപകരും വിദ്യാർത്ഥികളും ചർച്ച ചെയ്യുന്നു

റഫറൻസ് പുസ്തകങ്ങൾ

1. Dhaat and Sundaran - Indian Economy
2. Sankaran - Indian Economy
3. Dwett - Indian Economy

ഇന്റർനെറ്റ് ഉറവിടങ്ങൾ

1. www.Wikipedia.com
2. www.tn.gov.in
3. www.statisticstimes.com
4. india's industries related websites

VIII Std - Economics Malayalam Chapter 2.indd 248 31-03-2022 17:46:53

SOCIAL SCIENCE– VIII - Malayalam Medium
List of Advisers, Experts &Translators

Adviser & Co-ordinators

Dr. P. Kumar
Joint Director (Syllabus)
SCERT, Chennai.

T. Srinivasan
Principal, DIET, Krishnagiri.

P. Suresh
P. G. Assistant, GGHSS,
Attur, Salem.

Academic Co-ordinator

K.CHANDRASEKARAN
Lecturer, DIET

Chennai - 600005

History

Translators

STELLA R.B.
B.T. Assistant,
GHSS., Erumad, Nilgiri Dist.

P.M SELENA
B.T. Assistant,
G.H.SS., Erumad,
Pandalur, The Nilgiris.

M.C. SHERLY
B.T. Assistant,
G.GH.S., Erumad,
The Nilgiris.

SAILAJA KUMARI .S
B.T. GHSS, Devarsholai
The Nilgiris.

Geography

Translators

R.L. SOBHA
B.T. Assistant,
Kerala Vidyalayam HSS., Chennai.

M.C. SHERLY
B.T. Assistant,
G.GH.S.,Erumad,
The Nilgiris.

SAILAJA KUMARI.S
B.T. GHSS, Devarsholai
The Nilgiris.

P.M SELENA
B.T. Assistant,
G.H.SS., Erumad,
Pandalur, The Nilgiris.

SELEENA P.M.
Sec. Gr. Assistant,
GHSS., Erumad, Nilgiri Dist.

Civics

Translators

GEENA K. JOSEPH
B.T. Assistant,
Malayala Vidyalayam HS.,
Chennai.

P. A JOHNSON
B.T. GHSS,
Devarsholai
The Nilgiris.

K. K SURESH BABU
B.T. GHS,
Ambalavoyal,
The Nilgiris.

SHERLY M.C.
B.T. Assistant,
GGHS., Erumad, Nilgiri Dist.

JHONSON T.A.
Sec. Gr. Assistant,
GHSS., Devarshola, Nilgiri Dist.

Economics

Translators

P. A JOHNSON
B.T. GHSS,
Devarsholai
The Nilgiris.

K. K SURESH BABU
B.T. GHS,
Ambalavoyal,
The Nilgiris.

SHYLAJA KUMARI S.
B.T. Assistant,
GHSS., Devarshola, Nilgiri Dist.

SURESH BABU K.
Sec. Gr. Assistant,
GHS., Ambalavayal, Nilgiri Dist.

ICT Co-ordinator

Dr. Asir Julius,
Asst. Professor, SCERT,
Chennai.

QR Code Team

R. Jaganathan, S.G.T.
J.F. Paul Edwin Roy, B.T. Asst.
M. Saravanan, B.T. Asst.

QR Code Team

J.F. PAUL EDWIN ROY
B.T. Assistant,
PUMS Rakkipatti, Veerapandi,
Salem Dist.

M. SARAVANAN
B.T. Assistant,
GGHSS., Puthupalayam,
Vazhapadi, Salem Dist.

M. MURUGESAN
B.T. Assistant,
Panchayat Union Middle School,
Pethavelankottagam,
Muttupettai, Thiruvarur Dist.

ICT Team

S. SURENTHIREN
GHSS., Madhavalayam,
Kanyakumari Dist.

D. NAGARAJ
GHSS., Rappusal,
Pudukkotai Dist.

QR Code Team

R. Jaganathan

S. Albert Valavan Babu

M. Murugesan

J.F. Paul Edwin Roy

M. Saravanan

A. Devi Jesintha

V. Padmavathi

ICT Team

D. NAGARAJ
GHSS., Rappusal
Pudukkotai Dist.

S. SURENTHIREN
GHSS., Madhavalayam
Kanyakumari Dist.

Art and Design Team

Layout

M.A. Manika Raj Prabahar

Manohar Radhakrishnan

Adaikkala Stephen .S

Porselvan

Balasubramani. R
Petchimuthu

In-House QC

Rajesh Thangappan

Wrapper Design

Kathir Arumugam

Typist

Applenet, Sulthanbethary, Wyanad.

Co-ordinator

Ramesh Munisamy

This book has been printed on 80 GSM Elegant Maplitho paper.
Printed by offset at:

8th Social Science Authors lists.indd 249 06/04/2024 16:22:37

NOTES

8th Social Science Authors lists.indd 250 06/04/2024 16:22:37